മുകളിൽ കാണിച്ചിട്ടുള്ള പല ഇനങ്ങളിലും ഡിമാന്റ്,കളക്ഷൻ,ബാലൻസ്എന്നിവ പൊരുത്തപ്പെടുന്നില്ല.റസീപ്റ്റ് ആന്റ് പേയ്മെന്റ് പത്രികയിൽ വരവ് കാണിച്ചിട്ടുള്ള പല ഇനങ്ങളിലും ഡിമാന്റ് കാണിച്ചിട്ടില്ല. കുടിശ്ശിക ഇല്ലാത്ത ഇനങ്ങളിൽ കുടിശ്ശിക വരവ് ഉള്ളതായും കുടിശ്ശിക ഉള്ള ഇനങ്ങളിൽ കുടിശ്ശിക പിരിച്ചെടുത്തിട്ടില്ല എന്നും കാണുന്നു.

Other Receivable ഇനത്തിൽ വൻതുകകൾ കുടിശ്ശിക ഉള്ളതായി ബാലൻസ്ഷീറ്റിൽ കാണിച്ചിരിക്കുന്നു.ഇവയുടെ കൃത്യത ഉറപ്പാക്കുന്നതിന് ആവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.
(ഓഡിറ്റ് എൻക്വയറി -42/12.12.2022)

## 1-11-8 Accrual ആയി രേഖപ്പെടുത്തേണ്ടാത്ത വരവിനങ്ങളുടെ ഇൻകം & എക്സ്പെൻഡിച്ചർ

പത്രികയിലെയും റസീറ്റ് & പേയ്മെന്റ് പത്രികയിലെയും തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു.

Accrual ആയി രേഖപ്പെടുത്തേണ്ടാത്ത താഴെപ്പറയുന്ന വരവിനങ്ങളുടെ ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിലെയും റസീറ്റ് & പേയ്മെന്റ് പത്രികയിലെയും തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു.

| അക്കൗണ്ട് ഹെഡ് | ഇനം | ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ള തുക | റസീറ്റ് & പേയ്മെന്റ് പ്രകാരമുള്ള തുക |
|---|---|---|---|
| 140119900 | Other Licensing Fees | 1510583 | 1460583 |
| 140200100 | Penalties | 55903 | 36299 |
| 140200300 | Fines | 4537021 | 4426181 |
| 140409900 | Other User Charges | 1337644 | 1334975 |
| 150120200 | Sale Of Scrap | 31633101 | 31592776 |
| 150400200 | Hire Charges Of Vehicles | 131491 | 281771 |
| 110100200 | Profession Tax (Employees) | 109676839 | 108734801 |
| 120109900 | Assigned Revenues & Compensation - Others* | 1322854 | 1314716 |

*Assigned Revenues & Compensation – Others എന്നയിനത്തിന്റെ വിശദാംശങ്ങൾ ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച വിവരങ്ങൾക്ക് നൽകിയ ഓഡിറ്റ് അന്വേഷണം നം. 55/21-22, തീ.16.12.2022 ന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

## 1-11-9 മുൻകൂർ തുകയുടെ കണക്കുകൾ രജിസ്റ്ററുകളിൽ രേഖപ്പെടുത്തുകയോ, ബാലൻസ് ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനത്തിന് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ് ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | വരുമാനം | മുൻകൂർ ശീർഷകം | 31/03/2022ലെ മുൻകൂർ തുക |
|---|---|---|---|
| 1 | ഡി &ഒ | 350410301-Advance Collection Of Revenues-Licence Fees For Dangerous And Offensive Trades | 1,37,86,675.00 |

## 1-11-10 ജേണൽ വൗച്ചറുകൾക്ക് ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (കേരള നഗരപാലിക അക്കൗണ്ട്സ് ചട്ടങ്ങൾ 2007, ചട്ടം 7). ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-11-11 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്. മുനിസിപ്പൽ അക്കൗണ്ട്സ് മാന്വൽ 2007 ഖണ്ഡിക 5.5 ൽ പട്ടിക 5.1 ക്രമനമ്പർ 24, 25, 26 എന്നിവയിൽ നിർദ്ദേശിച്ചിരിക്കുന്ന രീതിയിൽ Movable Asset, Immovable Asset, Land എന്നിവ സംബന്ധിക്കുന്ന രജിസ്റ്ററുകൾ തയ്യാറാക്കുന്നില്ല.

## 1-11-12 ഡിപ്രിയിസേഷൻ - ജേണൽ വൗച്ചർ ഹാജരാക്കിയില്ല

2021-22 വർഷത്തെ Income And Expenditure പത്രിക പ്രകാരം 29,93,17,487/- രൂപ ഡിപ്രിയിസേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൌച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

## 1-11-13 ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കിയിരിക്കുന്നു.

31/03/2022 ലെ ബാലൻസ്ഷീറ്റ് പ്രകാരം Other Fixed Assets എന്ന ആസ്തികൾക്ക് 26,60,62,866/- (22,98,21,587+3,62,41,279) രൂപ വിലകണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇതേ ബാലൻസ്ഷീറ്റ് പ്രകാരം ഈ ആസ്തികളുടെ 31/03/2022 ലെ Accumalated Depreciation 1,06,84,56,651.60 രൂപയാണ്. ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കാനാവില്ല എന്നതിനാൽ ഈ ആസ്തി ശീർഷകത്തിൽ ഉൾപ്പെടുന്ന എല്ലാ ആസ്തികളുടെയും വില 1 രൂപയെങ്കിലും ഉറപ്പാക്കുന്ന രീതിയിൽ ബാക്കി തുക 2022-23 വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.

## 1-11-14 അഡ്വാൻസ് രജിസ്റ്റർ -ശരിയായ രീതിയിൽ എഴുതി സൂക്ഷിച്ചിട്ടില്ല.

ബാലൻസ് ഷീറ്റ് പ്രകാരം വിവിധ ശീർഷകങ്ങളിൽ അഡ്വാൻസ് നൽകിയതായി രേഖപ്പെടുത്തിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ശീർഷകം | ഇനം | തുക |
|---|---|---|---|
| 1 | 460100400 | Festival Advance To Employees | 1775000.00 |
| 2 | 460100500 | Standing Advance | 1355793.00 |
| 3 | 460100600 | Advance For Projects | 500000.00 |
| 4 | 460100700 | Miscellaneous Advance | 41542432.39 |
| 5 | 460400102 | Advance To Suppliers-Specific Grants | 5853276.00 |
| 6 | 460400107 | Advance To Suppliers-Hire Purchase Assets-Special Funds | 255000.00 |
| 7 | 460400202 | Advance To Contractors-Specific Grants | 209808.00 |
| 8 | 460400205 | Advance To Contractors-Materials Issued To Contractors- Municipal Fund | 81379777.00 |
| 9 | 460500101 | Advance To Bendeficiary Committee Convenors-Municipality Fund | 1600599.50 |
| 10 | 460500102 | Advance To Bendeficiary Committee Convenors-Specific Grants | 106960.00 |
| 11 | 460500103 | Advance To Bendeficiary Committee Convenors-Special Funds | 61875.00 |
| 12 | 460500201 | Advance To Implementing Agencies-Municipal Fund | 14682147.00 |
| 13 | 460500202 | Advance To Implementing Agencies-Specific Grants | 1506505.00 |
| 14 | 460500203 | Advance To Implementing Agencies-Special Funds | 23142698.00 |
| 15 | 460500204 | Advance To Implementing Agencies-Scheme Expenditure | 8885375.00 |
| 16 | 460500301 | Advance To Projects-Municipal Fund | 672300.00 |
| 17 | 460509901 | Other Advances-Municipal Fund | 219306.00 |
| 18 | 460509903 | Other Advance-Special Funds | 10000.00 |
| 19 | 460509909 | Advance To Others | 2247242.00 |

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18ലെ നീക്കിയിരിപ്പിനെ സാധൂകരിക്കുന്ന രീതിയിൽ ആരുടെയെല്ലാം മുൻകൂറുകളാണ് തിരികെ ലഭിക്കാനുള്ളത്/ക്രമീകരിക്കാനുള്ളത് എന്ന് വ്യക്തമാക്കുന്ന രീതിയിൽ അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

## 1-11-15 ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ബാലൻസ് ഷീറ്റ് പ്രകാരം വിവിധ ശീർഷകങ്ങളിലെ ഡെപ്പോസിറ്റിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ശീർഷകം | ഇനം | തുക |
|---|---|---|---|
| 1 | 340100101 | Contractors Earnest Money Deposit-Municipal Fund | 5005386.00 |
| 2 | 340100105 | Suppliers Earnest Money Deposit-Municipal Fund | 58200.00 |
| 3 | 340100107 | Suppliers Earnest Money Deposit-Special Funds | 15669.00 |
| 4 | 340100200 | Security Deposit | 371737.00 |
| 5 | 340100201 | Contractors Security Deposit-Municipal Fund | 22941210.00 |
| 6 | 340100203 | Contractors Security Deposit-Special Funds | 187476.00 |
| 7 | 340100205 | Suppliers Security Deposit-Municipal Fund | 12805.00 |
| 8 | 340100207 | Suppliers Security Deposit-Special Funds | 3604.00 |
| 9 | 340100301 | Contractors Retention Money-Municipal Fund | 25746196.00 |
| 10 | 340100302 | Contractors Retention Money-Special Funds | 1202299.00 |
| 11 | 340100303 | Contractors Retention Money-Municipal Fund | 2404707.00 |
| 12 | 340100305 | Suppliers Retention Money-Municipal Fund | 465205.00 |
| 13 | 340109900 | Other Deposits Received From Suppliers/Contractors | 200.00 |

| | | | |
|---|---|---|---|
| 14 | 340200100 | Rent Deposit | 55625940.00 |
| 15 | 340200200 | Auction Deposit | 23346419.00 |
| 16 | 340200300 | Water Deposit | 7316130.00 |
| 17 | 340200600 | Election Deposit (Candidate) | 64500.00 |
| 18 | 340300100 | Deposits Received From Staff | 2642131.00 |
| 19 | 340800100 | Deposits From Others | 90082973.74 |
| 20 | 340809900 | Other Deposits Received | 17133188.00 |

ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ രസീപ്റ്റ് ആന്റ് പേയ്മെന്റ് RP-27 പ്രകാരമുള്ള വരവു ചെലവുകളുടെയും ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-7 പ്രകാരമുള്ള നീക്കിയിരിപ്പ് തുകകളുടെയും കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-11-16 വായ്പ രജിസ്റ്റർ പൂർണ്ണമല്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-5 പ്രകാരം ശീർഷകം നം. 330500202, Loan From HUDCO എന്നയിനത്തിൽ 4,87,73,585/- രൂപ തിരിച്ചടക്കാൻ ബാക്കിയുണ്ട്. എന്നാൽ രജിസ്റ്റർ പ്രകാരം മുന്നിരിപ്പ് 5,93,86,165/- രൂപയും തിരിച്ചടക്കാൻ ബാക്കിയുള്ളത് 5,45,38,165/- രൂപയുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വ്യത്യാസത്തിന്റെ കാരണം അറിയിക്കുകയുണ്ടായില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-5 പ്രകാരം ശീർഷകം നം. 330500299, Loan From Other Institutions എന്നയിനത്തിൽ 88,73,936/- രൂപ തിരിച്ചടക്കാൻ ബാക്കിയുണ്ട്. എന്നാൽ ഈ വിവരങ്ങൾ രേഖപ്പെടുത്തിയ വായ്പ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

## 1-11-17 ഇൻവെസ്റ്റ്മെന്റുകൾ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-12 പ്രകാരം 420500100 എന്ന ശീർഷകത്തിൽ Investments - Equity Shares ഇനത്തിൽ 85,56,500/- രൂപയുടെയും 420800100 എന്ന ശീർഷകത്തിൽ Fixed Deposits ഇനത്തിൽ 7,31,30,304/- രൂപയുടെയും നിക്ഷേപം കാണുന്നു. എന്നാൽ തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കിൽ നിന്നുള്ള ഡെപ്പോസിറ്റ് രശീതി നം. 274193 പ്രകാരമുള്ള 25,85,229/- രൂപയുടെ വിവരം മാത്രമാണ് പരിശോധനക്ക് ഹാജരാക്കിയത്. ബാക്കി തുകയുടെ ഇൻവെസ്റ്റ്മെന്റുകൾ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ അവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

മേൽ സൂചിപ്പിച്ചത് കൂടാതെ TUDA യുടെ നിക്ഷേപമായി താഴെപ്പറയുന്ന ഇനങ്ങളും ഉള്ളതായി റീകൺസിലിയേഷൻ പത്രികയിൽ കാണിച്ചിട്ടുണ്ട്.

(I) TUDA യുടെ ട്രഷറി അക്കൗണ്ട് നം. 799011700000267 പ്രകാരം 13,72,271/- രൂപയും ബാങ്ക് ബുക്ക് പ്രകാരം {ശീർഷകം 450250500, റസീറ്റ് & പേമെന്റ് പത്രികയിലെ RP-40(a) യിലെ നീക്കിയിരിപ്പ്} 35,43,422/- രൂപയുമാണ് നീക്കിയിരിപ്പ്. ലഭ്യമാക്കിയ 2022 മാർച്ച് മാസത്തെ റീകൺസിലിയേഷൻ പ്രകാരം 21,71,151/- രൂപ ഫിക്സഡ് ഡെപ്പോസിറ്റ് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.ഇവയുടെ വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

(Ii) TUDA യുടെ തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കിലെ അക്കൗണ്ട് നം. 80003777238 പ്രകാരം 1,55,916/- രൂപയും ബാങ്ക് ബുക്ക് പ്രകാരം {ശീർഷകം 450230200, റസീറ്റ് & പേമെന്റ് പത്രികയിലെ RP-40(a) യിലെ നീക്കിയിരിപ്പ്} 29,25,049/- രൂപയുമാണ് നീക്കിയിരിപ്പ്. ലഭ്യമാക്കിയ 2022 മാർച്ച് മാസത്തെ റീകൺസിലിയേഷൻ പ്രകാരം 27,69,133/- രൂപ ഫിക്സഡ് ഡെപ്പോസിറ്റ് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കിൽ നിന്നുള്ള ഡെപ്പോസിറ്റ് രശീതി നം. 275073 പ്രകാരമുള്ള 27,69,133/- രൂപയുടെ വിവരം ഹാജരാക്കുകയുണ്ടായി.

ഫിക്സഡ് ഡെപ്പോസിറ്റിന്റെ ശീർഷകത്തിലേക്ക് ഈ തുകകൾ മാറ്റി ക്രമീകരിക്കേണ്ടതാണ്.

## 1-11-18 സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ₹14,67,41,615.91 ക്ലോസിങ് സ്റ്റോക്ക് ഉണ്ട്. സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

## 1-11-19 പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-2, B-4 എന്നിവ പ്രകാരം മാറ്റി വയ്ക്കപ്പെട്ട ഫണ്ടുകൾ, പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/03/2022 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31/03/2022 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട് (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-17). ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതുണ്ട്. ഇപ്രകാരം ബാധ്യത തുകകൾക്ക് തത്തുല്യമായ ബാങ്ക് അക്കൗണ്ടുകളോ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യത തുകകളോ വാർഷികകണക്കിൽ കാണുന്നില്ല. അപ്രോപ്രിയേഷൻ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

## 1-11-20 Prior Period Item - അനുബന്ധ രേഖകൾ ഹാജരാക്കിയില്ല.

ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് (ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ

ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്, ഷെഡ്യൂൾ I-18) | 31/03/2022 ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100100-Prior Period Income -Property Tax (General) | (6,26,07,015) |
| 280100110-Prior Period Income- Service Cess | (50,00,000) |
| 280200201-Prior Period Income-Rent From Civic Amenities | 5,22,65,550 |
| 280200401-Prior Period Income- Licence Fees | 81,79,990 |
| 280209900- Prior Period Income- Other Income | (60,00,00,000) |
| 280500600-Prior Period Expenses- Tax Reission & Refund - Profession Tax- Institutions/Traders | 32,232 |
| 280800300-Prior Period- Operations & Maintenance Expenses | 1,04,39,949 |

## 1-11-21 ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരമുള്ള കുടിശ്ശികകളുടെ വർഷാടിസ്ഥാനത്തിലുള്ള തുക കണക്കാക്കി സംശയാസ്പദമായവയ്ക്ക് ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-11-22 കോർപ്പറേഷൻ വൈദ്യുതി വിഭാഗത്തിൽ നിന്നും ലഭിക്കേണ്ട വാടക വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

കോർപ്പറേഷൻ വൈദ്യുതി വിഭാഗത്തിൽ നിന്നും വാടക ഇനത്തിൽ ലഭിക്കാനുള്ള തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. വൈദ്യുതി വിഭാഗം അസിസ്റ്റന്റ് സെക്രട്ടറിക്ക് കോർപ്പറേഷൻ സെക്രട്ടറി നൽകിയ 10.6.2020 ലെ ആർ8-1230/12 നം.കുറിപ്പ് പ്രകാരം 2020-21 വരെ 32,39,31,960 രൂപ വാടക ഇനത്തിൽ ലഭ്യമാക്കാനുണ്ട്.
15 വർഷത്തെ ലാഭവിഹിതം ഇനത്തിൽ 6 കോടി രൂപയും വൈദ്യുതി വിഭാഗം ലഭ്യമാക്കാനുണ്ട്. വൈദ്യുതി വിഭാഗത്തിന്റെ വാർഷികകണക്കുകൾ പ്രകാരം 2020-21ൽ 22,36,44,499 രൂപയും 2021-22 ൽ 22,87,02,535രൂപയും വാടക ഇനത്തിൽ ബാധ്യതയായി കാണിച്ചിട്ടുണ്ട്. വാടക ഇനത്തിൽ കൃത്യത വരുത്തി വൈദ്യുതി വിഭാഗത്തിൽ നിന്ന് വാടക ഡിമാന്റ് ചെയ്യേണ്ടതാണ്.

## 1-11-23 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് പ്രകാരമുള്ള പത്രികകളിൽ (ഷെഡ്യൂൾ I-6, I-14(a)) ഉൾപ്പെട്ടിട്ടില്ല.

ചെലവ് തുകയിൽ ആസ്തി നിർമ്മിക്കുന്നതിനുള്ള മൂലധനചെലവ് ഉൾപ്പെട്ടതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

## 1-11-24 'ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് ' ൽ ഉൾപ്പെട്ടിട്ടുള്ള തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്ടുകളിൽ 31/3/2022 വരെ പാർട്ട് ബിൽ നല്കിയ പ്രവൃത്തികളുടെ വിവരം കൃത്യമായി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ 'ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് ' ൽ ഉൾപ്പെട്ടിട്ടുള്ള തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-11-25 ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ ചേർക്കുന്നില്ല.

ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ ചേർക്കുന്നില്ല. വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|---|
| 1 | 450220400 | Hudco Project Account | 9,351.00 |
| 2 | 450220500 | Hudco Loan Repayment Account (SBI) | 1,06,56,203.00 |
| 3 | 450230100 | EMS Project TDCB | 18,42,331.00 |
| 4 | 450410200 | RAY-0160048376 (Punjab National Bank) | 13,56,041.00 |
| 5 | 450410600 | PMAY/KS-0720101069843 (Canara Bank) | 4,42,87,465.00 |

| | | | |
|---|---|---|---|
| 6 | 450410900 | IHSDP-50100387964686 (HDFC) | 1,62,18,436.00 |
| 7 | 450610400 | VAMBAY-55852 | 10,50,490.00 |
| 8 | 450620200 | SBM-018001011231 (ICICI) | 10,74,500.00 |
| 9 | 450620300 | SBM-018005004923 (ICICI) | 50,00,382.00 |
| 10 | 450620400 | AYYANKALI-0269104000077880 (IDBI) | 29,82,261.00 |

### 1-11-26 ബാങ്ക് അക്കൗണ്ടുകളുടെ പ്രതിമാസ ബാങ്ക് റീകൺസിലിയേഷൻ പത്രികകളും, ബാങ്ക് പാസ്സ്ബുക്ക്/സ്റ്റേറ്റ്മെന്റുകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 53 പ്രകാരം പ്രതിമാസം എല്ലാ ബാങ്ക് അക്കൗണ്ടുകളുടെയും നീക്കിയിരിപ്പ് പൊരുത്തപ്പെടുത്തിയ ബാങ്ക് റീകൺസിലിയേഷൻ പത്രിക തൊട്ടടുത്ത മാസം 7-ാം തീയ്യതിക്കകം തയ്യാറാക്കി അക്കൗണ്ട്സ് ഓഫീസറും സെക്രട്ടറിയും സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. എന്നാൽ താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ പ്രതിമാസ ബാങ്ക് റീകൺസിലിയേഷൻ പത്രികകളും, ബാങ്ക് പാസ്സ്ബുക്ക്/സ്റ്റേറ്റ്മെന്റുകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | ശീർഷകം | അക്കൌണ്ട് വിവരം | റീകൺസിലിയേഷൻ ലഭ്യമാക്കിയ മാസം | പാസ്സ്ബുക്ക്/സ്റ്റേറ്റ്മെന്റ് |
|---|---|---|---|---|
| 1 | 450210100 | SBT Own Fund (57069788272) | ഹാജരാക്കിയില്ല | |
| 2 | 450210110 | South Indian Bank (21697) | ഹാജരാക്കിയില്ല | |
| 3 | 450210120 | CSB (018504217402195001) | മാർച്ച് 2022 | ഹാജരാക്കി |
| 4 | 450210130 | IDBI Bank Mayors Covid Relief Fund | മാർച്ച് 2022 | ഹാജരാക്കി |
| 5 | 450210140 | IBPMS SBI 2619 | മാർച്ച് 2022 | ഹാജരാക്കി |
| 6 | 450210200 | SBT SNP (67280719334) | മാർച്ച് 2022 | ഹാജരാക്കി |
| 7 | 450210300 | SBT 67295240277 MDR Fund | മാർച്ച് 2022 | ഹാജരാക്കി |
| 8 | 450210400 | SBI-Service Tax (34551711312) | മാർച്ച് 2022 | ഹാജരാക്കിയില്ല |
| 9 | 450210500 | Canara Bank Own Fund 0720101070534 | മാർച്ച് 2022 | ഹാജരാക്കി |
| 10 | 450210600 | Union Bank-Amruth (338902010025262) | മാർച്ച് 2022 | ഹാജരാക്കിയില്ല |
| 11 | 450210700 | SIB-Public Contribution (0085073000001906) | മാർച്ച് 2022 | ഹാജരാക്കി |
| 12 | 450210800 | SBI VAT 00000067228757396 | മാർച്ച് 2022 | ഹാജരാക്കി |
| 13 | 450210900 | TDA SBT 67251658987 | മാർച്ച് 2022 | ഹാജരാക്കിയില്ല |
| 14 | 450220100 | Catholic Syrian Bank (018501314997190001) | മാർച്ച് 2022 | ഹാജരാക്കി |
| 15 | 450220300 | TDA Account Union Bank Of India | മാർച്ച് 2022 | ഹാജരാക്കിയില്ല |
| 16 | 450220400 | Hudco Project Account SBI | മാർച്ച് 2022 | ഹാജരാക്കി |
| 17 | 450220500 | Hudco Loan Repayment Account (SBI) | മാർച്ച് 2022 | ഹാജരാക്കി |
| 18 | 450220600 | LGTSB - Treasury | ഹാജരാക്കിയില്ല | ഹാജരാക്കിയില്ല |
| 19 | 450230100 | EMS Project TDCB | ഹാജരാക്കിയില്ല | ഹാജരാക്കിയില്ല |
| 20 | 450230200 | TDA Account District Co-op Bank | മാർച്ച് 2022 | ഹാജരാക്കിയില്ല |
| 21 | 450250100 | Treasury MF A/c I | ഹാജരാക്കിയില്ല | ഹാജരാക്കിയില്ല |
| 22 | 450250101 | TSB (Own Fund) A/c | ഹാജരാക്കിയില്ല | ഹാജരാക്കിയില്ല |
| 23 | 450250300 | Treasury Own Fund (1337/2) | മാർച്ച് 2022 | ഹാജരാക്കിയില്ല |
| 24 | 450250400 | TDA PF A/c District Treasury | ഹാജരാക്കിയില്ല | ഹാജരാക്കിയില്ല |
| 25 | 450250500 | TDA A/c 799011700000267 Dist Treasury | മാർച്ച് 2022 | ഹാജരാക്കി |
| 26 | 450250600 | TDA Treasury Savings A/c TPA 597 | ഹാജരാക്കിയില്ല | ഹാജരാക്കിയില്ല |

| | | | | |
|---|---|---|---|---|
| 27 | 450250700 | TDA New PF A/c Dist Treasury | മാർച്ച് 2022 | ഹാജരാക്കി |
| 28 | 450250800 | TSB-799010200000040 | ഹാജരാക്കിയില്ല | ഹാജരാക്കിയില്ല |
| 29 | 450250900 | Covid-19 Treasury Account | മാർച്ച് 2022 | ഹാജരാക്കി |
| 30 | 450410100 | SBI (A/c No.1014423055/6 Regular Pension) | ഹാജരാക്കിയില്ല | ഹാജരാക്കിയില്ല |
| 31 | 450410200 | Punjab National Bank (RAY-0160048376 | മാർച്ച് 2022 | ഹാജരാക്കി |
| 32 | 450410300 | Bank Of India (855010110003220) | ഹാജരാക്കിയില്ല | ഹാജരാക്കിയില്ല |
| 33 | 450410400 | SBT (67273546223) Contingent Pension | ഹാജരാക്കിയില്ല | ഹാജരാക്കിയില്ല |
| 34 | 450410600 | Canara PMAY/KS(0720101069843) | മാർച്ച് 2022 | ഹാജരാക്കി |
| 35 | 450410700 | Canara Bank (NULM 73068) | ഹാജരാക്കിയില്ല | ഹാജരാക്കിയില്ല |
| 36 | 450410800 | Indian Bank Amrut 30278 | ഹാജരാക്കിയില്ല | ഹാജരാക്കിയില്ല |
| 37 | 450410900 | IHSDP-HDFC-50100387964686 | മാർച്ച് 2022 | ഹാജരാക്കി |
| 38 | 450450100 | TPA-147 Contingent Pension | ഹാജരാക്കിയില്ല | ഹാജരാക്കിയില്ല |
| 39 | 450450200 | TPA-148 Provident Fund | ഹാജരാക്കിയില്ല | ഹാജരാക്കിയില്ല |
| 40 | 450610100 | SBT (A/c No.57069788454, NOAP) | മാർച്ച് 2022 | ഹാജരാക്കിയില്ല |
| 41 | 450610200 | SJSRY (A/c No.38293, Canara Bank | ഹാജരാക്കിയില്ല | ഹാജരാക്കിയില്ല |
| 42 | 450610300 | NSDP (A/c No.57991, Canara Bank) | മാർച്ച് 2022 | ഹാജരാക്കി |
| 43 | 450610400 | VAMBAY A/c No.55852 | മാർച്ച് 2022 | ഹാജരാക്കി |
| 44 | 450610500 | Ashraya A/c No.4357001100000043 | ഹാജരാക്കിയില്ല | ഹാജരാക്കിയില്ല |
| 45 | 450610600 | Disaster Management, SBT (A/c 67117883861) | മാർച്ച് 2022 | ഹാജരാക്കി |
| 46 | 450610700 | SBT (IHSDP) | മാർച്ച് 2022 | ഹാജരാക്കിയില്ല |
| 47 | 450610800 | Canara NULM 110005526459 | ഹാജരാക്കിയില്ല | ഹാജരാക്കിയില്ല |
| 48 | 450620100 | ICICI (NULM) 195405000070 | ഹാജരാക്കിയില്ല | ഹാജരാക്കിയില്ല |
| 49 | 450620200 | ICICI (018005004923)-SBM | മാർച്ച് 2022 | ഹാജരാക്കിയില്ല |
| 50 | 450620300 | ICICI (018001011231)-SBM | മാർച്ച് 2022 | ഹാജരാക്കി |
| 51 | 450620400 | IDBI (0239104000077880) Ayyankali | ഹാജരാക്കിയില്ല | ഹാജരാക്കിയില്ല |
| 52 | 450620500 | ICICI NULM A/c No.435 | ഹാജരാക്കിയില്ല | ഹാജരാക്കിയില്ല |
| 53 | 450650100 | MF/MCF II(a) Deveopment Fund (General) | ഹാജരാക്കിയില്ല | ഹാജരാക്കിയില്ല |
| 54 | 450650101 | MF/MCF II(b) Development Fund (SCP) | ഹാജരാക്കിയില്ല | ഹാജരാക്കിയില്ല |
| 55 | 450650200 | Treasury MCF A/c III Maintenance Fund | ഹാജരാക്കിയില്ല | ഹാജരാക്കിയില്ല |
| 56 | 450650300 | Treasury MF A/c IV 13th FC Award | ഹാജരാക്കിയില്ല | ഹാജരാക്കിയില്ല |
| 57 | 450650400 | Treasury MCF A/c II SCP | ഹാജരാക്കിയില്ല | ഹാജരാക്കിയില്ല |

ലഭ്യമാക്കിയ റീകൺസിലിയേഷൻ പത്രികകളിൽ തുകകൾ പൊരുത്തപ്പെടുത്തിയതിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. TUDA യുടെ തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കിലെ അക്കൗണ്ട് നം. 80003777238 റീകൺസിലിയേഷൻ പ്രകാരം 27,69,133/- രൂപയും, ട്രഷറി അക്കൗണ്ട് നം. 799011700000267 പ്രകാരം 21,71,151/- രൂപയും ഫിക്സഡ് ഡെപ്പോസിറ്റ് എന്നെഴുതിയാണ് പൊരുത്തപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഇവയുടെ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല (ഖണ്ഡിക 1-11-17 ൽ പരാമർശിച്ചിട്ടുണ്ട്).

### 1-11-27 വരവ് തുകകൾ തനത് ഫണ്ട് അക്കൗണ്ടിലേക്ക് തന്നെ ക്രെഡിറ്റ് ആകുന്ന രീതിയിൽ മാപ്പിംഗ് നടത്തിയിട്ടില്ല.

I) ബിൽഡിംഗ് പെർമിറ്റ് ഫീ ഇനത്തിൽ ലഭിക്കേണ്ട തുകകൾ IBPMS SBI A/c No. 00000040304632619 എന്ന അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ആകേണ്ടതിന് പകരം MDRF SBI A/c No.00000067295240277 എന്ന അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ആകുകയും പിന്നീട് മാറ്റുകയുമാണ് ചെയ്യുന്നത്. യഥാർത്ഥ അക്കൗണ്ടിലേക്ക് തന്നെ തുക ക്രെഡിറ്റ് ആകുന്ന രീതിയിൽ മാപ്പിംഗ് ക്രമപ്പെടുത്തുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

Ii) E-payment ആയി ലഭ്യമാകുന്ന തനത് വരുമാനമായിട്ടുള്ള വിവിധ തുകകൾ Disaster Management SBI A/c No.00000067117883861എന്ന അക്കൗണ്ടിലേക്കാണ് ക്രെഡിറ്റ് ആകുന്നത്. ഉദാഹരണത്തിന് ഡി&ഒ ലൈസൻസ് ഫീസിനത്തിൽ ഓൺലൈൻ പേമെന്റ് ആയി 4,59,785/- രൂപ 31.03.2022 തീയതിയിൽ പ്രസ്തുത അക്കൗണ്ടിന്റെ ബാങ്ക് ബുക്കിൽ വരവ് കാണിച്ചിരിക്കുന്നു. ഇത് പോലെ വസ്തുനികുതി, ബെർത്ത് & ഡെത്ത് സർട്ടിഫിക്കറ്റ്, മാര്യേജ് സർട്ടിഫിക്കറ്റ് എന്നീ ഇനങ്ങളിലും വരവ് വന്നിട്ടുണ്ട്. യഥാർത്ഥ അക്കൗണ്ടിലേക്ക് തന്നെ തുക ക്രെഡിറ്റ് ആകുന്ന രീതിയിൽ മാപ്പിംഗ് ക്രമപ്പെടുത്തുവാൻ നടപടി സ്വീകരിക്കേണ്ടതും ഇത്തരത്തിൽ 2021-2022 വർഷം തനത് വരുമായി ലഭിക്കേണ്ട 20,93,743/- രൂപ (നീക്കിയിരിപ്പ് 66,74,331 – മുന്നിരിപ്പ് 45,80,588) യഥാർത്ഥ അക്കൗണ്ടിലേക്ക് മാറ്റി ക്രമീകരിക്കേണ്ടതുമാണ്.

### 1-11-28 തൃശ്ശൂർ കോർപ്പറേഷനിൽ ലയിപ്പിച്ച TUDA യുടെ ബാങ്ക് അക്കൗണ്ടുകൾ അവസാനിപ്പിച്ചിട്ടില്ല.

വാർഷിക കണക്കുകൾ പ്രകാരം തൃശ്ശൂർ കോർപ്പറേഷനിൽ ലയിപ്പിച്ച TUDA യുടെ 5 ബാങ്ക് അക്കൗണ്ടുകൾ ഉണ്ട്. TUDA യുടെ ബാങ്ക് ബാലൻസ് തുകകൾ കോർപ്പറേഷന്റെ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടാതെ ഈ അക്കൗണ്ടുകൾ നിലനിർത്തിയിരിക്കുന്നതിന്റെ ആവശ്യകത വ്യക്തമാക്കുകയുണ്ടായില്ല. അക്കൗണ്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു. ഇവയുടെ ബാങ്ക് പാസ്സ്ബുക്ക് /സ്റ്റേറ്റ്മെന്റ് ഹാജരാക്കിയില്ല .

1) TDA SBT 67251658987
2) TDA Account District Co-Operative Bank
3) TDA Account No 799011700000267 District Treasury
4) TDA Treasury Savings Account TPA 597
5) TDA New PF Account District Treasury

ഇവയിൽ TDA Treasury Savings Account TPA 597, TDA New PF Account District Treasury എന്നിവയിൽ ബാലൻസ് പൂജ്യം ആണ് വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഈ അക്കൗണ്ടുകൾ ക്ലോസ് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളൊന്നും തന്നെ ലഭ്യമാക്കിയില്ല.

കോർപ്പറേഷനിൽ ലയിപ്പിച്ച സമയത്ത് TUDA യുടെ പേരിലുണ്ടായിരുന്നതും വിവിധ അക്കൗണ്ടുകളിൽ നിലവിൽ ഉള്ളതുമായ ഫിക്സഡ് ഡെപ്പോസിറ്റ് വിവരങ്ങൾ ഹാജരാക്കിയില്ല.
തൃശ്ശൂർ കോർപ്പറേഷനിൽ ലയിപ്പിച്ച TUDA യുടെ ബാങ്ക് അക്കൗണ്ടുകൾ ക്ലോസ്സ് ചെയ്ത് ബാലൻസ് തുകകൾ കോർപ്പറേഷന്റെ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടി, ആയതിന്റെ വിവരങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതും കോർപ്പറേഷനിൽ ലയിപ്പിച്ച സമയത്ത് TUDA യുടെ പേരിലുണ്ടായിരുന്നതും വിവിധ അക്കൗണ്ടുകളിൽ നിലവിൽ ഉള്ളതുമായ ഫിക്സഡ് ഡെപ്പോസിറ്റ് വിവരങ്ങൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതുമാണ്.

(ഓഡിറ്റ് അന്വേഷണം നം. 58/21-22, തീ. 20.12.2022)

### 1-11-29 ഡെയ്‌ലി കൗണ്ടർ കളക്ഷൻ പിറ്റേ ദിവസം തന്നെ അതാത് ബാങ്ക് അക്കൌണ്ടിൽ Contra Entry മുഖേന മാറ്റുന്നില്ല.

ഡെയ്‌ലി കൗണ്ടർ കാഷ് കളക്ഷൻ പിറ്റേ ദിവസം തന്നെ ബാങ്കിൽ അടവാക്കുന്നുണ്ടെങ്കിലും ബാങ്ക് ബുക്കുകളിൽ അതേ ദിവസം തന്നെ എൻട്രി വരുത്തുന്നില്ല. ഉദാഹരണത്തിന് 2022 മാർച്ച് 30 തീയതിയിലെ കൗണ്ടർ കാഷ് കളക്ഷനായ 55,50,325/- രൂപ 31.03.2022 തീയതിയിൽ SBT Own Fund A/c No.57069788272 ൽ അടവാക്കിയിട്ടുണ്ട്. എന്നാൽ ഈ തീയതിയിലെ കാഷ് ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ടില്ല. അത് പോലെത്തന്നെ 16.03.2022, 17.03.2022, 18.03.2022, 19.03.2022, 20.03.2022, 21.03.2022 തീയതികളിലെ കൗണ്ടർ കളക്ഷൻ തുക കാഷ്ബുക്കിൽ 22.03.2022 തീയതിയിലാണ് SBT Own Fund അക്കൌണ്ടിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിനാൽ യഥാർത്ഥത്തിൽ കയ്യിലില്ലാത്ത തുക കാഷ് ബുക്കിൽ ബാലൻസ് ആയി കാണുന്നു.

15.03.2022 തീയതിയിൽ Opening Balance ആയി രേഖപ്പെടുത്തിയിട്ടുള്ളത് 1,70,93,358/- രൂപയാണ്. എന്നാൽ ഇതേ ദിവസം SBT Own Fund അക്കൌണ്ടിൽ അടവാക്കിയതായി രേഖപ്പെടുത്തിയിട്ടുള്ളത് ഇതിനേക്കാൾ കൂടുതലായ 1,99,58,320/- രൂപയാണ്. ഈ തീയതിയിലെ Closing Balance ആയ 6,40,442/- രൂപ വിവിധ ചെലവിനങ്ങളിലായി അടുത്ത ദിവസങ്ങളിൽ രേഖപ്പെടുത്തലുകൾ വരുത്തുകയാണ് ചെയ്തിരിക്കുന്നത്.

ഇത്തരത്തിൽ യാതൊരു നിയന്ത്രണവുമില്ലാതെയും അംഗീകരിക്കപ്പെട്ട അക്കൌണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധവുമായിട്ടാണ് എൻട്രികൾ നടത്തപ്പെടുന്നത്. {2007 ലെ കേരള മുനിസിപ്പൽ അക്കൌണ്ടിംഗ് ചട്ടങ്ങളിലെ ചട്ടം 5(4), കേരള മുനിസിപ്പൽ അക്കൗണ്ട്സ് മാനുവൽ സെക്ഷൻ 5(4) C}

### 1-11-30 തനത് ഫണ്ടിൽ നിന്നും തുക പിൻവലിച്ചതായി കാഷ്ബുക്കിൽ രേഖപ്പെടുത്തലുകൾ വരുത്തിയതിന് ആനുപാതികമായ ചെലവ് വിവരങ്ങൾ മുൻ തീയതിയിൽ രേഖപ്പെടുത്തുന്നു.

2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 5(1) പ്രകാരം തദ്ദേശ സ്ഥാപനത്തിലെ എല്ലാ വരവ് ചെലവ് ഇടപാടുകളുടെയും വിവരം ദിവസേന കാഷ്ബുക്കിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ മേൽ

ചട്ടങ്ങൾക്ക് വിരുദ്ധമായി കാഷ്ബുക്കിൽ തനത് ഫണ്ടിൽ നിന്നും തുക പിൻവലിച്ചതായി രേഖപ്പെടുത്തിയതിന് ആനുപാതികമായ ചെലവ് വിവരങ്ങൾ അതാത് ദിവസം ചേർക്കുന്നില്ല. ഉദാഹരണത്തിന് 25.03.2022 തീയതിയിൽ SBT Own Fund (57069788272) ൽ നിന്നും 68,224/- രൂപ പിൻവലിച്ചതായി കാഷ്ബുക്കിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുണ്ട്. എന്നാൽ ഈ തുകയ്ക്കാനുപാതികമായ ചെലവ് വിവരങ്ങൾ കാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത് 22.03.2022 തീയതിയിൽ Other Office Maintenance Expenses ഇനത്തിൽ 13,224/- രൂപ, 23.03.2022 തീയതിയിൽ Miscellaneous Advance ഇനത്തിൽ 55,000/- രൂപ എന്നിവയാണ്.

22.03.2022 തീയതിയിൽ SBT Own Fund (57069788272) ൽ നിന്നും 94,854/- രൂപ പിൻവലിച്ചതായി കാഷ്ബുക്കിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുണ്ട്. എന്നാൽ ഈ തുകയ്ക്കാനുപാതികമായ ചെലവ് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളത് 17.03.2022 തീയതിയിൽ Miscellaneous Advance ഇനത്തിൽ 35,000/- രൂപ, Net Salary Payable – 1,500/-, Repairs & Maintenance – Vehicles 750/-, 18.03.2022 തീയതിയിൽ Electricity Charges – 47,604/-, 19.03.2022 തീയതിയിൽ Miscellaneous Advance – 10,000/- രൂപ എന്നിവയാണ്.

ഇത്തരത്തിൽ യഥാർത്ഥത്തിൽ തുക വരവ് വരുന്നതിന് മുന്നേ ചെലവ് രേഖപ്പെടുത്തലുകൾ വരുത്തുന്നതിന് കാരണം അറിയിക്കുകയുണ്ടായില്ല. അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമായ ഇത്തരം നടപടികൾ തിരുത്തപ്പെടേണ്ടതും ദിനംപ്രതിയുള്ള വരവ് ചെലവ് വിവരങ്ങൾ ചുമതലപ്പെട്ടവർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി അപാകതകൾ ആവർത്തിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-11-31 ചട്ടങ്ങൾക്ക് വിരുദ്ധമായി സെൽഫ് ചെക്ക് മുഖേന പണം പിൻവലിക്കുന്നു.

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ തനത് ഫണ്ട് അക്കൗണ്ട് (നം. 57069788272) സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ സെൽഫ് ചെക്ക് മുഖേന പണം പിൻവലിച്ചതായ ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| തീയതി | ചെക്ക് നം. | തുക | കാഷ് ബുക്കിൽ ചെലവ് രേഖപ്പെടുത്തിയിട്ടുള്ളത് |
|---|---|---|---|
| 31.03.2022 | 479626 | 8330 | Miscellaneous Administration Expense, Repairs & Maintenance-Vehicles |
| 22.03.2022 | 479572 | 13224 | Other Office Maintenance Expenses |
| 21.03.2022 | 479548 | 10000 | Miscellaneous Advance |
| 19.03.2022 | 479539 | 47604 | Electricity Charges |
| 18.03.2022 | 479534 | 37250 | Miscellaneous Advance |
| 17.03.2022 | 479523 | 9455 | Printing & Stationery |
| 14.03.2022 | 729588 | 221935 | Miscellaneous Advance |
| 11.03.2022 | 729577 | 37500 | Wages, Other Allowances, Miscellaneous Advance |
| 09.03.2022 | 729522 | 55200 | Miscellaneous Advance |
| 09.03.2022 | 729536 | 97920 | Beneficiary Contribution |
| 05.03.2022 | 729509 | 375955 | SLI, GIS |
| 05.03.2022 | 729485 | 8750 | Recoveries Payable - PF |

2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 33(2), 33(4) എന്നിവ പ്രകാരം സാധ്യമായിടത്തോളം കാഷ് പേമെന്റ് ഒഴിവാക്കേണ്ടതാണെന്നും, ജീവനക്കാർക്കുള്ള എല്ലാ പണം കൊടുക്കലും അവരുടെ ബാങ്ക് അക്കൗണ്ട് വഴി നടത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുള്ളതാണ്. മേൽ ചട്ടങ്ങൾക്ക് വിരുദ്ധമായി സെൽഫ് ചെക്ക് മുഖേന പിൻവലിച്ചതിന്റെ കാരണം അറിയിക്കുകയുണ്ടായില്ല.
(ഓഡിറ്റ് അന്വേഷണം നമ്പർ.136/2021-22,തി.27-01-2023)

## 1-11-32 ജീവനക്കാരുടെ SLI, GIS, PF എന്നിവ അടവാക്കുന്ന തുക കാഷ് ആയി പിൻവലിച്ചതായി കാഷ്ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നു.

04.03.2022 തീയതിയിൽ Recoveries Payable- Subscription To Provident Fund For Regular Employees എന്നയിനത്തിൽ 8,750/- രൂപ, 05.03.2022 തീയതിയിൽ SLI – 2,03,55/- രൂപ, GIS – 1,72,400/- രൂപ എന്നിവ ചെലവ് രേഖപ്പെടുത്തുകയും 05.03.2022 തീയതിയിൽ ആനുപാതിക തുകയായ 3,84,705/- രൂപ കാഷ് ആയി പിൻവലിച്ചതായും രേഖപ്പെടുത്തിയിട്ടുണ്ട്. SLI, GIS എന്നിവയ്ക്ക് കാഷ് ആയി ഇത്രയും തുക നൽകുന്നതിന്റെ കാരണം അറിയിക്കുകയുണ്ടായില്ല.

ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം Cash Cheque Paid To Self, Ch. No. 729485, തുക- 8750/-, Cash Cheque No. 729509, തുക- 3,75,955/- എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കാഷ് വരുന്നതിന് മുന്നേ ചെലവ് നടന്നതായി രേഖപ്പെടുത്തുന്നതിന്റെ കാരണവും അറിയിച്ചിട്ടില്ല.

## 1-11-33 വാർഷിക കണക്കിലെയും കാഷ്ബുക്കിലെയും നീക്കിയിരിപ്പ് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

വാർഷിക കണക്കിലെ റസീറ്റ് & പേമെന്റ് ഷെഡ്യൂൾ RP-40(b) പ്രകാരം കാഷ് നീക്കിയിരിപ്പ് 1,45,58,304/- രൂപയാണ്. എന്നാൽ 31.03.2022 തീയതിയിലെ കാഷ് ബുക്ക് പ്രകാരം നീക്കിയിരിപ്പ് 1,59,17,508/- രൂപയാണ്. തുകയിൽ വ്യത്യാസം വന്നതിന്റെ കാരണം അറിയിക്കുകയുണ്ടായില്ല.

## 1-11-34 പ്രതിമാസ വരവ് ചെലവ് കണക്കുകൾ യഥാസമയം ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിക്ക് സമർപ്പിക്കുന്നില്ല

2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് റൂൾ 56 പ്രകാരം ഓരോ മാസത്തെയും വരവ് ചെലവ് സ്റ്റേറ്റ്മെന്റുകൾ അടുത്ത മാസം 20-ാം തീയതിക്ക് മുമ്പായി ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. 1994ലെ കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 22(ഐ)(iv) പ്രകാരം മുനിസിപ്പൽ കോർപ്പറേഷൻ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി മാസം തോറുമുള്ള കണക്കുകൾ പരിശോധിക്കേണ്ടതും സെക്രട്ടറി സമർപ്പിക്കുന്ന പ്രകാരമുള്ള തൊട്ടുമുമ്പത്തെ മാസത്തെ വരവ് ചെലവുകളുടെ സംക്ഷേപം പരിശോധിക്കേണ്ടതുമാണ്. എന്നാൽ തൃശ്ശൂർ കോർപ്പറേഷൻ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി മിനിറ്റ്സ് പരിശോധിച്ചതിൽ ഇപ്രകാരം പ്രതിമാസ കണക്ക് സമർപ്പിച്ച് അംഗീകാരം ലഭ്യമാക്കുന്നില്ല. ഏപ്രിൽ, മെയ്, ജൂൺ, ജൂലായ് മാസത്തെ കണക്കുകൾ ഒന്നിച്ച് 17.08.2021 നാണ് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിക്ക് സമർപ്പിക്കുന്നതും ടി തീയതിയിലെ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി തീരുമാനം നം.40 പ്രകാരം കണക്കുകൾ അംഗീകരിക്കുന്നതും.

തുടർന്നുള്ള മാസങ്ങളിലെ കണക്കുകൾ അംഗീകരിച്ച തീയതിയും തീരുമാനം നമ്പറും താഴെ ചേർക്കുന്നു.

| മാസം | കണക്ക് അംഗീകരിച്ച തീയതി | തീരുമാനം നം. |
|---|---|---|
| ആഗസ്റ്റ് | 06.10.2021 | 12 |
| സെപ്റ്റംബർ | 16.10.2021 | 23 |
| ഒക്ടോബർ | 27.11.2021 | 3 |
| നവംബർ | 16.12.2021 | 1 |
| ഡിസംബർ | 01.02.2021 | 1 |
| ജനുവരി | 22.02.2021 | 1 |
| ഫെബ്രുവരി | ലഭ്യമായിട്ടില്ല | |
| മാർച്ച് | ലഭ്യമായിട്ടില്ല | |

പ്രതിമാസ വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം തന്നെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ച് അംഗീകാരം ലഭ്യമാക്കേണ്ടതാണ്.

## 1-11-35 സർക്കാർ ഉത്തരവ് പ്രകാരം അമൃത് പദ്ധതി തിരിച്ചടവിലേക്കായി ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ട തുക മുഴുവനായും ക്രെഡിറ്റ് ചെയ്തില്ല.

സർക്കാർ ഉത്തരവ് GO(Rt)No.3367/2021/Fin, തീ.07.04.2021, GO(Rt)No.5206/2021/Fin, തീ.30.07.2021, GO(Rt)No.22/2021/Fin, തീ.01.01.2022 എന്നിവ പ്രകാരം വികസന ഫണ്ട് ജനറൽ എന്ന ഇനത്തിൽ മൂന്ന് ഗഡുക്കളിലായി 60,44,75,000/- (13,66,36,000+13,66,36,000+33,12,03,000) രൂപ അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം തുക അനുവദിക്കുമ്പോൾ അമൃത് തിരിച്ചടവ് ഇനത്തിൽ സർക്കാരിലേക്ക് അടവാക്കേണ്ട 4,30,14,208/- (14338070+14338069+14338070) രൂപ സഹിതമാണ് കോർപ്പറേഷന് അറ്റ തുകയായി അനുവദിച്ചിരിക്കുന്നത്. ഈ അറ്റ തുകയാണ് കോർപ്പറേഷൻ ACR പ്രകാരം വികസന ഫണ്ട് ജനറൽ ഇനത്തിലെ വരവായി ചേർത്തിരിക്കുന്നത്. എന്നാൽ ഈ ഇനത്തിൽ പ്രൊജക്ട് നം.1174/21-22 പ്രകാരം 2,61,42,054/- രൂപ മാത്രമാണ് സുലേഖ പത്രികയിൽ ചെലവ് ബുക്ക് ചെയ്തിട്ടുള്ളതും ACR പത്രികയിലെ Allocation പ്രകാരം ചേർക്കുകയും ചെയ്തിരിക്കുന്നത്. ഇപ്രകാരം മുഴുവൻ അലോട്ട്മെന്റ് തുകയും ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാതിരുന്നതിന്റെ കാരണം അറിയിക്കുകയുണ്ടായില്ല. യഥാസമയം തിരിച്ചടവ് തുക ക്രെഡിറ്റ് ചെയ്യാതിരുന്നത് മൂലം അമൃത് പദ്ധതിയിലെ ബാധ്യതാ തുക കുറയാതിരിക്കുകയും പലിശയിനത്തിൽ കോർപ്പറേഷന് അധിക തുക അടവാക്കേണ്ടി വരുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കപ്പെടുന്നതിന് ഇടയാകുന്നതുമാണ്. (ഓഡിറ്റ് അന്വേഷണം നമ്പർ.111/2021-22,തി.17-01-2023)

## 1-11-36 സർക്കാർ ഉത്തരവ് പ്രകാരം കോർപ്പറേഷന് അനുവദിച്ച തുകയിൽ സാംഖ്യ ACR പത്രിക, സുലേഖ പത്രിക എന്നിവ പ്രകാരമുള്ള ചെലവ് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

1) സുലേഖ പത്രിക പ്രകാരം വികസന ഫണ്ട് ജനറൽ എന്ന ഇനത്തിൽ 52,81,90,809/- രൂപയാണ് ചെലവ് ബുക്ക് ചെയ്തിട്ടുള്ളത്. എന്നാൽ ACR പത്രിക പ്രകാരമുള്ള ചെലവായി 54,29,06,536/- രൂപ ചേർക്കുകയും ചെയ്തിരിക്കുന്നു.

2) മെയിന്റനൻസ് റോഡ് എന്ന ഇനത്തിൽ സുലേഖ പത്രിക പ്രകാരം 8,93,74,441/- രൂപയാണ് ചെലവ് ബുക്ക് ചെയ്തിട്ടുള്ളത്. എന്നാൽ ACR പത്രിക പ്രകാരമുള്ള ചെലവായി 9,96,02,606/- രൂപ ചേർക്കുകയും ചെയ്തിരിക്കുന്നു.

3) മെയിന്റനൻസ് നോൺ-റോഡ് എന്ന ഇനത്തിൽ സുലേഖ പത്രിക പ്രകാരം 7,97,92,699/- രൂപയാണ് ചെലവ് ബുക്ക് ചെയ്തിട്ടുള്ളത്. എന്നാൽ ACR പത്രിക പ്രകാരമുള്ള ചെലവായി 8,35,16,051/- രൂപ ചേർക്കുകയും ചെയ്തിരിക്കുന്നു.

ഇത്തരത്തിൽ സുലേഖ പത്രികയിലെയും ACR പത്രികയിലെയും ചെലവ് തുകകൾ തമ്മിൽ പൊരുത്തപ്പെടാതിരുന്നതിന്റെ കാരണം അറിയിക്കുകയുണ്ടായില്ല.

## 1-11-37 ബാലൻസ് ഷീറ്റിൽ State Govt Cesses/ Levies In Property Taxes ഹെഡ് ഓഫ് അക്കൗണ്ടിൽ തുക പോസിറ്റീവ് ആയി ഉൾപ്പെടുത്തിയിരിക്കുന്നു

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി - 15 ൽ State Govt Cesses/ Levies In Property Taxes – Control Account (Head Of Account 431910100) നെഗറ്റീവ് തുകയാണ് വരുത്തേണ്ടിയിരുന്നത്. ആയത് പോസിറ്റീവ് ആയാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

## 1-11-38 BIMS വഴി ലഭിച്ച തുകകൾ വാർഷിക കണക്കിൽ പ്രതിഫലിയ്ക്കുന്നില്ല.

വിവിധ പദ്ധതികൾക്കായി ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമ പ്രകാരം സെക്രട്ടറി BIMS വഴി 2217-80-800-71-00-00-00.P.V ഹെഡ്ഡിൽ 77,55,736/-രൂപ അലോട്ട്മെന്റ് ആയി മാറിയിട്ടുണ്ട്. പ്രസ്തുത തുക എതൊക്കെ പദ്ധതികൾക്കായി ചെലവഴിച്ചുവെന്നതിന്റെ രേഖകളും പ്രസ്തുത തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിന്റെ കാരണങ്ങളും ലഭ്യമാക്കിയിട്ടില്ല.

## 1-12 രസീത് ബുക്കുകൾ - അപാകത

I) കോർപ്പറേഷന്റെ ഒല്ലൂർ സോണൽ ഓഫീസ് പരിധിയിൽ ഉള്ള ലൈബ്രറിയിലെ രസീത് ബുക്കുകൾ പരിശോധിച്ചതിൽ തൃശ്ശൂർ കോർപ്പറേഷൻ, ഒല്ലൂർ സോണൽ ലൈബ്രറി എന്ന് പ്രിന്റ് ചെയ്ത രസീത് ബുക്കുകൾ ആണ് ഉപയോഗിച്ചിരിക്കുന്നത്.അപാകതകൾ ചുവടെ ചേർക്കുന്നു.

1) കോർപ്പറേഷന്റെ സ്റ്റോറിൽ നിന്നും ഇഷ്യൂ ചെയ്ത രസീത് ബുക്കുകൾ ഉപയോഗിക്കാതെ മേൽപ്പറഞ്ഞ തരത്തിലുള്ള രസീത്ബുക്കുകൾ ഉപയോഗിച്ചിരിക്കുന്നു.
2) രസീതുകളിൽ ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ചിട്ടില്ല.
3) രസീതുകളുടെ ഒറിജിനൽ ഓഫീസിൽ സൂക്ഷിക്കാതെ ഡ്യൂപ്ലിക്കേറ്റ് ആണ് സൂക്ഷിച്ചിരിക്കുന്നത്.
4) രസീതുകളിൽ സെക്രട്ടറിയുടെ ഒപ്പോ, കോർപ്പറേഷന്റെ സീലോ കാണുന്നില്ല.

ആയതിന് ഓഡിറ്റ് എൻക്വയറി (നമ്പർ 134/21-22 തിയതി 25/01/2023) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടങ്ങൾ18(2),73,74 & കേരള ഫിനാൻഷ്യൽ കോഡ് (വാല്യം 1) ആർട്ടിക്കിൾ 90 (എ) പ്രകാരം രസീതുകൾ ഉപയോഗിക്കേണ്ടതാണ്. ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്ന് പ്രിന്റ് ചെയ്ത രസീതുകൾ ഉപയോഗിക്കേണ്ടതും, ബന്ധപ്പെട്ട നിയന്ത്രണാധികാരി സ്റ്റോറിൽ നിന്ന് രസീത് ബുക്കുകൾ കൈപ്പറ്റി താഴെ തട്ടിലുള്ള ഉദ്യോഗസ്ഥർക്ക് കൈമാറേണ്ടതും, ലഭ്യമായതും വിതരണം ചെയ്തതുമായ രസീത് ബുക്കുകളുടെ എണ്ണം സൂചിപ്പിക്കുന്ന സ്റ്റോക്ക് അക്കൗണ്ട് സൂക്ഷിക്കേണ്ടതും, ഓരോ സാമ്പത്തിക വർഷത്തിലും കൈപ്പറ്റിയ രസീത് ബുക്കുകൾ സാമ്പത്തിക വർഷാവസാനം തിരിച്ച് സ്റ്റോറിൽ ഏൽപ്പിക്കേണ്ടതുമാണ്.

Ii) 2021-22 സാമ്പത്തിക വർഷത്തെ രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ രസീത് ബുക്ക് നമ്പർ 5842 മുതൽ 5856 വരെ (15 എണ്ണം) 14/03/22ന് സരസ്വതി, ഡെപ്യൂട്ടി ഡയറക്ടർ ഓഫ് അഗ്രികൾച്ചർ കൈപ്പറ്റിയതായി കാണുന്നു. ഇതിൽ 5845, 5846, 5847 എന്നീ രസീത് ബുക്കുകളും അവയുടെ കളക്ഷൻ രജിസ്റ്ററുകളും ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. (ഓഡിറ്റ് അന്വേഷണം നം 115/ 2021-22 തി 18.01.22)

## 1-13 ബാങ്ക് ബുക്ക്,പണം പിൻവലിക്കൽ- അപാകതകൾ

2021-22 ഓഡിറ്റിന്റെ ഭാഗമായി ഓഡിറ്റിൽ ഹാജരാക്കിയ ബാങ്ക്ബുക്കുകളും ബാങ്ക്പാസ്സ് ബുക്കുകളും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1) ബാങ്ക്പാസ്സ് ബുക്കിലെ ചെക്ക് നമ്പർ ബാങ്ക്ബുക്കിലെ ചെക്ക് നമ്പരുമായി വ്യത്യാസം കാണുന്നു. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പാസ്സ്ബുക്ക് ചെക്ക്നമ്പർ / തിയതി | ബാങ്ക്ബുക്ക് ചെക്ക്നമ്പർ /തിയതി | തുക | ബാങ്ക് |
|---|---|---|---|---|
| 1. | 728864/18.12.21 | 728863/6.12.21 | 7,000 | SBI |
| 3. | 728923/13.12.21 | 728922/10.12.21 | 41,9842 | SBI |
| 4. | 728922/10.12.21 | 728923/10.12.21 | 40,000 | SBI |
| 5. | 728945/21.12.21 | 928945/16.12.21 | 30,945 | SBI |
| 6. | 728974/24.12.21 | 728953/17.12.21 | 7,628 | LSGBT |

2) SBI തനതുഫണ്ടിൽ നിന്നും (A/C 00000057069788272) ക്യാഷ് ചെക്കായി തുക പിൻവലിച്ചതായി കാണുന്നു.ചെക്ക് മുഖേന ചെലവുകൾ നടത്താതെ ക്യാഷ് ചെക്ക് മുഖാന്തരം പണം പിൻവലിച്ച് വിവിധ ചെലവുകൾ നടത്തിയിരിക്കുന്നു.ഇത്തരത്തിലുള്ള പല പണം പിൻവലിക്കലുകളും ബാങ്ക് ബുക്കിൽ Contra Entry ആയി രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | തിയതി | ചെക്ക് നമ്പർ | ഡിസ്ക്രിപ്ഷൻ | തുക |
|---|---|---|---|---|
| 1. | 9/03/21 | 36643 | ക്യാഷ്ചെക്ക്,വിജയൻ ടി.എസ് | 1,08,000 |
| 2. | 12/07/21 | 264960 | ക്യാഷ്ചെക്ക്, വിജയൻ ടി.എസ് | 4,70,055 |
| 3. | 14/07/21 | 264980 | ക്യാഷ്ചെക്ക്, വിജയൻ ടി.എസ് | 24,310 |
| 4. | 9/08/21 | 265116 | ക്യാഷ്ചെക്ക്, വിജയൻ ടി.എസ് | 2,24,200 |
| 5. | 9/09/21 | 265343 | ക്യാഷ്ചെക്ക്, വിജയൻ ടി.എസ് | 43,180 |
| 6. | 15/09/21 | 265400 | ക്യാഷ്ചെക്ക്, വിജയൻ ടി.എസ് | 85,700 |
| 7. | 18/09/21 | 265421 | ക്യാഷ്ചെക്ക്, വിജയൻ ടി.എസ് | 36,375 |
| 8. | 20/09/21 | 265438 | ക്യാഷ്ചെക്ക്, വിജയൻ ടി.എസ് | 1,27,745 |
| 9. | 4/10/21 | 265492 | ക്യാഷ്ചെക്ക്, വിജയൻ ടി.എസ് | 71,866 |
| 10. | 8/10/21 | 265572 | ക്യാഷ്ചെക്ക്, വിജയൻ ടി.എസ് | 2,04,655 |
| 11. | 11/11/21 | 728719 | ക്യാഷ്ചെക്ക്, വിജയൻ ടി.എസ് | 2,50,000 |
| 12. | 10/12/21 | 728915 | ക്യാഷ്ചെക്ക്, വിജയൻ ടി.എസ് | 1,00,000 |
| 13. | 13/12/21 | 728941 | ക്യാഷ്ചെക്ക്, വിജയൻ ടി.എസ് | 1,88,160 |
| 14. | 2/02/22 | 729254 | ക്യാഷ്ചെക്ക്, വിജയൻ ടി.എസ് | 73,519 |
| 15. | 19/11/21 | 728772 | ക്യാഷ്ചെക്ക്, അരുൺ പി.പി | 73,225 |
| 16. | 10/02/22 | 729367 | ക്യാഷ്ചെക്ക്, അരുൺ പി.പി | 44,250 |

ഏത് ദിവസമാണ് ടി തുകകൾ ക്യാഷ്ബുക്കിൽ വരവ് വെച്ചിട്ടുള്ളതെന്നും ആയവയുടെ ചെലവിന്റെ വിശദാംശങ്ങളും, പെറ്റി ക്യാഷ്ബുക്കും ഓഡിറ്റിന് ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 120/21-22 തിയതി 20.01.2023) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

വൻതുകകൾ ക്യാഷ്ചെക്ക് മുഖേന പിൻവലിക്കുന്നതായി കാണുന്നു. 20,000/-രൂപയിൽ കൂടുതലുള്ള തുകകൾ സ്ഥാപനത്തിന്റെ /വ്യക്തികളുടെ അക്കൗണ്ടിലേക്ക് നൽകേണ്ടതാണ്. 2007ലെ മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 5,ചട്ടം 33 എന്നിവ പാലിക്കപ്പെടുന്നില്ല.

## 1-14 ക്യാഷ് ബുക്ക് - അപാകതകൾ

### 1) ക്യാഷ് ബുക്ക് സമ്മറിയിൽ വ്യത്യാസം

2022-23 സാമ്പത്തിക വർഷത്തെ ജനറൽ ക്യാഷ് കൗണ്ടറിന്റെ ക്യാഷ് ബുക്ക് സമ്മറി ഓഡിറ്റിൽ ഹാജരാക്കിയത് പരിശോധിച്ചപ്പോൾ ജൂൺ മാസത്തിൽ 18.06.2022ൽ ക്ലോസിംഗ് ബാലൻസ് 55,48,665ഉം 19.06.2022ൽ ഓപ്പണിംഗ് ബാലൻസ് 41,89,461 ഉം വ്യത്യാസമുള്ളതായി കാണുന്നു. തുടർന്ന് ഏപ്രിൽ മുതൽ ഉള്ള ക്യാഷ് ബുക്ക് സമ്മറി വീണ്ടും ഹാജരാക്കിയപ്പോൾ ആദ്യം ഹാജരാക്കിയ ക്യാഷ്ബുക്ക് സമ്മറിയുടെയും പിന്നീട് ഹാജരാക്കിയ ക്യാഷ് ബുക്ക് സമ്മറിയുടെയും ഓപ്പണിംഗ് ബാലൻസുകൾ തമ്മിൽ വ്യത്യാസം കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | തീയതി | ആദ്യം ഹാജരാക്കിയ ക്യാഷ് ബുക്ക് സമ്മറി ഓപ്പണിംഗ് ബാലൻസ് | പിന്നീട് ഹാജരാക്കിയ ക്യാഷ് ബുക്ക് സമ്മറി ഓപ്പണിംഗ് ബാലൻസ് |
|---|---|---|---|
| 1 | 1.4.2022 | 1,59,17,508 | 1,45,58,304 |
| 2 | 4.5.2022 | 22,23,447 | 8,64,243 |
| 3 | 1.6.2022 | 40,92,141 | 27,32,937 |
| 4 | 15.6.2022 | 60,13,810 | 46,54,606 |

21.06.2022ലെ ഓപ്പണിംഗ് ബാലൻസ് മുതൽ ആണ് ആദ്യം ഓഡിറ്റിൽ ഹാജരാക്കിയ ക്യാഷ്ബുക്കും സമ്മറിയും പിന്നീട് ഹാജരാക്കിയ ക്യാഷ് ബുക്ക് സമ്മറിയും തമ്മിൽ പൊരുത്തപ്പെടുന്നതായി കാണുന്നത്. ഇത്തരത്തിൽ വ്യത്യസ്തമായ ഓപ്പണിംഗ് ബാലൻസ് ഉള്ള ക്യാഷ് ബുക്ക് സമ്മറികൾ ഓഡിറ്റിൽ ഹാജരാക്കിയതിന്റെ

വിശദീകരണത്തിന് ഓഡിറ്റ് അന്വേഷണം നം: 12/2022-23 തിയ്യതി: 1.12.2022 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. 2007 കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങളിൽ ചട്ടം 5 പ്രകാരം ക്യാഷ് ബുക്ക് ദിനം പ്രതി ക്ലോസ് ചെയ്യേണ്ടതും സെക്രട്ടറി/ അക്കൗണ്ട്സ് ഓഫീസർ പരിശോധിച്ച് ഒപ്പു വെക്കേണ്ടതും,ചട്ടം 53 പ്രകാരം ഓരോ മാസവും കൃത്യമായി ബാങ്ക് റീകൺസിലിയേഷൻ നടത്തേണ്ടതുമാണ്.

2) ക്യാഷ് ബുക്ക് സമ്മറി - അപാകതകൾ

കൺകറന്റ് ഓഡിറ്റിന്റെ ഭാഗമായി ഓഡിറ്റിൽ ഹാജരാക്കിയ നവംബർ മാസത്തിലെ ക്യാഷ് ബുക്ക് സമ്മറി പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) 8/11/2022ൽ എസ്.എൽ.ഐ./അരിയർ എസ്.എൽ.ഐ. ഉം. ജി.ഐ.എസ്./അരിയർ ജി.ഐ.എസ്. യഥാക്രമം 2,08,000/- രൂപയും 1,74,200 രൂപയും ക്യാഷ് ആയി നൽകി കാണുന്നു.

2) 9/11/22ലെ കൗണ്ടർ കളക്ഷൻ 1,21,90,58 രൂപയും 10/11/22ൽ കോൺട്ര എൻട്രിയായി ക്യാഷ് ബുക്ക് സമ്മറിയിൽ രേഖപ്പെടുത്തിയിട്ടില്ല. 10.11.2022ലെ കൗണ്ടർ കളക്ഷൻ 13,18,030/- രൂപയും 11/11/2022ൽ കോൺട്ര എൻട്രിയായി ക്യാഷ് ബുക്കിൽ രേഖപ്പെടുത്തി കാണുന്നില്ല. ഇത്തരത്തിൽ അതാതു ദിവസങ്ങളിൽ കോൺട്ര എൻട്രിയായി രേഖപ്പെടുത്തിയിട്ടില്ല.

3) 9/11/22, 10/11/22, 11/11/22 എന്നീ ദിവസങ്ങളിലെ കൗണ്ടർ കളക്ഷൻ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ക്യാഷ് കളക്ഷൻ തീയതി | ബാങ്കിൽ അടച്ച തീയതി | എസ്.ബി.ഐ. | എസ്.ഐ.ബി. |
|---|---|---|---|---|
| 1 | 9/11/2022 | 10/11/2022 | 69,788/- | 11,49,270/- |
| 2 | 10/11/2022 | 11/11/2022 | 73,213/- | 12,44,817/- |
| 3 | 11/11/22 | 14/11/22 | 70,827/- | 7,62,652/- |
| ആകെ | | | 213828/-<br>======== | 31,56,739/-<br>======== |

ഇതിൽ 14/11/22ലെ ക്യാഷ് ബുക്ക് സമ്മറി പ്രകാരം, എസ്.ബി.ഐ. തനത് ഫണ്ട്, എസ്.ഐ.ബി. തനത് ഫണ്ട് എന്നിവ യഥാക്രമം 3,53,031/- രൂപയും 49,47,902/- രൂപയുമാണ് കോൺട്ര എൻട്രിയായി കാണിച്ചിരിക്കുന്നത് ഇത്തരത്തിൽ കൗണ്ടർ കളക്ഷനേക്കാൾ അധിക തുക കോൺട്ര എൻട്രിയായി കാണിച്ചിരിക്കുന്നു.

4) 14.11.2022ൽ ക്യാഷ് ബുക്ക് പ്രകാരം 1,00,000/- രൂപ മിസലേനിയസ് അഡ്വാൻസ് ക്യാഷ് ആയി നൽകിയിരിക്കുന്നതായി കാണുന്നു.

5) 15/11/22ലെ ഓപ്പണിംഗ് ബാലൻസ് 14,14,461/- രൂപ ക്രെഡിറ്റ് സൈഡിൽ (-Ve ആയാണ്) വന്നിരിക്കുന്നത്.

6) 29/11/22ലെ കൗണ്ടർ കളക്ഷൻ ആയ 16,70,863/- രൂപ 30/11/22ൽ ക്യാഷ് ബുക്ക് സമ്മറിപ്രകാരം ടി തുക ബാങ്കിൽ അടച്ചതായി കാണുന്നുണ്ടെങ്കിലും മിസലേനിയസ് അഡ്മിനിസ്ട്രേഷൻ എക്സ്പെൻസ് 51,220/- രൂപയും ഇലക്ട്രിസിറ്റി ചാർജ്ജസ് 48,436/- രൂപയും ആയ ചെലവുകൾക്ക് ക്യാഷ് നൽകിയതായി കാണുന്നു. 20,000/- രൂപയിൽ കൂടുതൽ ഉള്ള തുകകൾക്ക് ക്യാഷ് ആയി നൽകാൻ സാധിക്കില്ല .

മേൽ സൂചിപ്പിച്ച അപാകതകൾക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നമ്പർ 16/2022-23 തീയതി : 21.12.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 33 പ്രകാരം സാധ്യമായിടത്തോളം ക്യാഷ് പേയ്മെന്റ് ഒഴിവാക്കേണ്ടതാണെന്നും,എല്ലാ പണം കൊടുക്കലും ബാങ്ക് അക്കൗണ്ടിലേക്കുള്ള പണംമാറ്റം വഴി നടത്തേണ്ടതാണ്.

ചട്ടം 5(2) ബാങ്ക്/ ട്രഷറി സേവിംഗ്സ് അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കൽ ഉൾപ്പെടെ മുനിസിപ്പാലിറ്റിക്ക് പണമായി ലഭിക്കുന്ന എല്ലാ തുകയും ക്യാഷ് ബുക്കിന്റെ ഡെബിറ്റ് ഭാഗത്ത് രേഖപ്പെടുത്തേണ്ടതും, ചട്ടം 5(3),5(4) പ്രകാരം ക്യാഷ് ബുക്ക് ദിനംപ്രതി ക്ലോസ് ചെയ്യേണ്ടതും സെക്രട്ടറി/ അക്കൗണ്ട്സ് ഓഫീസർ പരിശോധിച്ച് ഒപ്പ് വെക്കേണ്ടതാണ്.

3) ക്യാഷ് ബുക്ക് സമ്മറി - അപാകതകൾ

കൺകറന്റ് ഓഡിറ്റിന്റെ ഭാഗമായി ഓഡിറ്റിൽ ഹാജരാക്കിയ നവംബർ,ഡിസംബർ മാസങ്ങളിലെ ക്യാഷ് ബുക്ക് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) ക്യാഷ് ബുക്ക് പ്രകാരം

I) 15/11/ 22 ൽ 1,42,5582/- രൂപ ബാങ്കിൽനിന്നുള്ള വരവുണ്ട്.

SBT തനതുഫണ്ട് അക്കൗണ്ട് (A/C 00000057069788272) 90,040 /- രൂപ
SIB തനതു ഫണ്ട് അക്കൗണ്ട്(A/C 0085053000021697) 13,35,542/- രൂപ

Ii) 17/11/22 ൽ 20,85,165/- രൂപ ബാങ്കിൽ നിന്നുള്ള വരവുണ്ട്

SBTതനതുഫണ്ട്അക്കൗണ്ട് 19,30,366/- രൂപ
SIB തനതുഫണ്ട് അക്കൗണ്ട് 1,54,799/- രൂപ

ടി തുകകൾ പിൻവലിച്ചതിന്റെയും ചെലവഴിച്ചതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

2) 28/12/22 ലെ Daily Counter Collection 9,07,587/- രൂപയും Closing Balance 8,81,567/-രൂപയും 29/12/22 ലെ Daily Counter Collection 19,05,081/- രൂപയും Closing Balance 18,79,061/-രൂപയും ആയാണ് കാണുന്നത്.ഇത്തരത്തിൽ Daily Counter Collection തുകയും Closing Balance തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു.

3) ക്യാഷ്ബുക്ക് പ്രകാരം 30/12/22 ൽ 1,26,020/-രൂപ ക്യാഷായി വരവ് കാണിച്ചിരിക്കുന്നു. 28/12/22ൽ 26,020/-രൂപയും 31/12/22ൽ 1,00,000/- രൂപയും സെൽഫ് ചെക്കായി SIB അക്കൗണ്ട് (A/C 008505300021697) പ്രകാരം പിൻവലിച്ചതായി കാണുന്നു.28/12/22 ൽ പിൻവലിച്ച 26,020/- രൂപ ക്യാഷ്ബുക്കിൽ 30/12/22 ൽ ആണ് ചേർത്തിട്ടുള്ളത്. 28/12/22 ന് പിൻവലിച്ച 26,060/-രൂപ യഥാസമയം ക്യാഷ്ബുക്കിൽ വരവ് വന്നിട്ടില്ല.
കടാതെ, 31/12/22 ന് പിൻവലിച്ച 1,00,000/-രൂപ 30/12/22 ന് കാഷ്ബുക്കിൽ വരവ് വച്ചതായി കാണുന്നു.
ഈ തുകകൾ ചെലവഴിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

4) താഴെ പറയുന്ന തുകകൾ സെൽഫ് ചെക്കായി SIB (A/C 008505300021697) തനതുഫണ്ടിൽ നിന്ന് പിൻവലിച്ചതായി കാണുന്നു.

| ക്രമനമ്പർ | തിയതി | ചെക്ക് നമ്പർ | തുക |
|---|---|---|---|
| 1. | 8/12/22 | 1195292 | 1,13,400/- |
| 2. | 13/12/22 | 1195334 | 4,40,898/- |
| 3. | 14/12/22 | 1195353 | 20,130/- |
| 4. | 16/12/22 | 1195369 | 25,000/- |
| 5. | 20/12/22 | 1195376 | 57,587/- |
| 6. | 27/12/22 | 1195380 | 6400/- |

എന്നാൽ ടി തുകകൾ ബാങ്കിൽ നിന്ന് പിൻവലിച്ച ദിവസങ്ങളിൽ ക്യാഷ്ബുക്കിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല.

ഏത് ദിവസമാണ് ടി തുകകൾ ക്യാഷ്ബുക്കിൽ വരവ് വെച്ചിട്ടുള്ളതെന്നും ആയവയുടെ ചെലവിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 18/2022-23 തിയതി 16.01.2023) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

20,000/-രൂപയിൽ കൂടുതലുള്ള തുകകൾ സ്ഥാപനത്തിന്റെ /വ്യക്തികളുടെ അക്കൗണ്ടിലേക്ക് നൽകേണ്ടതാണ് എന്നിരിക്കെ വൻതുകകൾ സെൽഫ് ചെക്ക് മുഖേന പിൻവലിക്കുന്നതായി കാണുന്നു. 2007ലെ മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 5, ചട്ടം 33 എന്നിവ പാലിക്കപ്പെടുന്നില്ല.

## 1-15 ദൈനംദിന രസീത് പരിശോധന-കമ്പ്യൂട്ടർ രസീതുകളുടെ സ്റ്റേഷനറി നഷ്ടപ്പെട്ടത് ഹാജരാക്കിയില്ല.

ഒല്ലൂക്കര സോണൽ ഓഫീസിലെ ക്ലർക്ക്/ക്യാഷ്യർ ആയ ശ്രീമതി. സിമി. കെ.ടി.യ്ക്ക് 20.09.2022 തിയ്യതിയിൽ മെയിൻ ഓഫീസ് സ്റ്റോറിൽ നിന്നും സ്റ്റേഷനറി നം. 04880001 മുതൽ 0490000 വരെയുള്ള 2000 കമ്പ്യൂട്ടർ രസീതുകൾ ഇഷ്യൂ ചെയ്തതായി രസീതിന്റെ സ്റ്റോക്ക് രജിസ്റ്റർ പേജ് നം.167ന്റെ പരിശോധനയിൽ കാണുന്നു. എന്നാൽ 26.09.2022 തീയ്തിയിലെ കമ്പ്യൂട്ടർ രസീതുകൾ പരിശോധിച്ചതിൽ അവസാനം ഉപയോഗിച്ച രസീതിന്റെ സ്റ്റേഷനറി നം. 0488008 ഉം 27.09.2022 തീയ്തിയിൽ ഉപയോഗിച്ച രസീതുകളുടെ സ്റ്റേഷനറി നമ്പർ ആരംഭിക്കുന്നത് 0488011ലുമാണ്. ഈ രണ്ട് സ്റ്റേഷനറി നമ്പറുകൾക്കിടയിലുള്ള 0488009, 0488010 എന്നീ രണ്ട് സ്റ്റേഷനറി നമ്പരുകളിലെ രസീത് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. എന്നാൽ രസീത് നം തുടർച്ചയായി കാണപ്പെടുന്നുണ്ട്. ക്യാൻസൽഡ് രസീതുകളുടെ റിപ്പോർട്ടിലും മേല്പടി സ്റ്റേഷനറി നമ്പറുകളിലെ രസീത് ക്യാൻസൽ ചെയ്തതായി കാണുന്നില്ല. മേൽ സ്റ്റേഷനറി നമ്പറുകളിലെ രസീത് ഹാജരാക്കാൻ ആവശ്യപ്പെട്ട് റിക്വിസിഷൻ (നം.08/2022-23 തിയ്യതി 13.10.2022) നൽകിയെങ്കിലും നാളിതു വരെ ഹാജരാക്കിയിട്ടില്ല. ഇപ്രകാരം സ്റ്റേഷനറി നഷ്ടം സംഭവിച്ചതിന്മേൽ അന്വേഷണം നടത്തി സ്വീകരിച്ച നടപടി എത്രയുംവേഗം ഓഡിറ്റിനെ അറിയിക്കുന്നതിനായി സെക്രട്ടറി, തൃശ്ശൂർ കോർപ്പറേഷൻ, സൂപ്രണ്ട്, ഒല്ലൂക്കര സോണൽ എന്നിവർക്ക് കത്ത് (നം. കെ.എസ്.എ. (ടി.എസ്.സി.) 7-843/2022 തിയ്യതി 14.10.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

കേരള ട്രഷറി കോഡ് വോള്യം I ആർട്ടിക്കിൾ 90 (ബി) നോട്ട് 2 പ്രകാരം ഉദ്യോഗസ്ഥർ തങ്ങൾക്ക് ലഭ്യമാകുന്ന രസീത് ബുക്കുകളുടെ അക്കൗണ്ട് സൂക്ഷിക്കേണ്ടതും ഉപയോഗിച്ചതും അല്ലാത്തതുമായ രസീത് ബുക്കുകൾ എപ്പോഴും ഹാജരാക്കുവാൻ സാധിക്കേണ്ടതും ഓരോ രസീത് ബുക്കിലേയും ഫോറങ്ങളുടെ എണ്ണം സൂക്ഷ്മമായി പരിശോധിക്കേണ്ടതുമാണ്. ആയതിനാൽ സാംഖ്യ രസീതുകളിൽ രേഖപ്പെടുത്തിയിട്ടുള്ള പ്രിന്റഡ് സ്റ്റേഷനറി നമ്പറുകളുടെ തുടർച്ച ഉദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതാണ്. ഉദ്യോഗസ്ഥരുടെ ഇത്തരത്തിലുള്ള ഗുരുതര കൃത്യവിലോപം ബന്ധപ്പെട്ട അധികാരികളുടേയും ഭരണസമിതിയുടേയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-16 ഐ.ബി.പി.എം.എസ്. -- എം ഡി എഫ് ഫണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെടുന്നു

IBPMS ഫയൽ പരിശോധിച്ചതിന്റെ ഭാഗമായി ബിൽഡിംഗ് പെർമിറ്റ് ഫീസിനത്തിൽ വരുന്ന തുക അടവാക്കുന്നതിനുവേണ്ടി SBI (A/c. No. 40304632619) കറന്റ് അക്കൗണ്ട് തുടങ്ങി എന്നും എന്നാൽ ഈയിനത്തിൽ വരുന്ന തുക Mayor Distress Fund (A/c. No. 67295240277) അക്കൗണ്ടിലേക്കാണ് ക്രെഡിറ്റാവുന്നത് എന്നും ഈ തുക SBI അക്കൗണ്ടിലേയ്ക്ക് മാറ്റിയിടുകയാണ് ചെയ്യുന്നത് എന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 12/10/21 മുതൽ 31/3/22 വരെയുള്ള തുകകൾ 3 ഘട്ടമായി SBI അക്കൗണ്ടിലേയ്ക്ക് മാറ്റിയിട്ടതായി കാണുന്നു. ഓരോ ദിവസവും ഓൺലൈൻ ആയി വരുന്ന തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ആധികാരികമായി പരിശോധിച്ച് ഉറപ്പു വരുത്തുന്നതായി കാണുന്നില്ല. MDF അക്കൗണ്ടിൽ നിന്നും SBI അക്കൗണ്ടിലേയ്ക്ക് മാറ്റിയിടുന്നതിന് കൃത്യമായ സമയക്രമം പാലിക്കുന്നതായി കാണുന്നില്ല. ഇവയുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു (എൻക്വയറി നമ്പർ 2/16.06.22). മറുപടി ലഭ്യമാക്കിയിട്ടില്ല. IBPMS മുഖേന അടവാക്കുന്ന തുകകൾ സ്ഥാപനത്തിന്റെ തനതുഫണ്ട് അക്കൗണ്ടിൽ തന്നെ ക്രെഡിറ്റ് ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. MDF അക്കൗണ്ടിൽ നിന്നും SBI അക്കൗണ്ടിലേയ്ക്ക്

മാറ്റിയിടുന്ന രീതി ഒഴിവാക്കേണ്ടതാണ്.

## 1-17 ക്യാഷ് കൗണ്ടറിലെ വരവ് ദേശസാൽകൃത ബാങ്ക് അക്കൗണ്ടിലേയ്ക്ക് അടവാക്കുന്നില്ല.

ജനറൽ വിഭാഗത്തിലെ ക്യാഷ് കൗണ്ടറിലെ വരവ് SBI അക്കൗണ്ടിലേയ്ക്കാണ് അടച്ചുകൊണ്ടിരുന്നത്. റവന്യൂ വിഭാഗത്തിലെ വരവ് 27.08.2022 മുതൽ SIB അക്കൗണ്ടിലേയ്ക്ക് (അക്കൗണ്ട് നം. 00850505300021097) വാട്ടർ സെക്ഷനിലെ വരവ് SBI അക്കൗണ്ടിലേയ്ക്കും (അക്കൗണ്ട് നം. 00000057069788272) അടവാക്കുന്നതായി കാണുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് വരുമാനത്തിൽ വരുന്ന മുഴുവൻ തുകകളും ഒരൊറ്റ അക്കൗണ്ടിൽ ഒടുക്കുന്നത് സംബന്ധിച്ച സർക്കുലർ നം. 58725/എഫ്.എം.3/2008 തസ്വഭവ. തദ്ദേശസ്വയംഭരണ (എഫ്.എം.) വകുപ്പ്, തിരുവനന്തപുരം തീയതി : 26.05.2011ലെ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും തനത് വരുമാനം ട്രഷറി അക്കൗണ്ടിംഗിന് പുറമേ, ഒരു ദേശസാൽകൃത ബാങ്ക് അക്കൗണ്ടിലോ ഒരു സഹകരണ ബാങ്ക് അക്കൗണ്ടിലോ മാത്രം നിക്ഷേപിക്കണമെന്നും ഈ സർക്കുലർ പ്രകാരം നിർദ്ദേശിക്കുന്നു. എന്നാൽ SIB അക്കൗണ്ട് ദേശസാൽകൃത ബാങ്ക് അല്ലാതിരുന്നിട്ടും കോർപ്പറേഷൻ തനതു വരുമാനം ടി അക്കൗണ്ടിലേയ്ക്ക് അടവാക്കുന്നതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 9/2022-23 തിയതി 28.10.2022) മറുപടി, 15/09/2011 തിയതിയിലെ ജി.ഒ നമ്പർ (ആർ.റ്റി) നമ്പർ 7013/11 ഫിൻ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കറൻസിരഹിത ഇടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാതരം സേവനങ്ങളും ഡിജിറ്റലൈസ് ചെയ്ത് ഓൺലൈൻ മുഖേന വേഗത്തിൽ ലഭ്യമാക്കുന്നതിനായി പ്രൈവറ്റ് ബാങ്കുകളേയും ആശ്രയിക്കാവുന്നതാണെന്ന് ബഹു.നഗരകാര്യ ഡയറക്ടറുടെ 1/06/2017 തിയതിയിലെ നം. ഡി.സി 2 -3988/17 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുള്ളതാണെന്നും കോർപ്പറേഷൻ കൗൺസിലിന്റെ 7/04/2017 തിയതിയിലെ 2-ാം നമ്പർ തീരുമാനപ്രകാരം തൃശ്ശൂർ നഗരസഭയിലെ നികുതികളും ഫീസുകളും ഓൺലൈൻ സംവിധാനത്തിലൂടെ ഈടാക്കുന്നതിന് സൗത്ത് ഇന്ത്യൻ ബാങ്കുമായി എഗ്രിമെന്റ് ഉണ്ടാക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതും തുടർന്ന് 8/07/ 2019 തീയതിയിൽ സൗത്ത് ഇന്ത്യൻ ബാങ്ക് ടി വിഷയവുമായി ബന്ധപ്പെട്ട് കോർപ്പറേഷനുമായി കരാർ ഉടമ്പടിയിൽ ഏർപ്പെട്ടിട്ടുള്ളതാണെന്നും, മേൽ ഉടമ്പടി പ്രകാരം ഇലക്ട്രിസിറ്റി,വാട്ടർ ചാർജ്ജ് ഒഴികെയുള്ള റവന്യൂ കളക്ഷൻ സൗത്ത് ഇന്ത്യൻ ബാങ്കിൽ അടവാക്കണമെന്ന് വ്യവസ്ഥയുള്ളതും നികുതികളും ഫീസുകളും ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റുന്നതുമായി ബന്ധപ്പെട്ട് 50 ലക്ഷം രൂപ സൗത്ത് ഇന്ത്യൻ ബാങ്ക് കോർപ്പറേഷന് കൈമാറണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണെന്നും ടി സാഹചര്യത്തിലാണ് വാട്ടർ ചാർജ്, ഇലക്ട്രിസിറ്റി ബിൽ എന്നിവയൊഴികെയുള്ള റവന്യൂ വരുമാനം സൗത്ത് ഇന്ത്യൻ ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റിയിട്ടുള്ളത് എന്നുമാണ് നല്കിയിരിക്കുന്നത്.

എന്നാൽ 15.9.2011 തീയതിയിലെ ജി.ഒ.(ആർ.ടി) നം.7013/11ഫിൻ. ഉത്തരവ് ICICI ബാങ്ക്, HDFC ബാങ്ക്, AXIS ബാങ്ക് എന്നീ 3 പ്രൈവറ്റ് ബാങ്കുകൾക്ക് മാത്രമായി ഉള്ളതിനാൽ ടി സർക്കുലർ പ്രകാരം സൗത്ത് ഇന്ത്യൻ ബാങ്കിന് പ്രാബല്ല്യമില്ല. കൂടാതെ മറുപടിയിൽ പറഞ്ഞിരിക്കുന്ന താഴെ പറഞ്ഞിരിക്കുന്നവ ഓഡിറ്റിന് ഹാജരാക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നമ്പർ 17/2022-23 തിയതി 23.12.2022) മറുപടി ലഭ്യമാക്കിയില്ല.

1) 1/6/2017 തീയതിയിലെ നഗരകാര്യ ഡയറക്ടറുടെ ഡിസി 2-3988/17 നമ്പർ കത്ത് .

2) 7/4/2017 തീയതിയിലെ 2-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം സൗത്ത് ഇന്ത്യൻ ബാങ്കുമായി ചമച്ച എഗ്രിമെന്റ് .

3) നികുതികളും ഫീസുകളും ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റുന്നതുമായി ബന്ധപ്പെട്ട് 50 ലക്ഷം രൂപ സൗത്ത് ഇന്ത്യൻ ബാങ്ക് കോർപ്പറേഷന് കൈമാറണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതായി മറുപടിയിൽ പറയുന്നു. ഇത്തരത്തിലുള്ള വ്യവസ്ഥ ഏത് നിയമം/ചട്ടപ്രകാരം ആണെന്നുള്ളത്. ഇപ്രകാരം കൈമാറിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

സർക്കുലർ നം. 58725/എഫ്.എം.3/2008 തസ്വഭവ. തദ്ദേശസ്വയംഭരണ (എഫ്.എം.) വകുപ്പ്, തിരുവനന്തപുരം തീയതി : 26.05.2011ലെ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും തനത് വരുമാനം ട്രഷറി അക്കൗണ്ടിംഗിന് പുറമേ, ഒരു ദേശസാൽകൃത ബാങ്ക് അക്കൗണ്ടിലോ ഒരു സഹകരണ ബാങ്ക് അക്കൗണ്ടിലോ മാത്രം നിക്ഷേപിക്കണമെന്നും ഈ സർക്കുലർ പ്രകാരം നിർദ്ദേശിക്കുന്നു. സർക്കാർ ഉത്തരവുകൾ പാലിക്കുവാൻ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-18 ചെക്ക് ഇഷ്യൂ രജിസ്റ്റർ സൂക്ഷിക്കുന്നില്ല

തൃശ്ശൂർ കോർപറേഷൻ കാര്യാലയത്തിൽ നിന്നും ചെലവിനത്തിൽ ഇഷ്യൂ ചെയ്യുന്ന ചെക്കുകൾ സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നില്ല. 2022-23 സാമ്പത്തിക വർഷത്തിൽ ബൗൺസ് ആയ ചെക്കുകളുടെ വിവരങ്ങൾ (ഇഷ്യൂ & റിസീവ്ഡ്), ചെക്ക് ഇഷ്യൂ രജിസ്റ്റർ എന്നിവ കൺകറന്റ് ഓഡിറ്റിനായി ഹാജരാക്കേണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. /2022-23 തീയതി 8.11.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെക്ക് ഇഷ്യൂ രജിസ്റ്റർ സൂക്ഷിക്കുന്നില്ല എന്നാണ് നേരിട്ടുള്ള അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞത്. വരവിനത്തിൽ ചെക്കുകൾ സംബന്ധിച്ച വിവരങ്ങൾ സാംഖ്യയിലെ ചെക്ക് റിസീവ്ഡ് രജിസ്റ്ററിൽ നിന്നും ലഭ്യമാണ്.എന്നാൽ സ്ഥാപനം ചെലവിനത്തിൽ ഇഷ്യൂ ചെയ്യുന്ന ചെക്കുകൾ സംബന്ധിച്ച വിവരങ്ങൾ സാംഖ്യയിൽ ഉൾപ്പെടുത്താത്തതിനാൽ ആയത് സംബന്ധിച്ച വിവരങ്ങൾ സാംഖ്യയിൽ നിന്നും ലഭ്യമല്ല. ചെക്ക്.ഡി.ഡി.എന്നിവയുടെ വിവരങ്ങൾ ചെക്ക് രേഖപ്പെടുത്തുന്നതിനായി ഒരു ചെക്ക് ഇഷ്യൂ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ് (കേരള മുൻസിപ്പാലിറ്റി ചട്ടങ്ങൾ 2007 ചട്ടം-19).

തൃശ്ശൂർ കോർപ്പറേഷന്റെ അക്കൗണ്ടിൽ (A/c No.57069788272) നിന്നും നല്കുന്ന ചെക്കുകൾ (ശമ്പളം, ഹോണറേറിയം, വേതനം) ഒരുമിച്ച് (ബൾക്ക് പോസ്റ്റിങ്ങ്) ബാങ്കുകാർ ബാങ്ക് പാസ്സ് ബുക്കിൽ വരവ് വയ്ക്കുന്നതിനാൽ ചെക്ക് തുക പിൻവലിച്ചത് കണ്ടെത്താനും, ആയതിന്റെ കൃത്യത ഉറപ്പ് വരുത്തുന്നതിനും ബുദ്ധിമുട്ട് നേരിടുന്നു. ബൾക്ക് പോസ്റ്റിങ്ങ് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് റൂൾ ചട്ടം 53- പ്രകാരം ബാങ്ക് ബുക്കിലെ എൻട്രികൾ ബാങ്ക് / ട്രഷറി സ്റ്റേറ്റ്മെന്റുമായി പ്രതിമാസം താരതമ്യം ചെയ്യേണ്ടതും നീക്കിയിരുപ്പ് ഒത്തു നോക്കേണ്ടതുമാണ്. അപ്രകാരം തയ്യാറാക്കിയ റീകൺസിലേഷൻ സ്റ്റേറ്റ്മെന്റ്, അക്കൗണ്ട്സ് ഓഫീസറും സെക്രട്ടറിയും ഒപ്പിട്ട് ആധികാരികമാക്കി തൊട്ടടുത്ത മാസം തന്നെ (അൺകാഷ്ഡ് ചെക്ക് വിവരങ്ങൾ സഹിതം) ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-19 സെൽഫ് ചെക്ക് മുഖേന വൻതുകകൾ പിൻവലിച്ച് ക്യാഷ് ചെസ്റ്റിൽ സൂക്ഷിക്കുന്നു.

ഓഡിറ്റിന്റെ ഭാഗമായി ഹാജരാക്കിയ പെറ്റി ക്യാഷ് ബുക്ക് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

സെൽഫ് ചെക്ക് മുഖേന വൻതുകകൾ പിൻവലിച്ച് ക്യാഷ് ചെസ്റ്റിൽ സൂക്ഷിക്കുന്നതായും ടി തുകകൾ പിന്നീട് പല ദിവസങ്ങളായി വിതരണം ചെയ്യുന്നതായും കാണുന്നു. ഈ തുകകൾ ജീവനക്കാർക്ക് മുൻകൂറുകൾ നൽകുന്നതിനു വേണ്ടിയാണ് എന്ന് പരിശോധനയിൽ വ്യക്തമായിട്ടുണ്ട്.

I) 1ലക്ഷത്തിനുമേൽ നൽകിയ മുൻകൂറുകളിൽ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

2021-2022

| ക്രമ നം. | സെൽഫ് ചെക്ക്നം/ തിയതി | സെൽഫ് ചെക്ക് മുഖേന പിൻവലിച്ച തുക | പെറ്റി ക്യാഷ് ബുക്ക് പ്രകാരം, തുക സ്വീകരിച്ച വരുടെ പേര് | പെറ്റി ക്യാഷ് ബുക്ക് പ്രകാരം, സ്വീകരിച്ച തുക | പെറ്റി ക്യാഷ് ബുക്ക് പ്രകാരം, തുക സ്വീകരിച്ച തിയതി |
|---|---|---|---|---|---|
| 1. | 036043/8.04.21 | 1,08,000 | അരുൺകുമാർ | 81,000 | 16.04.21 |
| | | | അരുൺകുമാർ | 27,000 | 16.04.21 |
| 2 | 114420/22.4.21 | 6,45,000 | താജുദീൻ ,HI | 3,80,000 | 22.4.21 |
| | | | സുരേഷ് പേരോത്ത് | 1,60,000 | 22.4.21 |
| 3 | 171425/29.04.21 | 1,00,000 | ദിവ്യ ഗോപിനാഥ് (A.E) | 1,00,000 | 5.07.21 |
| 4 | 171445/30.4.21 | 75,000 | ദിവ്യ ഗോപിനാഥ് (A.E) | 75,000 | 30.4.21 |
| 5 | 171449/3.05.21 | 13,75,000 | HI, Pre-Mansoon | 2,00,000 | 4.05.21 |
| | | | | 2,25,000 | 5.05.21 |
| | | | | 6,00,000 | 6.05.21 |
| | | | | 25,000 | 7.05.21 |
| | | | | 3,25,000 | 11.05.21 |
| 6 | 171456/4.5.21 | 216503 | നൗഷാദ്,HI | 2,00,000 | 6.5.21 |
| 7 | 171471/5.5.21 | 327066 | സീബ എം വി | 1,50,000 | 5.5.21 |
| 8 | 171477/6.05.21 | 7,01,480 | ബാലസുബ്രമണ്യൻ(H.S) | 5,00,000 | 6.05.21 |
| 9 | 236236/10.5.21 | 364500 | സനൽ (A.E) | 1,50,000 | 10.5.21 |
| | | | നൗഷാദ് HI | 2,00,000 | 11.5.21 |
| 10 | 232642/12.5.21 | 2,00,000 | ഗോപാലകൃഷ്ണൻ | 2,00,000 | 12.5.21 |
| 11 | 232659/19.5.21 | 2,15,000 | നൗഷാദ് HI | 2,00,000 | 19.5.21 |
| 12 | 232657/17.5.21 | 1,00,000 | താജുദീൻ ,HI | 1,00,000 | 19.5.21 |
| 13 | 232674/21.5.21 | 4,00,000 | ഗോപാലകൃഷ്ണൻ,HI | 2,00,000 | 21.5.21 |
| | | | രവീന്ദ്രൻ HI | 2,00,000 | 21.5.21 |
| 14 | 232675/24.5.21 | 3,00,000 | നൗഷാദ് HI | 3,00,000 | 26.5.21 |
| 15 | 232707/31.5.21 | 2,00,000 | ഗോപാലകൃഷ്ണൻ | 2,00,000 | 31.5.21 |
| 16 | 264718/4.06.21 | 4,77,000 | ഗോപാലകൃഷ്ണൻ | 2,00,000 | 4.06.21 |
| | | | ഡിറ്റോ ദാസ്(A.E) | 2,75,000 | 5.07.21 |
| 17 | 264762/9.6.21 | 2,00,000 | കെ കെ രവീന്ദ്രൻ | 2,00,000 | 9.6.21 |
| 18 | 264772/14.6.21 | 3,00,000 | നൗഷാദ് HI | 2,00,000 | 14.6.21 |

| | | | | | |
|---|---|---|---|---|---|
| | | | ഗോപാലകൃഷ്ണൻ | 1,00,000 | 14.6.21 |
| 19 | 264801/18.6.21 | 1,00,000 | ഗോപാലകൃഷ്ണൻ | 1,00,000 | 18.6.21 |
| 20 | 264860/29.6.21 | 3,31,463 | നൗഷാദ് HI | 1,80,000 | 30.6.21 |
| 21 | 264866/30.6.21 | 1,90,000 | പേരോത്ത് സുരേഷ് | 1,50,000 | 1.7.21 |
| 22 | 264924/8.7.21 | 2,49,316 | ദിവ്യ ഗോപിനാഥ് | 2,00,000 | 9.7.21 |
| 23 | 265012/22.7.21 | 1,01,500 | ദിവ്യ AE | 1,00,000 | 23.7.21 |
| 24 | 265020/29.7.21 | 3,00,000 | സുബിത | 3,00,000 | 29.7.21 |
| 25 | 265438/18.9.21 | 1,27,745 | ഡിറ്റോദാസ് AE | 1,00,000 | 20.9.21 |
| 26 | 265688/1.11.21 | 2,49,321 | നിസാർ JHI | 2,00,000 | 1.11.21 |
| 27 | 728612/2.11.21 | 1,19,710 | മാനേജർ സ്നേഹവീട് | 1,16,134 | 9.11.21 |
| 28 | 728719/11.11.21 | 2,50,000 | ദിവ്യ ഗോപിനാഥ് A.E) | 2,50,000 | 11.11.21 |
| 29 | 729017/ 29.12.21 | 1,00,000 | ദിവ്യ ഗോപിനാഥ് | 1,00,000 | 29.12.21 |
| 30 | 729038/1.1.22 | 1,59,382 | മാനേജർ സ്നേഹവീട് | 1,43,882 | 10.1.22 |
| 31 | 729167/12.1.22 | 1,50,000 | സീബ.എം.വിA.E | 1,50,000 | 13.1.22 |
| 32 | 729176/13.1.22 | 1,22,835 | നിസാർ JHI | 1,00,000 | 15.1.22 |
| 33 | 729185 /18.01.22 | 3,09,500 | സീബ.എം.വിA.E | 3,00,000 | 18.01.22 |
| | | | രാജേഷ് എം.പി JHI | 9,500 | 19.01.22 |
| 34 | 729588/14.3.22 | 2,21,935 | സീബ.എം.വിA.E | 2,00,000 | 15.3.22 |

2022-2023

| ക്രമ നം. | സെൽഫ് ചെക്ക്നം/ തിയതി | സെൽഫ് ചെക്ക് മുഖേന പിൻവലിച്ച തുക | പെറ്റി ക്യാഷ് ബുക്ക് പ്രകാരം, തുക സ്വീകരിച്ചവരുടെ പേര് | പെറ്റി ക്യാഷ് ബുക്ക് പ്രകാരം, സ്വീകരിച്ച തുക | പെറ്റി ക്യാഷ് ബുക്ക് പ്രകാരം, തുക സ്വീകരിച്ച തിയതി |
|---|---|---|---|---|---|
| 1. | 479736/ 12.04.22 | 2,11,744 | G9 | 18,847 | 20.04.22 |
| | | | ഡിറ്റോദാസ് | 49,761 | 25.04.22 |
| | | | മാനേജർ,സ്നേഹവീട് | 11,986 | 20.04.22 |
| | | | മാനേജർ,സ്നേഹവീട് | 75,000 | 20.04.22 |
| | | | സന്തോഷ്കുമാർ JHI | 25,000 | 13.04.22 |
| | | | ദീപക് Pwo Ist | 20650 | 20.04.22 |
| 2. | 479875/ 5.05.22 | 5,02,855 | Dr. വീണ | 1,21,850 | 9.05.22 |
| | | | സീബ A.E | 10,000 | 1.06.22 |
| 3. | 479878/ 7.05.22 | 50,000 | രാധികമോഹൻ JHI | 50,000 | 17.05.22 |
| 4. | 479901/ 9.05.22 | 30,000 | സീബ A.E | 10,000 | 1.06.22 |
| | | | രാജേഷ്.പി.യു | 20,000 | 9.05.22 |
| 5. | 479929/16.05.22 | 22,00,000 | സരിത കെ | 2,00,000 | 17.05.22 |
| | | | താജുദ്ദീൻ .എസ് | 80,000 | 24.05.22 |
| | | | ഷാജു.എ.ജെ | 80,000 | 23.05.22 |
| | | | വിനോദ്കുമാർ .കെ | 1,20,000 | 18.05.22 |
| | | | സതീഷ് .പി.എ | 1,60,000 | 17.05.22 |
| | | | സന്ദേശ്.പി | 40,000 | 17.05.22 |
| | | | റോബർട്ട് രാജ് | 2,80,000 | 25.05.22 |
| | | | വിനോദ്കുമാർ.കെ | 3,60,000 | 18.05.22 |
| | | | ജഗനാഥ് .പി.എ | 2,80,000 | 23.05.22 |
| | | | നൗഷാദ് .എ | 3,20,000 | 17.05.22 |
| | | | രാജീവ്. ഇ .കെ | 2,80,000 | 18.05.22 |
| 6. | 480425/ 14.07.22 | 2,50,000 | Dr. വീണ | 2,50,000 | 16.07.22 |
| 7. | 480372/ 6.07.22 | 3,68,285 | റിക്കവറി സംഖ്യആശദേവി | 3,68,285 | 20.07.22 |
| 8. | 480493/25.07.22 | 1,45,477 | മാനേജർ, സ്നേഹവീട് | 1,45,477 | 26.07.22 |
| 9. | 103209/23.08.22 | 4,00,000 | ഡിറ്റോദാസ് (A.E) | 4,00,000 | 26.08.22 |
| 10. | 103237/29.08.22 | 12,00,000 | താജുദ്ദീൻ | 12,00,000 | 1.09.22 |
| 11 | 103313/3.09.22 | 1,19,989 | മാനേജർ, സ്നേഹവീട് | 9,99,89 | 15.09.22 |
| 12. | 195060/1.11.22 | 1,16,419 | മാനേജർ, സ്നേഹവീട് | 95,750 | 4.11.22 |
| 13. | 195079/3.11.22 | 2,69,602 | നിസാർ JHI | 2,50,000 | 5.11.22 |
| 14. | 195070/2.11.22 | 1,03,876 | ഷാഹിൻ.എം C7 | 1,00,000 | 8.11.22 |

| | | | | | |
|---|---|---|---|---|---|
| 15. | 195090/4.11/22 | 50,000 | ടിന്റു.കെ.ജോൺ | 50,000 | 5.11.22 |
| 16. | ചെക്ക് നം. ചേർത്തിട്ടില്ല | 6,00,000 | സുർജിത്ത്.സി.എസ് | 6,00,000 | 7.11.22 |
| 17. | ചെക്ക് നം. ചേർത്തിട്ടില്ല | 1,00,000 | ദിലീപൻ ,മാനേജർ | 1,00,000 | 7.11.22 |
| 18. | 195153/ 14.11.22 | 1,04,799 | മോനിഷ് | 1,00,000 | 15.11.22 |
| 19. | 195414/ 30.12.22 | 1,00,000 | സനൽ (A.E) | 1,00,000 | 3.01.23 |

അപാകതകൾ
1) ഒരു തവണ നൽകിയ അഡ്വാൻസ് ക്രമീകരിച്ചതിനു ശേഷമല്ല അടുത്ത മുൻകൂർ തുക നൽകുന്നത്.
2) ജീവനക്കാർക്ക് ചെക്ക് മുഖേന മുൻകൂറുകൾ നൽകാതെ പണമായി നൽകുന്നു.
3) മുൻകൂറുകൾ മുഖേന തുക ചെലവഴിക്കാതെ തുക നൽകേണ്ട സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് പണം ട്രാൻസ്ഫർ ചെയ്യാനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുന്നില്ല.
4) മുൻകൂറുകൾ മുഖേന ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പരിപാടികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നില്ല.
5) മുൻകൂർ തുക സെൽഫ് ചെക്ക് മുഖേന പിൻവലിച്ചതിനുശേഷം ദിവസങ്ങൾക്കുശേഷമാണ് ജീവനക്കാരന് വിതരണം ചെയ്യുന്നത്.
അപാകതകൾ പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

I) കെ എഫ് സി വാല്യം 1 ആർട്ടിക്കിൾ 99, ജി ഒ പി നം. 419/11/ഫിൻ തീയതി 04.10.2011 പ്രകാരം മൂന്ന് മാസത്തിനകം തുക ക്രമീകരിച്ചില്ലെങ്കിൽ തുക പിൻവലിച്ച തീയതി മുതൽ തുക ഈടാക്കുന്ന തീയതി വരെയുള്ള കാലയളവിലേക്ക് 18% വാർഷിക പലിശ ഈടാക്കേണ്ടതാണ്.

II)ജീവനക്കാരുടെ ശമ്പളത്തിൽ നിന്ന് റിക്കവറി ചെയ്ത SLI,GIS പോലുള്ള ഇനങ്ങൾ സെൽഫ് ചെക്ക് വഴി പിൻവലിച്ച് ക്യാഷ് ചെസ്റ്റിൽ സൂക്ഷിക്കുകയും പിന്നീട് ദിവസങ്ങൾക്കുശേഷം ക്യാഷായി തന്നെ ചെലവഴിക്കുന്നു.
ഉദാ--

2021-2022

| സെൽഫ് ചെക്ക്നം/ തിയതി | സെൽഫ് ചെക്ക് മുഖേന പിൻവലിച്ച തുക | പെറ്റി ക്യാഷ് ബുക്ക് പ്രകാരം, തുക സ്വീകരിച്ചവരുടെ പേര് | പെറ്റി ക്യാഷ് ബുക്ക് പ്രകാരം,സ്വീകരിച്ച തുക/ തീയതി |
|---|---|---|---|
| 729485/ 4.03.22 | 3,75,955 | A 6 | 3,75,955/16.03.22 |
| 729346/8.2.22 | 3,80,205 | ജി 4 | 3,80,205/3,80,205 |

2022-2023

| സെൽഫ് ചെക്ക്നം/ തിയതി | സെൽഫ് ചെക്ക് മുഖേന പിൻവലിച്ച തുക | പെറ്റി ക്യാഷ് ബുക്ക് പ്രകാരം, തുക സ്വീകരിച്ചവരുടെ പേര് | പെറ്റി ക്യാഷ് ബുക്ക് പ്രകാരം,സ്വീകരിച്ച തുക/ തീയതി |
|---|---|---|---|
| 479875/5.05.22 | 5,02,855 | A6 | 3,71,005/18.05.22 |
| 480372/ 6.07.22 | 3,68,285 | റിക്കവറി സംഖ്യ | 3,68,285/20.07.22 |
| ചെക്ക് നം. ചേർത്തിട്ടില്ല | 3,71,900 | A6 | 3,70,900/18.10.22 |
| 195126/ 8.11.22 | 3,95,070 | ആശ | 3,82,200/22.11.22 |
| 10335/ 12.09.22 | 3,76,305 | സാലറി റിക്കവറി A6 | 3,67,055/22.09.22 |
| 103084/4.08.22 | 3,64,810 | ആശ | 3,64,810/12.08.22 |
| 199395/11.01.23 | 3,69,165 | ആശ | 3,69,165/23.01.22 |

2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 33 പ്രകാരം സാധ്യമായിടത്തോളം ക്യാഷ് പേയ്മെന്റ് ഒഴിവാക്കേണ്ടതാണെന്നും, സാധ്യമായിടത്തോളം എല്ലാ പണം കൊടുക്കലും ബാങ്ക് അക്കൗണ്ടിലേക്കുള്ള പണംമാറ്റം വഴി നടത്തേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി 156/15.02.2023,20/17.02.2023)

## 1-20 പെറ്റി കാഷ് ബുക്ക് - വൻ തുകകൾ കാഷ് ബാലൻസ് - ചെസ്റ്റിൽ സൂക്ഷിക്കുന്നു.

കോർപ്പറേഷന്റെ പെറ്റി കാഷ്ബുക്ക് പരിശോധിച്ചതിൽ ഓരോ ദിവസവും വൻതുകകൾ കാഷ് ബാലൻസ് കാണിക്കുന്നു. ഇത്തരത്തിലുള്ള തുകകൾ കാഷ് ചെസ്റ്റിൽ സൂക്ഷിക്കുകയാണ് ചെയ്യുന്നത്.

ഒരു ലക്ഷത്തിൽ കൂടുതൽ കാഷ്ബാലൻസ് ഉള്ളതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2021-2022

| ക്രമ നമ്പർ | തുക | തിയതി |
|---|---|---|
| 1. | 1,43,350 | 8.4.21 |
| 2. | 3,25,423 | 9.4.21 |
| 3. | 3,40,663 | 12.4.21,13.4.21 |
| 4. | 3,40,313 | 15.4.21 |
| 5. | 1,10,000 | 29.4.21, 30.4.21 |
| 6. | 15,01,503 | 4.5.21 |

| | | |
|---|---|---|
| 7. | 8,46,846 | 6.5.21 |
| 8. | 14,85,000 | 3.05.21 |
| 9. | 14,45,366 | 5.5.21 |
| 10. | 8,46,846 | 6.5.21 |
| 11. | 8,68,051 | 7.5.21 |
| 12. | 10,48,051 | 10.5.21 |
| 13. | 4,89,651 | 11.5.21 |
| 14 . | 4,89,651 | 12.5.21 |
| 15. | 4,88,546 | 14.5.21 |
| 16. | 5,88,546 | 17.05.21 |
| 17. | 3,02,066 | 19.5.21 |
| 18. | 2,87,066 | 20.5.21 |
| 19. | 2,93,066 | 21.5.21 മുതൽ 24.5.21 വരെ |
| 20. | 2,87,066 | 25.5.21 |
| 21. | 2,89,948 | 26.5.21,27.5.21 |
| 22. | 3,26,849 | 28.5.21, 29.5.21, 31.5.21 |
| 23. | 2,89,948 | 1.6.21, 3.6.21 |
| 24. | 3,38,090 | 2.6.21 |
| 25 . | 3,96,797 | 4.6.21 |
| 26. | 3,94,797 | 7.6.21, 8.6.21 |
| 27. | 5,86,902 | 9.06.21 |
| 28. | 5,83,587 | 10.6.21മുതൽ 15.6.21 വരെ |
| 29. | 5,82,826 | 16.6.21,17.6.21 |
| 30 | 5,81,222 | 18.6.21മുതൽ 21.6.21 വരെ |
| 31 | 3,87,882 | 22.6.21 |
| 32 | 4,50,939 | 23.6.21 |
| 33 | 3,85,750 | 24.6.21 |
| 34 | 4,05,000 | 25.6.21മുതൽ 27.6.21 വരെ |
| 35 | 4,83,909 | 28.6.21 |
| 36 | 4,27,273 | 29.6.21 |
| 37 | 5,82,273 | 30.6.21 |
| 38 | 3,75,000 | 1.7.21മുതൽ 4.7.21 വരെ |
| 39 | 4,07,880 | 12.07.21 |
| 40 | 2,30,130 | 13.7.21,14.7.21 |
| 41 | 2,14,380 | 15.7.21മുതൽ 19.7.21 വരെ |
| 42 . | 2,32,380 | 20.7.21 |
| 43 | 2,24,380 | 22.7.21 |
| 44 | 1,99,305 | 23.7.21 |
| 45 | 2,60,560 | 9.8.21 |
| 46 | 2,50,680 | 10.08.21 |
| 47 | 2,05,980 | 11.8.21,12.8.21 |
| 48 | 2,13,480 | 8.9.21 |
| 49 | 2,55,660 | 9.9.21 |
| 50 | 2,74,740 | 10.09.21മുതൽ 12.9.21വരെ |
| 51 | 2,37,480 | 13.9.21 |
| 52 | 2,12,480 | 14.9.21 |
| 53 | 2,03,480 | 15.9.21,16.9.21 |
| 54 | 2,44,113 | 8.10.21മുതൽ 11.10.21 വരെ |
| 55 | 2,35,483 | 12.10.21 |
| 56 | 4,10,134 | 13.10.21മുതൽ 15.10.21 വരെ |
| 57 | 2,92,899 | 16.10.21,17.10.21 |
| 58 | 1,18,286 | 26.10.21 |
| 59 | 1,21,721 | 27.10.21, 28.10.21 |
| 60 | 1,45,890 | 29.10.21 |
| 61 | 1,24,890 | 30.10.21 |
| 62 | 1,62,931 | 3.11.21മുതൽ 5.11.21 വരെ |

| | | |
|---|---|---|
| 63 | 1,50,355 | 6.11.21, 7.11.21 |
| 64 | 1,81,461 | 8.11.21 |
| 65 | 2,33,782 | 9.11.21 |
| 66 | 2,25,032 | 10.11.21 |
| 67 | 2,17,176 | 11.11.21 |
| 68 | 2,16,176 | 12.11.21 |
| 69 | 2,33,380 | 15.11.21 |
| 70 | 229,,410 | 16.11.21 |
| 71 | 1,21,554 | 17.11.21, 18.11.21 |
| 72 | 2,37,080 | 8.12.21 |
| 73 | 2,33,580 | 9.12.21 |
| 74 | 2,41,330 | 10.12.21മുതൽ 12.12.21 വരെ |
| 75 | 3,54,490 | 13.12.21 |
| 76 | 2,93,130 | 14.12.21 |
| 77 | 2,28,380 | 15.12.21, 16.12.21 |
| 78 | 2,18,320 | 17.12.21 |
| 79 | 1,38,225 | 21.12.21 |
| 80 | 2,15,725 | 22.12.21 |
| 81 | 2,37,107 | 03.1.2022 |
| 82 | 2,35,517 | 04.1.22 |
| 83 | 2,18,517 | 05.1.22 |
| 84 | 5,11,547 | 6.01.22 |
| 85 | 4,68,590 | 7.1.22 മുതൽ 09.1.22 വരെ |
| 86 | 3,21,858 | 10.1.22 |
| 87 | 430,,758 | 11.1.22 |
| 88 | 3,69,110 | 12.1.22 |
| 89 | 2,87,906 | 13.1.22 |
| 90 | 4,13,741 | 14.1.22 |
| 91 | 1,52,212 | 29.1.22 |
| 92 | 1,10,043 | 31.1.22, 1.2.22 |
| 93 | 1,35,831 | 2.2.22 |
| 94 | 4,56,900 | 9.02.22 |
| 95 | 5,01,150 | 10.2.22 |
| 96. | 4,82,900 | 11.2.22മുതൽ 14.2.22വരെ |
| 97. | 4,92,900 | 15.2.22, 16.2.22 |
| 98 | 4,94,400 | 17.2.22 |
| 99 | 2,71,944 | 18.2.22 |
| 100 | 1,52,745 | 19.2.22, 20.2.22 |
| 101 | 3,21,581 | 21.2.22 |
| 102 | 2,94,586 | 22.2.22 |
| 103 | 3,25,472 | 23.2.22 |
| 104 | 1,75,750 | 24.2.22 |
| 105 | 1,66,537 | 25.2.22 |
| 106 | 1,26,537 | 26.2.22, 27.2.22 |
| 107 | 1,27,137 | 28.2.22 |
| 108 | 1,19,947 | 2.3.22 |
| 109 | 1,25,669 | 3.3.22 |
| 110 | 1,21,705 | 4.3.22 |
| 111 | 5,06,410 | 5.3.22, 6.3.22 |
| 112 | 4,91,388 | 7.3.22 |
| 113 | 4,65,108 | 8.3.22 |
| 114 | 5,62,828 | 9.3.22 |
| 115 | 5,37,828 | 10.3.22 |
| 116 | 5,75,328 | 11.3.22 - 13.3.22 |
| 117 | 7,97,263 | 14.3.22 |
| 118 | 4,65,953 | 15.3.22 |

| | | |
|---|---|---|
| 119 | 1,25,785 | 24.3.22 |
| 120 | 1,05,785 | 25.3.22 - 30.3.22 |
| 121 | 1,14,115 | 31.03.22 |

2022-2023

| ക്രമ നമ്പർ | തുക | തിയതി |
|---|---|---|
| 1. | 5,25,821 | 6.04.22 |
| 2. | 4,75,821 | 7.04.22 |
| 3. | 4,92,662 | 8.04.22 |
| 4. | 4,44,606 | 11.04.22 |
| 5. | 4,38,015 | 12.04.22 |
| 6. | 5,79,259 | 13.04.22 |
| 7. | 6,08,829 | 16.04.22, 18.04.22 |
| 8. | 5,88,829 | 19.04.22 |
| 9. | 1,42,656 | 20.04.22 |
| 10. | 1,43,406 | 21.04.22 |
| 11. | 1,50,226 | 22.04.22,23.04.22 |
| 12. | 5,24,145 | 6.05.22 |
| 13. | 11,01,545 | 7.05.22 |
| 14. | 4,62,295 | 9.05.22,11.05.22,12.05.22 |
| 15. | 4,69,215 | 13.05.22 |
| 16. | 4,59,875 | 16.05.22 |
| 17. | 18,76,685 | 17.05.22 |
| 18. | 7,63,650 | 18.05.22 |
| 19. | 7,56,650 | 19.05.22 |
| 20. | 7,56,650 | 20..05.22 |
| 21. | 7,84,709 | 21.05.22 |
| 22. | 4,24,709 | 23.05.22 |
| 23. | 3,44,709 | 24.05.22 |
| 24. | 1,55,095 | 31.05.22 |
| 25. | 4,56,310 | 8.06.22 |
| 26. | 4,52,480 | 9.06.22 |
| 27. | 4,27,480 | 10.06.22 |
| 28. | 1,33,794 | 1.07.22 |
| 29. | 2,53,085 | 14.07.22,15.04.22 |
| 30. | 4,68,760 | 18.07.22 |
| 31. | 4,72,050 | 19.07.22 |
| 32. | 1,00,265 | 20.07.22 |
| 33. | 1,18968 | 25.07.22 |
| 34. | 2,04,240 | 29.07.22,30,07.22 |
| 35. | 2,41,137 | 1.08.22 |
| 36. | 1,49,440 | 2.08.22 |
| 37. | 1,26,624 | 5.08.22 |
| 38. | 1,28,869 | 6.08.22 |
| 39. | 3,85,709 | 8.08.22 |
| 40. | 2,40,709 | 10.08.22 |
| 41. | 2,08,799 | 11.08.22 |
| 42. | 1,09,209 | 12.08.22 |
| 43. | 2,12,269 | 16.08.22 |
| 44. | 5,88,195 | 23.08.22 |
| 45. | 4,85,390 | 25.08.22 |
| 46. | 13,13,850 | 30.08.22 |
| 47. | 13,08,340 | 31.08.22 |
| 48. | 2,16,822 | 5.09.22 |
| 49. | 1,82,239 | 6.09.22 |
| 50. | 1,21,739 | 12.09.22,13.09.22 |
| 51. | 1,41,739 | 14.09.22 |

| | | |
|---|---|---|
| 52. | 4,08,555 | 16.09.22 |
| 53. | 4,06,805 | 17.09.22 |
| 54. | 3,97,555 | 19.09.22, 20.09.22 |
| 55. | 4,22,150 | 12.10.22 |
| 56. | 3,70,900 | 17.10.22 |
| 57. | 1,58,566 | 2.11.22 |
| 58. | 1,37,897 | 3.11.22 |
| 59. | 4,55,623 | 4.11.22 |
| 60. | 1,55,623 | 5.11.22 |
| 61. | 1,55,623 | 7.11.22 |
| 62. | 1,38,547 | 11.11.22 |
| 63. | 4,36,916 | 15.11.22 |
| 64. | 4,17,946 | 16.11.22 |
| 65. | 4,67,946 | 17.11.22, 18.11.22,9.11.22, 21.11.22 |
| 66. | 2,98,797 | 30.11.22 |
| 67. | 1,94,593 | 2.12.22 |
| 68. | 1,42,373 | 3.12.22 |
| 69. | 1,14,789 | 8.12.22, 9.12.22, 12.12.22 |
| 70. | 4,32,061 | 13.12.22 |
| 71. | 3,79,879 | 14.12.22, 15.12.22 |
| 72. | 3,77,619 | 12.01.23 |
| 73. | 4,14,220 | 18.01.23 |
| 74. | 8,34,220 | 19.01.22 |

04.12.2021 മുതൽ 15.12.2021 വരെ പെറ്റി കാഷ്ബുക്ക് സാക്ഷ്യപ്പെടുത്തിയിട്ടില്ല. 4.04.22 മുതൽ 18.05.22 വരെയും 20.08.22 മുതൽ 25.08 22 വരെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ കാഷ് ബുക്ക് പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

തുക പിൻവലിച്ച് ദിവസങ്ങളോളം കാഷ്ചെസ്റ്റിൽ സൂക്ഷിക്കുന്നതിൽ നിന്നും അത്യാവശ്യകാര്യങ്ങൾക്ക് പിൻവലിച്ച തുകയല്ല എന്ന് വ്യക്തമാണ്.

കാഷ് ചെസ്റ്റിൽ സൂക്ഷിക്കാവുന്ന പരമാവധി തുക 25000 രൂപയാണ്. ഇത്തരത്തിൽ വൻ തുകകൾ ക്യാഷ് ചെസ്റ്റിൽ സൂക്ഷിക്കുന്നത് ശരിയായ പ്രവണതയല്ല. ഇത് സാമ്പത്തികക്രമക്കേടുകൾക്കും വഴിവെക്കുന്നതാണ്.

(ഓഡിറ്റ് എൻക്വയറി നം 156/21-22 /15.02.2023,20/22-23/17.03.2023.)

വൻതുകകൾ പിൻവലിച്ച് കാഷ്ചെസ്റ്റിൽ സൂക്ഷിക്കുന്ന രീതി ഒഴിവാക്കേണ്ടതാണ്. മറ്റ് ഏജൻസികൾക്കോ, വ്യക്തികൾക്കോ നൽകേണ്ട തുക സ്ഥാപനങ്ങളുടെ/വ്യക്തികളുടെ അക്കൗണ്ടിൽ നൽകുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 വസ്തുനികുതി അനുബന്ധ രജിസ്റ്ററുകൾ പരിപാലിക്കേണ്ടതാണ്

2011ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം വസ്തുനികുതി സംബന്ധിച്ച താഴെ പറയുന്ന രജിസ്റ്ററുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

| രജിസ്റ്ററുകൾ | വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ |
|---|---|
| 235-ാം വകുപ്പ് പ്രകാരം വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളെ സംബന്ധിച്ച പ്രത്യേക രജിസ്റ്റർ | ചട്ടം 3(6) |
| ഫാറം 8 ൽ തയ്യാറാക്കുന്ന ഡിമാന്റ് രജിസ്റ്റർ | ചട്ടം 13 |
| നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് പ്രത്യേക നമ്പർ നൽകി ഫാറം 10 ൽ തയ്യാറാക്കുന്ന രജിസ്റ്റർ | ചട്ടം 20 |
| നികുതി ഇളവ് നൽകുന്നതിന് ഫാറം 11 ൽ തയ്യാറാക്കുന്ന രജിസ്റ്റർ | ചട്ടം 21 |

2021-2022 വർഷത്തെ വസ്തുനികുതി പരിശോധിക്കുന്നതിനായി മേൽ പറഞ്ഞ രജിസ്റ്ററുകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടുവെങ്കിലും നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളുടെ രജിസ്റ്റർ ഒഴികെയുള്ള രജിസ്റ്ററുകൾ ലഭ്യമാക്കിയില്ല. 2011ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ) ചട്ടത്തിൽ പറയും പ്രകാരം രജിസ്റ്ററുകൾ പരിപാലിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം: 10/21-22 തിയതി: 11.11.2022

## 1-22 വസ്തുനികുതി വാർഷിക ധനകാര്യപത്രികയിൽ രേഖപ്പെടുത്തുന്നതിലെ അപാകത

വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ വസ്തുനികുതി വിവരം രേഖപ്പെടുത്തിയതിൽ താഴെപ്പറയും പ്രകാരം അപാകത കാണുന്നു.

1. 2021-22 സാമ്പത്തിക വർഷത്തെ വസ്തുനികുതി ഡി.സി.ബി സംക്ഷിപ്തം തയ്യാറാക്കി യിട്ടില്ല. ആയതിനാൽ അക്കൗണ്ട്സ് പ്രകാരമുള്ള ഡിമാന്റ് കളക്ഷൻ തുകയുടെ കൃത്യത ഉറപ്പാക്കുവാൻ ഓഡിറ്റിനാകുന്നില്ല.

2. വസ്തുനികുതി Current കളക്ഷൻ തുക റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് RP-37 ലും RP1 ലും രേഖപ്പെടുത്തിയിരിക്കുന്നു.

| വസ്തുനികുതി | ഡിമാന്റ് | കളക്ഷൻ |
|---|---|---|
| Current | 23,14,07,344 (I-1) | 20,40,56,988 /- (RP-37)<br>21,55,709/- (RP-1)<br>20,62,12,697/- |

3. അക്കൗണ്ട്സ് പ്രകാരം നഗരസഭയിലെ റസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തുനികുതി വിവരം നോൺ റസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തുനികുതി വിവരം എന്നിവ തിരിച്ച് ലഭ്യമാകുന്നില്ല.

അക്രൂവൽ വരുമാനമായ വസ്തുനികുതി റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് RP-37 ൽ രേഖപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതും വസ്തുനികുതിയുടെ ഡിമാന്റ് കളക്ഷൻ വിവരം റസിഡൻഷ്യൽ നോൺ റസിഡൻഷ്യൽ ഹെഡിൽ പ്രത്യേകം തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-23 നഗരസഭയിലെ വസ്തുനികുതി ഡിമാന്റ് സംവിധാനം കൃത്യമല്ല

2011ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 13 പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിച്ച് ഫാറം 4 ലുള്ള വസ്തുനികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും അപ്രകാരമുള്ള നികുതി ഈടാക്കുന്നതിലേയ്ക്കായി വിവരങ്ങൾ ഫാറം 8 ലുള്ള വസ്തുനികുതി ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

നഗരസഭയിൽ നികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങൾക്ക് കെട്ടിടനമ്പർ നൽകി വസ്തുനികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. വസ്തുനികുതി നിർണ്ണയ രജിസ്റ്റർ മാത്രമാണ് ആധികാരിക രേഖയായി നഗരസഭയിൽ പരിപാലിച്ച് വരുന്നത്. വസ്തുനികുതി നിർണ്ണയ സോഫ്റ്റ്വെയറായ സഞ്ചയയിലെ ഡാറ്റാ എൻട്രി പൂർത്തിയാക്കാത്തതിനാൽ മുഴുവൻ കെട്ടിടങ്ങളുടേയും ഡിമാന്റ് വിവരവും സഞ്ചയയിൽ ലഭ്യമല്ല.

എ.ആർ.വി അടിസ്ഥാനത്തിൽ നികുതി നിർണ്ണയം നടത്തിയ പഴയ കെട്ടിടങ്ങളെ പ്ലിന്ത് ഏരിയ അടിസ്ഥാനത്തിലേയ്ക്ക് മാറ്റി വസ്തുനികുതി നിർണ്ണയം നടത്തേണ്ടതുണ്ട്. നിലവിൽ പ്ലിന്ത് ഏരിയ അടിസ്ഥാനത്തിൽ നികുതി നിർണ്ണയം നടത്തിയിട്ടുള്ള കെട്ടിടങ്ങൾ സഞ്ചയയിൽ ഡിമാന്റായി മാറിയിട്ടുണ്ടെന്നും നികുതി പരിഷ്ക്കരണത്തിന്റെ ഭാഗമായി എ.ആർ.വി അടിസ്ഥാനത്തിൽ നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളെ പ്ലിന്ത് ഏരിയ അടിസ്ഥാനത്തിലേയ്ക്ക് മാറ്റി വരികയാണ് എന്നുമാണ് ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ പറയുന്നത്.

നിലവിൽ വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും സഞ്ചയയിൽ നിന്നുള്ള ഡിമാന്റ് രജിസ്റ്ററും നഗരസഭയിൽ ലഭ്യമല്ല. അക്കൗണ്ടിംഗ് സോഫ്റ്റ്വെയറായ സാംഖ്യ പ്രകാരം തയ്യാറാക്കിയിരിക്കുന്ന വാർഷിക ധനകാര്യപത്രിക പ്രകാരം തൻവർഷ വസ്തുനികുതി ഡിമാന്റ് 23,14,07,344/- രൂപയും കളക്ഷൻ 20,62,12,697/- രൂപയുമാണ്. ഡിമാന്റ് രജിസ്റ്ററിന്റെ അഭാവത്തിൽ ടി തുക തന്നെയാണോ യഥാർത്ഥ ഡിമാന്റ് എന്ന് ഉറപ്പാക്കുന്നതിന് ഓഡിറ്റിനാകുന്നില്ല. റവന്യു വിഭാഗത്തിലെ ഡി.സി.ബി സ്റ്റേറ്റ്മെന്റ്, വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കുന്നതിന് R1/4900/19 ഫയൽ പ്രകാരം സെക്ഷൻ റൈറ്റേഷ്സിനെ നിയോഗിച്ചിരുന്നുവെങ്കിലും ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിന് നഗരസഭയ്ക്കായിട്ടില്ല. മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകളിലും ഈ വിഷയത്തെ കുറിച്ച് പരാമർശിച്ചിട്ടുണ്ടെങ്കിലും ഡിമാന്റ് സംവിധാനം കൃത്യമാക്കിയില്ല.

കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 22 അനുസരിച്ച് നഗരസഭയ്ക്ക് കിട്ടേണ്ടതായ നികുതികളുടേയും മറ്റ് തുകകളുടേയും യഥാസമയത്തുള്ള തിട്ടപ്പെടുത്തലും ഈടാക്കലും ശ്രദ്ധാപൂർവ്വം നിരീക്ഷിക്കേണ്ടത് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. നിർണ്ണയിക്കപ്പെടുന്ന വസ്തുനികുതി ഡിമാന്റായി മാറുന്നുവെന്ന് ഉറപ്പാക്കുന്ന സംവിധാനത്തിന്റെ അഭാവം തിട്ടപ്പെടുത്താനാകാത്ത നികുതി നഷ്ടത്തിന് കാരണമാകും. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ മുഖ്യതനുവരുമാനമായ വസ്തുനികുതി ഉറപ്പാക്കുന്നതിലെ അലംഭാവം, ബന്ധപ്പെട്ട രജിസ്റ്റർ പരിപാലനത്തിലെ ഉദാസീനത എന്നിവ ഓഡിറ്റിൽ ഗൗരവായി വീക്ഷിക്കുന്നു. ഈ വിഷയത്തിലേയ്ക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-24 വസ്തുനികുതി പരിഷ്ക്കരണം - പൂർത്തീകരിക്കാനായിട്ടില്ല.

കേരളത്തിലെ നഗരസഭകളിലെ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി പ്ലിന്ത് ഏരിയ അടിസ്ഥാനത്തിൽ 01.04.2013 പ്രാബല്യത്തിൽ പരിഷ്കരിക്കുന്നതിന് സർക്കാർ ഉത്തരവ് (അ) നം.100/2013/ത.സ്വ.ഭ.വ. തീയതി: 15.03.2015 പ്രകാരം ഉത്തരവായിരുന്നു. കേരള സർക്കാരിന്റെ 14.01.2011 ലെ സ.ഉ (അ) നം. 17/2011 ഉത്തരവ് പ്രകാരം തൃശ്ശൂർ നഗരസഭയുടെ വസ്തുനികുതി സംബന്ധിച്ച വിജ്ഞാപനം ആർ1/8109/11തി.24.05.2013 നമ്പറായി പുറപ്പെടുവിച്ചിട്ടുള്ളതും ടി വിജ്ഞാപന പ്രകാരമുള്ള നികുതി ഈടാക്കുന്നതിനായി നികുതി പരിഷ്ക്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ 2013 മുതൽ നടന്നു വരുന്നതുമാണ്.

06.03.2019 തിയതിയിലെ സർക്കാർ ഉത്തരവ് (സാധാ.) നം.540/2019/ത.സ്വ.ഭ.വ. പ്രകാരം നിലവിലുള്ള കെട്ടിടങ്ങളുടെ പ്ലിന്ത് ഏരിയ അടിസ്ഥാനത്തിലുള്ള വസ്തുനികുതി പരിഷ്ക്കരണ പ്രാബല്യ തീയതി 01.04.2016 ആയി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. വസ്തുനികുതി പരിഷ്ക്കരണം പൂർത്തിയാക്കാത്ത എല്ലാ നഗരസഭകളും കെട്ടിടങ്ങളുടെ വിവരശേഖരണം, ഫോറം നം.6ലെ ഡാറ്റാ എൻട്രി, വെരിഫിക്കേഷൻ, അപ്രൂവൽ വരെയുള്ള എല്ലാ ഓഫീസ് നടപടിക്രമങ്ങളും 2019 ജൂൺ മുതൽ 2019 സെപ്റ്റംബർ വരെയുള്ള മാസങ്ങളിൽ പൂർത്തീകരിക്കുന്നതിന് നഗരസഭ സെക്രട്ടറിമാരെ ചുമതലപ്പെടുത്തിയിരുന്നു.

വസ്തുനികുതി പരിഷ്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നഗരസഭയിൽ നടക്കുന്നുണ്ടെങ്കിലും നികുതി പരിഷ്കരണം പൂർത്തിയാക്കുവാൻ നഗരസഭയ്ക്കായിട്ടില്ല. നികുതി പരിഷ്കരണം പൂർത്തിയാക്കാത്തതിനെ കുറിച്ചും അതുവഴി നഗരസഭയ്ക്ക് നഷ്ടമാകുന്ന തനതു വരുമാനത്തെക്കുറിച്ചും മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും ഈ സാമ്പത്തിക വർഷവും നികുതി പരിഷ്കരണം പൂർത്തീകരിക്കുവാൻ നഗരസഭയ്ക്കായിട്ടില്ല.

നഗരസഭയിലെ വസ്തുനികുതി പരിഷ്കരണം പരിശോധനാ വിധേയമാക്കിയത് പ്രകാരമുള്ള വിവരം താഴെ ചേർക്കുന്നു.

വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി വിവിധ ഘട്ടങ്ങളിലായി താഴെപ്പറയുന്ന പ്രാരംഭനടപടികൾ പൂർത്തിയാക്കേണ്ടതാണ്.

1. നഗരസഭാ പരിധിയിലെ മുഴുവൻ കെട്ടിടങ്ങളേയും തിരിച്ചറിഞ്ഞ് നമ്പർ പതിപ്പിക്കൽ

2. നിലവിലുള്ള കെട്ടിടങ്ങളുടെ ഡിജിറ്റൽ ഡാറ്റാ ബേസ് തയ്യാറാക്കൽ

3. കെട്ടിട ഉടമകളിൽ നിന്നുള്ള വിവരശേഖരണവും (ഫോം 2) നഗരസഭയുടെ രേഖകളുമായി ഒത്തു നോക്കി ഉറപ്പുവരുത്തലും.

4. കെട്ടിട ഉടമകൾ നൽകിയ വിവരങ്ങൾ (ഫോം 2) ഉറപ്പു വരുത്തുന്നതിനുള്ള പ്രാദേശിക പരിശോധനയും ഫോറം നം.6ലെ നികുതി നിർണ്ണയവും.

5. ഫോറം നം.6 വസ്തുനികുതി സോഫ്റ്റ്‌വെയറിലേയ്ക്ക് ഡാറ്റാ എൻട്രി ചെയ്യൽ , കൃത്യത ഉറപ്പാക്കി ഡാറ്റാ വെരിഫിക്കേഷൻ, അപ്രൂവൽ നടപടികൾ.

വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട നടപടികൾ നടക്കുന്നുണ്ടെങ്കിലും മേൽ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുവാൻ നഗരസഭയ്ക്കായിട്ടില്ല. നികുതി പരിഷ്കരണത്തിന്റെ പ്രാരംഭ നടപടിയായി ഡിജിറ്റൽ ഡാറ്റാബേസ് തയ്യാറാക്കേണ്ടതായിരുന്നു വെങ്കിലും ആയത് പൂർണ്ണമായിട്ടില്ല.

ഡിജിറ്റൽ ഡാറ്റാ ബേസ് വിവരം

ഡിസംബർ 2022 ൽ നടത്തിയ പരിശോധന പ്രകാരം നഗരസഭയിലെ ബേസ് ഡാറ്റാ എൻട്രി നടത്തിയ കെട്ടിടങ്ങളുടെ വിവരം താഴെ ചേർക്കുന്നു .

| കെട്ടിടങ്ങളുടെ വിവരം | എണ്ണം |
|---|---|
| കെട്ടിടങ്ങളുടെ എണ്ണം | 145157 |
| അപ്രൂവ് ചെയ്തത് | 139413 |
| അപ്രൂവ് ചെയ്യാനുള്ളത് | 3635 |
| വെരിഫിക്കേഷൻ പൂർത്തിയാക്കാത്തത് | 1186 |
| ഡാറ്റാഎൻട്രി പൂർണ്ണമാവാത്തത് | 923 |

പഴയ കെട്ടിടങ്ങളുടെ നികുതി നിർണ്ണയം

എ.ആർ.വി അടിസ്ഥാനത്തിൽ നികുതി നിർണ്ണയം നടത്തിയ ഒരു ലക്ഷത്തിലധികം പഴയ കെട്ടിടങ്ങൾ നഗരസഭയിലുണ്ട്. എ.ആർ.വി അടിസ്ഥാനത്തിൽ നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളെ പ്ലിന്ത് ഏരിയ അടിസ്ഥാനത്തിലേയ്ക്ക് മാറ്റി നികുതി പരിഷ്കരിക്കുന്നതിനുള്ള നടപടികളാണ് നിലവിൽ നടന്നുവരുന്നത്. എ.ആർ.വി അടിസ്ഥാനത്തിൽ നികുതി നിർണ്ണയം നടത്തിയ 57269 പഴയ കെട്ടിടങ്ങളുടെ ഫോം 6 തയ്യാറാക്കി അപ്രൂവൽ നൽകിയിട്ടുണ്ട്. ആയതിൽ ഡിജിറ്റൽ സിഗ്നേച്ചർ നൽകിയിരിക്കുന്നത് 54667 കെട്ടിടങ്ങൾക്കാണ്. എ.ആർ.വി അടിസ്ഥാനമാക്കി നികുതി നിർണ്ണയിച്ച ബാക്കിയുള്ള കെട്ടിടങ്ങളുടെ നികുതി പരിഷ്കരണം ഇനിയും പൂർത്തിയാകേണ്ടതുണ്ട്.

പഴയ കെട്ടിടങ്ങളുടെ നികുതി പരിഷ്കരണം നടത്തുമ്പോൾ സ.ഉ (എം.എസ്) നം.144/15/തസ്വഭവ തി 27.04.2015 പ്രകാരം തറ വിസതീർണ്ണം 2000 സ്ക്വയർ ഫീറ്റിൽ അധികരിക്കുന്ന വീടുകൾക്ക് നിലവിലുള്ള വസ്തുനികുതിയുടെ പരമാവധി 25% വരെ വർദ്ധനവ് വരുന്നതും വാണിജ്യ വ്യവസായ കെട്ടിടങ്ങളുടെ വാർഷീക നികുതി പുന:നിർണ്ണയിക്കുമ്പോൾ വർദ്ധനവ് 100% വരെ ആകുന്നതാണ്. പഴയ കെട്ടിടങ്ങളുടെ നികുതി പരിഷ്കരിക്കാത്തതിനാൽ നികുതി പരിഷ്കരണം വഴി ഈ കെട്ടിടങ്ങളിൽ നിന്നും ലഭ്യമാകുമായിരുന്ന തനതുവരുമാനം നഗരസഭ നാളിതുവരെ ഉറപ്പാക്കിയിട്ടില്ല.

വസ്തുനികുതി പരിഷ്കരണത്തെ തുടർന്ന് നികുതി നിർണ്ണയം നടത്തി അപ്രൂവൽ നൽകിയിരിക്കുന്ന കെട്ടിടങ്ങളുടെ വിവരം പരിശോധിച്ചതിൽ അപാകതകൾ കാണുന്നു. സഞ്ചയയിൽ നികുതി നിർണ്ണയം ചെയ്തിട്ടുള്ള വിവരങ്ങൾ ഫോം 6 ലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല. രേഖപ്പെടുത്തിയിരിക്കുന്ന വ്യക്തിഗത വിവരങ്ങളിലും കെട്ടിട വിവരങ്ങളിലും തെറ്റുകൾ കാണുന്നു. സഞ്ചയയിലെ വസ്തുനികുതി വിവരവും ഫോം 6 ലെ വിവരവും പൊരുത്തപ്പെടാത്തത് ഉദാഹരണമായി ചേർക്കുന്നു.

എ) കെട്ടിടത്തിന്റെ വ്യക്തിഗത വിവരങ്ങൾ രേഖപ്പെടുത്തിയതിൽ വ്യത്യാസം

| കെട്ടിട വിവരം | ഫോം 6 പ്രകാരം | സഞ്ചയ പ്രകാരം |
|---|---|---|
| കെട്ടിട നമ്പർ | 51/2388 | 51/2388 |
| കെട്ടിടഉടമ | പൗലോസ് | അലോഷ്യസ് സി.ആർ |
| വിസ്തീർണ്ണം (ച.മി) | 102.23 | 121.31 |

ബി) ഫോം 6 പ്രകാരം കാലപ്പഴക്കം രേഖപ്പെടുത്തിയതിൽ നിന്ന് വ്യത്യസ്തമായി സഞ്ചയയിൽ കെട്ടിടത്തിന്റെ കാലപ്പഴക്കം രേഖപ്പെടുത്തിയിരിക്കുന്നു.

| കെട്ടിട നമ്പർ | കെട്ടിട വിസ്തീർണ്ണം (ച.മീ) | ഫോം 6 പ്രകാരം | സഞ്ചയ പ്രകാരം |
|---|---|---|---|
| 51/1820 | 81.9 | കെട്ടിടത്തിന്റെ കാലപ്പഴക്കം രേഖപ്പെടുത്തിയിട്ടില്ല | കെട്ടിടത്തിന്റെ കാലപ്പഴക്കം 45 വർഷം (20%ഇളവ്) |

| | | | |
|---|---|---|---|
| 51/2078 | 121.16 | കെട്ടിടത്തിന്റെ കാലപ്പഴക്കം 6 വർഷം | കെട്ടിടത്തിന്റെ കാലപ്പഴക്കം 10 വർഷം (10%ഇളവ്) |
| 51/2077 | 108.07 | കെട്ടിടത്തിന്റെ കാലപ്പഴക്കം 6 വർഷം | കെട്ടിടത്തിന്റെ കാലപ്പഴക്കം 10 വർഷം (10%ഇളവ്) |
| 51/2291 | 83.64 | കെട്ടിടത്തിന്റെ കാലപ്പഴക്കം 25 വർഷത്തിന് താഴെ | കെട്ടിടത്തിന്റെ കാലപ്പഴക്കം 31 വർഷം (20%ഇളവ്) |

സി) ഫോം 6 പ്രകാരമുള്ള വഴി സൗകര്യത്തിൽ നിന്നും വ്യത്യസ്തമായി സഞ്ചയയിൽ വഴി സൗകര്യം രേഖപ്പെടുത്തിയിരിക്കുന്നു.

| കെട്ടിടനമ്പർ | കെട്ടിട വിസ്തീർണ്ണം (ച.മീ) | ഫോം 6 പ്രകാരം | സഞ്ചയ പ്രകാരം |
|---|---|---|---|
| 51/638 | 325.27 | വഴി സൗകര്യം 5m ന് മുകളിൽ (വർദ്ധനവ് 20%) | വഴി സൗകര്യം 5m ന് താഴെ |
| 51/542 | 224.92 | വഴി സൗകര്യം 5m ന് മുകളിൽ (വർദ്ധനവ് 20%) | വഴി സൗകര്യം 5m ന് താഴെ |

ഡി) ഫോം 6 പ്രകാരമുള്ള കെട്ടിട വിസ്തീർണ്ണവും വസ്തുനികുതി നിർണ്ണയിച്ച് അപ്രൂവ് ചെയ്ത സഞ്ചയയിലെ കെട്ടിട വിസ്തീർണ്ണവും വ്യത്യാസപ്പെട്ടിരിക്കുന്നു.

| കെട്ടിടനമ്പർ | ഫോം 6 പ്രകാരം കെട്ടിട വിസ്തീർണ്ണം (ച.മീ) | സഞ്ചയ പ്രകാരം കെട്ടിട വിസ്തീർണ്ണം (ച.മീ) |
|---|---|---|
| 51/533 | 2800 Sqft | 98.12 |
| 51/550 | 700 Sqft | 100 |
| 51/561 | 600 Sqft | 100 |
| 51/539 | 92.93 | 100 |
| 51/542 | 224.92 | 100 |
| 51/543 | 92.93 | 100 |
| 51/544 | 92.93 | 100 |
| 51/545 | 1600 Sqft | 100 |
| 51/581 | 88.29 | 100 |

പുതിയ കെട്ടിടങ്ങളുടെ നികുതി നിർണ്ണയം

പ്ലിന്ത് ഏരിയ അടിസ്ഥാനമാക്കി കെട്ടിടനമ്പർ നൽകി നികുതി നിശ്ചയിച്ചിരിക്കുന്ന പുതിയ കെട്ടിടങ്ങളുടെ സഞ്ചയയിൽ നിന്നുള്ള വിവരം താഴെ ചേർക്കുന്നു.

| കെട്ടിടങ്ങളുടെ വിവരം | എണ്ണം |
|---|---|
| കെട്ടിടങ്ങളുടെ എണ്ണം | 39114 |
| അപ്രൂവ് ചെയ്തത് | 24518 |
| അപ്രൂവ് ചെയ്യാനുള്ളത് | 3014 |
| വെരിഫിക്കേഷൻ പൂർത്തിയാക്കാത്തത് | 6378 |
| ഡാറ്റാ എൻട്രി കഴിയാത്തത് | 5204 |

പ്ലിന്ത് ഏരിയ അടിസ്ഥാനമാക്കി കെട്ടിടനമ്പർ നൽകിയിരിക്കുന്ന പുതിയ കെട്ടിടങ്ങളുടെ കാര്യത്തിൽ 24518 കെട്ടിടങ്ങൾക്കാണ് നിലവിൽ അപ്രൂവൽ നൽകിയിരിക്കുന്നത്. കെട്ടിട നമ്പർ നൽകിയിരിക്കുന്ന പുതിയ കെട്ടിടങ്ങളുടെ നികുതി നിർണ്ണയം സഞ്ചയ സോഫ്റ്റ്‌വെയറിൽ ഇനിയും അപ്രൂവൽ ആകേണ്ടതുണ്ട്. അപ്രൂവൽ നൽകിയിരിക്കുന്ന ഡാറ്റയിലും തെറ്റുകൾ ഉണ്ടായിട്ടുണ്ട്. അപാകത ഉദാഹരണമായി പറയുന്നു.

35/2185/1 നമ്പർ കെട്ടിടത്തിന്റെ വിവരം ഫോം 6 ൽ നിന്നും വ്യത്യസ്തമായി സഞ്ചയയിൽ രേഖപ്പെടുത്തി നികുതി നിർണ്ണയിച്ച് അപ്രൂവൽ ചെയ്തിരിക്കുന്നു.

| | ഫോം 6 | സഞ്ചയ |
|---|---|---|
| കെട്ടിട നമ്പർ | 35/2185/1 | 35/2185/1 |
| കെട്ടിട വിസ്തീർണ്ണം | 65.02 | 95.83 |
| അടിസ്ഥാന വസ്തുനികുതി | 65.02x110=7152 | 95.83x110=10541.3 |
| വർദ്ധനവ് വഴി സൗകര്യം 20% | 1430 | 2108.26 |
| ഇളവ് – കാലപ്പഴക്കം (10%) | 715 | 1054 |
| 1-ാം നില ഇളവ് (5%) | 393 | - |
| അടിസ്ഥാന വാർഷിക വസ്തുനികുതി | 7474+LC+SC | 11,596+LC+SC |

വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് കെട്ടിടങ്ങളുടെ വിവരശേഖരണം, ഫോം 6 തയ്യാറാക്കൽ, സഞ്ചയയിലെ ഡാറ്റാ എൻട്രി എന്നീ പ്രവർത്തനങ്ങൾ ഏറെ കുറെ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും ഡാറ്റാ എൻട്രി നടത്തിയതിലും നികുതി നിർണ്ണയിച്ചതിലും തെറ്റുകൾ ഉണ്ടായിട്ടുണ്ട്. ഡാറ്റകളുടെ കൃത്യത ഉറപ്പാക്കുന്നതിൽ മേൽ നോട്ടക്കുറവ് ഉണ്ടായതായി കാണുന്നു. സോഫ്റ്റ്‌വെയറിൽ നൽകുന്ന വിവരത്തിന്റെ അടിസ്ഥാനത്തിലാണ് സഞ്ചയയിൽ വസ്തുനികുതി കണക്കാക്കുന്നത് എന്നതിനാൽ കൃത്യമല്ലാതെ നൽകുന്ന ഓരോ ഡാറ്റായും തെറ്റായ നികുതി നിർണ്ണയത്തിന് കാരണമാകും. നികുതി ചോർച്ച ഒഴിവാക്കുന്നതിന് ഡാറ്റാ എൻട്രിക്ക് ശേഷമുള്ള പരിശോധനയും അംഗീകാരവും പ്രാധാന്യമർഹിക്കുന്നു. അംഗീകാരവും പരിശോധനയും കൃത്യമാക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

സഞ്ചയയിൽ നിന്നുള്ള വസ്തുനികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് വിവരം, നികുതി ഓൺലൈൻ പേയ്മെന്റ് എന്നിവ നടപ്പാക്കുന്നതിന് നികുതി രസീതി എൻടി, ഡാറ്റാ പ്യൂരിഫിക്കേഷൻ, സാംഖ്യ സഞ്ചയ ഇന്റഗ്രേഷൻ തുടങ്ങിയ നടപടികൾ ഇനിയും പൂർത്തിയാകുവാൻ ബാക്കി നിൽക്കുന്നു. വസ്തുനികുതി പരിഷ്കരണം പൂർത്തീകരിച്ച് നഗരസഭയുടെ തനതുവരുമാനം ഉറപ്പാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.ഓഡിറ്റ് അന്വേഷണം നം: 32/21-22തി. 5.12.2022.

## 1-25 നികുതി പ്രാബല്യതിയതി തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചു- നികുതി നിർണ്ണയത്തിൽ കുറവ്

ഫയൽ നമ്പർ R5-DW4/BA/217/16-17
2021-22 സാമ്പത്തിക വർഷം വസ്തുനികുതി നിർണ്ണയം നടത്തിയ താഴെപ്പറയുന്ന കെട്ടിടത്തിന്റെ നികുതി പ്രാബല്യ തിയതി തെറ്റായി കണക്കാക്കി നികുതി നിർണ്ണയിച്ചിരിക്കുന്നു.

| | |
|---|---|
| കെട്ടിട നമ്പർ | 14/1102 |
| വിസ്തീർണ്ണം | 167.77 ച.മി |
| ഉപയോഗക്രമം | പാർപ്പിടം |
| കെട്ടിട ഉടമ | രാജേഷ് എ.ആർ, ആലപ്പാട്ട് ഹൗസ് |
| അടിസ്ഥാന വസ്തുനികുതി | 167.77x15=2517 |
| വർദ്ധനവ് 20 % | 504 |
| അടിസ്ഥാന വാർഷിക വസ്തുനികുതി | 3021 |
| ലൈബ്രറി സെസ്സ് 5% | 152 |
| സർവ്വീസ് ടാകസ് 10% | 303 |
| ആകെ | 3476 |
| കംപ്ലീഷൻ തിയതി | 1.09.2020 |
| ഒക്യുപൻസി തിയതി | 23.12.2020 |

1.09.2020 ന് പണി പൂർത്തീകരിച്ച കെട്ടിടത്തിന്റെ വസ്തുനികുതി പ്രാബല്യ തിയതിയായി നിശ്ചയിച്ചിരിക്കുന്നത് 2021-2022 ഒന്നാം അർദ്ധവർഷം മുതലാണ്. 23.12.2020 ന് ഒക്യുപൻസി അനുവദിച്ചിരിക്കുന്ന കെട്ടിടത്തിന് 2020-2021 രണ്ടാം അർദ്ധവർഷം മുതൽ നികുതി ഈടാക്കേണ്ടതാണ്. കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ച ഫോം 6 ന് 24.08.2021ൽ അംഗീകാരം നൽകിയിട്ടുണ്ട്. നികുതി വിവരം അസസ്സ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തി 13.09.2021ന് റവന്യൂ സൂപ്രണ്ട് അംഗീകരിച്ചിരിച്ചിട്ടുമുണ്ട്. തെറ്റായി നികുതി നിർണ്ണയിച്ചത് മൂലം 2020-2021 രണ്ടാം അർദ്ധവർഷ നികുതിയായ 1738/- രൂപ നഗരസഭയ്ക്ക് നഷ്ടമായി. നഷ്ടതുക ഈടാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. വസ്തുനികുതി നിർണ്ണയം കൃത്യമാക്കി നഷ്ടതുക ഈടാക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണം നം: 85/21-22തീയതി: 30.12.2022.

## 1-26 കാലവധിയ്ക്കുള്ളിൽ ജമ മാറ്റം നടത്താതിരുന്നതിനുള്ള പിഴ ഈടാക്കിയില്ല

കുർക്കഞ്ചേരി സോണലിൽ 2021-22 കാലയളവിൽ ജമ മാറ്റത്തിനു അപേക്ഷ നല്കിയ താഴെ പറയുന്ന കെട്ടിട ഉടമസ്ഥരിൽ നിന്നും 2011ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങൾ 22(5) പ്രകാരം ചുമത്തേണ്ട പിഴ ഈടാക്കിയെങ്കിലും ഒടുക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | അപേക്ഷകന്റെ പേര് | കെട്ടിട നമ്പർ | ആധാര നമ്പരും, രജിസ്റ്റർ ചെയ്ത തീയതിയും | അപേക്ഷ തീയതി | പിഴതുക |
|---|---|---|---|---|---|
| 1. | സജിൻ ഗഫൂർ.കെ.എ | 34/545/ 19/4c | 1144/1/21 – 23.06.2021 | 11.12.2021 | 510/-(500+10) |

പിഴ ഈടാക്കുന്നതിനാവശ്യമായ നടപടി സ്വീകരിയ്ക്കേണ്ടതാണ്.

## 1-27 വസ്തു നികുതി ഈടാക്കിയതു മുഴുവൻ ഒടുക്കിയതായി കാണുന്നില്ല.

ഒല്ലൂർ മേഖലാ കാര്യാലയത്തിലെ 28-ാം ഡിവിഷന്റെ വസ്തു നികുതി നിർണ്ണയ രജിസ്റ്റർ പ്രകാരം 2021 -22 വർഷം നികുതി നിർണ്ണയം നടത്തിയതിന്റെ ഒടുക്ക് സാംഖ്യയുമായി ഒത്തുനോക്കിയതിൽ താഴെ ചേർത്തിരിയ്ക്കുന്ന കെട്ടിടത്തിന്റെ നികുതി മുഴുവൻ ഒടുക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ/തരം | കെട്ടിട ഉടമയുടെ പേരും വിലാസവും | രണ്ടു അർദ്ധവർഷങ്ങളിലുമായി ചുമത്തിയ നികുതി. | അഭിപ്രായകുറിപ്പ് |
|---|---|---|---|
| 28/642/1,2 വാണിജ്യം | സുമേഷ് കോലത്ത് മണിലാൽ,കുറത്തിയാട്ടിൽ അജിതൻ.വി .പണ്ടലത്ത് | ബിൽഡിംഗ്-1-4302/-(2151/-അർദ്ധവർഷം) ബിൽഡിംഗ്-2-4302/- | രണ്ടാമത്തെ ബിൽഡിംഗിൽ രണ്ടാം അർദ്ധവർഷം നികുതിയൊടുക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| | രാജൻ വെട്ടിയാട്ടിൽ മുതൽ പേർ | (2151/-അർദ്ധവർഷം) | |

നികുതി നിർണ്ണയങ്ങളൊന്നും തന്നെ സഞ്ചയ സോഫ്റ്റ് വെയറിൽ അപ്ഡേറ്റ് ചെയ്തതായി കാണുന്നില്ല. മേൽ അപാകതകൾ പരിഹരിയ്ക്കുന്നതിനും കുറവു വന്ന നികുതി ഈടാക്കുന്നതിനും നടപടി സ്വീകരിയ്ക്കേണ്ടതാണ്.

## 1-28 വിൽവട്ടം സോണൽ- കേരള മുനിസിപ്പാലിറ്റി ആക്ട് 242പ്രകാരം നികുതി ഈടാക്കാതെ കെട്ടിടം ക്രമവൽക്കരണം നടത്തി ഒക്യുപ്പൻസി അനുവദിച്ചു

ഫയൽ നം.VBA/192/21-22

വിൽവട്ടം മേഖലാ കാര്യാലയ പരിധിയിൽ വില്ലേജ് സർവേ നം.717/2ൽ ഉൾപ്പെട്ട 0.0265Ha സ്ഥലത്ത് കെട്ടിട നിർമ്മാണാനുമതി ഇല്ലാതെ നിർമ്മിച്ച 178.90m$^2$ റെസിഡെൻഷ്യൽ കെട്ടിടത്തിന്റെ ക്രമവല്ക്കരണത്തിനായി ശ്രീ.പൈലോത് S/Oഔസേഫ് VTM3/83/2022 തി.07.01.2022ന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ടി കെട്ടിടം നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത് 12.05.2012 തിയ്യതിയിലും റെഗുലറൈസ് ചെയ്ത് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുള്ളത് 22.01.2022 തിയ്യതിയിലുമാണ്. ടി കെട്ടിടത്തിന് 2012-13 ഒന്നാം അർദ്ധവർഷം മുതൽ 3018+151+302 രൂപ (BT+LC+ST) വസ്തുനികുതി നിശ്ചയിച്ചിട്ടുള്ളതായി അസസ്സ്മെന്റ് രജിസ്റ്റർ പരിശോധനയിൽ കാണുന്നു.

ഓഡിറ്റ് നിരീക്ഷ ണം

കേരളാ മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 242 പ്രകാരം മുനിസിപ്പാലിറ്റി ആക്ടിലോ അതിൻ കീഴിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളോ പ്രകാരം ഏതെങ്കിലും ആൾ ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്താൽ അയാൾക്കെതിരെ സ്വീകരിക്കുന്ന ഏതെങ്കിലും നടപടിക്ക് ഹാനി കൂടാതെ കെട്ടിടം പണി പൂർത്തിയാക്കുകയോ അത് 233-ാംവകുപ്പ് 2ാം ഉപവകുപ്പിൽ പറയുന്ന ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ അതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ ആ കെട്ടിടം പൊളിച്ചു മാറ്റുന്ന തീയതി വരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തു നികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തുനികുതിയായി ഉടമസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. 12/05/2012ന് നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടം റെഗുലറൈസ് ചെയ്ത് നൽകുമ്പോൾ 2012-13 ഒന്നാം അർദ്ധവർഷം മുതൽ അനധികൃത കെട്ടിടമായി കണക്കാക്കി വസ്തുനികുതി ഈടാക്കാമായിരുന്നു. 2012-13 മുതൽ 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 242 പ്രകാരം ഉറപ്പാക്കാനാകുമായിരുന്ന തനതു വരുമാനം സ്ഥാപനം ഉറപ്പാക്കിയില്ല.

സമാനമായ ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ഫയൽ നം. | അപേക്ഷകന്റെ പേര് | നിർമ്മാണം പൂർത്തിയാക്കിയ തിയ്യതി | ഒക്യുപൻസി നൽകിയ തിയ്യതി | കെട്ടിടത്തിന്റെ വിസ്തീർണ്ണം |
|---|---|---|---|---|
| VBA/110 /21-22 | പി.വി.സ്റ്റാൻലി | 14.10.2015 | 27.10.2021 | 172.08 M$^2$ |
| VBA/210 /21-22 | രുഗ്മിണി,പ്രവീൺ & പ്രശാന്ത് | 20.10.2019 | 22.02.2022 | 189.37 M$^2$ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.11/21-22 തി.19.11.2022) മേലിൽ അനധികൃത കെട്ടിടങ്ങൾ കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം (92) അനുസരിച്ച് ക്രമവൽക്കരണത്തിനുള്ള അധികാരം ഇത്തരം നിർമ്മാണങ്ങൾ കണ്ടെത്തുകയും തടയുകയും ചെയ്യുന്നതിനുള്ള ഉത്തരവാദിത്തത്തിൽ നിന്നും ചട്ടങ്ങൾ പ്രകാരമുള്ള മറ്റ് നടപടികൾ സ്വീകരിക്കുന്നതിൽ നിന്നും സെക്രട്ടറിയെ വിമുക്തനാക്കുന്നില്ലായെന്നിരിക്കെ നികുതി ഉറപ്പാക്കാതെ കെട്ടിടങ്ങൾ ക്രമവൽക്കരിച്ച് ഒക്യുപൻസി അനുവദിച്ചു നൽകുകയാണുണ്ടായിട്ടുള്ളത്. അനധികൃതമായ ഈ നിർമ്മാണങ്ങളിന്മേൽ 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 242 പ്രകാരമുള്ള നടപടികൾ സ്വീകരിക്കാത്തതുമൂലം തനതു വരുമാനമാക്കാമായിരുന്ന വസ്തുനികുതി ഉറപ്പാക്കിയില്ല. മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 539- കിട്ടേണ്ട തുകകൾ വസൂലാക്കുന്നതിന് കാലാഹരണം, പ്രകാരം തുകകൾ നഷ്ടമാകുമെന്നതിനാൽ UA കെട്ടിടങ്ങളുടെ വസ്തുനികുതി സമയബന്ധിതമായി ഉറപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-29 നികുതി നിർണ്ണയം -തറ നിർമ്മിതിയുടെ വർദ്ധനവ് നൽകിയില്ല

ഫയൽ നമ്പർ : DW4-BA-381/14-15

മാനേജിംഗ് ഡയറക്ടർ, പ്രഷ്യസ് ഹോമിന്റെ ഉടമസ്ഥതയിലുള്ള 13830.39 M2 റഡിഡൻഷ്യൽ അപ്പാർട്ട്മെന്റിന് 23.03.2022 ന് കോർപ്പറേഷനിൽ നിന്നും ഒക്യുപൻസി നൽകിയിരിക്കുന്നു. ടി കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ച് 22/139/1 മുതൽ 22/139/71 വരെയുള്ള കെട്ടിടനമ്പറുകൾ അനുവദിച്ച് നൽകിയിട്ടുണ്ട്. 22/139/69 കെട്ടിടനമ്പർ അനുവദിച്ച കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ചതിൽ അപാകത കാണുന്നു.

22/139/69 നമ്പർ കെട്ടിടത്തിന്റെ നികുതി നിർണ്ണയ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| കെട്ടിട നമ്പർ | 22/139/69 |
| കെട്ടിടവിസ്തീർണ്ണം | 299.59 M2 |
| അടിസ്ഥാന നികുതി | 299.59x15=4494 |
| വഴി വർദ്ധനവ് 20% | 899 |
| AC യുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് 10% | 450 |
| ആകെ | 5843+LC+SC |

ഫോം 6 പരിശോധിച്ചതിൽ ടൈൽസ് മറ്റ് വിലയേറിയ വസ്തുക്കൾ കൊണ്ട് നിർമ്മിച്ച തറ, 250 M2 ന് താഴെ എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. 299.59 M2വിസ്തീർണ്ണം വരുന്ന കെട്ടിടത്തിന് 250m2 ന് മുകളിൽ തറ വിസ്തീർണ്ണം വരുന്ന കെട്ടിടത്തിന് തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ വരുന്ന 15 % വർദ്ധനവ് ബാധകമാകുന്നതാണ്. എന്നാൽ ഫോം 6 പ്രകാരവും സഞ്ചയ പ്രകാരവും 299.59 M2 രേഖപ്പെടുത്തിയിരിക്കുന്ന കെട്ടിടത്തിന് തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് നൽകി കാണുന്നില്ല. നികുതി നിർണ്ണയം കൃത്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം: 99 /21-22തീയതി: 11.01.2023

## 1-30 പഴയ കെട്ടിടത്തിന്റെ നികുതി ഉറപ്പാക്കിയില്ല

ഫയൽ നമ്പർ : DW4-BA-157/20-21

25.11.2021 ന് കംപ്ലീഷൻ പൂർത്തിയായി 19.04.2022 ന് താഴെപ്പറയും പ്രകാരം ഒക്യുപൻസി സർട്ടിഫിക്കറ്റ് അനുവദിച്ച മേൽ ഫയൽ പ്രകാരമുള്ള കെട്ടിടത്തിന് നഗരസഭ നികുതി നിർണ്ണയിച്ച് നൽകിയിട്ടുണ്ട്.

| Building Details | Area |
|---|---|
| Existing GF-shop | 135.35 |
| Completed GF-Comercial | 113.20 |
| Existing FF - Res | 73.59 |
| Completed FF -Res | 139.12 |
| Stair | 15.82 |
| Total Area | 331.07 |

കെട്ടിടത്തിന്റെ യഥാർത്ഥ വിസ്തീർണ്ണം 476.88m2 ആയിരിക്കെ ആകെ വിസ്തീർണ്ണം 331.07 M2 എന്ന് രേഖപ്പെടുത്തി തെറ്റായി ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകുകയാണ് ഉണ്ടായിട്ടുള്ളത്.

ഒക്യുപൻസി അനുവദിച്ച് നൽകിയ മേൽ കെട്ടിടത്തിന്റെ പുതിയ 268.14 M2 (113.20+139.12+15.82) ഭാഗത്തിന് 21/1085/1, 21/1085/2, 21/1085/3, 21/1085/4, 21/1085/5, 21/1085/6 നമ്പറുകൾ അനുവദിച്ച് നികുതി നിർണ്ണയിച്ചിട്ടുണ്ട്. നിലവിലുള്ള കെട്ടിടത്തിന് നികുതി നിശ്ചയിച്ചിട്ടുള്ളതാണെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും നഗരസഭയിലെ അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം 165.21 M2 കെട്ടിടത്തിനാണ് നികുതി ചുമത്തിയിട്ടുള്ളത്.എന്നാൽ കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ, ഒക്യുപൻസി സർട്ടിഫിക്കറ്റ് എന്നിവ പ്രകാരം നിലവിലുള്ള കെട്ടിടത്തിന്റെ വിസ്തീർണ്ണം 208.94 ച.മി ആണ്. അധികമായി കാണുന്ന 43.73m2 (208.94-165.21) ഏരിയയ്ക്ക് നികുതി നിർണ്ണയിച്ചില്ല.

അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം നിലവിലുള്ള കെട്ടിടത്തിന്റെ വിസ്തീർണ്ണം താഴെപ്പറയും പ്രകാരമാണ്.

| കെട്ടിട നമ്പർ | കെട്ടിട വിസ്തീർണ്ണം (M2) | വസ്തുനികുതി |
|---|---|---|
| XII/365/1 | 17 | 530 |
| XII/365/2 | 17 | 530 |
| XII/365/3 | 17 | 530 |
| XII/365/4 | 17 | 530 |
| XII/365/5 | 17 | 530 |
| XII/365/6 | 80.21 | 1920 |
| ആകെ | 165.21 | 4570 |

അപാകതകൾ

1. ഒക്യുപൻസി സർട്ടിഫിക്കറ്റിൽ ആകെ കെട്ടിടവിസ്തീർണ്ണം 477.08 M2 എന്ന് രേഖപ്പെടുത്തുന്നതിന് പകരം 331.07 M2 എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

2. 25.04.2022 ന് നടത്തറ വില്ലേജ് ഓഫീസർക്ക് സമർപ്പിച്ച 1975 ലെ കേരള കെട്ടിട നികുതി നിയമത്തിലെ വകുപ്പ് 5(1) പ്രകാരമുള്ള ഒറ്റത്തവണ കെട്ടിട നികുതിയുടെ ഫോം II സമർപ്പിച്ചതിൽ കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം 268.14m2 എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

3. പഴയകെട്ടിടത്തിന്റെ AR പ്രകാരമുള്ള വിവരം പരിശോധിച്ച് നിലവിലുള്ള കെട്ടിടത്തിന്റെ നികുതി ഉറപ്പാക്കിയില്ല.

നിലവിലുള്ള കെട്ടിടത്തിന്റെ നികുതി കൃത്യമായി നിർണ്ണയിക്കേണ്ടതും മറ്റ് അപാകതകൾ പരിഹരിക്കേണ്ടതുമാണ്.

ഓഡിറ്റ് അന്വേഷണം നം: 98/21-22തീയതി: 11.01.2023

## 1-31 നികുതി നിർണ്ണയം - ഫോം 6 ലെ ഡാറ്റായും സഞ്ചയയിലെ ഡാറ്റായും വ്യത്യസ്തം

ഫയൽ നമ്പർ R6/DW4/BA/19/11-12

ഡയറകൂർ, Alukkas Realtors India (P) Ltd. East Fort ന്റെ ഉടമസ്ഥതയിൽ 26.10.2020 ന് പണിതീർത്ത 13065.80 M2വിസ്തൃതിയുള്ള റസിഡൻഷ്യൽ അപ്പാർട്ട്മെന്റിന് 6.05.2021 ന് ഒക്യുപൻസി സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുള്ളതും നികുതി നിർണ്ണയിച്ചിട്ടുള്ളതുമാണ്. കെട്ടിടത്തിന്റെ ടാക്സ് നിർണ്ണയിച്ചതിൽ കാണുന്ന അപാകതകൾ താഴെപ്പറയുന്നു.

എ) വസ്തുനികുതി നിർണ്ണയിച്ച് അംഗീകരിച്ച ഫോം 6 ലെ കെട്ടിട വിസ്തീർണ്ണവും സഞ്ചയ പ്രകാരം അപ്രൂവൽ നൽകിയിരിക്കുന്ന കെട്ടിട വിസ്തീർണ്ണവും വ്യത്യാസപ്പെടുന്നു.

| ക്രമനമ്പർ | കെട്ടിട നമ്പർ | അസസ്സ്മെന്റ് രജിസ്റ്റർ , Form 6 പ്രകാരം കെട്ടിട വിസ്തീർണ്ണം (M2) | സഞ്ചയ പ്രകാരം കെട്ടിട |
|---|---|---|---|

| | | | വിസ്തീർണ്ണം (M2) |
|---|---|---|---|
| 1 | 21/634/1 | 192.28 | 216.3 |
| 2 | 21/634/2 | 203.26 | 228.7 |
| 3 | 21/634/3 | 138.57 | 155.9 |
| 4 | 21/634/4 | 135.88 | 152.9 |
| 5 | 21/634/5 | 173.62 | 195.4 |
| 6 | 21/634/6 | 186.01 | 209.3 |
| 7 | 21/634/7 | 133.84 | 150.6 |
| 8 | 21/634/8 | 131.52 | 148 |
| 9 | 21/634/9 | 116.02 | 174.4 |
| 10 | 21/634/10 | 192.28 | 216.3 |
| 11 | 21/634/11 | 203.26 | 228.7 |
| 12 | 21/634/12 | 138.57 | 155.9 |
| 13 | 21/634/13 | 135.88 | 152.9 |
| 14 | 21/634/14 | 173.62 | 195.4 |
| 15 | 21/634/15 | 186.01 | 209.3 |
| 16 | 21/634/16 | 133.84 | 150.6 |
| 17 | 21/634/17 | 131.52 | 148 |
| 18 | 21/634/18 | 192.28 | 216.3 |
| 19 | 21/634/19 | 203.26 | 228.7 |
| 20 | 21/634/20 | 138.57 | 155.9 |
| 21 | 21/634/21 | 135.88 | 152.9 |
| 22 | 21/634/22 | 173.62 | 195.4 |
| 23 | 21/634/23 | 186.01 | 209.3 |
| 24 | 21/634/24 | 133.84 | 150.6 |
| 25 | 21/634/25 | 131.52 | 148 |
| 26 | 21/634/26 | 192.28 | 216.3 |
| 27 | 21/634/27 | 203.26 | 228.7 |
| 28 | 21/634/28 | 138.57 | 155.9 |
| 29 | 21/634/29 | 135.88 | 152.9 |
| 30 | 21/634/30 | 173.62 | 195.4 |
| 31 | 21/634/31 | 186.01 | 209.3 |
| 32 | 21/634/32 | 133.84 | 150.6 |
| 33 | 21/634/33 | 131.52 | 148 |
| 34 | 21/634/34 | 192.28 | 216.3 |
| 35 | 21/634/35 | 203.26 | 228.7 |
| 36 | 21/634/36 | 138.57 | 155.9 |
| 37 | 21/634/37 | 135.88 | 152.9 |
| 38 | 21/634/38 | 173.62 | 195.4 |
| 39 | 21/634/39 | 186.01 | 209.3 |
| 40 | 21/634/40 | 133.84 | 150.6 |
| 41 | 21/634/41 | 131.52 | 148 |
| 42 | 21/634/42 | 192.28 | 216.3 |
| 43 | 21/634/43 | 203.26 | 228.7 |
| 44 | 21/634/44 | 138.57 | 155.9 |
| 45 | 21/634/45 | 135.88 | 152.9 |
| 46 | 21/634/46 | 173.62 | 195.4 |
| 47 | 21/634/47 | 186.01 | 209.3 |
| 48 | 21/634/48 | 133.84 | 150.6 |
| 49 | 21/634/49 | 131.52 | 148 |
| 50 | 21/634/50 | 192.28 | 216.3 |
| 51 | 21/634/51 | 203.26 | 228.7 |
| 52 | 21/634/52 | 138.57 | 155.9 |
| 53 | 21/634/53 | 135.88 | 152.9 |
| 54 | 21/634/54 | 173.62 | 195.4 |
| 55 | 21/634/55 | 186.01 | 209.3 |

| | | | |
|---|---|---|---|
| 56 | 21/634/56 | 133.84 | 150.6 |
| 57 | 21/634/57 | 131.52 | 148 |
| 58 | 21/634/58 | 192.28 | 216.3 |
| 59 | 21/634/59 | 203.26 | 228.7 |
| 60 | 21/634/60 | 138.57 | 155.9 |
| 61 | 21/634/61 | 135.88 | 152.9 |
| 62 | 21/634/62 | 173.62 | 195.4 |
| 63 | 21/634/63 | 186.01 | 209.3 |
| 64 | 21/634/64 | 133.84 | 150.6 |
| 65 | 21/634/65 | 131.52 | 148 |
| 66 | 21/634/66 | 192.28 | 216.3 |
| 67 | 21/634/67 | 203.26 | 228.7 |
| 68 | 21/634/68 | 138.57 | 155.9 |
| 69 | 21/634/69 | 135.88 | 152.9 |
| 70 | 21/634/70 | 173.62 | 195.4 |
| 71 | 21/634/71 | 186.01 | 209.3 |
| 72 | 21/634/72 | 133.84 | 150.6 |
| 73 | 21/634/73 | 131.52 | 148 |
| 74 | 21/634/74 | 192.28 | 216.3 |
| 75 | 21/634/75 | 203.26 | 228.7 |
| 76 | 21/634/76 | 138.57 | 155.9 |
| 77 | 21/634/77 | 135.88 | 152.9 |
| 78 | 21/634/78 | 173.62 | 195.4 |
| 79 | 21/634/79 | 186.01 | 209.3 |
| 80 | 21/634/80 | 133.84 | 150.6 |
| 81 | 21/634/81 | 131.52 | 148 |
| | ആകെ കെട്ടിട വിസ്തീർണ്ണം | 13065.82 | 14745.4 |

1.അംഗീകൃത പ്ലാനിനും ഒക്യുപൻസിയ്ക്കും അനുസൃതമായിട്ടല്ല സഞ്ചയയിൽ കെട്ടിട വിസ്തീർണ്ണം രേഖപ്പെടുത്തിയിരിക്കുന്നത്. അംഗീകൃത പ്ലാനിൽ നിന്നും അധികമായി കെട്ടിട വിസ്തീർണ്ണം രേഖപ്പെടുത്തി അംഗീകാരം നൽകിയിരിക്കുന്നു.

2. ഫോം 6 പ്രകാരം കെട്ടിടത്തിന് നൽകിയിരിക്കുന്ന ആകെ വർദ്ധനവിന്റെ ശതമാനം 35 % ആയിരിക്കെ സഞ്ചയയിലെ വർദ്ധനവ് 20% ആണ്.

3.2019ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 20 പ്രകാരം പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭിച്ചതിന് ശേഷം , കെട്ടിട നിർമ്മാണം അനുവദിച്ച പെർമിറ്റ് പ്രകാരമാണെന്ന് ബോധ്യപ്പെട്ടു കഴിഞ്ഞാൽ 15 ദിവസത്തിനകം ഒക്യുപൻസി സർട്ടിഫിക്കറ്റ് കെട്ടിട ഉടമയ്ക്ക് അനുവദിയ്ക്കേണ്ടതാണ്. 26.10.2020 ന് കംപ്ലീഷൻ നൽകിയിരിക്കുന്ന കെട്ടിടത്തിന് ഒക്യുപൻസി നൽകിയിരിക്കുന്നത് 6.05.2021 നാണ്.

4. 1975 ലെ കേരള കെട്ടിട നികുതി നിയമത്തിലെ വകുപ്പ് 5(1) പ്രകാരമുള്ള ഒറ്റത്തവണ കെട്ടിട നികുതിയുടെ ആദ്യ ഗഡു അടച്ച രസീതിയുടെ പകർപ്പോ അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് മറുപടി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം: 97/21-22തീയതി: 11.01.2023 ന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

ബി) തൃശ്ശൂർ കോർപ്പറേഷനിലെ ഡിവിഷൻ 52ലെ താഴെപ്പറയുന്ന കെട്ടിടത്തിന്റെ വിസ്തീർണ്ണവും മേൽ പരാമർശിച്ച പോലെ ഫോം 6 നേക്കാൾ വർദ്ധന നൽകി സഞ്ചയയിൽ ചേർത്തിരിക്കുന്നു.

| ക്രമനം | കെട്ടിട നമ്പർ | ഫോം6പ്രകാരം കെട്ടിടവിസ്തീർണ്ണം (ച.മീ) | സഞ്ചയപ്രകാരം കെട്ടിടവിസ്തീർണ്ണം (ച.മീ) |
|---|---|---|---|
| 1 | 52/2176/1 | 206 | 231.75 |
| 2 | 52/2176/2 | 140 | 165.79 |
| 3 | 52/2176/3 | 116 | 130.5 |
| 4 | 52/2176/4 | 67.1 | 83.88 |
| 5 | 52/2176/5 | 94.1 | 105.89 |
| 6 | 52/2176/6 | 101 | 113.65 |
| 7 | 52/2176/7 | 102 | 114.75 |
| 8 | 52/2176/8 | 52.3 | 64.46 |
| 9 | 52/2176/9 | 84.5 | 95.1 |
| 10 | 52/2176/10 | 102 | 114.75 |

| | | | |
|---|---|---|---|
| 11 | 52/2176/11 | 57.3 | 64.46 |
| 12 | 52/2176/12 | 101 | 113.65 |
| 13 | 52/2176/13 | 144 | 162 |
| 14 | 52/2176/14 | 116 | 130.5 |
| 15 | 52/2176/15 | 144 | 162 |
| 16 | 52/2176/16 | 116 | രേഖപ്പെടുത്തിയിട്ടില്ല. |

മേൽ അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് അന്വേഷണ(നം.106/21-22 തിയതി.16.01/23)ത്തിന് മറുപടി ലഭ്യമാക്കിയില്ല.

കെട്ടിടത്തിന്റെ അടിസ്ഥാന വിവരമാകുന്ന കെട്ടിട വിസ്തീർണ്ണം തെറ്റായി രേഖപ്പെടുത്തിയതും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ആയത് പരിശോധിച്ച് ഉറപ്പാക്കാതെ അംഗീകാരം നൽകിയതും കുറ്റകരമായ വീഴ്ചയാണ് . ബേസ് ഡാറ്റായിലെ വ്യത്യാസം തുടർന്ന് വരുന്ന നികുതി നിർണ്ണയത്തിലും അപാകതയ്ക്ക് കാരണമാകുന്നതാണ്. കൃത്യതയോടെ നികുതി നിർണ്ണയം നടത്തുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 1-32 കെട്ടിടത്തിന് ബൈനമ്പറിംഗ്- ടാക്സ് നിർണ്ണയിക്കുന്നതിൽ വ്യത്യാസം

നഗരസഭയിൽ ബൈനമ്പറിംഗിന് വന്നിരിക്കുന്ന പഴയ കെട്ടിടങ്ങൾക്ക് (ARV അടിസ്ഥാനമാക്കി വാർഷിക വസ്തുനികുതി നിശ്ചയിച്ചിരിക്കുന്ന ) വ്യത്യസ്ത രീതിയിൽ നികുതി നിർണ്ണയിച്ചതായി കാണുന്നു.

എ) 21വർഷം പഴക്കമുള്ള 488 രൂപ വാർഷിക വസ്തുനികുതിയുള്ള 418.85m2 വിസ്തിയിലുള്ള റസിഡൻഷ്യൽ കെട്ടിടത്തിന്റെ 36.27 M2 കെട്ടിടം കൺസൽട്ടിംഗ് റൂമാക്കി മാറ്റണമെന്ന കെട്ടിട ഉടമയുടെ 15.06.2021ലെ ആവശ്യമനുസരിച്ച് താഴെപ്പറയും പ്രകാരം നികുതി നിർണ്ണയിച്ച് നമ്പർ നൽകിയിരിക്കുന്നു.

| കെട്ടിട നമ്പർ | 36/6116/1 | 36/6116/2 |
|---|---|---|
| കെട്ടിട വിസ്തീർണ്ണം | 382.58 | 36.27 |
| അടിസ്ഥാന വസ്തുനികുതി | 382.58x15= 5738.7 | 36.27x80=2901.60 |
| വർദ്ധനവ്<br>വഴി സൗകര്യം 20%<br>തറ വിസ്തീർണ്ണം15% | 1147.74<br>860.805 | 580.32<br>- |
| ഇളവ്<br>കാലപ്പഴക്കം | ഇല്ല | - |
| അടിസ്ഥാന വാർഷിക വസ്തുനികുതി | 7748+LC+SC | 3482+LC+SC |

ബി) 39/1301 നമ്പറിലുള്ള 283 രൂപ വാർഷിക വസ്തുനികുതിയുള്ള 150m2 കൊമേഴ്ഷ്യൽ കെട്ടിടത്തിന്റെ നിലവിലുള്ളതും ഉപയോഗിക്കാത്തതുമായ 2 മുറികൾ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നതിനായി പ്രത്യേകം നമ്പർ അനുവദിച്ച് തരുന്നതിന് കെട്ടിട ഉടമ സമർപ്പിച്ച 26.10.2021 ലെ അപേക്ഷ പരിഗണിച്ച് താഴെപ്പറയും പ്രകാരം നികുതി നിർണ്ണയിച്ച് ബൈ നമ്പർ നൽകിയിരിക്കുന്നു.

| കെട്ടിട നമ്പർ | 39/1301 | 39/1301/1 | 39/1301/2 |
|---|---|---|---|
| കെട്ടിട വിസ്തീർണ്ണം | 72.02 | 41 | 36.98 |
| അടിസ്ഥാന വസ്തുനികുതി | 566 (നിലവിലുള്ള വസ്തുനികുതിയുടെ 100%) | 41x110=4510 | 36.98x110=4067.80 |
| ഇളവ്<br>കാലപ്പഴക്കം (50%) | 50 വർഷം | 2255 | 2033.9 |
| അടിസ്ഥാന വാർഷിക വസ്തുനികുതി | 556 | 2255+LC+SC | 2034+LC+SC |

സി) 35/2185 നമ്പറിലുള്ള 470 രൂപ വാർഷിക വസ്തുനികുതിയുള്ള വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന 198.43 M2 കെട്ടിടത്തിന് 2 ബൈനമ്പറുകൾ അനുവദിച്ച് തരുന്നതിന് കെട്ടിട ഉടമ സമർപ്പിച്ച 21.02.2022 ലെ അപേക്ഷ പരിഗണിച്ച് താഴെപ്പറയും പ്രകാരം നികുതി നിർണ്ണയിച്ച് നമ്പർ നൽകിയിരിക്കുന്നു.

| കെട്ടിട നമ്പർ | 35/2185 | 35/2185/1 | 35/2185/2 |
|---|---|---|---|
| കെട്ടിട വിസ്തീർണ്ണം | 95.83 | 65.02 | 37.58 |
| അടിസ്ഥാന വസ്തുനികുതി | 95.83x110=10541 | 65.02x110=7152 | 37.58x110=4134 |
| വർദ്ധനവ്<br>വഴി സൗകര്യം 20% | 2109 | 1430 | 827 |
| ഇളവ്<br>കാലപ്പഴക്കം (10%) | 1054<br>- | 715<br>393 | 413<br>- |

| | | | |
|---|---|---|---|
| 1-ാം നില ഇളവ് (5%)<br>2-ാം നില ഇളവ് (10%) | - | - | 454 |
| അടിസ്ഥാന വാർഷിക വസ്തുനികുതി | 11596+LC+SC | 7474+LC+SC | 4094+LC+SC |

ക്രമനമ്പർ എ,ബി,സി കെട്ടിടങ്ങൾക്ക് വ്യത്യസ്ത രീതിയിലാണ് നികുതി നിർണ്ണയം നടത്തി നമ്പറിംഗ് നൽകിയിരിക്കുന്നത്.

1.ക്രമനമ്പർ എ കെട്ടിടത്തിനെ പുതിയ കെട്ടിടമായി പരിഗണിച്ച് നികുതി നിർണ്ണയിച്ചു. നിലവിലുള്ള കെട്ടിടത്തിന് വസ്തുനികുതി പരിഷ്കരണപ്രകാരമുള്ള നികുതി നിർണ്ണയം നടത്തിയില്ല.കാലപ്പഴക്കത്തിന്റെ ഇളവ് രണ്ട് കെട്ടിടങ്ങൾക്കും ലഭിച്ചില്ല.

2.ക്രമനമ്പർ ബി കെട്ടിടത്തിന്റെ പഴയ കെട്ടിടത്തിന് വസ്തുനികുതി പരിഷ്കരണ പ്രകാരമുള്ള നികുതി നിർണ്ണയം നടത്തി. ബൈ നമ്പറിംഗ് അനുവദിച്ച കെട്ടിടങ്ങൾക്ക് കാലപ്പഴക്ക പ്രകാരമുള്ള നികുതി ഇളവ് ലഭിച്ചു.

3. ക്രമനമ്പർ സി കെട്ടിടത്തിന് വസ്തുനികുതി പരിഷ്കരണപ്രകാരമുള്ള നികുതി നിർണ്ണയം നടത്തിയില്ല. കാലപ്പഴക്ക പ്രകാരമുള്ള നികുതി ഇളവ് അനുവദിച്ചു.

വ്യത്യസ്ത രീതിയിൽ നികുതി നിർണ്ണയം നടത്തിയതിന് മറുപടി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. നികുതി നിർണ്ണയം കൃത്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

നികുതി നിർണ്ണയം ഫോം 6 ലെ വിവരവും സഞ്ചയയിലെ വിവരവും വ്യത്യാസപ്പെടുന്നു .

ക്രമനമ്പർ സി കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ച ഫോം6 ലെ വിവരവും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള വിവരവും വ്യത്യാസപ്പെട്ടിരിക്കുന്നു.35/2185/1 നമ്പർ കെട്ടിടത്തിന്റെ വിവരം സഞ്ചയയിൽ വ്യത്യസ്തമായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ച് അപ്രൂവൽ ചെയ്തിരിക്കുന്നു.

| | ഫോം 6 | സഞ്ചയ |
|---|---|---|
| കെട്ടിട നമ്പർ | 35/2185/1 | 35/2185/1 |
| കെട്ടിട വിസ്തീർണ്ണം | 65.02 | 95.83 |
| അടിസ്ഥാന വസ്തുനികുതി | 65.02x110=7152 | 95.83x110=10541.3 |
| വർദ്ധനവ്<br>വഴി സൗകര്യം 20% | 1430 | 2108.26 |
| ഇളവ്<br>കാലപ്പഴക്കം (10%)<br>1-ാം നില ഇളവ് (5%) | 715<br>393 | 1054<br>- |
| അടിസ്ഥാന വാർഷിക വസ്തുനികുതി | 7474+LC+SC | 11,596+LC+SC |

നികുതി നിർണ്ണയം കൃത്യമാക്കി വിവരം അറിയിക്കേണ്ടതാണ്.ഓഡിറ്റ് അന്വേഷണം നം: 86 /21-22തീയതി: 4.01.2023

## 1-33 ഒക്യുപൻസി അനുവദിക്കുന്നതിൽ കാലതാമസം

2019ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 20 പ്രകാരം പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭിച്ചതിന് ശേഷം കെട്ടിട നിർമ്മാണം പെർമിറ്റ് പ്രകാരമാണെന്ന് ബോധ്യപ്പെട്ട കഴിഞ്ഞാൽ 15 ദിവസത്തിനകം ഒക്യുപൻസി സർട്ടിഫിക്കറ്റ് കെട്ടിട ഉടമയ്ക്ക് അനുവദിയ്ക്കേണ്ടതാണ്. എന്നാൽ താഴെപ്പറയുന്ന ഫയലുകളിൽ പൂർത്തീകരണ തിയതിയിൽ നിന്നും ഒക്യുപെൻസി അനുവദിച്ച് നൽകിയതിൽ കാലതാമസം വന്നതായി കാണുന്നു.

| ക്രമ നമ്പർ | ഫയൽ നമ്പർ | കെട്ടിട ഉടമയുടെ പേര് | കെട്ടിട വിസ്തീർണ്ണം (ച.മി) | കംപ്ലീഷൻ തീയതി | ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകിയ തീയതി |
|---|---|---|---|---|---|
| 1 | DW4-BA-193/13-14 | ശ്രീനിവാസൻ | 5136.35 | 15.08.2020 | 3.02.2022 |
| 2 | DW4-BA-87/13-14 | സി.ഡി വറീത് | 1281.22 | 20.06.2020 | 9.02.2022 |
| 3 | DW5-BA-200/16-17 | സുബ്ബരാമഅയ്യർ | 3980.42 | 28.06.2020 | 1.11.2021 |
| 4 | DW3-BA/141 /15-16 | കെ.എം പരമേശ്വരൻ | 196.72 | 11.09.2020 | 19.02.2021 |
| 5 | DW4-BA/347 /20-21 | ആന്റണി തരകൻ | 591.28 | 27.04.2021 | 13.09.2021 |
| 6 | DW4-BR/87/18-19 | സെക്രട്ടറി, മരിയാംപൂർ ഹോസ്പിറ്റൽ സൊസൈറ്റി | 1664.71 | 1.05.2018 | 9.02.2021 |
| 7 | DW4-BA/381 /14-15 | ലിയോ ലൂയിസ് | 13830.39 | 1.12.2021 | 23.03.2022 |
| 8 | DW5-BA-478/13-14 | അരവിന്ദാക്ഷൻ | 8765.05 | 8.07.2020 | 4.05.2022 |

ഒക്യുപെൻസി അനുവദിച്ചതിലെ കാലതാമസത്തിന് (ഓഡിറ്റ് അന്വേഷണം നം:94/21-22തീയതി: 9.01.2023) മറുപടി ലഭ്യമാക്കിയില്ല.

കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം കെട്ടിടം പൂർത്തിയാക്കുകയോ കെട്ടിടത്തിൽ താമസം ആരംഭിക്കുകയോ കെട്ടിടം മറ്റ് ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിലേതാണ് ആദ്യം സംഭവിക്കുന്നത് ആ തീയതി മുതൽ വസ്തുനികുതി നൽകാൻ കെട്ടിട ഉടമ ബാദ്ധ്യസ്ഥനാണ്. പ്രസ്തുത ചട്ടത്തിന് വ്യക്തത വരുത്തി സർക്കാർ പരിപത്രം നം.ആർ.സി2/100/2020 / തസ്വഭവ തിയതി. 3.05.2020പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. കെട്ടിടം പൂർത്തിയായതായി കെട്ടിട ഉടമ റിപ്പോർട്ട് സമർപ്പിച്ചാൽ 15 ദിവസത്തിനകം ഉദ്യോഗസ്ഥർ പരിശോധന നടത്തി കെട്ടിട നിർമ്മാണത്തിൽ എന്തെങ്കിലും അപാകതയുണ്ടെങ്കിൽ പ്രസ്തുത വിവരം കെട്ടിടഉടമയെ 15 ദിവസത്തിനകം രേഖാമൂലം അറിയിക്കേണ്ടതാണ്. 2019ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 20 പ്രകാരം പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭിച്ചതിന് ശേഷം കെട്ടിട നിർമ്മാണം പെർമിറ്റ് പ്രകാരമാണെന്ന് ബോധ്യപ്പെട്ടു കഴിഞ്ഞാൽ 15 ദിവസത്തിനകം ഒക്യുപൻസി സർട്ടിഫിക്കറ്റ് കെട്ടിട ഉടമയ്ക്ക് അനുവദിക്കേണ്ടതാണ്.

എന്നാൽ താഴെപ്പറയുന്ന ഫയലുകളിൽ കെട്ടിട ഉടമ പൂർത്തീകരണ വിവരം അറിയച്ച അപേക്ഷകളിൽ പരിശോധന നടത്തി അപാകത അറിയിക്കുന്നതിന് കാലതാമസം വന്നതായി കാണുന്നു.

| ക്രമ നമ്പർ | ഫയൽ നമ്പർ | കെട്ടിട ഉടമയുടെ പേര് | കെട്ടിട വിസ്തീർണ്ണം (ച.മി) | കംപ്ലീഷൻ തീയതി | അപേക്ഷ പരിശോധിച്ച് കക്ഷിയ്ക്ക് അറിയിപ്പ് നൽകിയ തിയതി | ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകിയ തിയതി |
|---|---|---|---|---|---|---|
| 1 | DW4-BR/49/21-22 | ഫ്രാൻസിസ് | 270.58 | 5.08.2021 | 7.12.2021 | 2.06.2022 |
| 2 | DW4-BA/19/11-12 | എ.വി ജോസ് | 13065.80 | 26.10.2020 | 2.12.2020 | 6.05.2021 |
| 3 | DW4-BA-157/20-21 | രാജേഷ് | 331.07 | 25.11.2021 | 21.02.2022 | 19.04.2022 |

അപേക്ഷകൾ തീർപ്പാക്കുന്നതിലെ കാലതാമസം നികുതി നിർണ്ണയിക്കുന്നതിലെ കാലതാമസത്തിനിടയാക്കും. നിയമം അനുശാസിക്കുന്ന രീതിയിൽ അപേക്ഷകൾ തീർപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണം നം: 94/21-22തീയതി: 9.01.2023

1-33-1 ഒല്ലൂക്കര സോണൽ- ഒക്യുപൻസി നൽകിയതിൽ കാലതാമസം

ഒല്ലൂക്കര മേഖലാ കാര്യാലയത്തിലെ ഓഡിറ്റിലും ഇത്തരം അപാകത ശ്രദ്ധയിൽപ്പെട്ടു.

| കെട്ടിടനം | ഉടമയുടെ പേര് | പെർമിറ്റ് നം/ തീയതി | പൂർത്തിയായ തീയതി | ഒക്യുപൻസിക്കായി ഉടമ അപേക്ഷിച്ച തീയതി | ഒക്യുപൻസി സർട്ടിഫിക്കറ്റ് അനുവദിച്ച തീയതി |
|---|---|---|---|---|---|
| 10/758 | ആനി&അദേഴ്സ് | OLK3/1653 /20/BA /25/2020-21 തീ.3.6.20 | 5.10.21 | 6.10.21 | 1.12.20 |
| 15/912(3) | സുരേന്ദ്രൻ | OLK3/2170 /21/BA /281/2020-21 തീ.17.6.20 | 2.9.21 | 6.9.21 | 4.10.21 |
| 15/1561 (6)(7) | സുരേന്ദ്രൻ.പി | OLK3/303 /21BA/178 /2020-21 തീ.10.2.21 | 21.7.21 | 22.7.21 | 10.8.21 |

കെട്ടിടയുടമ ഒക്യുപൻസിക്കായി യഥാസമയം അപേക്ഷ നൽകിയിട്ടും കെട്ടിടനമ്പർ നൽകുന്നതിനായി വില്ലേജിൽ ഒറ്റത്തവണ നികുതിയടച്ച രസീതി ഹാജരാക്കാൻ ആവശ്യപ്പെട്ട് ഉടമയ്ക്ക് അറിയിപ്പ് നൽകാനും ഒക്യുപൻസി സർട്ടിഫിക്കറ്റ് അനുവദിക്കാനും കാലതാമസമെടുത്തിട്ടുണ്ട്. ചട്ടപ്രകാരം കെട്ടിടയുടമ സമർപ്പിക്കേണ്ട ഫോറം 2 ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ഇക്കാര്യത്തിലെ വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.7/21-22/ഒ.എൽ.കെ/15.11.22)ക്ക് 29.11.22ന് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. നടപടിക്രമങ്ങളിലെ ഇപ്രകാരമുള്ള അനാസ്ഥ അഭിലഷണീയമല്ല.

1-33-2. അയ്യന്തോൾ സോണൽ- ഒക്യുപൻസി നൽകിയതിൽ കാലതാമസം
ഫയൽ നം. AYL/BA/358/17-18

അയ്യന്തോൾ സോണൽ ഓഫീസിന്റെ പരിധിയിലുള്ള 46ാം ഡിവിഷനിൽ സുകേഷ് & സൗമ്യ, വലിയ വീട്ടിൽ ഹൗസ്, ചേലക്കോട്ടുകര എന്നവരുടെ ഉടമസ്ഥതയിൽ 818.73 M2 വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടത്തിന്റെ പണി 18.06.2020 തീയതിയിൽ പൂർത്തീകരിച്ചിട്ടുള്ളതായി ഫയലിലും രജിസ്റ്ററിലും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 18.06.2021 തിയ്യതിയിലാണ് ഒക്യുപൻസി അനുവദിച്ചിട്ടുള്ളത്. 2011ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം കെട്ടിടം പൂർത്തിയാക്കുകയോ കെട്ടിടത്തിൽ താമസം ആരംഭിക്കുകയോ കെട്ടിടം മറ്റ് ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിലേതാണ് ആദ്യം സംഭവിക്കുന്നത് ആ തീയതി മുതൽ വസ്തുനികുതി നൽകാൻ കെട്ടിട ഉടമ ബാദ്ധ്യസ്ഥനാണ്. ടി കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതിയായി 132672/- രൂപ 2021-22 ഒന്നാം അർദ്ധ വർഷം മുതലാണ് കണക്കാക്കിയിട്ടുള്ളത്.

ഓഡിറ്റ് നിരീക്ഷണങ്ങൾ

1) 18.06.2020 ന് നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടത്തിന് 18.06.2021 നാണ് ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകിയിരിക്കുന്നത്. കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് ചട്ടം 20(3) പ്രകാരം കെട്ടിട ഉടമ കംപ്ലീഷൻ സർട്ടിഫിക്കറ്റ് സമർപ്പിച്ചാൽ നിർമ്മാണം ചട്ടങ്ങൾക്കനുസൃതമാണെങ്കിൽ 15 ദിവസത്തിനുള്ളിൽ ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്. അതല്ലയെങ്കിൽ അപാകതയെന്താണെന്ന് കെട്ടിട ഉടമയെ അറിയിക്കേണ്ടതാണ്. എന്നാൽ 15 ദിവസത്തിനുള്ളിൽ ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകാത്തപക്ഷം അപ്രകാരമുള്ള ഒരു സർട്ടിഫിക്കറ്റ് ലഭിച്ചുവെന്ന് കണക്കാക്കാവുന്നതുമാണ്.

2) 2011ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം കെട്ടിടം പൂർത്തിയാക്കുകയോ കെട്ടിടത്തിൽ താമസം ആരംഭിക്കുകയോ കെട്ടിടം മറ്റ് ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിലേതാണ് ആദ്യം സംഭവിക്കുന്നത് ആ തീയതി മുതൽ വസ്തുനികുതി നൽകാൻ കെട്ടിട ഉടമ ബാദ്ധ്യസ്ഥനാണ്. 03.05.2020ലെ ആർ.സി.2/100/2020 സർക്കുലർ പ്രകാരം കെട്ടിടം പൂർത്തിയായതായി കെട്ടിട ഉടമ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ റിപ്പോർട്ട് സമർപ്പിച്ചാൽ നിർമ്മാണം ചട്ടങ്ങൾക്കനുസൃതമാണെങ്കിൽ 15 ദിവസത്തിനുള്ളിൽ ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകേണ്ടതും ഒക്യുപൻസി നല്കുന്ന തിയതി മുതൽ വസ്തുനികുതി ഈടാക്കേണ്ടതുമാണ്. കെട്ടിടത്തിന്റെ പൂർത്തീകരണ തിയതി 18.06.2020 ആയതിന്റെ അടിസ്ഥാനത്തിൽ 2020-21 ഒന്നാം അർദ്ധ വർഷം മുതലുള്ള വസ്തുനികുതി ഈടാക്കാമായിരുന്നു. എന്നാൽ ഒക്യുപൻസി സർട്ടിഫിക്കറ്റ് നല്കുന്നതിൽ കാലതാമസം വന്നതിനാൽ 2020-21 വർഷത്തെ വസ്തുനികുതി 132672/- രൂപ വസ്തുനികുതിയിനത്തിൽ നഷ്ടമായി.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.12/16.11.22) മറുപടി ലഭ്യമാക്കിയിട്ടില്ല. നിർമ്മാണം പൂർത്തിയായ കെട്ടിടങ്ങൾക്ക് ഒക്യുപൻസി നൽകുന്നതിലെ കാലതാമസം നികുതി നഷ്ടത്തിന് ഇടയാക്കുമെന്നതിനാൽ അപേക്ഷകളിൻമേൽ യഥാസമയം നടപടി സ്വീകരിക്കേണ്ടതാണ്.

## 1-34 വൺ ടൈം ടാക്സ് അടവാക്കിയതിന്റെ രേഖകൾ ഉറപ്പാക്കാതെ കെട്ടിട നമ്പർ നൽകി

പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോഴും നിലവിലുള്ള കെട്ടിടങ്ങളോട് കൂട്ടിചേർക്കലുകൾ വരുത്തിയ കെട്ടിടങ്ങൾക്ക് അധിക വസ്തുനികുതി നിർണ്ണയിക്കുമ്പോഴും 1975 ലെ കേരള കെട്ടിട നികുതി നിയമത്തിലെ വകുപ്പ് 5(1) പ്രകാരമുള്ള ഒറ്റത്തവണ കെട്ടിട നികുതിയുടെ ആദ്യ ഗഡു അടച്ച രസീതിയുടെ പകർപ്പോ അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഹാജരാക്കിയാൽ മാത്രം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തറവിസ്തീർണ്ണം അളന്ന് തിട്ടപ്പെടുത്തി കെട്ടിടത്തിന് നമ്പർ അനുവദിക്കുകയോ വസ്തുനികുതി നിർണ്ണയിക്കുകയോ ചെയ്യേണ്ടതാണെന്ന് സ.ഉ (എം.എസ്) നം. 231/15/തസ്വഭവ തി.9.07.2015 പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്.

2021-2022 ലെ നികുതി നിർണ്ണയ ഫയൽ പരിശോധിച്ചതിൽ വൺ ടൈം ടാക്സ് അടവാക്കിയതിന്റെ രേഖകൾ ഉറപ്പാക്കാതെ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് നമ്പർ അനുവദിച്ചിരിക്കുന്നു.

| കെട്ടിട നമ്പർ | ഉപയോഗക്രമം | കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം | അടിസ്ഥാന വാർഷിക വസ്തുനികുതി |
|---|---|---|---|
| 14/1565/1 | വാണിജ്യം | 43.85 M2 | 4210 |
| 22/479/1 | മൊബൈൽ ടവർ | 14.18 M2 | 8508 |
| 22/53/1 | മൊബൈൽ ടവർ | 1.44 M2 | 824 |
| 21/139/1 | മൊബൈൽ ടവർ | 33.86 M2 | 20316 |

രേഖകൾ ഉറപ്പാക്കാതെ കെട്ടിട നമ്പർ അനുവദിച്ച നടപടി ക്രമപ്രകാരമല്ല. മേൽ കെട്ടിടങ്ങളിൽ നിന്നും ഒറ്റത്തവണ കെട്ടിട നികുതി അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം: 84/21-22തീയതി: 30.12.2022

## 1-35 വിമുക്തഭടന്മാരുടെ വീടുകൾക്ക് വസ്തുനികുതി ഒഴിവാക്കൽ-നടപടിക്രമത്തിലെ അപാകതകൾ

സ.ഉ(കൈ)ന:106/2017/ത.സ്വ.ഭ.വ തീയതി26.05.17 നമ്പർ ഉത്തരവ് പ്രകാരം 2000ച.അടി വരെയുള്ള വിസ്തീർണ്ണമുള്ള വിമുക്തഭടന്മാരുടെയും അവരുടെ ഭാര്യമാരുടെയും/വിധവകളുടെയും യഥാർത്ഥ താമസത്തിനായി വിനിയോഗിക്കുന്ന വീടുകളെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.ഇളവിനായി ഓരോ വർഷവും മാർച്ച് 31ന് മുമ്പ് നിശ്ചിതമാതൃകയിൽ സാക്ഷ്യപത്രം സമർപ്പിക്കാൻ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്.ഒല്ലൂക്കര മേഖലാ കാര്യാലയത്തിൽ 2021-22 വർഷത്തിൽ ഇത്തരത്തിൽ നികുതി ഒഴിവാക്കുന്നതിനായി കൈക്കൊണ്ട നടപടി ക്രമങ്ങളിൽ താഴെപ്പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

2021-22 വർഷത്തെ നികുതിയിളവിനായി 2021മാർച്ച് മാസം വരെ ലഭിക്കുന്ന അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ച്

ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ അംഗീകാരം തേടണമെന്നിരിക്കേ അപേക്ഷകൾ തൃശ്ശൂർ കോർപ്പറേഷനിലേക്ക് സമർപ്പിക്കാനുള്ള നടപടിക്രമങ്ങൾ സ്ഥാപനത്തിൽ നിന്ന് 26.11.21ന് മാത്രമേ ആരംഭിച്ചിരുന്നുള്ളൂ.അതുവരെ ലഭിച്ച അപേക്ഷകൾ മുഴുവനും പരിഗണിക്കുകയും ചെയ്തു.നടപടികൾ വൈകിയതു കൊണ്ടു തന്നെ 2021-22ലെ അപേക്ഷകൾ അംഗീകരിച്ചത് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ 20.04.22ലെ 18ാം നമ്പർ തീരുമാനം പ്രകാരം അടുത്ത സാമ്പത്തിക വർഷമാദ്യം മാത്രമാണ്.നിലവിൽ വസ്തുനികുതി ഇളവിന്റെ ആനുകൂല്യം ലഭിക്കുന്നവരാണെങ്കിലും ആ വർഷം പുറപ്പെടുവിച്ച 20.02.21ലെ സ.ഉ.നം .60/21/ത.സ്വ.ഭ.വ ഉത്തരവിലെ നിബന്ധനകളനുസരിച്ച് വേണമായിരുന്നു ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാൻ.ഭരണസംവിധാനത്തിലെ അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/21-22ഒ.എൽ.കെ തീയതി.15.11.22) ലഭിച്ച മറുപടി തൃപ്തികരമല്ല.

തൃശ്ശൂർ കോർപ്പറേഷൻ 2021-22 വർഷത്തിൽ ഇത്തരത്തിൽ നികുതി ഒഴിവാക്കുന്നതിനായി കൈക്കൊണ്ട നടപടി ക്രമങ്ങളിലും താഴെപ്പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

2021-22 വർഷത്തെ നികുതിയിളവിനായി 2021മെയ് മാസം വരെ ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കാമെന്ന് 19.05.21ലെ സ.ഉ.(സാധാ)1014//21/ത.സ്വ.ഭ.വ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എങ്കിലും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ അജണ്ടയിൽ ഉൾപ്പെടുത്തി 21.01.22ലെ 25/14668/21 നമ്പർ തീരുമാനപ്രകാരം വളരെ വൈകി അടുത്ത സാമ്പത്തിക വർഷമാദ്യം മാത്രമാണ് അംഗീകരിച്ചിട്ടുള്ളത്. മാത്രമല്ല 20.02.21ലെ സ.ഉ.നം 60/21/ത.സ്വ.ഭ.വ ഉത്തരവിലെ നിബന്ധന 4 അനുസരിച്ച് സ.ഉ (കൈ)നം:106/2017/ത.സ്വ.ഭ.വ തീയതി 26.05.17 നമ്പർ ഉത്തരവിലെ ഖണ്ഡിക 6ൽ പരാമർശിക്കും പ്രകാരം ഗുണഭോക്താക്കളുടെ പേരുവിവരം രജിസ്റ്ററിൽ ചേർത്ത് സൂക്ഷിച്ചിട്ടുമില്ല.നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല.

ഓഡിറ്റ് അന്വേഷണം 90/21-22/5.01.2023

## 1-36 കേന്ദ്രസർക്കാർ കെട്ടിടത്തിൽ നിന്ന് സേവനനികുതി ഈടാക്കുന്നില്ല.

2011ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ (ചട്ടം 30.1)പ്രകാരം കേന്ദ്രസർക്കാരിന്റെ ഉടമസ്ഥതയിലുള്ളതും നികുതികളിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളതുമായ കെട്ടിടങ്ങളുടെ കാര്യത്തിൽ മുനിസിപ്പാലിറ്റിക്ക് ശുചിത്വപരിപാലനം, ജലവിതരണം, തെരുവുവിളക്കുകൾ, ഡ്രയിനേജ് എന്നീ സേവനങ്ങൾക്കായി 2ാം ഉപചട്ടത്തിൽ പറഞ്ഞിട്ടുള്ള നിരക്കിലും സർക്കാർ ഇതിലേക്കായി നിർദ്ദേശിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായും സേവനനികുതി ഈടാക്കാവുന്നതാണ്. 15.11.22ലെ 8/21-22ഒ.എൽ.കെനമ്പർ ഓഡിറ്റ് എൻക്വയറിക്ക് 29.11.22ന് ലഭ്യമാക്കിയ മറുപടി പ്രകാരം മേഖലാ കാര്യാലയത്തിന്റെ പരിധിയിൽ വരുന്ന പോസ്റ്റ്മാസ്റ്ററുടെ പേരിലുള്ള 16/794 നമ്പർ കേന്ദ്രസർക്കാർ കെട്ടിടത്തിൽ നിന്ന് സേവനനികുതി ഈടാക്കുന്നില്ല എന്നറിയിച്ചിട്ടുണ്ട്. വസ്തുനികുതി ചട്ടങ്ങൾക്കനുസരിച്ച് അർഹമായ നികുതി ഈടാക്കേണ്ടത് സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതിയുടെ പുരോഗതിക്ക് അവിഭാജ്യമാണ്.

## 1-37 വിൽവട്ടം സോണൽ ഓഫീസ് - മൊബൈൽടവറുകളുടെ വസ്തുനികുതി വിവരം

വിൽവട്ടം സോണൽ ഓഫീസ് പരിധിയിൽ വരുന്ന എല്ലാ ടവറുകളും കണ്ടെത്തി വസ്തുനികുതി നിർണ്ണയിക്കുവാൻ നഗരസഭക്ക് ആയിട്ടുണ്ടോ, ഇല്ലായെങ്കിൽ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് എൻക്വയറി നൽകി.

വിൽവട്ടം സോണൽ ഓഫീസ് പരിധിയിൽ വരുന്ന എല്ലാ മൊബൈൽ ടവറുകളുടെ താഴെപ്പറയുന്ന വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നു.

1. മൊബൈൽടവറുകളുടെ വാർഡ് തിരിച്ചുള്ള വിവരം

2. വസ്തുനികുതി കുടിശ്ശിക വരുത്തിയിട്ടുള്ള ടവറുകളുടെ വർഷം തിരിച്ചുള്ള കുടിശ്ശിക വിവരം

3. അനധികൃതമായി നിർമ്മിച്ചിരിക്കുന്ന ടവറുകളുടെ വിവരം, സ്വീകരിച്ച നടപടികൾ എന്നീ വിവരങ്ങൾ

മേൽപ്രകാരം വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം 2 തീയതി 17.11.2022 ന് സ്ഥാപനം ലഭ്യമാക്കിയ മറുപടി പ്രകാരം ഉള്ള ടവറുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| വാർഡ്/കെട്ടിടനമ്പർ | ഉടമ | വസ്തുനികുതി | നികുതി അടവാക്കിയ വിവരം |
|---|---|---|---|
| 3/625/1(Div.6 /446/1) | ഇൻഡസ് ടവർ | 10296 | 21-22 വരെ അടവാക്കി |
| 9/231/148(Div.6 /1039/3) | ഇൻഡസ് ടവർ | 12114 | 21-22 വരെ അടവാക്കി |
| 10/18/3 | ബിജു.ടി നായർ<br>ഡെ.ജനറൽ മാനേജർ<br>ഇൻഡസ് ടവർ | 11100 | 21-22 വരെ അടവാക്കി |
| 7/1623/1 | റിലയൻസ് | -- | 22-23 വരെ അടവാക്കി |
| 9/428/1 | റിലയൻസ്ജിയോ | 46779 | 22-23 വരെ അടവാക്കി |
| 9/1443(Div.8/100/1) | ഐഡിയ സെല്ലുലാർ ലിമിറ്റഡ് | 11000 | കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾസ്വീ കരിക്കുന്നു* |

* വസ്തുനികുതി ഏത് വർഷം മുതലുള്ളതാണ് കുടിശ്ശിക ഉള്ളതെന്ന് വ്യക്തമല്ല.

എല്ലാ മൊബൈൽ ടവറുകളുടെയും വസ്തുനികുതി കുടിശ്ശിക ഈടാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-38 അയ്യന്തോൾ സോണൽ-മൊബൈൽ ടവറുകളുടെ വസ്തുനികുതി അടവാക്കിയതിന്റെ വിവരം ലഭ്യമാക്കിയില്ല

അയ്യന്തോൾ മേഖലാ കാര്യാലയ പരിധിയിൽ 14 മൊബൈൽ ടവറുകൾ ഉള്ളതായി രജിസ്റ്റർ പരിശോധനയിൽ കാണുന്നു. എന്നാൽ 2 മൊബൈൽ ടവറുകൾ ഒഴികെ ബാക്കി മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ രജിസ്റ്ററിൽ ലഭ്യമല്ല. മൊബൈൽ ടവറുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഡിവിഷൻ നം. | മൊബൈൽ സർവ്വീസിന്റെ പേര് | വിസ്തീർണ്ണം | ടാക്സ് അസസ്സ്ഡ് | അസസ്മെന്റ് വർഷം |
|---|---|---|---|---|---|
| 1. | TMC 53/1250 | മൈക്രോവേവ് ടവർ (വയർലെസ് ടിടി ഇൻഫോസർവീസ് ലിമിറ്റഡ്) | $18m^2$ | 7400 | 01.07.2008 |
| 2. | TMC 53/1251 | മൈക്രോവേവ് ടവർ (വയർലെസ് ടിടി ഇൻഫോസർവീസ് ലിമിറ്റഡ്) | $18m^2$ | 7400 | 01.07.2008 |
| 3. | 54/1574/1 | M/Sറിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് | - (2.00) | 1260 | 2015-16 IInd Half |
| 4. | 46/307 | ബിഎസ്എൻഎൽ | $10.10m^2$ | 4860 | 20.08.2009 |
| 5. | 46/919/1 | എടിസി ടെലകോം ടവർ കോർപ്പറേഷൻ പ്രൈവറ്റ് ലിമിറ്റഡ് | $10.99m^2$ | 15900 | 05.12.2012 (2012-13 IInd Half) |
| 6. | 46/919/3 | റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് | - 30m (Height) | 12000 | 2014-15 IInd Half |
| 7. | 46/412/1 A | M/Sറിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് | $144m^2$ 30m (Height) | 15115 | 26.11.2014 |
| 8. | 54/1727/1 | ഇൻഡസ് ടവർ ലിമിറ്റഡ് | $6.17m^2$ | 12780 | 2003-04 1st Half |
| 9. | 55/157/1 | കെ വി രാമമൂർത്തി, റിലയൻസ് അസോസിയേഷൻ പ്രൈവറ്റ് ലിമിറ്റഡ് | - 42m (Height) | 4900 | 2003-04 IInd Half |
| 10. | 53/541/1 | റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് | - 6.5m (Height) | 3250 | 04.01.2014 |
| 11. | 54/421 | വയർലെസ് ടിടി ഇൻഫോകോം സർവീസ് ലിമിറ്റഡ് | $19.25m^2$ | 7400 | 18.09.2009 |
| 12. | 53/345/1 | M/Sറിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് | $2.12m^2$ | 1334 | 2015-16 1st Half |
| 13. | 54/1447/4 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | - | 5496 | 2017-18 1st Half |
| 14. | TMC/49 /972/1 | M/S ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | - | 12210 | 2014-15 |

ഏതു കാലയളവുവരെ നികുതി ഈടാക്കി എന്ന ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.03/15.11.2022) മറുപടി ലഭ്യമാക്കിയില്ല. മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

കേരള മുനിസിപ്പാലിറ്റി ആക്ട് 539 ാം വകുപ്പ് പ്രകാരം നഗരസഭയ്ക്ക് കിട്ടേണ്ട ഏതെങ്കിലും തുകയുടെ കാര്യത്തിൽ 3 വർഷം കഴിഞ്ഞാൽ ജപ്തി, വ്യവഹാരം എന്നീ ശിക്ഷാനടപടികൾ സ്വീകരിക്കാൻ പാടുള്ളതല്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിനാൽ മൊബൈൽ ടവറുകളുടെ വസ്തു നികുതി യഥാസമയം പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-39 അയ്യന്തോൾ സോണൽ-അനധികൃത കെട്ടിടങ്ങളുടെ വസ്തുനികുതി അടവാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല

കേരളാ മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 242 പ്രകാരം മുനിസിപ്പാലിറ്റി ആക്ടിലോ അതിൻ കീഴിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളോ പ്രകാരം ഏതെങ്കിലും ആൾ ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്താൽ അയാൾക്കെതിരെ സ്വീകരിക്കുന്ന ഏതെങ്കിലും നടപടിക്ക് ഹാനി കൂടാതെ കെട്ടിടം പണി പൂർത്തിയാക്കുകയോ അത് 233-ാംവകുപ്പ് 20ാം ഉപവകുപ്പിൽ പറയുന്ന ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ അതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ ആ കെട്ടിടം പൊളിച്ചു മാറ്റുന്ന തീയതി വരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തു നികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തുനികുതിയായി ഉടമസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

അയ്യന്തോൾ മേഖലാ കാര്യാലയത്തിലെ UA രജിസ്റ്റർ പരിശോധിച്ചതിൽ അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങളുടെ വസ്തു നികുതി അടവാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല. ചില അനധികൃത കെട്ടിടങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

| ഡിവിഷൻനം./കെട്ടിട നം. | കെട്ടിട ഉടമ | വിസ്തീർണ്ണം | വസ്തു നികുതി BT+LC+ST |
|---|---|---|---|
| 53/1214/1 (UA) | ഡയസ്സ് | 185.31 $M^2$ | 61152+3058+6115 |
| TMC/49/1133(1) UA | ജോയ് ജോൺ.സി | 84 $M^2$ | 14112+706 |
| TMC/50/959/1 UA | സുജ.വി.ബി | 201.30 $M^2$ | 46500+2325 |
| TMC/46/1093(2) UA | വർഗ്ഗീസ്.വി.ഡി | 17.26 $M^2$ | 4140+207 |
| 45/1471/1 UA | ജോസഫ് | 80 $M^2$ | 19200+960 |
| 45/1465/1 UA | രാജി W/O വാസു | 79.54 $M^2$ | 3939+197+394 |
| 45/1465/2 UA | Do | 10.40 $M^2$ | 2745+137+275 |
| 45/1465/3 UA | Do | 21.30 $M^2$ | 5625+281+563 |
| 45/1465/4 UA | Do | 24.07 $M^2$ | 6357+318+636 |
| 45/1465/5 UA | Do | 30.35 $M^2$ | 8013+401+801 |
| TMC/55/1192/4 UA | നിക്കോളാസ്.വി. ലാസർ | 17.40 $M^2$ | 5010+251 |
| TMC/55/1192/5 UA | Do | 20.10 $M^2$ | 5790+290 |
| TMC/55/1192/6 UA | Do | 28 $M^2$ | 8064+403 |
| TMC/55/1233/10 UA | എം.എ.യൂസഫലി & എം.എ.അഷറഫലി | 208 $M^2$ | 92664+4633 |
| 50/600(1)UA | ബലരാമൻ | 229.09 $M^2$ | 9280+464 |
| 49/902/1(UA) | കൊച്ചനിയൻ & കമലം | 115.35 $M^2$ | 4671+234+467 |
| TMC/46/816(2) UA | ജിൻകോ | 133.34 $M^2$ | 5400+270 |
| 46/268/1 UA | Fr. തങ്കച്ചൻ.എൻ.പോൾ | 519.42 $M^2$ | 25716+1286+2572 |
| 49/1481(2) | സാവിത്രി | 109.36 $M^2$ | 3936+198 |
| TMC/54/2029/1 UA | അനില ലാസർ | 80 $M^2$ | 17280+864 |
| 49/489/15/b(UA) | വികാരി, ചെറുപുഷ്പം ചർച്ച് | 779.89 $M^2$ | 42114+2106 |
| 49/489/15/a(UA) | Do | 779.89 $M^2$ | 140382+7020 |
| 53/670/32 UA | സെയ്തലി & സ്മിത സെയ്തലി | 106.88 $M^2$ | 5292+266 |
| TMC/53/ UA 333 | സെക്രട്ടറി/പ്രസിഡന്റ് തേഞ്ചിത്ത്കാവ് ക്ഷേത്രസംരക്ഷണ സമിതി | 1611.15 $M^2$ | 326259+16313 |

മേൽ കെട്ടിടങ്ങളുടേയും യു.എ. രജിസ്റ്റർ പ്രകാരമുള്ള മറ്റ് കെട്ടിടങ്ങളുടേയും വസ്തുനികുതി അടവാക്കിയതിന്റ വിവരങ്ങളും കുടിശ്ശിക സംബന്ധിച്ച വിവരങ്ങളും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.01 /15.11.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 539- കിട്ടേണ്ട തുകകൾ വസൂലാക്കുന്നതിന് കാലാഹരണം, പ്രകാരം തുകകൾ നഷ്ടമാകുമെന്നതിനാൽ UA കെട്ടിടങ്ങളുടെ വസ്തുനികുതി യഥാസമയം പിരിച്ചെടുക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. മാത്രവുമല്ല അനധികൃത കെട്ടിടങ്ങളുടെ വസ്തു നികുതി യഥാസമയം പിരിച്ചെടുക്കാത്തതുമൂലം വസ്തു നികുതിയിനത്തിൽ സ്ഥാപനത്തിന് വൻ നഷ്ടവും ഉണ്ടാകുന്നുവെന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു. ആയതിനാൽ അനധികൃത കെട്ടിടങ്ങളുടെ വസ്തുനികുതി യഥാസമയം ഉറപ്പാക്കുവാൻ പ്രത്യേകം ശ്രദ്ധ പുലർത്തേണ്ടതാണ്. അനധികൃത കെട്ടിടങ്ങളുടെ വസ്തുനികുതി അടവാക്കിയതിന്റെ വിവരങ്ങൾ (കുടിശ്ശിക ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരങ്ങളും) ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-40 ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകിയതിൽ കാലതാമസം - വസ്തുനികുതി നഷ്ടം

ഫയൽ നം. VBA/310/14-15

വിൽവട്ടം സോണൽ ഓഫീസിന്റെ പരിധിയിലുള്ള 9ാം ഡിവിഷനിൽ നെൽസൺ എം വി,ബിജു എം,വി,മിനി വർഗിസ് ഉടമസ്ഥതയിൽ 1695.26 M2 വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടത്തിന്റെ പണി 10.11.2019 തീയതിയിൽ പൂർത്തീകരിച്ചിട്ടുള്ളതായി ഫയലിലും ഒക്കുപ്പൻസി സർട്ടിഫിക്കറ്റിലും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 09.03.2021 തിയ്യതിയിലാണ് ഒക്യുപൻസി അനുവദിച്ചിട്ടുള്ളത്. ടി കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി 2020-21 രണ്ടാം അർദ്ധ വർഷം മുതലാണ് കണക്കാക്കിയിട്ടുള്ളത്.

| കെട്ടിടനം | വസ്തുനികുതി+ലൈബ്രറിസെസ്+സേവനഉപ നികുതി |
|---|---|
| 9/473/1 | 51928+2597+5193 |

| | |
|---|---|
| 9/473/2 | 41360+2068+4136 |
| 9/473/3 | 28481+1425+2849 |
| 9/473/4 | 27281+1365+2729 |

10.11.2019 ന് നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടത്തിന് 09.03.21 നാണ് ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകിയിരിക്കുന്നത്. 03.05.2020ലെ ആർ.സി.2/100/2020 സർക്കുലർ പ്രകാരം കെട്ടിടം പൂർത്തിയായതായി കെട്ടിട ഉടമ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ റിപ്പോർട്ട് സമർപ്പിച്ചാൽ നിർമ്മാണം ചട്ടങ്ങൾക്കനുസൃതമാണെങ്കിൽ 15 ദിവസത്തിനുള്ളിൽ ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകേണ്ടതും ഒക്യുപൻസി നല്കുന്ന തിയതി മുതൽ വസ്തുനികുതി ഈടാക്കേണ്ടതുമാണ്. എന്നാൽ ഒക്യുപൻസി സർട്ടിഫിക്കറ്റ് നല്കുന്നതിൽ കാലതാമസം വന്നതിനാൽ 2019-20 രണ്ടാം അർദ്ധ വർഷം മുതലുള്ള വസ്തുനികുതി നഷ്ടമായി. എന്നു മുതലാണ് വസ്തുനികുതി നിർണ്ണയിച്ചത് എന്ന് വ്യക്തമല്ല.

ഓഡിറ്റ് എൻക്വയറി നം. 7 / 2021-22 തിയതി 18/11/2022 ന് മറുപടിയായി 13.11.2019 നാണ് കംപ്ലീഷൻ പ്ലാൻ സമർപ്പിച്ചത് എന്നും 27.12.2019,17.1.20,27.2.20 തീയതികളിൽ നോട്ടീസ് നൽകിയതായും 30.12.19,13.2.20,12.3.20 ന് മറുപടി ലഭ്യമാക്കുകയും ചെയ്തതായും സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.05.08.20ന് ഫയർ NOC ക്ക് നൽകി. 28.12.20 ന് ഫയർ NOC ഹാജരാക്കി. ന്യൂനതകൾ പൂർണ്ണമായും പരിഹരിച്ചത് 27.02.21 നാണ്. പ്ലാൻ സമർപ്പിച്ചതിലെ അപാകതകൾ മൂലമാണ് ഒക്കുപ്പൻസി വൈകിയത് എന്നാണ് സ്ഥാപനത്തിന്റെ മറുപടി.

2019ൽ പണി പൂർത്തിയായ കെട്ടിടത്തിന് 1994 കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 242 പ്രകാരം നടപടികൾ സ്വീകരിച്ചിട്ടില്ല.വസ്തുനികുതിയും അതിന്റെ രണ്ടിരട്ടിയും ഈടാക്കുവാൻ സ്ഥാപനത്തിന് സാധിക്കാതെ പോയി. ഭാവിയിൽ ഇത്തരത്തിൽ വസ്തുനികുതി നഷ്ടപ്പെടാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-41 അയ്യന്തോൾ സോണൽ- വസ്തുനികുതി - ഡി.സി.ബി.പൊരുത്തപ്പെടുന്നില്ല.

2021-22 സാമ്പത്തിക വർഷത്തെ വസ്തു നികുതി വർഷാന്ത്യ കളക്ഷൻ സംക്ഷിപ്തം, വാർഷിക വരവ് അക്കൗണ്ട് ഹെഡ്ഡിലെ കൺസോളിഡേറ്റഡ് തുകയുമായി പൊരുത്തപ്പെടുന്നില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| അക്കൗണ്ട് ഹെഡ് | അക്കൗണ്ട് ഹെഡ് വൈസ് കൺസോളിഡേഷൻ തുക | ഡി.സി.ബി. പ്രകാരം കളക്ഷൻ തുക |
|---|---|---|
| 431100100 (കറന്റ്) | 16830609 | 23767193 |

മേൽ വ്യത്യാസത്തിന് വിശദീകരണം നൽകുമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.11/ 21-22തിയതി.16.11.22) നല്കിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-42 അനധികൃതനിർമ്മാണം - വസ്തുനികുതി ഈടാക്കിയ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

വിൽവട്ടം മേഖലാ കാര്യാലയത്തിന്റെ അനധികൃതനിർമ്മാണ രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർത്തിട്ടുള്ള അനധികൃത കെട്ടിടത്തിന്റെ UA നികുതി എന്ന് മുതലാണ് നിർണ്ണയിച്ചിട്ടുള്ളത്, ഏത് വരെയുള്ള നികുതി അടവാക്കിയിട്ടുണ്ട്, കെട്ടിടം ക്രമവൽക്കരിച്ചിട്ടുണ്ടോ എന്ന വിവരങ്ങൾ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.

കെട്ടിടത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| കെട്ടിടനം. | ഉടമസ്ഥൻ | വിസ്തീർണ്ണം | നികുതി |
|---|---|---|---|
| UA/5/418/9 | ജനറൽ മാനേജർ, ടി ഡി സിബി | 11ച.മീ | 3030 |
| UA/5/418/10 | ജനറൽ മാനേജർ, ടി ഡി സിബി | 734 ച.മീ | 87000 |
| UA/5/418/11 | ജനറൽ മാനേജർ, ടി ഡി സിബി | 609 ച.മീ | 72900 |
| UA/5/418/12 | ജനറൽ മാനേജർ, ടി ഡി സിബി | 734ച.മീ | 288900 |
| UA/5/418/13 | ജനറൽ മാനേജർ, ടി ഡി സിബി | 621ച.മീ | 66900 |
| UA/5/418/14 | ജനറൽ മാനേജർ, ടി ഡി സിബി | 621ച.മീ | 65700 |
| UA/5/418/15 | ജനറൽ മാനേജർ, ടി ഡി സിബി | 597ച.മീ | 59940 |
| UA/5/418/16 | ജനറൽ മാനേജർ, ടി ഡി സിബി | 597ച.മീ | 58500 |
| UA/5/418/17 | ജനറൽ മാനേജർ, ടി ഡി സിബി | 597ച.മീ | 57060 |
| UA/5/418/18 | ജനറൽ മാനേജർ, ടി ഡി സിബി | | 16440 |

വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി- 14/19.11.2022ന് മറുപടിയായി കെട്ടിടം ക്രമവൽക്കരിച്ചിട്ടില്ല എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

കേരളാ മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 242 പ്രകാരം മുനിസിപ്പാലിറ്റി ആക്ടിലോ അതിൻ കീഴിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളോ പ്രകാരം ഏതെങ്കിലും വ്യക്തി ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്താൽ അയാൾക്കെതിരെ സ്വീകരിക്കുന്ന ഏതെങ്കിലും നടപടിക്ക് ഹാനി കൂടാതെ കെട്ടിടം പണി പൂർത്തിയാക്കുകയോ അത് 233-ാംവകുപ്പ് 2ാം ഉപവകുപ്പിൽ പറയുന്ന ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ അതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ ആ കെട്ടിടം പൊളിച്ചു മാറ്റുന്ന തീയതി വരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തു നികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തുനികുതിയായി ഉടമസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

സ്ഥാപനം ക്രമവൽക്കരിച്ചിട്ടില്ലാത്തതിനാൽ വസ്തുനികുതി ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. വസ്തുനികുതി ഈടാക്കി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-43 വസ്തുനികുതി ഈടാക്കിയിട്ടില്ല

ഫയൽ നം. VBA /396/19-20 (വിൽവട്ടം മേഖലാകാര്യാലയം)

ഡിവിഷൻ നം.-- 6/1039/4

ഒക്കുപ്പൻസി തീയതി -- 24.02.2021

വിസ്തീർണ്ണം -- GF (Exis) – 2577.56ച.മീ

Completed – 1698.70 ച.മീ

ആകെ --- 4276.26 ച.മീ.

പൂർത്തീകരണതീയതി-- 05.03.2020

കെട്ടിടവിവരങ്ങൾ

| കെട്ടിടത്തിന്റെ തരം | വിസ്തീർണ്ണം | പഴക്കം | ഉടമസ്ഥൻ | വസ്തുനികുതി BT+ LC+ ST |
|---|---|---|---|---|
| ഓഡിറ്റോറിയം | 4276.26ച.മീ | 10വർഷത്തിൽ താഴെ | ഡയറക്ടർ,പോലീസ് അക്കാദമി | 267267+13363+26727 (2020–21 ഒന്നാം അർദ്ധവർഷം) |

ഫയലിൽ ലഭ്യമായ ഈ കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരം 2577.56 ച.മീ നിലവിലുള്ള കെട്ടിടവും 1698.70 ച.മീ പുതിയതായി നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടവും ആണ്. എന്നാൽ മൊത്തം കെട്ടിടത്തിന്റെയും വസ്തുനികുതി 2020-21 സാമ്പത്തികവർഷം മുതലാണ് നിർണ്ണയിച്ചിട്ടുള്ളത്. പഴയ കെട്ടിടത്തിന് പെർമിറ്റ് എടുത്തിരുന്നുവെങ്കിൽ ആയതിന്റെ വിവരം, പുതിയ കെട്ടിടത്തിന്റെ പെർമിറ്റ് വിവരം, പഴയ കെട്ടിടം ക്രമവൽക്കരിച്ചിരുന്നുവെങ്കിൽ ആയതിന്റെ വിവരം, എന്തുകൊണ്ടാണ് പഴയ കെട്ടിടത്തിന് യഥാസമയം നികുതി നിർണ്ണയിക്കാതിരുന്നത് എന്ന വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി -10/ 19.11.2022ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

2577.56ച.മീ കെട്ടിടത്തിന് യഥാസമയം വസ്തുനികുതി നിർണ്ണയിക്കാത്തതുമൂലം സ്ഥാപനത്തിന് നഷ്ടമുണ്ടായി. മേഖലാ കാര്യാലയത്തിന് കീഴിലുള്ള ഡിവിഷനുകളിൽ ഉള്ള എല്ലാ കെട്ടിടങ്ങൾക്കും യഥാസമയം നികുതി നിർണ്ണയിക്കുന്നുണ്ട് എന്ന് സ്ഥാപനം ഉറപ്പുവരുത്തേണ്ടതാണ്.

## 1-44 തൊഴിൽ നികുതി-രജിസ്റ്ററുകൾ, വരുമാനനിർണ്ണയ പത്രികകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

കോർപറേഷൻ കാര്യാലയത്തിന്റെ പരിധിയിലുൾപ്പെടുന്ന സ്ഥാപനങ്ങളുടെ തൊഴിൽ നികുതി രജിസ്റ്റർ, വരുമാനനിർണ്ണയ പത്രികകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ അപൂർണ്ണമാണ്

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ നികുതി അടവാക്കിയതിന്റെ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. ഡിമാന്റ്, കളക്ഷൻ ബാലൻസ് എന്നിവയുടെ സംക്ഷിപ്തം തയ്യാറാക്കി ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. 1994ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 257, 2005ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 10 എന്നിവ പ്രകാരം ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കേണ്ടതും, പൂർണ്ണമായ നികുതി വരവ് വിവരങ്ങൾ രേഖപ്പെടുത്തേണ്ടതും ,വർഷാന്ത്യ സംക്ഷിപ്തം രേഖപ്പെടുത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ആധികാരിമാക്കി സൂക്ഷിക്കേണ്ടതുമാണ്

2. തൊഴിൽ നികുതി അസസ്സ്മെന്റ് ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

വ്യാപാര സ്ഥാപനങ്ങളുടെ /ജീവനക്കാരുടെ തൊഴിൽ നികുതി അസസ്സ്മെന്റ് ഫയൽ കാലികമാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനായി തൊഴിൽ നികുതി അസസ്സ്മെന്റ് ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.ഓരോ അർദ്ധവർഷവും മെയ് മാസത്തിലും നവംബർ മാസത്തിലും തൊഴിൽ നികുതി തിട്ടപ്പെടുത്തുന്നതിനായി വ്യാപാര സ്ഥാപനങ്ങളുടെ /ജീവനക്കാരുടെ അസസ്സ്മെന്റ് ലിസ്റ്റ് കാലികമാക്കി തയ്യാറാക്കേണ്ടതുമാണ്. ആയതു പ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം ചെയ്യേണ്ടതുമാണ് (1994ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 254)

3. ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയ സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല.

1994ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 245, 2005ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 3(5), 3(6) എന്നിവ പ്രകാരം ബാങ്കിംഗ് കമ്പനിയായി ബാങ്കിംഗ് റഗുലേഷൻ ആക്ടിൽ നിർവ്വചിക്കപ്പെട്ടിട്ടുള്ള ബാങ്കിംഗ് സ്ഥാപനങ്ങൾ, ബാങ്ക് ശാഖകൾ, ബാങ്കർമാർ, സഹകരണ സംഘം ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സഹകരണ സംഘങ്ങൾ (സംസ്ഥാന, ജില്ലാ സഹകരണ ബാങ്കുകൾ, അർബൻ ബാങ്കുകൾ അത്തരം സഹകരണ ബാങ്കുകളുടെ ശാഖകൾ എന്നിവ ഉൾപ്പെടെ) ചട്ടങ്ങൾ (4) പ്രകാരം സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, കമ്പനികൾ, കച്ചവടം നടത്തുന്നവർ എന്നിവയിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പല സ്ഥാപനങ്ങളും ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിലും സ്ഥാപന തൊഴിൽ നികുതി അടവാക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്/ ഡിവിഷൻ | സ്ഥാപനം | അടവാക്കാത്ത അർദ്ധവർഷം |
|---|---|---|---|
| 1 | 36 | ഷെയർവെൽത്ത് ചിറ്റ്സ് ലിമിറ്റഡ് | II |
| 2 | 36 | ആക്സിസ് ബാങ്ക് | II |

| | | | |
|---|---|---|---|
| 3 | 36 | തൃശ്ശൂർ കുറി സിന്റിക്കേറ്റ് ലിമിറ്റഡ് | II |
| 4 | 36 | തൃശ്ശൂർ സർവ്വീസ് കോർപറേറ്റീവ് ബാങ്ക് ലിമിറ്റഡ് | II |
| 5 | 36 | ന്യൂ മിലിനേയം കുറീസ് ലിമിറ്റഡ് | II |
| 6 | 36 | മണപ്പുറം ഫൈനാൻസ് ലിമിറ്റഡ് | II |

4. സ്ഥാപനം/ട്രേഡേഴ്സ് രജിസ്റ്ററിൽ ചേർത്തിട്ടുള്ള പല സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി കാണുന്നില്ല.

നഗരസഭയുടെ തൊഴിൽ നികുതി ചട്ടങ്ങൾ (2005) പ്രകാരം 3(1) മുതൽ 3(11) വരെ, സ്വയം തൊഴിൽ ചെയ്യുന്നവർ, കമ്പനികൾ, സ്ഥാപനങ്ങൾ, മറ്റ് വ്യക്തികൾ മുതലായലവർക്ക് അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി 1250 രൂപ തൊഴിൽ നികുതി ഈടാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സ്ഥാപനം/ട്രേഡേഴ്സ് രജിസ്റ്ററിൽ ചേർത്തിട്ടുള്ള പല സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി കാണുന്നില്ല.

ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | ഡിവിഷൻ | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|---|
| 1 | 1 | എലൈറ്റ് സൂപ്പർ മാർക്കറ്റ് | I&II |
| 2 | 1 | ചേലൂർ ഡെവലപ്പേഴ്സ് | I&II |
| 3 | 1 | നന്ദനം ടൈൽ &സാനറ്ററീസ് | I&II |
| 4 | 2 | മുത്തൂറ്റ്ഫിനാൻസ് കോർപ്പ് | I&II |
| 5 | 2 | DIE BOLD NIX DORF | I&II |
| 6 | 3 | ലക്ഷ്മി ആയുർവേദ ഹോസ്പിറ്റൽ | I&II |
| 7 | 3 | ശങ്കര ബിൽഡിംഗ് പ്രൊഡക് റ്റ് ലിമിറ്റഡ് | I&II |
| 8 | 21 | ചെന്നൈ ആനന്ദ്ഭവൻ | I |
| 9 | 21 | അർബൻ പ്രൈമറി ഹെൽത്ത് സെന്റർ | II |
| 10 | 21 | HRCLPS നടത്തറ | I&II |
| 11 | 21 | Space Scape Architecture | I&II |
| 12 | 21 | പൂരം കുറീസ് ലിമിറ്റഡ് | II |
| 13 | 22 | Cerachem പ്രൈവറ്റ് ലിമിറ്റഡ് | I&II |
| 14 | 22 | സൗത്ത് ഇന്ത്യൻ ബാങ്ക് | I&II |
| 15 | 22 | മഞ്ഞിലാസ് ഫുഡ് ടെക്ക്.പ്രൈവറ്റ് ലിമിറ്റഡ് | I&II |
| 16 | 22 | BVC Longistic .പ്രൈവറ്റ് ലിമിറ്റഡ് | I&II |
| 17 | 22 | MTHS ചേലക്കോട്ടുക്കര | I |
| 18 | 39 | അരമന ബാർ ആന്റ് റെസ്റ്റോറന്റ് | I&II |
| 19 | 39 | TIA TECH Health Technology | I&II |
| 20 | 39 | ഫെഡറൽ ബാങ്ക് ലിമിറ്റഡ് | I&II |
| 21 | 39 | മണപ്പുറം ഫൈനാൻസ് ലിമിറ്റഡ് | I&II |
| 22 | 39 | UAE Exchange & ഫൈനാൻസ് ലിമിറ്റഡ് | I&II |
| 23 | 39 | My G കുറുപ്പം റോഡ് | I&II |
| 24 | 39 | കാത്തൂർ വൈശ്യ ബാങ്ക് | I&II |
| 25 | 36 | Cathelic Syriyan Bank | II |
| 26 | 36 | Ming Palace | I&II |
| 27 | 36 | ഹോട്ടൽ ഭാരത് | II |
| 28 | 36 | രാഗം തിയേറ്റർ | I&II |
| 29 | 36 | HDFC സ്റ്റാൻറ്റേഡ് ലൈഫ് ഇൻഷൂറൻസ് | I&II |
| 30 | 36 | Share Wealth Commodities | I&II |

5. തൊഴിൽ നികുതി ഡിമാന്റ് കളക്ഷൻ രജിസ്റ്ററുകൾ കാലികമാക്കുന്നില്ല.

ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് കളക്ഷൻ രജിസ്റ്ററുകൾ എല്ലാ വിവരങ്ങളും ചേർത്ത് കാലികമാക്കുന്നില്ല. പല സർക്കാർ സ്ഥാപനങ്ങളും തൊഴിൽ നികുതി അടവാക്കാത്തതായി കാണുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/ ഡിവിഷൻ | പേരുവിവരം | അർദ്ധ വർഷം |
|---|---|---|---|
| 1 | 3 | അസിസ്റ്റന്റ് ഡയറക്ടർ , സോയിൽ സർവ്വെ | I&II |
| 2 | 3 | ഡെപ്യൂട്ടി ഡയറക്ടർ, സോയിൽ സർവ്വെ | I&II |
| 3 | 3 | Dist, National Employment Office | I&II |
| 4 | 3 | Thasildhar ,Revenue Recovery | I&II |
| 5 | 3 | സബ്ട്രഷറി ,ചെമ്പുക്കാവ് | I&II |
| 6 | 3 | പബ്ലിക് പ്രൊസിക്യൂട്ടർ | I&II |

| | | | |
|---|---|---|---|
| | | ആന്റി കറപ്ഷൻ വിംഗ് | |
| 7 | 3 | താലൂക്ക് സപ്ളെ ഓഫീസ് | I&II |
| 8 | 3 | സബ് തഹസിൽദാർ, ലൈൻ-1 | I&II |

6.വരുമാന പത്രികകളിൽ കൃത്യമായ അർദ്ധവാർഷിക വരുമാനം രേഖപ്പെടുത്തുന്നില്ല

സ്ഥാപനങ്ങൾ ഹാജരാക്കിയ വരുമാന പത്രികകളിൽ പലതിലും കൃത്യമായ അർദ്ധവാർഷിക വരുമാനം രേഖപ്പെടുത്തുന്നില്ല.ആയതിനാൽ തൊഴിൽ നികുതി ഈടാക്കിയതിന്റെ കൃത്യത ഉറപ്പു വരുത്താൻ സാധിക്കുന്നില്ല. സ്ഥാപനം വരുമാന പത്രികകൾ സമർപ്പിക്കുന്ന വേളയിൽ ആയത് പരിശോധിക്കാതെ നികുതി സ്വീകരിക്കുന്നതിനാൽ തൊഴിൽ നികുതി വരവിനത്തിൽ നഷ്ടം സംഭവിക്കുന്നുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | പേരു വിവരം | ഡിവിഷൻ |
|---|---|---|
| 1 | ICICI ബാങ്ക് ഈസ്റ്റ്ഫോർട്ട് ,തൃശ്ശൂർ | 12 |
| 2 | രാമവർമ്മ ആയുർവേദ ഹോസ്പിറ്റൽ തൃശ്ശൂർ | 36 |
| 3 | Vishraam Builders | 1 |
| 4 | Indusland Bank Ltd | 3 |
| 5 | കുളശ്ശേരി ദേവസ്വം ഓഫീസ് | 39 |

7. തൊഴിൽ നികുതി - കുറവ് ഈടാക്കിയിരിക്കുന്നു

എ) കോർപറേഷൻ കാര്യാലയത്തിന്റെ പരിധിയിലുൾപ്പെടുന്ന പല സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2005 കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3(1) പട്ടിക പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേരു വിവരം | അർദ്ധ വാർഷിക വരുമാനം/വർഷം | ഈടാക്കേണ്ടിയിരുന്ന തുക | ഈടാക്കിയ തുക | വ്യത്യാസം |
|---|---|---|---|---|---|
| 1 | ഓമന.കെ.യു PTS, ഡെപ്യൂട്ടി സൂപ്രണ്ട്ഓഫ് പോലീസ് | 107964/ I | 1000 | 750 | 250 |
| 2 | അരുൺകുമാർ ടി. എം, ബിസിനസ്സ് മാനേജർ, ഇക്കോമാർക്ക് ജെനറൽ ഫിനാൻസ് &ലീസിംഗ് Ltd | 84000/ II | 750 | 450 | 300 |
| 3 | കീർത്തി കൃഷ്ണ.കെ.കെ ICICI ബാങ്ക്, മാരാർറോഡ്, തൃശ്ശൂർ | 58896/ II | 450 | 200 | 250 |
| 4 | സനീഷ്.വി.എസ് ICICI ബാങ്ക് മാരാർറോഡ്, തൃശ്ശൂർ | 112728/ II | 1000 | 500 | 500 |
| 5 | നിധിൻകൃഷ്ണ ICICIബാങ്ക് മാരാർറോഡ്, തൃശ്ശൂർ | 76200/ II | 750 | 400 | 350 |
| 6 | കീർത്തി കൃഷ്ണ.കെ.കെ ICICIബാങ്ക് മാരാർറോഡ്, തൃശ്ശൂർ | 72000/ I | 600 | 200 | 400 |
| 7 | സേവിയർ.ടി.ജെ, ജവഹർ ബാലഭവൻ | 131700 (21950*6)/ II | 1250 | 1000 | 250 |
| 8 | ഗീത.കെ.വി ജവഹർ ബാലഭവൻ | 138900 (23150*6)/ II | 1250 | 1000 | 250 |

| | | | | | |
|---|---|---|---|---|---|
| 9 | ബാബു.കെ.ഡി ജവഹർ ബാലഭവൻ | 135300 (22550*6)/ II | 1250 | 1000 | 250 |
| 10 | ശരവണൻ.എസ്, Chethana Merchandise PVT.LTD,പൂങ്കുന്നം | 102360/ II | 1000 | 750 | 250 |
| 11 | സാംബശിവൻ.എ Chethana Merchandise PVT.LTD,പൂങ്കുന്നം | 102360/ II | 1000 | 750 | 250 |
| 12 | ആഷിക്.പി.വി. Axis Bank Ltd, അശ്വനി ജംഗ്ഷൻ | 99995/ II | 750 | 650 | 100 |
| 13 | രേഷ്മ സൂസൻ വർഗ്ഗീസ്, അസിസ്റ്റന്റ് മാനേർ, HDFCBANK Round North | 100000/ I | 1000 | 600 | 400 |
| 14 | മനു.കെ.എസ് HDFC BANK Round North | 80000/ I | 750 | 300 | 450 |
| 15 | സേവ്യർ.സി.ജെ, ജവഹർ ബാലഭവൻ | 24700*6/ I | 1250 | 1000 | 250 |
| 16 | ഗീത.കെ,വി ജവഹർബാലഭവൻ | 27150*6/ I | 1250 | 1000 | 250 |
| 17 | ബാബു.കെ.ഡി. ജവഹർബാലഭവൻ | 26550*6/ I | 1250 | 1000 | 250 |
| ആകെ | | | | | 5000 |

ബി) കോർപറേഷന്റെ 2ാം ഡിവിഷനിലെ സീതാറാം ടെക്സ്റ്റയിൽസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിലെ സ്ഥാപന മേധാവി സമർപ്പിച്ച വരുമാന പത്രികയിൽ ചില ജീവനക്കാരിൽ നിന്നും ഒന്നാം അർദ്ധ തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3(1) പട്ടിക പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേരു വിവരം | അർദ്ധ വാർഷിക വരുമാനം | ഈടാക്കേണ്ടിയിരുന്ന തുക | ഈടാക്കിയ തുക | വ്യത്യാസം |
|---|---|---|---|---|---|
| 1 | കെ.ഡി ഡെൽസൺ | 79867 | 750 | 625 | 125 |
| 2. | പി.എസ്. ശ്രീദാസ് | 79647 | 750 | 625 | 125 |
| 3 | എം.എം.കല | 80203 | 750 | 625 | 125 |
| 4 | എം.കെ.രാധിക | 80197 | 750 | 625 | 125 |
| 5 | പി,വി.ബീന | 79840 | 750 | 625 | 125 |
| 6 | രാധഭാഗ്യൻ | 80061 | 750 | 625 | 125 |
| 7 | വി,ആർ.സ്മിത | 47839 | 450 | 375 | 75 |
| 8 | മിനിമനോജ് | 32069 | 300 | 250 | 50 |
| 9 | കെ.എസ് സനൽ | 79529 | 750 | 625 | 125 |
| 10 | പി.ഷിജു | 31805 | 300 | 250 | 50 |
| 11 | പി.എം.നിമിഷ | 80062 | 750 | 625 | 125 |
| 12 | കെ.എം.രശ്മി | 79512 | 750 | 625 | 125 |
| 13 | രാജേഷ്.സി.വി | 80052 | 750 | 625 | 125 |
| 14 | പി,കെ,സുജാത | 79471 | 750 | 625 | 125 |
| 15 | എ.യു.സരിത | 79691 | 750 | 625 | 125 |
| 16 | ടി.എം.സുമതി | 79622 | 750 | 625 | 125 |
| 17 | കെ.എം ഗണേശൻ | 47815 | 450 | 375 | 75 |
| 18 | കെ.എം.സുരജ് | 79581 | 750 | 625 | 125 |
| 19 | അഞ്ജു .ടി.എസ് | 47749 | 450 | 375 | 75 |
| 20 | ഷിമ.കെ.പി | 79581 | 750 | 625 | 125 |
| 21 | പ്രിയകണ്ണൻ | 79581 | 750 | 625 | 125 |
| 23 | ത്രേസ്യരാജു | 79581 | 750 | 625 | 125 |

| | | | | | |
|---|---|---|---|---|---|
| 24 | സീനസുനിൽ | 79581 | 750 | 625 | 125 |
| 25 | സുനിത ഭായ്.കെ.എ | 79581 | 750 | 625 | 125 |
| 26 | ലൈജ.കെ.ഡി | 79581 | 750 | 625 | 125 |
| 27 | അജിത.കെ.എസ്. | 79471 | 750 | 625 | 125 |
| 28 | പ്രവീണ.എം.പി. | 79333 | 750 | 625 | 125 |
| 29 | സെയ്തുമുഹമ്മദ്.പി.എ | 79333 | 750 | 625 | 125 |
| 30 | പ്രണവ്.കെ.പി. | 79333 | 750 | 625 | 125 |
| 31 | വിപിൻദാസ്.ടി | 79333 | 750 | 625 | 125 |
| 32 | സ്മിത.വി,കെ | 79333 | 750 | 625 | 125 |
| 33 | സുരേശൻ.ബി | 79333 | 750 | 625 | 125 |
| 34 | അരുൺ.പി.യു. | 79333 | 750 | 625 | 125 |
| 35 | വിവേക്.ഇ.എസ് | 79333 | 750 | 625 | 125 |
| 36 | രാഹുൽദാസ്.പി.എം | 31733 | 300 | 250 | 50 |
| ആകെ | | | | | 4000 |

സി) കോർപറേഷന്റെ 30ം ഡിവിഷനിലെ Indosind Bank, തൃശ്ശൂർ എന്ന സ്ഥാപനത്തിലെ സ്ഥാപന മേധാവി സമർപ്പിച്ച വരുമാന പത്രികയിൽ ചില ജീവനക്കാരിൽ നിന്നും രണ്ടാം അർദ്ധ തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3(1) പട്ടിക പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേരു വിവരം | അർദ്ധ വാർഷിക വരുമാനം | ഈടാക്കേണ്ടിയിരുന്ന തുക | ഈടാക്കിയ തുക | വ്യത്യാസം |
|---|---|---|---|---|---|
| 1 | മാത്യു ടോമി | 150000ll) | 1250 | 120 | 1130 |
| 2 | ഐശ്വര്യ രാധാകൃഷ്ണൻ | 150000 | 1250 | 450 | 800 |
| 3 | ജിജോയ്ജോസ് | 200000 | 1250 | 300 | 950 |
| 4 | സുരജ് സുരേഷ് കുമാർ | 125000 | 1250 | 750 | 500 |
| 5 | ജിനു ജോസഫ് | 200000 | 1250 | 1000 | 250 |
| 6 | ജസ്റ്റിൻ .പി,ജെ. | 350000 | 1250 | 1000 | 250 |
| 7 | അനു ബാലൻ | 200000 | 1250 | 450 | 800 |
| 8 | മരിയഡേവിസ് | 200000 | 1250 | 450 | 800 |
| 9 | ദേവൻ..ടി.എസ്. | 100000 | 1000 | 600 | 400 |
| 10 | ശ്യാം.എം.എ | 100000 | 1000 | 300 | 700 |
| 11 | അരുൺ.കെ.ദാസ് | 200000 | 1250 | 180 | 1070 |
| 12 | പ്രിയദർശ്.പി,പി | 100000 | 1000 | 120 | 880 |
| ആകെ | | | | | 8530 |

മേൽ പരാമർശിച്ച സ്ഥാപനങ്ങളുടെ തൊഴിൽ നികുതി വരവിനത്തിൽ 17530രൂപ(5000+4000+8530) വരവ് നഷ്ടം കാണുന്നു. ടി തുക സ്ഥാപനങ്ങളിൽ നിന്നും തിരികെ ഈടാക്കി ഓഡിറ്റിൽ രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

8. തൊഴിൽ നികുതി വരവിനത്തിന്റ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല

വർഷാന്ത്യ ഡി.സി.ബി. സ്റ്റേറ്റുമെന്റ് ,കുടിശ്ശിക രജിസ്റ്റർ, വ്യാപാര സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡിമാന്റ് കളക്ഷൻ രജിസ്റ്ററുകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. തൊഴിൽ നികുതി വരവിനത്തിന്റ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി കുടിശ്ശിക രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്

മേൽ അപാകതകൾക്ക് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.105/2021-22തീയതി:13.1.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതിദായകർ ഹാജരാക്കുന്ന വരുമാനപത്രികകൾ കൃത്യമായി പരിശോധിക്കാതെ നികുതിപണം സ്വീകരിക്കുക മൂലം തൊഴിൽ നികുതി വരവിനത്തിൽ കോർപറേഷന് വരവ് നഷ്ടം സംഭവിക്കുന്നുണ്ട് എന്നാണ് ഓഡിറ്റിൽ വിലയിരുത്തുന്നത്.തൊഴിൽ നികുതിയിനത്തിലെ വരുമാന ചോർച്ച തടയുന്നതിനായുള്ള മാർഗ്ഗങ്ങൾ അവലംബിച്ച് നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതിന് ബന്ധപ്പെട്ട അധികാരികൾ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-45 മേഖല കാര്യാലയങ്ങളിലെ തൊഴിൽ നികുതി ഈടാക്കുന്നത് - അപാകതകൾ

1) അയ്യന്തോൾ മേഖല

(A)ഡി.സി.ബി.പൊരുത്തപ്പെടുന്നില്ല.

തൊഴിൽ നികുതി വർഷാന്ത്യ കളക്ഷൻ സംക്ഷിപ്തവും, വാർഷിക വരവ് അക്കൗണ്ട് ഹെഡ്ഡിലെ കൺസോളിഡേറ്റഡ് തുകയുമായി പൊരുത്തപ്പെടുന്നില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| അക്കൗണ്ട് ഹെഡ് | അക്കൗണ്ട് ഹെഡ് വൈസ് കൺസോളിഡേഷൻ തുക | ഡി.സി.ബി. പ്രകാരം കളക്ഷൻ തുക |
|---|---|---|
| ജീവനക്കാർ -110100200 | 4824859 | 8383499 |

| | | |
|---|---|---|
| ട്രേഡേഴ്സ് – 431190101 (കറന്റ്) | 876004 | 906079 |

മേൽ വ്യത്യാസത്തിന് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നല്കിയിരുന്നു. നം.10/21-22 തിയതി.16.11.22) എന്നാൽ മറുപടി ലഭ്യമാക്കിയിട്ടില്ല.

(B)അയ്യന്തോൾ മേഖലാകാര്യാലയത്തിലെ തൊഴിൽ നികുതി ഡിമാന്റ്, കളക്ഷൻ രജിസ്റ്റർ, വരുമാനനിർണ്ണയ പത്രികകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

അയ്യന്തോൾ മേഖലാ കാര്യാലയത്തിലെ തൊഴിൽ നികുതി ഡിമാന്റ്, കളക്ഷൻ രജിസ്റ്റർ, വരുമാനനിർണ്ണയ പത്രികകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ നികുതി അടവാക്കിയതിന്റെ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുന്നില്ല. ഡിമാന്റ്, കളക്ഷൻ എന്നിവയുടെ സംക്ഷിപ്തം തയ്യാറാക്കി ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തി കാണുന്നില്ല. വർഷാന്ത്യ സംക്ഷിപ്തം കൃത്യമായി രേഖപ്പെടുത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ആധികാരികമാക്കിയിട്ടില്ല

2. ട്രേഡേഴ്സ് തൊഴിൽ നികുതി അസ്സ്മെന്റ് ലിസ്റ്റ് കാലികമാക്കിയിട്ടുണ്ടെങ്കിലും ജീവനക്കാരുടെ തൊഴിൽ നികുതി അസസ്സ്മെന്റ് ലിസ്റ്റ് സൂക്ഷിക്കുന്നില്ല

3. ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയ സ്ഥാപനങ്ങളിൽ സ്ഥാപന തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല.

തൊഴിൽ നികുതി രജിസ്റ്ററുകൾ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ പല സ്ഥാപനങ്ങളും ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിലും സ്ഥാപന തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല. 1994ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 245, 2005ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 3(5), 3(6) എന്നിവ പ്രകാരം ബാങ്കിംഗ് കമ്പനിയായി ബാങ്കിംഗ് റഗുലേഷൻ ആക്ടിൽ നിർവ്വചിക്കപ്പെട്ടിട്ടുള്ള ബാങ്കിംഗ് സ്ഥാപനങ്ങൾ, ബാങ്ക് ശാഖകൾ, ബാങ്കർമാർ, സഹകരണ സംഘം ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സഹകരണ സംഘങ്ങൾ (സംസ്ഥാന, ജില്ലാ സഹകരണ ബാങ്കുകൾ, അർബൻ ബാങ്കുകൾ അത്തരം സഹകരണ ബാങ്കുകളുടെ ശാഖകൾ എന്നിവ ഉൾപ്പെടെ) ചട്ടങ്ങൾ (4) പ്രകാരം സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, കമ്പനികൾ, കച്ചവടം നടത്തുന്നവർ എന്നിവയിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. മേൽ പരാമർശിച്ചിട്ടുള്ള പല സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി കാണുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | വാർഡ്/ ഡിവിഷന് | സ്ഥാപനം | അടവാക്കാത്തതിന്റെ വിവരം |
|---|---|---|---|
| 1 | 53 | ബാങ്ക് ഓഫ് ഇന്ത്യ | I &IIഅർദ്ധവർഷം |
| 2 | 48 | സൌത്ത് ഇൻഡ്യൻ ബാങ്ക് ഒളരി | II അർദ്ധവർഷം |
| 3 | 54 | കേരളസ്റ്റേറ്റ് കോപ്പറേറ്റീവ് ബാങ്ക് | I & II അർദ്ധവർഷം |
| 4 | 54 | എസ് ബി ഐ അയ്യന്തോൾ ബ്രാഞ്ച് | I & II അർദ്ധവർഷം |
| 5 | 48 | ചെറുപുഷ്പം കറീസ്48 | I & II അർദ്ധവർഷം |
| 6 | 49 | കൊശമറ്റംഫൈനാൻസ്49 | I & II അർദ്ധവർഷം |

4,നഗരസഭയുടെ തൊഴിൽ നികുതി ചട്ടങ്ങൾ(2005) പ്രകാരം 3(1) മുതൽ 3(11) വരെ, സ്വയം തൊഴിൽ ചെയ്യുന്നവർ, കമ്പനികൾ, സ്ഥാപനങ്ങൾ, മറ്റ് വ്യക്തികൾ മുതലായലവർക്ക് അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി 1250 രൂപ തൊഴിൽ നികുതി ഈടാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. തൃശ്ശൂർ നഗരസഭയുടെ കീഴിലുള്ള അയ്യന്തോൾമേഖലയിൽ ഉൾപ്പെടുന്ന സ്ഥാപനം/ട്രേഡേഴ്സ് പട്ടികയിൽ ചേർത്ത പല സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി കാണുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | ഫ്യൂച്ചർ വെൽത്ത് ചിട്ടീസ് | I & II |
| 2 | ഹൈസൺമോട്ടേഴ്സ് | I & II |
| 3 | ഹെറിറ്റേജ് ഓട്ടോമൊബൈൽസ് | I & II |
| 4 | NTEX ട്രാൻസ്പോർപോട്ടേഷന് ലിമിറ്റഡ് | I & II |
| 5 | PEEDEES സൂപ്പർമാർക്കറ്റ് | I & II |
| 6 | മുത്തൂറ്റ് ഫൈനാൻസ് | I & II |

5. അയ്യന്തോൾ മേഖലാകാര്യാലയത്തിന്റ പരിധിയിൽ വരുന്ന സ്വകാര്യപ്രാക്ടീസ് നടത്തുന്ന അഭിഭാഷകരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതായി കാണുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേരുവിവരം | അർദ്ധവർഷം |
|---|---|---|
| 1 | അഡ്വ. കെ.കെ ജയരാജ് | I & II |
| 2 | അഡ്വ. എം.രാമൻകുട്ടി | I & II |
| 3 | അഡ്വ. കെ.ബി.സുരേഷ്. | I & II |

2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽനികുതി)ചട്ടങ്ങളിലെ ചട്ടം 3(2) പ്രകാരം സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരും കമ്പനികളും ബിസിനസ്സ് നടത്തുന്നവരും തൊഴിൽനികുതി അടവാക്കുവാൻ ബാധ്യസ്ഥരാണ്. അയ്യന്തോൾ മേഖലാകാര്യാലയത്തിന്റ പരിധിയിൽ വരുന്ന സ്വകാര്യപ്രാക്ടീസ് നടത്തുന്ന അഭിഭാഷകർ ,ഡോക്ടർമാർ, കമ്പനി സെക്രട്ടറിമാർ,ചാർട്ടേഡ് അക്കൌണ്ടന്റമാർ എന്നിവരിൽനിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിനായി നോട്ടീസ് നൽകുകയും നികുതി ഈടാക്കുകയും ചെയ്യേണ്ടതാണ്.

6. ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് കളക്ഷൻ രജിസ്റ്ററുകൾ എല്ലാ വിവരങ്ങളും ചേർത്ത് കാലികമാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/ ഡിവിഷൻ | പേരുവിവരം | അർദ്ധവർഷം |
|---|---|---|---|
| 1 | 45 | എൽതുരുത്ത് പോസ്റ്റ്ഓഫീസ് | I & II |
| 2 | 48 | ഒളരികുറീസ്'v Ltd | I & II |
| 3 | 49 | ഒളരി ലിറ്റിൽഫ്ളവർ ഹോസ്പിറ്റൽ | I & II |
| 4 | 53 | ഗവൺമെന്റ് ലോ കോളേജ് | II |
| 5 | 54 | ജില്ല ശുചിത്വമിഷൻ | I & II |
| 6 | 545454 | വെസ്റ്റ്പോലീസ് സ്റ്റേഷൻ | I & II |

7. കച്ചവടസ്ഥാപനങ്ങൾ തൊഴിൽ നികുതി അടവാക്കിയതിന്റെ വിവരങ്ങൾ പൂർണ്ണമായും കളക്ഷൻ രജിസ്റ്ററിൽ ചേർത്തിട്ടില്ല. ആയതിനാൽ ഏതെല്ലാം സ്ഥാപനങ്ങൾ തൊഴിൽ നികുതി അടവാക്കാനുണ്ടെന്നതിന് കൃത്യമായ വിവരം ലഭ്യമല്ല. ട്രേഡേഴ്സ് തൊഴിൽ നികുതി ഡിമാന്റ്, കളക്ഷൻ രജിസ്റ്ററുകൾ യഥാസമയം വിവരങ്ങൾ ചേർത്ത് കാലികമാക്കേണ്ടതാണ്.

8. വർഷാന്ത്യ ഡി.സി.ബി. സ്റ്റേറ്റുമെന്റ് ഹാജരാക്കിയിട്ടില്ല.

9. കുടിശ്ശിക രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 05 /2021-22തീയതി : 16.11.22) നൽകിയിരുന്നു

മേൽ പരാമർശിച്ച ഉദാഹരണങ്ങളിലുൾപ്പട്ട പല സ്ഥാപനങ്ങളും തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെന്നും ഡിമാന്റ് , കളക്ഷൻ രജിസ്റ്ററുകളിൽ പോസ്റ്റ് ചെയ്യാൻ വിട്ടു പോയതാണെന്നും, ഡിമാന്റ് ,കളക്ഷൻ രജിസ്റ്ററുകളിൽ പോസ്റ്റ് ചെയ്യാൻ വിട്ടു പോയിട്ടുള്ളവ ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും, തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങൾക്ക് നോട്ടീസ് നല്കി തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്നും ,അയ്യന്തോൾ കോടതിയിൽ പ്രാക്ടീസ് ചെയ്യുന്ന ബാർ കൗൺസിൽ രജിസ്ട്രേഷനുള്ള അഭിഭാഷകരുടെ ലിസ്റ്റ് ആവശ്യപ്പെട്ടു കൊണ്ട് തൃശ്ശൂർ ബാർ അസോസിയേഷൻ സെക്രട്ടറിക്ക് കത്തി നല്കിയിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട് തദ്ദേശസ്വയംഭരണത്തിന്റെ പ്രധാന വരുമാന സ്രോതസ്സുകളൊന്നായ തൊഴിൽ നികുതിയിനത്തിലെ വരുമാന ചോർച്ച തടയുന്നതിനായി കുടിശ്ശിക രജിസ്റ്റർ കാലികമായി എഴുതി സൂക്ഷിക്കേണ്ടതും, കുടിശ്ശിക നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതുമാണ്.

II. <u>ഒല്ലൂക്കര മേഖല കാര്യാലയം</u>

<u>ഒല്ലൂക്കര – 2021-22 സാമ്പത്തികവർഷം തൊഴിൽനികുതി അടയ്ക്കാത്ത വാണിജ്യസ്ഥാപനങ്ങൾ</u>

| ക്രമ നം. | കെട്ടിട നം. | പേര് /വാണിജ്യ സ്ഥാപനം | തുക | ആകെ |
|---|---|---|---|---|
| 1 | 15/1627 | ടോണി, നൈസ് ചോയ്സ് ബേക്കറി & സ്റ്റേഷണറി. | 600 X2 | 1200 |
| 2 | 16/1178 | ശിവരാമൻ, സ്റ്റേഷണറി | 300 X2 | 600 |
| 3 | 16/1333 | എൻ സോമസുന്ദരൻ, ഹ്യൂമൻ വെൽഫെയർ ഗോൾഡ് ലോൺ. | 1250 X2 | 2500 |
| 4 | 16/1402 | സി മാധവൻ, നോട്ടറി അഡ്വക്കേറ്റ് | 180 X2 | 360 |
| 5 | 16/- | എ എസ് രാമദാസ്, അഡ്വക്കേറ്റ് | 180 X2 | 360 |
| 6 | 16/1468 | തോമസ് മേനാച്ചേരി, എ.എൽ പാർസെൽ സർവ്വീസ് | 450 X2 | 900 |
| 7 | 16/1525/1 | സ്മിത ആനന്ദ്, വേണൂസ് ഡിജിറ്റൽ ആർക്കേഡ് | 450 X2 | 900 |
| 8 | 16/1220/2 | ഗണേഷ്, ലിജിൽ ടയർ വർക്ക്സ് | 180 X2 | 360 |
| 9 | 16/1453 | ഒല്ലൂക്കര തൊഴിലാളി സഹകരണ സംഘം | 750 X2 | 1500 |
| 10 | 10/402 | സിജോ സി ജെ, തട്ടിൽ വീട്, സ്മാർട്ട് ഡെക്കറേറ്റർ | 300 X2 | 600 |
| 11 | 10/149/46 | അനിൽകുമാർ, ത്രിവേണി ലോട്ടറി ഏജൻസീസ് | 180 X2 | 360 |
| 12 | 16/- | രാജേഷ്, ലാവണ്യ നഴ്സറി | 300x2 | 600 |
| 13 | 16/- | ജയരാജ്, ശ്രീധർമ്മ നഴ്സറി | 300 X2 | 600 |
| 14 | 16/- | ജോസ് മാണി, നേഷണൽ റോസ് ഗാർഡൻ | 300 X2 | 600 |

| | | | | |
|---|---|---|---|---|
| 15 | 17/184/1 | ജിൻസി മനോജ്,<br>ഔവർ ഹോം മെയ്ഡ് ബേക്കറി | 300 X1 | 300 |
| 16 | 17/1308 | മുട്ടിക്കൽ ഉണ്ണിത്തങ്ങൾ ഹോളോ ബ്രിക്സ്. | 600 X2 | 1200 |
| 17 | 17/285 | എ എം റസാക്ക്, ടീ ഷോപ്പ്, നൂറാംകല്ല് | 180 X1 | 180 |
| 18 | 18/1642 | അഗസ്റ്റിൻ, കാർപെന്ററി പ്രൊഡക്ട്സ് | 450 X2 | 900 |
| 19 | 18/1515 | സന്തോഷ് ഏല്യാസ്,<br>ഫ്രൂട്ട്സ് & വെജിറ്റബിൾസ് | 450 X2 | 900 |
| 20 | 18/- | ഒല്ലൂക്കര ഏരിയ ലേബർ<br>കോൺട്രാക്ടേഴ്സ് കോപ്പറേറ്റീവ് സൊസൈറ്റി | 750 X2 | 1500 |
| 21 | 19/652 | സോണി, പുക പരിശോധനാ കേന്ദ്രം | 450 X2 | 900 |
| 22 | 19/666 | സാജൻ ഫിലിപ്പ്, ടൈൽസ് & സാനിറ്ററീസ് | 1250 X2 | 2500 |
| 23 | 19/670/1 | സി ഒ ഔസേപ്പ്, ആധാരം എഴുത്ത് | 300 X2 | 600 |
| 24 | 19/688 | സുരേഷ് കുമാർ,ടെന്റ്സ് | 450 X2 | 900 |
| 25 | 19/909 | എ എസ് രമേഷ്, സ്കൂട്ടർ ഗാരേജ് | 180 X2 | 360 |
| 26 | 19/1041/1 | ടിഎ ജോൺ, ഗ്രേസ് ഓട്ടോമൊബൈൽസ് | 600 X2 | 1200 |
| 27 | 19/1156 | സിജോ ജോൺ, ഐഡിയൽ കാർസ് | 1250 X2 | 2500 |
| 28 | 19/1244/9 | കെ എ ഷെഫീക്ക്, സിഗ്നൽ കോട്ടൺ | 300 X2 | 600 |
| 29 | 20/336 | ജിയോ ജോർജ്ജ്, ഗ്രാന്റ് മാർക്കറ്റിംഗ് | 180x1 | 180 |
| 30 | 20/- | സിന്ധു മാത്യു, മദേഴ്സ് ലേഡീസ് ഹോസ്റ്റൽ | 750 X2 | 1500 |
| 31 | 20/754 | ഡോളി തോമസ്,<br>എം എസ് അസോസിയേറ്റ്സ്. | 450 X2 | 900 |
| 32 | 20/- | ജനാർദ്ദനൻ, ഗോകുലം സലൂൺ | 300 X2 | 600 |
| 33 | 20/809/4 | ഷിന്റോ മോൻ,<br>ആർട്ടിഫിഷ്യൽ ടൂത്ത് മേക്കിങ്ങ് | 600 X2 | 1200 |
| 34 | 20/873 | നൈസ് ലേഡീസ് സ്റ്റിച്ചിംഗ് സെന്റർ | 300 X2 | 600 |
| 35 | 20/- | രോഹിണി, അന്നാസ് ലേഡീസ് സ്റ്റോഴ്സ് | 300 X2 | 600 |
| 36 | 20/935 | പ്രകാശ് ചന്ദ്രശേഖരൻ,<br>മൊബൈൽ ട്രേഡിംഗ് - ഇലക്ട്രോണിക്സ്. | 1250 X2 | 2500 |
| 37 | 20/978 | മെട്രോ ഒപ്റ്റിക്കൽസ് | 450 X2 | 900 |
| 38 | 20/989 | അസീസ് എംഎ,ജനനീതി മെഡിക്കൽസ് | 600 X2 | 1200 |
| 39 | 20/985 | ജലീൽ, ലാറാ ഇലക്ട്രിക്കൽസ് | 300 X1 | 300 |
| 40 | 20/1130 | അഷ്റഫ്, ചെമ്പ്, വാർപ്പ് വാടകയ്ക്ക് നൽകൽ | 180 X2 | 360 |
| 41 | 16/1108 | കെ വി ജോൺസൺ, ബൂട്ട് ഫൂട്ട് വെയർ | 300 X2 | 600 |
| 42 | 16/629 | ഷാജു വില്ല്യംസ്,<br>വിയ്യോക്കാരൻ മാരുതി വർക്ക് ഷോപ്പ് | 600 X2 | 1200 |
| 43 | 16/1048 | ഇട്ട്യേച്ചൻ, പെർഫക്ട് ടെയ് ലേഴ്സ് | 180 X2 | 360 |
| | | | | 38980/- |

ഒല്ലൂക്കര മേഖലാ കാര്യാലയത്തിലെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ, ഇരുന്നൂറിലധികം കടമുറികളിൽ/ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ലെന്ന് കണ്ടു. ഇത് സംബന്ധിച്ച ഓഡിറ്റിന്റെ അന്വേഷണ ക്കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ അനവധി സ്ഥാപനങ്ങൾ കൊറോണ വ്യാപനം മൂലം അടച്ചുവെന്നും ബാക്കിയുള്ള വയ്ക്ക് നോട്ടീസ് നൽകുകയും തൊഴിൽ നികുതി ഈടാക്കുകയും ചെയ്തിട്ടുണ്ടെന്നുമാണ് അറിയിച്ചിട്ടുള്ളത്.

എന്നാൽ, പൂട്ടി പോയ സ്ഥാപനങ്ങളുടെ വിവരങ്ങൾ കൃത്യമായി രജിസ്റ്ററിൽ ചേർത്തിട്ടില്ല. നോട്ടീസ് കൈപറ്റിയ സ്ഥാപനങ്ങൾ എല്ലാം തൊഴിൽ നികുതി അടവാക്കിയോയെന്നും കൃത്യതപ്പെടുത്തിയിട്ടില്ല എന്നും രജിസ്റ്റർ പരിശോധി ച്ചതിൽ നിന്നും വ്യക്തമാകുന്നു.

മുകളിലെ പട്ടികയിൽ ചേർത്ത സ്ഥാപനങ്ങളിൽ ചിലത് ഒരു അർദ്ധ വർഷത്തെയും ചിലത് രണ്ട് അർദ്ധവർഷത്തെ പൂർണ്ണമായും തൊഴിൽ നികുതി അടച്ചിട്ടില്ല. ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ 38980/- രൂപ കുറവാണ് തൊഴിൽ നികുതിയിനത്തിൽ ഈടാക്കിയിട്ടുള്ളത്. വരവിനത്തിലെ നഷ്ടമായി കണക്കാക്കി തുക ഈടാക്കുകയും കോർപ്പറേഷൻ ഫണ്ടിൽ അടവാക്കുകയും ചെയ്യേണ്ടതാണ്.

III. ഒല്ലൂർ മേഖലാ കാര്യാലയം

(A) ഒല്ലൂർ മേഖലാ കാര്യാലയത്തിലെ തൊഴിൽ നികുതി രജിസ്റ്റർ , അസ്സ്മെന്റ് റിട്ടേൺസ് എന്നിവ പരിശോധിച്ചതിലെ അപാകതകൾ

തൊഴിൽ നികുതി ഡിമാന്റ് &കളക്ഷൻ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

എ)2021-2022 വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ തൊഴിൽ നികുതി അടവാക്കിയതിന്റെ വിവരങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തിയിട്ടില്ല.വിവിധ സ്ഥാപനങ്ങളിലെ തൊഴിൽ നികുതി വരുമാനപത്രികകൾ പരിശോധിച്ചതിൽ നികുതി അടവാക്കിയ വിവരങ്ങൾ രജിസ്റ്ററിൽ ചേർത്തു കാണുന്നില്ല. ഡിമാന്റ് രജിസ്റ്ററിൽ രണ്ടാം അർദ്ധവർഷ തൊഴിൽ നികുതി അടവാക്കിയത് ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല.

2005 നഗരസഭയുടെ തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം10 പ്രകാരം സ്ഥാപനതൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ ഡിവിഷനടിസ്ഥാനത്തിൽ രേഖപ്പെടുത്തേണ്ടതാണ്. വർഷാവസാനത്തിൽ ഡിമാന്റ് ,കളക്ഷൻ എന്നിവയുടെ സംക്ഷിപ്തം തയ്യാറാക്കി ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

ബി)വ്യാപാരസ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡിമാന്റ് &കളക്ഷൻ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

1994 കേരള മുൻസിപ്പാലിറ്റി ആക്ട് 257,2005നഗരസഭയുടെ തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം10 പ്രകാരം ഡിമാന്റ്, കളക്ഷൻ രജിസ്റ്റർ എഴുതേണ്ടതും, വർഷാന്ത്യ സംക്ഷിപ്തം കൃത്യമായി രേഖപ്പെടുത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ആധികാരികമാക്കേണ്ടതുമാണ്.

നഗരസഭയുടെ തൊഴിൽ നികുതിചട്ടങ്ങൾപ്രകാരം (3(1) മുതൽ 3(11)വരെ) സ്വയം തൊഴിൽ ചെയ്യുന്നവർ, കമ്പനികൾ, സ്ഥാപനങ്ങൾ, മറ്റ് വ്യക്തികൾ മുതലായവർക്ക് അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി 1250 രൂപ തൊഴിൽ നികുതി ഈടാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഡിമാന്റ് & കളക്ഷൻ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കാത്തതിനാൽ തൊഴിൽനികുതി വരവിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

സി) 2021-2022 സാമ്പത്തിക വർഷത്തെ സ്ഥാപന തൊഴിൽ നികുതി അസസ്സ്മെന്റ് &ഡിമാന്റ് ലിസ്റ്റ് തയ്യാറാക്കി കാണുന്നില്ല.

തൊഴിൽ നികുതിയിനത്തിലെ വരവ് കാര്യക്ഷമമാക്കുന്നതിനായി ഓരോ അർദ്ധവർഷങ്ങളിലും അസസ്സ്മെന്റ് & ഡിമാന്റ് ലിസ്റ്റ് കാലികമായി തയ്യാറാക്കേണ്ടതാണ്.

ഡി) അസസ്സ്മെന്റ് ഫോറം രേഖപ്പെടുത്തുന്നതിലെ അപാകതകൾ

വിവിധ സ്ഥാപനങ്ങൾ സമർപ്പിച്ച അസസ്സ്മെന്റ് ഫോറത്തിൽ നികുതി നിർണ്ണയിക്കുന്നതിന് ആധാരമായ വരുമാനവും അടവാക്കേണ്ട നികുതി സംബന്ധിച്ചവിവരങ്ങളും കൃത്യമായി രേഖപ്പെടുത്തുന്നില്ല.

ഇ) കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എഴുതി കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.03/2021-2022/തിയതി 20/11/2022) നല്കിയിരുന്നു മറുപടി ലഭ്യമാക്കിയിട്ടില്ല.

തൊഴിൽ നികുതിയിനത്തിലെ വരവ് കാര്യക്ഷമമാക്കുന്നതിനായി മേൽ പറഞ്ഞ അപാകതകൾ പരിഹരിക്കേണ്ടതാണ്.നികുതിയിനത്തിലെ വരുമാന ചോർച്ച തടയുന്നതിനായി കുടിശ്ശിക രജിസ്റ്റർ കാലികമായി എഴുതി സൂക്ഷിക്കേണ്ടതും , കുടിശ്ശിക നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതും അത്യന്താപേക്ഷിതമാണ്.

(B)സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകതകൾ

ഒല്ലൂർ മേഖലാ കാര്യാലത്തിലെ വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാര സംരഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - രജിസ്റ്ററിൽ 2021-22 കാലയളവിലേക്ക് ലൈസൻസ് പുതുക്കിയിട്ടുള്ള പല സ്ഥാപനങ്ങളെയും ടി കാലയളവിലെ സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഡിവിഷൻ & കെട്ടിട നം. | സ്ഥാപനത്തിന്റെ പേര് | ഉടമസ്ഥന്റെ പേര് |
|---|---|---|---|
| 1 | 29/35 | ബ്രൈറ്റ് ലൈറ്റ് സൗണ്ട്സ് | രാജേന്ദ്രൻ ടി ആർ |
| 2 | 29/41 | ഹൈ ഓൺ ബിൽഡിംഗ് കൺസൾട്ടൻസി | ഡിനോജ് കെ ടോണി |
| 3 | 29/48 | മോണിറ്റർ ലിസാർഡ് സോൾവെന്റ് സിമന്റ് | ഷമീം കെ ഖാദർ |
| 4 | 29/86/1 | പ്രൈം ബേക്കറി | മെർളി പീറ്റർ |
| 5 | 29/91 | എരിഞ്ചേരി ഏജൻസീസ് | ആന്റണി വർക്കി |
| 6 | 29/95,100 | ശ്രീകൃഷ്ണ ജ്വല്ലറി | അമൽ ജയപ്രകാശ് |
| 7 | 29/124 | ഐനിക്കൽ ഗോൾഡ് വർക്ക്സ് | ഷൈബി തോമസ് |
| 8 | 29/129 | ചിറയത്ത് എഞ്ചിനീയറിംഗ് വർക്ക്സ് | റോഷൻ.സി.ആർ |
| 9 | 29/373 | വാഴപ്പിള്ളി ഫ്ളവർ മിൽ | ലില്ലി ജോർജ് |

21.11.22 ലെ OLR/15/2021-22 നം. ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.2005ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 3,4 പ്രകാരം തൊഴിൽനികുതി ഈടാക്കേണ്ടതാണ്.

IV. കൂർക്കഞ്ചേരി മേഖല കാര്യാലയം

തൊഴിൽ നികുതി അടവാക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

2021 -22 ലെ തൊഴിൽ നികുതി രജിസ്റ്ററുകളും,അനുബന്ധ രേഖകളും പരിശോധിച്ചതിൽ ചില സ്ഥാപനങ്ങൾ തൊഴിൽ നികുതി അടവാക്കാത്തതായി കാണുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനങ്ങളുടെ പേര് | ഡിവിഷൻ | തുക | അടവാക്കാത്ത അർദ്ധവാർഷികങ്ങൾ |
|---|---|---|---|
| മിനി .വി, സ്റ്റോർ | 34 | 300 | I & II |
| ന്യൂഗ്രീൻലാന്റ് റെസ്റ്റോറന്റ് | 41 | 600 | I & II |

| | | | |
|---|---|---|---|
| ധർമ്മപ്രിയ ഫൈനാൻസിംഗ് | 32 | 450 | I & II |
| ഈസി ഹെൽത്ത് സെന്റർ | 32 | 1250 | I & II |

ടി സ്ഥാപനങ്ങൾ തൊഴിൽനികുതി അടവാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 10/21-22 തിയതി 16.11.22)മേൽ പരാമർശത്തെ തുടർന്ന് നോട്ടീസ് നൽകിയിട്ടുണ്ടെന്ന മറുപടി ലഭ്യമാക്കി.

2005ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 3,4 പ്രകാരം തൊഴിൽനികുതി ഈടാക്കേണ്ടതാണ്.

## 1-46 എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്ത് പ്രവർത്തിക്കേണ്ടതാണ്.

കോർപ്പറേഷൻ പരിധിയിൽ ഉൾപ്പെട്ട എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്ത് പ്രവർത്തിക്കേണ്ടതാണ്.ചില സ്ഥാപനങ്ങൾ താഴെ നൽകുന്നു.

1. ഓഡിറ്റോറിയം
2. കൺസ്യൂമർ സ്റ്റോർ, മാവേലി സ്റ്റോർ
3. നൂതന വിദ്യാഭ്യാസ പരിശീലനകേന്ദ്രങ്ങൾ,

എൻട്രൻസ്, പി.എസ്.സി./തുടർ പരിശീലനം.

4. യോഗശാല
5. പേ & പാർക്ക് ഏരിയ
6. ടാക്സ് പ്രാക്ടീഷണർ
7. ഡ്രൈവിംഗ് സ്കൂൾ
8. ഇവന്റ് മാനേജ്മെന്റ്
9. വാഹനം വാടകയ്ക്ക് നൽകൽ
10. മൊബൈൽ ടവറുകൾ
11. നഴ്സറി, ക്രഷുകൾ, ശിശുപരിപാലനം, ഹോം നഴ്സറികൾ
12. സാമ്പത്തികമേഖല - എ.ടി.എം., ഫിനാൻസ് കമ്പനി Etc.
13. ടർഫ് ഗ്രൗണ്ട്
14. അക്ഷയകേന്ദ്രം മാതൃകയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ
15. നഗരസഭാ പരിധിയിൽ വരുന്നതും എല്ലാത്തരം വ്യാപാരങ്ങളും സംരംഭക

പ്രവർത്തനങ്ങളും മറ്റു സേവനങ്ങളും Etc.

ഇത്തരത്തിലുള്ള സ്ഥാപനങ്ങൾ കോർപ്പറേഷൻ പരിധിയിൽ പ്രവർത്തിക്കുന്നുണ്ടോ എന്നും അവയ്ക്ക് ലൈസൻസ് എടുക്കുകയോ/പുതുക്കുകയോ ചെയ്തിട്ടുണ്ടോ എന്നതിന് ഓഡിറ്റ് എൻക്വയറി (നമ്പർ 22/21-22 തിയതി 1.12.2022 ) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

തദ്ദേശസ്വയംഭരണ (ആർ.ഡി.) വകുപ്പ്, സർക്കാർ ഉത്തരവ് (പി) നമ്പർ 62/2020/തസ്വഭവ. എസ്.ആർ.ഒ. നമ്പർ 857/2020 തിരുവനന്തപുരം 30.10.2020 വിജ്ഞാപനപ്രകാരം, പട്ടിക I, പട്ടിക II എന്നിവയിൽ ഉൾപ്പെടുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്ത് പ്രവർത്തിക്കേണ്ടതാണ്.

## 1-47 എല്ലാ ലൈസൻസുകളും യഥാസമയം പുതുക്കുന്നുണ്ട് എന്ന് ഉറപ്പാക്കുന്നില്ല.

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 2(51) പ്രകാരം വർഷം എന്നാൽ ഒരു സാമ്പത്തിക വർഷം എന്ന് നിർവചിച്ചിരിക്കുന്നതിനാൽ എല്ലാ വ്യാപാര ലൈസൻസികളും ഒരു സാമ്പത്തിക വർഷാരംഭത്തിലോ കേരള മുനിസിപ്പാലിറ്റി( വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 11 പ്രകാരം ലൈസൻസ് കാലാവധി അവസാനിക്കുന്നതിന് 30 ദിവസത്തിൽ കുറയാതെയുള്ള സമയത്തിനകമോ ലൈസൻസ് പുതുക്കേണ്ടതാണ്. നിലവിലുള്ള ലൈസൻസികൾ യഥാസമയം ലൈസൻസ് പുതുക്കുന്നുണ്ട് എന്ന് ഉറപ്പാക്കപ്പെടുന്നില്ല. ഒല്ലൂർ മേഖലാ കാര്യാലയത്തിലെ ട്രേഡേഴ്സ് രജിസ്റ്ററും 2021-22 വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് നോട്ടീസുകളും പരിശോധിച്ചതിൽ ഒല്ലൂർ മേഖലാ കാര്യാലയ പരിധിയിൽ പ്രവർത്തിക്കുന്നതായി കാണുന്ന സ്ഥാപനങ്ങൾ 2021-22 കാലയളവിലേക്ക് ഡി & ഒ ലൈസൻസ് പുതുക്കിയതായി രജിസ്റ്ററിൽ ചേർത്തിട്ടില്ല. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഡിവിഷൻ&കെട്ടിട നം. | സ്ഥാപനത്തിന്റെ പേര് | ഉടമസ്ഥന്റെ പേര് |
|---|---|---|---|
| 1 | 29/134 | ജോയ് ചിക്കൻ സെന്റർ | റിജോ.സി.ജെ |
| 2 | 29/... | സി പി ഡ്രൈവിംഗ് സ്കൂൾ | ലഭ്യമല്ല |
| 3 | 29/1378 | ടയർ റീ സോളിംഗ് | ജോൺ കെ ആർ |

21.11.22 ലെ OLR/13/2021-22 നം. ഓഡിറ്റ് അന്വേഷണത്തിന് 05.12.22 ൽ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കോവിഡ് -19 വ്യാപനവുമായി ബന്ധപ്പെട്ട് 27.09.22 ലെ സ.ഉ(അച്ചടി)2360/2022/ത.സ്വ.ഭ.വ പ്രകാരം 2021-22 കാലയളവിലെ വ്യാപാര ലൈസൻസുകൾ പിഴ കൂടാതെ അടവാക്കുന്നതിനുള്ള കാലാവധി 31.12.22 വരെ നീട്ടി നല്കിയിട്ടുള്ളതാണ്.ആയതിനാൽ , ലൈസൻസ് പുതുക്കുന്നതിന് സാവകാശം ലഭിച്ചതിനാലാണ് ടി സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നതിന് അപേക്ഷ സമർപ്പിക്കാതിരുന്നതെന്നും കാലാവധി അവസാനിക്കുന്ന മുറയ്ക്ക് നോട്ടീസ് നൽകി തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

## 1-48 വ്യവസായങ്ങൾക്കും ഫാക്ടറികൾക്കുംവ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ എണ്ണത്തിൽ കുറവ് കാണുന്നു - (കുർക്കഞ്ചേരി മേഖല കാര്യാലയം)

2020 – 21 ലേയും 2021 -22 ലേയും ലൈസൻസിന്റെ കളക്ഷൻ രജിസ്റ്ററുകൾ പരിശോധിച്ചതിൽ ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ എണ്ണത്തിൽ കുറവ് കാണുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ | 2020 -21 ൽ ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ എണ്ണം | 2021 -22 ൽ ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ എണ്ണം | വ്യത്യാസം |
|---|---|---|---|
| 1 | 105 | 89 | 16 എണ്ണം കുറവ് |
| 2 | 104 | 85 | 19 എണ്ണം കുറവ് |
| 3 | 78 | 69 | 9 എണ്ണം കുറവ് |
| 4 | 55 | 49 | 6 എണ്ണം കുറവ് |
| 5 | 28 | 26 | 2 എണ്ണം കുറവ് |
| 6 | 78 | 73 | 5 എണ്ണം കുറവ് |
| 7 | 63 | 59 | 4 എണ്ണം കുറവ് |
| 8 | 39 | 46 | 7 എണ്ണം കൂടുതൽ |
| 9 | 205 | 179 | 26 എണ്ണം കുറവ് |
| 10 | 59 | 55 | 4 എണ്ണം കുറവ് |
| 11 | 78 | 73 | 5 എണ്ണം കുറവ് |
| 12 | 97 | 93 | 4 എണ്ണം കുറവ് |
| 13 | 97 | 45 | 52 എണ്ണം കുറവ് |
| 14 | 97 | 54 | 43 എണ്ണം കുറവ് |
| 15 | 97 | 72 | 25 എണ്ണം കുറവ് |

ഇത്തരത്തിൽ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നതിൽ കുറവ് വന്നത്, സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നതാണോ / പ്രവർത്തനരഹിതമാണോ എന്നുള്ളതിന് അന്വേഷണ റിപ്പോർട്ട് സ്വീകരിച്ചിട്ടുണ്ടോ എന്നുള്ളതിനും, ടി സോണൽ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് സൂക്ഷിച്ചിട്ടുണ്ടോ എന്നുള്ളതിനും ടി സ്ഥാപനങ്ങളുടെ ലൈസൻസ് വരവ് തുകയുടെ വർഷാന്ത്യ ഡി.സി.ബി സംക്ഷിപ്തം ഓഡിറ്റിന് ഹാജരാക്കണം എന്നുള്ളതിനും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നമ്പർ 7/21-22 തിയതി 16.11.22) മറുപടി ലഭ്യമാക്കിയിട്ടില്ല

തദ്ദേശസ്വയംഭരണ (ആർ.ഡി.) വകുപ്പ്, സർക്കാർ ഉത്തരവ് (പി) നമ്പർ 62/2020/തസ്വഭവ. എസ്.ആർ.ഒ. നമ്പർ 857/2020 തിരുവനന്തപുരം 30.10.2020 വിജ്ഞാപനപ്രകാരം പട്ടിക I, പട്ടിക II എന്നിവയിൽ ഉൾപ്പെടുന്ന എല്ലാ സ്ഥാപനങ്ങളും & 2011 ലെ കേരള മുനിസിപ്പാലിറ്റി ( വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരവും ലൈസൻസ് എടുത്ത് പ്രവർത്തിക്കേണ്ടതാണ്.

## 1-49 സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്റ്റർ ചെയ്യാതെ

പ്രവർത്തിക്കുന്നു

2021-22 സാമ്പത്തിക വർഷത്തെ സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്റ്ററുകളും അപേക്ഷകളും, വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് എടുത്തതിന്റെ രജിസ്റ്ററുകളും അപേക്ഷകളും പരിശോധിച്ചതിൽ എല്ലാ സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്ട്രേഷൻ പുതുക്കുകയോ/പുതിയതായി എടുക്കുകയോ ചെയ്യതായി കാണുന്നില്ല.ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പാരാമെഡിക്കൽ സ്ഥാപനങ്ങൾ | വാർഡ്/ കെട്ടിട നമ്പർ | സർക്കിൾ |
|---|---|---|
| Aswani Hospital | 28/541 | 5 |
| E-Dent ImageDental | 29/666/1,2 | 5 |
| Labbale Healthcare | 21/353 | |
| Jewel Homeo | 25/190 | 6 |
| Assissi HomeoClinic | 8/18/2 | 1 |
| Ortho Dontic Clinic | 10/773/1 | 2 |

ഇത്തരത്തിൽ സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്ട്രേഷൻ എടുക്കാതെയോ/ പുതുക്കാതെയോ പ്രവർത്തിക്കുന്നുണ്ടോ എന്നുള്ളതിന് ഓഡിറ്റ് എൻക്വയറി (നമ്പർ 71/21-22 തിയതി 22.12.2022) സർക്കിൾ 1, സ്ഥാപനത്തിന് നോട്ടീസ് നൽകിയെന്ന മറുപടി ലഭ്യമാക്കി. മറ്റ് സർക്കിളുകൾ മറുപടി ലഭ്യമാക്കിയിട്ടില്ല.

കുർക്കഞ്ചേരി മേഖലാ കാര്യാലയം

2021-22 സാമ്പത്തിക വർഷത്തെ സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്റ്ററുകളും അപേക്ഷകളും, വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് എടുത്തതിന്റെ രജിസ്റ്ററുകളും അപേക്ഷകളും പരിശോധിച്ചതിൽ എല്ലാ സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്ട്രേഷൻ പുതുക്കുകയോ/പുതിയതായി എടുക്കുകയോ ചെയ്യതായി കാണുന്നില്ല.ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പാരാമെഡിക്കൽ സ്ഥാപനങ്ങൾ | വാർഡ്/ കെട്ടിട നമ്പർ | ഡിവിഷൻ |
|---|---|---|
| Ayurveda Research Centre And Mother India Pharmacuiticals | 1/ 131 | 42 |
| Ayurveda Diagnostics | 1/ 316 B | 42 |
| AAQVEES Diagnostics | 2/ 177/1 | - |
| M.S. Medical Laboratory | 7/ 342/3 | 41 |
| ARDEN Health Care Clinic | - / 1150 | 42 |

ഇത്തരത്തിൽ സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്ട്രേഷൻ എടുക്കാതെയോ/ പുതുക്കാതെയോ പ്രവർത്തിക്കുന്നുണ്ടോ എന്നുള്ളതിന് ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 3/ 21-22 തിയതി 15.11.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

1997 ലെ കേരള മുനിസിപ്പാലിറ്റി (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ, ചട്ടം 3,4,5 പ്രകാരം രജിസ്ട്രേഷൻ എടുത്ത് പ്രവർത്തിക്കേണ്ടതാണ്.

## 1-50 വിൽവട്ടം സോണൽ- വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാര സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ്- അപാകതകൾ

I. A)ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തൻ വർഷത്തെ കളക്ഷൻ രേഖപ്പെടുത്തിയ കളക്ഷൻ രജിസ്റ്റർ മാത്രമാണ് സൂക്ഷിച്ച് വരുന്നത്.ആയതിനാൽ തന്നെ ഡിമാന്റ് കളക്ഷൻ ബാലൻസ് സംക്ഷിപ്തം രജിസ്റ്ററിൽ ചേർത്തിട്ടില്ല.

B)2011ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാര സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ്- നൽകൽ) ചട്ടങ്ങളിലെ ചട്ടം 11 പ്രകാരം എല്ലാ വ്യാപാര ലൈസൻസികളും ലൈസൻസിന്റെ കാലാവധി അവസാനിക്കുന്നതിന് 30 ദിവസത്തിൽ കുറയാതെയും 90 ദിവസത്തിൽ കവിയാതെയും ഉള്ള സമയത്തിനുള്ളിൽ പുതുക്കുന്നതിനുള്ള അപേക്ഷ നല്കി ലൈസൻസ് പുതുക്കേണ്ടതാണ്. നിലവിലുള്ള ലൈസൻസികൾ യഥാസമയം ലൈസൻസ് പുതുക്കുന്നുണ്ട് എന്ന് ഉറപ്പാക്കപ്പെടുന്നില്ല. അതാത് വർഷം പുതുക്കുവാൻ വരുന്ന ലൈസൻസികളെയും പുതിയ ലൈസൻസികളെയും ഉൾപ്പെടുത്തിയിട്ടുള്ള കളക്ഷൻ രജിസ്റ്ററാണ് സൂക്ഷിക്കുന്നത്. മുൻവർഷം ലൈസൻസ് എടുത്ത എല്ലാസ്ഥാപനങ്ങളും തൻവർഷം ലൈസൻസ് പുതുക്കുന്നുണ്ടോ എന്ന് ഉറപ്പാക്കാൻ സാധിക്കുന്നില്ല.

ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതും, ഡിമാന്റ് കളക്ഷൻ ബാലൻസ് വർഷാന്ത്യ സംക്ഷിപ്തം രേഖപ്പെടുത്തി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ ആധികാരികമാക്കി സൂക്ഷിക്കേണ്ടതുമാണ്.

II.പുതിയ അപേക്ഷകർ നൽകിയ അപേക്ഷകൾ പരിശോധിച്ചതിൽ പല അപേക്ഷകളിലും പ്രതീക്ഷിക്കുന്ന വാർഷിക വിറ്റ് വരവ്, മുതൽ മുടക്ക് എന്നിവ രേഖപ്പെടുത്തി കാണുന്നില്ല.

2011ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാര സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 7 പ്രകാരം വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാര സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും 6-ാം ചട്ടപ്രകാരം നൽകുന്ന ഏതൊരു ലൈസൻസിനും III-ാം പട്ടികയിൽ പ്രതിപാദിച്ചിട്ടുള്ള വാർഷിക ലൈസൻസ് ഫീസ് ചുമത്താവുന്നതാണ്. III-ാം പട്ടികയിലെ വാർഷിക ലൈസൻസ് ഫീസ് മൂലധനത്തെ അടിസ്ഥാനമാക്കി നിശ്ചയിച്ചിട്ടുള്ളതിനാൽ പുതിയ ലൈസൻസിനു വേണ്ടിയുള്ള അപേക്ഷകളിൽ പ്രതീക്ഷിത വാർഷിക വിറ്റ് വരവ്, മുതൽ മുടക്ക് എന്നിവ നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.

III.ലൈസൻസ് രജിസ്റ്റർ സർക്കിൾ അടിസ്ഥാനത്തിലും സ്ഥാപന/ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ ഡിവിഷൻ അടിസ്ഥാനത്തിലും ആയതിനാൽ ഈ രജിസ്റ്ററുകൾ ഒത്തുനോക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ട് നേരിടുന്നു.

ലൈസൻസ് രജിസ്റ്ററുകളും, തൊഴിൽ നികുതി രജിസ്റ്ററുകളും ഡിവിഷനുകളുടെ അടിസ്ഥാനത്തിൽ പരിപാലിക്കേണ്ടതാണ്.

IV.1994ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ വകുപ്പ് 314എ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികൾക്കും പാരാമെഡിക്കൽ സ്ഥാപനങ്ങൾക്കും സ്ഥാപനം എന്തെങ്കിലും സേവനം നൽകുന്നുവെങ്കിൽ ആ സേവനങ്ങൾക്ക് വേണ്ടി വാർഷിക ഫീസ് ഈടാക്കാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. വിൽവട്ടം മേഖലാ കാര്യാലയത്തിൽ സൂക്ഷിച്ചിരിക്കുന്ന രജിസ്റ്റർ പ്രകാരം 2021-22 സാമ്പത്തിക വർഷം 21 പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ നടത്തിയിട്ടുണ്ട്. എന്നാൽ ഈ സ്ഥാപനങ്ങൾ ലൈസൻസ് എടുത്തതിന്റെ വിവരങ്ങൾ ലഭ്യമല്ല.

2011ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാര സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക II പ്രകാരം പാരാമെഡിക്കൽ സ്ഥാപനങ്ങൾ/ ലബോറട്ടറികൾ/ ക്ലിനിക്ക് എന്നിവ ലൈസൻസ് എടുക്കേണ്ടതാണ്.

മേൽ അപാകതകൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.05/2021-22 തിയ്യതി 18.11.2022) അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ടെന്നും 21 പാരാമെഡിക്കൽ സ്ഥാപനങ്ങളിൽ 4 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടില്ലെന്നും ലൈസൻസ് എടുക്കുന്നതിലേക്കുള്ള നടപടിക്രമങ്ങൾ നടന്നു വരുന്നുണ്ടെന്നും ബാക്കി സ്ഥാപനങ്ങൾ 2021-22 സാമ്പത്തിക വർഷത്തിൽ ലൈസൻസ് ഫീസ് അടവാക്കിയിട്ടുള്ളതാണെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. ലൈസൻസ് എടുക്കാത്തതോ, പുതുക്കാത്തതോ ആയ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ലൈസൻസ് ഫീസ് ഈടാക്കേണ്ടതും ലൈസൻസ് ഫീസ് ഇനത്തിലുള്ള വരുമാനം ഉറപ്പാക്കേണ്ടതുമാണ്.

## 1-51 അയ്യന്തോൾ മേഖലാ കാര്യാലയത്തിലെ ഡി & ഒ ലൈസൻസ് - അപാകതകൾ

അയ്യന്തോൾ മേഖലാകാര്യാലയത്തിലെ ഡി&ഒ ലൈസൻസ് ഡിമാന്റ് &കളക്ഷൻ രജിസ്റ്റർ, പുതിയ അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 2(51) പ്രകാരം വർഷം എന്നാൽ ഒരു സാമ്പത്തിക വർഷം എന്ന് നിർവചിച്ചിരിക്കുന്നതിനാൽ എല്ലാ വ്യാപാര ലൈസൻസികളും ഒരു സാമ്പത്തിക വർഷാരംഭത്തിലോ കേരള മുനിസിപ്പാലിറ്റി ( വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 11 പ്രകാരം ലൈസൻസ് കാലാവധി അവസാനിക്കുന്നതിന് 30 ദിവസത്തിൽ കുറയാതെയുള്ള സമയത്തിനകമോ ലൈസൻസ് പുതുക്കേണ്ടതാണ്. നിലവിലുള്ള ലൈസൻസികൾ യഥാസമയം ലൈസൻസ് പുതുക്കുന്നുണ്ട് എന്ന് ഉറപ്പാക്കപ്പെടുന്നില്ല. അതാത് വർഷം പുതുക്കുവാൻ വരുന്ന ലൈസൻസികളെയും പുതിയ ലൈസൻസികളെയും ഉൾപ്പെടുത്തിയിട്ടുള്ള കളക്ഷൻ രജിസ്റ്ററാണ് സൂക്ഷിക്കുന്നത് .മുൻവർഷം ലൈസൻസ് എടുത്ത എല്ലാസ്ഥാപനങ്ങളും തൻവർഷം ലൈസൻസ് പുതുക്കുന്നു എന്ന് ഒത്തുനോക്കുന്നതിനായി ഓരോ ഡിവിഷനുകളിലും ലൈസൻസ് എടുക്കാനുള്ള മൊത്തം സ്ഥാപനങ്ങളുടെ അസസ്മെന്റ് ലിസ്റ്റ് സൂക്ഷിക്കുന്നില്ല,

2, ഡിമാൻറ് &കളക്ഷൻ രജിസ്റ്റർ വർഷാന്ത്യ സംക്ഷിപ്തം രേഖപ്പെടുത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ആധികാരികമാക്കി സൂക്ഷിക്കുന്നില്ല.

3. ഡി & ഒ രജിസ്റ്റർ സർക്കിൾ അടിസ്ഥാനത്തിലും സ്ഥാപന/ജിവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്ററുകൾ ഡിവിഷനുകളുടെഅടിസ്ഥാനത്തിലുമാണ്പരിപാലിക്കുന്നത്. ആയതിനാൽ ഈ രജിസ്റ്ററുകൾ ഒത്തുനോക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ട് നേരിടുന്നു. ഡി & ഒ രജിസ്റ്ററുകളും, തൊഴിൽ നികുതി രജിസ്റ്ററുകളും ഡിവിഷനുകളുടെ അടിസ്ഥാനത്തിൽ പരിപാലിക്കേണ്ടതാണ്.

4.വർഷാന്ത്യ ഡി.സി.ബി. സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല.

5.പുതിയ അപേക്ഷകർ നൽകിയ അപേക്ഷകൾ പരിശോധിച്ചതിൽ പല അപേക്ഷകളിലും പ്രതീക്ഷിക്കുന്ന വാർഷിക വിറ്റ് വരവ്, മുതൽ മുടക്ക് എന്നിവ രേഖപ്പെടുത്തി കാണുന്നില്ല. 2011ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാര സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങൾ, ചട്ടം 7 പ്രകാരം പുതിയ ലൈസൻസിന് വേണ്ടിയുള്ള അപേക്ഷകളിൽ പ്രതീക്ഷിത വാർഷിക വിറ്റ് വരവ്, മുതൽ മുടക്ക് എന്നിവ നിർബന്ധമായും രേഖപ്പെടുത്തേണ്ടതും ആയതിനനുസരിച്ച് ഫീസ് നിശ്ചയിച്ചിയിക്കേണ്ടതുമാണ്.

5.അപേക്ഷകളിൽ അന്വേഷണ ഉദ്യോഗസ്ഥൻ ലൈസൻസ് അനുവദിക്കാവുന്നത് സംബന്ധിച്ച് അഭിപ്രായം രേഖപ്പെടുത്തി കാണുന്നുണ്ട്. എന്നാൽ നിശ്ചിത മാതൃകയിലുള്ള പരിശോധന റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല. സ്ഥാപനത്തിലെ ജോലിക്കാരുടെ എണ്ണം, നഗരസഭയ്ക്ക് നല്കേണ്ടതായ വസ്തുനികുതി, തൊഴിൽ നികുതി അടച്ചിട്ടുണ്ടോ, ഖര ദ്രവ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്ന രീതി തുടങ്ങിയ വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി കാണുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടു കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറി ക്ക് (നം. 06 /2021-22 തീയതി : 16 .11.22)അപാകതകൾ പരിഹരിക്കുന്നതനാവശ്യമായ നടപടികൾ സ്വീകരിച്ച് നിലവിൽ ന്യൂനതകൾ പരിഹരിച്ചു കൊണ്ടിരിക്കുന്നു എന്ന മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നത്.മേഖലാകാര്യാലയത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന വ്യവസായങ്ങൾ, ഫാക്ടറികൾ, വ്യാപാര സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ലൈസൻസ് പുതുക്കാത്തതും, ലൈസൻസ് എടുക്കാത്തതുമായ കച്ചവടസ്ഥാപനങ്ങൾ ക്കെതിരരെ കർശനമായ നടപടികൾ കൈക്കോള്ളേണ്ടതുമാണ്.

## 1-52 ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ ലൈസൻസ് എടുത്ത് പ്രവർത്തിക്കേണ്ടതാണ്

2021-22 സാമ്പത്തികവർഷത്തെ ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്റ്ററുകൾ അപേക്ഷകളും പരിശോധിച്ചതിൽ കോർപ്പറേഷൻ പരിധിയിലെ എല്ലാ ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടേയും ലിസ്റ്റ് സൂക്ഷിക്കുന്നതായി കാണുന്നില്ല.ആയതിനാൽ എല്ലാ ട്യൂട്ടോറിയൽ സ്ഥാപനങ്ങളും രജിസ്ട്രേഷൻ പുതുക്കുകയോ/പുതിയതായി എടുക്കുകയോ

ചെയ്തിട്ടുണ്ടോ എന്നുള്ളതിന് കൃത്യത ഇല്ല. കൂടാതെ, ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെയാണ് പ്രവർത്തിക്കുന്നത്.ഇവയ്ക്ക് ഓഡിറ്റ് എൻക്വയറി (നമ്പർ 21/21-22 തിയതി 30.11.2022) നൽകിരുന്ന മറുപടി ലഭ്യമാക്കിയിട്ടില്ല.

തദ്ദേശസ്വയംഭരണ (ആർ.ഡി.) വകുപ്പ്, സർക്കാർ ഉത്തരവ് (പി) നമ്പർ 62/2020/തസ്വഭവ. എസ്.ആർ.ഒ. നമ്പർ 857/2020 തിയതി 30.10.2020 വിജ്ഞാപനപ്രകാരം, പട്ടിക I, പട്ടിക II എന്നിവയിൽ ഉൾപ്പെടുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്ത് പ്രവർത്തിക്കേണ്ടതാണ്.ശുചിത്വം, കെട്ടിടത്തിന്റെ സുരക്ഷിതത്വം, പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യം മുതലായവ അന്വേഷണം നടത്തി ഉറപ്പുവരുത്തേണ്ടതാണ്.

## 1-53 സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും ലൈസൻസ് എടുത്ത് പ്രവർത്തിക്കേണ്ടതാണ്.

2021-22 സാമ്പത്തിക വർഷത്തെ സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്റ്ററുകളും അപേക്ഷകളും, വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് എടുത്തതിന്റെ രജിസ്റ്ററുകളും അപേക്ഷകളും പരിശോധിച്ചതിൽ സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും സേവനങ്ങൾക്ക് ലൈസൻസ് എടുത്തതായി കാണുന്നില്ല.ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പാരാമെഡിക്കൽ സ്ഥാപനങ്ങൾ | വാർഡ് / കെട്ടിട നമ്പർ | സർക്കിൾ |
|---|---|---|
| Doctor's Center Clinic Poonkunnam | 32 /469 | 5 |
| Malabar Eye Hospital | 29/54(6,7,8,8A,10) | 5 |
| Smart Wellness Pvt Ltd Pysiotherapy Wellness Clinic | 20/262/9,10 | 4 |
| Mathews Dental Clinic | 25/1511 | 6 |
| Athreya Hospital | 13/356/1,2,3,4 | 1 |

ഇത്തരത്തിലുള്ള സ്ഥാപനങ്ങൾ കോർപ്പറേഷൻ പരിധിയിൽ ലൈസൻസ് എടുക്കാതെയോ/പുതുക്കാതെയോ പ്രവർത്തിക്കുന്നുണ്ടോ എന്നതിന് ഓഡിറ്റ് എൻക്വയറി (നമ്പർ 72/21-22 തിയതി 22.12.2022 ) നൽകിയതിന്, സർക്കിൾ 4ഉം 5ഉം ലൈസൻസ് എടുക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടെന്ന മറുപടി ലഭ്യമാക്കി.

തദ്ദേശസ്വയംഭരണ (ആർ.ഡി.) വകുപ്പ്, സർക്കാർ ഉത്തരവ് (പി) നമ്പർ 62/2020/തസ്വഭവ. എസ്.ആർ.ഒ. നമ്പർ 857/2020 തിരുവനന്തപുരം 30.10.2020 വിജ്ഞാപനപ്രകാരം, പട്ടിക I, പട്ടിക II എന്നിവയിൽ ഉൾപ്പെടുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്ത് പ്രവർത്തിക്കേണ്ടതാണ്.

## 1-54 വാടക അടവാക്കിയിട്ടില്ല

2021-22 സാമ്പത്തികവർഷം ചുവടെ ചേർത്തിട്ടുള്ള കെട്ടിടങ്ങൾ വാടക അടവാക്കിയിട്ടില്ല.

1.ഒളരി മാർക്കറ്റ് പുതിയ കെട്ടിടം വാടക അടവാക്കിയിട്ടില്ല.

വാടകക്ക് നൽകിയ റൂമുകളുടെ വാടക ആരും അടവാക്കിയതായി കാണുന്നില്ല.

23 മുറികൾ വാടകക്ക് നൽകിയിട്ടില്ല.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിടനമ്പർ | വാടക | അഭിപ്രായം |
|---|---|---|
| 49/489/26 (8/654/1) | 4465 | എ ആർ പോളി |
| 49/489/27 (8/654/2) | 4465 | ടി വി സുകുമാരൻ |
| 49/489/28 (8/654/3) | 4274 | വിനിത കെ ആർ |
| 49/489/29 (8/654/4) | 4828 | മെൽജോ ടി ആർ |
| 49/489/30 (8/654/5) | 2569 | ജോഷി |
| 49/489/31 (8/654/6) | 2710 | എം കെ സുബ്രഹ്മണ്യൻ |
| 49/489/32 (8/654/7) | 3583 | ടി പി ബാബു |
| 49/489/33 (8/654/8) | 4441 | ടി വി ആന്റണി |

| | | |
|---|---|---|
| 49/489/34 (8/654/9) | 4441 | എ ഒ ജോൺസൺ |
| 49/489/35 (8/654/10) | 4341 | മെൽവിൻ ടി ആർ |
| 49/489/36 (8/654/11) | 4124 | എ എ ജോണി |
| 49/489/37 (8/654/12) | 4204 | ടി എൻ രാജൻ |
| 49/489/38 (8/654/13) | 4199 | പി ഐ സുധാകരൻ |
| 49/489/39 (8/654/14) | 4305 | സി എൽ ജോണി |
| 49/489/40 (8/654/15) | 9080 | വാടകക്ക് നൽകിയിട്ടില്ല |
| 49/489/41 (8/654/16) | 9500 | വാടകക്ക് നൽകിയിട്ടില്ല |
| 49/489/42 (8/654/17) | 10710 | വാടകക്ക് നൽകിയിട്ടില്ല |
| 49/489/43 (8/654/18) | 10440 | വാടകക്ക് നൽകിയിട്ടില്ല |
| 49/489/44 (8/654/19) | 9060 | വാടകക്ക് നൽകിയിട്ടില്ല |
| 49/489/45 (8/654/20) | 8820 | വാടകക്ക് നൽകിയിട്ടില്ല |
| 49/489/46 (8/654/21) | 8930 | വാടകക്ക് നൽകിയിട്ടില്ല |
| 49/489/47 (8/654/22) | 9280 | വാടകക്ക് നൽകിയിട്ടില്ല |
| 49/489/48 (8/654/23) | 10410 | വാടകക്ക് നൽകിയിട്ടില്ല |
| 49/489/49 (8/654/24) | 11590 | വാടകക്ക് നൽകിയിട്ടില്ല |
| 49/489/50 (8/654/25) | 7030 | വാടകക്ക് നൽകിയിട്ടില്ല |
| 49/489/51 (8/654/26) | 10460 | വാടകക്ക് നൽകിയിട്ടില്ല |
| 49/489/52 (8/654/27) | 11810 | വാടകക്ക് നൽകിയിട്ടില്ല |
| 49/489/53 (8/654/28) | 7260 | വാടകക്ക് നൽകിയിട്ടില്ല |
| 49/489/54 (8/654/29) | 7460 | വാടകക്ക് നൽകിയിട്ടില്ല |
| 49/489/55 (8/654/30) | 8960 | വാടകക്ക് നൽകിയിട്ടില്ല |
| 49/489/56 (8/654/31) | 8290 | വാടകക്ക് നൽകിയിട്ടില്ല |
| 49/489/57 (8/654/32) | 8240 | വാടകക്ക് നൽകിയിട്ടില്ല |
| 49/489/58 (8/654/33) | 7300 | വാടകക്ക് നൽകിയിട്ടില്ല |
| 49/489/59 (8/654/34) | 7310 | വാടകക്ക് നൽകിയിട്ടില്ല |

| | | |
|---|---|---|
| 49/489/60 (8/654/35) | 7300 | വാടകക്ക് നൽകിയിട്ടില്ല |
| 49/489/61 (8/654/36) | 7240 | വാടകക്ക് നൽകിയിട്ടില്ല |
| 49/489/62 (8/654/37) | 7180 | വാടകക്ക് നൽകിയിട്ടില്ല |
| 49/489/63 (8/654/38) | 7480 | വാടകക്ക് നൽകിയിട്ടില്ല |

വാടകക്ക് നൽകിയ റൂമുകളുടെ റെന്റ് ഡെപ്പോസിറ്റ് അടവാക്കിയ വിവരം, കരാർ ഉടമ്പടിയുടെ വിവരങ്ങൾ, എന്നിവ ലഭ്യമാക്കേണ്ടതാണ്.

മറ്റ് മുറികൾ വാടകക്ക് നൽകാതിരുന്നതിന് കാരണം അറിയിക്കുവാൻ താൽപര്യപ്പെടുന്നു.

(ഓഡിറ്റ് എൻക്വയറി -50/14.12.2022)

എൻക്വയറിക്ക് മറുപടിയായി ഒളരി മൽസ്യമാർക്കറ്റിലെയും പഴയ മാർക്കറ്റ് കെട്ടിടത്തിലെയും ലൈസൻസികൾക്ക് പുനരധിവാസപ്രകാരം അനുവദിച്ചിട്ടുണ്ടെങ്കിലും നിർമ്മാണം പൂർത്തിയാക്കാത്തതിനാലും വൈദ്യുതി വാട്ടർ കണക്ഷൻ ലഭിക്കാത്തതിനാലും വാടകക്കാർ ഏറ്റെടുക്കാത്തതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ഇവ ലേലം നടത്തുന്നതിനുള്ള നിരക്ക് മാത്രമാണ് നിശ്ചയിച്ചിട്ടുള്ളത്.പുനരധിവാസക്കാർക്ക് അനുവദിക്കേണ്ട നിരക്ക് ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയുടെ പരിഗണനയിൽ ആണ്.പഴയ കെട്ടിടം പൊളിച്ചുമാറ്റുന്ന മുറക്ക് മാത്രമേ മാലിന്യസംസ്കരണസംവിധാനം ഏർപ്പെടുത്തുവാൻ കഴിയൂ. പഴയ കെട്ടിടത്തിലെ ലൈസൻസികളെ ഒഴിപ്പിക്കുന്നതിന് അയ്യന്തോൾ റവന്യൂഇൻസ്പെക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. കെട്ടിടം വാടകക്കാർ ഏറ്റെടുക്കുന്ന മുറക്ക് വാടക ഈടാക്കുന്നതാണ് .

കെട്ടിടത്തിൽ അടിസ്ഥാനസൌകര്യങ്ങൾ ഏർപ്പെടുത്തി എത്രയുംപെട്ടെന്ന് വാടകക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2.മേനാച്ചേരി ഷോപ്പിംഗ് കോംപ്ലക്സ് വാടകക്ക് നൽകിയതിന്റെ വിവരം ഉണ്ടെങ്കിലും വാടക 2020-21,21-22 സാമ്പത്തികവർഷങ്ങളിൽ വാടക അടവാക്കിയതായി കാണുന്നില്ല.

| റൂം നമ്പർ | വാടക | വാടകക്കാരൻ |
|---|---|---|
| 1 | 1160 | Mandy Jose |
| 2 | 810 | രഞ്ജിത് സണ്ണി |
| 3 | 810 | ഷെമി |
| 4 | 1610 | ടി പി സീതാരാമൻ |
| 5 | 940 | ആന്റണി ജോൺ |
| 6 | 940 | പി ജി ഇയ്യപ്പൻ |
| 7 | 1860 | സി ജെ ജോസ് |
| 8 | 8900 | അൽഫോൺസ |
| 9 | 1450 | ആലീസ് ജോസഫ് |
| 10 | 2420 | ബിനി കൊച്ചപ്പൻ |
| 11 | 940 | മോളി ബേബി |
| 12 | 2420 | ആന്റോ കെ പീറ്റർ |
| 13 | 850 | ആനി ജോൺ |
| 14 | 19430 | എൻ ജെ ബൈജു |
| 15 | 1360 | ഓറിയന്റൽ കുറീസ് |
| 16 | 610 | ഓറിയന്റൽ ഫിനാൻസിയേഴ്സ് |
| 17 | 610 | ഡോ.കെ ജി ജേക്കബ് |
| 18 | 2020 | ക്ഷേമവിലാസം കുറീസ് |
| 19 | 1190 | കൊച്ചിൻ കുറീസ് |
| 20 | 610 | മോളി ബേബി |
| 21 | 610 | എഡ്വിൻ ജേക്കബ് |
| 22 | 840 | എം എ ആന്റണി |
| 23 | 1450 | ജോസ് കെ ഫ്രാൻസിസ് |
| 24 | 610 | മോളി ബേബി |
| 25 | 1450 | ഓറിയന്റൽ കുറീസ് |
| 26 | 1270 | ക്ഷേമവിലാസം കുറീസ് |
| 27 | 610 | ക്ഷേമവിലാസം കുറീസ് |
| 28 | 610 | കൊച്ചിൻ കുറീസ് |

(ഓഡിറ്റ് എൻക്വയറി -50/14.12.2022)

വാടക കുടിശ്ശിക പിഴ സഹിതം ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. വാടക അടവാക്കി ഡിമാന്റ് രജിസ്റ്ററിൽ ചേർത്ത് സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-55 വാടക പരിശോധന – വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

2021-22 സാമ്പത്തികവർഷത്തെ വാടക വരവ് പരിശോധിക്കുന്നതിന് ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

1. സർക്കാർ അംഗീകരിച്ച വാടക സംബന്ധിച്ച ബൈലോ

2. കോർപ്പറേഷന് കീഴിലുള്ള വാടകക്ക് നൽകുന്ന കെട്ടിടങ്ങൾ, അവയുടെ മുറികളുടെ വിവരം, ഒഴിഞ്ഞുകിടക്കുന്ന മുറികളുടെ വിവരം ,കെട്ടിടങ്ങൾ ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ

3.ടാഗോർഹാൾ ,സ്റ്റേഡിയം,ഗസ്റ്റ് ഹൌസ് എന്നിവ വാടകക്ക് നൽകുന്നതിനുള്ള നിയമാവലി,രജിസ്റ്റർ,അപേക്ഷകൾ

A.കോർപ്പറേഷൻ പരിധിയിൽ 13 ഗ്രൌണ്ടുകളാണ് ഉള്ളത്. 11.12.2019 ലെ 22 നം കൌൺസിൽ തീരുമാനപ്രകാരം തൃശ്ശൂർ കോർപ്പറേഷന്റെ നടത്തിപ്പ് അധികാരത്തിലുള്ള കോർപ്പറേഷൻ അധികാരപരിധിയിലെ വിവിധ ഭാഗത്തുള്ള ഗ്രൌണ്ടുകൾ വാടകക്ക് നൽകുന്നതിനുള്ള ഉപനിയമം അംഗീകരിച്ചിട്ടുണ്ട്.

ഗ്രൌണ്ടുകളുടെ വിവരങ്ങൾ

| ക്രമനമ്പർ | ഗ്രൌണ്ട് | വാടക |
|---|---|---|
| 1 | വിൽവട്ടം മേഖലാ 8ാം ഡിവിഷനിലെ 90 സെന്റ് സ്ഥലം | 500 |
| 2 | കുർക്കഞ്ചേരി നെട്ടുപുഴ സ്റ്റേഡിയം ഗ്രൌണ്ട് | 500 |
| 3 | കുർക്കഞ്ചേരി ചിയ്യാരം രാജേന്ദ്രമൈതാനം | 100 |
| 4 | ഒല്ലൂർ ഗ്രാമപഞ്ചായത്ത് മിനി സ്റ്റേഡിയം | 250 |
| 5 | അയ്യന്തോൾ കർഷകനഗർ ഗ്രൌണ്ട് | 250 |
| 6 | അയ്യന്തോൾ ചേറ്റുപുഴ എ കെജി നഗർ ഗ്രൌണ്ട് | 250 |
| 7 | അയ്യന്തോൾ ഒളരി പള്ളിയുടെ മുൻവശത്തുള്ള കോർപ്പറേഷൻ ഗ്രൌണ്ട് | സൌജന്യം |
| 8 | അയ്യന്തോൾ പുതുർക്കര അമ്പലത്തിന് മുൻവശത്തുള്ള റേഡിയോ ഹൌസ് സ്റ്റേജ് ഗ്രൌണ്ട് | സൌജന്യം |
| 9 | ശക്തൻ കൺവെൻഷൻ ഗ്രൌണ്ട് | 10000 |
| 10 | ശക്തൻ ബസ്സ്റ്റാന്റിനും കൊക്കാലെ റോഡിനും ഇടക്കുള്ള ഗ്രൌണ്ട് | 5000 |
| 11 | നേതാജി ഗ്രൌണ്ട്, അരണാട്ടുകര | 2500 |
| 12 | പറവട്ടാനി ഗ്രൌണ്ട് | 2500 |
| 13 | ഇൻഡോർ സ്റ്റേഡിയത്തിന് മുൻവശത്തുള്ള ഗ്രൌണ്ട് | 5000 |

ഇവ ബുക്ക് ചെയ്യുന്നതിന്റെയോ വാടകവരവിന്റെയോ വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

B.സ്റ്റേഡിയം വാടക വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ഫയൽ നം. ആർ 13- 19244/17

02.03.2023 ലെ കൌൺസിൽ മീറ്റിംഗിനുള്ള അജണ്ടയിൽ

"ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ 28.02.2023 ലെ 19 നം.തീരുമാനപ്രകാരം തൃശ്ശൂർ കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള പാലസ് സ്റ്റേഡിയത്തിന്റെ ഉള്ളിൽ സിന്തറ്റിക് ട്രാക്ക് നിർമ്മിക്കുന്നതിന് ഇന്ത്യൻ ഒളിമ്പിക് കൌൺസിൽ പ്രസിഡന്റും രാജ്യസഭ എം പി യുമായ ശ്രീമതി. പി ടി ഉഷ താൽപര്യം പ്രകടിപ്പിച്ചിട്ടുള്ളതാണെന്നും അതിനാൽ തൃശ്ശൂർ കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള കോർപ്പറേഷൻ സ്റ്റേഡിയത്തിന്റെ ഉടമസ്ഥതയിൽ യാതൊരു മാറ്റവും വരാതെ ഫണ്ട് അനുവദിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്ന വിഷയം കൌൺസിൽ പരിഗണനക്ക് സമർപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതാണ്."

അജണ്ടയുടെ കുറിപ്പ് -- "പാലസ് സ്റ്റേഡിയത്തിന്റെ ഉള്ളിൽ സിന്തറ്റിക് ട്രാക്ക് നിർമ്മിക്കുന്നതിനായി സ്റ്റേഡിയം വിട്ടുനൽകുന്നതിന് സമ്മതപത്രം നൽകണമെന്ന് കാണിച്ച് പ്രസിഡന്റ് സ്പോർട്സ് ലെഗസി ഫൌണ്ടേഷൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്."

മേൽപ്പറഞ്ഞ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തീരുമാനപ്രകാരം പാലസ് സ്റ്റേഡിയം കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ളതാണെന്ന് വ്യക്തമാണ്.

പാലസ് സ്റ്റേഡിയത്തിൽ ധാരാളം സ്പോർട്സ് പരിപാടികൾ, പരിശീലനപദ്ധതികൾ എന്നിവ നടത്തി വരുന്നുണ്ട്.

ഇതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

A.. ഫയൽ നം.ആർ 13- 19244/17

B. സ്റ്റേഡിയം വാടകക്ക് നൽകുന്നതിനുള്ള നിയമാവലി, വാടക നിരക്ക്, 2021-22 വർഷം ലഭ്യമായ വാടക, ആയത് ക്രെഡിറ്റ് ചെയ്ത ബാങ്ക് അക്കൗണ്ട് വിവരങ്ങൾ,

ബുക്കിംഗ് രജിസ്റ്റർ, അപേക്ഷകൾ

C. സ്റ്റേഡിയം നിലവിൽ നടത്തിപ്പിനായി ആർക്കെങ്കിലും വിട്ടുകൊടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ, കൌൺസിൽ തീരുമാനം, ഇതുവഴി ലഭ്യമായ വാടക/ ലൈസൻസ് ഫീ എന്നിവയുടെ വിവരങ്ങൾ

D. 11.12.2019 ലെ 22 നം. കൗൺസിൽ തീരുമാനപ്രകാരം കോർപ്പറേഷന്റെ അധികാരത്തിലുള്ള വിവിധ ഭാഗത്തുള്ള ഗ്രൌണ്ടുകൾ വാടകക്ക് നൽകുന്നതിന് വാടക നിർണ്ണയിച്ചിട്ടുണ്ട്. ഇതിൽ സ്റ്റേഡിയം ഉൾപ്പെട്ടതായി കാണുന്നില്ല. ആയതിന് കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി --160/ 02.03.2023 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

4. ഓരോ റൂമും എത്ര വർഷത്തേക്കാണ് വാടകക്ക് നൽകുന്നത് എന്ന വിവരം

5. എത്ര വർഷം കൂടുമ്പോഴാണ് വാടക വർദ്ധിപ്പിക്കുന്നത്, ഏത് നിരക്കിലാണ് വർദ്ധിപ്പിക്കുന്നത് എന്ന വിവരം , 2021-22 വർഷം വാടക വർദ്ധിപ്പിച്ചതിന്റെ വിവരങ്ങൾ

6.റെന്റ് ഡെപ്പോസിറ്റ് രജിസ്റ്റർ, റെന്റ് ഡെപ്പോസിറ്റ് നിരക്ക്

7. വാടകക്കാരുമായുള്ള കരാർ, വാടകയിൽ വാർഷികവർദ്ധനവ് വരുത്താത്തതിന് കാരണം

വിവരങ്ങൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി-45/14.12.2022,87/04.01.2023 നൽകിയെങ്കിലും സ്ഥാപനം മറുപടി ഹാജരാക്കിയില്ല.

8. കോർപ്പറേഷൻ ഓരോ കെട്ടിടങ്ങൾക്കും സ്ക്വയർ ഫീറ്റ് നിരക്കിൽ വാടക നിർണ്ണയിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ വിവരങ്ങൾ
9.വടക്കേച്ചിറ ബസ് ടെർമിനൽ പ്ലാസയിൽ എത്ര മുറികൾ ഉണ്ട്, എത്രയെണ്ണം വാടകക്ക് നൽകിയിട്ടുണ്ട്, വാടക നിരക്ക്, റെന്റ് ഡെപ്പോസിറ്റ് അടവാക്കിയ വിവരം,മുറികൾ ഒഴിഞ്ഞുകിടക്കുന്നുവെങ്കിൽ ആയതിന്റെ വിവരം, വാടക അടവാക്കിയ വിവരം,കുടിശ്ശിക,കരാർ എന്നിവ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 87/04.01.2023 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

വാടക ഡിമാന്റ് രജിസ്റ്ററിന്റെ അടിസ്ഥാനത്തിലാണ് വാടക വരവ് പരിശോധിച്ചിട്ടുള്ളത്. ബൈലോ, വാടകക്ക് നൽകിയ കെട്ടിടങ്ങൾ ആസ്തിരജിസ്റ്ററിൽ ചേർത്തതിന്റെ വിവരങ്ങൾ, ആകെയുള്ള വാടക കെട്ടിടങ്ങൾ, വാടകക്ക് നൽകിയിട്ടുള്ള മുറികൾ, നൽകാത്ത മുറികൾ, വാടകക്കാരുമായുള്ള കരാറുകൾ,വാടക വർദ്ധിപ്പിക്കുന്നതിന്റെ വിവരങ്ങൾ എന്നിങ്ങനെ കൃത്യമായ പരിശോധനക്ക് ഉതകുന്ന വിവരങ്ങൾ ഒന്നും സ്ഥാപനം ലഭ്യമാക്കിയിട്ടില്ല. വിവരങ്ങളുടെ അഭാവത്തിൽ വാടക ഡിമാന്റ്, വരവ്, കുടിശ്ശിക എന്നിവയുടെ കൃത്യത ഉറപ്പാക്കുവാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.

## 1-56 വാടക – ഡിമാന്റ് ചെയ്തതിൽ പകുതിയും പിരിച്ചെടുത്തിട്ടില്ല.

കോർപ്പറേഷനിലെ 2021-22 സാമ്പത്തികവർഷത്തെ വിവിധ ഡിമാന്റ് രജിസ്റ്ററുകൾ പ്രകാരമുള്ള വാടക ഡിമാന്റ്, വരവ്, കുടിശ്ശിക എന്നിവയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഷോപ്പിംഗ് കോംപ്ലക്സ് | മുറികൾ | ഡിമാന്റ് | വരവ് | ബാക്കി |
|---|---|---|---|---|
| എ ആർ മേനോൻകെട്ടിടം | 14 | 774720 | 540500 | 234220 |
| പാട്ടുരാക്കൽ ഷോപ്പിംഗ് കോംപ്ലക്സ് എ ബ്ലോക്ക് | 29 | 692120 | 538520 | 153600 |
| പാട്ടുരാക്കൽ ഷോപ്പിംഗ് കോംപ്ലക്സ് ഡി ബ്ലോക്ക് | 32 | 848140 | 617520 | 230620 |
| പാട്ടുരാക്കൽ ഷോപ്പിംഗ് കോംപ്ലക്സ് ന്യൂ ബ്ലോക്ക് | 25 | 2128780 | 1675020 | 453760 |
| നായ്ക്കനാൽ വെജിറ്റബിൾ മാർക്കറ്റ് | 12 | 214080 | 214080 | 0 |
| അരണാട്ടുകര മാർക്കറ്റ് കെട്ടിടം | 37 | 411890 | 281810 | 130080 |
| കുർക്കഞ്ചേരി മാർക്കറ്റ് കെട്ടിടം | 31 | 326160 | 242000 | 84160 |
| വെസ്റ്റ്ഫോർട്ട് മാർക്കറ്റ് | 19 | 1314720 | 988960 | 325760 |
| വെസ്റ്റ്ഫോർട്ട് മാർക്കറ്റ് സ്റ്റാൾ | 25 | 210940 | 148570 | 62370 |
| ചേറൂർരാമനിലയം ജംഗ്ഷൻ ഷോപ്പിംഗ് കോംപ്ലക്സ് | 33 | 951600 | 653610 | 297990 |
| സ്റ്റേഡിയം | 72 | 781880 | 472990 | 308890 |
| ഒല്ലൂർ ഷോപ്പിംഗ് സെന്റർ | 32 | 1566130 | 1251500 | 314630 |
| ഒല്ലൂർ മാർക്കറ്റ് സ്റ്റോൾ | 15 | 201360 | 136360 | 65000 |
| ചീരാച്ചി മാർക്കറ്റ് | 6 | 6960 | 6960 | 0 |
| പനംകുറ്റിച്ചിറ ഷോപ്പിംഗ് സെന്റർ | 18 | 471400 | 359120 | 112280 |
| പി എൻ എം ഒന്നാംനില | 9 | 228580 | 152440 | 76140 |
| മണ്ണുത്തി ഷോപ്പിംഗ് കോംപ്ലക്സ് ഒല്ലൂക്കര | 37 | 871400 | 583370 | 288030 |
| മണ്ണുത്തി ഷോപ്പിംഗ് കോംപ്ലക്സ് | 28 | 923928 | 641068 | 282860 |
| മുക്കാട്ടുകര പോസ്റ്റ് ഓഫീസ് റോഡ് കെട്ടിടം | 14 | 316900 | 281270 | 35630 |
| കാളത്തോട് മിനി ഷോപ്പിംഗ് കോംപ്ലക്സ് | 7 | 96980 | 29420 | 67560 |
| ഒല്ലൂക്കര മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് മണ്ണുത്തി | 46 | 2008688 | 1255094 | 753594 |

| | | | | |
|---|---|---|---|---|
| വെസ്റ്റ് ഫോർട്ട് കോർപ്പറേഷൻ കെട്ടിടം | 3 | 54600 | 52780 | 1820 |
| കുറ വനിതാ വ്യവസായകേന്ദ്രം | 5 | 161892 | 0 | 161892 |
| ഒല്ലൂർ മാർക്കറ്റ് സ്റ്റാൾ | 7 | 235800 | 108680 | 127120 |
| എ എം പരമൻ മെമ്മോറിയൽ ഷോപ്പിംഗ് കോംപ്ലക്സ് വെസ്റ്റ് ഫോർട്ട് | 60 | 3393700 | 1609600 | 1784100 |
| ആകെ | 616 | 19193348 | 12841242 | 6352106 |
| പട്ടാളം മാർക്കറ്റ് കെട്ടിടം | 120 | 1810427 | 1331027 | 479400 |
| പഴയ ബസ് സ്റ്റാൻഡ് കെട്ടിടം | 27 | 2086320 | 1085160 | 1001160 |
| ഓഫീസിന് മുൻവശം കെട്ടിടം | 5 | 552320 | 317040 | 235280 |
| തേറാട്ടിൽ ജെ ആന്റണി മെമ്മോറിയൽ | 59 | 2079780 | 1153210 | 926570 |
| കുറുപ്പം റോഡ് ഷോപ്പിംഗ് കോംപ്ലക്സ് | 15 | 637200 | 543290 | 93910 |
| ജയ്ഹിന്ദ് മാർക്കറ്റ് എ ബ്ലോക്ക് | 66 | 2717866 | 2394256 | 323610 |
| ജയ്ഹിന്ദ് മാർക്കറ്റ് ബി ബ്ലോക്ക് | 8 | 476864 | 452174 | 24690 |
| ജയ്ഹിന്ദ് മാർക്കറ്റ് ഇരുനില | 28 | 626640 | 538010 | 88630 |
| ജയ്ഹിന്ദ് മാർക്കറ്റ് സി ബ്ലോക്ക് | 185 | 4467582 | 3561452 | 906130 |
| ജയ്ഹിന്ദ് മാർക്കറ്റ് സി ബ്ലോക്ക്ഹാൾ | 8 | 559920 | 347640 | 212280 |
| ടെലഫോൺ ബൂത്ത് | 12 | 80520 | 43920 | 36600 |
| ആകെ | 533 | 16095439 | 11767179 | 4328260 |
| ശക്തൻ തരക് | 61 | 1399440 | 1200520 | 198920 |
| ശക്തൻ മാർക്കറ്റ് സ്റ്റാൾ | 175 | 3336780 | 2945510 | 391270 |
| ശക്തൻ നോൺവെജ് മാർക്കറ്റ് | 121 | 4081450 | 3820620 | 260830 |
| ശക്തൻ പെറ്റി ബങ്ക് | 31 | 696600 | 665790 | 30810 |
| ശക്തൻ ബസ്റ്റാന്റ് കെട്ടിടം | 9 | 1366560 | 64290 | 1302270 |
| ശക്തൻ ഷോപ്പിംഗ് കോംപ്ലക്സ് | 37 | 7334016 | 1007898 | 6326118 |
| നടുവിലാൽ ഷോപ്പിംഗ് കോംപ്ലക്സ് പഴയത് | 10 | 103900 | 100240 | 3660 |
| മുനിസിപ്പൽ ഓഫീസ് റോഡ് ജംഗ്ഷൻ | 9 | 95160 | 95160 | 0 |
| വിൽവട്ടം ഷോപ്പിംഗ് കോംപ്ലക്സ് | 16 | 442720 | 214840 | 227880 |
| നടുവിലാൽ ഷോപ്പിംഗ് കോംപ്ലക്സ് - ഗ്രൌണ്ട് ഫ്ലോർ | 17 | 1138740 | 676880 | 461860 |
| നടുവിലാൽ ഷോപ്പിംഗ് കോംപ്ലക്സ് - ഫസ്റ്റ് ഫ്ലോർ | 14 | 882980 | 556570 | 326410 |
| നടുവിലാൽ ഷോപ്പിംഗ് കോംപ്ലക്സ് - സെക്കന്റ് ഫ്ലോർ | 1 | 768120 | 0 | 768120 |
| നടുവിലാൽ ഷോപ്പിംഗ് കോംപ്ലക്സ് - തേർഡ് ഫ്ലോർ | 2 | 2429400 | 359640 | 2069760 |
| നായ്ക്കനാൽ വെജിറ്റബിൾ മാർക്കറ്റ് | 1 | 132000 | 0 | 132000 |
| ശക്തൻ ബസ് സ്റ്റാന്റ് ടീ സ്റ്റാൾ | 1 | 0 | 0 | 0 |
| ശക്തൻ കാന്റീൻ | 1 | 0 | 0 | 0 |
| ആകെ | 506 | 24207866 | 11707958 | 12499908 |
| കൊക്കാലെ ഷോപ്പിഗ് സെന്റർ | | 103080 | 103080 | 0 |
| കൊക്കാലെ പ്രസ് ബ്യൂറോ | | 142440 | 141760 | 680 |
| കൊക്കാലെ മാർക്കറ്റ് മുൻവശം | | 93000 | 93000 | 0 |
| കൊക്കാലെ മാർക്കറ്റ് പുറകുവശം | | 459300 | 381000 | 78300 |
| അയ്യന്തോൾ ഷോപ്പിംഗ് കോംപ്ലക്സ് | | 531820 | 370170 | 161650 |
| അയ്യന്തോൾ വനിതാ വ്യവസായകേന്ദ്രം | | 45720 | 45720 | 0 |
| ഒളരി മാർക്കറ്റ് കെട്ടിടം | | 249160 | 200920 | 48240 |
| കൂർക്കഞ്ചേരി മാർക്കറ്റ് കെട്ടിടം | | 165460 | 165460 | 0 |
| വെസ്റ്റ് ഫോർട്ട് മാർക്കറ്റ് | | 631880 | 418450 | 213430 |
| വെസ്റ്റ് ഫോർട്ട് ജംഗ്ഷൻ | | 62120 | 61510 | 610 |
| വെസ്റ്റ് ഫോർട്ട് താൽക്കാലിക കെട്ടിടം | | 24120 | 24120 | 0 |

| | | | | |
|---|---|---|---|---|
| വെസ്റ്റ് ഫോർട്ട് പുതിയ ഷോപ്പിംഗ് കോംപ്ലക്സ് | | 1645050 | 135570 | 1509480 |
| ബിനി ടൂറിസ്റ്റ് ഹോം | | 0 | 0 | 0 |
| കുർക്കഞ്ചേരി പനമുക്ക വനിതാ വ്യവസായകേന്ദ്രം | | 49760 | 49760 | 0 |
| ചേറ്റുപുഴ പോസ്റ്റ് ഓഫീസ് | | 7320 | 7320 | 0 |
| അയ്യന്തോൾ മാർക്കറ്റ് | | 726240 | 523140 | 203100 |
| ശക്തൻ ആർക്കേഡ് | | 7172220 | 3133794 | 4038426 |
| EFNWSC | | 673688 | 509934 | 163754 |
| ന്യൂ കൈരളി ലോഡ്ജ് | | 1225236 | 0 | 1225236 |
| ആകെ | | 14007614 | 6364708 | 7642906 |
| ഒട്ടാകെ | | 7,35,04,267 | 4,26,81,087 | 3,08,23,180 |

ആകെ ഡിമാന്റ് ചെയ്തതിൽ 58% മാത്രമാണ് പിരിച്ചെടുത്തിട്ടുള്ളത്. 42% പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. മാത്രമല്ല വിവിധ കെട്ടിടങ്ങളിലായി പലവിധ കാരണങ്ങളാൽ വാടകക്ക് നൽകാതെ ധാരാളം മുറികൾ ഉണ്ട്. ചിലവ ഡിമാന്റ് ചെയ്തിട്ടില്ല. ഇവയെല്ലാം സ്ഥാപനത്തിന്റെ തനതുവരുമാനത്തിൽ കുറവു വരുത്തുന്നു. നഗരസഭക്ക് ലഭിക്കേണ്ട തുക കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 539 പ്രകാരം മൂന്നുകൊല്ലം കഴിഞ്ഞതിനുശേഷം നടപടികൾ സ്വീകരിക്കുവാൻ സാധിക്കുന്നതല്ല.ആയതിനാൽ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. യഥാസമയം നടപടികൾ സ്വീകരിക്കാത്തതുമൂലം നഷ്ടപ്പെട്ട തുക വീഴ്ച വരുത്തിയ ഉദ്യോഗസ്ഥന്റെ വീഴ്ചയായി കണക്കാക്കി 12% പലിശ സഹിതം ഈടാക്കേണ്ടതാണ്.

## 1-57 വാടകക്ക് നൽകാതെ മുറികൾ ഒഴിഞ്ഞുകിടക്കുന്നു

തൃശ്ശൂർ കോർപ്പറേഷന്റെ 2020-21,2021-22 സാമ്പത്തികവർഷത്തെ വാടക ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ പല കെട്ടിടങ്ങളിലുമായി ധാരാളം മുറികൾ ഒഴിഞ്ഞുകിടക്കുന്നതായി കാണുന്നു.

വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിടവിവരം | റൂം നമ്പർ |
|---|---|
| കൊക്കാല ഷോപ്പിംഗ് സെന്റർ | 6 |
| കൊക്കാലെ മാർക്കറ്റ് കെട്ടിടം മുൻഭാഗം | 7 (2020-21ൽ 10800 പ്രതിമാസ വാടകക്ക് നൽകിയിട്ടുണ്ട്.അടവാക്കിയിട്ടില്ല.--സുബിൻ ടി എസ് --2020മെയ് മാസത്തിൽ അടച്ചുപൂട്ടിയതായി രജിസ്റ്ററിൽ. ) |
| കൊക്കാലെ മാർക്കറ്റ് കെട്ടിടം ബാക്ക് | 10 (03/2019 മുതൽ ഒഴിവ്-- വാടക 610രൂപ) |
| | 48( 2020-21,2021-22 ൽ ഒഴിവ്-വാടക 610രൂപ) |
| അയ്യന്തോൾ ഷോപ്പിംഗ് കോംപ്ലക്സ് | 16 ,23,28,34 ,37 (20-21, 21-22 ഒഴിവ്) |
| | 43 (20-21, 21-22 ഒഴിവ്-- 2018 മുതൽ പൂട്ടിയതായി രജിസ്റ്ററിൽ) |
| കുർക്കഞ്ചേരി ഷോപ്പിംഗ് കോംപ്ലക്സ് ,കണിമംഗലം | 3 ,5(20-21, 21-22 ഒഴിവ്) |
| കിഴക്കേക്കോട്ട പുതിയ ഷോപ്പിംഗ് കോംപ്ലക്സ് ഒന്നാംനില | 8/156/11<br>8/156/11A-- 10100 രൂപ വീതം വാടക നിർണ്ണയിച്ചതായി കാണുന്നു. |
| | 8/156/13,21,<br>8/156/17/1 |
| | 20, 21 |
| കിഴക്കേക്കോട്ട N-West ഷോപ്പിംഗ് കോംപ്ലക്സ് | 13,14,15,16,17<br>(8/97/A14, 8/97/A13, 8/97/A15, 8/97/A16, 8/97/A17) |
| കുർക്കഞ്ചേരി പനമുക്ക് വനിതാ വ്യവസായ കേന്ദ്രം | 4/154F ,4/154D,4/154E5 |
| അയ്യന്തോൾമാർക്കറ്റ് കെട്ടിടം | 13/277/3 ,13/277/4, 13/277/5, 13/277/7, 13/277/8, 13/277/9, 13/277/10, 13/277/13, 13/277/14, 13/277/15, 13/277/17 |
| ശക്തൻ ആർക്കേഡ് | S53A,S53B, S55,S56, S58,S59.,62 |

| | |
|---|---|
| പാട്ടുരാക്കൽ ഷോപ്പിംഗ് കോംപ്ലക്സ് ഡി ബ്ലോക്ക് | 31 |

| | |
|---|---|
| പാട്ടുരാക്കൽ ഷോപ്പിംഗ് കോംപ്ലക്സ് ന്യൂ ബ്ലോക്ക് | 4 |
| അരണാട്ടുകര മാർക്കറ്റ് ബിൽഡിംഗ് | 12,13 |
| ചീരാച്ചി മാർക്കറ്റ് | 1,2,3 |
| പി എൻ എം ഒന്നാംനില | 1,2,3,5 |
| ഒല്ലൂക്കര മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് മണ്ണുത്തി | 7,8,13,18,27,28,29,30,31,32,33, 35,36,38,39 |
| എ എം പരമൻ മെമ്മോറിയൽ ഷോപ്പിംഗ് കോംപ്ലക്സ് | 20/403(18), 20/403(19), 20/403(20), 20/403(25), 20/403(27), 20/403(31), 20/403(59) |
| ശക്തൻ തമ്പുരാൻ നഗർഷോപ്പിംഗ് കോംപ്ലക്സ് | റൂം നം.33,35 |
| ന്യൂ പട്ടാളം മാർക്കറ്റ് | 102,107,110,117 |
| പഴയ ബസ് സ്റ്റാന്റ് കെട്ടിടം | 22,23,24A |
| ജയ്ഹിന്ദ് മാർക്കറ്റ് സി ബ്ലോക്ക് | 124 |

മേൽപ്രകാരം ഒഴിഞ്ഞുകിടക്കുന്ന മുറികൾ വാടകക്ക് നൽകുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന വിവരം അറിയിക്കുവാൻ ഓഡിറ്റ് എൻക്വയറി-46/14.12.2022 മുഖേന സ്ഥാപനത്തോട് ആവശ്യപ്പെട്ടിരുന്നു. ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ഷോപ്പിംഗ് കോംപ്ലക്സുകളിലെ ഒഴിഞ്ഞുകിടക്കുന്ന മുറികളിൽ ടെണ്ടർ/ലേലയോഗ്യമായ എല്ലാ മുറികളും പത്രപരസ്യം, സമൂഹമാധ്യമങ്ങളിലെ അറിയിപ്പുകൾ വഴി ടെണ്ടർ/ലേലം നടത്തുകയും പ്രതിമാസലൈസൻസ് വ്യവസ്ഥയിൽ മുറികൾ അനുവദിച്ചിട്ടുള്ളതുമാണ് എന്ന് അറിയിച്ചിട്ടുണ്ട്.

ഏതെല്ലാം മുറികളാണ് വാടകക്ക് നൽകിയത്, വാടക നിരക്ക് എത്രയാണ്, കരാർ വിവരങ്ങൾ എന്നിവ ഹാജരാക്കിയിട്ടില്ല. ഡിമാന്റ് രജിസ്റ്ററിലും വിവരങ്ങൾ ചേർത്തിട്ടില്ല.

## 1-57-1 ഒളരി മൽസ്യ മാംസസ്റ്റാൾ 21-22 ൽ വാടകക്ക് നൽകിയിട്ടില്ല.

1 മുതൽ 15 വരെ സ്റ്റാളുകൾ 2020-21 ലെ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.20-21 ൽ ആരും വാടക അടവാക്കിയതായി കാണുന്നില്ല. എന്നാൽ 21-22 ലെ രജിസ്റ്ററിൽ സ്റ്റാളുകൾ വാടകക്ക് നൽകിയതിന്റെ വിവരം രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമനമ്പർ | വാടകക്കാരൻ | പ്രതിമാസ വാടക |
|---|---|---|
| 1 | വിനീത കെ ആർ | 1120 |
| 2 | എ എ ജോണി | 860 |
| 3 | മെൽജോ ടി ആർ | 5300 |
| 4 | സി എൽ ടോണി | 4300 |
| 5 | എം കെ സുബ്രഹ്മണ്യൻ | 580 |
| 6 | ടി വി ആന്റണി | 580 |
| 7 | ഒഴിവ് | |
| 8 | ജോഷി ആലപ്പാട്ട് | 3700 |
| 9 | എ ആർ പോളി | 580 |
| 10 | സി എൽ ടോണി | 3500 |
| 11 | ടി എൻ രാജൻ | 640 |
| 12 | മെൽവിൻ ടി ആർ | 1040 |
| 13 | ടി വി സുകുമാരൻ | 860 |
| 14 | എ ഒ ജോൺസൺ | 1270 |
| 15 | എ ഒ ജോൺസൺ | 580 |

വാടകക്കാർ 2020-21 ലെ വാടക കുടിശ്ശിക അടവാക്കിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കുവാനും 2021-22ൽ വാടകക്ക് നൽകാതിരുന്നതിന്റെ കാരണം അറിയിക്കുവാനും ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി-47/14.12.2022 നൽകിയിരുന്നുവെങ്കിലും സ്ഥാപനം മറുപടി ലഭ്യമാക്കിയില്ല.

കോർപ്പറേഷനിലെ എല്ലാ വാടകക്കെട്ടിടങ്ങളിലെയും വാടകമുറികൾ എല്ലാം വാടകക്ക് നൽകേണ്ടതും വാടക കൃത്യമായി കുടിശ്ശിക ഇല്ലാതെ പിരിച്ചെടുക്കേണ്ടതുമാണ്. കുടിശ്ശിക വരുത്തുന്ന വാടകക്കാർക്ക് എതിരെ കർശനനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-58 വാടക അടവാക്കിയില്ല -- കേസ് ഫയലുകൾ ലഭ്യമാക്കിയിട്ടില്ല

പല കെട്ടിടങ്ങളിലെ മുറികളുടെയും വാടക അടവാക്കിയതായി കാണുന്നില്ല.വാടക അടവാക്കാത്തതിന് കാരണമായി കേസ് ഉള്ളതായി ഡിമാന്റ് രജിസ്റ്ററിൽ ചേർത്തിട്ടുണ്ട്.

A. കിഴക്കേക്കോട്ട പുതിയ ഷോപ്പിംഗ് കോംപ്ലക്സിലെ 10 മുറികൾ വാടകക്ക് നൽകിയതിന്റെ വാടക 2020-21, 2021-22 വർഷങ്ങളിൽ അടവാക്കിയതായി കാണുന്നില്ല.

| ക്രമനമ്പർ | വാടകക്കാരൻ | വാടക | അഭിപ്രായം |
|---|---|---|---|
| 1 | കെ പി ജോസ് | 7050 | 64/19 നം.കേസ് (ട്രൈബ്യൂണൽ) |
| 2 | ഐ ആർ ജോസ് | 7050 | 71/19 |
| 3 | ജലജ പി ആർ | 29260 | ബഹു.ഹൈക്കാടതി കേസ് -- WP(C)5929/20 |
| 4 | കെ എസ് ജോയി | 7050 | 69/19 നം.കേസ് (ട്രൈബ്യൂണൽ) |
| 5 | കെ എസ് ഷാജു | 7050 | |
| 6 | സെലീന പൈലി | 7050 | 65/19 നം.കേസ് |
| 7 | ജെ കെ റാഫേൽ | 7050 | |
| 8 | ജോൺ ആന്റോ | 8580 | 61/19 |
| 9 | കെ എം മാത്യൂ | 9180 | |

മുകളിൽ സൂചിപ്പിച്ച വാടകക്കാരിൽ ക്രമനം.1,2,3,4,6,8 എന്നിവരുടെ കേസുകൾ നിലവിലുള്ളതായും കേസുകളിൽ തീരുമാനമാകുന്ന മുറക്ക് കുടിശ്ശിക അടക്കം അടവാക്കുവാൻ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കേസ് വിധിയാകുന്ന മുറക്ക് വിവരങ്ങൾ തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിന് രേഖകൾ ഹാജരാക്കേണ്ടതാണ്.

ക്രമനം.5,7,9 എന്നിവർ കുടിശ്ശിക ഭാഗികമായി അടവാക്കിയിട്ടുണ്ടെന്നും ബാക്കി അടവാക്കുന്നതിന് എതിരെ ഭരണസമിതിക്ക് അപ്പീൽ സമർപ്പിച്ചിട്ടുണ്ടെന്നും സ്ഥാപനം അറിയിച്ചിട്ടുണ്ട്. ഭരണസമിതി തീരുമാനം ലഭ്യമാക്കി കുടിശ്ശിക മുഴുവനായി അടവാക്കി രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

B.

| കെട്ടിടം | റൂം നമ്പർ | കേസ് വിവരം |
|---|---|---|
| ശക്തൻ തമ്പുരാൻ നഗർ മാർക്കറ്റ് സ്റ്റാൾ | റൂം നം.149 | ലഭ്യമല്ല |
| ശക്തൻ തമ്പുരാൻ നഗർ നോൺ വെജ്മാർക്കറ്റ് | 99 | 29.6.2018 ന് കടമുറി പൂട്ടിയതായി രജിസ്റ്ററിൽ വാടക എഴുതിയിട്ടില്ല.<br>WP(C) No.22917/18 |
| ശക്തൻ തമ്പുരാൻ നഗർഷോപ്പിംഗ് കോംപ്ലക്സ് | | WP(C) No.17591/21 |

C. ഫയൽ നം. R12/37301/21 പരിശോധിച്ചതിൽ ശക്തൻ ആർക്കേഡിലെ 11 വാടകക്കാർ 7/9/21 ന് 2020-21,2021-22 വർഷം കോവിഡ് വ്യാപനം മൂലമുണ്ടായ നഷ്ടം കണക്കിലെടുത്ത് രണ്ട് വർഷങ്ങളിലെയും 6മാസത്തെ വീതം വാടക ഒഴിവാക്കി നൽകണമെന്നും ഡി ആൻറ് ഒ ലൈസൻസ് അനുവദിക്കണമെന്നും ആവശ്യപ്പെട്ട് പരാതി നൽകിയിട്ടുണ്ട്.

സർക്കാർ ഉത്തരവ് (സാധാ) 1278/2020 തീയതി. 29.6.20 അനുസരിച്ച് 2 മാസത്തെ വാടക ഇളവ് അനുവദിച്ചിട്ടുണ്ട്.

24.01.2022 ലെ 22നം കൌൺസിൽ തീരുമാനപ്രകാരം വാടകക്കാർ നൽകിയ WP(C) 18618/21 കേസിലെ വിധി പ്രകാരം വാടക കുടിശ്ശിക 5 തവണകളായി ഒടുക്കുന്നതിന് അനുമതിയും ഡി ആന്റ് ഒ ലൈസൻസ് പുതുക്കി നൽകുന്നതിനും തീരുമാനിച്ചു.2020 ഏപ്രിൽ വരെയുള്ള വാടക ഒഴിവാക്കുന്നതിനും 2022 വരെ ഡിസംബർ 31 വരെ ജപ്തി നടപടികൾ ഒഴിവാക്കുന്നതിനും തീരുമാനിച്ചു.

WP(C) 18656/22 നം. കേസിന്റെ 27.6.22 ന് സമർപ്പിച്ച വസ്തുതാവിവരപത്രികയിൽ ചേർത്തിട്ടുള്ള പ്രകാരം വാടക കുടിശ്ശിക വിവരങ്ങൾ

| ക്രമനമ്പർ | വാടകക്കാരൻ | റൂം നമ്പർ | മാസവാടക | കാലയളവ് | കുടിശ്ശിക (വാടക,ജി എസ് ടി ,ഫൈൻ ഉൾപ്പെടെ) |
|---|---|---|---|---|---|
| 1 | ജോസ് പുളിക്കൽ | S-4 | 16105 | 6/22 വരെ അടവാക്കി | |
| 2 | ബെറ്റി ജോസ് | S-3 | 14044 | 11/21 – 04/22 | 104067 |
| 3 | കെ എ വേണുഗോപാൽ | S-7 | 12305 | 6/19-3/20<br>6/20-4/21<br>6/21-6/22 | 574029 |
| 4 | ഷീജ ശിവദാസ് | S-2 | 13444 | 4/20-6/22 | 481295 |
| 5 | ബിജു പി എം | S-22 | 12887 | 8/20-4/21<br>6/21-6/22 | 368569 |

| | | | | | |
|---|---|---|---|---|---|
| 6 | ബേബി വി കെ | S-T2 | 11990 | 3/20, 6/20-4/21 6/21-6/22 | 394352 |
| 7 | ജോഫി മാത്യു സി | S-8 | 27951 | 6/20-4/21 6/21-6/22 | 879059 |
| 8 | സുധിഷ് പി വി | S-19 | 16335 | 6/20-4/21 6/21-6/22 | 513736 |
| 9 | കെ വി വിനേഷ് | S-27 | 5747 | 2/20-3/20 6/20-4/21 6/21-6/22 | 197410 |
| 10 | കെ ടി വാസുദേവൻ | S-6 | 11816 | 6/20-4/21 6/21-4/21 6/21-6/22 | 371613 |
| 11 | അരുൺ എം എസ് | S-60 | 13310 | 6/21-6/22 | 216553 |
| 12 | ബിജു പി എം | S-44,45 | 12671 | 9 മാസം | 140346 |
| | | | | ആകെ | 42,41,029 |

1998 ലെ കേരള മുനിസിപ്പാലിറ്റി (പാട്ടക്കാർക്കും ലൈസൻസികൾക്കും കരാറുകാർക്കും കിസ്തിളവ് അനുവദിക്കൽ ) ചട്ടങ്ങൾ ചട്ടം 3 പ്രകാരം ഏതൊരു പാട്ടക്കാരനും ലൈസൻസിയും കരാറുകാരനും കരാറിലെ വ്യവസ്ഥകൾ പൂർണ്ണമായി പാലിക്കുവാൻ ബാധ്യസ്ഥനാണ്. 4,5 ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് അനുസരിച്ചല്ലാതെ യാതൊരു വിധ കിസ്ത് ഇളവും അനുവദിക്കുവാൻ പാടില്ല.ചട്ടം 4 പ്രകാരം അപ്രതീക്ഷിതവും മനുഷ്യനിയന്ത്രണാതീതവുമായ കാരണങ്ങളാൽ നഷ്ടം നേരിട്ടാൽ കിസ്ത് ഇളവ് അനുവദിക്കാവുന്നതാണ്. ചട്ടം 5 പ്രകാരം പാട്ടത്തിലെ വ്യവസ്ഥകൾ പൂർണ്ണമായും പാലിക്കാതെയും പ്രസ്തുത വ്യവസ്ഥകൾ പ്രകാരമുള്ള മുഴുവൻ തുകയും നിശ്ചിതസമയത്തിനുള്ളിൽ അടവാക്കാതെയും കിസ്തിളവ് അനുവദിക്കുന്നതിനുള്ള യാതൊരു അപേക്ഷയും കൗൺസിൽ പരിഗണിക്കുവാൻ പാടുള്ളതല്ല.

S6,S27,S60, S44-45 എന്നിവക്ക് ലൈസൻസില്ല എന്ന് ക്ലർക്കഞ്ചേരി ഹെൽത്ത് ഇൻസ്പെക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

S2,S4, S6,S7,S22, S44-45,ST2 എന്നീ റൂമുകളിലെ വാടകക്കാർ 2020-21വർഷകരാർ സമർപ്പിച്ചിട്ടില്ല. ലൈസൻസികൾ ആരും തന്നെ 2021-22 വർഷത്തെ കരാർ സമർപ്പിച്ചിട്ടില്ല.
മേൽപ്പറഞ്ഞ വാടകക്കാരുമായുള്ള കരാർ വിവരങ്ങൾ,എത്ര വർഷത്തെയാണ് കരാർ, എന്നുമുതലാണ് ഈ വാടകക്കാർ തുടരുന്നത്,പ്രതിമാസ വാടക നിരക്ക് ,മറ്റ് ഏതെങ്കിലും മുറികളുടെ വാടക കേസ് ഉള്ളതിനാൽ അടവാക്കാതെ ഉണ്ടെങ്കിൽ വിവരം ലഭ്യമാക്കുവാനും ഓഡിറ്റ് എൻക്വയറി -48/14.12.2022 മുഖേന ആവശ്യപ്പെട്ടിരുന്നുവെങ്കിലും സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല.

സ്ഥാപനത്തിന്റെ പ്രധാനപ്പെട്ട തനതുവരുമാന മാർഗ്ഗമായ വാടക കൃത്യമായി ഡിമാന്റ് ചെയ്ത് സമയബന്ധിതമായി കുടിശ്ശിക ഇല്ലാതെ ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. എല്ലാ വാടകക്കാരുമായി കൃത്യമായി കരാർ വക്കേണ്ടതാണ്. യഥാസമയം കരാർ വക്കാത്തത് നിയമവ്യവഹാരങ്ങൾക്ക് കാരണമാകും. വാടകക്കാരുടെ നിയമലംഘനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിന് തടസ്സമുണ്ടാകും.

വാടകക്കാരുമായി കൃത്യമായി കരാർ ചമക്കുവാനും കുടിശ്ശിക ഇല്ലാതെ വാടക ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമപരമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-59 വാടക കുടിശ്ശിക – സ്ഥാപനത്തിന് ഭീമമായ നഷ്ടം

കോർപ്പറേഷന്റെ വാടക ഡിമാന്റ് രജിസ്റ്ററുകൾ പരിശോധിച്ചതിൽ ധാരാളം വാടകക്കാർ ഒരു മാസത്തെ പോലും വാടക അടവാക്കാത്തതായി കാണുന്നു.

ഇപ്രകാരം വാടക അടവാക്കാതിരിക്കുന്നത് മൂലം സ്ഥാപനത്തിന് ഭീമമായ നഷ്ടം ഉണ്ടാകുന്നു.

1. വിവിധ കെട്ടിടങ്ങളുടെ സെക്ഷൻ തിരിച്ചുള്ള വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1.R12 സെക്ഷൻ

| രജിസ്റ്റർ പ്രകാരമുള്ള ക്രമനമ്പർ | വാടകക്കാരന്റെ പേര് | പ്രതിമാസവാടക | അടവാക്കാത്തതിന്റെ വിവരം |
|---|---|---|---|
| കൊക്കാലെ മാർക്കറ്റ് കെട്ടിടം ബാക്ക് | | | |
| 8 | സി ജെ ബിമൽ | 610 | 2020-21മുതൽ 01/2022 വരെ |
| 13 | പി വി വിജയൻ | 610 | 2021-22 |
| 20 | സത്യനാരായണൻ | 850 | 02/22 മുതൽ |
| 45 | കെ പി ജിജുമോൻ | 610 | 2020-21,2021-22 |
| 44 | കെ പി ജോസ് | 610 | 2021-22 |
| 46 | കെ സജീവ് | 610 | 2020-21, 09/2021 വരെ |
| അയ്യന്തോൾ ഷോപ്പിംഗ് കോംപ്ലക്സ് | | | |

| | | | |
|---|---|---|---|
| 14 | ടി ബി പ്രസന്നൻ | 2000 | 20-21, 21-22 |
| 18 | അഡ്വ.സി ആർ ശോഭ | 580 | 09/2018 മുതൽ 21-22 വരെ |
| 21 | ലിന്റോ | 3000 | 20-21, 21-22 |
| 27 | സോജ ജയരാജ് | 580 | 20-21, 21-22 |
| 32 | എ മുരളീധരൻ | 860 | 20-21, 21-22 |
| 33 | നിമ്മി ജോസ് | 590 | 21-22 |
| 35 | ബാലനാരായണൻ | 580 | 20-21, 21-22 |
| 36 | ജോസഫ് ബ്രിൽസ് | 580 | 20-21, 21-22 |
| 38 | ടി ബി പ്രസന്നൻ | 2500 | 11/21 മുതൽ |
| ഒളരി മാർക്കറ്റ് കെട്ടിടം | | | |
| 1 | വിനോദ് | 580 | 20-21, 21-22 |
| 2 | ടി പി ബാബു | 920 | 20-21, 21-22 |
| 4 | എ എൻ അജയൻ | 830 | 20-21, 21-22 |
| 5 | കെ കെ പ്രസാദ് | 1690 | 20-21, 21-22 |
| കിഴക്കേകോട്ട മാർക്കറ്റ് കെട്ടിടം | | | |
| 17 | പി എം റാഫി | 2550 | 01/21 മുതൽ 3/22 വരെ |
| 19 | പി എം റാഫി | 1650 | 01/21മുതൽ,21-22 |
| 21 | പ്രകാശ് എ | 8100 | 07/19 മുതൽ 20-21,21-22 |
| കിഴക്കേക്കോട്ട പുതിയ ഷോപ്പിംഗ് കോംപ്ലക്സ് ഒന്നാംനില | | | |
| 13 | ടി എസ് അജിത് | 2890 | 12/19 മുതൽ 21-22 വരെ |
| 22 | ദിനേശ് കെ കെ | 20700 | 21-22 |
| കിഴക്കേക്കോട്ട N-West ഷോപ്പിംഗ് കോംപ്ലക്സ് | | | |
| 12 | വിൽസൺ കെ ആർ | 7500 | 20-21,21-22 |
| 18 | സുജേഷ് കെ ആർ | 6500 | 21-22 |
| അയ്യന്തോൾമാർക്കറ്റ് കെട്ടിടം | | | |
| 10 | തോംസൺ സി വി | 11000 | 21-22 |
| ശക്തൻ ആർക്കേഡ് | | | |
| 2 | ഷീജ ശിവദാസ് | 13444 | 20-21,21-22<br>WP(C) 18618/21,WP(C)18656/22 കേസുകൾ ഉണ്ട്. |
| 6 | കെ ടി വാസുദേവൻ | 11816 | 20-21,21-22<br>WP(C) 18618/21,WP(C)18656/22 കേസുകൾ ഉണ്ട്. |
| 7 | കെ എ വേണുഗോപാൽ | 12305 | 20-21,21-22<br>WP(C) 18618/21,WP(C)18656/22 കേസുകൾ ഉണ്ട്. |
| 8 | ജോഫി മാത്യൂ | 27951 | 20-21,21-22 |
| 15 | കെ എൻ ശ്രീകുമാർ | 39942 | 20-21,09/21 വരെ |
| 19 | പി വി സുധീഷ് | 16335 | 01/21മുതൽ ,21-22<br>WP(C) 18618/21,WP(C)18656/22 കേസുകൾ ഉണ്ട്. |
| 24 | ജഗജീവൻ എൻ ആർ | 14427 | 21-22 |
| 25 | M/s SPCS LTD | 5803 | 20-21,21-22 |
| 42 | വി കെ ബേബി | 13190 | 20-21,21-22 |
| 44 | KIFBI ഓഫീസ് | വാടക രജിസ്റ്ററിൽ ചേർത്തിട്ടില്ല | 21-22 |

| | | | |
|---|---|---|---|
| 48 | EPF Dist Office | 25957 | 20-21,21-22<br>കരാർ വച്ചിട്ടില്ല |
| 51 | കെ ഡി വിനോദ് | 14850 | 20-21,21-22 |
| 54 | എം എസ് അരുൺ | 13310 | 02/22 |

2.R9 സെക്ഷൻ

| രജിസ്റ്റർ പ്രകാരമുള്ള ക്രമനമ്പർ | വാടകക്കാരന്റെ പേര് | പ്രതിമാസവാടക | അടവാക്കാത്തതിന്റെ വിവരം |
|---|---|---|---|
| എ ആർ മേനോൻ ബിൽഡിംഗ് | | | |
| 5 | സി എ ഔസേഫ് | 4400 | 09/21 മുതൽ |
| 13 | യൂണിറ്റ് മാനേജർ, ജന്മഭൂമി പത്രം | 15000 | 21-22 |
| 14 | യൂണിറ്റ് മാനേജർ, ജന്മഭൂമി പത്രം | 15000 | 21-22 |
| പാട്ടുരാക്കൽ ഷോപ്പിംഗ് കോംപ്ലക്സ് എ ബ്ലോക്ക് | | | |
| 17 | സിമി | 1650 | 21-22 |
| 20A | പി എം ഷാജി | 2820 | 20-21,21-22 |
| പാട്ടുരാക്കൽ ഷോപ്പിംഗ് കോംപ്ലക്സ് ഡിബ്ലോക്ക് | ജിമ്മി കെ ജെ | 2550 | 20-21-,21-22<br>മുറി പൂട്ടിയതായി രജിസ്റ്ററിൽ. എന്ന് മുതലാണെന്ന് വ്യക്തമല്ല. |
| പാട്ടുരാക്കൽ ഷോപ്പിംഗ് കോംപ്ലക്സ് ന്യൂ ബ്ലോക്ക് | | | |
| 8 | ഗിരിജ കെ സി | 7330 | 20-21,21-22 |
| പാട്ടുരാക്കൽന്യൂ ഷോപ്പിംഗ് കോംപ്ലക്സ് | | | |
| 3 | സൂപ്രണ്ട് ഓഫ് പോസ്റ്റ് ഓഫീസ് | 14630<br>21-22 ൽ 12300 | 20-21,21-22 |
| അരണാട്ടുകര മാർക്കറ്റ് ബിൽഡിംഗ് | | | |
| 17 | പി എം ഷാജി | 610 | 20-21,21-22 |
| 20 | എ ആർ പോളി | 610 | 01/22 മുതൽ |
| കുർക്കഞ്ചേരി മാർക്കറ്റ് കെട്ടിടം | | | |
| 5 | സി ടി റീന | 1130 | 20-21,21-22 |
| 6 | വിമൽ പി ശിവറാം | 610 | 20-21,21-22 |
| 11 | കെ ഡി ജോണി | 610 | 20-21,21-22 |
| 12 | കെ ഡി ജോണി | 610 | 20-21,21-22 |
| 17 | സുഭദ്ര പ്രസന്നൻ | 610 | 20-21,21-22 |
| 29 | എ പി തോമസ് | 610 | 20-21,21-22 |
| വെസ്റ്റ് ഫോർട്ട് മാർക്കറ്റ് | | | |
| 1 | കെ വി ശശിധരൻ | 11920 | 01/22 മുതൽ |
| 15 | ഉണ്ണികൃഷ്ണൻ ഈച്ചരത്ത് | 11110 | 12/21മുതൽ |
| ചേറൂർ രാമനിലയം ജംഗ്ഷൻ ഷോപ്പിംഗ് കോംപ്ലക്സ് | | | |
| 16 | കെ സി ജോസ് | 3510 | 21-22 |
| 17 | ജെൻസി ജോസ് | 1700 | 21-22 |
| 19 | അംഗിത സന്തോഷ് | 3000 | 20-21,21-22 |
| 20 | ഫിഡൽ സ്റ്റീഫൻ | 4750 | 21-22 |
| 21 | ഫിഡൽ സ്റ്റീഫൻ | 6900 | 21-22 |
| സ്റ്റേഡിയം | | | |
| 5 | അജയ്കുമാർ കെ പി | 6300 | 20-21,21-22 |
| 16 | ടെൻജിമാൻ ക്ലബ് | 610 | 20-21,21-22 |
| 20 | ജോസ് കെ സി | 1820 | 08/21മുതൽ |
| 29 | ബോബി ജോസ് | 610 | 21-22 |

| | | | |
|---|---|---|---|
| 30 | സെക്രട്ടറി വാക്കേഴ്സ് ക്ലബ് | 6000 | 20-21,21-22 |
| 33 | എൻ കെ ദേവസ്സി | 610 | 21-22 |
| 62 | നവാസ് കെ എ | 3050 | 20-21,21-22 |
| ഒല്ലൂർ ഷോപ്പിംഗ് സെന്റർ | | | |
| 11/735 | പി പി ബൈജു | 14240 | 21-22 |
| ഒല്ലൂർ മാർക്കറ്റ് സ്റ്റാൾ | | | |
| 2 | അൽഫോൻസ | 2500 | 20-21,21-22 |
| 8 | തണ്ടേക്കൽ ചാക്കേരു ദേവസി | 2500 | 20-21,21-22 |
| 16 | തണ്ടേക്കൽ ചാക്കേരു ദേവസി ജോസ് | 2500 | 20-21,21-22 |
| ചീരാച്ചി മാർക്കറ്റ് | | | |
| 4 | ഇ സി ജോസ് | തറവാടക | 20-21,21-22 |
| 5 | എ ആർ ജോർജ് | തറവാടക | 20-21,21-22 |
| പനംകുറ്റിച്ചിറ പുതിയ ഷോപ്പിംഗ് കോംപ്ലക്സ് | | | |
| 6 | തൊട്ടൻ പൈലോത് ജോസ് | 2320 | 20-21,21-22 |
| 7 | ദേവസിക്കുട്ടി | 2290 | 21-22 |
| 13 | ടി കെ സുനിൽ | 2980 | 20-21,21-22 |
| പി എൻ എം ഒന്നാംനില | | | |
| 4 | രവീന്ദ്രൻ | 1370 | 20-21,21-22 |
| മണ്ണുത്തി ഷോപ്പിംഗ് കോംപ്ലക്സ്,ഒല്ലൂക്കര | | | |
| 3 | കെ ബി ശാന്ത | 810 | 21-22 |
| 4 | സുരേഷ്കുമാർ | 810 | 20-21,21-22 |
| 8 | വർഗീസ് മാളിയേക്കൽ | 1470 | 03/22മുതൽ |
| 20 | എം എൽ ആന്റണി | 1490 | 21-22 |
| 21 | പി എൽ റപ്പായി | 1500 | 21-22 |
| മണ്ണുത്തി ഷോപ്പിംഗ് കോംപ്ലക്സ് | | | |
| 3 | എ സി സിനോജ് | 3340 | 20-21,21-22 |
| 20/8 | ജോൺ ജോസഫ് | 1310 | 20-21,21-22 |
| 20/11 | സി കെ ജോർജ് | 580 | 20-21,21-22 |
| കാളത്തോട് മിനി ഷോപ്പിംഗ് കോംപ്ലക്സ് | | | |
| 1 | ദിൻഹ സി വി | 1950 | 21-22 |
| 4 | ഇ ഡി ഷാജു | 580 | 21-22 |
| 7 | എംഎസ് ഉണ്ണിത്താൻ | 700 | 21-22 |
| ഒല്ലൂക്കര മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് ,മണ്ണുത്തി | | | |
| 12 | ഷമീർ | 7000 | 2020-21,21-22 |
| കറ വനിതാ വ്യവസായകേന്ദ്രം | | | |
| 581 | ജാസ്മിൻ നസീർ | 3531 | 20-21,21-22 |
| 584 | ഷീജ കണ്ണൻ | 2140 | 20-21,21-22 |
| 585 | നിഷ | 1500 | 20-21,21-22 |
| 586 | ഫാത്തിമ | 3000 | 10/21മുതൽ |
| ഒല്ലൂർ മാർക്കറ്റ് സ്റ്റാൾ (പുനരധിവാസം) | | | |
| XI/642(4) | റോസി ജോസ് | 4940 | 21-22<br>4/21 വരെ 4610,5/21മുതൽ 4940<br>റെന്റ് ഡെപ്പോസിറ്റ് |
| XI/642(7) | മറിയാമ്മ ദേവസി | 4940 | 21-22<br>4/21 വരെ 4610,5/21മുതൽ 4940<br>റെന്റ് ഡെപ്പോസിറ്റ് |
| എ എം പരമൻ മെമ്മോറിയൽ ഷോപ്പിംഗ് കോംപ്ലക്സ് | | | |

| | | | |
|---|---|---|---|
| 20/403(3) | ഷാജൻ സി എൽ | 5950 | 01/22 മുതൽ |
| 20/403(9) | ജോയ് തോമസ് | 5950 | 01/21മുതൽ,21-22 |
| 20/403(23), | ക്ലീറ്റസ് മുത്തുപീടിക | 6750 | 21-22 |
| 20/403(28), | സി ജെ ഡേവിഡ് | 8900 | 21-22 |
| 20/403(30), | അനുഷ കെ കെ | 7100 | 21-22 |
| 20/403(32), | ലക്ഷ്മി രാജേഷ് | 6500 | 20-21,21-22 |
| 20/403(33), | ലക്ഷ്മി രാജേഷ് | 7000 | 20-21,21-22 |
| 20/403(34), | ലക്ഷ്മി രാജേഷ് | 7000 | 20-21,21-22 |
| 20/403(35), | ലക്ഷ്മി രാജേഷ് | 7000 | 20-21,21-22 |
| 20/403(36), | ലേബർ ഓഫീസർ | 8000 | 21-22 |
| 20/403(37), | അഖിൽ ടി | 6600 | 01/22 മുതൽ |
| 20/403(38), | അഖിൽ ടി | 6200 | 21-22 |
| 20/403(39), | അഖിൽ ടി | 6200 | 21-22 |
| 20/403(47), | നീതു | 4500 | 20-21,21-22 |
| 20/403(50), | സതീഷ് പി കെ | 6100 | 20-21,21-22 |
| 20/403(55) | സി സന്തോഷ് | 4200 | 20-21,21-22 |
| 20/403(58) | മനു ടോണി | 5000 | 20-21,21-22 |

3.R7 സെക്ഷൻ

| റൂംനമ്പർ | വാടകക്കാരന്റെ പേര് | പ്രതിമാസവാടക | അടവാക്കാത്തതിന്റെ വിവരം |
|---|---|---|---|
| ശക്തൻ തമ്പുരാൻ നഗർ മാർക്കറ്റ് സ്റ്റാൾ | | | |
| 135 | ബഷീർ കെ കെ | 15000 | 01/21 മുതൽ 21-22 |
| ശക്തൻ തമ്പുരാൻ നഗർ പെറ്റി ബങ്ക് | | | |
| 53 | പി ജെ പോൾ | 610 | 20-21,21-22 |
| ശക്തൻ തമ്പുരാൻ നഗർഷോപ്പിംഗ് കോംപ്ലക്സ് | | | |
| 22 | കെ മണി | 11200 | 21-22 |
| 28 | കെ എസ് ബീന | 40040 | 21-22 |
| 31 | കെ എൻശ്രീകുമാർ | 27700 | 21-22 |
| ശക്തൻ തമ്പുരാൻ നഗർഷോപ്പിംഗ് കോംപ്ലക്സിലെ വാടക അടവാക്കുന്നതുമായി ബന്ധപ്പെട്ട് WP(C) 14034/22 കേസുപ്രകാരം 2022 ഡിസംബർ 31 വരെ സമയം അനുവദിച്ചിട്ടുണ്ട്. | | | |

4.R8 സെക്ഷൻ

| രജിസ്റ്റർ പ്രകാരമുള്ള ക്രമനമ്പർ | വാടകക്കാരന്റെ പേര് | പ്രതിമാസവാടക | അടവാക്കാത്തതിന്റെ വിവരം |
|---|---|---|---|
| ന്യൂ പട്ടാളം മാർക്കറ്റ് | | | |
| 8 | ഇ ആർ പോൾ | 880 | 20-21,21-22 |
| 12 | ബി വി ജെക്കബ് | 880 | 20-21 |
| 14 | സി ഡി പോൾ | 1180 | 20-21,21-22 |
| 25 | ഇ ആർ രാജൻ | 880 | 20-21,21-22 |
| 26 | മേരി | 880 | 20-21 |
| 48 | ലില്ലി ദേവസി | 880 | 20-21 |
| 51 | വിൽസൺ ആന്റണി | 2910 | 20-21 |
| 58 | ടി പി തോമസ് | 880 | 20-21,21-22 |
| 62 | എം എസ് കലൈരാശി | 2620 | 21-22 |
| 64 | ടി ആർ വിജയരാഘവൻ | 880 | 21-22 |
| 73 | സോബി മാത്യു | 880 | 20-21,21-22 |
| 77 | കെ എ ഹുസൈൻ | 880 | 20-21,21-22 |
| 84 | ടി കെ രാമകൃഷ്ണൻ | 880 | 20-21 |
| 98 | അന്നംകുട്ടി ജോസ് | 880 | 20-21 |
| 106 | ഇ ഐ ഫ്രാൻസിസ് | 2040 | 20-21,21-22 |
| 109 | ഷൈജു റാഫേൽ | 880 | 21-22 |
| 111 | കെ എസ് ഫ്രാൻസിസ് | 880 | 20-21,21-22 |
| 112 | ജോസ് വി എൽ | 2620 | 20-21,21-22 |
| 114 | കെ ജെ വർഗീസ് | 970 | 20-21 |

| | | | |
|---|---|---|---|
| 119 | കെ എ ജോസ് | 880 | 20-21 |
| 120 | ടി രാജൻ | 880 | 21-22 |
| പഴയ ബസ് സ്റ്റാന്റ് കെട്ടിടം | | | |
| 8 | കെ ഐ ടോണി | 4140 | 20-21 |
| 10 | കെ ഐ ടോണി | 4140 | 20-21 |
| 9 | കെ ഐ ടോണി | 4140 | 20-21 |
| 20 | അഡീഷണൽ സബ് ട്രഷറി | 6450 | 20-21,21-22 |
| 21 | MD,TWCCS | 5030 | 20-21,21-22 |
| 21A | MD,TWCCS | 5030 | 20-21,21-22 |
| 24 | Director,Kitts Kerala Institute Of Travel And Tourism | 30000 | 20-21,21-22 |
| തേറാട്ടിൽ ജെ ആന്റണി മെമ്മോറിയൽ കെട്ടിടം | | | |
| 20 | വി ആർ സുകുമാരൻ | 610 | 21-22 |
| 21 | എം കെ ശിവരാമൻ | 1700 | 20-21,21-22 |
| 22 | പി എ സുലൈമാൻ | 1580 | 20-21,21-22 |
| 23 | എൻ ഗിരീഷ് | 13740 | 20-21,21-22 |
| 26 | ഷാജു വി വി | 4420 | 21-22 |
| 28 | പി ആർ ഗീത | 2030 | 20-21,21-22 |
| 31 | പ്രിൻസ് പോൾ | 1450 | 21-22 |
| 34 | കെ എം ചെറിയാൻ | 1510 | 20-21,21-22 |
| 35 | പി എസ് സാബു | 1510 | 20-21,21-22 |
| 36 | ടി എം എബ്രഹാം | 2140 | 20-21,21-22 |
| 38 | വി ആർ നന്ദിനി | 3540 | 21-22 |
| 40 | എം എം ഹംസ | 1650 | 20-21,21-22 |
| 41 | രാജീവ് ജോസഫ് | 3120 | 21-22 |
| 42 | വി ആർ മുരളീധരൻ | 2500 | 21-22 |
| 46 | ആന്റണി താണിക്കര | 1670 | 20-21,21-22 |
| 47 | കെ ബി ചന്ദ്രമോഹൻ | 1690 | 20-21,21-22 |
| 49 | എം ഡി ലിവിങ്സ്റ്റൺ | 5160 | 20-21,21-22 |
| 54 | ടി എ സണ്ണി | 4590 | 21-22 |
| 55 | ടി എ സണ്ണി | 2120 | 21-22 |
| 56 | പി വി ജയിംസ് | 1560 | 20-21,21-22 |
| 58 | ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് | 5360 | 21-22 |
| 59 | ബി തമ്പി | 2810 | 20-21,21-22 |
| ജയ്ഹിന്ദ് മാർക്കറ്റ് എ ബ്ലോക്ക് കെട്ടിടം | | | |
| 27 | തങ്കരത്നം | 990 | 21-22 |
| 34 | കയർ പ്രോജക്ട് ഓഫീസർ | 660 | 20-21 |
| 35 | വി എസ് ദിവാകരൻ | 610 | 21-22 |
| 46 | വി എം അബ്ദുള്ള | 610 | 21-22 |
| 54 | ജോബി വർഗീസ് | 5690 | 20-21,21-22 |
| 55 | ഷനൽ കെ ജയൻ | 2550 | 21-22 |
| 58 | പ്രകാശ് എന്റർപ്രൈസസ് | 610 | 20-21 |
| 63 | സുജ ഡേവിഡ് | 1490 | 20-21,21-22 |
| 64 | ആൽഫ അലുമിനിയം | 610 | 21-22 |
| 65 | അസിസ്റ്റന്റ് ഡയറക്ടർ സർവേ മാപ്പിംഗ് | 3230 | 21-22 |
| ജയ്ഹിന്ദ് മാർക്കറ്റ് ബി ബ്ലോക്ക് | | | |
| 8 | മോളി ഡിക്സൻ | 2060 | 21-22 |
| ജയ്ഹിന്ദ് മാർക്കറ്റ്ഇരുനിലക്കെട്ടിടം | | | |
| 9 | പി വി തോമസ് | 790 | 20-21 |
| 11 | എം എം ഡേവിസ് മനോരമ ബ്യൂറോ | 1040 | 20-21,21-22 |
| 12 | എ സി ചുമ്മാർ | 610 | 21-22 |
| 13 | മേരി ബാബു | 660 | 21-22 |

| | | | |
|---|---|---|---|
| 13A | റിജോ പി ജോസ് | 610 | 21-22 |
| 17B | കെ ആർ ഷാജ്ജ | 610 | 20-21,21-22 |
| 20A | വി കെ ഗോവിന്ദൻകുട്ടി | 760 | 20-21,21-22 |
| 22 | കെ ആർ ഷാജ്ജ | 1480 | 20-21,21-22 |
| 25 | അൻവർ | 4000 | 20-21,21-22 |
| ജയ്ഹിന്ദ് മാർക്കറ്റ് സി ബ്ലോക്ക് | | | |
| 1 | റസാഖ് | 9500 | 20-21,21-22 |
| 10 | വി എഫ് ബിജേഷ് | 9900 | 20-21,21-22 |
| 27 | സീന ജോമോൻ | 2450 | 20-21 |
| 38 | ഇ എ ബാബു | 610 | 20-21 |
| 78 | സി എം റസിയ | 610 | 20-21,21-22 |
| 79 | കമൽസിംഗ് ഭാട്ടി | 8170 | 21-22 |
| 86 | സെക്രട്ടറി ,കൂർക്കഞ്ചേരി വനിതാ കോ ഓപ്പറേറ്റീവ് സൊസൈറ്റി | 6660 | 20-21,21-22 |
| 88 | നൌഷാദ് | 1090 | 21-22 |
| 89 | പി എ അബ്ദുൾ കാദർ | 1090 | 20-21,21-22 |
| 94 | അലാവുദീൻ | 4720 | 20-21,21-22 |
| 95 | വേണുഗോപാലൻ നായർ | 2830 | 20-21,21-22 |
| 97 | സി ബി ബ്ലെസൻ | 6000 | 20-21,21-22 |
| 104 | ടി ഡി മോഹനൻ | 2890 | 20-21,21-22 |
| 113 | കെ കെ റസാഖ് | 1210 | 20-21,21-22 |
| 121 | കെ വി അബൂബക്കർ | 610 | 20-21,21-22 |
| 124 | ജിൻസി ഷാജ്ജ | 17710 | 20-21 |
| 126 | ടി ഒ രാജ്ജ | 1920 | 20-21,21-22 |
| 127 | ടി ഒ ബൈജ്ജ | 1920 | 20-21,21-22 |
| 128 | ടി ഒ ജിജ്ജ | 1920 | 20-21,21-22 |
| 139 | വി കെ സലിം | 610 | 20-21,21-22 |
| 140 | ടി ഒ രാജ്ജ | 960 | 20-21,21-22 |
| 143 | അബ്ദുൾ മജീദ് | 1650 | 20-21 |
| 147 | ഗോവാറാം ചൌധരി | 1820 | 20-21,21-22 |
| 154 | ടി എ അബൂബക്കർ | 610 | 21-22 |
| 157 | ഒ എ അബ്ദുൾകാദർ | 680 | 21-22 |
| 169 | കെ പി അബ്ദുൾസലാം | 880 | 20-21,21-22 |
| ജയ്ഹിന്ദ് മാർക്കറ്റ് സി ബ്ലോക്ക് ഹാൾ | | | |
| 3 | ഷൈനി ഗണേഷ് | 3540 | 20-21 |
| 4 | ടി ഒ രാജ്ജ | 15330 | 20-21,21-22 |
| 6A | എൻ ആർ സണ്ണി | 2360 | 20-21,21-22 |
| 6B | ടി ഒ ബൈജ്ജ | 33550 | 20-21,21-22 |
| ടെലഫോൺ ബൂത്ത് | | | |
| 3 | കെ എൻ മധുസൂദനൻ | 610 | 20-21,21-22 |
| 4 | എ ജി കേശവൻ | 610 | 20-21,21-22 |
| 7 | കെ ജെ ബാബു | 610 | 20-21,21-22 |
| 8 | ടി വി റെജി | 610 | 20-21,21-22 |
| 10 | സി എൽ ബാബു | 610 | 20-21,21-22 |

ഇപ്രകാരം കുടിശ്ശിക വരുത്തിയ വാടകക്കാർ എത്ര വർഷമായി തുടർന്നുവരുന്ന എന്ന വിവരം ലഭ്യമാക്കിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി-52/21-22 തീയതി.14.12.2022)

കുടിശ്ശിക വരുത്തിയ വാടകക്കാർക്കെതിരെ കർശനനടപടികൾ സമയബന്ധിതമായി സ്വീകരിക്കേണ്ടതും കുടിശ്ശിക പിഴ സഹിതം ഈടാക്കി രജിസ്റ്ററിൽ ചേർത്ത് സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 1-60 വർഷങ്ങളായി കുടിശ്ശിക അടവാക്കിയിട്ടില്ല

കോർപ്പറേഷന്റെ കീഴിലുള്ള ചുവടെ ചേർക്കുന്ന കെട്ടിടങ്ങളിലെ വാടകക്കാർ വർഷങ്ങളായി വാടക അടവാക്കിയിട്ടില്ല.

A)തൃശ്ശൂർ കോർപ്പറേഷൻ പാട്ടുരാക്കൽ ഷോപ്പിംഗ് കോംപ്ലക്സിൽ ന്യൂ ബ്ലോക്ക് ഒന്നാംനിലയിൽ 3ാം നം മുറിയിൽ (41.8 ച.മീ ) പ്രവർത്തിക്കുന്ന പോസ്റ്റോഫീസ് 2005-06 മുതൽ വാടക അടവാക്കിയിട്ടില്ല

കുടിശ്ശികയുടെ വിവരം

പ്രതിമാസലൈസൻസ് ഫീ -- 2005-06 മുതൽ 2020-21 വരെ

13293*165 മാസം -- 2193345

14630*27-- 395010

ആകെ -- 2588355

സെക്യൂരിറ്റി ഡെപ്പോസിറ്റ് 13 മാസം -- വാടകവർദ്ധനവ് പ്രകാരമുള്ള ഡെപ്പോസിറ്റ്

-- 172809+17420=190229

ജി എസ് ടി -- 18% -- 465904

ഫ്ലഡ് സെസ് -- 25883

ഫൈൻ -- 2710646

ആകെ -- 59810171

19.9.2017 ലെ 37ാം നം കൌൺസിൽ തീരുമാനപ്രകാരം പ്രകാരം ഈ മുറിക്ക് ചതുരശ്രഅടിക്ക് 30രൂപ നിരക്കിൽ ലൈസൻസ് ഫീ ഈടാക്കുന്നതിനും കരാർ വക്കുന്നതിനും സിനിയർ സൂപ്രണ്ട് ഓഫ് പോസ്റ്റോഫീസിനെ അറിയിച്ചിട്ടുള്ളതാണ്.

ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയുടെ 29.10.21 ലെ 13 നം.തീരുമാനപ്രകാരം ചർച്ചക്ക് വിളിക്കുന്നതിന് തീരുമാനിച്ചു.

B)ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയുടെ 29.10.21 ലെ14 നം. തീരുമാനപ്രകാരം

തൃശ്ശൂർ കോർപ്പറേഷൻ പാട്ടുരാക്കൽ ഷോപ്പിംഗ് കോംപ്ലക്സിൽ എ ബ്ലോക്ക് 26ാം നം മുറിയിൽ പ്രവർത്തിക്കുന്ന ഫിഷറീസ് ഓഫീസിൽ നിന്ന് 17.10.2005 മുതൽ 10/2018 വരെയുള്ള വാടകകുടിശ്ശിക ഉണ്ട്

പ്രതിമാസ ലൈസൻസ് ഫീ -- 43562

10/2005-- 10/2018 – 156 മാസം -- 6795672

സെക്യൂരിറ്റി ഡെപ്പോസിറ്റ് -- 12 മാസം -- 522744

ജി എസ് ടി -- 18% -- 1223196

ഫൈൻ -- 5368580

ആകെ -- 13910192

കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുവാൻ ഓഡിറ്റ് എൻക്വയറി 87/04.01.2023 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ പ്രകാരം വർഷങ്ങളായി വാടക കുടിശ്ശിക വരുത്തുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിച്ച് കുടിശ്ശിക ഈടാക്കേണ്ടതാണ്.

## 1-61 2021-22 സാമ്പത്തികവർഷം വാടക വർദ്ധിപ്പിച്ചിട്ടില്ല.

2021-22 വർഷം വാടക വർദ്ധിപ്പിച്ചിട്ടില്ല
ഫയൽ നം. R8-2930/06

തൃശ്ശൂർ നഗരസഭാ കെട്ടിടങ്ങളുടെ പ്രതിമാസവാടക ഓരോ 3 വർഷം കൂടുമ്പോഴും മുനിസിപ്പൽ അതിർത്തിയിൽ 10%, സോണൽ പരിധിയിൽ 7% എന്നിങ്ങനെ വർദ്ധിപ്പിക്കുന്നതിന് 28/12/2012 ലെ 13ാം നം.തീരുമാനപ്രകാരം കൌൺസിൽ തീരുമാനിച്ചിട്ടുണ്ട്.നിലവിൽ 2019 ജനുവരി മുതൽ വാടക വർദ്ധിപ്പിട്ടുണ്ട്. ആയതിനാൽ അടുത്ത വർദ്ധനവ് 01/01/2022 മുതൽ നടപ്പിലാക്കേണ്ടതാണ്.
നിലവിൽ മുനിസിപ്പൽ പ്രദേശത്തുള്ള ഷോപ്പിംഗ് കോംപ്ലക്സുകൾക്ക് 10% നിരക്കിലും സോണൽ ഓഫാസ് പരിധിയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകൾക്ക 7% നിരക്കിലുമാണ് വർദ്ധനവ് വരുത്തേണ്ടത്.
കൗൺസിൽ കടമുറികളുടെ ബൈലോ ഭേദഗതി ചെയ്യുവാൻ തീരുമാനിച്ചിട്ടുള്ളതിനാൽ വാടക വർദ്ധനവും അതോടൊപ്പെ ഉൾപ്പെടുത്തി ബൈലോ ഭേദഗതി നടപടികൾ ആരംഭിക്കുവാൻ ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയുടെ 09.08.2021 ലെ 1നം. ആയി തീരുമാനിച്ചു.ഇതിനായി ഡെപ്യൂട്ടി സെക്രട്ടറിയെ ചുമതലപ്പെടുത്തി.
ബൈലോ ഭേദഗതി ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. വാടക വർദ്ധിപ്പിച്ചിട്ടില്ല.
ചുവടെ ചേർത്തിട്ടുള്ള കെട്ടിടങ്ങളുടെ വാടക വർദ്ധിപ്പിക്കണമെന്ന് ഡിമാന്റ് രജിസ്റ്ററിൽ ചേർത്തിട്ടുണ്ട്.

| കെട്ടിടം | റൂം നമ്പർ | വാടകക്കാർ | അഭിപ്രായം |
|---|---|---|---|
| ജയ്ഹിന്ദ് മാർക്കറ്റ് സി ബ്ലോക്ക് | 1 | റസാഖ് | 9500 രൂപയാണ് വാടക.30.4.21 മുതൽ വാടക വർദ്ധിപ്പിക്കണം എന്ന് രജിസ്റ്ററിൽ ചേർത്തിട്ടുണ്ട്. |
| | 20 | മുഹമ്മദ് റഫീഖ് | 6930 രൂപയാണ് വാടക.07/20 മുതൽ വാടക വർദ്ധിപ്പിക്കണം എന്ന് രജിസ്റ്ററിൽ ചേർത്തിട്ടുണ്ട്. |

ഇവയും വർദ്ധിപ്പിച്ചിട്ടില്ല. 2021 -22 സാമ്പത്തികവർഷം കെട്ടിടമുറികളുടെ വാടക വർദ്ധിപ്പിച്ചിട്ടില്ല.
R8/10619/88 തീയതി.17.11.90 ഫയൽ പ്രകാരം 59-8,60-7,61-6,62-5,63-4,64-3എന്നിവ കൂട്ടിച്ചേർത്തതായി ഡിമാന്റ് രജിസ്റ്ററിൽ ചേർത്തിട്ടുണ്ട്.ഇത് വാടകക്ക് നൽകിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ഏതെല്ലാം കെട്ടിടങ്ങളിലെ ഏതെല്ലാം മുറികളുടെ വാടകയാണ് 21-22 വർഷം വർദ്ധിപ്പിക്കാൻ ഉള്ളത്, ഏതെല്ലാം മുറികളുടെ വാടക വർദ്ധിപ്പിച്ചു, ആയതിന്റെ വിവരം, കരാർ വിവരങ്ങൾ,റെന്റ് ഡെപ്പോസിറ്റ് അടവാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

മേൽ വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി-51/14.12.2022 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

2021-22 വർഷം വാടക വർദ്ധിപ്പിക്കേണ്ട മുറികളുടെ വാടക വർദ്ധിപ്പാക്കാത്തതുമൂലം സ്ഥാപനത്തിന്റെ വരുമാനത്തിൽ ഗണ്യമായ കുറവ് ഉണ്ടാകുന്നു. ഇത് സ്ഥാപനത്തിന്റെ സാമ്പത്തിക താൽപര്യങ്ങളെ ഹനിക്കുന്നു.നിയമാവലി കാലാനുസൃതമായി ഭേദഗതി ചെയ്ത് അംഗീകാരം ലഭ്യമാക്കി മുറികളുടെ വാടക വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-62 കമ്മ്യൂണിറ്റി ഹാൾ സൗജന്യമായി ഉപയോഗിക്കൽ - സാധൂകരിക്കേണ്ടതാണ്.

കമ്മ്യൂണിറ്റി ഹാളിന് ഈടാക്കേണ്ട വാടക സംബന്ധിച്ച്, മതപരമായ ചടങ്ങുകൾക്കും അംഗീകൃത രാഷ്ട്രീയ സംഘടനകളുടെ പരിപാടികൾക്കും പ്രതിദിന വാടകയിൽ 50% ഇളവ് നൽകാമെന്ന് കോർപ്പറേഷൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 29/23.12.2016ലെ മീറ്റിംഗിൽ തീരുമാനമെടുത്തിട്ടുണ്ട്. ഇതുപ്രകാരം മണ്ണുത്തിയിലുള്ള മഹാത്മ സ്ക്വയറിന് പ്രതിദിന വാടക 2500രൂപയും സർവ്വീസ് ടാക്സ് 450രൂപയുമടക്കം ആകെ 2950രൂപയാണ് നിശ്ചയിച്ചിട്ടുള്ളത്. 50% ഇളവ് അനുവദിക്കുന്ന കേസുകളിൽ 1475രൂപയാണ് വാടകയിനത്തിൽ അടയ്ക്കേണ്ടത്.

താഴെ പറയുന്ന ദിവസങ്ങളിൽ മേയറുടെ/ഡെ.മേയറുടെ അനുമതിയോടെ സൗജന്യമായി ഹാൾ ഉപയോഗിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്.

| ബുക്ക് ചെയ്ത തീയതി | പരിപാടിയുടെ വിവരം | കാലയളവ് |
|---|---|---|
| 24.12.2021 | എം ജി രാജൻ, ഉപഭോക്തൃ സംഘടന യോഗം | വൈകീട്ട് 4മണി മുതൽ 8മണി വരെ |
| 29.1.2022 | സനൽകുമാർ, ഓൾ ഇന്ത്യ സ്റ്റുഡന്റ്സ് ഫെഡറേഷൻ | 2ദിവസം |
| 4.11.2022 | സെന്റ് തോമസ് ഇവാഞ്ചലിക്കൽ ചർച്ച് ഓഫ് ഇന്ത്യയുടെ അഖിലേന്ത്യ സൺഡേ സ്കൂൾ ദിനം പൊതു പരിപാടിയും ലഹരി വിരുദ്ധ റാലിയും | വൈകീട്ട് 3മണി മുതൽ |

മേൽ പറഞ്ഞ നാല് പരിപാടികളുടെയും നടത്തിപ്പുകാരിൽ നിന്നും കൗൺസിൽ തീരുമാനമനുസരിച്ചുള്ള വാടക ഈടാക്കിയിട്ടില്ല. ആയത് സാധൂകരിച്ച് കൊണ്ട് കൗൺസിൽ പ്രത്യേക തീരുമാനമെടുത്തതായി കണ്ടില്ല. ഹാൾ സൗജന്യമായി നൽകിയ നടപടിക്ക് **കൗൺസിലിൽ തീരുമാനമെടുത്ത് സാധൂകരണം നേടേണ്ടതാണ്.**

## 1-63 ലൈസൻസ് ഫീ അടവാക്കിയിട്ടില്ല -സ്ഥാപനത്തിന് വൻനഷ്ടം

കോർപ്പറേഷന്റെ കീഴിലുള്ള ചുവടെ ചേർക്കുന്ന സ്ഥാപന ലൈസൻസികൾ ഫീ അടവാക്കിയിട്ടില്ല.

I.ബിനി ടൂറിസ്റ്റ് ഹോമിന്റെ വിവരങ്ങൾ
ഗ്രൌണ്ട് ഫ്ലോർ – റിസപ്ഷൻ, ഓഫീസ് , 10 മുറികൾ, 2 ഹാൾ, റസ്റ്റോറന്റ്, അടുക്കള
ഒന്നാംനില – 10 മുറികൾ, 4 ഹാൾ
രണ്ടാം നില – 14 മുറികൾ, 1 ഹാൾ
റൂഫ്ടോപ്പ് – ഹാൾ, 4 ബാത്ത്റൂം
കൂടാതെ വാഹനപാർക്കിംഗ് സൌകര്യം എന്നിവ ഉണ്ട്.

1. ബിനി ടൂറിസ്റ്റ് ഹോം -- വാടക കുടിശ്ശിക അടവാക്കിയിട്ടില്ല, പുതിയതായി വാടകക്ക് നൽകിയിട്ടുമില്ല.
2021-22 ൽ സ്ഥാപനം വാടകക്ക് നൽകാത്തതുമൂലം 1,05,96,000 രൂപ (883000*12) നഷ്ടം വന്നിട്ടുണ്ട്. 10/2020 മുതൽ 03/2021 വരെ 52,98,000 രൂപ നഷ്ടപ്പെട്ടിട്ടുണ്ട്.

കോർപ്പറേഷന്റെ കീഴിലുള്ള ബിനി ടൂറിസ്റ്റ് ഹോം ലൈസൻസി ഒഴിവായിട്ടും വാടകക്ക് നൽകുവാൻ നടപടികൾ സ്വീകരിച്ചിട്ടില്ല.

ലൈസൻസി ഓമന അശോകൻ 01.06.20ന് കരാർ അവസാനിപ്പിച്ച് 30.09.20 ന് താക്കോൽ കൈമാറിയതായി രജിസ്റ്ററിൽ ചേർത്തിട്ടുണ്ട്.

01/20 വരെ ലൈസൻസി വാടക അടവാക്കിയതായി ചേർത്തിട്ടുണ്ട്.പിന്നീടുള്ള വാടക അടവാക്കിയിട്ടില്ല.

പിന്നീട് വാടകക്ക് നൽകിയതായി കാണുന്നില്ല.പ്രതിമാസവാടക നിരക്ക്, കരാർ, കൗൺസിൽ തീരുമാനം എന്നിവ ലഭ്യമാക്കുവാനും ലൈസൻസി വാടക കുടിശ്ശിക അടവാക്കാത്തതിനും പിന്നീട് വാടകക്ക് നൽകാതിരുന്നതിനും കാരണം അറിയിക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി -49/14.12.2022 ക്ക് സ്ഥാപനം നൽകിയ മറുപടി ചുവടെ ചേർക്കുന്നു.

21.12.2011 ലെ 49, 03.02.2012 ലെ 3 നം.ഭരണസമിതി തീരുമാനങ്ങൾ പ്രകാരം ബിനി ടൂറിസ്റ്റ് ഹോം ശ്രീമതി. ഓമന അശോകന് 21.12.2011 മുതൽ 20.12.2021 വരെ 10വർഷത്തേക്ക് വാടകക്ക് നൽകിയിരുന്നു.21.12.2011 മുതൽ 20.12.2014 വരെ 7,30,000 രൂപയും 21.12.2014 മുതൽ 20.12.2017 വരെ 10% വർദ്ധനവോടെ 8,03,000 രൂപയും 21.12.2017 മുതൽ 8,83,300 രൂപയുമാണ് പ്രതിമാസലൈസൻസ് ഫീ ഈടാക്കി വന്നിരുന്നത്.

09.03.2012 ന് റസ്റ്റ് ഹൌസ് ഏറ്റെടുത്ത് ആദ്യഘട്ടകരാറും 09.01.2015 ന് 8,03,300 എന്ന നിരക്ക് അംഗീകരിച്ചുകൊണ്ട് രണ്ടാംഘട്ടകരാറും 10.12.2017 ന് 8,83,300 എന്ന നിരക്ക് അംഗീകരിച്ചുകൊണ്ട് മൂന്നാംഘട്ട കരാറും സമർപ്പിച്ചിട്ടുള്ളതാണ്.01.06.2020 ന് സറണ്ടർ നോട്ടീസ് നൽകി 30.09.2020ന് ഒഴിഞ്ഞിട്ടുള്ളതുമാണ്.

തുടർന്ന് 12.10.2020, 03.11.2020, 26.02.2021, 16.11.2021, 31.03.2022, 20.8.2022 തീയതികളിൽ ടെണ്ടർ/ ലേലം നടത്തിയെങ്കിലും ആരും സ്ഥാപനം ഏറ്റെടുത്തില്ല. തുടർന്ന് 16.09.2022 ന് നടത്തിയ ഓഫറിൽ ശ്രീ.ജനീഷ് പി എസ് ,

ശക്തൻ ചേമ്പേഴ്സ് എന്നവരുടെ ഏറ്റവും ഉയർന്ന ഓഫർ (725000രൂപ)ധനകാര്യകമ്മറ്റി അംഗീകരിച്ചതാണ്. നെഗോസിയേഷൻ നടത്തി 750000 രൂപയായി ഉയർത്തി ബഹു.മേയർ മുൻകൂർ അനുമതി നൽകിയിട്ടുള്ളതാണ്.സാധൂകരണത്തിനായി നിലവിൽ കൌൺസിൽ പരിഗണനയിലുമാണ് . തീരുമാനം ലഭ്യമാകുന്ന മുറക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ലൈസൻസി 01/2020 വരെയുള്ള വാടക അടവാക്കിയിട്ടുണ്ട്. 02/2020 മുതൽ 09/2020 വരെ വാടക ഇനത്തിൽ 87,27,004 രൂപ അടവാക്കാനുണ്ട്. ടിയാരിയുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് 87,60,000 രൂപ നഗരസഭയുടെ കൈവശം ഉണ്ട്.ആയത് ക്രമീകരിച്ച് ബാക്കി 32,996 രൂപ തിരികെ നൽകേണ്ടതാണ്. 29.06.2020ലെ സർക്കാർ ഉത്തരവ്(സാധാ) 1278/2020/തസ്വഭവ പ്രകാരമുള്ള കോവിഡ് ലോക്ക്ഡൌൺ ഇളവിനായി സമർപ്പിച്ച അപേക്ഷ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ മുമ്പാകെയാണ്. കമ്മറ്റിയുടെ തീരുമാനത്തിന് അനുസൃതമായി കുടിശ്ശിക അടവാക്കി ഡെപ്പോസിറ്റ് ക്രമീകരിക്കുന്നതാണ് എന്നാണ് സ്ഥാപനത്തിന്റെ മറുപടി.
ഫയൽ നം. R12/ 17033/07 വോള്യം 4 പരിശോധിച്ചതിൽ കണ്ടെത്തിയ വിവരങ്ങൾ

12.10.2020, 03.11.2020, 26.02.2021, 16.11.2021, 31.3.2022, 20.06.2022,16.09.2022 തീയതികളിൽ ടെണ്ടർ / ഓഫർ എന്നിവ മുഖേന ടൂറിസ്റ്റ് ഹോം വാടകക്ക് നൽകുവാൻ ശ്രമിച്ചെങ്കിലും നാളിതുവരെ വാടകക്ക് നൽകിയിട്ടില്ല.

1.നിരതദ്രവ്യം അടവാക്കിയിട്ടില്ല – കോർപ്പറേഷന് 5 ലക്ഷം രൂപ നഷ്ടം

26.2.21, 16.11.21,31.3.22 എന്നീ ദിവസങ്ങളിലെ ടെണ്ടറിൽ തൃശ്ശൂർ ജില്ലാ ലേബർ കോൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റി പങ്കെടുത്തിട്ടുണ്ട്. സർക്കാർ ഉത്തരവ് (സാധാ) 542/2018/ തസ്വഭവ തീയതി 24.02.2018 പ്രകാരം നിരതദ്രവ്യം അടവാക്കുന്നതിൽ ഒഴിവ് ഉണ്ടെന്ന കാരണം ചൂണ്ടിക്കാട്ടി നിരതദ്രവ്യം അടവാക്കാതെ ആണ് സ്ഥാപനം ടെണ്ടറിൽ പങ്കെടുത്തത്. എന്നാൽ മേൽസൂചിതസർക്കാർ ഉത്തരവ് പ്രകാരം മരാമത്ത് പ്രവൃത്തികളിൽ പങ്കെടുക്കുന്ന ലേബർ കോൺട്രാക്ട് സൊസൈറ്റികൾക്കാണ് നിരതദ്രവ്യം അടവാക്കുന്നതിൽ ഒഴിവ് അനുവദിക്കാവുന്നത്.

എന്നാൽ ഈ സ്ഥാപനം നിരതദ്രവ്യം അടവാക്കാതെ(5ലക്ഷം രൂപ) ടെണ്ടറിൽ പങ്കെടുത്തപ്പോൾ നിരതദ്രവ്യം അടവാക്കിയില്ല എന്ന വിവരം ടെണ്ടർ തുറന്ന ഉദ്യോഗസ്ഥൻ പരിഗണിച്ചിട്ടില്ല. നിരതദ്രവ്യം അടവാക്കാത്ത സ്ഥാപനത്തെ ടെണ്ടറിൽ പങ്കെടുക്കുവാൻ അനുവദിച്ചത് ജീവനക്കാരന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്.

31.3.2022 ൽ ഉയർന്ന ടെണ്ടർ (1080000രൂപ)സമർപ്പിച്ചത് TDLC ആണ്.29.4.22 ന് മേയറുടെ ചേമ്പറിൽ ചേർന്ന നെഗോസിയേഷന് ശേഷം തുക 1085000 രൂപ ആയി ഉയർത്തുവാൻ സ്ഥാപനം തയ്യാറായി. തുടർന്ന് 4.5.22 ന് സ്ഥാപനത്തിന് മേയർ അനുവാദം നൽകി. 05.05.2022 ന് ആകെ അടവാക്കേണ്ട മുൻകൂർ തുകയുടെ അഞ്ചിലൊന്ന് അടവാക്കി താക്കോൽ കൈമാറുവാൻ സെക്രട്ടറി ഉത്തരവായി. സ്ഥാപനം ബിനി ടൂറിസ്റ്റ് ഹോം ഏറ്റെടുക്കാത്ത സാഹചര്യത്തിൽ വീണ്ടും ഓഫർ ക്ഷണിക്കുകയും ചെയ്തു.

ടൂറിസ്റ്റ് ഹോം വാടകക്ക് നൽകുന്നതിനുള്ള വ്യവസ്ഥകളിലെ 34ാം വ്യവസ്ഥ പ്രകാരം ലേലത്തിൽ പങ്കെടുത്ത് ലേലം ഉറപ്പിച്ചതിനുശേഷം ലേലത്തിൽ നിന്ന് പിൻമാറാവുന്നതല്ല. പിൻമാറുന്ന പക്ഷം ലേലക്കാരന്റെ ചുമതലയിലും ബാധ്യതയിലും ചെലവിലും പുനർലേലം നടത്തുന്നതാണ്.ഇപ്രകാരം 16.11.21 ലെ ലേലക്കാരൻ വരുൺ ബാലകൃഷ്ണൻ പിൻമാറിയപ്പോൾ ടിയാന്റെ നിരതദ്രവ്യം കണ്ടുകെട്ടി. എന്നാൽ TDLC പിൻമാറിയപ്പോൾ നിരതദ്രവ്യം കണ്ടുകെട്ടാനായില്ല. ഇപ്രകാരം കോർപ്പറേഷന് 5ലക്ഷം രൂപ നഷ്ടമായി.

2.ബിനി ടൂറിസ്റ്റ് ഹോം ടെണ്ടർ/ഓഫറുമായി ബന്ധപ്പെട്ട എല്ലാ നടപടികൾക്കും മേയർ മുൻകൂർ അനുമതി നൽകിയതായി കാണുന്നു.

ടെണ്ടർ / ഓഫർ വിളിക്കുക, ഓഫർ അംഗീകരിക്കുക,മുൻകൂർ അടവാക്കേണ്ട തുക ഗഡുക്കളായി തുക അടവാക്കുവാൻ അനുവാദം നൽകുക തുടങ്ങി എല്ലാ വിഷയങ്ങളിലും മേയർ മുൻകൂർ അനുമതി നല്കുന്നു.

കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 15 പ്രകാരം ചെയർപേഴ്സന്റെ അധികാരങ്ങൾ നിർവചിച്ചിട്ടുണ്ട്. സെക്ഷൻ 15(4) പ്രകാരം അടിയന്തിരസാഹചര്യത്തിൽ കൌൺസിലിന്റെ അനുമതി ആവശ്യമുള്ളതും തന്റെ അഭിപ്രായത്തിൽ പൊതുജനങ്ങളുടെ രക്ഷക്ക് ഉടനടി നടത്തുകയോ ചെയ്യുകയോ ചെയ്യുന്നത് ആവശ്യമായിട്ടുള്ളതുമായ ഏതെങ്കിലും പണി നടത്തുന്നതിനോ എതെങ്കിലും പ്രവൃത്തി ചെയ്യുന്നതിനും നിർദ്ദേശിക്കാവുന്നതും അപ്രകാരമുള്ള പണി നടത്തുന്നതിനോ പ്രവൃത്തി ചെയ്യുന്നതിനോ ഉള്ള ചെലവുകൾ മുനിസിപ്പാലിറ്റിയുടെ ഫണ്ടിൽനിന്ന് നൽകേണ്ടതാണ് എന്ന് നിർദ്ദേശിക്കാവുന്നതാണ്. ഇത്തരം അനുമതികൾ അടുത്ത കൌൺസിൽ യോഗത്തിൽ തന്നെ സമർപ്പിച്ച് അംഗീകാരം ലഭ്യമാക്കേണ്ടതാണ്.

എന്നാൽ അടിയന്തിരസാഹചര്യമില്ലാത്ത ഇത്തരം വിഷയങ്ങളിലും മുൻകൂർ അനുമതി നൽകുന്ന പ്രവണത കാണുന്നു. ആയത് ഒഴിവാക്കേണ്ടതാണ്.

3.30.09.2020 ന് ടൂറിസ്റ്റ് ഹോം ഒഴിഞ്ഞ മുൻലൈസൻസി ശ്രീമതി.ഓമന അശോകൻ നാളിതുവരെ അവരുടെ സ്ഥാവരജംഗമവസ്തുക്കൾ നീക്കം ചെയ്തിട്ടില്ല.ടിയാരിയുടെ 1,11,00,237 രൂപ വില വരുന്ന വസ്തുക്കൾ ടൂറിസ്റ്റ് ഹോമിൽ ഉണ്ടെന്ന് കാണിച്ചുകൊണ്ട് സർവേയറുടെ റിപ്പോർട്ട് അടക്കം പലതവണ അപേക്ഷ നൽകിയതായി കാണുന്നു. പുതിയ കരാറുകാരന് നൽകുന്നതിന് മുമ്പ് സാധനങ്ങൾ മാറ്റേണ്ടതുണ്ട് എന്നും ടിയാൾ ആവശ്യപ്പെട്ടിട്ടുണ്ട്. പലപ്രാവശ്യം സാധനങ്ങൾ ഒഴിവാക്കുവാൻ സമയം നൽകിയിട്ടും ചെയ്തിട്ടില്ല എന്നും ഫയലിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.21.11.22 ന് റവന്യൂ ഇൻസ്പെക്ടർ വി.ബൾക്കീസ് സാധനങ്ങൾ മുഴുവനായി മാറ്റിയിട്ടില്ല എന്നും ചില മുറികൾ പൂട്ടിക്കിടക്കുന്നു എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്തുകൊണ്ടാണ് മുൻലൈസൻസിയുടെ സാധനങ്ങൾ ഒഴിവാക്കുവാൻ താക്കോൽ തിരികെ നൽകിയപ്പോൾ തന്നെ കർശനനിർദ്ദേശം നൽകാതിരുന്നതെന്ന് വ്യക്തമല്ല.1997 മുതൽ ടിയാരി ലൈസൻസിയായി തുടരുകയായിരുന്നു. ടിയാരിയിൽ നിന്ന് മുഴുവൻ ലൈസൻസ് ഫീ ഈടാക്കുവാനും നാളിതുവരെ കോർപ്പറേഷന് കഴിഞ്ഞിട്ടില്ല.

4. 31.3.22 നുശേഷം ടെണ്ടറിനു പകരം ഓഫറാണ് ക്ഷണിച്ചിട്ടുള്ളത്. ഇതിന് വ്യാപകപ്രചാരണം നൽകാതെ രാഷ്ട്രദീപിക,ദേശാഭിമാനി എന്നീ പത്രങ്ങളുടെ തൃശ്ശൂർ എഡിഷനിൽ മാത്രമാണ് പരസ്യം നൽകിയതെന്ന് ഫയലിൽ നിന്ന് വ്യക്തമാണ്. മാത്രമല്ല മുൻവർഷങ്ങളിലെ നിരക്കിനെക്കാൾ കുറഞ്ഞ നിരക്കിലാണ് ഇപ്പോൾ ലൈസൻസ് ഫീ അംഗീകരിച്ചിരിക്കുന്നത്. 26.2.21 ലെ ടെണ്ടറിൽ 12,20,000 രൂപ വരെ ഓഫർ ചെയ്ത ടൂറിസ്റ്റ് ഹോമിന് നിലവിൽ 7,50,000 രൂപക്കാണ് ടെണ്ടർ അംഗീകരിച്ചിട്ടുള്ളത്. ഓരോ ടെണ്ടർ/ലേലം/ ഓഫറിനും അപ് സെറ്റ് വാല്യു നിർണ്ണയിച്ചതായി കാണുന്നില്ല. കോർപ്പറേഷന്റെ കീഴിലുള്ള ടൂറിസ്റ്റ് ഹോമിന്റെ ലൈസൻസ് ഫീ മുൻവർഷങ്ങളിലേതിനെക്കാൾ കൂടിയ നിരക്കിൽ നിർണ്ണയിക്കുന്നതിൽ സ്ഥാപനം പരാജയപ്പെട്ടു.

ഓഡിറ്റ് നിഗമനങ്ങൾ

1. 30.09.2020 ന് ഒഴിഞ്ഞ ലൈസൻസിയിൽ നിന്നും നാളിതുവരെ 01/2020 ന് ശേഷമുള്ള വാടക ഈടാക്കുവാൻ സ്ഥാപനത്തിന് കഴിഞ്ഞിട്ടില്ല.

2. സെക്യൂരിറ്റി ഡെപ്പോസിറ്റ് ക്രമീകരിച്ച് വാടകക്കുടിശ്ശിക ഈടാക്കുന്നതിനോ, കോവിഡ് കാലഇളവുകളുടെ കാര്യത്തിൽ തീരുമാനം എടുക്കുന്നതിനോ നാളിതുവരെ സ്ഥാപനത്തിന് കഴിഞ്ഞിട്ടില്ല. മുൻലൈസൻസിയുടെ സാധനസാമഗ്രികൾ എത്രയും പെട്ടെന്ന് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. 16.09.22 ലെ ലേലനടപടികളിൽ നാളിതുവരെ നടപടികൾ സ്വീകരിച്ചിട്ടില്ല. നിലവിൽ വാടക ലഭ്യമാകുന്നില്ല.

4. മുമ്പ് ലഭ്യമായിരുന്ന വാടകയെക്കാൾ കുറഞ്ഞ നിരക്കിലാണ് നിലവിൽ വാടക അംഗീകരിച്ചിട്ടുള്ളത്. മുൻടെണ്ടറുകളിൽ ഇതിനെക്കാൾ കൂടിയ തുക ഓഫർ വന്നിട്ടുള്ളതാണ്.

03.11.20-- 810000-- തൃശ്ശൂർ ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് സൊല്യൂഷൻസ്

26.02.21 -- 1220000-- തൃശ്ശൂർ ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് സൊല്യൂഷൻസ്

16.11.21 – 1105110-- വരുൺ ബാലകൃഷ്ണൻ

30.03.2022 – 1080000 – തൃശ്ശൂർ ജില്ലാ ലേബർ കോൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റി

പ്രതിമാസം 8,83,300 രൂപ 2017 മുതൽ ലഭ്യമാക്കിയിരുന്ന സ്ഥാപനം കുറഞ്ഞ നിരക്കിൽ നൽകിയത് അധികാരികളുടെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചയാണ്.

5. ബിനി ടൂറിസ്റ്റ് ഹോം വാടകക്ക് നൽകുന്നതിന്റെ ഫയൽ R12/17033/Vol 3ഹാജരാക്കിയിട്ടില്ല.
6. ഏത് നിയമാവലിയുടെ അടിസ്ഥാനത്തിലാണ് 10 വർഷകാലാവധിയിൽ സ്ഥാപനം കൈമാറിയതെന്ന് വ്യക്തമല്ല.

നിലവിൽ സ്ഥാപനം വാടകക്ക് നൽകിയിട്ടില്ല. കെട്ടിടം പൊളിച്ചിട്ടിരിക്കുന്ന അവസ്ഥയിലാണ്. ഇതുമായി ബന്ധപ്പെട്ട ഫയൽ, കൗൺസിൽ തീരുമാനം എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. കെട്ടിടം പൊളിച്ചതുമായി ബന്ധപ്പെട്ട് കേസ് നടന്നുവരുന്നു.

മുൻ ലെസൻസിയിൽ നിന്നും വാടക കുടിശ്ശിക പലിശ സഹിതം ഈടാക്കുവാനും ടൂറിസ്റ്റ് ഹോം വാടകക്ക് നൽകുന്നതിനും നടപടികൾ സ്വീകരിച്ച് രേഖകൾ സഹിതം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

II. ന്യൂ കൈരളി ലോഡ്ജ് -- ലൈസൻസ് ഫീ അടവാക്കിയിട്ടില്ല.

ലോഡ്ജിൽ 107.49 ച,മീ ഉള്ള 6 മുറികളും 208.2ച.മീ ഉള്ള 24 മുറികൾ ഉൾപ്പെടെ 30മുറികൾ ആണ് ഉള്ളത്.

ലോഡ്ജിന്റെ ലൈസൻസ് ഫീ രണ്ടുവർഷവും അടവാക്കിയതായി കാണുന്നില്ല. 2020-21 – 102103 *12 = 1225236 ,

2021-22 – 102103 *12 = 1225236 , എന്നിങ്ങനെയാണ് ഡിമാന്റ്.

രണ്ടുവർഷവും ഒന്നും അടവാക്കിയിട്ടില്ല

ജോൺസൺ എൻ ജെ നടക്കലാൻ തലോർ എന്നയാളാണ് ലൈസൻസി.

ടിയാന് ലോഡ്ജിന്റെ നടത്തിപ്പ് നൽകിയത്, എത്ര കാലത്തേക്കാണ്, എത്രയാണ് പ്രതിമാസ / വാർഷിക ലൈസൻസ് ഫീ, ഇതുമായി ബന്ധപ്പെട്ട കൗൺസിൽ തീരുമാനം, ടിയാനുമായുള്ള കരാർ

കുടിശ്ശിക അടവാക്കാത്തതിനാൽ സ്വീകരിച്ച നടപടികൾ എന്നിവ ഹാജരാക്കുവാൻ ഓഡിറ്റ് എൻക്വയറി – 49/14.12.2022 നൽകിയതിന് സ്ഥാപനം നൽകിയ മറുപടി ഇപ്രകാരമാണ്.

ടിയാൻ 05/2020 മുതൽ 01/22 വരെയുള്ള വാടക അടവാക്കിയിട്ടുണ്ട്. തുടർന്നുള്ള കുടിശ്ശിക അടവാക്കുവാൻ നോട്ടീസ് നൽകിയിട്ടുണ്ട്.

17.02.2018 ലെ ടെണ്ടറിൽ പ്രതിമാസം 102103 രൂപ ക്വോട്ട് ചെയ്ത ശ്രീ.ജോൺസണ് 13.03.2018 ലെ 27 നമ്പർ തീരുമാനപ്രകാരമാണ് സ്ഥാപനനടത്തിപ്പ് നൽകിയത്. 17.09.2018 ന് ഡെപ്പോസിറ്റ് അടവാക്കി 18.09.2018 ന് കരാർ വച്ചിട്ടുള്ളതുമാണ്. 17.09.2018 മുതൽ 16.09.2023 വരെ 5 വർഷമാണ് കാലാവധി.

ടിയാനിൽ നിന്ന് കുടിശ്ശിക ഈടാക്കി ഡിമാന്റ് രജിസ്റ്ററിൽ ചേർത്ത് സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-64 പരസ്യലൈസൻസ് ഫീസ് പിരിവ് -തുക അടവാക്കിയതിലെ അപാകത സംബന്ധിച്ച്

R13/44894/2021

തൃശ്ശൂർ കോർപ്പറേഷൻ വക 2021-22 സാമ്പത്തിക വർഷത്തെ പരസ്യലൈസൻസ് ഫീസ് പിരിവ് കുത്തക 8.3.21 ലെ ടെണ്ടർ അനുസരിച്ച് ശ്രീ.ജിബിൻ ജോൺസൺ , നടക്കലാൽ ഹൗസ്, തലോർ എന്നയാൾക്ക് അംഗീകരിച്ച് നൽകിയിട്ടുള്ളതാണ് (11.5.21 ലെ 40 ാം നമ്പർ കമ്മറ്റി തീരുമാനം). ലേലം അംഗീകരിച്ച് കഴിഞ്ഞ് കൗൺസിൽ തീരുമാനം ലഭിക്കുന്നമുറയ്ക്ക് 50% തുക ജി.എസ്.ടി., ഐ.ടി. സഹിതം 7 ദിവസത്തിനുള്ളിലും ബാക്കി തുക 5 മാസം കൊണ്ട് അടവാക്കുന്നതിനും ശ്രീ.ജിബിൻ ജോൺസണിന് നോട്ടീസ് നൽകി എഗ്രിമെന്റ് അംഗീകരിച്ചിട്ടുണ്ട്. ആയതുപ്രകാരം 50% നികുതി ഉൾപ്പെടെ 3358050 രൂപ നഗരസഭയിൽ അടവാക്കിയിട്ടുണ്ട്. ബാക്കി തുക പരസ്യലൈസൻസ് 2752500 +495450 (ജി.എസ്.ടി, പലിശ) അടവാക്കിയതായി കാണുന്നില്ല. 11.8.21 ,14.1.22, 21.4.22 തീയതികളിൽ തുക അടവാക്കാനാവശ്യപ്പെട്ട് ശ്രീ. ജിബിൻ ജോൺസണ് കത്ത് നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ നിന്നും സാമ്പത്തിക വർഷം അവസാനിച്ചിട്ടും തുക അടവാക്കിയതായി കാണുന്നില്ല.ടെണ്ടർ പ്രകാരം അംഗീകരിച്ച തുക സാമ്പത്തികവർഷം അവസാനിച്ചിട്ടും മുഴുവനായി അടവാക്കാത്തതിനാൽ തുക ഈടാക്കുന്നതിന് നഗരസഭ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 68/22.12.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കരാർ ലംഘനത്തിന് പലിശ സഹിതം മുഴുവൻ തുകയും ബന്ധപ്പെട്ട വ്യക്തിയിൽ നിന്നും ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതും രേഖകൾ ഓഡിറ്റിനു ഹാജരാക്കേണ്ടതുമാണ്.

## 1-65 പരസ്യ ലൈസൻസ് ഫീസ് പിരിവ് -ടെണ്ടർ അസാധുവായത് സംബന്ധിച്ച്

തൃശ്ശൂർ കോർപ്പറേഷൻ റവന്യൂ വിഭാഗം 2020-21 സാമ്പത്തികവർഷത്തിൽ പരസ്യലൈസൻസ് ഫീസ് പിരിവിന്റെ ലൈസൻസ് അനുവദിക്കുന്നതിനായി 27.2.20 ൽ നടത്തിയ റീടെണ്ടർ/പുനർലേലത്തിൽ ഉയർന്ന നിരക്ക് ക്വാട്ട് ചെയ്ത ശ്രീ.ജിബിൻ ജോൺസൺ എന്നവരുടെ 5410000 രൂപയുടെ ടെണ്ടർ ധനകാര്യ കമ്മറ്റിയുടെ 18.4.20 ലെ 17ാം നമ്പർ തീരുമാനപ്രകാരം ചർച്ചയ്ക്ക് മാറ്റിവച്ചിരുന്നതും പിന്നീട് ഇതു സംബന്ധിച്ച് തീരുമാനം എടുക്കാത്തതിനാൽ മേൽ ടെണ്ടർ അസാധുവായതായി കാണുന്നു.ചർച്ചയ്ക്കും അംഗീകാരത്തിനുമായി മാറ്റി വച്ച വിഷയം തുടർന്ന് കമ്മറ്റിയിൽ സമർപ്പിക്കാത്തതിനാലാണ് ഇപ്രകാരം അസാധുവായതായതും ടി തുക നഗരസഭയ്ക്ക് നഷ്ടമുണ്ടായതും. ഈ കാലയളവിൽ പരസ്യലൈസൻസ് ഫീ മറ്റുവിധത്തിൽ കോർപ്പറേഷൻ പിരിച്ചെടുത്തിട്ടുമില്ല. മേൽ ടെണ്ടർ കമ്മറ്റിയിൽ സമർപ്പിക്കാത്തതിനു കാരണം വിശദമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 69/22.12.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ആയതു പ്രകാരം സാമ്പത്തിക വർഷം അവസാനിച്ചതിനാൽ 5410000 രൂപയുടെ ടെണ്ടർ അസാധു ആയിട്ടുള്ള വിവരം ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പരിഗണനയ്ക്കായ് സമർപ്പിക്കുകയും ആയതു പ്രകാരം കമ്മറ്റിയുടെ 5.7.2021 ലെ 31ാം നമ്പർ തീരുമാനപ്രകാരം വിശദമായ അജണ്ട തയ്യാറാക്കി ടി കാലയളവിലെ ഉദ്യോഗസ്ഥരുടെ പേരു വിവരം സഹിതം അടുത്ത ഫിനാൻസ് കമ്മറ്റിയിൽ സമർപ്പിക്കുന്നതിനായി 1.10.2021 ലെ 47ാം നമ്പർ പ്രകാരം തീരുമാനം എടുത്തിട്ടുണ്ടെങ്കിലും തുടർനടപടികൾ സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. ടെണ്ടർ അംഗീകരിക്കുന്നതിനായി തീരുമാനം എടുക്കാൻ ചർച്ചയ്ക്ക് മാറ്റി വച്ചതിന്മേൽ തുടർ നടപടികൾ സ്വീകരിക്കാത്തതിനാലാണ് നഗരസഭയ്ക്ക് 5410000 രൂപയുടെ നഷ്ടം ഉണ്ടായത്. ഇത് ടി കാലയളവിലെ ഉദ്യോഗസ്ഥരുടെ ഗുരുതരമായ കൃത്യവിലോപമായി ഓഡിറ്റ് വിലയിരുത്തുന്നു. മേൽ അപാകതയ്ക്ക് ഉത്തരവാദിയായ ഉദ്യോഗസ്ഥർക്കെതിരെ തുടർ നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-66 നഗരസഭയുടെ അനുമതിയില്ലാത്ത നിർമ്മാണങ്ങൾ

തൃശ്ശൂർ കോർപ്പറേഷൻ കൂർക്കഞ്ചേരി മേഖലാകാര്യാലയം ചിയ്യാരം വില്ലേജിൽ സ്ഥിതി ചെയ്യുന്ന സെന്റ്.പോൾസ് കോൺവന്റ് കുരിയച്ചിറ സ്കൂളിന്റെ നിലവിലുള്ള കെട്ടിടത്തിന്റെ 30m2 റിസപ്ഷൻ ഏരിയ പൊളിച്ച് നീക്കി 1189.42 M2 സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിനുള്ള അപേക്ഷ നഗരസഭയിൽ 21.12.2021 ന് ലഭിച്ചുവെങ്കിലും പ്ലാനിൽ അപാകതയുള്ളതിനാൽ കക്ഷിക്ക് അറിയിപ്പ് നൽകി. തുടർന്ന് സമർപ്പിച്ച പ്ലാനിലും അപാകത ഉള്ളതിനാൽ പരിഹരിക്കുവാൻ ആവശ്യപ്പെട്ട് 22.10.2022 നം അറിയിപ്പ് നൽകുകയുണ്ടായി. എന്നാൽ അപാകത പരിഹരിച്ച് കക്ഷി പ്ലാൻ സമർപ്പിച്ചിട്ടില്ലാത്തതാണ്.

ഫയൽ പ്രകാരമുള്ള വിവരങ്ങൾ താഴെപ്പറയുന്നു.

1. സമർപ്പിച്ചിരിക്കുന്ന പ്ലാനിലെ കെട്ടിടങ്ങൾക്കു പുറമെ ഒരു ഇരുനില കെട്ടിടത്തിന്റെ നിർമ്മാണം ടി സ്ഥലത്ത് നടക്കുന്നതായി ഫയലിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. ആകെ നിർമ്മിതി വിസ്തീർണ്ണം 4488 M2 ആയി ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നു. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 30 പ്രകാരം ആകെ നിർമ്മിത വിസ്തീർണ്ണം 1500 M2 കൂടുതലുള്ള ഗണം ബി കെട്ടിടങ്ങൾക്ക് ജില്ലാ ടൗൺ പ്ലാനറുടെ ലേ ഔട്ട് അംഗീകാരം ആവശ്യമാണ്. എന്നാൽ ടൗൺപ്ലാനിലേക്കുള്ള പ്ലാൻ സമർപ്പിച്ചിട്ടില്ല.

3. പ്ലാനിൽ രേഖപ്പെടുത്താത്തതും നമ്പറിടാത്തതുമായ കെട്ടിടങ്ങളും സ്ഥലപരിശോധനയിൽ കാണാൻ കഴിഞ്ഞതായി 22.10.2022 ന് ഓവർസീയർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

4. ടി കെട്ടിടത്തിന്റെ പ്ലാനിൽ പറഞ്ഞിരിക്കുന്ന 33/1041B,33/1041C,33/1041D,33/1084A നമ്പറുള്ള കെട്ടിടങ്ങളുടെ അസസ്സ്മെന്റ് വിവരം റവന്യൂ സെക്ഷനിൽ കണ്ടെത്താൻ സാധിച്ചില്ല.

നമ്പറിടാത്ത കെട്ടിടങ്ങൾ ക്രമവൽക്കരിക്കേണ്ടതും ,KMBR-2019 ന് വിധേയമായി പ്ലാൻ സമർപ്പിക്കേണ്ടതുമാണെന്ന് അറിയിച്ച് 22.10.2022 ന് KKY/BA/170/21-22 നമ്പറായി കക്ഷിയ്ക്ക് അറിയിപ്പ് നൽകിയെങ്കിലും തുടർ നടപടിയുണ്ടായിട്ടില്ല.

33/1041B,33/1041C,33/1041D,33/1084A കെട്ടിടനമ്പറുകൾ ഉള്ളതായി കെട്ടിട ഉടമ പ്ലാനിൽ പറഞ്ഞിരിക്കുന്ന കെട്ടിടങ്ങളുടെ വിവരങ്ങൾ അസസ്സ്മെന്റിൽ ഉൾപ്പെടാതിരുന്നതിനുള്ള കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് പ്ലാനിൽ തെറ്റായാണ് കെട്ടിട നമ്പർ നൽകിയിരിക്കുന്നതെന്ന് മറുപടി നൽകുകയുണ്ടായി.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സ്കൂൾകെട്ടിടങ്ങൾക്ക് എഞ്ചിനീയർ വിഭാഗത്തിൽ നിന്നും ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് വർഷാവർഷം നൽകേണ്ടതാണ്. തദ്ദേശസ്വയംഭരണ (ഇ.ഡബ്ല്യൂ.എ) വകുപ്പിന്റെ ഇ.ഡബ്ല്യൂ.എ3/179 /2020/തസ്വഭവ തിയതി.15.02.2021 സർക്കുലറിൽ വാർഷിക സർട്ടിഫിക്കറ്റുകൾ ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർമാരാണ് നൽകേണ്ടതെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ സ്കൂൾ കെട്ടിടത്തിന് 2022-23 സാമ്പത്തിക വർഷവും നഗരസഭയിൽ നിന്നും ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടെങ്കിലും സ്കൂളിലുണ്ടായിട്ടുള്ള അധിക നിർമ്മാണങ്ങൾ കോർപ്പറേഷൻ കണ്ടെത്തിയില്ല. അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിനു സ്കൂൾ അധികൃതർക്ക് നോട്ടീസ് നൽകി നടപടികൾ സ്വീകരിച്ചു വരുന്നുവെന്നും അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതു വരെ കോർപ്പറേഷന്റെ ഭാഗത്തു നിന്ന് യാതൊരു സേവനങ്ങളും സ്കൂളിനു വേണ്ടി നൽകുന്നതല്ലായെന്നും ഓഡിറ്റ് അന്വേഷണത്തിന് നൽകിയ മറുപടിയിൽ പറയുന്നു.

അനധികൃതനിർമ്മാണങ്ങളെ കണ്ടെത്തുന്നതിന് കാലാകാലങ്ങളിൽ നിരവധി സർക്കാർ ഉത്തരവുകൾ ഉണ്ടായിട്ടുണ്ട്. അവധി ദിവസങ്ങളിലെ അനധികൃത കെട്ടിട നിർമ്മാണങ്ങൾ തടയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പിന്റെ 1725325/ആർ.എ2/2017/തസ്വഭവ തി.31.08.2017 നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ളതാണ്. സംസ്ഥാനത്ത് ഉടനീളം അനധികൃതനിർമ്മാണങ്ങൾ നടക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനാലും അനധികൃതനിർമ്മാണങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ശ്രദ്ധയിൽപ്പെട്ടിട്ടും നിയമാനുസൃതമായി നടപടികൾ സ്വീകരിക്കുന്നില്ല എന്ന് തദ്ദേശസ്വയംഭരണ വകുപ്പിലെ വിജിലൻസ് വിംഗിന്റെ പരിശോധനയിൽ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലും അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പ് 60203/ആർ.എ1 /2014/തസ്വഭവ തി.18.10.2014 നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതാണ്. അനധികൃത നിർമ്മാണങ്ങളെ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിനുള്ള സംവിധാനം കാര്യക്ഷമമാക്കേണ്ടതും അനധികൃത നിർമ്മാണങ്ങളെ കണ്ടെത്തി നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

നികുതി നിർണ്ണയത്തിൽ നിന്നും വിട്ടുപോകുന്ന ഇത്തരം കെട്ടിടങ്ങളെ കണ്ടെത്തി നികുതി പരിധിയിൽ കൊണ്ടു വരേണ്ടതും റഗുലേറ്ററി സംവിധാനത്തിന്റെ കാര്യക്ഷമത ഉറപ്പാക്കേണ്ടതുമാണ്.

ഓഡിറ്റ് അന്വേഷണം നമ്പർ :8/21-22 തി .16.11.2022

(ക്ലർക്കഞ്ചേരി മേഖലാകാര്യാലയം )

## 1-67 കെട്ടിട നിർമ്മാണ അനുമതി നൽകുന്നതിൽ കാലതാമസം

തൃശ്ശൂർ കോർപ്പറേഷൻ മെയിൻ ഓഫീസിൽ 2021-22 വർഷം ലഭ്യമായ കെട്ടിടനിർമ്മാണ അപേക്ഷകളിൽ സമയബന്ധിതമായി തീർപ്പാക്കാത്ത ധാരാളം അപേക്ഷകൾ കാണുന്നു. 2019ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 12, 2012 ലെ കേരള സംസ്ഥാന സേവനാവകാശ നിയമം എന്നിവ പ്രകാരം അനുശാസിക്കുന്ന സമയപരിധിക്കകം തീർപ്പാക്കിയിട്ടില്ലാത്ത അപേക്ഷകളുടെ ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ഫയൽ നം. | പേര് | അപേക്ഷ തീയതി | പെർമിറ്റ് തീയതി | കുറിപ്പ് |
|---|---|---|---|---|
| DW3/BA /1/21-22 | സജീവൻ.ടി.എ, തയ്യിൽ ഹൗസ്, കണിമംഗലം | 13.04.2021 | 23.06.2021 | |
| DW3/BA /12/21-22 | പ്രേംലാൽ & തുളസീഭായ്, പുഷ്പഗിരി അഗ്രഹാരം | 19.04.2021 | 13.07.2021 | |
| DW3/BA /33/21-22 | ബിനു വിജയൻ, നെല്ലിപ്പറമ്പിൽ ഹൗസ് | 08.06.2021 | 29.07.2021 | |
| DW3/BA /79/21-22 | കെ.ഭരതൻ, B2 ബിൽഡേഴ്സ് | 13.09.2021 | 02.11.2021 | |
| DW3/BA /102/21-22 | പുരുഷോത്തമൻ, മുതിരപ്പറമ്പത്ത് | 24.09.2021 | 01.12.2021 | |
| DW3/BA /107/21-22 | കെ.ആർ.സുബ്രമണ്യൻ, കടവിൽ ഹൗസ് | 04.10.2021 | 07.12.2021 | നോട്ട് ഫയൽ പ്രകാരം 25.09.2021 ന് അപേക്ഷ നൽകി |
| DW3/BA /190/21-22 | രാഗേഷ് പരമേശ്വരൻ | 01.01.2022 | 02.03.2022 | നോട്ട് ഫയൽ പ്രകാരം എക്സി. എഞ്ചിനീയർ ഒപ്പ് വച്ചത് 16.03.2022 നാണ് |
| DW3/BA /199/21-22 | വർഗ്ഗീസ്.ജെ.ഒല്ലൂക്കാരൻ | 07.01.2022 | 25.02.2022 | നോട്ട് ഫയൽ പ്രകാരം എക്സി. എഞ്ചിനീയർ ഒപ്പ് വച്ചത് 10.03.2022 നാണ് |
| DW3/BA /205/21-22 | നസീർ & നസീമത്ത് നസീർ | 10.01.2022 | 25.02.2022 | നോട്ട് ഫയൽ പ്രകാരം എക്സി. എഞ്ചിനീയർ ഒപ്പ് വച്ചത് 05.03.2022 നാണ് |
| DW3/BA /224/21-22 | ഷൈൻ.ടി.ബി, തട്ടാപറമ്പിൽ വീട് | 18.01.2022 | 21.02.2022 | നോട്ട് ഫയൽ പ്രകാരം അസി. എഞ്ചിനീയർ ഒപ്പ് വച്ചത് 09.03.2022 നാണ് |
| DW4/BA /297/21-22 | സന്തോഷ്.കെ.കെ | 15.03.2022 | 01.07.2022 | |

തൃശ്ശൂർ കോർപ്പറേഷൻ മെയിൻ ഓഫീസിൽ സൂക്ഷിച്ചിട്ടുള്ള ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തുന്നില്ല. പല അപേക്ഷകളിലും ഫീസ് അടവാക്കിയതിന്റെ വിവരങ്ങൾ, പ്ലാൻ റിവൈസ് ചെയ്ത വിസ്തീർണ്ണം എന്നിവ രേഖപ്പെടുത്തുന്നില്ല. പെർമിറ്റ് അനുവദിച്ച് ഒക്യുപെൻസി അനുവദിക്കുന്നത് വരെയുള്ള വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. കെട്ടിടനിർമ്മാണ അപേക്ഷയുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പാലിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച് 12900/ആർ.എ.1/2015/തസ്വഭവ. തീയതി 02.12.2015 നമ്പർ പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സർക്കുലർ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 133/21-22, തീ.25.01.2023)

## 1-68 യു.എ ടാക്സ് നിർണ്ണയിച്ചതിൽ കാലതാമസം

ഫയൽ നം R3/DW5/1584/18

തൃശ്ശൂർ കോർപ്പറേഷൻ പരിധിയിൽ 52-ാം ഡിവിഷനിൽ സ്ഥിതിചെയ്യുന്ന സിൻസിയർ പോയിന്റ്, മൈക്കിൾ ടവർ, പുഞ്ചിരി ടവർ എന്നീ കെട്ടിടങ്ങളിൽ ഒക്യുപൻസിയ്ക്ക് വിരുദ്ധമായി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുകയും ഉപയോഗത്തിൽ മാറ്റം വരുത്തുകയും ചെയ്തതായി അന്വേഷണത്തിൽ വ്യക്തമായിട്ടുള്ളതായതിന്റെ അടിസ്ഥാനത്തിൽ 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് ചട്ടം 406(1),(2),(3) എന്നിവയ്ക്ക് വിധേയമായി താൽക്കാലിക ഉത്തരവ് , സ്ഥിരപ്പെടുത്തൽ ഉത്തരവ് എന്നിവ കോർപ്പറേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ നൽകിയിട്ടുള്ളതാണ്.

യു.എ നമ്പർ നൽകി കെട്ടിടങ്ങളുടെ ഒക്യുപൻസി റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് 11.07.2018 ലെ കുറിപ്പ് പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും റവന്യൂ വിഭാഗത്തിൽ നിന്നും പ്രസ്തുത റിപ്പോർട്ട് ലഭ്യമായിട്ടില്ലായെന്ന് DW5/1584/18തിയതി. 6.07.2021 നമ്പർ കുറിപ്പ് പ്രകാരം കോർപ്പറേഷൻ എക്സിക്യൂട്ടീവ്

എഞ്ചിനീയർ റവന്യൂ ഓഫീസറെ അറിയിച്ചിരുന്നു. തുടർന്ന് 52/1549,52/1550,52/1551/ (സിൻസിയർ പോയിന്റ് ), 52/1532 മുതൽ 52/1548 വരെ (മൈക്കിൾ ടവർ), 52/1524 മുതൽ 52/1531 വരെയുള്ള കെട്ടിട നമ്പറുകൾ റദ്ദ് ചെയ്തതായും മേൽ കെട്ടിടങ്ങൾക്ക് യഥാക്രമം 52/1549/UA, 52/1532/UA, 52/1524/UA എന്നീ നമ്പറുകൾ നൽകി ഡിമാന്റ് നോട്ടീസ് നൽകിയതായും 30.12.2021 ന് സെക്രട്ടറി കോർപ്പറേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് മറുപടി നൽകിയിരിക്കുന്നു.

യു.എ രജിസ്റ്ററിൽ മേൽ കെട്ടിടങ്ങൾക്ക് താഴെപ്പറയും പ്രകാരം നികുതി നിർണ്ണയിച്ചിട്ടുണ്ട്.

| കെട്ടിട നമ്പർ | കെട്ടിട ഉടമ | വിസ്തീർണ്ണം (ച.മീ) | നികുതി പ്രാബല്യ തിയതി | യു.എ ടാക്സ് |
|---|---|---|---|---|
| 52/1549/UA | രാധാകൃഷ്ണൻ, സുജാത | 211.84 | 1.04.2021 | 83,889+LC+SC |
| 52/1532/UA | ശിവശങ്കരൻ | 258.28 | 1.04.2021 | 1,02,279+LC+SC |
| 52/1524/UA | സി.എ ജെയിംസ് | 474.78 | 1.04.2021 | 2,88,429+LC+S |

അപാകതകൾ

1. യു.എ നമ്പർ നൽകി കെട്ടിടത്തിന്റെ ഒക്യുപൻസി റദ്ദ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുവാൻ 11.07.2018 ന് എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും അറിയിപ്പ് നൽകിയിട്ടുണ്ടെങ്കിലും യു.എ ടാക്സ് നിർണ്ണയിച്ചിരിക്കുന്നത് 1.04.2021 മുതലാണ്.

2. മേൽ കെട്ടിടങ്ങളുടെ ഒക്യുപൻസി റദ്ദ് ചെയ്തതായി സെക്രട്ടറി അറിയിച്ചിട്ടുണ്ടെങ്കിലും റദ്ദ് ചെയ്ത അറിയിപ്പ് ഫയലിൽ ഇല്ല.

3. നിലവിൽ ടി കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ പ്രവർത്തിച്ച വരുന്നു. അനധികൃതമായി കണ്ടെത്തി പ്രത്യേക നമ്പർ നൽകിയിരിക്കുന്ന ഈ കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് നഗരസഭ പ്രവർത്തനാനുമതി നൽകിയതെങ്ങനെയെന്ന് വ്യക്തമല്ല.

4. അനധികൃത നിർമ്മാണം പൊളിച്ച് നീക്കിയിട്ടുള്ളതാണെന്നും യു.എ ടാക്സിൽ നിന്നും ഒഴിവാക്കണമെന്നുള്ള ശ്രീ.ജെയിംസിന്റെ 24.03.2022 ലെ അപേക്ഷ പരിശോധിച്ച് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് 28.04.2022 ന് റവന്യൂ ഓഫീസർ ടൗൺ പ്ലാനിംഗ് സൂപ്രണ്ടിന് കത്ത് നൽകിയിരിക്കുന്നു. എന്നാൽ തുടർ നടപടി സ്വീകരിച്ച വിവരം ഫയലിൽ ഇല്ല.
11.07.2018 ന് എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും അറിയിപ്പ് നൽകിയിരുന്ന ഈ കെട്ടിടങ്ങളുടെ യു.എ ടാക്സ് നിർണ്ണയിച്ചിരിക്കുന്നത് 1.04.2021 മുതലാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. അനധികൃതമായി കണക്കാക്കിയ കാലയളവിലെ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

11.07.2018 ന് എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും അറിയിപ്പ് കിട്ടിയിട്ടും യഥാസമയം അനധികൃത നിർമ്മാണത്തിൻമേൽ നടപടി സ്വീകരിച്ചില്ല എന്നത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും വന്നിട്ടുള്ള വീഴ്ചയാണ്. റവന്യൂ വരുമാനം ഉറപ്പാക്കിയില്ലാ എന്ന മാത്രമല്ല നഗരസഭയുടെ റഗുലേറ്ററി സംവിധാനത്തിന്റെ പ്രവർത്തനം കോർപ്പറേഷൻ ഉറപ്പാക്കിയില്ല. കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 242(5) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾ എന്തെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുന്നതിന് മുനിസിപ്പാലിറ്റി പ്രവർത്തനാനുമതിയോ ലൈസൻസോ നൽകാൻ പാടില്ലാത്തതാണ്. നിയമാനുസൃതമല്ലായെന്ന് റിപ്പോർട്ട് ചെയ്തിരിക്കുന്ന ഈ കെട്ടിടത്തിൽ സ്ഥാപനങ്ങളുടെ പ്രവർത്തനം ചട്ടവിരുദ്ധമാണ് .മേൽ അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം: 138/21-22 തീയതി: 27.01.2023

## 1-69 റഗുലറൈസ് ചെയ്ത കെട്ടിടങ്ങളുടെ യു.എ ടാക്സ് ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

യു.എ നമ്പർ നൽകിയിരിക്കുന്ന കെട്ടിടങ്ങൾ അധികൃതമാക്കിയതിനാലും , കെട്ടിടങ്ങൾ പൊളിച്ച് നീക്കിയതിനാലും നഗരസഭ , കെട്ടിടങ്ങളുടെ യു.എ നമ്പർ റദ്ദ് ചെയ്ത് കെട്ടിടങ്ങൾ ക്രമവൽക്കരിച്ച് നൽകിയിരിക്കുന്നു. കോർപ്പറേഷനിൽ നിന്നും റഗുലറൈസ് ചെയ്ത് നൽകിയ കെട്ടിടങ്ങളുടെ വിവരങ്ങൾ ഉദാഹരണമായി താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഫയൽ നമ്പർ | കെട്ടിട വിസ്തീർണ്ണം (ച.മീ) | കെട്ടിടത്തിന്റെ തരം | യു.എ ടാക്സ് | പ്രാബല്യതിയതി | ക്രമവൽക്കരിച്ച തിയതി |
|---|---|---|---|---|---|---|---|
| 1 | UA/7/268/1 | R5/45012/17 | 239.06 | വാണിജ്യം | 94668+LC | 1.10.2017 | 6.01.2021 |
| 2 | UA/8/78/2017 | R5/41564/17 | 38 | വാണിജ്യം | 9120+LC | 1.04.2017 | 8.01.2018 |

| | | | | | | | |
|---|---|---|---|---|---|---|---|
| 3 | UA/2/186/2017 | R5/DW4/BR/15/18-19 | 167.28 | വാസഗൃഹം | 7530+LC | 1.04.2014 | - |
| 4 | UA/2/124/1 | - | 185 | വാണിജ്യം | 73260+LC | 1.10.2017 | - |
| 5 | UA/26/456/7 | R1/DW4/BR/25/18-19 | 756.13 | ഓഫീസ് | 257235+LC | 1.04.2018 | - |
| 6 | UA/8/497 | R5/DW4/BR/264/18-49 | 557.61 | വാസഗൃഹം | 25093+LC | 1.04.2015 | - |
| 7 | UA/10/1649/3/18-19 | R1/DW3/421/2019 | 57.75 | വാണിജ്യം | 19058+LC | 1.10.2017 | 28.03.2019 |
| 8 | UA/9/640/45/1 | R5/DW4/BA/360/14-15 | 42.03 | വാണിജ്യം | 18725+LC | 1.04.2018 | 29.03.2019 |
| 9 | UA/4/237/3 | R5/DW3/BR/74/20-21 | 70 | വാണിജ്യം | 20160+LC | 1.04.2017 | - |
| 10 | UA/28/481/1B | R4/DW3/BR/46/18-19 | 266.27 | ഡോർമെട്രി | 118623+LC | 1.04.2016 | 5.03.2021 |
| 11 | UA/28/481/1C | R4/DW3/BR/46/18-19 | 335.44 | ഡോർമെട്രി | 149436+LC | 1.04.2016 | 5.03.2021 |
| 12 | UA/28/481/1D | R4/DW3/BR/46/18-19 | 335.44 | ഡോർമെട്രി | 149436+LC | 1.04.2016 | 5.03.2021 |
| 13 | UA/28/481/1E | R4/DW3/BR/46/18-19 | 326 | ഡോർമെട്രി | 145233+LC | 1.04.2016 | 5.03.2021 |
| 14 | UA/26/675/1A | R4/DW4/34970/17 | 180 | വാണിജ്യം | 71280+LC | 1.04.2018 | 22.03.2019 |
| 15 | UA/6/451/2 | R5/DW4/BA/360/14-15 | 911.66 | വാണിജ്യം | 406146+LC | 1.04.2018 | - |
| 16 | UA/37/1778 | DW5/BR/37/21-22 | 150 | വാണിജ്യം | 37125+LC | 1.04.2016 | 28.06.2022 |
| 17 | UA/6/173 | R5/DW3/353/2017 | 150 | വാസഗൃഹം | 8100+LC | 1.04.2017 | 27.03.2019 |
| 18 | UA/22/29/10 | R5/DW4/BA/322/2007-08 | 152.65 | റെസിഡൻഷ്യൽ ഫ്ലാറ്റ് | 8657 | 1.10.2016 | 26.02.2019 |
| 19 | UA/22/29/14 | R5/DW4/BA/322/2007-08 | 152.65 | റെസിഡൻഷ്യൽ ഫ്ലാറ്റ് | 8657 | 1.10.2016 | 26.02.2019 |
| 20 | UA/22/29/17 | R5/DW4/BA/322/2007-08 | 167.32 | റെസിഡൻഷ്യൽ ഫ്ലാറ്റ് | 9488 | 1.10.2016 | 26.02.2019 |
| 21 | UA/22/29/19 | R5/DW4/BA/322/2007-08 | 167.32 | റെസിഡൻഷ്യൽ ഫ്ലാറ്റ് | 9488 | 1.10.2016 | 26.02.2019 |
| 22 | UA/22/29/20 | R5/DW4/BA/322/2007-08 | 152.65 | റെസിഡൻഷ്യൽ ഫ്ലാറ്റ് | 8657 | 1.10.2016 | 26.02.2019 |
| 23 | UA/22/29/21 | R5/DW4/BA/322/2007-08 | 156.22 | റെസിഡൻഷ്യൽ ഫ്ലാറ്റ് | 8858 | 1.10.2016 | 26.02.2019 |
| 24 | UA/22/29/22 | R5/DW4/BA/322/2007-08 | 145.83 | റെസിഡൻഷ്യൽ ഫ്ലാറ്റ് | 8271 | 1.10.2016 | 26.02.2019 |
| 25 | UA/22/29/23 | R5/DW4/BA/322/2007-08 | 120.82 | റെസിഡൻഷ്യൽ ഫ്ലാറ്റ് | 6852 | 1.10.2016 | 26.02.2019 |
| 26 | UA/22/29/24 | R5/DW4/BA/322/2007-08 | 114.57 | റെസിഡൻഷ്യൽ ഫ്ലാറ്റ് | 6499 | 1.10.2016 | 26.02.2019 |
| 27 | UA/22/29/12 | R5/DW4/BA/322/2007-08 | 152.65 | റെസിഡൻഷ്യൽ ഫ്ലാറ്റ് | 8657 | 1.10.2016 | 26.02.2019 |
| 28 | UA/22/29/1 | R5/DW4/BA/322/2007-08 | 158 | റെസിഡൻഷ്യൽ ഫ്ലാറ്റ് | 8959 | 1.10.2016 | 26.02.2019 |

| | | | | | | | |
|---|---|---|---|---|---|---|---|
| 29 | UA/22/29/2 | R5/DW4 /BA/322 /2007-08 | 139.40 | റെസിഡൻഷ്യൽ ഫ്ലാറ്റ് | 7904 | 1.10.2016 | 26.02.2019 |
| 30 | UA/22/29/3 | R5/DW4 /BA/322 /2007-08 | 158 | റെസിഡൻഷ്യൽ ഫ്ലാറ്റ് | 8961 | 1.10.2014 | 26.02.2019 |
| 31 | UA/22/29/4 | R5/DW4 /BA/322 /2007-08 | 158 | റെസിഡൻഷ്യൽ ഫ്ലാറ്റ് | 8959 | 1.10.2014 | 26.02.2019 |
| 32 | UA/22/29/5 | R5/DW4 /BA/322 /2007-08 | 158 | റെസിഡൻഷ്യൽ ഫ്ലാറ്റ് | 8959 | 1.10.2014 | 26.02.2019 |
| 33 | UA/22/29/6 | R5/DW4 /BA/322 /2007-08 | 158 | റെസിഡൻഷ്യൽ ഫ്ലാറ്റ് | 8959 | 1.10.2014 | 26.02.2019 |
| 34 | UA/22/29/7 | R5/DW4 /BA/322 /2007-08 | 158 | റെസിഡൻഷ്യൽ ഫ്ലാറ്റ് | 8959 | 1.10.2014 | 26.02.2019 |
| 35 | UA/22/29/8 | R5/DW4 /BA/322 /2007-08 | 139.40 | റെസിഡൻഷ്യൽ ഫ്ലാറ്റ് | 7904 | 1.10.2014 | 26.02.2019 |
| 36 | UA/22/29/9 | R5/DW4 /BA/322 /2007-08 | 83.64 | റെസിഡൻഷ്യൽ ഫ്ലാറ്റ് | 4743 | 1.10.2014 | 26.02.2019 |
| 37 | UA/22/29/13 | R5/DW4 /BA/322 /2007-08 | 167.30 | റെസിഡൻഷ്യൽ ഫ്ലാറ്റ് | 9488 | 1.04.2015 | 26.02.2019 |
| 38 | UA/22/29/18 | R5/DW4 /BA/322 /2007-08 | 158 | റെസിഡൻഷ്യൽ ഫ്ലാറ്റ് | 8959 | 1.10.2016 | 26.02.2019 |
| 39 | UA/22/29/25 | R5/DW4 /BA/322 /2007-08 | 139.40 | റെസിഡൻഷ്യൽ ഫ്ലാറ്റ് | 7904 | 1.10.2016 | 26.02.2019 |
| 40 | UA/28/521 | DW3/BA /64/15-16 | 1760.05 | വാണിജ്യം | 112266 | 1.04.2017 | 30.08.2019 |

കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 242 അനുസരിച്ച് ഏതെങ്കിലും ആൾ കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർ നിർമ്മിക്കുകയോ ചെയ്താൽ അയാൾക്കെതിരെ സ്വീകരിക്കാവുന്ന നടപടിയ്ക്ക് ഹാനി കൂടാതെ , കെട്ടിടം പണി പൂർത്തിയാക്കുകയോ അത് ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ , ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം പൊളിച്ച് മാറ്റുന്നതുവരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തുനികുതിയായി നൽകുവാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം (92) അനുസരിച്ച് ഒരു കെട്ടിടം ക്രമവൽക്കരിക്കുന്നതിനുള്ള അധികാരം ചട്ടപ്രകാരമുള്ള മറ്റ് നടപടികൾ സ്വീകരിക്കുന്നതിനുള്ള ഉത്തരവാദിത്തത്തിൽ നിന്നും കെട്ടിട ഉടമയെ വിമുക്തനാക്കുന്നില്ല.

ക്രമവൽക്കരിച്ച് നൽകിയ മേൽ കെട്ടിടങ്ങളുടെ യു.എ ടാക്സ് ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായില്ല. അനധികൃതമായി കണക്കാക്കിയ കാലയളവിലെ നികുതി ഉറപ്പാക്കിയ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതും നികുതി ഈടാക്കാത്ത കെട്ടിടങ്ങളുടെ നികുതി ഈടാക്കി തനതു വരുമാനം നഷ്ടമായിട്ടില്ലായെന്ന് ഉറപ്പാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം: 141/21-22 തീയതി: 28.01.2023

## 1-70 കേരള മുനിസിപ്പാലിറ്റി ആക്ട് 242 പ്രകാരം ചുമത്തിയ നികുതി ഈടാക്കാതെ കെട്ടിടത്തിന് നമ്പർ അനുവദിച്ചു.

ഫയൽ നം R3/DW5/BR/37/21-22

കോർപ്പറേഷൻ 37-ാം ഡിവിഷനിൽ അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം വാസഗൃഹമായി രേഖപ്പെടുത്തിയിട്ടുള്ള 20/575 (New 37/1778) നമ്പർ കെട്ടിടം വാണിജ്യാവശ്യത്തിനായി ഉപയോഗപ്പെടുത്തുന്നതിനാൽ ഒക്യുപൻസി മാറ്റുന്നതിന് പ്ലാൻ സമർപ്പിക്കുവാൻ ആവശ്യപ്പെട്ട് നഗരസഭ DW5/R3/43118/20 തിയതി. 14.01.2021 നമ്പർ അറിയിപ്പ് കെട്ടിട ഉടമയ്ക്ക് നൽകിയിരുന്നു. അറിയിപ്പ് പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തതിനാൽ കെട്ടിടത്തിന് 1.01.2016 പ്രാബല്യത്തിൽ 37/1778UA നമ്പർ നൽകി 42695/-(37,125+1857(LC)+(3713)SC )രൂപ വാർഷിക വസ്തുനികുതിയായി നിശ്ചയിച്ച് യു.എ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു . 2016-17 മുതൽ 2020-21 വരെയുള്ള വസ്തുനികുതിയായി 2,13,475/- രൂപ അടവാക്കുവാൻ ആവശ്യപ്പെട്ട് 4.08.2021 ന് കത്ത് നൽകിയതായും കാണുന്നു.

കെട്ടിടം ക്രമവൽക്കരിക്കുന്നതിനുള്ള ഉടമയുടെ 21.10.2021 ലെ അപേക്ഷ പരിഗണിച്ച് കെട്ടിടം ക്രമവൽക്കരിച്ച് 28.06.2022 ന് ഒക്യുപൻസി അനുവദിച്ചു നൽകി. 11.10.2022 ന് റഗുലറൈസ് ചെയ്ത കെട്ടിടത്തിന് 1.10.2021 പ്രാബല്യത്തിൽ നികുതി നിർണ്ണയിച്ചു കെട്ടിടനമ്പർ നൽകി. കെട്ടിട വിവരം താഴെ ചേർക്കുന്നു.

| കെട്ടിട നമ്പർ | തരം | കെട്ടിട വിസ്തീർണ്ണം | വസ്തുനികുതി |
|---|---|---|---|
| 37/1778 | വാണിജ്യം | 94.64 | 12493+LC+SC |

| | | | |
|---|---|---|---|
| 37/1778/1 | ഗോഡൗൺ | 94.64 | 9085.44+LC+S |

യു.എ രജിസ്റ്ററിൽ നിന്നും യു.എ നമ്പർ നീക്കം ചെയ്തിട്ടുണ്ടെങ്കിലും യു.എ ടാക്സ് ഈടാക്കിയതിന്റെ വിവരം ഫയലിൽ ഇല്ല. കെട്ടിടം അധികൃതമാക്കി നമ്പർ അനുവദിച്ചപ്പോൾ അനധികൃതമായി കണക്കാക്കിയ കാലയളവിലെ നികുതി ഉറപ്പാക്കിയില്ല.

കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 242 അനുസരിച്ച് ഏതെങ്കിലും ആൾ കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർ നിർമ്മിക്കുകയോ ചെയ്താൽ അയാൾക്കെതിരെ സ്വീകരിക്കാവുന്ന നടപടിയ്ക്ക് ഹാനി കൂടാതെ , കെട്ടിടം പണി പൂർത്തിയാക്കുകയോ അത് ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ , ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം പൊളിച്ചു മാറ്റുന്നതുവരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തുനികുതിയായി നൽകുവാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം (92) അനുസരിച്ച് ഒരു കെട്ടിടം ക്രമവൽക്കരിക്കുന്നതിന് അധികാരം ചട്ടപ്രകാരമുള്ള മറ്റ് നടപടികൾ സ്വീകരിക്കുന്നതിനുള്ള ഉത്തരവാദിത്തത്തിൽ നിന്നും കെട്ടിട ഉടമയെ വിമുക്തനാക്കുന്നില്ലായെന്നിരിക്കെ നികുതി ഉറപ്പാക്കാതെ കെട്ടിടം ക്രമവൽക്കരിച്ച് നമ്പർ അനുവദിച്ചു നൽകുകയാണുണ്ടായിട്ടുള്ളത്. 2016-17 മുതൽ 2021-22 ഒന്നാം അർദ്ധ വർഷം വരെ കേരള മുനിസിപ്പാലിറ്റി ആക്ട് 242 പ്രകാരം ഈടാക്കേണ്ട 234822.50/- രൂപ നഗരസഭ നഷ്ടമാക്കി.

കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 242 പ്രകാരമുള്ള നടപടി ക്രമീകരിച്ച് തുടർ നടപടി സ്വീകരിക്കാമെന്നിരിക്കെ ആയത് പാലിക്കാതെ നമ്പർ അനുവദിച്ചത് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടായിട്ടുള്ള നിയമപരമായ വീഴ്ചയാണ്. കെട്ടിട ഉടമയിൽ നിന്നും നഷ്ടതുക ഈടാക്കി തനതു വരുമാനമാക്കേണ്ടതാണ്. അല്ലാത്തപക്ഷം കോർപ്പറേഷനുണ്ടായിട്ടുള്ള റവന്യൂ നഷ്ടം, നികുതി വരുമാനം ഉറപ്പാക്കാതെ കെട്ടിട നമ്പർ അനുവദിച്ച ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കുന്നതാണ്.

ഓഡിറ്റ് അന്വേഷണം നം: 135/21-22 തീയതി: 25.01.2023

## 1-71 അനുമതിയില്ലാതെ കെട്ടിടനിർമ്മാണം പൂർത്തിയാക്കിയത് -തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

BA-370/18-19

വികാർ മാർ അദ്ദായ് ശ്ലീഹാ ചർച്ച് 29.11.18 ൽ ഒല്ലൂക്കര വില്ലേജ് സർവേ നമ്പർ 665/1 ൽ ഉൾപ്പെട്ട 2611 എം 2 സ്ഥലത്ത് 20.21 എം2 വിസ്തൃതിയുള്ള കപ്പേള പണിയുന്നതിനായി അപേക്ഷ സമർപ്പിച്ചു. കരട് മാസ്റ്റർ പ്ലാൻ പ്രകാരം ഫ്രണ്ട് സൈഡ് റോഡ് വൈഡനിംഗും സൈഡ്റോഡ് വൈഡനിംഗും ഉള്ളതാണ് പ്ലോട്ട്. സൈഡ് റോഡ് വൈഡനിംഗ് വരുമ്പോൾ കപ്പേളയ്ക്ക് ആവശ്യമായ സ്ഥലവും സെറ്റ്ബാക്കും ലഭ്യമാകില്ല എന്നതിനാൽ പ്ലാൻ അംഗീകരിക്കുവാൻ സാധിക്കുകയില്ല എന്ന ഓവർസിയറുടെ 28.2.2.2 ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അറിയിപ്പ് നൽകിയിട്ടുള്ളതായിരുന്നു. ഫയൽ പരിശോധിച്ചതിൽ ടി സ്ഥലത്ത് നിർമ്മാണം പൂർത്തിയായതായി കാണുന്നു. അംഗീകൃത മാസ്റ്റർ പ്ലാൻ പ്രകാരം തൃശ്ശൂർ പാലക്കാട് റോഡിന് 25 M വൈഡനിംഗ് പ്രൊപ്പോസൽ ഉള്ളതാണ്. സർവേ നമ്പർ 665 ൽ കൂടി 18 M വൈഡനിംഗ് റിംഗ് റോഡ് പ്രൊപ്പോസൽ പോകുന്നതായി കാണുന്നതിനാൽ ഈ സ്ഥലത്ത് നിർമ്മാണം അനുവദനീയമല്ല.1999 ലെ കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണചട്ടങ്ങൾ 26, കേരളാ മുനിസിപ്പാലിറ്റി ആക്ട് 383എ എന്നിവ അനുസരിച്ച് ദേശീയ ഹൈവേകളോട്ടും സംസ്ഥാനഹൈവേകളോട്ടും അല്ലെങ്കിൽ മുനിസിപ്പാലിറ്റി വിജ്ഞാപനം ചെയ്തിട്ടുള്ള മറ്റു റോഡുകളോട്ടും മറ്റും ചേർന്നുള്ള പ്ലോട്ടതിരിന്റെ 3 മീറ്ററിനുള്ളിൽ ഒരാളും ചുറ്റമതിലൊഴികെയുള്ള യാതൊരു കെട്ടിടവും നിർമ്മിക്കുവാൻ പാടുള്ളതല്ല. 1994 ലെ കേരളാ മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 242 അനുസരിച്ച് ഏതെങ്കിലും ഒരാൾ കെട്ടിടം അനധികൃതമായി നിർമ്മിക്കുകയോ പുനർ നിർമ്മിക്കുകയോ ചെയ്താൽ അയാൾക്കെതിരെ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിക്ക് ഹാനി കൂടാതെ പണി പൂർത്തീകരിക്കുകയോ അതിൽ താമസിക്കുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ നിർമ്മാണങ്ങൾ പൊളിച്ചുകളയുകയോ ചെയ്യുന്നത് വരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതാണെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തു നികുതിയും അതിന്റെ രണ്ടിരട്ടിയും ചേർന്നുള്ള തുക നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തുനികുതിയായി നൽകുവാൻ അയാൾ ബാധ്യസ്ഥനായിരിക്കുന്നതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 10/16.11.22 ന് അനധികൃതനിർമ്മാണം നടത്തിയതിനെതിരെ നടപടി സ്വീകരിക്കുന്നതാണെന്നും യു.എ നികുതി ഈടാക്കുന്നതിനായി റവന്യൂ വിഭാഗത്തിന് നിർദ്ദേശം നൽകിയതായും അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട്. തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

## 1-72 ഗാർഹിക ഉപയോഗത്തിലുള്ള കെട്ടിടം വാണിജ്യവിഭാഗത്തിലേക്ക് ഗണം മാറ്റി നൽകിയതിലെ അപാകതകൾ

ചെമ്പുക്കാവ് വില്ലേജിൽ സർവ്വേ നം. 446/PT3 യിൽ ഉൾപ്പെടുന്ന 385m2 സ്ഥലത്ത് തമ്പി.കെ.പി, പി.സി.വിൽസൻ എന്നിവരുടെ ഉടമസ്ഥതയിലുള്ള കെട്ടിട നമ്പർ 12/887, 888, 889, 890 (പഴയ നം. 26/386-3, 386-4, 386-5, 386-6) ഗാർഹിക ഗണത്തിൽ നിന്നും വാണിജ്യവിഭാഗത്തിലേക്ക് മാറ്റുന്നതിനും അധികമായി നിർമ്മിച്ച വിസ്തീർണ്ണം ക്രമവൽക്കരിക്കുന്നതിനുമായി 04.06.2021 ന് അപേക്ഷ നൽകിയിരുന്നു. 05.08.2011 ന് നൽകിയ ഒക്യുപെൻസി സർട്ടിഫിക്കറ്റ് പ്രകാരം 577.65ച.മീ റസിഡൻഷ്യൽ കെട്ടിടം എന്ന് രേഖപ്പെടുത്തി നൽകിയിട്ടുണ്ട്. 14.07.2021 ന് 616.18ച.മീ കെട്ടിടം റഗുലറൈസ് ചെയ്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഉത്തരവ് പുറപ്പെടുവിച്ച് സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തിട്ടുണ്ട്. ഫയൽ പരിശോധിച്ചതിലും തുടർന്ന് തൃശ്ശൂർ നഗരസഭ എഞ്ചിനീയറിംഗ് വിഭാഗം സ്റ്റാഫുമായി 17.01.2023 ന് ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിലും കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1) 2019ലെ കേരള മുനിസിപ്പൽ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 29 പ്രകാരം 7 കാറുകൾ പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യം ആവശ്യമാണ്. സമർപ്പിച്ച പ്ലാൻ പ്രകാരം മെക്കാനിക്കൽ പാർക്കിങ്ങ് സഹിതം 7 എണ്ണം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും 4 കാറുകൾ പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യം മാത്രമാണ് ലഭ്യമാകുന്നത്. ഓരോ പാർക്കിങ്ങും മാർക്ക് ചെയ്തിട്ടുമില്ല. {ചട്ടം 29(8) പ്രകാരം 50% ഓപ്പൺ യാഡ് മാത്രമേ പാർക്കിങ്ങിനായി ഉപയോഗിക്കാവൂ.}

2) മെക്കാനിക്കൽ പാർക്കിങ്ങ് സൗകര്യം ഏർപ്പെടുത്തിയിട്ടില്ല. മെക്കാനിക്കൽ പാർക്കിങ്ങിനായി പ്ലാനിൽ കാണിച്ചിട്ടുള്ള സ്ഥലത്ത് ജനറേറ്റർ റൂം എക്സ്റ്റൻഷൻ എടുത്ത് അടച്ചിരിക്കുകയാണ്. {ചട്ടം 29(11) പ്രകാരം മെക്കാനിക്കൽ പാർക്കിങ്ങ് അതിർത്തിയിൽ നിന്നും ഒരു മീറ്റർ അകലം വേണ്ടതാണ്.}

3) ടൂ വീലർ പാർക്കിങ്ങിന് 1.55 മീറ്റർ വീതിയുള്ള 17ച.മീ സ്ഥലമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിൽ 1.2മീറ്റർ ഡ്രൈവ് വേ കഴിച്ചാൽ ആവശ്യമായ ടൂവീലർ പാർക്കിങ്ങിനുള്ള സ്ഥലം ലഭ്യമാകുന്നില്ല.

2019 കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 21 പ്രകാരമുള്ള പോസ്റ്റ് ഓഡിറ്റ് നടത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

4) സ്ഥാപന ഉടമ ബഹു. ഹൈക്കോടതി മുമ്പാകെ സമർപ്പിച്ച WP(C) No.5000/2014 കേസിന്റെ 03.03.2014 ന് പുറപ്പെടുവിച്ച വിധി പ്രകാരം അനധികൃത നിർമ്മാണം നടത്തിയത് പൊളിച്ച് മാറ്റുന്നതിന് കോർപ്പറേഷൻ നോട്ടീസ് നൽകിയത് പ്രകാരമുള്ള നടപടികൾ രണ്ടാഴ്ചത്തേക്ക് തടഞ്ഞിട്ടുണ്ട്.

WP(C) No.26025/2014(C) പെറ്റീഷന്റെ 09.04.2021 ന് ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച വിധിയിൽ അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിനായി അപേക്ഷ നിയമപ്രകാരമുള്ള നടപടികളിലൂടെ ഒരു മാസത്തിനകം കോർപ്പറേഷൻ സെക്രട്ടറി തീർപ്പാക്കേണ്ടതാണെന്ന് പറഞ്ഞിട്ടുണ്ട്.

നിലവിൽ ലഭ്യമാക്കിയ ഫയലിൽ പെർമിറ്റ് ഫീസിനോടൊപ്പം ക്രമവൽക്കരണത്തിനായി പെർമിറ്റ് ഫീസിന്റെ രണ്ടിരട്ടി തുക മാത്രമാണ് ഈടാക്കിയിട്ടുള്ളത് (617ച.മീ X15x3=27,915/-). ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന വിവരങ്ങൾ ലഭ്യമാക്കിയില്ല.

I) 2014 മുതൽക്കുള്ള കാലയളവിൽ ഈ കെട്ടിടത്തെ അനധികൃത നിർമ്മാണത്തിൽ ഉൾപ്പെടുത്തി ടി രജിസ്റ്ററിൽ ചേർത്തിരുന്നതിന്റെ വിവരം

Ii) ഈ കാലയളവിൽ കെട്ടിടം അനധികൃതമായി ഉപയോഗിച്ചതിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതിയോ മറ്റ് ഫീസുകളോ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം.

Iii) അനധികൃത നിർമ്മാണം കണ്ടെത്തി പൊളിക്കാൻ നോട്ടീസ് കൊടുത്തത് മുതൽക്കുള്ള വിവരങ്ങൾ അടങ്ങിയ ഫയൽ (DW4/BA/52/2009-10) പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

സ്ഥാപന ഉടമയായ ശ്രീ.തമ്പി.കെ.പി 06.09.21ന് സമർപ്പിച്ച അപേക്ഷയിൽ കെട്ടിട നമ്പർ 26/386-3,4,5,6 പ്രകാരം 2013 വർഷം മുതൽ ലൈസൻസ് എടുത്ത് സ്ഥാപനം പ്രവർത്തിച്ച് വരുന്നതായും ടി കെട്ടിടത്തിന്റെ 26/386-3 നമ്പർ ഒഴികെ റെസിഡൻഷ്യൽ ഒക്യുപെൻസി പെർമിറ്റ് ഫയൽ പ്രകാരം 14.07.2021 ന് വാണിജ്യവിഭാഗത്തിലേക്ക് ഗണം മാറ്റി നൽകിയിട്ടുള്ളതാണ്.അനധികൃത നിർമ്മാണം ക്രമവൽക്കരിച്ച നൽകിയതുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 128/21-22, തീ.24.01.2023)

## 1-73 ക്രമവൽക്കരിക്കാത്ത കെട്ടിടങ്ങൾ- തുടർ നടപടിയായില്ല.

2021-22 സാമ്പത്തിക വർഷം തൃശ്ശൂർ നഗരസഭയിൽ ക്രമവൽക്കരിക്കുന്നതിന് അപേക്ഷ സമർപ്പിച്ച കെട്ടിടങ്ങൾ നാളിതുവരെ ക്രമവൽക്കരിക്കപ്പെട്ടതായി കാണുന്നില്ല. ബിൽഡിംഗ് റഗുലറൈസേഷൻ രജിസ്റ്റർ പരിശോധിച്ചതിൽ ക്രമവൽക്കരിക്കുന്നതിന് അപേക്ഷ സമർപ്പിച്ച താഴെപ്പറയുന്ന കെട്ടിടങ്ങൾ നാളിതുവരെ ക്രമവൽക്കരിക്കപ്പെട്ടതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

ഒല്ലൂർ മേഖലാകാര്യാലയം

| ക്രമ നമ്പർ | ഫയൽ നമ്പർ | അപേക്ഷ സമർപ്പിച്ച തിയതി |
|---|---|---|
| 1 | OLR/BR/BA/37/21-22 | 12.07.2021 |
| 2 | OLR/BR/BA/44/21-22 | 6.08.2021 |
| 3 | OLR/BR/BA/94/21-22 | 12.01.2022 |
| 4 | OLR/BR/BA/103/21-22 | 28.01.2022 |
| 5 | OLR/BR/BA/08/21-22 | 16.04.2021 |
| 6 | OLR/BR/BA/23/21-22 | 2.07.2021 |
| 7 | OLR/BR/BA/25/21-22 | 9.07.2021 |
| 8 | OLR/BR/BA/26/21-22 | 9.07.2021 |
| 9 | OLR/BR/BA/32/21-22 | 9.07.2021 |
| 10 | OLR/BR/BA/52/21-22 | 18.08.2021 |
| 11 | OLR/BR/BA/58/21-22 | 8.09.2021 |
| 12 | OLR/BR/BA/60/21-22 | 29.09.2021 |
| 13 | OLR/BR/BA/75/21-22 | 19.11.2021 |
| 14 | OLR/BR/BA/118/21-22 | 29.09.2021 |
| 15 | OLR/BR/BA/14/21-22 | 29.04.2021 |
| 16 | OLR/BR/BA/16/21-22 | 30.06.2021 |

കുർക്കഞ്ചേരി മേഖലാകാര്യാലയം

| ക്രമ നമ്പർ | ഫയൽ നമ്പർ | അപേക്ഷ സമർപ്പിച്ച തിയതി |
|---|---|---|
| 1 | REG/KKY/BA/67/21-22 | 10.01.2022 |
| 2 | REG/KKY/BA/83/21-22 | 24.02.2022 |
| 3 | REG/KKY/BA/79/21-22 | 14.02.2022 |

| | | |
|---|---|---|
| 4 | REG/KKY/BA/48/21-22 | 2.11.2021 |
| 5 | REG/KKY/BA/29/21-22 | 12.10.2021 |
| 6 | REG/KKY/BA/21/21-22 | 23.04.2021 |
| 7 | REG/KKY/BA/81/21-22 | 22.02.2022 |
| 8 | REG/KKY/BA/80/21-22 | 21.02.2022 |
| 9 | REG/KKY/BA/76/21-22 | 2.02.2022 |
| 10 | REG/KKY/BA/75/21-22 | 31.01.2022 |
| 11 | REG/KKY/BA/51/21-22 | 29.11.2021 |
| 12 | REG/KKY/BA/34/21-22 | 28.10.2021 |
| 13 | REG/KKY/BA/7/21-22 | 2.07.2021 |

ക്രമവൽക്കരണത്തിന് ലഭിക്കുന്ന അപേക്ഷകളുടെ സമർപ്പണവും തീർപ്പാക്കൽ നടപടിക്രമവും 2019 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 93 പ്രകാരം ആയിരിക്കേണ്ടതാണ്. എന്നാൽ ക്രമവൽക്കരിക്കാൻ സാധിക്കാത്ത കെട്ടിടങ്ങൾക്ക് 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 242 അനുസരിച്ച് നികുതി ചുമത്തേണ്ടതും 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 242 (3 )അനുസരിച്ച് പ്രത്യേക നമ്പർ നൽകി 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ) ചട്ടങ്ങൾ ചട്ടം 20 അനുസരിച്ച് ഫാറം 10 ലുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

ക്രമനമ്പർ 2,3,5,9,10,12 എന്നീ ഫയലുകളിലെ കെട്ടിടങ്ങൾക്ക് യു.എ നമ്പർ നൽകി നികുതി നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതാണെന്ന് ഓഡിറ്റ് അന്വേഷണം 1/21-22 തി.15.11.2022 ന് കൂർക്കഞ്ചേരി മേഖലാകാര്യാലയത്തിൽ നിന്നും മറുപടി നൽകിയിട്ടുണ്ട്.നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതും 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 242(3) അനുസരിച്ച് പ്രത്യേക നമ്പർ നൽകിയിരിക്കുന്നതും 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ) ചട്ടങ്ങൾ ചട്ടം 20 അനുസരിച്ച് ഫാറം 10 ലുള്ള രേഖപ്പെടുത്തിയ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

നടപടി സ്വീകരിക്കാത്ത കെട്ടിടങ്ങളിന്മേൽ നിയമാനുസൃത നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-74 അനധികൃതമായി കണ്ടെത്തിയ കെട്ടിടത്തിന് പ്രത്യേക നമ്പർ നൽകിയില്ല

ഫയൽ നമ്പർ OLR/BR/75/21-22

തൃശ്ശൂർ കോർപ്പറേഷൻ ഒല്ലൂർ മേഖലാകാര്യാലയം 27-ാം ഡിവിഷനിൽ ഒല്ലൂർ വില്ലേജ് 201/19 സർവ്വെ നമ്പറിൽ ഉള്ള വാണിജ്യ കെട്ടിടം ക്രമവൽക്കരിക്കുന്നതിന് കെട്ടിട ഉടമയായ ശ്രീ.ജോജു ജോർജ്ജ് സമർപ്പിച്ച 19.11.2021 ലെ അപേക്ഷ പരിശോധിച്ച് , കെട്ടിടം 2019 KMBR നും പ്ലാനിനും വിധേയമല്ലാത്തതിനാൽ 6.04.2022 ന് കോർപ്പറേഷനിൽ നിന്നും കെട്ടിടഉടമയ്ക്ക് അറിയിപ്പ് നൽകിയിരുന്നു. ഒക്യുപൻസി അനുവദിച്ച് നൽകിയിട്ടുള്ള 1150.73 M2 കൊമേഴ്സ്യൽ കെട്ടിടത്തിൽ അനധികൃതമായി 453.95 M2 നിർമ്മാണം നടത്തിയിട്ടുണ്ടെന്നും ഒക്യുപൻസിയ്ക്ക് വ്യത്യസ്തമായി 3rd ഫ്ലോർ നിർമ്മിച്ചിട്ടുണ്ടെന്നും 21.03.2022 ൽ ഓവർസീയർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

അപാകതകൾ

1. 19.11.2021 ൽ ലഭിച്ച അപേക്ഷ പരിശോധിച്ചിട്ടുള്ളത് 2.03.2022 നാണ്.

2. 6.04.2022 ലെ അറിയിപ്പ് ലഭിച്ചിട്ടും അപാകത പരിഹരിച്ച് സമർപ്പിക്കാത്ത ഈ അപേക്ഷയിൽ തുടർ നടപടികളൊന്നും കോർപ്പറേഷൻ കാര്യാലയത്തിൽ നിന്നും ഉണ്ടായിട്ടില്ല.

3. 21.11.2022 ന് കോർപ്പറേഷൻ ജീവനക്കാരുമായി ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ ക്രമവൽക്കരിക്കാത്ത കെട്ടിടത്തിലും സ്ഥാപനം പ്രവർത്തിച്ച് വരുന്നതായി കാണപ്പെട്ടു.

2019 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 12പ്രകാരം കെട്ടിട നിർമ്മാണത്തിന്

ലഭിക്കുന്ന അപേക്ഷ സ്വീകരിച്ച തിയതി മുതൽ 15 ദിവസത്തിനുള്ളിൽ രേഖാമൂലം പെർമിറ്റ് അംഗീകരിക്കുകയോ നിരസിക്കുകയോ ചെയ്ത വിവരം അപേക്ഷകനെ അറിയിക്കേണ്ടതാണ്. എന്നാൽ 19.11.2021 ന് ലഭിച്ച അപേക്ഷയിൽ കക്ഷിയ്ക്ക് അറിയിപ്പ് നൽകിയിരിക്കുന്നത് 6.04.2022 നാണ്. അറിയിപ്പ് നൽകിയിട്ടും അപാകത പരിഹരിക്കാത്ത ഈ കെട്ടിടത്തെ അനധികൃത നിർമ്മാണമായി കണക്കാക്കി 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 242 (3 )അനുസരിച്ച് പ്രത്യേക നമ്പർ നൽകി സെക്ഷൻ 242 അനുസരിച്ച് വസ്തുനികുതി ചുമത്തുന്നതിന് നടപടി സ്വീകരിച്ചില്ല. . കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 242(5) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾ എന്തെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുന്നതിന് മുനിസിപ്പാലിറ്റി പ്രവർത്തനാനുമതിയോ ലൈസൻസോ നൽകാൻ പാടില്ലാത്തതാണ്. ക്രമവൽക്കരിക്കാത്ത ടി കെട്ടിടത്തിന് 2022-23 സാമ്പത്തിക വർഷം ലൈസൻസ് നൽകിയിട്ടുള്ളതും ടി കെട്ടിടത്തിൽ സ്ഥാപനം പ്രവർത്തിച്ച് വരുന്നതുമാണ്. ഈ വിഷയത്തിൽ നിയമാനുസൃത നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നമ്പർ :16/21-22 തി.21.11.2022

(ഒല്ലൂർ മേഖലാകാര്യാലയം )

## 1-75 അറിയിപ്പ് നൽകിയിട്ടും അപാകത പരിഹരിക്കാത്ത കെട്ടിടത്തിന്മേൽ നഗരസഭ തുടർ നടപടി സ്വീകരിച്ചില്ല

ഫയൽ നമ്പർ OLR/BR/44/21-22

തൃശ്ശൂർ കോർപ്പറേഷൻ ഒല്ലൂർ മേഖലാകാര്യാലയം 25-ാം ഡിവിഷനിൽ ഒല്ലൂർ വില്ലേജ് 54/2 സർവ്വെ നമ്പറിലുള്ള പള്ളി കെട്ടിടം ക്രമവൽക്കരിക്കുന്നതിന് 6.08.2021 ന് അപേക്ഷ സമർപ്പിച്ചു. സമർപ്പിച്ച പ്ലാൻ പ്രകാരമുള്ള കെട്ടിട വിവരം താഴെ ചേർക്കുന്നു.

| Floor Details | Built Up Area M2 |
|---|---|
| Completed GF | 250.74 |
| Existing Church | 417.73 |
| Existing Presbytery | 241.8 |
| Existing Catechism Hall | 292 |
| Toilet | 7.35 |
| Total Area | 1209.62 |

പ്ലാനിലെ അപാകത അറിയിച്ച് 18.08.2021 ന് അറിയിപ്പ് നൽകുകയും പുന:സമർപ്പിച്ച പ്ലാനിലും അപാകത പരിഹരിക്കാത്തതിനാൽ 29.03.2022 ന് വീണ്ടും അറിയിപ്പ് നൽകുകയുണ്ടായെങ്കിലും തുടർനടപടിയുണ്ടായിട്ടില്ല.

താഴെപ്പറയുന്ന അപാകതകളോടെ കെട്ടിടം ക്രമവൽക്കരിക്കാതെ നിലനിൽക്കുന്നു.

1. മാസ്റ്റർ പ്ലാനിലെ റസിഡൻഷ്യൽ സോണിലെ പള്ളി നിർമ്മാണത്തിന് ജില്ലാ ടൗൺ പ്ലാനറിൽ നിന്നും അനുമതി ആവശ്യമാണ്. ആയത് ഉറപ്പാക്കാതെ നിർമ്മാണം നടത്തി.

2. മാസ്റ്റർ പ്ലാൻ പ്രകാരമുള്ള Road Widening സൈറ്റ് പ്ലാനിൽ രേഖപ്പെടുത്തിയിട്ടില്ല. കെട്ടിടത്തിന്റെ Extension ഭാഗത്ത് Road Widening ന് സ്ഥലം ലഭിക്കുന്നുണ്ടെങ്കിലും ആയതിനുള്ള സ്ഥലം ഒഴിവാക്കിയാൽ KMBR 23(2) പ്രകാരം 3m സെറ്റ് ബാക്ക് ലഭ്യമല്ലാതാകും.

3. KMBR റൂൾ 5(4)5 പ്രകാരം ജില്ലാ കളക്ടറുടെ NOC ആവശ്യമാണ്. എന്നാൽ NOC വാങ്ങിയില്ല.

4. KMBR റൂൾറൂൾ 5(4)12 പ്രകാരം ഫയർ ആന്റ് റസ്ക്യൂ ഡിപ്പാർട്ട്മെന്റിൽ നിന്നും ഫയർ കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.ആയത് ഹാജരാക്കിയിട്ടില്ല.

5. KMBR റൂൾ 34(3) പ്രകാരം സാനിറ്റേഷൻ സൗകര്യം വ്യവസ്ഥ ചെയ്തില്ല.

6. 2 വീലർ പാർക്കിംഗ് രേഖപ്പെടുത്തിയതിൽ അപാകതയുണ്ട്.

7. ഫ്ലോർ ഏരിയ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.

8. Catechism കെട്ടിടത്തിനടുത്ത് ടോയ്‌ലറ്റ് ബ്ലോക്ക് ഇല്ലെങ്കിലും പ്ലാനിൽ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.

12.08.2021 ന് മേയറുടെ സാന്നിദ്ധ്യത്തിൽ നടന്ന അദാലത്തിൽ റോഡ് വികസന പ്രൊപ്പോസൽ ആയി സ്ഥലം ഫ്രീ സറണ്ടർ ചെയ്യാൻ തയ്യാറാകുന്ന പക്ഷം ഫയർ NOC, ജില്ലാ കളക്ടറിൽ നിന്നുള്ള NOC,DTP Concurrence എന്നിവ ഹാജരാകുന്ന പക്ഷം അപേക്ഷ പരിഗണിക്കാവുന്നതാണെന്ന് ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നു.

10.08.2021 ലെ ഓവർസീയറുടെ റിപ്പോർട്ട് പ്രകാരം പ്ലാനിൽ പള്ളി കെട്ടിടത്തിനു പുറമെ Presbytery,catechism Building എന്നീ രണ്ട് കെട്ടിടങ്ങൾ ഉള്ളതായും ടി കെട്ടിടങ്ങൾക്ക് നമ്പർ ഇല്ലാത്തതായും പറയുന്നു. എക്സ്റ്റൻഷനോടൊപ്പം മേൽ രണ്ട് നിർമ്മാണങ്ങളും ക്രമവൽക്കരിക്കേണ്ടതാണെന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നു.

21.11.2022 ന് ഓഡിറ്റ് ടീം നടത്തിയ സ്ഥല പരിശോധനയിൽ നിർമ്മാണം പ്ലാനിൽ നിന്നും വ്യത്യസ്തമായി കാണുന്നു. സെറ്റ് ബാക്ക് ഇല്ലാതെയും മതിലിനോട് ചേർന്ന് അധികമായി നിർമ്മാണങ്ങൾ നടത്തിയതായും പരിശോധനയിൽ കാണുകയുണ്ടായി.

25/912 നമ്പർ നൽകിയിട്ടുള്ള പള്ളികെട്ടിടത്തിന്റെ AR വിവരം ലഭ്യമല്ലായെന്നാണ് റവന്യൂ വിഭാഗത്തിൽ നിന്നും അറിയിച്ചിരിക്കുന്നത്. വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി പഴയ കെട്ടിടങ്ങളുടെ വിവരം ശേഖരിച്ച് കെട്ടിടങ്ങളുടെ തരം , വിസ്തീർണ്ണം ഉൾപ്പെടെയുള്ള വിവരങ്ങൾ (AR Details) അസസ്സ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതും നികുതി പുന:നിർണ്ണയും നടത്തേണ്ടതുണ്ട്. എന്നാൽ ടി കെട്ടിടത്തിന്റെ കാര്യത്തിൽ ആയതും പാലിച്ചിട്ടില്ല.

അപാകതകൾ പരിഹരിക്കാത്ത ഈ കെട്ടിടത്തിന്മേൽ തുടർ നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയില്ല. നിയമാനുസൃത നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നമ്പർ :17/21-22 തി .21.11.2022

(ഒല്ലൂർ മേഖലാകാര്യാലയം )

## 1-76 അധിക നിർമ്മാണത്തിന്മേൽ നടപടിയായില്ല

ഫയൽ നമ്പർ OLR/BA/16/21-22

ഒല്ലൂർ മേഖലാകാര്യാലയം 26-ാം ഡിവിഷൻ ഒല്ലൂർ വില്ലേജ് 75/49സർവ്വെ നമ്പറിൽ ഉൾപ്പെട്ട 7.29 ആർ സ്ഥലത്ത് നിലവിലുള്ള വാസഗൃഹം (GF-122.96 + FF 86.60= 209.56m2) കൊമേഴ്സ്യൽ ഒക്യുപൻസിയിലേയ്ക്ക് മാറ്റുന്നതിന് കെട്ടിട ഉടമ 22.04.21 ന് അപേക്ഷ സമർപ്പിക്കുകയുണ്ടായി.

കാര്യാലയത്തിലെ അസസ്സ്മെന്റ് വിവരപ്രകാരം റസിഡൻഷ്യൽ ഒക്യുപൻസിയിലുള്ള 26/489 നമ്പർ നൽകിയിട്ടുള്ള ടി കെട്ടിടത്തിന് ഒരു നില മാത്രമാണ് ഉള്ളതാണ്. AR വിവരപ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം ലഭ്യമല്ല എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഓവർസീയറുടെ 18.06.21 ലെ സ്ഥലപരിശോധനാ റിപ്പോർട്ടിൽ നിലവിൽ കെട്ടിടം 2 നിലയുള്ളതായും മുകളിലത്തെ നില അനധികൃതമായി നിർമ്മിച്ചതായും രേഖപ്പെടുത്തിയിരിക്കുന്നു. 2019 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം കൊമേഴ്സ്യൽ ഒക്യുപൻസിയ്ക്ക് വേണ്ട വ്യവസ്ഥ പാലിക്കാത്തതിനാൽ അപാകതകൾ പരിഹരിക്കുവാൻ 9.07.2021 ന് ഉടമയ്ക്ക് നോട്ടീസ് നൽകുകയുണ്ടായിട്ടുണ്ട്. എന്നാൽ നാളിതുവരെ കെട്ടിട ഉടമ അപാകത പരിഹരിച്ച് അപേക്ഷ സമർപ്പിച്ചിട്ടില്ല. ടി കാര്യാലയത്തിൽ നിന്നും മേൽ ഫയലിൽ തുടർനടപടികൾ സ്വീകരിച്ചതായും കാണുന്നില്ല.

അപാകതകൾ

1. 9.07.2021 ന ശേഷം ഫയലിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

2. അധികമായി കണ്ടെത്തിയ ഈ കെട്ടിടം റെഗുലറൈസ് ചെയ്യപ്പെടുകയോ, കൊമേഴ്സ്യൽ ഒക്യുപൻസിയായി റഗുലറൈസ് ചെയ്യാൻ സാധിക്കാത്തതാണെങ്കിൽ റസിഡൻഷ്യൽ ഒക്യുപൻസിയായി ക്രമവൽക്കരിക്കുകയോ, അല്ലെങ്കിൽ അനധികൃത നിർമ്മാണമാണെങ്കിൽ 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 242 അനുസരിച്ച് നടപടി സ്വീകരിക്കുകയോ ഉണ്ടായിട്ടില്ല.

3.അസസ്സ്മെന്റ് രജിസ്റ്ററിൽ നിന്നും ടി കെട്ടിടത്തിന്റെ കെട്ടിടവിസ്തീർണ്ണം അറിയാൻ സാധിക്കുന്നില്ല. കേരളത്തിലെ നഗരസഭകളിലെ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി പ്ലിന്ത് ഏരിയ അടിസ്ഥാനത്തിൽ പരിഷ്കരിക്കുന്നതിനായി 01.04.2013 പ്രാബല്യത്തിൽ സർക്കാർ ഉത്തരവ് (അ) നം. 100/2013/ത.സ്വ.ഭ.വ. തീയതി: 15.03.2013 പ്രകാരം ഉത്തരവായിരുന്നു. ആയത് പ്രകാരം പഴയ കെട്ടിടങ്ങളുടെ വിവരം ശേഖരിച്ച് കെട്ടിടങ്ങളുടെ തരം , വിസ്തീർണ്ണം ഉൾപ്പെടെയുള്ള വിവരങ്ങൾ (AR Details) അസസ്സ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതും നികുതി പുന:നിർണ്ണയും നടത്തേണ്ടതുമാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയില്ല. കെട്ടിടം റഗുലറൈസ് ചെയ്യുവാൻ നടപടി സ്വീകരിക്കേണ്ടതും അല്ലാത്ത പക്ഷം 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 242 അനുസരിച്ച് നടപടി സ്വീകരിക്കേണ്ടതുമാണ്.

ഓഡിറ്റ് അന്വേഷണം നമ്പർ :11/21-22 തി .19.11.2022

## 1-77 ബിൽഡിംഗ് പെർമിറ്റ് അപേക്ഷ തീർപ്പാക്കൽ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

2019 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 12പ്രകാരം കെട്ടിട നിർമ്മാണത്തിന് ലഭിക്കുന്ന അപേക്ഷ സ്വീകരിച്ച തീയതി മുതൽ 15 ദിവസത്തിനുള്ളിൽ രേഖാമൂലം പെർമിറ്റ് അംഗീകരിക്കുകയോ നിരസിക്കുകയോ ചെയ്ത വിവരം അപേക്ഷകനെ അറിയിക്കേണ്ടതാണ്. കെട്ടിട നിർമ്മാണ അപേക്ഷകൾ സ്വീകരിക്കുന്നതിലും നടപടികൾ കൈകൊള്ളുന്നതിനും കൂടുതൽ വ്യക്തതയും സുതാര്യതയും ഉണ്ടാകുന്നതിനായി സർക്കാർ 24136/ആർ.എ1 /2007/ തസ്വഭവ തീയതി. 20.06.2007, 12900/ആർ.എ1/2015/തസ്വഭവ, തീയതി. 2.12.2015 നമ്പർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ മാർഗ്ഗനിർദ്ദേശമനുസരിച്ച് അപേക്ഷയിൽ നടപടി സ്വീകരിക്കുന്നതിന് കാലതാമസമുണ്ടെങ്കിൽ രജിസ്റ്ററിൽ കാരണം വ്യക്തമാക്കിയിരിക്കേണ്ടതാണ്.

കുർക്കഞ്ചേരി സോണൽ കാര്യാലയത്തിലെ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ ചില അപേക്ഷകളിൽ നടപടികൾ സ്വീകരിച്ചതായി രേഖപ്പെടുത്തി കാണുന്നില്ല. തുടർ നടപടി വിവരം ചേർക്കാത്ത അപേക്ഷകളുടെ വിവരങ്ങൾ ഉദാഹരണമായി ചേർക്കുന്നു.

| ക്രമ നമ്പർ | ഫയൽ നമ്പർ | അപേക്ഷ സമർപ്പിച്ച തീയതി |
|---|---|---|
| 1 | KKY/BA/232/21-22 | 31.01.2022 |
| 2 | KKY/BA/263/21-22 | 15.03.2022 |
| 3 | KKY/BA/1/21-22 | 9.04.2021 |
| 4 | KKY/BA/32/21-22 | 1.07.2021 |
| 5 | KKY/BA/131/21-22 | 9.11.2021 |
| 6 | KKY/BA/144/21-22 | 30.11.2021 |
| 7 | KKY/BA/152/21-22 | 18.12.2021 |
| 8 | KKY/BA/170/21-22 | 21.12.2021 |
| 9 | KKY/BA/190/21-22 | 10.01.2022 |
| 10 | KKY/BA/187/21-22 | 7.01.2022 |

ഒല്ലൂർ സോണൽ ഓഫീസിലെ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ നടപടികൾ സ്വീകരിച്ചതായി രേഖപ്പെടുത്താത്ത അപേക്ഷകളുടെ വിവരങ്ങൾ ഉദാഹരണമായി ചേർക്കുന്നു.

| ക്രമ നമ്പർ | ഫയൽ നമ്പർ | അപേക്ഷ സമർപ്പിച്ച തീയതി |
|---|---|---|
| 1 | OLR/BA/12/21-22 | 20.04.2021 |
| 2 | OLR/BA/13/21-22 | 20.04.2021 |
| 3 | OLR/BA/14/21-22 | 20.04.2021 |
| 4 | OLR/BA/16/21-22 | 28.04.2021 |
| 5 | OLR/BA/57/21-22 | 16.07.2021 |
| 6 | OLR/BA/86/21-22 | 8.09.2021 |
| 7 | OLR/BA/90/21-22 | 10.09.2021 |
| 8 | OLR/BA/91/21-22 | 11.09.2021 |
| 9 | OLR/BA/121/21-22 | 11.10.2021 |
| 10 | OLR/BA/127/21-22 | 12.10.2021 |
| 11 | OLR/BA/148/21-22 | 27.10.2021 |
| 12 | OLR/BA/168/21-22 | 12.11.2021 |
| 13 | OLR/BA/193/21-22 | 29.11.2021 |
| 14 | OLR/BA/196/21-22 | 1.12.2021 |
| 15 | OLR/BA/225/21-22 | 29.12.2021 |
| 16 | OLR/BA/278/21-22 | 16.02.2022 |

| | | |
|---|---|---|
| 17 | OLR/BA/282/21-22 | 17.02.2022 |
| 18 | OLR/BA/303/21-22 | 08.03.2022 |
| 19 | OLR/BA/319/21-22 | 17.03.2022 |

അപേക്ഷകൾ കാലതാമസം കൂടാതെ തീർപ്പാക്കേണ്ടതും രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-78 അനധികൃത മൊബൈൽ ടവറുകളെ കണ്ടെത്തി നടപടി സ്വീകരിക്കുന്നില്ല.

നഗരസഭയിലെ എല്ലാ മൊബൈൽ ടവറുകളേയും കണ്ടെത്തി വസ്തുനികുതി നിർണ്ണയിക്കുവാൻ നഗരസഭയ്ക്ക് ആയിട്ടില്ല. ഓഡിറ്റ് പരിശോധനയിൽ കണ്ട വിവരങ്ങൾ ചേർക്കുന്നു.

1.കുർക്കഞ്ചേരി സോണൽ ഓഫീസ് പരിധിയിൽ വിവിധ ഡിവിഷനുകളിലായി 9 മൊബൈൽ ടവറുകൾ മാത്രമാണ് വസ്തുനികുതി അടവാക്കുന്നത്. അനധികൃതമായി നിർമ്മിച്ച ടവറുകളൊന്നും നിലവിൽ കണ്ടെത്തിയിട്ടില്ലെന്നും വസ്തുനികുതി പരിഷ്ക്കരണവുമായി ബന്ധപ്പെട്ട് സർവ്വെ നടന്നു വരുന്നുവെന്നും അനധികൃത ടവറുകൾ കണ്ടെത്തുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണെന്നുമാണ് ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയത്.

മേഖലാകാര്യാലയത്തിലെ KKY/Reg/21/21-22 ഫയൽ പരിശോധിച്ചതിൽ ശ്രീ. സിന്റോ , ഓവുങ്കൽ , വട്ടൂക്കര എന്നയാളുടെ ഉടമസ്ഥതയിലുള്ള കൊമേഴ്ഷ്യൽ കെട്ടിടത്തിനു മുകളിലും ഗ്രൗണ്ട് ഫ്ലോറിലും മൊബൈൽ ടവർ ഉള്ളതായി ഓവർസീയർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. എന്നാൽ അനധികൃതമായി കണ്ടെത്തിയ ടി ടവറുകളിന്മേൽ നിയമാനുസൃത നടപടി സ്വീകരിക്കുകയോ 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 242 പ്രകാരം യു.എ ടാക്സ് നിർണ്ണയിക്കുകയോ ഉണ്ടായിട്ടില്ല. നിയമാനുസൃത നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

2.ഒല്ലൂർ മേഖലാകാര്യാലയം ഓഫീസ് രേഖകൾ പ്രകാരം വിവിധ ഡിവിഷനുകളിലായി 4 മൊബൈൽ ടവറുകൾ മാത്രമാണ് വസ്തുനികുതി അടവാക്കുന്നത്. ഒല്ലൂർ മേഖലാകാര്യാലയം ഡിവിഷനിൽ താഴെപ്പറയും പ്രകാരം മൊബൈൽ ടവറുകൾ അനധികൃതമായി സ്ഥാപിച്ചിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ടെന്നും ടി ടവറുകൾക്ക് യു.എ നമ്പർ നൽകി നികുതി ചുമത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നതായും മറുപടി നൽകിയിരിക്കുന്നു.

| ഡിവിഷൻ നമ്പർ | ടവറുകളുടെ എണ്ണം |
|---|---|
| 25 | 5 |
| 26 | 4 |
| 27 | 2 |
| 29 | 4 |
| 30 | 1 |

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 242 പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 242(3) അനുസരിച്ച് പ്രത്യേക നമ്പർ നൽകിയിരിക്കുന്നതും 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ) ചട്ടങ്ങൾ ചട്ടം 20 അനുസരിച്ച് ഫാറം 10 ലുള്ള രേഖപ്പെടുത്തിയ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

3. കോർപ്പറേഷൻ മെയിൻ കാര്യാലയത്തിലെ ടവറുകളുടെ വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകുകയുണ്ടായില്ല. അനധികൃത മൊബൈൽ ടവറുകളെ കണ്ടെത്തി നിയമാനുസൃത നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

മൊബൈൽ ടവറുകളുടെ അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനായി സ്പെഷ്യൽ ഡ്രൈവ് നടത്തുവാൻ സർക്കുലർ നം. 40395/ആർ.സി.2/2014/തസ്വഭവ തിയതി.19.10.2014 പ്രകാരം നിർദ്ദേശിച്ചിരുന്നു. അനധികൃത ടവറുകളെ കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നതിന് മുൻവർഷങ്ങളിൽ ഓഡിറ്റ് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനും റഗുലേറ്ററി സംവിധാനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടി ടി വിഷയത്തിൽ ഉണ്ടാകുന്നില്ല. ടി വിഷയത്തിൽ കാര്യക്ഷമമായ സമീപനം ബന്ധപ്പെട്ട അധികാരികളിൽ നിന്നും ഉണ്ടാകേണ്ടതാണ്.

## 1-79 പൊസ്സഷൻ സർട്ടിഫിക്കറ്റ് പ്രകാരം നിലം എന്ന് രേഖപ്പെടുത്തിയ ഭൂമിയിൽ 120 എം2 നു മുകളിൽ കെട്ടിടനിർമ്മാണം നടത്തിയത് ക്രമവത്കരിച്ചിട്ടില്ല.

1. ഫയൽ നമ്പർ -OLK3/BR/61/21-22

ഒല്ലൂക്കര വില്ലേജ് സർവേ നമ്പർ 445/1 ൽ ഉൾപ്പെടുന്നതും 598 എം2 വിസ്തീർണ്ണം ഉള്ളതുമായ സ്ഥലത്ത് നിലവിലുള്ള ബിൽഡിംഗിന്റെ ഫസ്റ്റ് ഫ്ളോർ റഗലറൈസേഷനായി ശ്രീ.സി.ഡി.ഡേവിസ്, ചിറയത്ത് ഹൗസ്, മണ്ണുത്തി എന്നവർ സമർപ്പിച്ച അപേക്ഷയിൽ കണ്ട അപാകത ചുവടെപ്പറയുന്നു.

നിലവിലെ കെട്ടിടത്തിന്റെ ഏരിയ - 98.45എം 2

ഫസ്റ്റ് ഫ്ളോർ - 93.96എം2

ആകെ-192.41എം2

പൊസ്സഷൻ സർട്ടിഫിക്കറ്റ് നമ്പർ 62679488/9.1.22 പ്രകാരം നിലമായതിനാൽ അവിടെ തണ്ണീർത്തടനിയമം സെക്ഷൻ 27(A) പ്രകാരം കെട്ടിടനിർമ്മാണം 120 എം2 വരെ മാത്രമേ നടത്താൻ പാട്ടുള്ളു.ഫയൽ പരിശോധിച്ചതിൽ നിന്നും ഭൂമിയുടെ തരം മാറ്റിയാൽ മാത്രമേ അപേക്ഷ പരിഗണിക്കുവാൻ സാധിക്കുകയുള്ളു എന്നറിയിച്ചുകൊണ്ട് 20.1.22, 8.3.22, 26.9.22 തീയതികളിൽ OLK3/178/22/BR/61/21-22 കത്തുകൾ നല്കിയതിന് തുടർ നടപടികൾ സ്വീകരിച്ച് ക്രമവത്കരണം നടത്തിയതിന്റെ രേഖകൾ ലഭ്യമായിരുന്നില്ല. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 14/17.11.22 നു നല്കിയ മറുപടിയിൽ ടി കെട്ടിടം ക്രമവത്കരിച്ച് നികുതി അടച്ചു വരുന്നതാണെന്ന് റവന്യൂ വിഭാഗം റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട്. രേഖകൾ ഹാജരാക്കാത്തതിനാൽ ഭൂമിയുടെ തരം മാറ്റിയതിനു ശേഷമാണോ ടി കെട്ടിടം ക്രമവത്കരിച്ചു നൽകിയതെന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

ആയതിനാൽ ഭൂമിയുടെ തരം മാറ്റിയ രേഖകൾ ഹാജരാക്കേണ്ടതാണ്.

2.OLK3/295/22 BR/66/21-22

ഒല്ലൂക്കര വില്ലേജിൽ സർവ്വേ നമ്പർ 568/2 ൽ ഉൾപ്പെട്ടതും 2.26 ആർ വിസ്തീർണ്ണം ഉള്ളതുമായ സ്ഥലത്ത് ഇരു നിലകളിലായി നിർമ്മിച്ചിട്ടുള്ള വാസഗൃഹം ക്രമവത്കരിക്കുന്നതിനു വേണ്ടിയാണ് ശ്രീ .കിരൺ.എം.കൃഷ്ണൻ,കൃഷ്ണ -22, ഉമനഗർ,ഒല്ലൂക്കര എന്നവർ മേൽ ഫയൽപ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. പ്രസ്തുത സ്ഥലം ബി.ടി.ആർ പ്രകാരം നിലമാണ്. തണ്ണീർത്തടനിയമം സെക്ഷൻ 27(A) പ്രകാരം കെട്ടിടനിർമ്മാണം 120 എം2 വരെ മാത്രമേ നടത്താൻ പാടുള്ളൂ.ഫയൽ പരിശോധിച്ചതിൽ നിന്നും ഭൂമിയുടെ തരം മാറ്റിയാൽ മാത്രമേ അപേക്ഷ പരിഗണിക്കുവാൻ സാധിക്കുകയുള്ളൂ എന്നറിയിച്ചുകൊണ്ട് നോട്ടീസ് നൽകിയതായി കാണുന്നു.നാളിതു വരെ ആർ.ഡി.ഓയുടെ ഉത്തരവ് ലഭ്യമാക്കുകയോ അനധികൃതനിർമ്മാണമായി കണക്കിലെടുത്ത് ക്രമവത്കരിക്കുകയോ ചെയ്തിട്ടില്ല.

3. OLK3/3735/21/BR/08/21-22

ശ്രീ. പി.കെ വാസു ,പരാരി ഹൗസ് ,മണ്ണുത്തി.എന്നവർ മേൽ ഫയൽ പ്രകാരം 248.77 M2 റസിഡൻഷ്യൽ ബിൽഡിംഗ് ക്രമവത്കരിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിൽ നിന്നും ഭൂമിയുടെ തരം പൊസ്സഷൻ സർട്ടിഫിക്കറ്റ് പ്രകാരം നിലമാണ്.തണ്ണീർത്തടനിയമം സെക്ഷൻ 27(A) പ്രകാരം കെട്ടിടനിർമ്മാണം 120 എം2 വരെ മാത്രമേ നടത്താൻ പാടുള്ളൂ.ഫയൽ പരിശോധിച്ചതിൽ നിന്നും ഭൂമിയുടെ തരം മാറ്റിയാൽ മാത്രമേ അപേക്ഷ പരിഗണിക്കുവാൻ സാധിക്കുകയുള്ളൂ എന്നറിയിച്ചുകൊണ്ട് 21.1.22 ന് നോട്ടീസ് നൽകിയതായി കാണുന്നു.നാളിതു വരെ ആർ.ഡി.ഓയുടെ ഉത്തരവ് ലഭ്യമാക്കുകയോ അനധികൃതനിർമ്മാണമായി കണക്കിലെടുത്ത് ക്രമവത്കരിക്കുകയോ ചെയ്തിട്ടില്ല.

1994 ലെ കേരളാ മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 242 അനുസരിച്ച് ഏതെങ്കിലും ഒരാൾ കെട്ടിടം അനധികൃതമായി നിർമ്മിക്കുകയോ പുനർ നിർമ്മിക്കുകയോ ചെയ്താൽ അയാൾക്കെതിരെ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിക്ക് ഹാനി കൂടാതെ പണി പൂർത്തീകരിക്കുകയോ അതിൽ താമസിക്കുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ നിർമ്മാണങ്ങൾ പൊളിച്ചുകളയുകയോ ചെയ്യുന്നത് വരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതാണെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തു നികുതിയും അതിന്റെ രണ്ടിരട്ടിയും ചേർന്നുള്ള തുക നികുതിയായി ചുമത്തേണ്ടതാണ്.ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി 15/17.11.22(9) നു മറുപടി നൽകിയിരിക്കുന്നത് ക്രമവത്കരിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ലെന്നും മേൽ നിർമ്മാണം ക്രമവത്കരിക്കുന്നതുവരെ കെട്ടിടത്തിനെ അനധികൃതനിർമ്മാണമായി കണക്കാക്കി നികുതി ഈടാക്കാമെന്നുമാണ്.ആർ.ഡി.ഒ.യുടെ ഉത്തരവ് ലഭ്യമാക്കി കെട്ടിടം നിയമാനുസൃതഫീസ് അടച്ച് ക്രമവത്കരിക്കുകയോ പൊളിച്ചുകളയുകയോ ചെയ്യുന്നത് വരെ അനധികൃതനിർമ്മാണമായി കണക്കാക്കി 1994 ലെ കേരളാ മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 242 പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-80 ബിൽഡിംഗ് പെർമിറ്റ് അപേക്ഷകളിൽ തുടർനടപടി സ്വീകരിക്കുന്നതിൽ കാലതാമസം

വിൽവട്ടം മേഖലാ കാര്യാലയത്തിലെ 2021-22 വർഷത്തെ കെട്ടിടനിർമ്മാണ രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ

അപാകതകൾ

രജിസ്റ്റർ പ്രകാരമുള്ള അപേക്ഷകളിൽ പലതിനും തുടർനടപടികൾ സ്വീകരിച്ചിട്ടില്ലാത്തതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ.നം | അപേക്ഷാ നം. | അപേക്ഷകർ | വിസ്തീർണ്ണം (ച.മീ) | കെട്ടിടവിവരം |
|---|---|---|---|---|
| 1 | VTM3/2705/21 13/9/21 | ടിന്റു | 63.42 | വാസഗൃഹം |
| 2 | VTM3/2813/21 22/9/21 | പ്രദീപ് കുമാർ | | വാസഗൃഹം |
| 3 | VTM3/3102/21 16/10/21 | റിലയൻസ് ജിയോ ഇൻഫോകോം ലി. | | ടവർ |
| 4 | VTM3/3293/21 6/11/21 | റീഹാബിലിറ്റേഷൻ റിസോഴ്സ് സെന്റർ | 1199.83 | |
| 5 | VTM3/3308/21 8/11/21 | ജോസഫ്.സി.ജോസ് & ബോബി ജോസ് | | |
| 6 | VTM3/3359/21 12/11/21 | സിസിലി | | |
| 7 | VTM3/3448/21 18/11/21 | വിനോയ് ഡേവിസ് മുതൽ പേർ | | വാസഗൃഹം |

| | | | | |
|---|---|---|---|---|
| 8 | VTM3/3934/21<br>1/12/21 | സുകുമാരൻ | | വാണിജ്യം |
| 9 | VTM3/4200/21<br>22/12/21 | ദേവസ്സിക്കുട്ടി | | വാസഗൃഹം |
| 10 | VTM3/4227/21<br>28/12/21 | മൈഥിലി.ആർ | | വാസഗൃഹം |
| 11 | VTM3/235/22<br>20/1/22 | രാധാ ബായി | | വാസഗൃഹം |
| 12 | VTM3/353/22<br>2/2/22 | ആർച്ച | | വാസഗൃഹം |
| 13 | VTM3/436/22<br>7/2/22 | ജയ | | വാസഗൃഹം |
| 14 | VTM3/632/22<br>19/2/22 | മേരി | | വാസഗൃഹം |
| 15 | VTM3/633/21<br>19/2/22 | രമേഷ്.സി.സി | | വാസഗൃഹം |
| 16 | VTM3/442/22<br>7/2/22 | അരുൺ അശോകൻ | | വാസഗൃഹം |
| 17 | VTM3/791/22<br>2/3/22 | വർഗ്ഗീസ്.ഇ.വി | | വാസഗൃഹം |
| 18 | VTM3/799/22<br>2/3/22 | വിജയ കുമാരൻ.പി | 120.40 | വാസഗൃഹം |
| 19 | VTM3/838/22<br>4/3/22 | സിന്ധു | | വാസഗൃഹം |
| 20 | VTM3/1130/22<br>22/3/22 | ലാൽ.പി.എം | | വാണിജ്യം |

മേൽ പറഞ്ഞ പെർമിറ്റ് അപേക്ഷകളിൽ തുടർനടപടി സ്വീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 12 / 2021-22 തിയതി 19/11/202) നൽകിയിരുന്നു. പെർമിറ്റ് അപേക്ഷകളിൽ മേൽ എത്രയും പെട്ടന്ന് തുടർനടപടികൾ സ്വീകരിക്കുന്നതിനായി അറിയിപ്പുകൾ നല്കുമെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.കെട്ടിടനിർമ്മാണ പെർമിറ്റ് അപേക്ഷകളിൽ മേൽ കാലതാമസം കൂടാതെ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-81 പ്രത്യേക നമ്പരിട്ട് ഡിമാന്റ് ചെയ്തിട്ടുള്ള നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് മറുപടി ലഭ്യമാക്കിയില്ല

തൃശ്ശൂർ കോർപ്പറേഷനിലെ താഴെപ്പറയുന്ന കെട്ടിടങ്ങൾ നിയമാനുസൃതമല്ലാത്തതിനാൽ പ്രത്യേകനമ്പർ നൽകി ബന്ധപ്പെട്ട രജിസ്റ്ററിൽ ചേർത്ത് ഡിമാന്റ് ചെയ്തിട്ടുണ്ട്.

| ക്രമനം | കെട്ടിടനമ്പർ | വിസ്തീർണ്ണം (ച.മീ) | കെട്ടിടഉടമയുടെ പേര് | ചുമത്തിയനികുതി/പ്രാബല്യത്തീയതി |
|---|---|---|---|---|
| 1 | 52/1549/യു.എ | 211.84 | രാധാകൃഷ്ണൻ | 83889+(എൽ.സി+എസ്.ടി)<br>01.04.21 |
| 2 | 52/1532/യു.എ | 258.28 | ശിവശങ്കരൻ | 102279+(എൽ.സി+എസ്.ടി)<br>01.04.21 |
| 3 | 52/1524/യു.എ | 474.78 | സി.എ.ജെയിംസ് | 288429+(എൽ.സി+എസ്.ടി) |

| | | | | |
|---|---|---|---|---|
| | | | | 01.04.21 |
| 4 | 36/7025(1)/യു.എ | 157.97 | അമ്മിണിപോൾ | 57342+(എൽ.സി+എസ്.ടി) 01.10.21 |
| 5 | 36/169/1/യു.എ | 106.26 | മുനാഫ്.എം.മുഹമ്മദ് | 42081+(എൽ.സി+എസ്.ടി) 01.10.21 |
| 6 | 36/5790/1യു.എ | 142.44 | രതീഷ്.വി.ജി | 56409+(എൽ.സി+എസ്.ടി) 01.10.21 |
| 7 | 35/1025/3യു.എ | 1060.08 | ഷഹദ് ഹംസ | 548592+(എൽ.സി+എസ്.ടി) 01.04.22 |
| 8 | 1/1555/1യു.എ | 30.22 | ഒ.ടി.ജോസ് | 7980+(എൽ.സി+എസ്.ടി) 01.04.22 |
| 9 | 1/1555/2യു.എ | 30.5 | ഒ.ടി.ജോസ് | 8052+(എൽ.സി+എസ്.ടി) 01.04.22 |
| 10 | 35/5516/1യു.എ | 362.28 | പി.എ.ജിഷാദ് | 236385+(എൽ.സി+എസ്.ടി) 01.04.22 |
| 11 | 39/1224/യു.എ | 2241.1 | മനോഹരി | 4386954+(എൽ.സി+എസ്.ടി) 01.04.22 |
| 12 | 35/2462/യു.എ | 112 | എഡിസൺ.സി.എ | 44352+(എൽ.സി+എസ്.ടി) 01.04.22 |
| 13 | 35/2463/യു.എ | 118.40 | എഡിസൺ.സി.എ | 46887+(എൽ.സി+എസ്.ടി) 01.04.22 |

ഇതുമായി ബന്ധപ്പെട്ട് വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നുണ്ടെങ്കിൽ നിയമപ്രകാരമുള്ള ലൈസൻസ് നൽകിയിട്ടുണ്ടോ?ലൈസൻസ് ഫീസ് അടവാക്കി വരുന്നുണ്ടോ?എന്നതിന്റെയും ഈ കെട്ടിടങ്ങളിൽ നിന്ന് ഡിമാന്റ് ചെയ്തിരിക്കുന്ന നികുതി ഈടാക്കി വരുന്നുണ്ടോ?എന്നതിന്റെയും രജിസ്റ്ററിൽ ഈ കെട്ടിടങ്ങളുടെ ഉപയോഗം വാണിജ്യാവശ്യം എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.ഇവയുടെ ഒക്യുപെൻസി റദ്ദ് ചെയ്യാൻ നോട്ടീസ് നൽകിയിട്ടുണ്ടോ? എന്നതിന്റെയും വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം .140/21-22 തിയതി 28.01.23) മറുപടി ലഭ്യമാക്കിയില്ല.1994ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ242(5)പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിച്ചതും(3)ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം പ്രത്യേക നൽകപ്പെട്ടതും 406ാം വകുപ്പ് പ്രകാരമുള്ള നടപടിയ്ക്ക് വിധേയമാക്കേണ്ടതുമായ കെട്ടിടങ്ങൾ കച്ചവടത്തിനായോ, വ്യാപാരത്തിനായോ, വ്യവസായ ആവശ്യത്തിനായോ മറ്റേതെങ്കിലും ആവശ്യത്തിനായോ ഉപയോഗപ്പെടുത്തുന്നതിന് മുനിസിപ്പാലിറ്റി അനുമതിയോ ലൈസൻസോ നൽകുവാൻ പാടില്ലാത്തതും അപ്രകാരം മുനിസിപ്പാലിറ്റി എന്തെങ്കിലും അനുമതിയോ ലൈസൻസോ നൽകിയിട്ടുണ്ടെങ്കിൽ കെട്ടിടഉടമയ്ക്കും ലൈസൻസിക്കും നോട്ടീസ് നൽകി അത് പുനപരിശോധിക്കേണ്ടതും റദ്ദ് ചെയ്യേണ്ടതുമാണ്.

## 1-82 അയ്യന്തോൾ സോണൽ-നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾ വാണിജ്യാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു.

അയ്യന്തോൾ മേഖലാ കാര്യാലയത്തിലെ UA രജിസ്റ്റർ പരിശോധിച്ചതിൽ അനധികൃതമായി നിർമ്മിച്ച ചില കെട്ടിട ങ്ങൾ വാണിജ്യാവശ്യങ്ങൾക്ക് ഉപയോഗിച്ച് വരുന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ഡിവിഷൻ നം./കെട്ടിട നം. | കെട്ടിട ഉടമ | ഉപയോഗ ക്രമം | വസ്തു നികുതി BT+LC+ST |
|---|---|---|---|
| 53/1214/1 (UA) | ഡയസ്സ് | വാണിജ്യം | 61152+3058+6115 |
| TMC/49/1133(1) UA | ജോയ് ജോൺ.സി | വാണിജ്യം | 14112+706 |
| TMC/50/959/1 UA | സുജ.വി.ബി | വാണിജ്യം | 46500+2325 |
| TMC/46/1093(2) UA | വർഗ്ഗീസ്.വി.ഡി | വാണിജ്യം | 4140+207 |
| 45/1471/1 UA | ജോസഫ് | വാണിജ്യം | 19200+960 |
| 45/1465/1 UA | രാജി W/O വാസു | വാണിജ്യം | 3939+197+394 |

| | | | |
|---|---|---|---|
| 45/1465/2 UA | Do | വാണിജ്യം | 2745+137+275 |
| 45/1465/3 UA | Do | വാണിജ്യം | 5625+281+563 |
| 45/1465/4 UA | Do | വാണിജ്യം | 6357+318+636 |
| 45/1465/5 UA | Do | വാണിജ്യം | 8013+401+801 |
| TMC/55/1192/4 UA | നിക്കോളാസ്.വി. ലാസർ | വാണിജ്യം | 5010+251 |
| TMC/55/1192/5 UA | Do | വാണിജ്യം | 5790+290 |
| TMC/55/1192/6 UA | Do | വാണിജ്യം | 8064+403 |
| TMC/55/1233/10 UA | എം.എ.യൂസഫലി & എം.എ.അഷറഫലി | വാണിജ്യം | 92664+4633 |

1994ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 242(5) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിച്ചതും മൂന്നാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം പ്രത്യേക നമ്പർ നല്കിയിട്ടുള്ളതും 406-ാം വകുപ്പ് പ്രകാരമുള്ള നടപടിക്ക് വിധേയമാക്കേണ്ടതുമായ കെട്ടിടങ്ങൾ കച്ചവടത്തിനായോ വ്യാപാരാവശ്യങ്ങൾക്കായോ വ്യവസായാവശ്യങ്ങൾക്കായോ മറ്റേതെങ്കിലും ആവശ്യത്തിനായോ ഉപയോഗപ്പെടുത്തുന്നതിന് മുനിസിപ്പാലിറ്റി അനുമതിയോ ലൈസൻസോ നല്കാൻ പാടില്ലാത്തതും അപ്രകാരം ഏതെങ്കിലും നല്കിയിട്ടുണ്ടെങ്കിൽ കെട്ടിട ഉടമയ്ക്കും ലൈസൻസിക്കും നോട്ടീസ് നല്കി പുന:പരിശോധിക്കേണ്ടതും റദ്ദ് ചെയ്യേണ്ടതുമാണ്. മാത്രമല്ല സ.ഉ.(എം.എസ്) നം.170/2016 ത.സ്വ.ഭ.വ തീയതി 16.11.2016 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിച്ച 1500 സ്ക്വയർ ഫീറ്റ് വരെയുള്ള വ്യക്തിഗത വാസഗൃഹങ്ങൾക്ക് യു.എ.നം നല്കി താൽക്കാലികമായി റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് നല്കി നിയമപ്രകാരമുള്ള സാക്ഷ്യപത്രങ്ങൾ നല്കുന്നതിനും കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തുനികുതിയായി ഈടാക്കുന്നതിനുമുള്ള അധികാരമാണ് കോർപ്പറേഷനുകൾക്ക് നല്കിയിട്ടുള്ളത്. യു.എ നം നൽകിയെന്ന കാരണത്താൽ ഈ കെട്ടിടങ്ങൾ അനധികൃത നിർമ്മാണത്തിനെതിരെ സ്വീകരിക്കേണ്ട നിയമനടപടികളിൽ നിന്നും ഒഴിവാക്കപ്പെടുന്നില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.02/21-22 തിയ്യതി 15.11.2022) മേൽ കെട്ടിടങ്ങൾക്ക് നിലവിൽ ലൈസൻസ് അനുവദിച്ചിട്ടില്ല എന്നാണ് മറുപടി നൽകിയിട്ടുള്ളത്. ആയതിനാൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന അനധികൃത കെട്ടിടങ്ങൾക്കെതിരെ കേരള മുനിസിപ്പാലിറ്റി ആക്ട് പ്രകാരമുള്ള നിയമ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-83 അയ്യന്തോൾ സോണൽ - കെട്ടിടനിർമ്മാണരജിസ്റ്റർ പരിശോധിച്ചതിൽ കണ്ട അപാകതകൾ

അയ്യന്തോൾ സോണൽ ഓഫീസിലെ 2021-22 വർഷത്തെ കെട്ടിടനിർമ്മാണ രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ലഭിച്ച അപേക്ഷയിൽ നോട്ടീസ് നൽകിയതല്ലാതെ നടപടികൾ സ്വീകരിച്ചിട്ടില്ല. രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു

ഉദാ -

| അപേക്ഷാ നം. | അപേക്ഷകൻ | വിസ്തീർണ്ണം | കെട്ടിടവിവരം | സ്വീകരിച്ച നടപടി |
|---|---|---|---|---|
| AYL/BA /02/2021-22/ 08.04.21 | കൃഷ്ണൻ | 29 ച.മീ | ഷോപ്പ് ക്രമവൽക്കരണം | 26.4.21 ന് നോട്ടീസ് നൽകി |
| AYL/BA /13/2021-22/ 20.04.21 | Vicar St.Mary's Assumption Church | 2414.34ച.മീ | വാണിജ്യം | 18.5.21നും 13.1.22 നും നോട്ടീസ് |
| AYL/BA /17/2021-22/ 26.04.21 | Dr.Anthony Alappat | 520.38 | വാണിജ്യം | 16.7.21 നോട്ടീസ് |
| AYL/BA /30/2021-22/ 18.06.21 | ഉണ്ണികൃഷ്ണൻ | 77.52 | Cowshed Regularisation | 26.11.21നോട്ടീസ് |
| AYL/BA /40/2021-22/ 24.06.21 | Davis And Shila | 178.36 | വാസഗൃഹം – ക്രമവൽക്കരണം | നോട്ടീസ് തീയതി ഇല്ല – നിലം |
| AYL/BA /45/2021-22/ 30.06.21 | ജയശങ്കർ ഉണ്ണികൃഷ്ണൻ | 310.79 | വാണിജ്യം | നോട്ടീസ് തീയതി ഇല്ല |
| AYL/BA /49/2021-22/ 5.07.21 | രവീന്ദ്രൻ, ഷീല | 23.65 | വാണിജ്യം | 5.8.21 ന് നോട്ടീസ് |
| AYL/BA /51/2021-22/ 5.07.21 | ബെന്നിജോർജ് | 101.09 | വാസഗൃഹം – ക്രമവൽക്കരണം | നോട്ടീസ് തീയതി ഇല്ല ,ഡാറ്റാബാങ്ക് |

| | | | | |
|---|---|---|---|---|
| AYL/BA /51/2021-22/ 5.07.21 | ഗിരിജ കൃഷ്ണകുമാർ | 146.50 | വാസഗൃഹം | നോട്ടീസ്- പട്ടയം ലഭ്യമാക്കണം |
| AYL/BA /62/2021-22/ 5.07.21 | ബിനു തോമസ് | 261.32 | വാസഗൃഹം | നോട്ടീസ് – ആർഡി ഒ ഉത്തരവ് ഇല്ല |
| AYL/BA /63/2021-22/ 9.07.21 | ജയരാജ് മാത്തിൽ | 248.61 | വാസഗൃഹം – ക്രമവൽക്കരണം | യാതൊരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല |
| AYL/BA /66/2021-22/ 9.07.21 | സൗമ്യ | 157.71 | വാസഗൃഹം | നോട്ടീസ് – ആർഡി ഒ ഉത്തരവ് ഇല്ല |
| AYL/BA /71/2021-22/ 14.07.21 | ജയൻ ടി കെ | 149.74 | വാണിജ്യം ക്രമവൽക്കരണം | നോട്ടീസ് --സെറ്റ് ബാക്ക്ഇല്ല |
| AYL/BA /82/2021-22 | ഡേവിസ് വി പി,ഫ്രാൻസിസ് വി പി, ജോസ് വി പി | 422.28 | വാസഗൃഹം | നോട്ടീസ് പ്ലാൻ കറക്ഷൻ |
| AYL/BA /87/2021-22/ 16.08.21 | ജോസഫ് കൊള്ളന്നൂർ | 217.66 | ഒക്കുപ്പൻസി മാറ്റം ക്രമവൽക്കരണം | നോട്ടീസ് റോഡ് വൈഡനിംഗ് |
| AYL/BA /94/2021-22/ 8.09.21 | ഫ്രാൻസിസ് കെ ജെ | 116.86 | വാസഗൃഹം – ക്രമവൽക്കരണം | നോട്ടീസ് |
| AYL/BA /98/2021-22 | കെ എസ് ജയൻ | 138.02 | വാസഗൃഹം | നോട്ടീസ് |
| AYL/BA /103/2021-22/ 13.09.21 | ബിജു ലിഡിയ ബിജു | -- | -- | യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല |
| AYL/BA /112/2021-22/ 20.09.21 | ടി കെ സുധീരൻ | --- | വാസഗൃഹം – ക്രമവൽക്കരണം | യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല |
| AYL/BA /120/2021-22/ 28.09.21 | സുരജ എൻ ബി | | ചുറ്റുമതിൽ | നോട്ടീസ് |
| AYL/BA /122/2021-22/ 01.10.21 | ഡെയ്സി ലോറൻസ് | 120.34 | വാസഗൃഹം – ക്രമവൽക്കരണം | നോട്ടീസ് സെറ്റ് ബാക്ക് ഇല്ല |
| AYL/BA /131/2021-22/ 11.10.21 | Summit Digital Infrastructure | -- | ടവർ | നോട്ടീസ് നിലം |
| AYL/BA /166/2021-22/ 15.11.21 | കല്യാണിയും മറ്റുള്ളവരും | --- | വാസഗൃഹം – ക്രമവൽക്കരണം | നോട്ടീസ് |
| AYL/BA /172/2021-22/ 17.11.21 | ഗംഗാധരൻ | -- | ക്രമവൽക്കരണം | യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല |
| AYL/BA /218/2021-22/ 24.12.21 | ഇ കെ പ്രദോഷ് | -- | -- | നോട്ടീസ് |
| AYL/BA /221/2021-22/ 21.12.21 | മേരി ചിറ്റിലപ്പിള്ളി | | വാസഗൃഹം – ക്രമവൽക്കരണം | യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല |
| AYL/BA /242/2021-22/ 14.1.22 | സന്തോഷ് കൊച്ചത്ത് | 47.58 | വാസഗൃഹം | കെ എംബിആർ പാലിക്കുന്നില്ല |
| AYL/BA /246/2021-22/ 18.1.22 | മിഥുൻ മിഖായേൽ | 119.5 | വാസഗൃഹം | നോട്ടീസ് ഡാറ്റാബാങ്ക് |
| AYL/BA /250/2021-22/ | ലീന പി എസ് | 87.92 | വാസഗൃഹം | നോട്ടീസ് ഡാറ്റാബാങ്ക് |

| | | | | |
|---|---|---|---|---|
| 22.1.22 | | | | |
| AYL/BA /259/2021-22/ 28.1.22 | സജി ഗോവിന്ദ് | | വാസഗൃഹം | നോട്ടീസ് |
| AYL/BA /266/2021-22/ 01.2.22 | ഷാജു | | വാസഗൃഹം-- വിപുലീകരണം | --- |
| AYL/BA /278/2021-22/ 14.2.22 | മായാ സീതാറാം | | വാസഗൃഹം ക്രമവൽക്കരണം | നോട്ടീസ് |
| AYL/BA /299/2021-22/ 2.3.22 | ഇന്ദിര ടി പി | | വാസഗൃഹം-- വിപുലീകരണം | നോട്ടീസ് |
| AYL/BA /322/2021-22/ 10.3.22 | ജോഷി ഡേവിസ്<br>ഡോ.മഞ്ജൂഷ വർഗീസ് | | വിപുലീകരണം | നോട്ടീസ് |
| AYL/BA /323/2021-22/ 15.3.22 | നാരായണൻകുട്ടി, വിലാസിനി | | വാസഗൃഹം | നോട്ടീസ് |
| AYL/BA /325/2021-22/ 10.3.22 | Vicar St Thomas Church അരണാട്ടുകര | | വിദ്യാഭ്യാസസ്ഥാപനം | നോട്ടീസ് |
| AYL/BA /327/2021-22/ 11.3.22 | ജിസി | 150.16 | വാസഗൃഹം-- വിപുലീകരണം | – |
| AYL/BA /330/2021-22/ 15.3.22 | സമേഷ് കുമാർ | | വാസഗൃഹം | നോട്ടീസ് |
| AYL/BA /331/2021-22/ 15.3.22 | സുമിത ,സുജിത് | | വാസഗൃഹം | നോട്ടീസ് |
| AYL/BA /332/2021-22/ 15.3.22 | മോഹിനി ,തങ്കമണി | 6.51 | വാണിജ്യം ക്രമവൽക്കരണം | നോട്ടീസ് |
| AYL/BA /358/2021-22/ 31.3.22 | ശങ്കരൻകുട്ടി | 46.80 | വാസഗൃഹം | കൈവശാവകാശ സർട്ടിഫിക്കറ്റിൽ ഭൂമിയുടെ തരം ഇല്ല |

2. ഫീസ് അടവാക്കിയ വിവരം രജിസ്റ്ററിൽ ചേർത്തിട്ടില്ല.

ഉദാ--

| അപേക്ഷാ നം. | അപേക്ഷകൻ | വിസ്തീർണ്ണം |
|---|---|---|
| AYL/BA/07/2021-22/ 12.04.21 | വാസന്തി,സത്യഭാമ | 188.92ച.മീ |
| AYL/BA/14/2021-22/ 21.04.21 | Jemmy Sebastian Koola | 931.50( Commercial) |
| AYL/BR/16/2021-22/ 23.02.21 | പൗലോത് ചിറ്റിലപ്പിള്ളികുന്നമ്പത്ത് | 124.36* |
| AYL/BA/16/2021-22/ 21.04.21 | മന്ദ മാത്യൂ | 171.36 |
| AYL/BA/21/2021-22/ 28.04.21 | ജയകുമാർ വി ജി | 278.69 |
| AYL/BA/25/2021-22/ 21.04.21 | പ്രസന്ന | 131 |

* ഈ അപേക്ഷയിൽ പ്ലാനിൽ 124.36ച.മീ യും ഒക്കുപ്പൻസി നൽകിയ പ്ലാനിൽ ചേർത്തതിൽ 212.53 ച.മീ.യും ആണ് വിസ്തീർണ്ണം.

3. രജിസ്റ്റർ പ്രകാരവും ഫയൽ പ്രകാരവും കെട്ടിടവിസ്തീർണ്ണം വ്യത്യസ്തം

| അപേക്ഷാ നം. | അപേക്ഷകൻ | രജിസ്റ്റർ പ്രകാരം | ഫയൽ പ്രകാരം |
|---|---|---|---|
| AYL/BA/08/2021-22/ 16.04.21 | ശ്രീജിത്ത് കെ എസ് | 171.95 ച.മീ(വാണിജ്യകെട്ടിടം) | 96.80ച.മീ |

4. പെർമിറ്റ് രജിസ്റ്റർ പ്രകാരവും ക്രമവൽക്കരണരജിസ്റ്റർ പ്രകാരവും വിസ്തീർണ്ണം വ്യത്യസ്തം

| അപേക്ഷാ നം. | അപേക്ഷകൻ | പെർമിറ്റ് രജിസ്റ്റർ പ്രകാരം | ക്രമവൽക്കരണരജിസ്റ്റർ പ്രകാരം |
|---|---|---|---|
| AYL/BA /05/2021-22/ 16.04.21 | രവീന്ദ്രൻ ചെറുശ്ശേരി | 187.90 | 294.58 (AYL/BR/44/2021-22) |

തദ്ദേശസ്വയംഭരണസ്ഥാപനത്തിൽ കെട്ടിടനിർമ്മാണ അപേക്ഷകളുടെ വിവരം ചേർക്കുന്ന പെർമിറ്റ് രജിസ്റ്റർ സൂക്ഷിക്കേണ്ട വിധം തദ്ദേശസ്വയംഭരണ(ആർ എ) വകുപ്പിന്റെ 02.12.2015 ലെ സർക്കുലർ നം. 12900/ആർ എ 1/2015 /തസ്വഭവ പ്രകാരം വിശദമാക്കിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണവകുപ്പിന്റെ 20.06.2007 ലെ 24136/ആർ എ1/2007/തസ്വഭവ നം.സർക്കുലറിലെ അപ്പൻഡിക്സ് 1ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം കെട്ടിടനിർമ്മാണഅപേക്ഷരജിസ്റ്റർ എല്ലാതദ്ദേശസ്ഥാപനങ്ങളിലും കൃത്യമായി വിവരങ്ങൾ രേഖപ്പെടുത്തി പരിപാലിക്കേണ്ടതാണ്.സർക്കാർ ഉത്തരവ് പ്രകാരം എല്ലാ വിവരങ്ങളും ചേർത്ത് പെർമിറ്റ് രജിസ്റ്റർ തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

ക്രമവൽക്കരണത്തിന് ലഭ്യമായ അപേക്ഷകളിൽ നടപടി സ്വീകരിക്കുവാൻ സാധിക്കാത്ത സന്ദർഭത്തിൽ കേരള മുനിസിപ്പാലിറ്റി ആക്ട് 242 പ്രകാരം അനധികൃതനിർമ്മാണത്തിന് നടപടിസ്വീകരിച്ച് വസ്തുനികുതിയും അതോടൊപ്പം രണ്ടിരട്ടിയും വരുന്ന തുക ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഇപ്രകാരം നടപടികൾ സ്വീകരിക്കാത്തത് മൂലം സ്ഥാപനത്തിന് വസ്തുനികുതി ഇനത്തിൽ നഷ്ടമുണ്ടാകുന്നു.

(ഓഡിറ്റ് എൻക്വയറി 4/22/15.11.22-- അയ്യന്തോൾ മേഖലാകാര്യാലയം)

## 1-84 ക്രമവൽക്കരണഅപേക്ഷകൾ യഥാസമയം നടപടി സ്വീകരിക്കുന്നില്ല

അയ്യന്തോൾ സോണൽ ഓഫീസിലെ 2021-22 സാമ്പത്തികവർഷത്തെ ക്രമവൽക്കരണഅപേക്ഷകളുടെ രജിസ്റ്റർ പരിശോധിച്ചതിൽ അപേക്ഷകളിൻമേൽ തുടർനടപടി സ്വീകരിക്കുന്നതിന് കാലതാമസം നേരിടുന്നതായി കാണുന്നു.

ചില ഉദാഹരണങ്ങൾ

| ഫയൽ നം/അപേക്ഷാതീയതി | അപേക്ഷകൻ | കെട്ടിടത്തിന്റെ വിവരം | അഭിപ്രായം |
|---|---|---|---|
| AYL/ BR/01/22-23/ 09.04.21 (AYL/BA/03/21-22) | K.L ജോൺസൺ | 173.54 ച.മീ വാസഗൃഹം --ക്രമവൽക്കരണം | 31.3.22 വരെ നടപടി എടുത്തിട്ടില്ല |
| AYL/ BR/02/21-22/ 22.11.19 (AYL/BA/312/19-20) | അഡ്വ.നാരായണൻ നമ്പൂതിരിപ്പാട് | 297.99 ച.മീ വാസഗൃഹം --ക്രമവൽക്കരണം | 13.4.21 ന് ഒക്കുപ്പൻസി നൽകി |
| AYL/ BR/010/21-22/ 27.7.20 (AYL/BA/84/20-21) | ഗോപാലകൃഷ്ണൻ ടി ആർ | 184.46ച.മീ വാസഗൃഹം --ക്രമവൽക്കരണം | 18.6.21ന് ഒക്കുപ്പൻസി നൽകി |
| AYL/ BR/65/21-22/ 08.02.22 (AYL/PW/512/22) | E D Diaz | വാണിജ്യം - ക്രമവൽക്കരണം | നോട്ടീസ് നൽകി തീയതി ഇല്ല |
| AYL/BA/74/21-22 /15.7.21 | വി സുകുമാരൻ | 172.50ച.മീ വാസഗൃഹം --ക്രമവൽക്കരണം | BR രജിസ്റ്ററിൽ ചേർത്തതായി 11.8.22 ന് രജിസ്റ്ററിൽ ഉണ്ട്.നടപടി സ്വീകരിച്ചിട്ടില്ല. |
| AYL/BA/84/21-22/ 11.8.21 | തോമസ് | 94ച.മീ വാസഗൃഹം --ക്രമവൽക്കരണം | നടപടി ഇല്ല |
| AYL/BA/230/21-22/ 6.1.22 | ജെയിംസ്, പ്രിൻസി ജെയിംസ് | വാസഗൃഹം,ക്രമവൽക്കരണം --ക്രമവൽക്കരണം | 19.2.22 ന് നോട്ടീസ് |
| AYL/BA/237/21-22/ 10.1.22 | Resignated Partner . Sky Rail Resorts ,കണ്ണപുരം | ഒക്കുപ്പൻസി മാറ്റം | AYL/ BR/5/22-23 നടപടി സ്വീകരിച്ചിട്ടില്ല |
| AYL/BA/282/21-22/ 16.2.22 | വി ഒ ജോസ് | 159.55ച.മീ വാസഗൃഹം --ക്രമവൽക്കരണം | AYL/ BR/7/22-23 നടപടി സ്വീകരിച്ചിട്ടില്ല |

| | | | |
|---|---|---|---|
| AYL/BA/293/21-22/ 24.2.22 | എ,കെ പോൾ | 248.14 ച.മീ<br>വാസഗൃഹം<br>--ക്രമവൽക്കരണം | AYL/ BR/7/22-23 നടപടി സ്വീകരിച്ചിട്ടില്ല |

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും )ചട്ടങ്ങൾ പ്രകാരം കംപ്ലീഷൻ സർട്ടിഫിക്കറ്റ് നൽകിയാൽ 15 ദിവസത്തിനകം പരിശോധന നടത്തി അപാകതകൾ അറിയിക്കുകയോ അല്ലാത്തപക്ഷം ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്. ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകിയതിനശേഷം മാത്രമാണ് സർക്കലർ നം. ആർ സി 2/ 100/2020/തസ്വഭവ. 3.5.20 പ്രകാരം വസ്തുനികുതി ഈടാക്കുവാൻ കഴിയൂ.ആയതിനാൽ സർട്ടിഫിക്കറ്റ് നൽകുവാൻ വൈകുന്നത് വസ്തുനികുതി ഇനത്തിൽ നഷ്ടമുണ്ടാക്കുന്നു.മാത്രമല്ല അനധികൃതനിർമ്മാണങ്ങൾ ക്രമവൽക്കരിക്കുവാൻ സാധിക്കാത്ത കെട്ടിടങ്ങൾക്ക് കേരള മുനിസിപ്പാലിറ്റി ആക്ട് 1994 സെക്ഷൻ 242 പ്രകാരം അനധികൃതനമ്പർ നൽകി വസ്തുനികുതിയും അതിന്റെ രണ്ടിരട്ടിയും വരുന്ന തുക വസ്തുനികുതി ആയി ഈടാക്കുവാൻ നടപടികൾ സ്വീകരിക്കാവുന്നതാണ്.

(ഓഡിറ്റ് എൻക്വയറി - 8/22/16.11.22—അയ്യന്തോൾ മേഖലാകാര്യാലയം)

## 1-85 കെട്ടിടത്തിന്റെ ഒക്യൂപ്പെൻസി- അപാകത (ഒല്ലൂർ മേഖല കാര്യാലയം)

ഒല്ലൂർ മേഖല കാര്യാലയത്തിലെ ഫയൽ നമ്പർ. OLR/BA/47/21-22 പ്രകാരം, 31-ാം ഡിവിഷനിൽ ചിയ്യാരം വില്ലേജ്,422/1-15 സർവ്വേ നമ്പറിൽപ്പെട്ട സ്ഥലത്ത് വാസഗൃഹം നിർമ്മിക്കുന്നതിനായി 16/10/21 ന് ഒക്യൂപ്പെൻസി സർട്ടിഫിക്കറ്റ് നൽകിയതായി കാണുന്നു.എന്നാൽ ഓവർസിയറുടെ 21/12/21 ലെ റിപ്പോർട്ട് പ്രകാരം ടി സ്ഥലത്ത് സ്വർണ്ണപണി നടക്കുന്നതായി കാണുന്നു.ടി കെട്ടിടത്തിന് ഒക്യൂപ്പെൻസി അനുവദിച്ചിരിക്കുന്നത് എ-1 ഒക്യൂപ്പെൻസി ആണ്.എന്നാൽ ടി കെട്ടിടം ഉപയോഗിച്ച് വരുന്നത് ജി-1 ഒക്യൂപ്പെൻസി ആയിട്ടാണ് കാണുന്നത്.ടി കെട്ടിടം എ-1ഒക്യൂപ്പെൻസിക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നതിനാൽ കോർപ്പറേഷൻ സ്വീകരിച്ച തുടർനടപടികളും,ടി കെട്ടിടത്തിന് വസ്തുനികുതി അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ഓഡിറ്റിൽ ഹാജരാക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നമ്പർ 12/2021-22 തിയതി 21.11.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.2019 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 25 പാലിക്കപ്പെടുന്നില്ല. എ-1 ഓക്യൂപ്പെൻസി ഒഴികെയുള്ള എല്ലാ വിനിയോഗങ്ങളേയും ഗാർഹികേതരം (Non Residential) ആയി കണക്കാക്കേണ്ടതും, വസ്തു നികുതി പുതുക്കി നിർണയിക്കേണ്ടതുമാണ്.

## 1-86 അനധികൃത കെട്ടിടങ്ങളുടെ വിവരങ്ങൾ

വിൽവട്ടം മേഖലാ കാര്യാലയത്തിലെ UA രജിസ്റ്റർ പരിശോധിച്ചതിൽ അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങളുടെ വസ്തു നികുതി അടവാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല.

കേരളാ മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 242 പ്രകാരം മുനിസിപ്പാലിറ്റി ആക്ടിലോ അതിൻ കീഴിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളോ പ്രകാരം ഏതെങ്കിലും വ്യക്തി ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്താൽ അയാൾക്കെതിരെ സ്വീകരിക്കുന്ന ഏതെങ്കിലും നടപടിക്ക് ഹാനി കൂടാതെ കെട്ടിടം പണി പൂർത്തിയാക്കുകയോ അത് 233-ാംവകുപ്പ് 2ാം ഉപവകുപ്പിൽ പറയുന്ന ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ അതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ ആ കെട്ടിടം പൊളിച്ച് മാറ്റുന്ന തീയതി വരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തു നികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തുനികുതിയായി ഉടമസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

യു.എ. രജിസ്റ്റർ പ്രകാരമുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി അടവാക്കിയതിന്റ വിവരങ്ങളും കുടിശ്ശിക സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 6 / 2021-22 തിയതി 18/11/2022 ന് ലഭ്യമാക്കിയ മറുപടി പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിടനമ്പർ | ഉടമ | വസ്തുനികുതി | അഭിപ്രായം |
|---|---|---|---|
| 12/UA/589/2<br>(Div.8/UA /1162/1) | ആനി ഫ്രാൻസിസ് | 900+LC<br>2016-17 രണ്ടാംഅർദ്ധവർഷം മുതൽ | 21-22 വരെ അടവാക്കി |
| 11/UA/57<br>(Div.8/UA /7/1624) | മത്തായി പൊറിഞ്ചു<br>(400 Sq.ft) | 26100<br>2017-18 രണ്ടാംഅർദ്ധവർഷം മുതൽ | - |
| 7/UA/150/4/1<br>(Div.11/319/4/1) | ഹരീഷ് പി ഒ<br>(12m2 ) | 3456+LC<br>2017-18 രണ്ടാംഅർദ്ധവർഷം മുതൽ | 2018-19വരെ അടവാക്കി |
| 10/UA/746/1<br>(Div.7/UA /498/1) | സിന്ധു സുജിത്ത് | 14640<br>2017-18 ഒന്നാം അർദ്ധവർഷം മുതൽ | വാണിജ്യാവശ്യം തുക അടവാക്കിയിട്ടില്ല |
| 7/UA/351/1<br>(Div.7/UA /441/1) | പ്രിൻസിപ്പാൾ വിമല കോളേജ്<br>(128.50m2 ) | 53430<br>2010 -11 ഒന്നാം അർദ്ധവർഷം മുതൽ | തുക അടവാക്കിയിട്ടില്ല |

| | | | |
|---|---|---|---|
| 8/UA/435/2 (Div.9/UA /1400/1) | വികാരി മാർ ഗീവർഗീസ് സഹദാ പള്ളി (811.78m2 ) | 49317+ L C 2017-18 രണ്ടാം അർദ്ധവർഷം മുതൽ | 2022-23 വരെ അടവാക്കി വാണിജ്യാവശ്യം |
| 6/UA/904 (Div.9/UA/943 | ശങ്കരൻ നമ്പൂതിരി (1200m2 ) | 56700 2017-18 രണ്ടാം അർദ്ധവർഷം മുതൽ | തുക അടവാക്കിയിട്ടില്ല |
| 8/UA/435/4 (Div.9/UA /1400/2) | വികാരി മാർ ഗീവർഗീസ് സഹദാ പള്ളി (445.98m2 ) | 83622 | 2022-23 വരെ അടവാക്കി |
| 8/UA/442 (Div.9/UA /1392) | മച്ചാടൻ ചാമിക്കുട്ടി | 20160 + L C 2017-18 രണ്ടാം അർദ്ധവർഷം മുതൽ | തുക അടവാക്കിയിട്ടില്ല |
| 6/UA/320/8 (Div.11/UA /591/3) | റോബി, സന്തോഷ്, നസീർ (488.5m2 ) | 21984 + L C 2016-17 ഒന്നാം അർദ്ധവർഷം മുതൽ | തുക അടവാക്കിയിട്ടില്ല |
| 6/UA/331 (Div.11/UA /550/2) | ദിലീപ് കുമാർ | 3780 + L C 2016-17 ഒന്നാം അർദ്ധവർഷം മുതൽ | തുക അടവാക്കിയിട്ടില്ല |
| 12/UA/411/1 (Div.8/UA /335/1) | സന്തോഷ് (204.97m2 ) | 10146 + L C 2017-18 ഒന്നാം അർദ്ധവർഷം മുതൽ | തുക അടവാക്കിയിട്ടില്ല |
| 12/UA/411/1 (Div.8/UA /335/1) | സന്തോഷ് (84.38m2 ) | 4179 + L C 2017-18 ഒന്നാം അർദ്ധവർഷം മുതൽ | 2020-21 വരെ അടവാക്കി |

UA രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ളതും എന്നാൽ സ്ഥാപനം ലഭ്യമാക്കാത്തതുമായ വിവരങ്ങൾ

| കെട്ടിടനമ്പർ | ഉടമ | വസ്തുനികുതി | നികുതി നിർണ്ണയിച്ച കാലയളവ് |
|---|---|---|---|
| 6/UA/66/3 (Div.13/UA /181/2) | തിമോത്തി വടക്കൻ (17m2-- വാസഗൃഹം ) | 918+ LC | 2018-19 ഒന്നാം അർദ്ധവർഷം |
| 4/UA/473/1 (Div.5/UA /249/1) | നളിനി കൃഷ്ണൻകുട്ടി (642.72m2 ഹോസ്റ്റൽ) | 130152+6508+ 13016 | 2017-18 ഒന്നാം അർദ്ധവർഷം |
| 4/UA/473 (Div.5/UA/249) | മാലിനി ശശിധരൻ (223.86m2 ഹോസ്റ്റൽ) | 40296+2015+4030 | 2016-17 ഒന്നാം അർദ്ധവർഷം |
| 4/UA/431/2 (Div.5/UA/215) | അജയകുമാർ കൈമത്തുരുത്തിൽ (315.30m2 ഹോസ്റ്റൽ) | 63849+3192+6385 | 2016-17 ഒന്നാം അർദ്ധവർഷം |
| 4/UA/442/2 (Div.5/UA /283/1) | സുഗതൻ ഇ എ (59.46m2 വാണിജ്യം) | 15699+785+1570 | 2016-17 ഒന്നാം അർദ്ധവർഷം |
| 4/UA/469/6 (Div.5/UA /226/3) | വസന്തൻ (602.20m2 ഹോസ്റ്റൽ) | 121947+6097+12195 | 2016-17 ഒന്നാം അർദ്ധവർഷം |
| 6/UA/367-D (Div.11/UA /489/1) | ശാന്ത കുന്നുള്ളി | | ടെറസ് കെട്ടിടം |
| 3/UA/1958/4 (Div.5/UA /691/4) | കെ.ജനാർദ്ദനൻ & ഡോ.രാജലക്ഷ്മി രാജി നഴ്സിംഗ് ഹോം 9m2 | 2592+ L C | 01.04.14 മുതൽ |
| 5/UA/418/34 (Div.3/UA | രഞ്ജിത്ത് കെ ബി | 27318 ഫോക്കസ് മോട്ടോഴ്സ് | 01.4.2013 മുതൽ |

| | | | |
|---|---|---|---|
| /2000/7) | | ബജാജ് 3വീലർ ഷോറൂം | |

1994ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 242(5) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിച്ചതും മൂന്നാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം പ്രത്യേക നമ്പർ നല്കിയിട്ടുള്ളതും 406-ാം വകുപ്പ് പ്രകാരമുള്ള നടപടിക്ക് വിധേയമാക്കേണ്ടതുമായ കെട്ടിടങ്ങൾ കച്ചവടത്തിനായോ വ്യാപാരാവശ്യങ്ങൾക്കായോ വ്യവസായാവശ്യങ്ങൾക്കായോ മറ്റേതെങ്കിലും ആവശ്യത്തിനായോ ഉപയോഗപ്പെടുത്തുന്നതിന് മുനിസിപ്പാലിറ്റി അനുമതിയോ ലൈസൻസോ നല്കാൻ പാടില്ലാത്തതും അപ്രകാരം ഏതെങ്കിലും നല്കിയിട്ടുണ്ടെങ്കിൽ കെട്ടിട ഉടമയ്ക്കും ലൈസൻസിക്കും നോട്ടീസ് നല്കി പുന:പരിശോധിക്കേണ്ടതും റദ്ദ് ചെയ്യേണ്ടതുമാണ്. മാത്രമല്ല സ.ഉ.(എം.എസ്) നം.170/2016 ത.സ്വ.ഭ.വ തീയതി 16.11.2016 പ്രകാരം അനധികൃത നിർമ്മാണം, കെട്ടിടനിർമ്മാണചട്ടങ്ങളും നിയമങ്ങളും ലംഘിക്കപ്പെടുന്ന 1500 സ്ക്വയർ ഫീറ്റ് വരെയുള്ള വാസഗൃഹങ്ങൾക്ക് യു.എ.നം നല്കി താൽക്കാലികമായി റസിഡൻഷ്യൽ സർട്ടിഫിഫിക്കറ്റ് നല്കി നിയമപ്രകാരമുള്ള സാക്ഷ്യപത്രങ്ങൾ നല്കുന്നതിനും വസ്തുനികുതി ഈടാക്കുന്നതിനുമുള്ള അധികാരമാണ് കോർപ്പറേഷനുകൾക്കു നല്കിയിട്ടുള്ളത്. യു.എ നം നൽകിയെന്ന കാരണത്താൽ ഈ കെട്ടിടങ്ങൾ അനധികൃത നിർമ്മാണത്തിനെതിരെ സ്വീകരിക്കേണ്ട നിയമനടപടികളിൽ നിന്നും ഒഴിവാക്കപ്പെടുന്നില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

അനധികൃതനിർമ്മാണങ്ങൾക്കെതിരെ നിയമാനുസൃതനടപടികൾ സ്വീകരിക്കേണ്ടതാണ്. അത്തരം കെട്ടിടങ്ങൾ പൊളിച്ചുകളയുന്നത് വരെ കേരളാ മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 242 പ്രകാരം വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്.

## 1-87 മാർ അദ്ദായ് ശ്ലീഹാ ചർച്ച് കോമ്പൗണ്ടിൽ അനധികൃതനിർമ്മാണം -തുടർനടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

ഫയൽ നമ്പർ OLK3 1466/20/BR/ 01/2020-21

തൃശ്ശൂർ കോർപ്പറേഷൻ 14 ാം വാർഡിൽ മാർ അദ്ദായ് ശ്ലീഹാ പള്ളി കോമ്പൗണ്ടിൽ താഴെപ്പറയുന്ന അനധികൃത നിർമ്മാണങ്ങൾ നടത്തിയിട്ടുണ്ട്.

പള്ളി കോമ്പൗണ്ടിൽ പള്ളിക്ക് പുറകു വശത്തായി രണ്ട് കെട്ടിടങ്ങൾക്ക് ഇടയിലുള്ള ട്രസ്റ്റ് റൂഫിംഗ് നടത്തുന്നതിനുള്ള പില്ലർ സ്ഥാപിച്ചിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് നടത്തിയ പരിശോധനയിൽ നിലവിലുള്ള പള്ളിയേയും ഹാളിനേയും ബന്ധിപ്പിച്ചുകൊണ്ട് ട്രസ്റ്റ് വർക്ക് പൂർത്തീകരിച്ചതായും ആയത് 10.30*20.45M സൈസുള്ള ഷെഡ് നിർമ്മിതിയാണെന്നും , ഷെഡ് നിർമ്മാണം പൂർത്തീകരിച്ചതായും 30.10.19 ൽ ബിൽഡിംഗ് ഇൻസ്പെക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർവ്വേ നം.665/2,666/1,665/1,664/1,876/7 ഉൾപ്പെട്ട 3905 M2 സ്ഥലത്ത്ചർച്ച് ഓഫീസ് റൂം , ഓഡിറ്റോറിയം എന്നിവയുടെ ഇടയിൽ അനധികൃതമായി Covered Parking Area നിർമ്മിച്ചിരിക്കുന്നു.

DW4/31753/19നമ്പർ കത്ത് പ്രകാരം നിർമ്മാണപ്രവൃത്തികൾ നിറുത്തി വക്കുന്നതിനും കോർപ്പറേഷനിൽ നിന്നും പെർമിറ്റ് ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണങ്ങൾ നടത്താവൂ എന്നും അറിയിച്ചുകൊണ്ട് 12.8.19ൽ മേൽ നമ്പർ നോട്ടീസ് നൽകിയിരുന്നു. തുടർന്ന് അനധികൃത നിർമ്മാണം ക്രമവത്കരിക്കുന്നതിന് 24.8.20ന് അപേക്ഷ സമർപ്പിച്ചു.പള്ളി കോമ്പൗണ്ടിൽ നടത്തിയിട്ടുള്ള അനധികൃത നിർമ്മാണങ്ങൾ KMBR-2019 ചട്ടങ്ങൾക്ക് വിധേയമായി ക്രമപ്പെടുത്തി അപേക്ഷ സമർപ്പിക്കുന്നതിന് 14.5.20ൽ നോട്ടീസ് നൽകിയിരുന്നെങ്കിലും പണി പൂർത്തീകരിച്ചതായാണ് ബിൽഡിംഗ് ഇൻസ്പെക്ടറുടെ റിപ്പോർട്ട് പ്രകാരം കാണുന്നത്. വീണ്ടും 9.6.20, 16.3.21, 14.9.21 തീയതികളിൽ താഴെ പ്പറയുന്ന അപാകതകൾ പരിഹരിച്ച് അപേക്ഷ പുന സമർപ്പിക്കാൻ അറിയിപ്പ് നൽകിയിരുന്നു.

1.കെ.എം. ബി.ആർ റൂൾ 5(4) പ്രകാരം ജില്ലാ കളക്ടറുടെ NOCഹാജരാക്കിയിട്ടില്ല.

2.ഹാജരാക്കിയ പൊസ്സഷൻ സർട്ടിഫിക്കറ്റിൽ ഭൂമിയുടെ തരം രേഖപ്പെടുത്തിയിട്ടില്ല.

3.പ്ലോട്ടിലെ അളവുകൾ ഒന്നും തന്നെ അടയാളപ്പെടുത്തിയിട്ടില്ല.

4.സർവേ നമ്പർ പ്രത്യേകം പ്ലോട്ട് തിരിച്ച് അടയാളപ്പെടുത്തേണ്ടതാണ്.

5.സൈറ്റിൽ നടക്കുന്ന പുതിയ നിർമ്മാണങ്ങൾ പ്ലോട്ട് അതിരുകൾ ബിൽഡിംഗിന്റെ മെഷർമെന്റ്സ്,സെറ്റ് ബാക്കുകൾ ,റോഡ് വൈഡനിംഗുകൾ ,നിലവിലുള്ള ബിൽഡിംഗിന്റെ നമ്പർ എന്നിവയെല്ലാം പ്ലാനിൽ കാണിക്കേണ്ടതാണ്.

6.പ്ലാനിന് ഉള്ളിലുള്ള മെഷർമെന്റ്സ് എഴുതേണ്ടതാണ്.

7.പാർക്കിംഗ്,ടോയ്ലറ്റ് ,Heights Of Constructions,existing Work, Extensiom Work Width ,Length എന്നിവയെല്ലാം പ്ലാനിൽ കാണിക്കേണ്ടതാണ്.

എന്നാൽ ഫയൽ പരിശോധിച്ചതിൽ നിന്നും മേൽ നോട്ടീസുകൾക്ക് യാതൊരു മറുപടിയും ലഭ്യമാക്കിയിട്ടില്ലാത്തതായും ന്യൂനതകൾ പരിഹരിച്ച് അപേക്ഷ പുന സമർപ്പിച്ചിട്ടില്ലാത്തതുമാണ്.

അനധികൃതനിർമ്മാണം പൂർണ്ണമായും ചട്ടപ്രകാരം ക്രമവത്കരിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതും ഏതെങ്കിലും വിധത്തിലുള്ള ചട്ടലംഘനമുണ്ടെങ്കിൽ അനധികൃത നിർമ്മാണത്തിനെതിരെ ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്നും അറിയിച്ച് 4.8.21 ന് ചീഫ് ടൗൺ പ്ലാനർ കോർപ്പറേഷൻ സെക്രട്ടറിക്ക് TCPCTP/1192/20 2(1) നമ്പർ കത്ത് നൽകിയിട്ടുണ്ട്.

മേൽ കത്തിന്റെ അടിസ്ഥാനത്തിൽ അനധികൃതനിർമ്മാണം ക്രമവത്കരിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതിന് ബഹു.ജില്ലാകളക്ടറിൽ നിന്നും എൻ.ഒ.സി ലഭ്യമാക്കി,നിർമ്മാണ അനുമതി ലഭ്യമായതിനു ശേഷം മാത്രമേ നിർമ്മാണങ്ങൾ നടത്താവൂ എന്നറിയിച്ചുകൊണ്ട് 14.9.21 ന് OLK3-1466/20/BR/01/20-21 കത്ത് നൽകിയിട്ടുളളതാണ്.ഫയൽ പരിശോധിച്ചതിൽ നിന്നും നാളിതു വരെ റഗുലറൈസ് ചെയ്യുന്നതിനുള്ള യാതൊരു രേഖകളും ഹാജരാക്കിയിട്ടില്ലാത്തതായി കാണുന്നു.

1994 ലെ കേരളാ മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 242 അനുസരിച്ച് ഏതെങ്കിലും ഒരാൾ കെട്ടിടം അനധികൃതമായി നിർമ്മിക്കുകയോ പുനർ നിർമ്മിക്കുകയോ ചെയ്താൽ അയാൾക്കെതിരെ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിക്ക്

ഹാനി കൂടാതെ പണി പൂർത്തീകരിക്കുകയോ അതിൽ താമസിക്കുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ നിർമ്മാണങ്ങൾ പൊളിച്ചുകളയുകയോ ചെയ്യുന്നത് വരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതാണെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തു നികുതിയും അതിന്റെ രണ്ടിരട്ടിയും ചേർന്നുള്ള തുക നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ നികുതിയായി ചുമത്തേണ്ടതാണ്. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി 13/17.11.22 ന്, സ്ഥലപരിശോധനയിൽ നിലവിലുള്ള ചർച്ച് ഓഫീസ് റൂം , ഓഡിറ്റോറിയം എന്നിവയുടെ ഇടയിലുള്ള സ്ഥലത്ത് 10.30*20.45 മീറ്റർ അളവുകളിൽ ട്രസ്സ് വർക്ക് ഷീറ്റ് മേഞ്ഞിട്ടുണ്ടെന്നും ആയതിന് കോർപ്പറേഷൻ സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുണ്ടെന്നും എന്നാൽ ടി സ്ഥലത്ത് നിർമ്മാണങ്ങൾ പൂർത്തീകരിച്ചതായും അനധികൃത നിർമ്മാണം ക്രമവത്കരിച്ചിട്ടില്ലെന്നും,അനധികൃത നിർമ്മാണം ക്രമവത്കരിക്കുന്നതു വരെ യു.എ നികുതി ചുമത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.നിരവധി തവണ റഗുലറൈസ് ചെയ്യുന്നതിനുള്ള അറിയിപ്പ് നൽകിയിട്ടും നടപടികൾ സ്വീകരിക്കാത്തതിനാൽ 1994 ലെ കേരളാ മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 242 അനുസരിച്ച് നടപടികൾ സ്വീകരിക്കേണ്ടതാണ്.1994 ലെ കേരളാ മുനിസിപ്പാലിറ്റി ആക്ട് 539 ാം വകുപ്പ് (2) പ്രകാരം യഥാസമയം നടപടികൾ കൈക്കൊള്ളുന്നതിൽ വീഴ്ച വരുത്തുന്നതു മൂലം നഗരസഭയ്ക്ക് കിട്ടേണ്ട തുക കാലഹരണപ്പെടുന്ന പക്ഷം അത് ഉദ്യോഗസ്ഥരുടെ വീഴ്ച മൂലമാണെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തുക ഈടാക്കുന്നതിന് വ്യവസ്ഥയുണ്ട്. നിയമാനുസൃതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഈ വിഷയം 2020-21 ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും നടപടികൾ സ്വീകരിക്കാത്തതിനാൽ 2021-22 സാമ്പത്തികവർഷത്തിലും അപാകതകൾ പരിഹരിക്കാതെ നിലനില്ക്കുന്നു).

## 1-88 റഗുലറൈസ് ചെയ്യാൻ നോട്ടീസ് നൽകി /നിരസിച്ച അപേക്ഷകളിൻമേൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

റഗുലറൈസ് ചെയ്യാൻ ലഭ്യമായ അപേക്ഷകൾക്ക് വിവിധ കാരണങ്ങളാൽ നോട്ടീസ് നൽകിയിട്ടുണ്ട്. ടി കെട്ടിടങ്ങൾ സ്ഥാപനപരിധിയിൽ നിലനിൽക്കുന്നവ ആയതിനാൽ ഇവയെ അനധികൃത നിർമ്മാണമായി പരിഗണിച്ച് നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ട് ഇരട്ടി തുകയും ഈടാക്കാവുന്നതാണ്. കേരളാ മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 242 അനുസരിച്ച് ഏതെങ്കിലും ഒരാൾ കെട്ടിടം അനധികൃതമായി നിർമ്മിക്കുകയോ പുനർ നിർമ്മിക്കുകയോ ചെയ്താൽ അയാൾക്കെതിരെ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിക്ക് ഹാനി കൂടാതെ പണി പൂർത്തീകരിക്കുകയോ അതിൽ താമസിക്കുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ നിർമ്മാണങ്ങൾ പൊളിച്ചുകളയുകയോ ചെയ്യുന്നത് വരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതാണെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തു നികുതിയും അതിന്റെ രണ്ടിരട്ടിയും ചേർന്നുള്ള തുക നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തുനികുതിയായി ഉടമസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

കേരളാ മുനിസിപ്പാലിറ്റീസ് ആക്ട് 242(5)പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിച്ചതും 3 ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം പ്രത്യേക നമ്പർ നൽകിയിട്ടുള്ളതും 406 ാം വകുപ്പ് പ്രകാരമുള്ള നടപടിയ്ക്ക് വിധേയമാക്കേണ്ടതുമായ കെട്ടിടങ്ങൾ കച്ചവടത്തിനായോ വ്യാപാരത്തിനായോ വ്യവസായ ആവശ്യത്തിനായോ മറ്റേതെങ്കിലും ആവശ്യത്തിനായോ ഉപയോഗപ്പെടുത്തുന്നതിന് മുനിസിപ്പാലിറ്റി അനുമതിയോ ലൈസൻസോ നൽകുവാൻ പാടില്ലാത്തതും അപ്രകാരം നൽകിയിട്ടുണ്ടെങ്കിൽ കെട്ടിടഉടമയ്ക്കും ലൈസൻസിക്കും നോട്ടീസ് നൽകി അത് പുന:പരിശോധിക്കേണ്ടതും റദ്ദ് ചെയ്യേണ്ടതുമാണെന്നും 16.11.2016 ലെ സ.ഉ (എം.എസ്) നം. 170/2016ത.സ്വ.ഭ.വ പ്രകാരം കെട്ടിട നിർമ്മാണ ചട്ടങ്ങളും നിയമങ്ങളും ലംഘിക്കപ്പെടുന്ന വാസഗൃഹങ്ങൾക്ക് യു.എ നമ്പർ നൽകി താൽക്കാലികമായി റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് നൽകി നിയമപ്രകാരമുള്ള സാക്ഷ്യപത്രങ്ങൾ നൽകുന്നതിനും വസ്തുനികുതി ഈടാക്കുന്നതിലും ഉള്ള അധികാരം ആണ് കോർപ്പറേഷനുകൾക്ക് നൽകിയിട്ടുള്ളത്. അത്തരം കെട്ടിടങ്ങൾക്ക് യു.എ നമ്പർ നൽകിയെന്ന കാരണത്താൽ അനധികൃത നിർമ്മാണത്തിനെതിരെ സ്വീകരിക്കേണ്ട നിയമനടപടികളിൽ 1999ലെ കേരളാ മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ ചട്ടം 147,2019 ലെ കേരളാ മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ ചട്ടം 96 എന്നിവ പ്രകാരമുള്ള നടപടികളിൽ നിന്നും ഒഴിവാക്കപ്പെടുന്നില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

അപ്രകാരം ഉള്ള കെട്ടിടങ്ങൾ കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നത് സ്ഥാപനത്തിന്റെ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും നിയമലംഘനങ്ങൾക്ക് പരിഹാരം ഉണ്ടാക്കുകയും ചെയ്യും. അപാകതകൾ പരിഹരിക്കുന്നതിന് നോട്ടീസ് നല്കിയെങ്കിലും ആയത് നാളിതുവരെ പരിഹരിക്കുകയോ പെർമിറ്റ് അനുവദിക്കുകയോ ചെയ്തിട്ടില്ല.

| ഫയൽനമ്പർ | അപേക്ഷകന്റെ വിവരം | വിസ്തീർണ്ണം | നിരസിച്ച കാരണം | നടപടി സ്വീകരിച്ചതിന്റെ വിവരം |
|---|---|---|---|---|
| OLK3/4121 /21/BR /15/21-22 | പി.ആർ.ചന്ദനം പണ്ഡിതർഹൗസ് ഒല്ലൂക്കര.പി.ഓ | കാർ പാർക്കിംഗ് | പൊസ്സഷൻ സർട്ടിഫിക്കറ്റ് പ്രകാരം നിലമായതിനാൽ കേരളാ തണ്ണീർത്തടസംരക്ഷണ നിയമലംഘനം | 5.2.22ന് നോട്ടീസ് നൽകി |
| OLK3/208 /22/BR /63/21-22 | ബഞ്ചമിൻ.പി.വി പുലിക്കോട്ടിൽ പുല്ലോക്കാരൻ തൃശ്ശൂർ | 110.48 M2 | അപേക്ഷയിലെ അപ്പൻഡിക്സ്A1 പൂർണ്ണമായും പൂരിപ്പിച്ചിട്ടില്ല.<br>ലൈസൻസിയുടെ വാലിഡിറ്റിയോടു കൂടിയ രജിസ്ട്രേഷൻ പകർപ്പ് ഹാജരാക്കിയിട്ടില്ല.<br>നോട്ടറി അറ്റസ്റ്റ് ചെയ്ത കൺസെന്റ് ഡോക്യുമെന്റ് ഹാജരാക്കിയിട്ടില്ല.<br>സ്ഥലത്തിന്റെ തരം വ്യക്തമാക്കുന്ന | |

| | | | | |
|---|---|---|---|---|
| | | | രേഖ ഹാജരാക്കിയിട്ടില്ല.<br>കെട്ടിടത്തിന്റെ ഒന്നാംനിലയിൽ സെറ്റ്ബാക്ക് കുറഞ്ഞ വശങ്ങളിൽ വിൻഡോ ഓപ്പണിംഗ് വെന്റിലേഷൻ ഓപ്പണിംഗ് എന്നിവ നൽകിയതായി ക്കാണുന്നു.R 72(10) പ്രകാരം പരിഗണിക്കാവുന്നതല്ല.<br>R 74(b)യുടെ വയലേഷൻ കാണുന്നു. ആയതിന്റെ ഏരിയ വ്യക്തമാക്കേണ്ടതാണ്. | |
| OLK3/5590 /21/BR /53/21-22 | മെട്രോപൊളിറ്റൻ കാൽഡിയൻ സിറിയൻ ചർച്ച് തൃശ്ശൂർ | 47.38 M2 | പ്ലോട്ടിന്റെ അതിരിൽ നാഷണൽ ഹൈവേ ചെയ്യുന്നതിനാൽ ടി അതിരിൽ നിന്നും അകലം പാലിക്കേണ്ടതാണ്.അല്ലാത്ത പക്ഷം NH ൽ നിന്നും എൻ.ഓ.സി ഹാജരാക്കേണ്ട<br>താണ്. | 14.7.22ന് നോട്ടീസ് നൽകി |
| OLK3/2872 /21/BR /04/21-22 | വർഗ്ഗീസ് വില്ലടം ഹൗസ് ഒല്ലൂക്കര | 109.25 M2 | 1.എ.ആർ ഡീറ്റയിൽസ് പ്രകാരമുള്ള ഏരിയയേക്കാൾ കൂടുതൽ പ്ലാനിലും സൈറ്റിലും കാണുന്നു.<br>2.കംപ്ലീഷൻ പ്ലാൻ പുന:സമർപ്പിക്കേണ്ടതാണ്. | 31.1.22ന് നോട്ടീസ് നൽകി |
| OLK3/5216 /21/BR /39/21-22 | അമ്മാള്. കൊടകര ഹൗസ് മണ്ണുത്തി | 94 M2 | നിലവിലുള്ള കെട്ടിടത്തിന്റെ ഫസ്റ്റ് ഫ്ലോർ എക്സ്റ്റെൻഷൻ ക്രമവത്കരിക്കുന്നതിനു വേണ്ടിയാണ് അപേക്ഷ . ടി സ്ഥലത്ത് ക്രമവത്കരിക്കേണ്ട മറ്റു കെട്ടിടങ്ങൾ കൂടി ഉള്ളതിനാൽ ക്രമവത്കരണ അപേക്ഷ സഹിതം ഹാജരാക്കേണ്ട<br>താണ്. | 26.9.22 ന് നോട്ടീസ് നൽകി |
| OLK3/4718 /21/BR /32/21-22 | റോയി .സി.റ്റി ചെറുവത്തൂർ ഹൗസ് മണ്ണുത്തി | 7.6 M കിണർ | അതിർത്തി അളവ് മാർക്ക് ചെയ്ത അംഗീകൃത സ്കെച്ച് ഹാജരാക്കണം | 26.9.22 ന് നോട്ടീസ് നൽകി |
| OLK3/5665 /21/BR /55/21-22 | സരോജം .കെ.ജി ., മണ്ണുത്തിക്കൽ , നടത്തറ റോഡ് , മണ്ണുത്തി | 154.68 M2 | 1.പുതിയ പൊസ്സഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ട<br>താണ്.<br>2.ആവശ്യമായ<br>ഹാൻഡിക്യാപ്ഡ് ടോയ്‌ലറ്റിന് ആവശ്യമായ അളവുകൾ ലഭ്യമാക്കിയിട്ടില്ല.<br>3.കെ.എം.ബി.ആർ ചട്ടങ്ങളിലെ റൂൾ 23 പാലിക്കപ്പെട്ടിട്ടില്ല. | 26.9.22 ന് നോട്ടീസ് നൽകി |
| OLK3/4677 /21/BR /31/21-22 | എൻ.ആർ മുകുന്ദൻ നമ്പനത്ത് മണ്ണുത്തി | 9.25 M2 | അതിർത്തി അളവുകൾ മാർക്ക് ചെയ്ത അംഗീകൃത സ്കെച്ച് ഹാജരാക്കേണ്ടതാണ് | 26.9.22 ന് നോട്ടീസ് നൽകി |
| OLK3/4594 /21/BR /29/21-22 | കെ.വി.പീറ്റർ കുന്നത്ത്ഹൗസ് മണ്ണുത്തി | 10.9 M2 കിണർ | അതിർത്തി അളവുകൾ മാർക്ക് ചെയ്ത അംഗീകൃത സ്കെച്ച് ഹാജരാക്കേണ്ട<br>താണ് | 26.9.22 ന് നോട്ടീസ് നൽകി |
| OLK3/4298 /21/BR /19/21-22 | കെ.എസ്.ഇ.ബി 110kv സബ്സ്റ്റേഷൻ റഗുലറൈസേഷൻ | 430.47 M2 | 1.സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകളില്ല.<br>2.ഫയർ എൻ.ഓ.സി ഹാജരാക്കിയിട്ടില്ല.<br>3.കെ. എം.ബി ആർ 2019 പ്രകാരമുള്ള സെറ്റ് ബാക്കുകൾ ലഭ്യമല്ല.<br>4.KMBR 2019 പ്രകാരം | 26.9.22ന് നോട്ടീസ് നൽകി |

| | | | | |
|---|---|---|---|---|
| | | | Excemption ലഭിക്കുന്നതിന് KMBR 2019<br>Appendix MN<br>പ്രകാരം സർക്കാരിലേക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. | |
| OLK3/3085 /21/BR /06/21-22 | സന്തോഷ് അരിമ്പൂർ ഹൗസ് മുല്ലക്കര | 26.7 M2 | നിലവിൽ സ്ഥലത്തിന്റെ അതിരുകൾ വ്യക്തമല്ലാത്തതിനാൽഅതിരളവുകൾ വ്യക്തമാക്കുന്നതിന് താലൂക്ക് സർവേയർക്ക് അപേക്ഷ<br>നൽകി .രേഖകൾ ഹാജരാക്കേണ്ട<br>താണ്. | 26.9.22 ന് നോട്ടീസ് നൽകി |
| OLK3/403 /21/BR /71/21-22 | ജോസഫ് ഒല്ലൂക്കാരൻഹൗസ് നെല്ലിക്കുന്ന | 136.71 M2 | 1.ഫ്രന്റ് സെറ്റ് ബാക്കിൽ പണിതിരിക്കുന്ന ട്രസ്സ് വർക്കുകൾ നീക്കം ചെയ്തതായി കാണുന്നില്ല<br>2.സെറ്റ് ബാക്ക് കുറഞ്ഞ സ്ഥലങ്ങളിൽ ഓപ്പണിംഗ് കാണുന്നു. | 6.6.22 ന് നോട്ടീസ് നൽകി |
| OLK3/5760 /21/BR /58/21-22 | ജോജ്ജ ഡേവിഡ് ബ്രഹ്മകുളം ഹൗസ് | 728 M2 | 1.KMBR 2019 23(1) മാൻഡേറ്ററി Open Space ലംഘനം<br>2.റൂൾ 26(4) സെറ്റ് ബാക്ക് ലംഘനം (Side &Rear)<br>3. റൂൾ 27 Coverage, FSI എന്നിവ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.<br>4. Rule 29,34 എന്നിവയുടെ കാൽക്കുലേഷൻ സ്റ്റേറ്റ്മെന്റ് തെറ്റായി കാണുന്നു.<br>5. റൂൾ 39,Passage Way,clear Width 1 M പാലിക്കുന്നില്ല. (N&S Side Of Building)42(4) C ലംഘനം കാണുന്നു.<br>6.റൂൾ 29(4) പ്രകാരം ആവശ്യമായ Maneuvering Space Provide ചെയ്യേണ്ടതാണ്.<br>7. റൂൾ 75(2) പ്ലാനിൽ രേഖപ്പെടുത്തേണ്ടതാണ്.<br>8.റൂൾ 76(3) Urban Forestry Measurement സഹിതം രേഖപ്പെടുത്തേണ്ടതും സൈറ്റിൽ നൽകേണ്ടതുമാണ്.<br>9. Rule 77,78 എന്നിവ പ്രകാരമുള്ള സംവിധാനങ്ങൾ നൽകി കാണുന്നില്ല.<br>10. Rule 79(3) പാലിക്കുന്നതായി കാണുന്നില്ല.<br>11.ഏരിയ സ്റ്റേറ്റ്മെന്റ് ഷീറ്റിൽ അളവുകൾ അവ്യക്തമാണ്. | 25.7.22 ന് നോട്ടീസ് നൽകി |

ഇത്തരം കെട്ടിടങ്ങളിലെ അപാകതകൾപരിഹരിച്ചിട്ടുണ്ടോ ,നിർമ്മാണം പൂർത്തിയായിട്ടുണ്ടോ എന്ന വിവരങ്ങൾ പരിശോധിച്ച് നിയമപ്രകാരം റഗുലറൈസ് ചെയ്യാൻ സാധിക്കുന്നവ ഫീസ് ഈടാക്കി അനുമതി നൽകുവാൻ നടപടികൾ സ്വീകരിക്കേണ്ടതും അല്ലാത്തവ ഉണ്ടെങ്കിൽ അനധികൃത നിർമ്മാണങ്ങളുടെ പട്ടികയിൽ പ്പെടുത്തി മേൽപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-89 അംഗീകൃതപ്ലാനിൽ നിന്നും വ്യതിചലിച്ച് കെട്ടിടനിർമ്മാണം നടത്തിയത് നാളിതുവരെ ക്രമവത്കരിച്ചിട്ടില്ല.

OLK3/BA/19-20

മദർ സുപ്പീരിയർ ബത്‌ലഹേം കോൺവെന്റ് എന്നവർ സർവ്വേ നമ്പർ 347/7,347/14 സ്ഥലത്ത് നിലവിലുള്ള 1873.20 M2 വരുന്ന ക്ലാസ്സ് റൂം ബിൽഡിംഗിനോടു ചേർന്ന് 74.46 M2 എക്സ്റ്റൻഷൻ വർക്ക് ചെയ്യുന്നതിനായി 2.8.19 ൽ അപേക്ഷ സമർപ്പിക്കുകയും 12.2.20 ൽ ബിൽഡിംഗ് പെർമിറ്റ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള 1873.20 M2 വരുന്ന ക്ലാസ്സ് റൂം ബിൽഡിംഗിനോടു ചേർന്ന് 74.46 M2 പ്രത്യേക ബിൽഡിംഗ് പണിയുന്നതിനാണ് അനുമതി നൽകിയിരുന്നത്.6.3.21 ൽ ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനായി ഹാജരാക്കിയ കംപ്ലീഷൻ പ്ലാൻ പ്രകാരം നൽകിയ പുതിയ പ്ലാനിൽ നിലവിലുള്ള കെട്ടിടത്തോടു ചേർന്നാണ് ബിൽഡിംഗ് പണിതിരിക്കുന്നത് എന്നും അപ്രൂവ്ഡ് പ്ലാനിൽ നിന്നും വ്യത്യസ്തമായി അനുമതി നൽകിയ വിസ്തീർണ്ണത്തിലും (76.46 M2 ) അധികരിച്ചാണ് പണി

പൂർത്തീകരിച്ചിരിക്കുന്നത് എന്നും കാണുന്നു.ഈ അപാകതകൾ അറിയിച്ച് 22.3.21 ൽ OLK3-3884/19/BA/91/19-20 കത്തു നൽകുകയും അപാകത പരിഹരിച്ച 12.4.21 ൽ ഹാജരാക്കിയ മദർ സുപ്പീരിയറിന്റെ അപേക്ഷ പരിശോധിച്ചതിൽ നിന്നും 28.7.21 ൽ താഴെപ്പറയുന്ന അപാകതകൾ അറിയിച്ചുകൊണ്ട് കക്ഷിക്ക് കത്തു നൽകിയിരുന്നു

1.സ്ഥലത്തിന്റെ പുതിയ പൊസ്സഷൻ സർട്ടിഫിക്കറ്റ് , ഭൂ നികുതി രസീതി എന്നിവ ഹാജരാക്കണം

2.കെട്ടിടം റഗുലറൈസ് ചെയ്യുന്നതിന് KMBRറൂൾ 30 പ്രകാരം ജില്ലാ ടൗൺ പ്ലാനറുടെ അനുമതി ആവശ്യമാണ്. ( Built Up Area More Than 1500sq. M)

3.KMBR 2019 Rule 5(4) പ്രകാരം 1000 ച.മീറ്ററിൽ അധികരിക്കുന്ന കെട്ടിടങ്ങൾക്ക് ഫയർ എൻ.ഓ.സി ആവശ്യമാണ്.എന്നാൽ മേൽ കത്തിനു മറുപടിയായി 26.3.22 ൽ പ്ലാൻ മാത്രമാണ് ഹാജരാക്കിയിരിക്കുന്നത്. മറ്റു രേഖകൾ പ്ലാനിനോടൊപ്പം ഹാജരാക്കിയിട്ടില്ല. പ്ലാൻ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ സ്ഥലം ,നിർമ്മാണം എന്നിവ പരിശോധിച്ചതിൽ താഴെ പ്പറയുന്ന അപാകതകൾ കൂടി 20.9.22 ന് ഓവർസിയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

1.പ്രസ്തുത പ്ലോട്ടിന്റെ വടക്കുവശത്തുള്ള റോഡ് (നെല്ലങ്കര -മുക്കാട്ടുകര റോഡ്) ,കിഴക്കു വശത്തുള്ള റോഡ് ( മുക്കാട്ടുകര -ഒല്ലൂക്കര റോഡ്)എന്നിവയ്ക്ക് 12 മീറ്റർ റോഡ് വൈഡനിംഗ് പ്രൊപ്പോസൽനിലവിലുള്ളതാണ്. ആയത് കംപ്ലീഷൻ പ്ലാനിൽ കാണിക്കേണ്ടതാണ്.

2. റോഡ് വൈഡനിംഗിന് ആവശ്യമായി വരുന്ന ഭാഗത്ത് അനുവദിച്ച പാർക്കിംഗ് സ്ഥലം മാറ്റി സ്ഥാപിക്കേണ്ടതാണ്.

3. അപ്പൻഡിക്സ് A1 റഗുലറൈസേഷൻ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

4.കെട്ടിടത്തിന് ആവശ്യമായി വരുന്ന പാർക്കിംഗ് കാൽക്കുലേഷൻ, സാനിറ്ററി അറേഞ്ച്മെന്റ് കാൽക്കുലേഷൻ എന്നിവ കംപ്ലീഷൻ പ്ലാനിൽ കാണിക്കേണ്ടതാണ്.

പെർമിറ്റ് എടുക്കാതെ അല്ലെങ്കിൽ അംഗീകൃത പെർമിറ്റിൽ നിന്ന് വ്യതിചലിച്ച് നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് അപ്രകാരമുള്ള നിർമ്മാണചട്ടങ്ങൾ പാലിച്ചിട്ടുണ്ടെങ്കിൽ പ്രാബല്യത്തിലുള്ള പെർമിറ്റ് ഫീസിന്റെ ഇരട്ടി രാജിയാക്കൽ ഫീസായി ഈടാക്കിക്കൊണ്ട് നിർമ്മാണം ക്രമവത്കരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം കേരളാ മുനിസിപ്പാലിറ്റി ആക്ട് 242 വകുപ്പ് പ്രകാരം മുനിസിപ്പാലിറ്റി ആക്ടിലോ അതിൻ കീഴിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളോ പ്രകാരം ഏതെങ്കിലും ആൾ ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്താൽ അയാൾക്കെതിരെ സ്വീകരിക്കുന്ന ഏതെങ്കിലും നടപടിക്ക് ഹാനി കൂടാതെ കെട്ടിടം പണി പൂർത്തിയാക്കുകയോ അത് 233വകുപ്പ് 2ാം വകുപ്പിൽ പറയുന്ന ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ അതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ ആ കെട്ടിടം പൊളിച്ചു മാറ്റുന്ന തീയതി വരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തു നികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർത്തുള്ള തുക നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടിട്ടുള്ള കെട്ടിടത്തിന്റെ വസ്തു നികുതിയായി ഉടമസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. എന്നാൽ അപാകതകൾ അറിയിച്ച് കത്ത് നൽകുന്നതല്ലാതെ യു.എ നികുതി ചുമത്തുന്നതിനുള്ള നടപടികൾ ഒന്നും തന്നെ നാളിതു വരെ നഗരസഭ സ്വീകരിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 11/16.11.2022 ന് കെട്ടിടത്തിൽ കൂടുതലായി നിർമ്മിച്ചിട്ടുള്ള ഭാഗത്തിന് യു.എ.നികുതി ചുമത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ഫയൽ റവന്യൂ വിഭാഗത്തിന്റെ ക്ലിയറിൻസിനു വേണ്ടി നൽകിയിട്ടുള്ളതാണ് എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട്. ഉടർ നടപടികൾ സ്വീകരിച്ച് ഇത്തരം അപാകതകൾ പരിഹരിക്കേണ്ടതാണ്. (ഈ വിഷയം 2020-21 ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും നടപടികൾ സ്വീകരിക്കാത്തതിനാൽ 2021-22 സാമ്പത്തികവർഷത്തിലും അപാകതകൾ പരിഹരിക്കാതെ നിലനിൽക്കുന്നു).

## 1-90 അനധികൃത നിർമ്മാണം ക്രമവത്കരിക്കേണ്ടതാണ്

OLK3/4579/21/BR-28/21-22

ഒല്ലൂക്കര വില്ലേജ് സർവ്വേ നമ്പർ 440/2,440/1 ൽ ഉൾപ്പെട്ട സ്ഥലത്ത് നിർമ്മിച്ചിട്ടുള്ള പോൾ റഗുലറൈസേഷനായി റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് 8.10.2021 ന് സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിൽ, ടവർ നിർമ്മിച്ചിട്ടുള്ള കെട്ടിടം എ.ആർ രേഖകൾ,ആധാരം എന്നിവ പ്രകാരം ഒരു നില കെട്ടിടമായിരുന്നു എന്നാൽ നിലവിൽ ഇരു നില കെട്ടിടമാണ് ( 12.11.2021 ലെ ഓവർസിയറുടെ റിപ്പോർട്ട് ), ഈ കെട്ടിടത്തിന് മുകളിൽ ഒരു പരസ്യ ബോർഡ് സ്ഥാപിച്ചിട്ടുണ്ട്. ആയതിനാൽ കെട്ടിടം, പരസ്യ ബോർഡ്, മൊബൈൽ ടവർ എന്നിവ അനധികൃത നിർമ്മാണമായി കണക്കാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ച് 12.11.2021 ൽ OLK3-4579/21/BR/28/21-22കത്ത് ഉടമസ്ഥന് നൽകിയിരുന്നു.കെട്ടിടത്തിന്റെ രേഖകൾ എല്ലാം ഹാജരാക്കിയത് പരിശോധിച്ചതിൽ നിന്നും കെട്ടിടം അനധികൃത നിർമ്മാണമല്ലാ എന്ന് 11.4.22 ൽ ഓവർസിയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.ഉടർന്ന് പരസ്യബോർഡിന്റെ അനുമതി സംബന്ധിച്ച് രേഖകൾ ഹാജരാക്കുവാൻ OLK3-4579/21/BR/28/21-22കത്ത് നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ നിന്നും, പരസ്യബോർഡിന് അനുമതി ലഭിച്ചത് 31.3.18 വരെയാണ്എന്ന് കാണുന്നു.

പ്ലാനിലുള്ള ന്യൂനതകൾ പരിഹരിച്ച് കംപ്ലീഷൻ സർട്ടിഫിക്കറ്റ് ,പുതിയ പ്ലാൻ എന്നിവ ഹാജരാക്കുവാൻ 22.7.22ൽ OLK3-4579/21 BR/28/21-22 കത്ത് നൽകിയെങ്കിലും അപാകതകൾ പരിഹരിച്ച് രേഖകൾ ഹാജരാക്കിയതായി കാണുന്നില്ല.പ്രസ്തുത പോൾ പണി പൂർത്തീകരിച്ച് ഉപയോഗം നടന്നു വരുന്നുണ്ട്. കൂടാതെ ടവർ നിർമ്മിച്ചിട്ടുള്ള കെട്ടിടത്തിന് മുകളിൽ ഒരു Holding സ്ഥാപിച്ചിട്ടുള്ളതിന്റെ അനുമതി ഹാജരാക്കുവാൻ ആവശ്യപ്പെട്ട് 26.9.22 ന് OLK3-4579/21 BR/28/21-22 കത്ത് നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

കെട്ടിടത്തിന് മുകളിലെ Holding, മൊബൈൽ ടവർ, പരസ്യബോർഡ് എന്നിവ അനധികൃത നിർമ്മാണമായതിനാൽ, പെർമിറ്റ് എടുക്കാതെ അല്ലെങ്കിൽ അംഗീകൃത പെർമിറ്റിൽ നിന്ന് വ്യതിചലിച്ച് നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് അപ്രകാരമുള്ള നിർമ്മാണചട്ടങ്ങൾ പാലിച്ചിട്ടുണ്ടെങ്കിൽ പ്രാബല്യത്തിലുള്ള പെർമിറ്റ് ഫീസിന്റെ ഇരട്ടി രാജിയാക്കൽ ഫീസായി ഈടാക്കിക്കൊണ്ട് നിർമ്മാണം ക്രമവത്കരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം കേരളാ മുനിസിപ്പാലിറ്റി ആക്ട് 242 വകുപ്പ് പ്രകാരം മുനിസിപ്പാലിറ്റി ആക്ടിലോ അതിൻ കീഴിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളോ പ്രകാരം ഏതെങ്കിലും ആൾ ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്താൽ അയാൾക്കെതിരെ സ്വീകരിക്കുന്ന ഏതെങ്കിലും നടപടിക്ക് ഹാനി കൂടാതെ കെട്ടിടം പണി പൂർത്തിയാക്കുകയോ അത് 233വകുപ്പ് 2ാം വകുപ്പിൽ പറയുന്ന ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ അതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ ആ കെട്ടിടം പൊളിച്ചു മാറ്റുന്ന തീയതി വരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി

നിർമ്മിച്ചതായിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തു നികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർത്തുള്ള തുക നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടിട്ടുള്ള കെട്ടിടത്തിന്റെ വസ്തു നികുതിയായി ഉടമസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. നിയമാനുസൃതമുള്ള തുടർ നടപടികൾ സ്വീകരിച്ച് രേഖകൾ സഹിതം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-91 പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തിയിട്ടില്ല

കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണചട്ടങ്ങൾ 2019 (ജി.ഒ.പി. നം. 77/2019/തസ്വഭവ തീയതി 02.11.2019) ചട്ടം 21 പ്രകാരം രണ്ടുനില വരെയുള്ള വാസഗൃഹങ്ങൾ, 50 ച.മീ.വരെയുള്ള വാണിജ്യകെട്ടിടങ്ങൾ, മതസ്ഥാപനകെട്ടിടങ്ങൾ, G1, G2,I ഒക്കുപ്പൻസിയിൽ വരുന്ന കെട്ടിടങ്ങൾ ഒഴികെയുള്ളവയുടെ പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് സെക്രട്ടറി നടത്തേണ്ടതാണ്.

ചട്ടം 21(2) പ്രകാരം ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകി 2വർഷത്തിനുശേഷം ഓഡിറ്റ് നടത്താവുന്നതാണ്.കെട്ടിടനിർമ്മാണം പൂർത്തിയാക്കി ഒക്കുപ്പൻസി ലഭ്യമായതിനുശേഷം പല നിയമലംഘനങ്ങളും നടക്കുന്നുണ്ട്. പാർക്കിംഗിന് ലഭ്യമായ സ്ഥലം അടച്ചുകെട്ടി മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുക, കെട്ടിടത്തോട് അനുബന്ധിച്ച് പല കൂട്ടിച്ചേർക്കലുകളും വരുത്തുക തുടങ്ങിയ നിയമലംഘനങ്ങളും കണ്ടെത്തുന്നതിന് പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് സഹായകരമാകും. ഇത് സ്ഥാപനത്തിന് വസ്തുനികുതി ഇനത്തിൽ വരുമാനവർദ്ധനവിനും കാരണമാകും.

അയ്യന്തോൾ, വിൽവട്ടം മേഖലാകാര്യാലയങ്ങളിൽ ഇപ്രകാരം പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി -- 09/22/16.11.22-- അയ്യന്തോൾ മേഖലാകാര്യാലയം

ഓഡിറ്റ് എൻക്വയറി -- 03/22/17.11.22-- വിൽവട്ടം മേഖലാകാര്യാലയം)

ചട്ടപ്രകാരമുള്ള പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തി നിയമലംഘനങ്ങൾ കണ്ടെത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-92 അംശാദായം ലഭ്യമാകുന്നില്ല

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 333 പ്രകാരം തീർത്ഥാടനസ്ഥലങ്ങൾ മുതലായവയുടെ മേൽ നിയന്ത്രണമുള്ളവരിൽ നിന്നുള്ള അംശാദായങ്ങൾ തദ്ദേശസ്വയംഭരണസ്ഥാപനത്തിന് ലഭ്യമാകേണ്ടതാണ്.

സെക്ഷൻ 333 പ്രകാരം ഒരു ക്രിസ്ത്യൻ പള്ളിയോ മുസ്ലീം പള്ളിയോ ക്ഷേത്രമോ മഠമോ മതപരമായ ആരാധനക്കോ,ബോധനത്തിനോ ഉള്ള ഏതെങ്കിലും സ്ഥലമോ മേളകളോ ഉൽസവങ്ങളോ നടത്തുന്നതിനോ അതുപോലുള്ള മറ്റ് കാര്യങ്ങൾക്കോ ഉപയോഗപ്പെടുത്തുന്ന ഏതെങ്കിലും സ്ഥലമോ ഒരു മുനിസിപ്പൽ പ്രദേശത്തോ അതിന്റെ പരിസരങ്ങളിലോ സ്ഥിതി ചെയ്യുകയും വർഷം മുഴുവനുമോ പ്രത്യേക സന്ദർഭങ്ങളിലോ വലിയ ജനക്കൂട്ടത്തെ അത് ആകർഷിക്കുകയും ചെയ്യുന്ന പക്ഷം പൊതുജനാരോഗ്യത്തിനോ പൊതുരക്ഷക്കോ സൌകര്യത്തിനോ ആവശ്യമായ സ്ഥിരമോ താൽക്കാലികമോ ആയ പ്രത്യേക ഏർപ്പാടുകൾ മുനിസിപ്പാലിറ്റി ചെയ്യേണ്ടതും ആ പ്രദേശത്തിനുമേൽ നിയന്ത്രണമുള്ള ട്രസ്റ്റിയോടോ മറ്റേതെങ്കിലും ആളോടോ സർക്കാർ ആ മുനിസിപ്പാലിറ്റിയുടെ നിധിയിലേക്ക് നിശ്ചയിക്കുന്ന അങ്ങനെയുള്ള ആവർത്തകമോ അനാവർത്തകമോ ആയ അംശാദായം നൽകുന്നതിന് ആവശ്യപ്പെടാവുന്നതുമാകുന്നു.

മേൽപ്രകാരം കോർപ്പറേഷൻ ആരാധനാലയങ്ങൾക്കായി ശുചീകരണ പ്രവർത്തനങ്ങളോ, മറ്റെന്തെങ്കിലും സൌകര്യങ്ങളോ പൊതുജനാരോഗ്യത്തിനും പൊതുരക്ഷക്കും വേണ്ടി ഒരുക്കുന്നുണ്ടെങ്കിൽ വിവരങ്ങൾ,അംശാദായം ഡിമാന്റ് ,കളക്ഷൻ വിവരങ്ങൾ ഹാജരാക്കുവാൻ ഓഡിറ്റ് എൻക്വയറി-157/16.02.2023 പ്രകാരം ആവശ്യപ്പെട്ടതിനെ തുടർന്ന് സ്ഥാപനം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

തൃശ്ശൂർ പൂരത്തോടനുബന്ധിച്ച് പൊതുജനാരോഗ്യത്തിനും പൊതുരക്ഷക്കും സൌകര്യത്തിനുമായി ആവശ്യമായ പ്രത്യേകഏർപ്പാടുകൾ കോർപ്പറേഷൻ നടത്താറുണ്ട്. എന്നാൽ ഇപ്രകാരമുള്ള ശുചീകരണപ്രവർത്തനങ്ങൾക്ക് കോർപ്പറേഷന് അംശാദായം ലഭിക്കുന്നില്ല .

കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 333 പ്രകാരം ആരാധനാലയങ്ങൾക്കായി ഒരുക്കുന്ന പ്രത്യേക സൌകര്യങ്ങൾക്ക് അംശാദായം ഡിമാന്റ് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-93 വെള്ളക്കരം വരവ്-അപാകതകൾ

പഴയ നഗരസഭ പ്രദേശത്തെ 1 മുതൽ 32 വരെയുള്ള വാർഡുകളിലെ ജല വിതരണം തൃശ്ശൂർ കോർപ്പറേഷന്റെ ചുമതലയിൽ നടത്തി വരുന്നു.ഇതിനാവശ്യമായ ജലം ലഭ്യമാക്കുന്നത് ജലവിഭവ വകുപ്പിന് കീഴിലുള്ള പീച്ചി ജലവിതരണ പദ്ധതിയിൽ നിന്നാണ്. 30.05.1959ൽ സർക്കാരും തൃശ്ശൂർ നഗരസഭയും തമ്മിൽ ഒപ്പുവെച്ചിട്ടുള്ള കരാർപ്രകാരം 59.5 ലക്ഷം രൂപ ചെലവു വരുന്ന പീച്ചി തൃശ്ശൂർ ജലവിതരണ പദ്ധതിയിന്മേൽ 50% വീതം സർക്കാരും നഗരസഭയും തുല്യമായി മുതൽ മുടക്കി ആരംഭിക്കുകയും അധികം വൈകാതെ സർക്കാരിന്റെ G.O(ms)111/62/24.01.1962 ഉത്തരവ് പ്രകാരം ജലവിതരണാവകാശം തൃശ്ശൂർ നഗരസഭ നേടിയെടുക്കുകയും ചെയ്തു. തുടർന്ന് കേരള സർക്കാരിന്റെ 1986ലെ കേരള വാട്ടർ സപ്ലൈ ആന്റ് സിവറേജ് ആക്ട് Clause 18 Sub Section (1) നിബന്ധനയുടെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായിരുന്ന ജലവിതരണാവകാശം വാട്ടർ അതോറിറ്റിക്ക് കൈമാറിയിരുന്നെങ്കിലും തൃശ്ശൂർ നഗരസഭയുടെ 1993 ഫെബ്രുവരി 8-ാം തീയതിയിലെ കൗൺസിൽ തീരുമാനപ്രകാരം ജലവിതരണാവകാശം തിരികെ നഗരസഭയ്ക്ക് ലഭിക്കുന്നതിന് സർക്കാരിനോട് അപേക്ഷിച്ചത് പരിഗണിച്ച് സർക്കാരിന്റെ 17.05.1993ലെ 1466/F1/93/LAD ഉത്തരവുപ്രകാരം ജലവിതരണാവകാശം ട്രീറ്റ്മെന്റ്, സ്റ്റോറജ്, ഡിസ്ട്രിബ്യൂഷൻ ഉൾപ്പെടെ പൂർണ്ണ ചുമതല നഗരസഭയ്ക്ക് കൈമാറുകയാണുണ്ടായത്.തൃശ്ശൂർ നഗരസഭ പ്രദേശത്ത് ജലവിതരണം നടത്തുന്നതിന് ഉപഭോക്താക്കളിൽ നിന്നും ഈടാക്കേണ്ട നിരക്ക് നഗരസഭ കൗൺസിൽ നിശ്ചയിച്ചു വരുന്നു. ജലവിതരണം, ഗാർഹിക/ഗാർഹിതേര കണക്ഷൻ ലഭ്യമാക്കൽ, വെള്ളക്കരം പിരിവ്,ഉപഭോക്താക്കളുടെ പരാതിപരിഹാരം എന്നിവയുടെ നടത്തിപ്പിനായി പ്രവർത്തിച്ചു വരുന്ന വാട്ടർ സെക്ഷൻ കോർപ്പറേഷനിലെ വൈദ്യുതി വിഭാഗം പോലെത്തന്നെ പ്രധാനപ്പെട്ട ഒരു വിഭാഗമാണ്.പഴയ വാർഡ് സമ്പ്രദായത്തിൽ ഇപ്പോഴും രേഖകൾ സൂക്ഷിക്കുന്ന ഈ വിഭാഗത്തിൽ പ്രവർത്തിക്കുന്ന15 മീറ്റർ റീഡേഴ്സിനും രണ്ട് വാർഡിന്റെ വീതം ചുമതല നൽകിയിരിക്കുന്നു.ഇവർ മീറ്റർ പരിശോധിച്ച് ഉടനടി ബിൽ ബുക്കിൽ രേഖപ്പെടുത്തി നോട്ടീസ്

ഉപഭോക്താക്കൾക്ക് നൽകുകയും അവർ സെക്ഷനിൽ എത്തി കൗണ്ടർ വഴി തുക അടവാക്കുകയും ചെയ്തു വരുന്നു.

വെള്ളക്കരം വരവുമായി ബന്ധപ്പെട്ട പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

(എ) ജല അതോറിറ്റി ഈടാക്കുന്നതിനേക്കാൾ കുറഞ്ഞ നിരക്കിൽവെള്ളക്കരം ഈടാക്കുന്നു-നഗരസഭയ്ക്ക് നഷ്ടം.

17-05-1998ലെ സർക്കാർ നോട്ടിഫിക്കേഷൻ പ്രകാരം1-10-1994 മുതൽ മുനിസിപ്പൽ കോർപ്പറേഷനിലെ പഴയ പ്രദേശത്ത് ജല വിതരണം നടത്തുന്നതിനുള്ള ചുമതല കോർപ്പറേഷന് തിരികെ ലഭിച്ചത് വാട്ടർ അതോറിറ്റി ഈടാക്കുന്നതിനേക്കാൾ കുറഞ്ഞ നിരക്കിൽവെള്ളക്കരം ഈടാക്കരുതെന്നനിബന്ധനയിലാണെന്നിരിക്കേ കോർപ്പറേഷൻ ഇത് പാലിക്കുന്നതായി കാണുന്നില്ല.01-04-17ൽ വെള്ളക്കരം വർദ്ധിപ്പിച്ചെങ്കിലും നിരക്കുകൾ വാട്ടർ അതോറിറ്റിയുടെ അംഗീകൃത നിരക്കിനേക്കാൾ വളരെ കുറവാണ്. ഗാർഹിക കണക്ഷന്റെ ചില വിശദാംശങ്ങൾ ഉദാഹരണമായി താഴെ ചേർക്കുന്നു.

| ജലത്തിന്റെ അളവ് | ജല അതോറിറ്റി നിശ്ചയിച്ച പ്രതിമാസ നിരക്ക് | നഗരസഭ ഈടാക്കുന്ന പ്രതിമാസ നിരക്ക് | വ്യത്യാസം |
|---|---|---|---|
| 10000 ലിറ്റർ വരെ | 40 | 13 | 27 |
| 11000 ലിറ്റർ | 47 | 15 | 32 |
| 12000 ലിറ്റർ | 52 | 15 | 37 |
| 13000 ലിറ്റർ | 57 | 23 | 34 |
| 14000 ലിറ്റർ | 62 | 23 | 39 |
| 15000 ലിറ്റർ | 67 | 23 | 44 |
| 16000 ലിറ്റർ | 98 | 23 | 75 |
| 18000 ലിറ്റർ | 110 | 23 | 87 |

ഇപ്രകാരം കുറവ് നിരക്കുകൾ ഈടാക്കുന്നത് വരവ് ശോഷണത്തിനിടയാക്കുന്നുവെന്നത് അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

(ബി)ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്നില്ല -വരവിന്റെ കൃത്യത പരിശോധിക്കാനായില്ല.

ഓഡിറ്റിന് സമർപ്പിച്ച 2021-22 വാർഷിക കണക്ക്പ്രകാരം 2,27,90,778രൂപ വെള്ളക്കരമിനത്തിൽ പിരിച്ചെടുക്കാനുണ്ട് വിശദവിവരം താഴെ ചേർക്കുന്നു.

| കുടിശ്ശിക | വരവ് | നീക്കിയിരുപ്പ് |
|---|---|---|
| 49957181 | 27166403 | 22790778 |

വാട്ടർ സെക്ഷനിൽ ഡിമാന്റ് രജിസ്റ്ററോ ഡി.സി.ബി പത്രികയോ തയ്യാറാക്കി ആധികാരികരേഖയായി സൂക്ഷിക്കാത്തത് കാരണം ഈയിനത്തിലെ വരവിന്റെ കൃത്യത പരിശോധിക്കാനായില്ല. ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തത് സംബന്ധിച്ച് കാലാകാലങ്ങളായി ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശമുണ്ടായിരുന്നിട്ടും ഇക്കാര്യത്തിൽ കാണിക്കുന്ന അലംഭാവം ഓഡിറ്റ് ഗൗരവകരമായി കാണുന്നു.

(സി)ഉപയോഗിക്കാത്ത കണക്ഷനുകളുടെ വിശദവിവരം ലഭ്യമല്ല -കുടിശ്ശികയുടെ കൃത്യത പരിശോധിക്കാനായില്ല.

തൃശ്ശൂർ കോർപ്പറേഷനിലെ ഗാർഹിക/ഗാർഹികേതര കുടിവെള്ള കണക്ഷനുകളുടെ എണ്ണം സംബന്ധിച്ച് ബന്ധപ്പെട്ട സെക്ഷൻ നൽകിയ വിവരം താഴെ ചേർക്കുന്നു.

| കണക്ഷനുകളുടെ തരം | എണ്ണം |
|---|---|
| ഗാർഹികം | 15020 |
| ഗാർഹികേതരം | 3099 |
| ആകെ | 18119 |

എന്നാൽ സെക്ഷനിൽ കാലാകാലമായി എഴുതി സൂക്ഷിക്കുന്ന രജിസ്റ്ററിൽ ചേർത്തിരിക്കുന്ന കണക്കനുസരിച്ച് ആകെ കണക്ഷനുകളുടെ എണ്ണം 19857ആണ്.ഇത് മേൽ വിവരിച്ച കണക്കുമായി ഒത്തു പോകുന്നില്ല.മാത്രമല്ല ഗാർഹിക-ഗാർഹികേതര കണക്ഷനുകളുടെ വേർതിരിച്ച എണ്ണം രജിസ്റ്ററിൽ ലഭ്യവുമല്ല.ഡിസ്കണക്ട് ആവുന്നതോ എതെങ്കിലും തകരാറ് സംഭവിച്ച് പ്രവർത്തനം നിലക്കുന്നതോ ആയ കണക്ഷനുകൾ ഒഴിവാക്കി പട്ടിക പുതുക്കാത്തതു കൊണ്ട് തന്നെ നിലവിൽ ഉപയോഗിക്കാത്ത കണക്ഷനുകളുടെ യഥാർത്ഥ വിവരം ലഭ്യമല്ല. ഗാർഹിക-ഗാർഹികേതര കുടിശ്ശികയുടെ വിവരം ബന്ധപ്പെട്ട സെക്ഷനിൽ ലഭ്യവുമല്ല. അതു കൊണ്ടു തന്നെ വാർഷിക കണക്ക് പ്രകാരം വെള്ളക്കരം ഇനത്തിൽ പിരിച്ചെടുക്കാനുള്ള കുടിശ്ശികയായി ചേർത്തിട്ടുള്ള2,27,90,778രൂപയുടെ കൃത്യത പരിശോധിക്കാനായില്ല.

(ഡി)വെള്ളക്കരം കുടിശ്ശികയിൽ ഇളവനുവദിക്കൽ -സ്ഥാപനത്തിന്റെ സാമ്പത്തിക സുസ്ഥിരതക്ക് ഗുണകരമല്ല.

വെള്ളക്കരംഅടവാക്കാത്ത ഉപഭോക്താക്കളിൽ നിന്ന് കുടിശ്ശിക ഈടാക്കാനായി നിരന്തരം നോട്ടീസ് നൽകുകയും കുടിശ്ശിക ഭീമമാവുന്ന സാഹചര്യത്തിൽ റവന്യൂറിക്കവറി പോലുള്ള നടപടി സ്വീകരിക്കുകയും ചെയ്തു വരുന്നുണ്ട്.തുടർന്ന് അദാലത്തിലൂടെ കുടിശ്ശിക തീർപ്പാക്കൽ നടപ്പിലാകുമെങ്കിലും ഇളവുകൾ അനുവദിക്കപ്പെടുന്നത് കൊണ്ടു തന്നെ വരുമാനത്തിൽ ഇടിവ് സംഭവിക്കുന്നു.എന്നാൽ കുടിശ്ശിക വരുത്തുന്ന ആദ്യഘട്ടത്തിൽ തന്നെ കണക്ഷൻ വിച്ഛേദിക്കുന്നത്

പോലുള്ള നടപടികൾ സ്വീകരിക്കുകയാണെങ്കിൽ ഉപഭോക്താക്കളിൽ നിന്ന് ഇത്രയും ഉദാസീനമനോഭാവമുണ്ടാവില്ല.ഇക്കാര്യങ്ങളിൽ ജലഅതോറിറ്റിയുടെ നിയമവ്യവസ്ഥകൾ കോർപ്പറേഷനിൽ പ്രാവർത്തികമാക്കാവുന്നതാണ്.

(ഇ)സ്ഥിരം ജീവനക്കാരുടെ അഭാവം പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നു.

നിലവിൽ വാട്ടർ സെക്ഷനിൽ ഒരു ക്ലർക്കും ടെക്നിക്കൽ വിഭാഗത്തിൽ രണ്ടു ഓഫീസർമാരും സൂപ്രണ്ടും ഉൾപ്പെടെ നാലു പേരാണ് സ്ഥിരജീവനക്കാരുള്ളത്.ഒരു ക്ലർക്കും മറ്റ് 15 മീറ്റർ റീഡർമാരും താല്ക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്നു.മീറ്ററുകൾ പരിശോധിക്കുകയും നോട്ടീസ് നൽകുകയും കുടിശ്ശിക വരുത്തുന്ന ഉപഭോക്താക്കൾക്ക് കുടിശ്ശികയുൾപ്പെടെ കണക്കാക്കി നോട്ടീസ് നൽകുകയും തുടർച്ചയായ നിരീക്ഷണം വേണ്ട പ്രക്രിയയാണ്.ഉപേക്ഷിക്കപ്പെട്ട നിലയിൽ മീറ്ററുകൾ കണ്ടെത്തുന്നതും വർഷങ്ങളായി കുടിശ്ശിക വരുത്തുന്നവ സംബന്ധിച്ച് മീറ്റർ റീഡർമാരുടെ അലംഭാവം കൊണ്ട് റിപ്പോർട്ട് ചെയ്യാൻ വൈകുന്നതും പിന്നീട് ശ്രദ്ധയിൽപ്പെടുത്തുമ്പോഴോ കുടിശ്ശിക നോട്ടീസ് നൽകുമ്പോഴോ നടപടിയെടുക്കുമ്പോഴോ ഉപഭോക്താക്കളുടെ പ്രതിഷേധത്തിനിടയാക്കുന്നു .താൽക്കാലിക ജീവനക്കാർ ഇടക്കിടയ്ക്ക് മാറി വരുന്നതു കൊണ്ടു തന്നെ ഇക്കാര്യങ്ങളിൽ നിരീക്ഷണപിന്തുടർച്ച ലഭിക്കുന്നില്ല.വാട്ടർസെക്ഷനിലെ രജിസ്റ്ററുകൾ , ഉപഭോക്താക്കളുടെ വിവരങ്ങൾ എന്നിവ സൂക്ഷിക്കുന്ന കാര്യത്തിലും കൃത്യമായ തുക ഡിമാന്റ് ചെയ്യുന്നതിലും കുടിശ്ശിക കണക്കാക്കിയെടുക്കുന്നതിലും അതു വഴി ലഭിക്കേണ്ട വരുമാനത്തിന്റെ മൂല്യമോ കാലാകാലങ്ങളിൽ സംഭവിക്കുന്ന ഏറ്റക്കുറച്ചിലോ മനസ്സിലാക്കുന്ന കാര്യത്തിലും ഇതുമൂലം പാളിച്ച സംഭവിക്കുന്നു.എന്നാൽ നിലവിലുള്ള താല്ക്കാലിക ജീവനക്കാരുടെ സഹായത്താൽ ഭൗതികപരിശോധനയിലൂടെ കുടിവെള്ളകണക്ഷനുകളുടെ എണ്ണം,ഒഴിവാക്കേണ്ടവയുടെ എണ്ണം, കുടിശ്ശികയുടെ വിവരം എന്നിവ തിട്ടപ്പെടുത്തുന്നതിൽ സെക്ഷൻ നടത്തുന്ന പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ് താനും. ഇത്തരം പ്രവർത്തനങ്ങൾക്ക് ആവശ്യത്തിന് സ്ഥിരജീവനക്കാരെ ലഭ്യമാക്കി ഭൌതിക സാഹചര്യമൊരുക്കേണ്ടത് അനിവാര്യമാണ് എന്നത് അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.വരവിന്റെ കൃത്യതയ്ക്കും സ്ഥാപനത്തിന്റെ ഭൗതികസാഹചര്യത്തിന്റെ പുരോഗതിക്കും വാട്ടർകണക്ഷനുകളുടെ എണ്ണം എന്നിവയുടെ കൃത്യമായ സൂക്ഷിപ്പിനും ബന്ധപ്പെട്ട രജിസ്റ്ററുകൾ,ഡിമാന്റ് രജിസ്റ്ററുകൾ എന്നിവ കാലികമാക്കി സൂക്ഷിക്കുന്നത് അനിവാര്യമാണ്.

(ഓഡിറ്റ് എൻക്വയറി നം.107/17.01.23)

## 1-94 തനത് ഫണ്ട് വൗച്ചറുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല - 21086657 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

2021-22 സാമ്പത്തികവർഷത്തെ താഴെപ്പറയുന്ന തനത് ഫണ്ട് വൗച്ചറുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

MISSING VOUCHERS

| Sl.No. | Vr. No. | Chq. No./Date | Amount | Description (2021 ഏപ്രിൽ മാസത്തെ ശമ്പളം നൽകിയത്) |
|---|---|---|---|---|
| 1 | 22101384 | 038786/03.08.21 | 57000/- | Subsidiy For Implementing Biogas Plant At Home |
| 2 | 22101490 | 265145/09.08.21 | 15000/- | Auction Deposit - EMD Return - Sakthan Arcade |
| 3 | 22101499 | 265152/10.08.21 | 15000/- | Auction Deposit |
| 4 | 32100182 | 265219/18.08.21 | 37128/- | Fund Transfer To MDRF Account |
| 5 | 22101776 | 013104/12.08.21 | 2482/- | Library Cess Payable (Refund) |
| 6 | 22101776 | 013104/12.08.21 | 49636/- | Property Tax (Refund) |
| 7 | 22101776 | 013104/12.08.21 | 4964/- | Service Cess (Current) (Refund) |
| 8 | 22101830 | 225591/19.04.21 | 680667/- | Sale Of Scrap Paid To Executive Engineer 2 |
| 9 | 22101836 | 972244/02.09.21 | 21862/- | House Renovation 3rd Installment Paid To Ambika |
| 10 | 22101849 | 265277/03.09.21 | 105562/- | Recoveries Payable Income Tax Deducted At Source - Salaries |
| 11 | 22101851 | 265278/03.09.21 | 102000/- | Miscellaneous Administarion Expenses |
| 12 | 22101852 | 265279/03.09.21 | 275875/- | Recoveries Payable - Income Tax Deducted At Source - Municipal |

| | | | | |
|---|---|---|---|---|
| | | | | Fund |
| 13 | 22101853 | 265280/03.09.21 | 900/- | Recoveries Payable – Income Tax Deducted At Source – Municipal Fund |
| 14 | 22101854 | 265281/03.09.21 | 166553/- | Recoveries Payable – Kerala Construction Works Welfare Fund - Municipal Fund |
| 15 | 22101855 | 265283/06.09.21 | 2950/- | Photo Copiers – Repair Charges |
| 16 | 22101856 | 265284/06.09.21 | 11374/- | Donations To CMDRF |
| 17 | 22101857 | 265285/06.09.21 | 3717/- | Electricity Charges – Laloor Atma Jyothy Gas Crematorium |
| 18 | 22101858 | 265286/06.09.21 | 10000/- | Rent Deposit (Refund) |
| 19 | 22101862 | 265288/06.09.21 | 7061331/- | OLK ST – Maintenance |
| 20 | 22101863 | 265289/06.09.21 | 227983/- | Payment Of Temporary Water Supply To Thekkinkadu |
| 21 | 22102003 | 265390/14.09.21 | 3164/- | Electricity Charges – Sakthan Arcade |
| 22 | 22102004 | 265391/14.09.21 | 20307/- | Electricity Charges – Kuriachira Slaugher House |
| 23 | 22102086 | 265446/23.09.21 | 17498/- | Refund Of Contractors – Retension Money |
| 24 | 22100082 | 036046/08.04.21 | 177849/- | എൽ.ഐ.സി. പ്രീമിയം അടവാക്കിയത് |
| 25 | 22100145 | 114334/12.04.21 | 11000/- | കോ-ഓപ്പറേറ്റീവ് റിക്കവറി അടവാക്കിയത് |
| 26 | 22100152 | 114339/12.04.21 | 73500/- | ഡി.എൽ.ആർ. വേജസ് |
| 27 | 22100204 | 000343/17.04.21 | 5333/- | എസ്.ബി.എം. പ്രോജക്ട് - ഗുണഭോക്താവ് |
| 28 | 22100617 | 232710/01.06.21 | 10000/- | Auction Deposit |
| 29 | 22100618 | 232711/01.06.21 | 10000/- | Auction Deposit |
| 30 | 22100711 | 264753/08.06.21 | 8000/- | Wages Of Community Kitchen Washer |
| 31 | 22100748 | 264779/14.06.21 | 636948/- | Leave Surrender Of Regular Employees |
| 32 | 22100808 | 264813/21.06.21 | 3640/- | Refund Payable To Jancy Geo |
| 33 | 22100852 | 264823/22.06.21 | 10000/- | Auction Deposit |
| 34 | 22100889 | 264829 | 6659/- | വൈദ്യുതി ചാർജ്ജ് അടവാക്കിയത് |
| 35 | 22101176 | 264989/15.07.21 | 216627/- | വൈദ്യുതി ചാർജ്ജ് അടവാക്കിയത് |
| 36 | 22101264 | 000746/14.07.21 | 6930/- | GST |
| 37 | 22101264 | 000746/14.07.21 | 770/- | Flood Cess |
| 38 | 22101264 | 000746/14.07.21 | 44000/- | Rent Receivables From Civic Amenities (Arrear) |
| 39 | 22101264 | 000746/14.07.21 | 33000/- | Rent Receivables From Civic Amenities (Arrear) |
| 40 | 22101264 | 000746/14.07.21 | 13370/- | Penal Interest |
| 41 | 22101263 | 000746/14.07.21 | 6930/- | SGST |

| | | | | |
|---|---|---|---|---|
| 42 | 22101263 | 000746/14.07.21 | 6930/- | SGST |
| 43 | 22101263 | 000746/14.07.21 | 770/- | Flood Cess |
| 44 | 22101263 | 000746/14.07.21 | 44000/- | Rent Amenities From Civic Aminities |
| 45 | 22101263 | 000746/14.07.21 | 33000/- | Rent Amenities From Civic Aminities |
| 46 | 22101263 | 000746/14.07.21 | 13370/- | Penal Interest |
| 47 | 22101270 | 000746/14.07.21 | 6930/- | SGST |
| 48 | 22101270 | 000746/14.07.21 | 6930/- | SGST |
| 49 | 22101270 | 000746/14.07.21 | 770/- | Flood Cess |
| 50 | 22101270 | 000746/14.07.21 | 44000/- | Rent Receivables From Civic Amenities |
| 51 | 22101270 | 000746/14.07.21 | 33000/- | Rent Receivables From Civic Amenities |
| 52 | 22101270 | 000746/14.07.21 | 13370/- | Penal Interest |
| 53 | 32100248 | 265523/07.10.21 | 5600/- | CASH |
| 54 | 32100256 | 265572/08.10.21 | 204655 | CASH |
| 55 | 22102554 | 265686/01.11.21 | 1108 | REFUND PAYABLE |
| 56 | 32100297 | 728653/06.11.21 | 16606 | CASH |
| 57 | 32100313 | 728732/18.11.21 | 18204 | CASH |
| 58 | 32100317 | 728762/20.11.21 | 8328 | CASH |
| 59 | 22102848 | 728797/26.11.22 | 202056 | PW6/ED1/3510/19 |
| 60 | 32100337 | 728701/03.12.21 | 24000 | CASH |
| 61 | 32100338 | 728809/03.12.21 | 18744 | CASH |
| 62 | 32100339 | 728818/03.12.21 | 23000 | CASH |
| 63 | 32100340 | 728825/03.12.21 | 107846 | SBI VAT |
| 64 | 32100346 | 728849/07.12.21 | 13500 | CASH |
| 65 | 32100349 | 728890/09.12.21 | 206005 | CASH |
| 66 | 22103116 | 0720101069843/ 15.12.21 | 2120000 | IMPLEMENTING HOUSING PROGRAMMME |
| 67 | 32100387 | 729086/05.01.22 | 2500000 | FUND TRANSFER AYYANKALI |
| 68 | 22103315 | 729056/05.01.22 | 500000 | AUCTION DEPOSIT |
| 69 | 32100388 | 729038/06.01.22 | 159382 | CASH |
| 70 | 32100389 | 729047/06.01.22 | 64710 | CASH |
| 71 | 32100390 | 729054/06.01.22 | 21200 | CASH |
| 72 | 32100403 | 729148/15.01.22 | 39280 | CASH |
| 73 | 32100404 | 729158/15.01.22 | 75621 | CASH |
| 74 | 32100405 | 729167/15.01.22 | 150000 | CASH |
| 75 | 22103700 | 729276/04.02.22 | 23092 | WAGES |
| 76 | 22103715 | 729283/04.02.22 | 30745 | OTHER ALLOWANCES |
| 77 | 22103718 | 729284/04.02.22 | 8260 | REPAIR AND MAINTENACE |
| 78 | 32100446 | 729346/10.02.22 | 380205 | CASH |
| 79 | 32100480 | 729433/02.03.22 | 80057 | CASH |
| 80 | 32100482 | 729462/02.03.22 | 632040 | CONTIGENT PENSION CONTRIBUTION |
| 81 | 32100483 | 729471/02.03.22 | 86832 | MDR FUND |
| 82 | 32100489 | 729509/05.03.22 | 375955 | CASH |
| 83 | 32100497 | 729564/10.03.22 | 1639898 | SERVICE TAX |
| 84 | 32100511 | 479534/22.03.22 | 37250 | CASH |
| 85 | 22104723 | 479596/26.03.22 | 328912 | OTHER CREDITERS |
| 86 | 22104785-22104788 | 321222/31.03.22 | 612987 | FINES,FLOODCESS,GST ETCS |
| TOTAL | | | 21086657/- | |

രേഖകൾ ഹാജരാക്കുന്നതുവരെ 21086657/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

വൗച്ചർ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) എല്ലാ ചെലവുകളുടെയും വൗച്ചറുകൾ തനത് ഫണ്ട് വൗച്ചറിനോടൊപ്പം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. (കേന്ദ്ര-സംസ്ഥാന ഫണ്ട് പദ്ധതികളുടെ വൗച്ചറുകൾ, പി.എഫ്. വൗച്ചറുകൾ)

2) റഗുലർ പെൻഷൻ, കണ്ടിജന്റ് പെൻഷൻ, ശമ്പള വൗച്ചറുകൾ എന്നിവ മേയർ ഓതറൈസ് ചെയ്തതായി കാണുന്നില്ല.

## 1-95 ബയോഗ്യാസ് പ്ലാന്റ് തനതു ഫണ്ടിലുള്ള തുക സ്പെസിഫിക്ക് പർപ്പസ് ഗ്രാന്റിലേക്ക് മാറ്റുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

നഗരസഭാ പരിധിയിലെ മാലിന്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി ഉറവിടമാലിന്യ സംസ്കരണം സുഗമമായും കാര്യക്ഷമമായും നടത്തുന്നതിനായി,പ്രവർത്തനക്ഷമമായ വിവിധതരം മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഒരുക്കുന്നതിനായി 9875000 രൂപ താഴെ പ്പറയും പ്രകാരം ശുചിത്വമിഷനിൽ നിന്നും ലഭിച്ചിട്ടുണ്ട്.

| തുക | ചെക്ക്നമ്പർ |
|---|---|
| 5000000 | 0548774/5.11.2012 |
| 4875000 | 0102040/9.4.2013 |

നഗരസഭയിലെ മാലിന്യ പ്രശ്നങ്ങൾ പരിഹരിക്കുന്നത് ആവശ്യമായതിനാൽ വ്യക്തികൾ നേരിട്ട് ബയോഗ്യാസ് പ്ലാന്റ് , പൈപ്പ് കമ്പോസ്റ്റ് എന്നിവ വിവിധ ഏജൻസികളിൽ നിന്നു സ്ഥാപിച്ച് ബന്ധപ്പെട്ട ഹെൽത്ത് ഇൻസ്പെക്ടർമാരുടെ റിപ്പോർട്ട്,ബിൽ കൗൺസിലർമാരുടെ സാക്ഷ്യപത്രം എന്നിവ സഹിതം സബ്സിഡി ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കൾക്ക് തുക അനുവദിക്കുകയാണ് ചെയ്യുന്നത് (5700 രൂപ) PH3/PH8 18156/12 നമ്പർ ഫയൽ പരിശോധിച്ചതിൽ നിന്നും ആകെ ലഭ്യമായ ശുചിത്വ മിഷൻ ഫണ്ട് 9875000 രൂപയിൽ 6807000 രൂപ ചെലവാക്കിയിട്ടുള്ളതും ബാക്കി 3068000 രൂപ അവശേഷിക്കുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്. ടി തുക ഇപ്പോഴും കോർപ്പറേഷന്റെ തനതു ഫണ്ട് അക്കൗണ്ടിലാണ് നിലനിറുത്തിയിരിക്കുന്നത് .2012-13 കാലയളവിൽ ലഭിച്ച തുക സ്പെസിഫിക്ക് പർപ്പസ് ഗ്രാന്റിൽ ഇടാതെ നഗരസഭയുടെ തനതു ഫണ്ട്അക്കൗണ്ടിൽ തന്നെയാണ് ഇപ്പോഴും സൂക്ഷിച്ചിരിക്കുന്നത്. ചെലവഴിക്കാൻ ബാക്കിയുള്ള തുക ലഭ്യമാക്കിയ ഏജൻസികൾക്ക് തിരിച്ചുനൽകുവാനോ ബാലൻസ് ഫണ്ട് എന്തു ചെയ്യണമെന്നോ ശുചിത്വമിഷനിൽ നിന്ന് ഫണ്ട് അനുവദിച്ചിട്ടുള്ള ഉത്തരവിൽ പറഞ്ഞിട്ടില്ല.

ചെലവഴിക്കാൻ ബാക്കിയുള്ള 3068000 രൂപ സ്പെസിഫിക്ക് പർപ്പസ് ഗ്രാന്റിലേക്ക് മാറ്റുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.ടി ആവശ്യത്തിലേക്ക് പ്രത്യേക അക്കൗണ്ട് തുടങ്ങുന്നതിന് ശുചിത്വ മിഷൻ നിർദ്ദേശമില്ലാത്തതിനാലാണ് നഗരസഭ തനത്ഫണ്ടിൽ നിക്ഷേപിച്ചതെന്ന് ഓഡിറ്റ് എൻക്വയറി നമ്പർ 145/ 31-01-2023 ന് മറുപടി നൽകിയിരിക്കുന്നത്.

## 1-96 മഴക്കാല പൂർവ്വശുചീകരണ പ്രവർത്തനങ്ങൾക്കായി ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് മുൻകൂർ -രേഖകൾ ലഭ്യമാക്കിയിട്ടില്ല

ഫയൽ നംപർ - PH7/8240/21

ചെലവ് - 13,75,000/- വൗച്ചർ നംപർ - 22100348/3.5.21

"ആരോഗ്യസുരക്ഷയ്ക്ക് മാലിന്യമുക്ത പരിസരം" എന്ന പേരിൽ മുൻസിപ്പൽ കോർപ്പറേഷൻ പരിധിയിൽ 2021 വർഷത്തെ ആരോഗ്യ ജാഗ്രത പകർച്ച വ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനുള്ള 8.2.21 ലെ 26/ഡി.സി1/2021/ത.സ്വ.ഭ.വ നംപർ സർക്കുലർ പ്രകാരം പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് വിവിധ ഡിവിഷനുകളുടെ ചുമതല നൽകി ഡിവിഷൻ ഒന്നിന് 25000/- രൂപ വീതം ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് മുൻകൂർ അനുവദിച്ചുകൊണ്ട് 16.4.21 ൽ ഉത്തരവായിട്ടുണ്ട്.

പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതും മുൻകൂർ തുക 3 മാസത്തിനകം ക്രമീകരിച്ച് രേഖകൾ ഹാജരാക്കേണ്ടതുമാണ് എന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

ചെലവുമായി ബന്ധപ്പെട്ട ഫയലുകൾ ഓഡിറ്റ് റിക്വിസിഷൻ നംപർ 34/14.12.22, ഓഡിറ്റ് എൻക്വയറി നം.131/25.1.23 എന്നിവ മുഖേന ആവശ്യപ്പെട്ടിരുന്നതാണ് എങ്കിലും നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുക 13,75,000/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-97 മുൻകൂർ തുകകൾ ക്രമീകരിക്കാത്തത് സംബന്ധിച്ച്

2021-22 വർഷത്തെ തനത് ഫണ്ട് വൗച്ചറുകളുടെ പരിശോധനയിലും മുൻകൂർ രജിസ്റ്റർ പരിശോധിച്ചതിലും താഴെപ്പറയുന്ന മുൻകൂർ തുകകൾ ക്രമീകരിക്കാത്തതായി കാണുന്നു.

| ക്രമനം. | മുൻകൂർ തുക | വൗച്ചർ നം/തീയതി | മുൻകൂർ കൈപ്പറ്റിയ ഉദ്യോഗസ്ഥൻ | മുൻകൂർ കൈപ്പറ്റിയതിന്റെ ആവശ്യകത |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 177066 | 22100375/ 8.5.21 | ഫ്രാൻസിസ് ഓവർസിയർ | എസ്കവേറ്ററിന്റെ അടിയന്തിര ചെലവുകൾക്കായി |
| 2 | 275000 | 22100666/4.6.21 | ഡിറ്റോദാസ്, AE | ജെസിബിയുടെ ഇൻഷുറൻസ്, റോഡ്ടാക്സ് എന്നിവ ഒടുക്കുന്നതിന് |
| 3 | 50000 | 22100863/22.6.21 | ഇ.കെ.രാജീവ് HI | മരങ്ങൾ മുറിച്ചുമാറ്റുന്നതിന് |
| 4 | 150000 | 22100949/30.6.21 | സുരേഷ് പേരോത്ത്, JHI | അലഞ്ഞുതിരിയുന്ന കന്നുകാലികൾക്ക് വാക്സിൻ എടുക്കുന്നതിന് |
| 5 | 100000 | 22101241/ 22.7.21 | ദിവ്യ ഗോപിനാഥ്, AE | Water Efficient Thrissur ന് വേണ്ടി കമാന്റ് റൂം നിർമ്മിക്കുന്നതിന് |
| 6 | 25000 | 22102132/ 30.9.21 | ദിലീപ്.എം.ജി, സെക്ഷൻ മാനേജർ | മേയർക്ക് ഔദ്യോഗിക ആവശ്യത്തിന് ഡൽഹിയിൽ പോകുന്നതിന് |
| 7 | 100000 | 22102070/ 18.9.21 | ഡിറ്റോദാസ്, AE | ശക്തൻനഗറിലെ നഗരസഭയുടെ ഭൂമി അളന്ന തിട്ടപ്പെടുത്തുന്നതിന് |
| 8 | 10000 | 22101937/ 9.9.21 | ഇ.കെ.രാജീവ് HI | മരങ്ങൾ മുറിച്ചുമാറ്റുന്നതിന് |
| 9 | 75000 | 22101512/ 11.8.21 | ഡിറ്റോദാസ്, AE | 120 ഫ്ളാറ്റുകൾക്ക് ഒക്യുപൻസി സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് |
| 10 | 15000 | 22101592/ 13.8.21 | അബ്ദുൾഗഫൂർ.പി.എ, സെക്ഷൻ ക്ളാർക്ക് | ട്രോളി മൈക്ക് വാങ്ങുന്നതിന് |
| 11 | 15000 | 22100462/ 7.5.21 | ഇ.കെ.രാജീവ് HI | കൂർക്കഞ്ചേരി റോഡിൽ അപകടാവസ്ഥയിലായ മരം മുറിച്ചുമാറ്റുന്നതിന് |
| 12 | 15000 | 22100928/ 28.6.21 | ഇ.കെ.രാജീവ് HI | കൂർക്കഞ്ചേരി റോഡിൽ അപകടാലസ്ഥയിലായ മരം മുറിച്ചുമാറ്റുന്നതിന് |
| 13 | 8000 | -/ 22.4.21 | റ്റി.ഡി.ഫ്രാൻസിസ് ഓവർസിയർ | വെഹിക്കിൾ ബാറ്ററി വാങ്ങുന്നതിനായി |
| 14 | 12000 | -/ 3.6.21 | ഇ.കെ.രാജീവ് HI | മരം മുറിച്ചുമാറ്റുന്നതിന് |
| 15 | 48142 | 22100619/ 1.6.21 | റീജ റാഫേൽ, സൂപ്രണ്ട് ഒല്ലൂർമേഖല കാര്യാലയം (അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തൽ ഇല്ല) | അടിയന്തിര പ്രാധാന്യമുള്ള ചെലവുകൾക്കായി |
| 16 | 7000 | 22100170/ 12.4.21 | വിനോദ് (അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തൽ ഇല്ല) | വാഹനത്തിന് പുതിയ ബാറ്ററി വാങ്ങുന്നതിന് |
| 17 | 250000 | 22102725/11.11.21 | ദിവ്യ ഗോപിനാഥ്, AE | നെഹ്റു പാർക്ക് തുറന്നു കൊടുക്കുന്നത് സംബന്ധിച്ച് |
| 18 | 70000 | 18.11.21 | അഖില.സി.കെ | മേയർ, ഡവലപ്മെന്റ് സ്റ്റാന്റിംഗ് |

| | | | | |
|---|---|---|---|---|
| | | | സീനിയർക്ലർക്ക് | കമ്മിറ്റി ചെയർമാൻ |
| 19 | 40000 | 9.12.21 | അബ്ദുൾഗഫൂർ.പി.എ, സെക്ഷൻ ക്ളാർക്ക് | മേയർ, TA |
| 20 | 10000 | 10.12.21 | ഡിറ്റോദാസ്, AE | അനധികൃത നിർമ്മാണം പൊളിച്ചു മാറ്റുന്നതിന് |
| 21 | 100000 | 27.12.21 | ദിവ്യ ഗോപിനാഥ്, AE | ഗാന്ധി പ്രതിമ സ്ഥാപിക്കുന്നതിന് |
| 22 | 15000 | 22103471/10.1.22 | ഡിറ്റോദാസ്, AE | ഹോമിയോ ഡിസ്പെൻസറി അവശ്യവസ്തുക്കൾ വാങ്ങുന്നതിന് |
| 23 | 10000 | 22103470/10.1.22 | ഡിറ്റോദാസ്, AE | ഹോമിയോ ഡിസ്പെൻസറി ദിശാ ബോർഡ് സ്ഥാപിക്കുന്നതിന് |
| 24 | 150000 | 12.1.22 | സീബ.എം.വി, AE | ഹരിതകർമ്മസേനാ പ്രവർത്തനബോർഡ് സ്ഥാപിക്കുന്നതിന് |
| 25 | 10000 | 23.2.22 | അബ്ദുൾഗഫൂർ.പി.എ, ക്ളാർക്ക് | ഖാദി കോർപ്പറേഷൻ തല ഉദ്ഘാടനം |
| 26 | 25000 | 22104690/23.3.22 | നീതു ഗോപാൽ, AE | കൾവർട്ടുകളുടെ ഉദ്ഘാടനം |
| 27 | 10000 | 22104689/23.3.22 | നീതു ഗോപാൽ, AE | പറവട്ടാനി ചുങ്കം നെല്ലങ്കര റോഡ് പാലം ഉദ്ഘാടനം |
| 28 | 10000 | 22103311/ 4.1.22 | ബാബുരാജ് RI | വഴിയോരകച്ചവടക്കാരെ ശക്തൻപുനരധിവാസകേന്ദ്രത്തിലേക്ക് മാറ്റുന്നതിന് |
| 29 | 10000 | 22103834/15.2.22 | ടിന്റു.കെ.ജോൺ | അറവുശാല പ്ലാന്റ് പ്രവർത്തനം തടസ്സപ്പെട്ടത് പരിഹരിക്കുന്നതിന് |
| 30 | 50000 | 20104215/7.3.22 | നിസാർ, JHI (അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തൽ ഇല്ല) | അലഞ്ഞുതിരിയുന്ന കന്നുകാലികളെ സംരക്ഷിക്കുന്നതിന് |

ജി.ഒ.(പി) 419/2011/ധന. തീയതി 04.10.2011 ഉത്തരവനുസരിച്ച് മുൻകൂർ കൈപ്പറ്റി മൂന്ന് മാസത്തിനകം കെ.എഫ്.സി. അനുച്ഛേദം 99 പ്രകാരം അനുവദിക്കുന്ന താൽക്കാലിക അഡ്വാൻസുകൾ ഫൈനൽ ബിൽ സമർപ്പിച്ച് ക്രമീകരിക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ ബില്ലുകൾ സമർപ്പിച്ച് അഡ്ജസ്റ്റ് ചെയ്തിട്ടില്ലെങ്കിൽ മുഴുവൻ അഡ്വാൻസ് തുകയും അടിയന്തിരമായി തിരിച്ചു പിടിക്കണം. ഇങ്ങനെ തിരിച്ചു പിടിക്കുമ്പോൾ തുക പിൻവലിച്ച ദിവസം മുതൽ തിരിച്ചു പിടിച്ച ദിവസം വരെ 18%നിരക്കിൽ പലിശ ഈടാക്കുകയും വേണം. ആയതിനാൽ എത്രയും വേഗം മുൻകൂർ ക്രമീകരിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ പൂർത്തിയാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഈ വിഷയത്തിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നം. 102/12.1.23)

## 1-98 ഡെപ്പോസിറ്റ് വർക്ക് - പ്രവൃത്തികൾ പൂർത്തീകരിച്ച് ഫൈനൽ ബിൽ ലഭ്യമാക്കിയിട്ടില്ല

തൃശ്ശൂർ കോർപ്പറേഷന്റെ വിവിധ സ്ഥലങ്ങളിൽ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തികൾക്കായി അയ്യന്തോൾ കെ.എസ്.ഇ.ബി ഇലക്ട്രിക് സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ താഴെപറയുന്ന തുകകൾ ഡെപ്പോസിറ്റ് ചെയ്തതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നംപർ | വൗച്ചർ നംപർ/തിയതി | തുക | ഫയൽ നംപർ |
|---|---|---|---|
| 1 | 22100811/21.6.21 | 18,339 | PW1/23133/21 |
| 2 | 22100634/2.6.21 | 9,610 | PW4/37193/20 |

ചെലവുകളുമായി ബന്ധപ്പെട്ട ഫയലുകൾ ഓഡിറ്റ് റിക്വിസിഷൻ നംപർ 34/14.12.22, ഓഡിറ്റ് എൻക്വയറി നം. 132/25.1.23 എന്നിവ മുഖേന ആവശ്യപ്പെട്ടിരുന്നു എങ്കിലും ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തികൾ പൂർത്തീകരിച്ച് ഫൈനൽ ബിൽ ഹാജരാക്കിയിട്ടില്ല.

2) മണ്ണുത്തി മാർക്കറ്റിൽ കുഴൽകിണർ നിർമ്മാണത്തിനായി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ 75,700/- രൂപ അടച്ചതായി വൗച്ചർ നംപർ 22004059തിയതി 3.3.21 പ്രകാരം കാണുന്നു. പ്രവൃത്തി പൂർത്തീകരിച്ചതിന്റെ ഫൈനൽ ബിൽ, ബന്ധപ്പെട്ട രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല. ആയതിനാൽ മേൽപ്പറഞ്ഞ രണ്ട് പ്രവൃത്തികളുടെയും ഫൈനൽ ബിൽ, ബന്ധപ്പെട്ട രേഖകൾ എന്നിവ ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 132/25.1.23)

## 1-99 കോവിഡ് 19 – സംഭാവന സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.

ഫയൽ നം. PH9-26118/20

സർക്കാർ ഉത്തരവ് (സാധാ) നം.1097/2021/ത സ്വ ഭവ തീയതി 05.06.2021 പ്രകാരം കോവിഡ് സംഭാവനകൾക്കായി പ്രത്യേക അക്കൌണ്ടുകളിലെ ഇടപാടുകളുടെ കണക്ക് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെക്കൊണ്ട് ഓഡിറ്റ് നടത്തണം. സർക്കാർഫണ്ടുകൾ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച 04.01.2021 ലെ 01/2021/ധന നം. സർക്കുലറിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

സ.ഉ.(സാധാ) നം.1097/2021/തസ്വഭവ തീയതി 05.06.2021പ്രകാരം കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന സംഭാവനതുകകൾ ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കോവിഡ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഫണ്ടുകൾ മാത്രമേ ഈ അക്കൌണ്ടിൽ നിക്ഷേപിക്കാവൂ എന്നും സേവിംഗ്സ് ബാങ്ക് അക്കൌണ്ടാണെങ്കിൽ പലിശ പോലും ഇത്തരം പ്രവർത്തനങ്ങൾക്കുമാത്രമേ ഉപയോഗിക്കാവൂ എന്നും വ്യക്തമാക്കിയിട്ടുണ്ട്.

29.4.2021 ലെ സ.ഉ.(സാധാ) 929/2021/തസ്വഭവ ഉത്തരവ് പ്രകാരം കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾക്കായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ലഭിക്കുന്ന സംഭാവനതുകകൾ ഏതെങ്കിലും നാഷണലൈസ്ഡ്ബാങ്കിൽ സ്ഥാപനസെക്രട്ടറിയുടെ പേരിൽ അക്കൌണ്ട് തുടങ്ങുവാൻ നിർദ്ദേശം നൽകിയിരുന്നു. 30.10.2004 ലെ സ.ഉ.(സാധാ)നം.3803/04/തസ്വഭവ പ്രകാരമുള്ള രസീത്, കാഷ്ബുക്ക്, വൌച്ചറുകൾ എന്നിവ സൂക്ഷിക്കേണ്ടതാണ്. കേരള മുനിസിപ്പാലിറ്റി (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടം3(4), 5(4) എന്നിവ പാലിക്കേണ്ടതുമാണ്.

സെക്രട്ടറിയുടെ 12.05.2021 ലെ PH9-20888/21 നം. നടപടിഉത്തരവ് പ്രകാരം ബാങ്കിൽ അഡീഷണൽ സെക്രട്ടറിയുടെ പേരിൽ അക്കൌണ്ട് തുടങ്ങുന്നതിന് കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 50(2) പ്രകാരം ശ്രീ.അരുൺകുമാർ വി സിയെ ചുമതലപ്പെടുത്തി.

സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി കോർപ്പറേഷൻ ഐ ഡിബിഐ ബാങ്കിലാണ് അക്കൌണ്ട് തുടങ്ങിയത്. (അക്കൌണ്ട് നം.0269104000235037). ഈ അക്കൌണ്ട് സ്ഥാപനത്തിന്റെ വാർഷികകണക്കിൽ മേയേഴ്സ് കോവിഡ് റിലീഫ് ഫണ്ട് എന്നാണ് ചേർത്തിരിക്കുന്നത്. ബാങ്ക് അക്കൌണ്ട് സ്റ്റേറ്റ്മെന്റ് പ്രകാരം 26.03.22 ന് 1482648 രൂപ അക്കൌണ്ടിൽ ഉണ്ട്.24.12.22 വരെയുള്ള ബാങ്ക് സ്റ്റേറ്റ്മെന്റാണ് ലഭ്യമാക്കിയത്. അതുപ്രകാരം 24.12.2022 ന് 1516165 രൂപ ഉണ്ട്.

(ഓഡിറ്റ് എൻക്വയറി -142/28.01.2023 )

ഇതു പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവുകൾ പാലിക്കാതെ ബാങ്ക് അക്കൌണ്ട് തുടങ്ങുന്നത് ശരിയല്ല. ഉത്തരവുകൾ പാലിക്കപ്പെടുന്നുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതുമാണ്. സംഭാവന ലഭിച്ച തുകയുടെ വരവ് ചെലവ് കണക്കുകൾ മേൽപ്പറഞ്ഞ സർക്കാർ ഉത്തരവുകൾക്ക് വിധേയമായി സൂക്ഷിക്കേണ്ടതും ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 1-100 നികുതികളും ഫീസുകളും ഈടാക്കുന്നതിനുള്ള ഓൺലൈൻ അക്കൗണ്ട് സംവിധാനം

തൃശ്ശൂർ കോർപ്പറേഷനിലെ നികുതികളും ഫീസുകളും ഈടാക്കുന്നതിന് ഓൺലൈൻ സംവിധാനം നടപ്പാക്കുന്നതിനായി 7.04.2017 തിയതിയിലെ 2-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം സൗത്ത് ഇന്ത്യൻ ബാങ്കുമായി ഉടമ്പടി ഉണ്ടാക്കുന്നതിന് നഗരസഭ സെക്രട്ടറിയെ ചുമതലപ്പെടുത്തി. 8.07.2019 തിയതിയിൽ സൗത്ത് ഇന്ത്യൻ ബാങ്കുമായി കോർപ്പറേഷൻ ഉടമ്പടി (MOU) ഒപ്പുവച്ചു. കോർപ്പറേഷനിലെ നികുതികളും ഫീസുകളും ഓൺലൈൻ സംവിധാനത്തിലൂടെ നടപ്പിൽ വരുത്തുന്നതിനായി ബിൽഡിംഗ് സർവ്വെ , ഡാറ്റാ എൻട്രി എന്നിവയ്ക്കും കംപ്യൂട്ടർ, പ്രിന്റർ എന്നിവയുടെ പർച്ചെയ്സ് എന്നിവയ്ക്കുമായി സൗത്ത് ഇന്ത്യൻ ബാങ്ക് കോർപ്പറേഷന് 50 ലക്ഷം രൂപ നൽകുന്നതാണെന്നും പകരം കോർപ്പറേഷന്റെ തനതുവരുമാനം സംബന്ധിച്ച അക്കൗണ്ട് സൗത്ത് ഇന്ത്യൻ ബാങ്കിലേയ്ക്ക് മാറ്റണമെന്നും 31.12.2019 നകം പ്രവർത്തികൾ പൂർത്തിയാക്കണമെന്നും ഈ ഉടമ്പടിയിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. സൗത്ത് ഇന്ത്യൻ ബാങ്കുമായി 31.12.2019 തിയതി വരെയുള്ള കാലയളവിലേയ്ക്ക് ഒപ്പു വച്ച ടി MOU ന്റെ കാലാവധി 30.06.2020 തിയതി വരെ ദീർഘിപ്പിച്ചു കൊണ്ട് ഒരു സപ്ലിമെന്റൽ MOU 12.03.2020 ന് ഒപ്പുവച്ചിട്ടുണ്ട്. ഉടർന്ന് കാലാവധി ദീർഘിപ്പിച്ച് ഉടമ്പടി ഉണ്ടായിട്ടില്ല. പിന്നീട് 6.06.2022 നാണ് രണ്ടാമത്തെ സപ്ലിമെന്റൽ MOU ഒപ്പു വച്ചിട്ടുള്ളത്. ആയത് പ്രകാരം കോർപ്പറേഷനിലെ എല്ലാ കെട്ടിടങ്ങളുടേയും സർവ്വെ പൂർത്തീകരിച്ച് 31.12.2022 നകം ഡാറ്റാ എൻട്രി പൂർത്തീകരിക്കണമെന്ന് വ്യവസ്ഥ ചെയ്തു കാണുന്നു.

നികുതികളും ഫീസുകളും ഓൺലൈൻ സംവിധാനത്തിലൂടെ നടപ്പാക്കുന്നതിന് സൗത്ത് ഇന്ത്യൻ ബാങ്കുമായി കോർപ്പറേഷൻ ഉടമ്പടിവയ്ക്കുകയും നഗരസഭയുടെ തനതുവരുമാനം സൗത്ത് ഇന്ത്യൻ ബാങ്കിന് നൽകിയിട്ടുമുണ്ട്. എന്നാൽ ഇക്കാര്യത്തിൽ അനുമതി ആവശ്യപ്പെട്ട് സർക്കാരിന് നൽകിയ കത്തിന് സർക്കാർ അനുമതിയോ മറുപടിയോ നൽകിയിട്ടില്ല.

വസ്തുനികുതി ഡാറ്റാ എൻട്രി പ്രവർത്തികൾക്കായി നഗരസഭ കുടുംബശ്രീ ഐ.ടി യൂണിറ്റിനെ ഏൽപ്പിച്ചിരുന്നു. 31.08.2019 ലെ 8-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം ഒരു ഡാറ്റയ്ക്ക് 8 രൂപ നിരക്കിലാണ് ഡാറ്റാ എൻട്രി കുടുംബശ്രീ യൂണിറ്റിന് നൽകിയിട്ടുള്ളത്. 6.03.2020 ലെ 8-ാം നമ്പർ കൗൺസിൽ തീരുമാനത്തിൽ നേരത്തെ തീരുമാനിച്ച 8 രൂപ റദ്ദ് ചെയ്ത് സർക്കാർ നിരക്കിൽ 10/- രൂപ നിരക്കിൽ ഡാറ്റാ എൻട്രി അനുവദിയ്ക്കുന്നതിന് തീരുമാനിച്ചു. ഇതിനായി വരുന്ന മുഴുവൻ സംഖ്യയും വസ്തുനികുതി ഓൺലൈൻ ആക്കുന്നതുമായി ബന്ധപ്പെട്ട കരാർ പ്രകാരം സൗത്ത് ഇന്ത്യൻ ബാങ്കിൽ നിന്നും ഈടാക്കുന്നതിനാണ് കൗൺസിൽ തീരുമാനമെടുത്തിട്ടുള്ളത്. വസ്തുനികുതി ഡാറ്റാ എൻട്രി

നടത്തിയതിന് 8 രൂപ നിരക്കിൽ 8,64,100/- രൂപ കുടുംബശ്രീയ്ക്ക് നഗരസഭ നൽകിയിട്ടുണ്ട്. തുടർന്നും കുടുംബശ്രീയ്ക്ക് അധിക തുക നൽകുവാൻ തീരുമാനമെടുത്തിട്ടുമുണ്ട്. എന്നാൽ കുടുബശ്രീ സംവിധാനമുപയോഗിച്ച് ചെയ്ത ഡാറ്റായിൽ പോരായ്മകൾ ഉണ്ടെന്ന് ഫയലിൽ രേഖപ്പെടുത്തി കാണുന്നു. ഇതിനു ശേഷം ഡാറ്റാ എൻട്രി നടത്തിയതാരെന്നതിന്റെ വിവരം ഫയലിലില്ല.

8.07.2019 തിയതിയിൽ സൗത്ത് ഇന്ത്യൻ ബാങ്കുമായി കോർപ്പറേഷൻ ഒപ്പുവച്ച കരാർ ഉടമ്പടിയിൽ ഡാറ്റാ എൻട്രി നടത്തുന്നതിന് ഒരു ഡാറ്റയ്ക്ക് 8 രൂപയാണ് ബാങ്ക് നിശ്ചയിച്ചിട്ടുള്ളത്. വസ്തുനികുതി ഡാറ്റാ എൻട്രി നടത്തിയതിന് 8 രൂപ നിരക്കിൽ 8,64,100/- രൂപ കുടുംബശ്രീയ്ക്ക് നഗരസഭ നൽകിയിട്ടുണ്ട്. നഗരസഭ 24.09.2022 ന് സൗത്ത് ഇന്ത്യൻ ബാങ്കിന് നൽകിയ R1/824/16 നമ്പർ കത്തിൽ ഡാറ്റാ എൻട്രിക്കായി ആവശ്യപ്പെട്ടിരിക്കുന്നത് 4,65,608/- (8x58201) രൂപയാണ്.

ഫയൽ പരിശോധിച്ചതിൽ കാണുന്ന താഴെപ്പറയുന്ന അപാകതകൾക്ക് വ്യക്തത വരുത്തുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (നം. 41/21-22തീയതി: 12.12.2022)നൽകിയിരുന്നു.

1. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 26.05.2011 ലെ 58725/എഫ്.എം3/2008 നമ്പർ സർക്കുലർ പ്രകാരം തനത് വരുമാനം നിക്ഷേപിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ അഭികാമ്യമല്ലെന്നും തനത് വരുമാനം ട്രഷറി അക്കൗണ്ടിന് പുറമെ ഒരു ദേശാൽകൃത/സഹകരണ ബാങ്ക് അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകിയിരുന്നു. ഈ നിർദ്ദേശത്തിന് അനുസൃതമല്ലാതെയാണ് ഷെഡ്യൂൾഡ് ബാങ്കായ സൗത്ത് ഇന്ത്യൻ ബാങ്കുമായി നഗരസഭ കരാറിൽ ഏർപ്പെട്ടിരിക്കുന്നത്. സൗത്ത് ഇന്ത്യൻ ബാങ്കുമായി കരാറിൽ ഏർപ്പെടുന്നതിന് സർക്കാരിൽ നിന്നും അനുമതി ആവശ്യപ്പെട്ടിരുന്നെങ്കിലും നാളിതുവരെ മറുപടി ലഭിക്കുകയുണ്ടായിട്ടില്ല.

2. നഗരസഭയുടെ തനത് വരുമാനം സൗത്ത് ഇന്ത്യൻ ബാങ്കിലേയ്ക്ക് മാറ്റി നൽകിയ തിയതി വിവരം.

3.നഗരസഭയുടെ തനത് വരുമാനം സൂക്ഷിക്കുന്ന അക്കൗണ്ടുകളുടെ വിവരം.

4.30.06.2020 ന് ശേഷമുള്ള കാലയളവിൽ സൗത്ത് ഇന്ത്യൻ ബാങ്കുമായുള്ള കരാറുടമ്പടി ദീർഘിപ്പിച്ചതിന്റെ വിവരം.

5.വസ്തുനികുതി ഡാറ്റാ എൻട്രി നടത്തിയതിന് കുടുബശ്രീ യൂണിറ്റിന് നഗരസഭ അനുവദിച്ച് നൽകിയ തുകയുടെ വിവരങ്ങൾ. ചെലവായ ടി തുകകൾ ബാങ്കിൽ നിന്നും ഈടാക്കിയതിന്റെ വിവരം.

6. വസ്തുനികുതി പരിഷ്ക്കരണത്തിന്റെ ഭാഗമായി നഗരസഭയ്ക്ക് ചെലവായ 15,60,728/- രൂപ , ലാപ്പ്ടോപ്പ് വാങ്ങിയതിന് ചെലവായ 1,96,462/- രൂപ എന്നിവ ആവശ്യപ്പെട്ട് നഗരസഭ സൗത്ത് ഇന്ത്യൻ ബാങ്കിന് കത്ത് നൽകിയിരുന്നു. ടി തുക ബാങ്ക് ലഭ്യമാക്കിയതിന്റെ വിവരം.

7.വസ്തുനികുതി ഡാറ്റാ എൻട്രിക്കായി കുടുംബശ്രീയ്ക്ക് 1,13,308 ഡാറ്റകൾ എൻട്രി വരുത്തിയതിന് 8,64,100/- രൂപയും പിന്നീട് അധിക തുക നൽകുവാൻ തീരുമാനമെടുത്തും കാണുന്നു. അധികം അനുവദിച്ച് നൽകിയ തുകയുടെ വിവരങ്ങൾ.

സൗത്ത് ഇന്ത്യൻ ബാങ്കിന് 24.09.2022 തിയതിയിൽ നൽകിയ R1/824/16 നമ്പർ കത്തിൽ 58,201 കെട്ടിടങ്ങൾ ഡാറ്റാ എൻട്രി നടത്തിയതിന് 4,65,608/- രൂപയാണ് ആവശ്യപ്പെട്ടിട്ടുള്ളത്. ടി ഡാറ്റാ എൻട്രി നടത്തിയതാരെന്നും മേൽ കത്ത് പ്രകാരം പറയുന്ന 15,60,728/- രൂപ നൽകിയതിന്റെ വിവരങ്ങളും.

8. നഗരസഭയുടെ നികുതികളും ഫീസുകളും ഓൺലൈൻ സംവിധാനത്തിലൂടെ ആക്കുന്നതിന് 8.07.2019 ന് വച്ച കരാറുടമ്പടി പ്രകാരം പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലേയ്ക്ക് ആകുന്നതിന് നഗരസഭയ്ക്ക് ആയിട്ടുണ്ടോയെന്നും ഇല്ലായെങ്കിൽ ആയതിന്റെ കാരണങ്ങളും.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയിട്ടില്ല.

ഓഡിറ്റ് നിരീക്ഷണങ്ങൾ

1.നഗരകാര്യഡയറക്ടറുടെ ഡി.സി2-3988//17 തിയതി.1.06.2017 നമ്പർ കത്തിലെ നിർദ്ദേശവും 15.09.2011 തിയതിയിലെ ജി.ഒ(ആർ.ടി) നമ്പർ 7013/11/ധന ഉത്തരവിന്റെ അടിസ്ഥാനത്തിലുമാണ് 8.07.2019 ൽ സൗത്ത് ഇന്ത്യൻ ബാങ്കുമായി കോർപ്പറേഷൻ ഉടമ്പടി (MOU) ഒപ്പുവച്ചിട്ടുള്ളത്. സംസ്ഥാന സർക്കാരിന് കീഴിലുള്ള സ്ഥാപനങ്ങൾക്ക് പ്രൈവറ്റ് സെക്ടർ ബാങ്കുകളായ ICICI,HDFC,Axis Bank എന്നീ മൂന്ന് ബാങ്കുകളിൽ നിന്ന് പ്രയോജനം നേടാം എന്ന മാത്രമാണ് സർക്കാർ ഉത്തരവിൽ പറഞ്ഞിട്ടുള്ളത്. മേൽ ഉത്തരവ് പ്രകാരം നഗരസഭ സൗത്ത് ഇന്ത്യൻ ബാങ്കുമായി കരാറിൽ ഏർപ്പെട്ടതിന് വ്യക്തതയില്ല.

2. 8.07.2019 ന് ഒപ്പു വച്ച MOU ന്റെ കാലാവധി 31.12.2019 ന് അവസാനിച്ചിട്ടുള്ളതും 12.03.2020 ന് ഒപ്പു വച്ച സപ്ലിമെന്റൽ MOU പ്രകാരം കാലാവധി 30.06.2020 വരെ ദീർഘിപ്പിച്ചിട്ടുള്ളതുമാണ്. പിന്നീട് 6.06.2022 നാണ് രണ്ടാം സപ്ലിമെന്റൽ MOU ഒപ്പു വച്ചിട്ടുള്ളത്. 30.06.2020 ന് ശേഷം MOU വിന്റെ കാലാവധി ദീർഘിപ്പിച്ചിട്ടില്ല. 6.06.2022 ലെ MOU ൽ കെട്ടിടങ്ങളുടെ സർവ്വെ, ഡാറ്റാ എൻട്രി എന്നിവ പൂർത്തീകരിക്കുന്നതിനുള്ള കാലാവധി 31.12.2022 വരെ നീട്ടിനൽകുകമാത്രമാണ് ഉണ്ടായിട്ടുള്ളത്. കാലാവധി ദീർഘിപ്പിച്ച് നൽകാത്ത കാലയളവിലും നഗരസഭയുടെ തനതുവരുമാനം സൗത്ത് ഇന്ത്യൻ ബാങ്കിൽ നിക്ഷേപിച്ചു വരുന്നു.

3. 06.06.2022 ലെ രണ്ടാമത്തെ സപ്ലിമെന്റൽ MOU ആയത് പ്രകാരം കോർപ്പറേഷനിലെ എല്ലാ കെട്ടിടങ്ങളുടേയും സർവ്വെ പൂർത്തീകരിച്ച് 31.12.2022 നകം ഡാറ്റാ എൻട്രി പൂർത്തീകരിക്കണമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ MOU പ്രകാരമുള്ള നടപടികൾ സമയപരിധിയ്ക്കുള്ളിൽ പൂർത്തീകരിക്കുവാൻ നഗരസഭയ്ക്കായില്ല.

4. ഫയൽ പരിശോധിച്ചത് പ്രകാരം ബിൽഡിംഗ് സർവ്വെ , ഡാറ്റാ എൻട്രി എന്നിവയ്ക്കായി ചെലവഴിച്ച 15,60,728/- രൂപ കംപ്യൂട്ടർ, പ്രിന്റർ പർച്ചെയ്സ് എന്നിവയ്ക്കായി ചെലവഴിച്ച 1,96,462/- രൂപ എന്നിവ ആവശ്യപ്പെട്ട് കോർപ്പറേഷൻ സൗത്ത് ഇന്ത്യൻ ബാങ്കിന് കത്ത് നൽകിയിട്ടുണ്ടെങ്കിലും ടി തുകകളൊന്നും ബാങ്ക് നഗരസഭയ്ക്ക് നൽകിയിട്ടില്ല. നിയതമായ ഉത്തരവിന്റേയും സർക്കാരിൽ നിന്നുള്ള അനുമതിയുടേയും അഭാവത്തിൽ മേൽ ഓഡിറ്റ് നിരീക്ഷണങ്ങൾക്ക് വ്യക്തത വരുത്തേണ്ടതും നടപടിക്രമങ്ങൾ നിയമങ്ങൾക്ക് അനുസൃതമാകേണ്ടതുമാണ്.

## 1-101 സെൻട്രൽ പെൻഷൻ ഫണ്ടിൽ വിഹിതം അടവാക്കുന്നില്ല.

ഫയൽ നം.- എ7-11654/21,
എ7-6337/18,എ7-33014/18,
എ9-27372/99 വോള്യം2,

പി എച്ച് 2-27115/07 വോള്യം3

1996 ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനഫിറ്റ് )ചട്ടങ്ങളിലെ ചട്ടം 7(2) പ്രകാരം ഓരോ ജീവനക്കാരന്റെയും പ്രതിമാസമൊത്തവേതനത്തിന്റെ 15%പെൻഷൻ വിഹിതം സെൻട്രൽ പെൻഷൻ ഫണ്ടിൽ അടവാക്കേണ്ടതാണ്.പെൻഷൻ വിഹിതം ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും കുറവ് ചെയ്യുന്നുണ്ടെങ്കിലും തൃശ്ശൂർ കോർപ്പറേഷൻ നവംബർ2009 മുതൽ സെൻട്രൽ പെൻഷൻ ഫണ്ടിൽ അടവാക്കുന്നില്ല. നഗരകാര്യഡയറക്ടറേറ്റിൽ നിന്നും പെൻഷൻ ഫണ്ട് ലഭ്യമാകാത്ത സാഹചര്യത്തിലാണ് ഇപ്രകാരം തുക അടവാക്കാതെ വന്നത്.

കേരള മുനിസിപ്പൽ കോമൺ സർവീസിൽ നിന്ന് വിരമിക്കുന്ന റഗുലർ വിഭാഗം ജീവനക്കാർക്ക് പെൻഷനും പെൻഷൻ ആനുകൂല്യങ്ങളും അനുവദിച്ച് നൽകുന്നതിന് വേണ്ടിയാണ് 10/91 ൽ സെൻട്രൽ പെൻഷൻ സ്കീം ആരംഭിച്ചിട്ടുള്ളത്. സെൻട്രൽ പെൻഷൻ ഫണ്ടിൽ തുക നീക്കിയിരുപ്പ് ഇല്ലാത്ത സാഹചര്യം സംജാതമായപ്പോൾ നഗരസഭകളിൽ നിന്ന് വിരമിക്കുന്ന റഗുലർ വിഭാഗം ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് അധികഫണ്ട് അനുവദിക്കില്ല എന്ന വ്യവസ്ഥയിൻമേൽ നഗരസഭകൾക്ക് ജനറൽ പർപസ് ഗ്രാന്റ് തുകയിൽ നിന്ന് പെൻഷൻ നൽകുന്നതിനാവശ്യമായ തുക വിനിയോഗിക്കുന്നതിനുള്ള അനുമതി 04.03.2016 ലെ സ.ഉ.(എം എസ്)49/2016 /ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്.ജനറൽ പർപസ് ഗ്രാന്റിൽ തുക നീക്കിയിരുപ്പില്ലാത്ത സാഹചര്യത്തിൽ നഗരസഭയുടെ തനത് ഫണ്ടിൽ നിന്ന് ജീവനക്കാർക്ക് പെൻഷനും പെൻഷൻ ആനുകൂല്യങ്ങളും അനുവദിക്കാവുന്നതാണ് എന്ന് നഗരകാര്യഡയറക്ടറുടെ പി7/38067/2017 തീയതി. 28.7.21 സർക്കുലർ പ്രകാരം ഉത്തരവായിട്ടുണ്ട്. കോർപ്പറേഷനിൽ റഗുലർ വിഭാഗത്തിൽ 210പെൻഷൻകാരും കുടുംബപെൻഷൻ വിഭാഗത്തിൽ 72 പേരും ഉണ്ട്.

പെൻഷൻ ആവശ്യത്തിനായി കോർപ്പറേഷനിൽ 10244230556 എന്ന അക്കൌണ്ട് സൂക്ഷിച്ചിട്ടുണ്ട്.പെൻഷൻ കോൺട്രിബ്യൂഷൻ തുക തനതുഫണ്ടിൽ സൂക്ഷിക്കുകയും പിന്നീട് പെൻഷൻ ഫണ്ട് അക്കൌണ്ടിലേക്ക് നിക്ഷേപിച്ച് ഉപയോഗിക്കുകയുമാണ് ചെയ്തുവരുന്നത്.

2021-22 സാമ്പത്തികവർഷം നഗരകാര്യഡയക്ടറേറ്റിൽ നിന്ന് അലോട്മെന്റായി 86,82,092 രൂപയാണ് ലഭിച്ചിട്ടുള്ളത്. 31.03.2022 വരെ പെൻഷൻ ഫണ്ട് ഇനത്തിൽ 36,22,46,462 രൂപ ലഭിക്കുവാൻ ഉണ്ട്.പെൻഷൻ വിഹിതമായി തൻവർഷം പിരിച്ചെടുത്ത 17037332 രൂപ അടവാക്കുവാൻ ഉണ്ട്.

ജനറൽ പർപ്പസ് ഗ്രാന്റ്, തനതുഫണ്ട് എന്നിവയിൽ നിന്ന് റഗുലർ വിഭാഗം ജീവനക്കാരുടെ പെൻഷൻ,പെൻഷൻ ആനുകൂല്യങ്ങൾ എന്നിവക്കായി സാമ്പത്തികവർഷം 2021-22 ചെലവഴിച്ച തുകയുടെ വിവരങ്ങൾ

| പ്രതിമാസ പെൻഷൻ | | റിട്ടയർമെന്റ് ആനുകൂല്യങ്ങൾ | |
|---|---|---|---|
| ജനറൽ പർപ്പസ് ഗ്രാന്റ് | തനതുഫണ്ട് | ജനറൽ പർപ്പസ് ഗ്രാന്റ് | തനതുഫണ്ട് |
| 26494097 | 58781118 | 18583884 | 23457527 |

കണ്ടിജന്റ് ജീവനക്കാരുടെ പ്രതിമാസപെൻഷൻ ഇനത്തിൽ 47514689 രൂപ ചെലവഴിച്ചിട്ടുണ്ട്.

ജീവനക്കാരിൽ നിന്ന് റിക്കവർ ചെയ്ത പെൻഷൻ വിഹിതത്തിന്റെ വിവരം

| റഗുലർ വിഭാഗം ജീവനക്കാർ | | കണ്ടിജന്റ് വിഭാഗം ജീവനക്കാർ |
|---|---|---|
| മാസം | തുക | തുക |
| 03/21 | 1310099 | 661077 |
| 04/21 | 1318796 | 648596 |
| 05/21 | 1288293 | 617138 |
| 06/21 | 1281673 | 560609 |
| 07/21 | 1284129 | 568781 |
| 08/21 | 1256246 | 566659 |
| 09/21 | 1316292 | 660418 |
| 10/21 | 1336413 | 659359 |
| 11/21 | 1340565 | 664193 |
| 12/21 | 1331800 | 653770 |
| 01/22 | 1314672 | 630152 |
| 02/22 | 1334604 | 632040 |
| 03/22 | 1323750 | 640894 |
| ആകെ | 17037332 | 8163686 |

(ഓഡിറ്റ് എൻക്വയറി -59/22.12.2022) . നഗരകാര്യഡയറക്ടറേറ്റിൽ നിന്ന് ലഭിക്കുന്നതിനുള്ള തുക ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-102 വികസന അതോറിറ്റി സാങ്കേതികവിഭാഗം ജീവനക്കാർക്ക് തനതുഫണ്ടിൽ നിന്ന് ശമ്പളം നൽകുന്നു- സർക്കാർ ഉത്തരവിന് വിരുദ്ധം

സ.ഉ.(എം എസ്)54/2017/തസ്വഭവ തീയതി 10.03.2017 പ്രകാരം കൊല്ലം ,തൃശ്ശൂർ,കോഴിക്കോട്, വള്ളുവനാട് ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് അതോറിറ്റി എന്നിവ നിർത്തലാക്കി. സ.ഉ.(എം എസ്)73/2017 തസ്വഭവ തീയതി.30.03.2017 പ്രകാരം ഇതുമായി ബന്ധപ്പെട്ട ആസ്തി ബാധ്യത കൈമാറ്റം, ജീവനക്കാരുടെ പുനർവിന്യാസം എന്നിവ സംബന്ധിച്ച് വിശദമായ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സ.ഉ.(എം എസ്)73/2017 തസ്വഭവ തീയതി.30.03.2017 ഖ.3 പ്രകാരം നിർത്തലാക്കിയ വികസനഅതോറിറ്റികളിലെ ടെക്നിക്കൽ വിഭാഗം ജീവനക്കാർ LSGD എഞ്ചിനീയറിംഗ് വിഭാഗത്തോട് ലയിപ്പിക്കപ്പെടുന്നു.

തൃശ്ശൂർ കോർപ്പറേഷനിലെ എഞ്ചിനീയറിംഗ് വിഭാഗത്തോട് ലയിപ്പിക്കപ്പെട്ട വികസനഅതോറിറ്റി ടെക്നിക്കൽ വിഭാഗം ജീവനക്കാർക്ക് ഇപ്പോഴും കോർപ്പറേഷൻ തനതുഫണ്ടിൽ നിന്നാണ് ശമ്പളം നൽകുന്നത്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വൌച്ചർ നം | തുക | ജയൻ ഇ ജി അസിസ്റ്റന്റ് എഞ്ചിനീയർ | | അമ്പിളി എം ആർ അസിസ്റ്റന്റ് എഞ്ചിനീയർ | | ഷീജ ജോർജ് PW Overseer Grade 1 | |
|---|---|---|---|---|---|---|---|
| | | മൊത്തശമ്പളം | അറ്റ ശമ്പളം | മൊത്തശമ്പളം | അറ്റ ശമ്പളം | മൊത്ത ശമ്പളം | അറ്റ ശമ്പളം |
| 22100014/ 3.4.21 | 315046 | 92430 | 70178 | 74529 | 60779 | 92430 | 70298 |
| 22100328/ 8.5.21 | 305875 | 92430 | 70178 | 74529 | 57779 | 92430 | 70298 |
| 22101601/ 1.6.21 | 262717 | 92430 | 56628 | 74529 | 46461 | 92430 | 56424 |
| 22100975/ 1.7.21 | 246264 | 92430 | 70178 | 74529 | 57779 | 92430 | 70298 |
| 22101371/ 2.08.2021 | 253120 | 92430 | 70178 | 74529 | 57779 | 94770 | 72638 |
| 22101814/ 1.9.21 | 248120 | 92430 | 68928 | 74529 | 56529 | 94770 | 71388 |
| 22102164/ 1.10.21 | 250121 | 92430 | 70178 | 74529 | 57779 | 94770 | 72638 |
| 22102535/ 1.11.21 | 250929 | 92430 | 70178 | 74529 | 57779 | 94770 | 72638 |
| 22102874/ 1.12.21 | 249469 | 92430 | 69678 | 74529 | 57279 | 94770 | 72678 |
| 22103281/ 1.1.22 | 236324 | 92430 | 59678 | 76284 | 59034 | 94770 | 62678 |
| 22103639/ 01.02.22 | 195644 | 92430 | 59678 | 76284 | 27034 | 94770 | 61678 |
| 22103982/ 2.3.22 | 186111 | 94770 | 55768 | 76284 | 31274 | 94770 | 49885 |

2017 ൽ കോർപ്പറേഷനിൽ ലയിപ്പിക്കപ്പെട്ട വികസന അതോറിറ്റിയിലെ സാങ്കേതികവിഭാഗം ജീവനക്കാരുടെ ശമ്പളം ഇപ്പോഴും തനതുഫണ്ടിൽ നിന്ന് നൽകുന്നത് സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമാണ്. ഈ ജീവനക്കാരെ നാളിതുവരെ LSGD എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഉൾപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കാത്തത് അധികാരികളുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണ്. ഈ ജീവനക്കാരെ LSGD എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഉൾപ്പെടുത്തുവാൻ എന്ത് നടപടികളാണ് കോർപ്പറേഷൻ സ്വീകരിച്ചത് എന്ന് അറിയിക്കുവാൻ ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 15(3)(ഡി) പ്രകാരം മുനിസിപ്പാലിറ്റിയെ സംബന്ധിക്കുന്ന പണം കൊടുക്കലും പണം തിരികെ കൊടുക്കലും അധികൃതമാക്കേണ്ടത് ചെയർപേഴ്സന്റെ ചുമതലയാണ്. എന്നാൽ ശമ്പളബില്ലുകൾ പരിശോധിച്ചതിൽ പലതും മേയർ സാക്ഷ്യപ്പെടുത്തി കാണുന്നില്ല. എല്ലാ ശമ്പളബില്ലുകളും സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.അപാകതകൾ പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി -153/13.02.2023).

## 1-103 കണ്ടിജന്റ് പെൻഷൻ -- ഡിസിആർജിയിൽ നിന്ന് റിക്കവറി -- വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

തൃശ്ശൂർ കോർപ്പറേഷനിലെ കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുമ്പോൾ ഡിസിആർജിയിൽ നിന്ന് 10% തുക ഓഡിറ്റ് റിക്കവറി എന്ന ഇനത്തിൽ ഈടാക്കുന്നതായി കാണുന്നു.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| വൗച്ചർ നം | തുക | പെൻഷണറുടെ പേര് / വിരമിച്ച തീയതി | അനുവദനീയമായ ഡിസിആർജി | റിക്കവർ ചെയ്ത തുക | അനുവദിച്ച ഡിസിആർജി |
|---|---|---|---|---|---|
| 22100199/ 16.4.21 | 98123 (ലോൺ | ആന്റോ ടി ഒ 29.02.2020 | 406980 | 40698 | 366282 (PH2-29501/19(2) / |

| | | | | | |
|---|---|---|---|---|---|
| | റിക്കവറി 268159 കിഴിച്ച തുക) | | | | 22.01.21ലെ അഡീഷണൽ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ |
| 22100775/ 16.6.21 | 501228 | വി എം ചന്ദ്രൻ 31.05.2020 | 556920 | 55692 | 501228 (PH2-3455/20/ 12.03.21ലെ അഡീഷണൽ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ) |
| 22100777/ 16.6.21 | 129600 | ലതിക കെ പി 31.05.2021 | 144000 | 14400 | 129600 (PH2-6681/21/ 12.03.21ലെ അഡീഷണൽ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ) |
| 22100779/ 16.6.21 | 205254 | നാരായണൻ പി 28.2.2021 | 228060 | 22806 | 205254 (PH2-26053/20 /5.03.21ലെ അഡീഷണൽ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ) |
| 22101202/ 20.7.21 | 50575 (ലോൺ റിക്കവറി 289625 കിഴിച്ചുള്ള തുകയാണ്) | ഉസ്മാൻ പി എം 31.8.2019 | 378000 | 37800 | 340200 (PH2-3535/19/ 23.12.20ലെ അഡീഷണൽ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ) |
| 22102030/ 17.9.21 | 149688 | ശാന്ത എം സി 31.3.21 | 166320 | 16632 | 149688 (PH2-36613/20/ 29.06.21ലെ അഡീഷണൽ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ) |
| 22102032/ 17.9.21 | 181440 | തങ്ക കെ വി 30.4.21 | 181440 | 18144 | 163296 (PH8-16485/21/ 29.06.21ലെ അഡീഷണൽ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ) 163296 ന് പകരം 181440 രൂപയാണ് അനുവദിച്ചിരിക്കുന്നത്. |
| 22102130/ 29.9.21 | 204960 (ലോൺ റിക്കവറി 106080 കിഴിവ് ചെയ്ത തുക) | പി വി വിശ്വൻ | 345600 | 34560 | 311040 (PH8/PH2-3591/19/ 19.07.21ലെ അഡീഷണൽ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ) |
| 22102476/ 27.10.21 | 197979 (ലോൺറിക്കവറി 100425 രൂപ കിഴിവ് ചെയ്ത്) | പി പി ഗിരിജ 31.5.21 | 331560 | 33156 | 298404 (PH8-19930 /21/ 17.08.21ലെ അഡീഷണൽ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ) |
| 22102485/29.10.21 | 482598 | പുഷ്പം ടി വി 31.05.21 | 536220 | 53622 | 482598 (PH8-19930 /21/ 17.08.21ലെ അഡീഷണൽ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ) |

| | | | | | |
|---|---|---|---|---|---|
| 22102488/ 29.10.21 | 721710 | വി വി രാജൻ 28.2.21 | 801900 | 80190 | 721710 (PH2-24708 /20/ 18.08.21ലെ അഡീഷണൽ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ) |
| 22102490/ 29.10.21 | 176516 (ലോൺ റിക്കവറി കിഴിവ് ചെയ്തത്) | ദേവസ്സി പി എൽ 30.4.21 | 331560 | 33156 | 298404 (PH2-20929 /21/ 10.09.21ലെ അഡീഷണൽ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ) |
| 22103553/ 19.1.22 | 219915 | ബാലൻ പി ആർ 31.5.21 | 244350 | 24435 | 219915 (PH2-918 /21/ 24.08.21ലെ അഡീഷണൽ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ) |
| 22104402/ 9.3.22 | 392163 (ലോൺ റിക്കവറി കിഴിവ് ചെയ്ത തുക) | സി എ ഔസേഫ് 30.4.21 | 796800 | 79680 | 717120 (PH8-32675 /20/ 3.01.22ലെ അഡീഷണൽ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ) |
| 22104401/ 9.3.22 | 112640 | ഉണ്ണികൃഷ്ണൻ പി വി 31.5.21 | 222600 | 22260 | 139840 (PH8-16527 /21/ 16.11.21ലെ അഡീഷണൽ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ) |
| 22104405/ 9.3.22 | 835758 | കെ കെ ശശിധരൻ 31.5.21 | 928620 | 92862 | 835758 (PH8-45085 /20/ 15.02.22ലെ അഡീഷണൽ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ) |
| 22104500/ 11.3.2022 | 618727 | പി കെ ഭരതൻ 31.12.21 | 687475 | 68748 | 618727 ( PH2-17304 /21/ 3.01.22ലെ അഡീഷണൽ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ) |

ചുവടെ ചേർത്തിട്ടുള്ള കാര്യങ്ങൾ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

1) സർക്കാർ / നഗരകാര്യഡയറക്ടറുടെ ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം 10% തുക ഓഡിറ്റ് ബാധ്യത എന്ന പേരിൽ കണ്ടിജന്റ് ജീവനക്കാരുടെ ഡിസിആർജിയിൽ നിന്ന് ഈടാക്കുന്നത് എന്ന വിവരം

2) ഈ തുക പെൻഷണർക്ക് തിരികെ നൽകുന്ന തീയതി, തുക തിരികെ നൽകുന്ന കാലാവധി നിർണ്ണയിക്കുന്ന രീതി,കാലാവധിക്കുള്ളിൽ തുക തിരികെ നൽകിയെന്ന് ഉറപ്പുവരുത്തുന്നതിന് സ്ഥാപനം സ്വീകരിക്കുന്ന നടപടിക്രമങ്ങൾ

3) തുക തിരികെ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ, നാളിതുവരെ ഇപ്രകാരം ഈടാക്കിയതും തിരികെ നൽകിയതും നൽകാത്തതുമായ തുകയുടെ വിവരങ്ങൾ

4) റിക്കവർ ചെയ്യുന്ന തുക ഏതെങ്കിലും ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിക്കുന്നുണ്ടെങ്കിൽ അക്കൌണ്ടിന്റെ വിവരം, അക്കൌണ്ടിലെ തുകയുടെ വിവരം

5) തുക റിക്കവർ ചെയ്യുന്നത് സംബന്ധിച്ച് സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുള്ള വിവരങ്ങൾ, പ്രത്യേക രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ

മേൽവിവരങ്ങൾ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഓഡിറ്റിന് ഹാജരാക്കുവാൻ ഓഡിറ്റ് എൻക്വയറി -155/15.02.2023 മുഖേന ആവശ്യപ്പെട്ടെങ്കിലും സ്ഥാപനം വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.
കണ്ടിജന്റ് പെൻഷൻകാരുടെ ഡിസിആർജിയിൽ നിന്നും ഇപ്രകാരം തുക ഈടാക്കുന്നത് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയമപരമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്. സർക്കാർ ഉത്തരവിന്റെ അഭാവത്തിൽ ഇപ്രകാരം തുക ഈടാക്കുന്നത് ഒഴിവാക്കേണ്ടതാണ്. നിയമാനുസൃതമാണെങ്കിൽ നിയമപരമായ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് തുക നിശ്ചിതകാലാവധിക്കുള്ളിൽ പെൻഷണർക്ക് തിരികെ നൽകേണ്ടതാണ് . ഇതു സംബന്ധിച്ച രേഖകൾ റിക്കവറി ചെയ്ത തുക, തിരികെ നൽകേണ്ട തീയതി, തിരികെ നൽകിയതിന്റെ വിവരങ്ങൾ,തിരികെ നൽകാനുള്ള തുക എന്നിവ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ സ്ഥാപനം തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-104 പദ്ധതി ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല – ചെലവ് തുക 2567830രൂപ തടസ്സപ്പെടുത്തുന്നു

2021-22 സാമ്പത്തികവർഷം അഡീഷണൽ സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ചുവടെ ചേർക്കുന്ന പദ്ധതികളുടെ ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല .

| പ്രോജക്റ്റ് | സുലേഖ പ്രകാരം ചെലവ് | ഫണ്ട് | വൌച്ചർ നം./ തുക |
|---|---|---|---|
| S1176/22 – വയോമിത്രം കോർപ്പറേഷൻ വിഹിതം അടവാക്കൽ | 2500000 | വികസനഫണ്ട് -ജനറൽ | 22105559/21.2.22 -2500000 |
| S0416/22- പദ്ധതി രൂപീകരണവും മോണിറ്ററിംഗും | 67830 | വികസനഫണ്ട് -ജനറൽ | 22105224/25.3.22 -- 67830 |
| | | ആകെ | 2567830 |

ഓഡിറ്റ് റിക്വസിഷൻ നം. 26/21-22തീയതി : 02.11.2022,
ഓഡിറ്റ് എൻക്വയറി--19/21തീയതി 29.11.2022

ഓഡിറ്റ് എൻക്വയറി -- 44/21-22/13.12.2022

ഓഡിറ്റ് എൻക്വയറി-- 74/26.12.2022
ഓഡിറ്റ് എൻക്വയറി--88/04.01.2023
എന്നിവ പ്രകാരം രേഖകൾ ആവശ്യപ്പെട്ടിട്ടും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. പല പ്രാവശ്യം ആവശ്യപ്പെട്ടിട്ടും രേഖകൾ ഹാജരാക്കാത്തത് സ്ഥാപനത്തിന്റെ ഭാഗത്തുനിന്ന് വീഴ്ചയാണ്. ആയതിനാൽ ചെലവഴിച്ച തുക 2567830രൂപ രേഖകൾ ഹാജരാക്കുന്നതു വരെ തടസ്സപ്പെടുത്തുന്നു.

## 1-105 സുലേഖ സ്റ്റേറ്റ്മെന്റിൽ ഗുണഭോക്തൃവിഹിതം രേഖപ്പെടുത്തിയിട്ടില്ല.

ചുവടെ ചേർത്തിരിയ്ക്കുന്ന പദ്ധതികളിൽ വികസനഫണ്ടിനു ആനുപാതികമായി ഗുണഭോക്തൃവിഹിതം വകയിരുത്തുകയും ചെയ്തിട്ടുണ്ടെങ്കിലും ചെലവു പത്രികയിൽ ചെലവു രേഖപ്പെടുത്തി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | പദ്ധതിയുടെ പേരും നമ്പരും | ഗുണഭേക്തൃ വിഹിതം | പദ്ധതി വിഹിതം | പദ്ധതി ചെലവു തുക | അഭിപ്രായകുറിപ്പ് |
|---|---|---|---|---|---|
| 1 | മട്ടുപ്പാവുകൃഷി, എസ്718/22 | 1,66,600/- | 5,00,000/- | 4,50,000/- | ഗുണഭോക്തൃവിഹിതം ചെലവു കാണിച്ചിട്ടില്ല. എന്നാൽ ഒല്ലൂർ കൃഷിഭവൻ ഗുണഭോക്തൃ വിഹിതമിനത്തിൽ 25000/- രൂപ പിരിച്ച് നഗരസഭയിൽ ഒടുക്കിയതായി കാണുന്നു. ഒല്ലുക്കര കൃഷിഭവൻ ഗുണ ഭോക്തൃവിഹിതമിനത്തിൽ 27,750/-രൂപ ഈടാക്കി ഒടുക്കിയിട്ടുണ്ട്. വിൽവട്ടം 27750/- രൂപ ഈടാക്കി ഒടുക്കിയിട്ടുണ്ട്. |
| 2 | സുഭിക്ഷകേരളം സമഗ്ര പച്ചക്കറി കൃഷിവികസനം/ എസ് 139/22 | 280000/- | 10,00,000/- | 9,10,000/- | 7500/-+7500/- |
| 3 | സമഗ്ര പച്ചക്കറി വികസനം106/22 | 2,80,000/- | 10,00,000/- | 959,076/- | ഗുണഭോക്തൃവിഹിതമിനത്തിൽ 7500/-രൂപ പിരിച്ച് ഒല്ലുക്കര കൃഷിഭവൻ നഗരസഭയിൽ ഒടുക്കിയതായി കാണുന്നു. |
| 4 | സമഗ്ര നെൽകൃഷി വികസനം എസ് 420/22 | 23,14,000/- | 1157000/- | 1157000/- | വിൽവട്ടം ഗ്രാമപഞ്ചായത്ത് 23200/-ഗുണഭോക്തൃവിഹിത മിനത്തിൽ ഈടാക്കി ഒടുക്കിയിട്ടുണ്ട്. |
| 5 | സമഗ്ര വാഴകൃഷി വികസന പദ്ധതി എസ് 455/22 | 525000/- | 1350000/- | 1252225/- | |
| 5 | സമഗ്ര കേരകൃഷിവികസനം | 7,85,730/- | 1500000/- | 1407517/- | |

| | | | | | |
|---|---|---|---|---|---|
| | എസ് 123/22 | | | | |
| 6 | സുഭിക്ഷകേരളം-ഗ്രോബാഗ് നിറച്ച് പച്ചക്കറി തൈ അടക്കം കിറ്റ്<br>എസ്57/22 | 725000/- | 2175000/- | 2158500/- | ഗുണഭോക്തൃവിഗിതമിനത്തിൽ<br>1,02,000/-രൂപ ഒല്ലൂർ കൃഷിഭവൻ-പിരിച്ച് നഗരസഭയിൽ ഒടുക്കിയതായി കാണുന്നു<br>ഗുണഭോക്തൃവിഹിതമിനത്തിൽ 1,35,000/-രൂപ ഒല്ലുക്കര കൃഷിഭവൻ പിരിച്ച് നഗരസഭയിൽ ഒടുക്കിയതായി കാണുന്നു. വിൽവട്ടം കൃഷിഭവൻ 87500/-രൂപ പിരിച്ച് നഗരസഭയിൽ ഒടുക്കിയതായി കാണുന്നു. |
| 7 | സമഗ്ര നെൽകൃഷി വികസനം<br>എസ് 34/22 | 13817250/- | 24150000/- | 24150000 | |

മേലപാകതകൾക്കു വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം.78/2021-2022ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രൊജക്റ്റ് തയ്യാറാക്കുമ്പോൾ ഗുണഭോക്തൃവിഹിതം നേരിട്ട് ചെലവഴിക്കുന്നുവെന്ന് രേഖപ്പെടുത്തുകയും അതിനു വിപരീതമായി ഗുണഭോക്തൃവിഹിതം പിരിച്ച് തനതുഫണ്ടിൽ ഒടുക്കുകയും അതിൽ നിന്ന് ചെലവഴിക്കുകയും ചെയ്യുന്നുവെങ്കിലും കൃത്യമായി ചെലവ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്താതിരിക്കുന്നത് ഗുരുതരമായ കൃത്യവിലോപമായി ഓഡിറ്റ് വീക്ഷിക്കുന്നു.

## 1-106 കോവിഡ് 19 ചെലവുകൾ -- കോർപ്പറേഷന് ചെലവ് തുക ലഭ്യമായിട്ടില്ല.

പ്രോജക്റ്റ് നം.-- S196/22

പ്രോജക്റ്റ് -- കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ-- വിവിധ ജീവൻ രക്ഷാ പ്രവൃത്തികൾ

നിർവഹണഉദ്യോഗസ്ഥൻ -- സെക്രട്ടറി

അടങ്കൽ -- 8926492 (വികസനഫണ്ട് -- ജനറൽ)

ചെലവ് -- 8731530

മേൽപ്രകാരം കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട ചെലവുകൾക്ക് 8731530രൂപ കോർപ്പറേഷൻ 2021-22 സാമ്പത്തികവർഷം ചെലവഴിച്ചു.

പദ്ധതിയിൽ നടപ്പാക്കിയ പ്രവർത്തനങ്ങൾ

A) ക്വാറന്റയിൻ കേന്ദ്രങ്ങൾ, കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകൾ, കോവിഡ് സെക്കന്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകൾ, ഡൊമിസിലയറി കെയർ സെന്ററുകൾ, എന്നിവ സ്ഥാപിക്കുന്നതിനും പരിപാലനവും തുടർ പ്രവർത്തനങ്ങളും

B) വാർഡ് തലസമിതികളുടെ നേതൃത്വത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾ, ശുചീകരണപ്രവർത്തനങ്ങൾ, കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട മറ്റ് പ്രവൃത്തികൾ,

C)രോഗനിർണ്ണയത്തിനും വാക്സിനേഷനും ആവശ്യമായ സൌകര്യങ്ങൾ ഏർപ്പെടുത്തൽ,രോഗികൾക്ക് വാഹനം , പ്രതിരോധപ്രവർത്തനങ്ങൾക്ക് ആവശ്യമായ മരുന്നും ഉപകരണങ്ങളും തുടങ്ങിയ സർക്കാർ നിർദ്ദേശപ്രകാരമുള്ള പ്രവർത്തനങ്ങൾ

സർക്കാർ ഉത്തരവ് സ.ഉ. ( സാധാ ) നം. 1382/2020/ ത.സ .ഭ.വ തീയതി, 21/07/2020 ഖ.3 പ്രകാരം ഇപ്രകാരം ചെലവഴിച്ച തുക സർക്കാർ തിരിച്ചുനൽകുന്നതാണ്. ഇതിനായി പ്ലാൻഫണ്ട്, തനതുഫണ്ട്,സംഭാവന ഇനത്തിൽ ലഭിക്കുന്ന തുകയും ചെലവഴിക്കാവുന്നതാണ്.ഇങ്ങനെ ചെലവഴിക്കുന്ന തുകയിൽ സംസ്ഥാനദുരന്തനിവാരണഫണ്ടിൽ നിന്നും അനുവദനീയമായ പ്രോജക്റ്റുകൾക്കുള്ള തുക പ്രസ്തുത അക്കൌണ്ടിൽ നിന്നും റീ ഇംമ്പേഴ്സ് ചെയ്യുന്നതാണ്. ഇതിനാവശ്യമായ രേഖകളും മറ്റ് വിശദാംശങ്ങളും തയ്യാറാക്കി ജില്ലാ കളക്ടർക്ക് സമർപ്പിക്കേണ്ടതാണ്.വികസനഫണ്ട് പൂർണ്ണമായും ചെലവഴിക്കുന്ന സ്ഥാപനങ്ങൾക്ക് ദുരന്തനിവാരണഫണ്ടിൽ നിന്ന് ലഭിക്കുന്ന തുകക്കും സംഭാവന ലഭിച്ച തുകക്കും ഉപരിയായി വരുന്ന തുക അധികവിഹിതമായി അനുവദിക്കുന്നതാണ്. ഇതിനായി ഒരു സ്പെഷ്യൽ ടി എസ് ബി അക്കൌണ്ട് ആരംഭിക്കേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന ദുരന്തനിവാരണഅതോറിറ്റിയുടെ തുകയും പ്ലാൻഫണ്ട് അധികവിഹിതവും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മറ്റ് വികസനപദ്ധതികൾക്ക് ഉപയോഗപ്പെടുത്താവുന്നതാണ്.

2020-21ൽ സിഎഫ് എൽ ടിസി , കുടുംബശ്രീ മുഖേന 71.18ലക്ഷം രൂപ ചെലവായി.41.87 ലക്ഷം രൂപയാണ് തിരികെ ലഭിച്ചത്. 29.31 ലക്ഷം രൂപ ലഭിച്ചിട്ടില്ല.

വിശദാംശങ്ങൾ

| വകുപ്പ് | ചെലവ് | തിരികെ ലഭിച്ചത് | ബാക്കി |
|---|---|---|---|
| കോർപ്പറേഷൻ | 5591653 | 3200000 | 2391653 |
| കുടുംബശ്രീ | 1526635 | 987235 | 539400 |
| ആകെ | 7118288 | 4187235 | 2931053 |

സർക്കാർ ഉത്തരവിന് വിരുദ്ധമായി ഈ തുക കോർപ്പറേഷന്റെ തനതുഫണ്ട് അക്കൌണ്ടിലാണ് (എസ് ബി ഐ 57069788272)അടവാക്കിയത്.

ഓഡിറ്റ് എൻക്വയറി --139/27.1.2013 മുഖേന 2021-22 സാമ്പത്തികവർഷം തുക ലഭ്യമായിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ

ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും

വിവരങ്ങൾ ഹാജരാക്കിയിട്ടില്ല. കോവിഡ് 19 ട്രഷറിഅക്കൌണ്ട് ബാങ്ക് ബുക്ക്, ട്രഷറി സ്റ്റേറ്റ് മെന്റ് പരിശോധിച്ചതിലും 2021-22 ൽ തുക വരവില്ല.

തുക ലഭ്യമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-107 പദ്ധതി രൂപീകരണവും മോണിറ്ററിംഗും - നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് -- S0004/22 – പദ്ധതി രൂപീകരണവും മോണിറ്ററിംഗും

നിർവഹണഉദ്യോഗസ്ഥൻ -- അഡീഷണൽ സെക്രട്ടറി

അടങ്കൽ -- 4,00,000(വികസനഫണ്ട് -- ജനറൽ)

ചെലവ് -- 2,39,479

ഫയൽ നം.-- PC2-8623/21

PC2-24445/21

പദ്ധതിയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1. സ്ഥാപനത്തിന്റെ ബിൽ ഇല്ല. ലെറ്റർഹെഡിൽ ചെലവ് വിവരം ചേർത്ത് ലഭ്യമാക്കിയതിന് അനുസൃതമായി തുക നൽകിയിരിക്കുന്നു.

| വൗച്ചർനം,തീയതി, തുക | കൈപ്പറ്റിയ സ്ഥാപനം |
|---|---|
| 22101150/23.6.21--88750 | MG Restaurants, Womens Food Court,Thrissur |

2. തുക സേവനം ലഭ്യമാക്കിയ സ്ഥാപനത്തിന് നൽകാതെ ഉദ്യോഗസ്ഥർക്ക് നൽകിയിരിക്കുന്നു

| വൗച്ചർനം,തീയതി, തുക | കൈപ്പറ്റിയ വ്യക്തി | സേവനം നൽകിയ സ്ഥാപനം |
|---|---|---|
| 22101578/19.7.21--3300 | ശ്രീമതി. ബിന്ദു പി ബി | കോർപ്പറേറ്റ് സൊല്യൂഷൻസ് ,തൃശ്ശൂർ -- ഡിജിറ്റൽ സിഗ്നേച്ചർ സർട്ടിഫിക്കറ്റ് |
| 22101577/6.7.21-- 2200 | ശ്രീമതി.ധന്യ വിൻസന്റ് | കോർപ്പറേറ്റ് സൊല്യൂഷൻസ് ,തൃശ്ശൂർ -- ഡിജിറ്റൽ സിഗ്നേച്ചർ സർട്ടിഫിക്കറ്റ് |
| 22104020/1.2.22 -- 3300 | ശ്രീ.ഭരതരാജൻ കെ എസ് | ഡിജിസോഫ്റ്റ് തൃശ്ശൂർ -- ഡിജിറ്റൽ സിഗ്നേച്ചർ സർട്ടിഫിക്കറ്റ് |
| 22105040/30.3.22 -- 800 | ശ്രീ.ബിനു | ടാക്സ് പോയിന്റ് കൺസൾട്ടന്റ്സ് |
| 22105046/30.3.22 -- 2360 | ശ്രീമതി. ബിന്ദു പി ബി | വാസു ആന്റ് ശിവറാം -- ജി എസ് ടി രജിസ്ട്രേഷൻ |

തുക സ്ഥാപനത്തിന് നൽകുവാൻ ശ്രദ്ധ പുലർത്തേണ്ടതാണ്.

3. വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല – തുക തടസ്സപ്പെടുത്തുന്നു.

A.അച്ചടിച്ച ഫോമുകൾ സ്റ്റോക്കിലെടുത്തതിന്റെയോ വിതരണം ചെയ്തതിന്റെയോ വിവരം ലഭ്യമല്ല.

| ബിൽ നം,തീയതി, തുക | കൈപ്പറ്റിയ സ്ഥാപനം | അഭിപ്രായം |
|---|---|---|
| 22101524/19.7.21--950 | MS മോഡേൺ മിനി ഓഫ് സെറ്റ് പ്രസ് ,തൃശ്ശൂർ | ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യം -- അപേക്ഷാ ഫോം 1000 എണ്ണം |
| 22104879/29.9.21--56000 | MS മോഡേൺ മിനി ഓഫ് സെറ്റ് പ്രസ് ,തൃശ്ശൂർ | അപേക്ഷാ ഫോം 5000 എണ്ണം |
| 22104345/13.10.21--1350 | MS മോഡേൺ മിനി ഓഫ് സെറ്റ് പ്രസ് ,തൃശ്ശൂർ | കരട് കരാർ പത്രം --600എണ്ണം |

| | | |
|---|---|---|
| 22104157/18.12.21--1550 | MS മോഡേൺ മിനി ഓഫ് സെറ്റ് പ്രസ് ,തൃശ്ശൂർ | വയോജനങ്ങൾക്ക് കട്ടിൽ അപേക്ഷാഫോം -- 2000എണ്ണം |
| 22104165/18.12.21--3380 | MS മോഡേൺ മിനി ഓഫ് സെറ്റ് പ്രസ് ,തൃശ്ശൂർ | 1.ആട് വളർത്തൽ പദ്ധതി -- അപേക്ഷാഫോ -- 275 എണ്ണം<br>2.ഉന്നതവിദ്യാഭ്യാസആനുകൂല്യം അപേക്ഷ – 200എണ്ണം<br>3.പഠനമുറി അപേക്ഷാഫോം -- 70എണ്ണം<br>4.ലാപ്ടോപ്പ് അപേക്ഷാ ഫോം -- 125എണ്ണം<br>5.പശുവളർത്തൽ അപേക്ഷാഫോം -- 110എണ്ണം |
| 22104137/23.12.21--2950 | | ഭൂരഹിതർ ക്ലേശഘടകം പരിശോധനാഫോറം -- 1000 എണ്ണം<br>ഭവനരഹിതർ ക്ലേശഘടകം പരിശോധനാഫോറം -- 4000 എണ്ണം |
| 22105521/14.2.22--2200 | | മുട്ടക്കോഴി വളർത്തൽ -- അപേക്ഷാഫോം --4000എണ്ണം |
| 68380 | | |

സ്ഥാപനത്തിന്റെ ക്വട്ടേഷൻ ഭരണസമിതി അംഗീകരിച്ചതിന്റെയോ സ്ഥാപനവുമായി കരാർ വച്ചതിന്റെയോ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

വിവരങ്ങൾ ഹാജരാക്കുന്നത് വരെ ചെലവ് തുക 68380 രൂപ തടസ്സപ്പെടുത്തുന്നു.

B) 18.11.21 ൽവൌച്ചർ നം.22104278 പ്രകാരം 15152 രൂപ മാതൃഭൂമി പ്രിന്റിംഗ് ആന്റ് പബ്ലിഷിംഗ് കമ്പനിക്ക് നൽകിയതായി കാണുന്നു. എന്നാൽ ട്രഷറി ബില്ലിൽ IFSC കോഡ് SBIN0070188 എന്നും അക്കൌണ്ട് നം. 570 എന്നുമാണ് ചേർത്തിട്ടുള്ളത്. അക്കൌണ്ട് നം. മുഴുവനായി ചേർക്കാത്തതിനാൽ തുക മാതൃഭൂമിക്ക് ലഭ്യമായി എന്ന് ഉറപ്പുവരുത്താൻ ആകുന്നില്ല.തുക സ്ഥാപനത്തിന് ലഭ്യമായി എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

C) വൌച്ചർ നം.22105220/25.3.22 ന് 15422 രൂപ ദേശാഭിമാനി പബ്ലിക്കേഷന് നൽകിയിട്ടുണ്ട്. പരസ്യം പ്രസിദ്ധീകരിച്ചതിന്റെ പത്രം ഫയലിൽ ഇല്ല.

D) വൌച്ചർ നം.22104968/29.10.21 പ്രകാരം 5600രൂപ പിൻവലിച്ചിട്ടുണ്ട്. ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല.

രേഖകൾ ഓഡിറ്റിന് ഹാജരാക്കുന്നത് വരെ ചെലവ് തുക 36174രൂപ തടസ്സപ്പെടുത്തുന്നു.

4.. ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ നിയമിച്ച് സർക്കാർ അനുമതി ഇല്ലാതെ പ്രതിഫലം നൽകിയിരിക്കുന്നു.

ഗുണഭോക്തൃലിസ്റ്റ് ഡാറ്റാ എൻട്രി ചെയ്യുന്നതിന് ബഹുമാനപ്പെട്ട മേയറുടെ മുൻകൂർ അനുവാദത്തോടെ രണ്ട് വ്യക്തികളെ പേജ് ഒന്നിന് 15 രൂപ നിരക്കിൽ നിയമിക്കുകയും

പ്രതിഫലം നൽകുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട മേയറുടെ മുൻകൂർ അനുമതി കൌൺസിൽ 23.12.21 ലെ 2ാം നമ്പർ തീരുമാനപ്രകാരം സാധൂകരിച്ചിട്ടുണ്ട്.

| വൌച്ചർ നം | കൈപ്പറ്റിയ വ്യക്തി |
|---|---|
| 22105522/14.2.22-- 8325 | ശ്രീമതി.അജിത ടി കെ |
| 22105523/14.2.22-- 6390 | കുമാരി. ജോഷ് വി .പി .ജോബി |

ഇപ്രകാരം ദിവസവേതനത്തിന് നിയമിക്കുന്നതിന് സർക്കാർ ഉത്തരവ് ലഭ്യമാക്കിയിട്ടില്ല.പിന്നീട് സർക്കാർ സാധൂകരണം ലഭ്യമാക്കിയതായും കാണുന്നില്ല.പേജ് ഒന്നിന് 15രൂപ നിരക്ക് പ്രകാരമാണ് തുക നൽകിയിട്ടുള്ളത്. ഈ നിരക്ക് എപ്രകാരമാണ് നിർണ്ണയിച്ചതെന്ന് വ്യക്തമല്ല. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 15 പ്രകാരം ചെയർപേഴ്സൺ മുൻകൂർ അനുമതി നല്കാവുന്നവയുടെ ഇനത്തിൽ ഇപ്രകാരം ദിനവേതനത്തിന് ജീവനക്കാരെ നിയമിക്കുന്നത് ഉൾപ്പെടുന്നില്ല. അടിയന്തിരസാഹചര്യത്തിൽ പൊതുജനങ്ങളുടെ രക്ഷക്ക് ഉടനടി ചെയ്യേണ്ട കാര്യങ്ങളാണ് മുൻകൂർ അനുമതി നൽകാവുന്നത്.

സ.ഉ.(കൈ)നം.22/2018/തസ്വഭവ തീയതി.14.02.2018 ഖ.8.10 പ്രകാരം പ്രോജക്ടിൽ വകയിരുത്തി ശമ്പളമോ ഹോണറേറിയമോ നൽകുവാൻ പാടില്ല.

സ്ഥാപനങ്ങളുടെ അക്കൌണ്ട് വിവരം ലഭ്യമല്ല.കൈമാറിയ തുക ബന്ധപ്പെട്ട വ്യക്തികൾക്ക് ലഭിച്ചു എന്ന് ഉറപ്പുവരുത്തുവാൻ UTR സ്റ്റേറ്റ്മെന്റ് ഫയലിൽ ലഭ്യമല്ല.

ചെലവഴിച്ച 14715 രൂപ തടസ്സപ്പെടുത്തുന്നു.

മേൽഅപാകതകൾ ഓഡിറ്റ് എൻക്വയറി-62/22.12.2022 മുഖേന സ്ഥാപനത്തിനെ അറിയിച്ചെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

രേഖകളുടെ അഭാവത്തിൽ ചെലവ് 119269 രൂപ (68380 +36174+14715 ) തടസ്സപ്പെടുത്തുന്നു.

## 1-108 പദ്ധതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

കെ എസ് ഇ ബി,വാട്ടർ അതോറിറ്റി,കോർപ്പറേഷൻ വൈദ്യുതിവിഭാഗം എന്നീ സ്ഥാപനങ്ങൾക്ക് ഡിമാന്റ് നോട്ടീസിന്റെ അടിസ്ഥാനത്തിൽ തുക കൈമാറി. സ്ഥാപനങ്ങളിൽ നിന്ന് രസീത് ലഭ്യമാക്കിയില്ല.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

I.നിർവഹണഉദ്യോഗസ്ഥൻ -- അഡീഷണൽ സെക്രട്ടറി

പ്രോജക്ട് നം.-- S011/22

പ്രോജക്ട് -- കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ദൈനംദിനചെലവുകൾ

അടങ്കൽ -- 3200000

ചെലവ് -- 2676899

ഫയൽ നം.-- PC5-- 24553/21

കോർപ്പറേഷന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ വെള്ളക്കരം, വൈദ്യുതി, ടെലഫോൺ ചാർജ്,മറ്റ് ഓഫീസ് ചെലവുകൾ എന്നിവക്കാവശ്യമായ ഫണ്ട് നൽകുന്നതിനായാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

A).ഡിമാന്റ് നോട്ടീസിന്റെ അടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റിക്ക് തുക നല്കി. സ്ഥാപനം രസീത് ലഭ്യമാക്കിയിട്ടില്ല.

അംഗൻവാടികളുടെ വിവിധ കാലയളവുകളിലെ വെള്ളക്കരം ഇനത്തിൽ വാട്ടർ അതോറിറ്റിക്ക് കൈമാറി. ഇതിൽ 2017 മുതലുള്ള വെള്ളക്കരം ഉൾപ്പെടുന്നു. കാലയളവ് ചേർക്കാതെയും ഡിമാന്റ് നോട്ടീസ് ഇഷ്യൂ ചെയ്തിട്ടുണ്ട്.

ഓരോ മാസത്തെയും ഡിമാന്റ് എത്രയാണ് എന്ന് വ്യക്തമല്ല. എല്ലാ ഡിമാന്റ് നോട്ടീസുകളും 11/21,12/21 മാസങ്ങളിൽ ഇഷ്യൂ ചെയ്തവയാണ്.എല്ലാ ഡിമാന്റ് നോട്ടീസുകളുടെയും പകർപ്പാണ് ഫയലിൽ ഉള്ളത്. പിഴ കൂടാതെ തുക അടക്കാവുന്ന തീയ്തി, പണം അടവാക്കേണ്ട അവസാന തീയതി,മീറ്റർ റീഡറുടെ ഒപ്പ് എന്നിവ ഇല്ല.വാട്ടർ അതോറിറ്റിയുടെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറാണ് ഡിമാന്റ് നോട്ടീസ് ഒപ്പുവച്ചിട്ടുള്ളത്. യഥാസമയം ഡിമാന്റ് നോട്ടീസുകൾ നൽകിയിട്ടുണ്ടോ എന്ന് വ്യക്തമല്ല. ഇതിനുമുമ്പ് തുക അടവാക്കിയിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടില്ല.

സ്ഥാപനം രസീത് നൽകാത്തതിനാൽ ഇനിയും ഡിമാന്റ് ചെയ്യാനുള്ള സാധ്യത ഉണ്ട്.ഓരോ സ്ഥാപനത്തിനും അടവാക്കിയ വെള്ളക്കരത്തിന്റെ രസീത് നൽകിയാൽ മാത്രമേ ഓരോ സ്ഥാപനത്തിന്റെയും കുടിശ്ശികയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുവാൻ സാധിക്കുകയുള്ളൂ.

ഉദാ --

| വൗച്ചർ നം | സ്ഥാപനം | ഡിമാന്റ് നോട്ടീസ് | ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള തുക | ഡിമാന്റ് നോട്ടീസിലെ കാലയളവ് | അഭിപ്രായം |
|---|---|---|---|---|---|
| 22105534/15.2.22 – 572303 | അംഗൻവാടി നം.-9 | 107756/18.12.21 | 15550 | 03/2017 വരെ | കാലയളവ് വ്യക്തമല്ല |
| (അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ എസ് ബി ഐ 57069681443 നം.അക്കൌണ്ടിലേക്ക് കൈമാറി.) | | 107758/18.12.21 | 15550 | 03/2020 വരെ | 36മാസം |
| | | 107759/18.12.21 | 15581 | 09/2021 വരെ | 18മാസം |
| | | 107785/22.12.21 | 13342 | 10/2021 വരെ | 1മാസം<br>(18 മാസത്തെ വെള്ളക്കരത്തിന്റെ തുക ഒരുമാസം ഈടാക്കി) |
| 22105340/23.12.21 – 258423 | | 107757/18.12.21 | 15550 | 03/2019 വരെ | കാലയളവ് വ്യക്തമല്ല |
| 22105534/15.2.22 – 572303 | അംഗൻവാടി നം.10 | 107774/18.12.21 | 19517 | ഇല്ല | കാലയളവ് ഇല്ല |
| | | 107773/18.12.21 | 19514 | 3/2020 വരെ | 12മാസം |
| | | 107772/18.12.21 | 19514 | 03/2019 വരെ | കാലയളവ് വ്യക്തമല്ല |
| | | 107776/22.12.21 | 9226 | 11/2021 വരെ | കാലയളവ് വ്യക്തമല്ല |
| 22105340/23.12.21 – 258423 | | 107771/18.12.21 | 19514 | 03/2017 വരെ | കാലയളവ് ഇല്ല |
| 22105534/15.2.22 – 572303 | അംഗൻവാടി നം.18 | 107768/ 18.12.21 | 14800 | 03/2019വരെ | കാലയളവ് ഇല്ല |
| | | 107769/18.12.21 | 14800 | 03/2020 വരെ | 12മാസം |

| | | | | | |
|---|---|---|---|---|---|
| | | 107770/18.12.21 | 15149 | 10/21 വരെ | 19മാസം 7 മാസത്തേക്ക് 349 രൂപ (15149-14800) മാത്രമാണ് ഡിമാന്റ് ചെയ്തിട്ടുളളത് എന്ന് വ്യക്തമാണ് |
| 22105340/23.12.21 – 258423 | | 107767/18.12.21 | 14800 | 03/2017 വരെ | കാലയളവ് ഇല്ല |
| 22105534/15.2.22 – 572303 | അംഗൻവാടി നം. 28 | 107762/18.12.21 | 13950 | 3/2019വരെ | കാലയളവ് ഇല്ല |
| | | 107763/18.12.21 | 13950 | 03/2020 വരെ | 12മാസം |
| | | 107764/18.12.21 | 14062 | 09/21 വരെ | 18മാസം 6 മാസത്തേക്ക് 112രൂപയാണ് (14062-13950)ഡിമാന്റ് |
| 22105340/23.12.21 – 258423 | | 107761/18.12.21 | 13950 | 03/2017 വരെ | |
| 22105534/15.2.22 – 572303 | അംഗൻവാടി നം.19 | 107766/ 18.12.21 | 16257 | 10/21വരെ | |
| 22105340/23.12.21 – 258423 | | 107765/18.12.21 | 16250 | 03/2019 വരെ | |

വെള്ളക്കരം എന്നുമുതൽ എന്ന് വരെയുള്ളതാണെന്ന് നോട്ടീസിൽ വ്യക്തമാക്കിയിട്ടില്ല. പ്രതിമാസഡിമാന്റ് അംഗൻവാടികളുടെ താരിഫ് , ഉപഭോഗം എത്രയാണ് എന്നോ ഡിമാന്റിൽ വ്യക്തമല്ല.

മറ്റ് അംഗൻവാടികളുടെ വെള്ളക്കരം ഡിമാന്റ് ചെയ്തതിന്റെ വിവരങ്ങൾ

വൌച്ചർ നം.-- 22105534/15.2.22 – 572303

| അംഗൻവാടി നം. | ഡിമാന്റ് നോട്ടീസ് | ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള തുക | ഡിമാന്റ് നോട്ടീസിലെ കാലയളവ് |
|---|---|---|---|
| 43 | 6.1.22(തീയതി മാത്രമേ ഉള്ളൂ) | 16192 | 3/21 വരെ |
| | 6.1.22(തീയതി മാത്രമേ ഉള്ളൂ) | 15624 | 11/21 വരെ (8മാസം) |
| 4 | 107775/22.12.21 | 8916 | 11/21 വരെ |
| 12 | 107777/22.12.21 | 9937 | 11/21 വരെ |
| 54 | 107784/22.11.21 | 2827 | 10/21 വരെ |
| 39 | 107783/22.11.21 | 2109 | 10/21 വരെ |
| 44 | 107778/22.11.21 | 14812 | 11/21 വരെ |
| 53 | 107782/22.12.21 | 2097 | 10/21 വരെ |
| 56 | 107789/24.12.21 | 12953 | ഇല്ല |
| 34 | 107788/24.12.21 | 10349 | ഇല്ല |
| 52 | 107787/24.12.21 | 11029 | ഇല്ല |
| 49 | 107790/24.12.21 | 8936 | ഇല്ല |
| 14 | 107786/23.12.21 | 8175 | ഇല്ല |
| 130 | 107794/24.12.21 | 12772 | ഇല്ല(ബിൽ നൽകിയത് അംഗൻവാടി നം.110 എന്ന പേരിലാണ്) |
| 107 | 107796/24.12.21 | 14194 | ഇല്ല |
| 108 | 107795/24.12.21 | 15816 | ഇല്ല |
| 120 | 107798/28.12.21 | 28697 | ഇല്ല |
| 120 | 107797/ 3.12.21 | 30000 | 03/2017 വരെ |
| 115 | 107799/12.11.21 | 30000 | ഇല്ല |
| 115 | 107800/28.12.21 | 20034 | ഇല്ല |
| 103 | 107791/24.12.21 | 20525 | ഇല്ല |
| 103 | 107792/24.12.21 | 20525 | ഇല്ല |

| | | | |
|---|---|---|---|
| 103 | 107793/24.12.21 | 20526 | ഇല്ല |

അംഗൻവാടി 120,115,103 എന്നിവയുടെ വെള്ളക്കരം 58697,50034, 61576 രൂപ വീതം ഏത് മാസങ്ങളിലെയാണ് എന്ന അടിസ്ഥാനവിവരം ഇല്ലാതെ വാട്ടർ അതോറിറ്റിക്ക് കൈമാറി.

കൃഷിഭവൻ വിൽവട്ടം

| വൌച്ചർ നം., തുക | ഡിമാന്റ് നോട്ടീസ് | ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള തുക | ഡിമാന്റ് നോട്ടീസിലെ കാലയളവ് |
|---|---|---|---|
| 22105340/23.12.2021--258423 | 107748/25.11.21 | 6000 | 9/2016 വരെ |
| | 107749/25.11.21 | 6000 | 9/2017 വരെ |
| | 107750/25.11.21 | 6000 | 9/2018 വരെ |
| | 107751/25.11.21 | 6000 | 9/2019 വരെ |
| | 107750/25.11.21 | 5881 | 10/2021വരെ |

09/2019 വരെ ഒരു വർഷത്തിന് 6000 രൂപ വീതവും അതിനുശേഷം 2വർഷത്തേക്ക് 5881 രൂപയുമാണ് ഡിമാന്റ് ചെയ്തിട്ടുള്ളത്.

ഇപ്രകാരം അടിസ്ഥാന വിവരങ്ങളുടെ അഭാവത്തിൽ വേണ്ടത്ര പരിശോധനകളില്ലാതെ 11/21,12/21 മാസങ്ങളിൽ ലഭ്യമാക്കിയ ഡിമാന്റ് നോട്ടീസുകൾ അനുസരിച്ച് തുക നൽകുവാൻ ഇടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്. വാട്ടർ അതോറിറ്റി ഓരോ സ്ഥാപനങ്ങൾക്കും രസീത് ലഭ്യമാക്കിയിട്ടില്ല. വാട്ടർ അതോറിറ്റി സ്ഥാപനങ്ങളുടെ അക്കൌണ്ടിൽ തുക വരവ് വച്ചു എന്ന് ഉറപ്പുവരുത്തിയതായും കാണുന്നില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി-108/17.01.2023 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

വാട്ടർ അതോറിറ്റിയിൽ നിന്നും ഓരോ സ്ഥാപനങ്ങളുടെയും വെള്ളക്കരം അടവാക്കിയതിന്റെ രസീത് ലഭ്യമാകുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

B).ഡിമാന്റ് നോട്ടീസിന്റെ അടിസ്ഥാനത്തിൽ വാട്ടർഅതോറിറ്റി, കെ എസ് ഇ ബി, കോർപ്പറേഷൻ വൈദ്യുതി വിഭാഗം എന്നിവർക്ക് തുക കൈമാറി. സ്ഥാപനങ്ങൾ തുക അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. വാട്ടർഅതോറിറ്റി, കെ എസ് ഇ ബി, കോർപ്പറേഷൻ വൈദ്യുതി വിഭാഗം തുകയുടെ രസീത് ലഭ്യമാക്കിയിട്ടില്ല.

| വൌച്ചർ നം,തുക | കൈമാറിയ തുക | കൈപ്പറ്റിയ സ്ഥാപനം | കോർപ്പറേഷന് കൈമാറിക്കിട്ടിയ സ്ഥാപനം |
|---|---|---|---|
| 22105340/23.12.2021--258423 | 5868 | AE,KSEB, രാമവർമ്മപുരം (SBIഅക്കൌണ്ട് നം.57042197187) | GHSS വില്ലടം |
| | 136935 | AXE വാട്ടർ അതോറിറ്റി | APLPS, പുളർക്കര – 1565<br>വെറ്ററിനറി ഹോസ്പിറ്റൽ അയ്യന്തോൾ--6214<br>കൃഷിഭവൻ,വിൽവട്ടം -- 29881<br>അംഗൻവാടികൾ -- 99275 |
| | 7335 (ഡിമാന്റ് നോട്ടീസ് നം160811/4.12.21) | കോർപ്പറേഷൻ വൈദ്യുതിവിഭാഗം (അക്കൌണ്ട് നം.57069788283) | GMGHSS,തൃശ്ശൂർ |
| 22105481/9.2.22 --230738 | 424 | AXE വാട്ടർ അതോറിറ്റി | വിൽവട്ടംകൃഷിഭവൻവെള്ളക്കരം |
| | 5362 | കെഎസ് ഇബി | വിൽവട്ടംകൃഷിഭവൻ വൈദ്യുതചാർജ് |
| | 15697 | കോർപ്പറേഷൻ വൈദ്യുതിവിഭാഗം | GMGHS,തൃശ്ശൂർ-- 6069<br>GMGVHSS, തൃശ്ശൂർ-- 2662<br>GMGHSS,തൃശ്ശൂർ--6966 |
| 22105001/8.11.21 --151924 | 8265 | കോർപ്പറേഷൻ വൈദ്യുതിവിഭാഗം | GMGHSS,തൃശ്ശൂർ-- 6619<br>GMGHSS,തൃശ്ശൂർ--1646 |
| | 5308 | AE,KSEB, രാമവർമ്മപുരം | GHS, വില്ലടം |
| 22105311/30.11.21 --134989 | 2642 | AE,KSEB, രാമവർമ്മപുരം | കൃഷിഭവൻ വിൽവട്ടം |
| | 9203 | AE,KSEB, രാമവർമ്മപുരം | GD,രാമവർമ്മപുരം |

| | | | |
|---|---|---|---|
| | 10438 | കോർപ്പറേഷൻ വൈദ്യുതിവിഭാഗം | GMGHSS,തൃശ്ശൂർ |
| | 1580 | KSEBഇലക്ട്രിക്കൽ സെക്ഷൻ, അയ്യന്തോൾ | APLPS, പുളർക്കര |
| 2210154/27.7.21-- 141638 | 37600 | കോർപ്പറേഷൻ വൈദ്യുതിവിഭാഗം | UCHC പറവട്ടാനി -- 17571<br>GMGHS,തൃശ്ശൂർ -- 6382<br>GMGHSS,തൃശ്ശൂർ -- 6173<br>GMGHSS,തൃശ്ശൂർ -- 7474 |
| | 1324 | കെ എസ് ഇ ബി | കൃഷിഭവൻ വിൽവട്ടം |
| | 11675 | അസി.എഞ്ചിനീയർ, KSEB, രാമവർമ്മപുരം | GD,രാമവർമ്മപുരം |
| 22101154/25.6.21-- 433216 | 13267 | അസി.എഞ്ചിനീയർ, KSEB, രാമവർമ്മപുരം | GHS വില്ലടം |
| | 28290 | കോർപ്പറേഷൻ വൈദ്യുതിവിഭാഗം | GVGHSS,തൃശ്ശൂർ-- 5829<br>GMGHSS,തൃശ്ശൂർ --22461 |
| | 7057 | വാട്ടർ അതോറിറ്റി | APLPS,പുളർക്കര |

രസീത് ലഭ്യമാകാത്തതിനാൽ സ്ഥാപനങ്ങൾ വെള്ളക്കരം, വൈദ്യുതി എന്നീ ചാർജുകൾ അടവാക്കിയതിന് രേഖകൾ ഇല്ല. രസീത് ഇല്ലാത്തതിനാൽ പിന്നീട് കുടിശ്ശിക ആയി കണക്കാക്കുവാൻ സാധ്യത ഉണ്ട്.സ്ഥാപനങ്ങളിൽ നിന്ന് രസീത് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി -109/17.01.2023)

ഫയൽ പരിശോധനയിൽ കണ്ടെത്തിയ മറ്റ് അപാകതകൾ

1. മുൻവർഷങ്ങളിലെ ബില്ലുകളാണ് സ്ഥാപനങ്ങൾ ഹാജരാക്കിയിട്ടുള്ളത്.

വൌച്ചർ നം. 22105657/28.2.22 – 203014 പ്രകാരം അംഗൻവാടികൾക്ക് വൈദ്യുതിചാർജ് നൽകിയിട്ടുണ്ട്. ഇതിൽ ഭൂരിഭാഗവും ഡിമാന്റ് നോട്ടീസ് 2019-20,2020-21 സാമ്പത്തികവർഷങ്ങളിലെയാണ്. എല്ലാ വർഷവും പ്രോജക്റ്റ് തയ്യാറാക്കി ഇതേ ആവശ്യത്തിനായി തുക നൽകി വരുന്നുണ്ട്. വൈദ്യുതിചാർജ് യഥാസമയം അടവാക്കേണ്ടതാണ് എന്നിരിക്കെ മുൻവർഷങ്ങളിലെ തുക 2021-22 വർഷം നൽകിയപ്പോൾ മുമ്പ് തുക നൽകിയിട്ടില്ല എന്ന് ഉറപ്പുവരുത്തിയതായി കാണുന്നില്ല.

ഇതു പ്രകാരം മറ്റ് സ്ഥാപനങ്ങൾക്ക് വൈദ്യുതിചാർജ്, ടെലഫോൺ ചാർജ് നൽകിയതിൽ ഒറിജിനൽ ബില്ലുകൾ ഹാജരാക്കിയിട്ടില്ല. തുക അടവാക്കിയതായി കാണിച്ചുള്ള സ്ഥാപനങ്ങളുടെ സർട്ടിഫിക്കറ്റോ അപേക്ഷയോ ഇല്ല.സ്ഥാപനങ്ങൾക്ക് യഥാസമയം തുക നൽകിയിട്ടുണ്ടെന്നും കുടിശ്ശിക അടവാക്കിയത് സ്ഥാപനങ്ങളുടെ ഡിമാന്റിൽ കുറവ് ചെയ്തിട്ടുണ്ടെന്നും ഉറപ്പുവരുത്തേണ്ടതാണ്.

2.22105340/23.12.2021-- 258423 പ്രകാരം പിൻവലിച്ചതിൽ GHS വില്ലടം ഹാജരാക്കിയ ബിൽ പ്രകാരമുള്ള കെ എസ് ഇ ബിയുടെ സർവീസ് കണക്ഷൻ ചാർജ് 35614 രൂപ GHS ഒല്ലൂരിന് കൈമാറി.

അപാകതകൾ പരിഹരിച്ച് രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാമ്.

II.പ്രോജക്റ്റ് നം.-- S196/22

പ്രോജക്റ്റ് -- കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ-- വിവിധ ജീവൻ രക്ഷാ പ്രവൃത്തികൾ

നിർവഹണഉദ്യോഗസ്ഥൻ -- സെക്രട്ടറി

ഫയൽ നം. PH9-34030/21

കുട്ടനെല്ലൂർ സി എഫ് എൽ ടിസിയുടെ വൈദ്യുതിചാർജ് ഡിമാന്റ് നോട്ടീസിന്റെ അടിസ്ഥാനത്തിൽ നടത്തറ ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർക്ക് കൈമാറി.

വൌച്ചർ നം.22104452/24.9.21-- 25440

22104453/24.9.21 -- 51003

കെ എസ് ഇ ബിയുടെ ഡിമാന്റ് നോട്ടീസിന്റെ അടിസ്ഥാനത്തിലാണ് തുക കൈമാറിയത്. തുക അടവാക്കിയതിന്റെ രസീത് കെഎസ് ഇ ബിയിൽ നിന്ന് ലഭ്യമാക്കിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി -126/23.1.2023 )

കെ എസ് ഇ ബിയിൽ നിന്ന് രസീത് ലഭ്യമാക്കേണ്ടതാണ്.

## 1-109 വെള്ളക്കരം കുടിശ്ശിക അടവാക്കൽ -- വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

പ്രോജക്റ്റ് -- S1179/22 – വാട്ടർ അതോറിറ്റി കുടിശ്ശിക തുക അടവാക്കൽ

നിർവഹണഉദ്യോഗസ്ഥൻ -- അഡീഷണൽ സെക്രട്ടറി

ഫയൽ നം.-- WS1-9665/22

അടങ്കൽ -- 8184405 (മെയിന്റനൻസ് ഫണ്ട് -- നോൺറോഡ്)

ചെലവ് -- 8184405

വൌച്ചർ നം -- 22105561/22.2.2022 – 69,00,000

22105219/25.3.2022 – 12,84,405

മേൽപ്രകാരം തുക വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കൈമാറി.

തൃശ്ശൂർ വാട്ടർ വർക്സ് സബ്ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 09.03.21 ലെ KWA/WWS/TSR/HC/349/2013 നം. കത്തുപ്രകാരം തേക്കിൻകാട് മൈതാനത്തിലെ പമ്പ് ഹൗസിൽ നിന്നും തൃശ്ശൂർ കോർപ്പറേഷൻ ഡിവിനുകളിലേക്ക് ജലവിതരണം നടത്തുന്നതിന്റെ വെള്ളക്കരം അടവാക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. 01/2021 വരെ 22,23,78,406 രൂപ കുടിശ്ശിക ഉണ്ടെന്നും ആയതിൽ 02/21 ലെ വെള്ളക്കരം 12,39,762 രൂപയും ചേർത്ത് 22,36,18,168 രൂപ അടവാക്കാനുണ്ട് എന്നറിയിച്ചതിൻ പ്രകാരമാണ് തുക അടവാക്കിയത്.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കാര്യങ്ങൾ ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി-73/26.12.2022പ്രകാരം ആവശ്യപ്പെട്ടിരുന്നു.

1. വാട്ടർ അതോറിറ്റി തേക്കിൻകാട് മൈതാനത്തിലെ പമ്പ് ഹൗസിലേക്ക് കോർപ്പറേഷന് വെള്ളം സപ്ലൈ ചെയ്യുന്നതിന്റെ നിരക്ക്, ഒരു മാസം വെള്ളം സപ്ലൈ ചെയ്യുന്ന വെള്ളത്തിന്റെ അളവ്, ഇത് പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന്റെ വിവരങ്ങൾ

2. കോർപ്പറേഷൻ ഗാർഹിക – വാണിജ്യകണക്ഷനുകൾക്ക് വെള്ളം നൽകുന്നതിന്റെ നിരക്ക്,പ്രതിമാസം സപ്ലൈ ചെയ്യുന്ന വെള്ളത്തിന്റെ അളവ്

3. ആകെ ഉള്ള ഗാർഹിക-- വാണിജ്യകണക്ഷനുകളുടെ എണ്ണം

4. വാട്ടർ അതോറിറ്റിയിൽ വെള്ളക്കരം ഇനത്തിൽ ഉള്ള കുടിശ്ശികയുടെ വിവരം, കുടിശ്ശിക അടവാക്കിയതിന്റെ വിവരങ്ങൾ, പ്രതിമാസം വെള്ളക്കരം അടവാക്കുന്നുണ്ടെങ്കിൽ വിവരങ്ങൾ

5. കോർപ്പറേഷന് കീഴിലുള്ള കുടിവെള്ളപൊതു ടാപ്പുകൾ എണ്ണം

6. വെള്ളക്കരം കുടിശ്ശിക കോർപ്പറേഷൻ ഗ്രാന്റിൽ നിന്നും സർക്കാർ കുറവ് ചെയ്യുന്നുണ്ടെങ്കിൽ വിവരങ്ങൾ

7. 2021-22 ൽ 8184405 രൂപ അടവാക്കിയപ്പോൾ വാട്ടർ അതോറിറ്റി കുടിശ്ശിക തുക കുറവ് ചെയ്ത് തന്നിട്ടുണ്ടെങ്കിൽ വിവരങ്ങൾ,അപ്രകാരം വാട്ടർ അതോറിറ്റിയിൽ നിന്ന് ലഭിച്ച രേഖകളുടെ വിവരം

മേൽ അന്വേഷണക്കുറിപ്പിന് കോർപ്പറേഷൻ താഴെപ്പറയുംപ്രകാരം മറുപടി ലഭ്യമാക്കി.

വാട്ടർ ടാങ്കിലേക്ക് വിതരണം ചെയ്യുന്ന വെള്ളത്തിന് 25.9.2014 ലെ സർക്കാർ ഉത്തരവ് (എം എസ്) 88/2014/WRD പ്രകാരം 1കിലോലിറ്ററിന് 6 രൂപ നിരക്കിലാണ് കേരള വാട്ടർ അതോറിറ്റി ബിൽ നൽകുന്നത്. എന്നാൽ പ്രതിമാസം 6ലക്ഷം രൂപ നിരക്കിൽ 72,00,000 രൂപയാണ് കോർപ്പറേഷൻ അടവാക്കുന്നത്.

പ്രതിദിനം 19MLD വെള്ളം പീച്ചിയിൽ നിന്നും തേക്കിൻകാട് മൈതാനിയിലെ ടാങ്കിലേക്ക് നൽകുന്നുണ്ടെന്നാണ് വാട്ടർ അതോറിറ്റിയുടെ കണക്ക്. 14 MLD കുടിവെള്ളം മാത്രമാണ് ലഭ്യമാകുന്നത്. വാട്ടർ അതോറിറ്റി ബൾക്ക് മീറ്റർ സ്ഥാപിച്ചിട്ടുണ്ട്. റീഡിംഗ് പ്രതിദിനം എടുത്ത് രജിസ്റ്റർ തയ്യാറാക്കുന്നുണ്ട്.റിപ്പയറിംഗിനുശേഷം മീറ്റർ മാസങ്ങളായി സ്ഥാപിച്ചിട്ടില്ല.

31.3.2022 വരെ 15020 ഗാർഹികകണക്ഷനുകളും 3099 വാണിജ്യകണക്ഷനുകളുമാണ് ഉള്ളത്.

2021 ലെ സംയുക്തപരിശോധന പ്രകാരം വിൽവട്ടം സോണലിൽ 299, ഒല്ലൂക്കര സോണൽ 256, അയ്യന്തോൾ സോണൽ 613, ഒല്ലൂർ സോണൽ 327 എന്നിങ്ങനെയാണ് പൊതുടാപ്പുകളുടെ എണ്ണം.

ഗാർഹികകണക്ഷനുകൾക്ക് പ്രതിമാസം 10KL വരെ 13 രൂപ മിനിമം ചാർജ്ജും വാണിജ്യകണക്ഷനുകൾക്ക് പ്രതിമാസം 10KL വരെ 202 രൂപയും ഈടാക്കുന്നു.

ഓഡിറ്റ് നിഗമനങ്ങൾ

1. പ്രതിവർഷം 72 ലക്ഷം രൂപ അടവാക്കുന്നതിന് പകരം തൻവർഷം 81,84,405 രൂപ അടവാക്കിയതിന് കാരണം വ്യക്തമല്ല. വാട്ടർ അതോറിറ്റിയിൽ നിന്ന് കോർപ്പറേഷന്റെ കുടിശ്ശികയിൽ നിന്ന് തുക കുറവ് ചെയ്ത് രസീത് ലഭ്യമാക്കിയിട്ടില്ല.

2.വാട്ടർ അതോറിറ്റി സപ്ലൈ ചെയ്യുന്ന വെള്ളത്തിന്റെ അളവ് പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

3. 19MLD വെള്ളത്തിനുപകരം 14MLD വെള്ളം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് വാട്ടർ അതോറിറ്റിയുമായി കത്തിടപാടുകൾ നടത്തിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. വെള്ളത്തിന്റെ അളവ് കൃത്യതപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിച്ചിട്ടില്ല.

4. വാട്ടർ അതോറിറ്റിയുടെ കണക്കുകൾ പ്രകാരം 22,36,18,168 രൂപ കുടിശ്ശിക ഉണ്ട്. ആയത് കോർപ്പറേഷന്റെ കണക്കുകളുമായി പൊരുത്തപ്പെടാത്തതിനാൽ വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് കണക്കുകൾ കൃത്യതപ്പെടുത്തേണ്ടതാണ്.കോർപ്പറേഷന് എത്ര തുകയാണ് വെള്ളക്കരം ഇനത്തിൽ കുടിശ്ശിക ഉള്ളതെന്ന് കൃത്യതപ്പെടുത്തി ആയതനുസരിച്ച് കരം അടവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

മേൽപ്പറഞ്ഞ അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-110 നഗരസഞ്ചയം പദ്ധതി -- വിനിയോഗവിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

പ്രോജക്ട് നം. -- S417/22

പ്രോജക്ട് -- നഗരസഞ്ചയം മറ്റ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് വിഹിതം നൽകൽ

നിർവഹണഉദ്യോഗസ്ഥൻ -- അഡീഷണൽ സെക്രട്ടറി

ഫണ്ട് – ധനകാര്യകമ്മീഷൻ ഗ്രാന്റ്
അടങ്കൽ -- 232908932

ചെലവ് -- 93384463

ഫയൽ നം.-- PC1/PC5/9323/23

സർക്കാർ ഉത്തരവ് സ.ഉ. (കൈ ) നം. 103/2 02 0/ ത.സ .ഭ.വ തീയതി 30/06/2020 പ്രകാരം ആണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. നഗരമേഖലയ്ക്കുള്ള കേന്ദ്ര ധനകാര്യ കമ്മീഷൻ വിഹിതം 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗരേഖ (സർക്കാർ ഉത്തരവ് (കൈ) നം. 103/2020/തസ്വഭവ, തീയതി 30.06.2020) പ്രകാരം ഓരോ നഗരസഞ്ചയത്തിനും അനുവദിച്ചിട്ടുണ്ട്. കേരളത്തിലെ ഒരു പ്രധാന നഗരവും അതിനോട് ചേർന്നുകിടക്കുന്ന പ്രദേശങ്ങളെയും ഒരു നഗരസഞ്ചയമായി നിർവചിച്ചിരിക്കുന്നു. നഗരസഞ്ചയത്തിലെ മുഖ്യനഗരസഭയ്ക്കാണ് ധനകാര്യകമ്മീഷൻ ഗ്രാന്റ് വകയിരുത്തിയിട്ടുള്ളതെങ്കിലും അതിൽ നിന്നും മാർഗ്ഗരേഖ പ്രകാരമുള്ള തുക മുഖ്യനഗരസഭയുടെ ഭൂപ്രദേശത്തിന് പുറത്തുള്ള നഗരസഞ്ചയ പ്രദേശങ്ങളിലെ ആവശ്യങ്ങൾക്ക് വിനിയോഗിക്കേണ്ടതാണ്. പുറത്തുള്ള നഗരസഞ്ചയങ്ങൾക്ക് വിനിയോഗിക്കുന്നതിന് 2947.36 ലക്ഷം രൂപയാണ് ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുള്ളത്.

കുടിവെള്ളം, ജലസംരക്ഷണം, ശുചിത്വം, മാലിന്യസംസ്കരണം എന്നീ മേഖലയിലെ പ്രവർത്തനങ്ങൾക്കാണ് ഈ തുക വിനിയോഗിക്കാവുന്നത്. ധനകാര്യകമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള രീതിയിൽ ജലസംരക്ഷണം, ശുചിത്വം, മാലിന്യസംസ്കരണം എന്നീ മേഖലയിൽ പദ്ധതി തയ്യാറാക്കി സമർപ്പിച്ചിട്ടുള്ള മറ്റു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതിവിഹിതം നല്കുകയാണ് ഈ പദ്ധതിയിൽ ഉണ്ടായിട്ടുള്ളത്.

294736000 രൂപ അടങ്കലിൽ 2020-21 ൽ തയ്യാറാക്കിയ പദ്ധതിയിൽ 61827068രൂപ 2020-21 ൽ ചെലവഴിച്ചു. 2021-22 ൽ 232908932 രൂപക്ക് പദ്ധതി തയ്യാറാക്കി 93384463 രൂപ ചെലവഴിച്ചു.

അഡീഷണൽ സെക്രട്ടറി നിർവ്വഹണം നടത്തിയിട്ടുള്ള ഈ പദ്ധതിപ്രകാരം വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് താഴെ പറയും പ്രകാരം നല്കിയിട്ടുണ്ട്.

| വൗച്ചർ നം., തുക | സ്ഥാപനം | പ്രോജക്റ്റ് |
|---|---|---|
| 22104992/29.10.21-2731914 | തെക്കുംകര ഗ്രാമപഞ്ചായത്ത് | 222/22- താമരക്കുളം പുനരുദ്ധാരണം പൂർത്തീകരണം |
| 22104993/29.10.21-892942 | തെക്കുംകര ഗ്രാമപഞ്ചായത്ത് | 210/22- വാഴാനിച്ചിറ നവീകരണം |
| 22104991/29.10.21-3091512 | തെക്കുംകര ഗ്രാമപഞ്ചായത്ത് | 221/22 – പത്താഴക്കുണ്ട് വട്ടായി കുടിവെള്ള പദ്ധതി<br>(അടങ്കൽ -- 1കോടി) |
| 22104998/30.10.21-1496644 | അരിമ്പൂർ ഗ്രാമപഞ്ചായത്ത് | 156/22-ജലാശയങ്ങളുടെ സംരക്ഷണം- വില്ലുകുളം ചാൽ സംരക്ഷണം |
| 22104999/30.10.21 --2931588 | വേളൂക്കര ഗ്രാമപഞ്ചായത്ത് | 185/22 – പൊതുമ്പുചിറ നവീകരണം |
| 22105292/18.11.21-4310979 | എളവള്ളി ഗ്രാമപഞ്ചായത്ത് | 197/21 – ഇന്ദ്രാം ചിറ കെട്ടി സംരക്ഷിക്കൽ |
| 22105295/18.11.21-388741 | മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്ത് | 190/22 – ടേക്ക് എ ബ്രേക്ക് |
| 22105293/18.11.21-775429 | വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത് | 147/22 -ഓർക്കായൽ സംരക്ഷണം |
| 22105294/18.11.21 --1337270 | മുരിയാട്ഗ്രാമപഞ്ചായത്ത് | 182/22 -മുടിച്ചിറ നവീകരണം |
| 22105300/22.11.21-1450795 | മതിലകം ബ്ലോക്ക് പഞ്ചായത്ത് | 95/22- അറപ്പത്തോട്ടിൽ സ്ലുയിസ് കം കൽവർട്ട് നിർമ്മാണം |
| 22105299/22.11.21 --1410941 | മതിലകം ബ്ലോക്ക് പഞ്ചായത്ത് | 96/22 – അറപ്പത്തോട് പാർശ്വഭിത്തി നിർമ്മാണം |
| 22105301/22.11.21 --2431381 | പെരിഞ്ഞനം ഗ്രാമപഞ്ചായത്ത് | ഇല്ല |
| 22105310/30.11.21-294400 | തളിക്കുളം ഗ്രാമപഞ്ചായത്ത് | 4,5വാർഡിൽ കിണർറീചാർജ് |
| 22105343/23.12.21 -1200000 | പുന്നയൂർക്കുളം ഗ്രാമപഞ്ചായത്ത് | ടേക്ക് എ ബ്രേക്ക് |
| 22105342/23.12.21--373822 | മതിലകം ബ്ലോക്ക് പഞ്ചായത്ത് | 97/22 – വലിയതോട് പാർശ്വഭിത്തി നിർമ്മാണവും സ്ലുയിസ് അറ്റകുറ്റപ്പണിയും |

| | | |
|---|---|---|
| 22105341/23.12.21 --193199 | വല്ലച്ചിറ ഗ്രാമപഞ്ചായത്ത് | 176/22 - ടേക്ക് എ ബ്രേക്ക് |
| 22105367/29.12.21--2366740 | തെക്കുംകര ഗ്രാമപഞ്ചായത്ത് | 221/22 – പത്താഴക്കണ്ട് വട്ടായി കുടിവെള്ള പദ്ധതി<br>(അടങ്കൽ -- 1കോടി) |
| 22105368/29.12.21 --500000 | എസ് എൻ പുരം ഗ്രാമപഞ്ചായത്ത് | 151/21-- കിണർ റീചാർജ് |
| 22105370/30.12.21 --9500000 | കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി | 373/22- വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ<br>(വാട്ടർ അതോറിറ്റി എസ്റ്റിമേറ്റ് പ്രകാരമാണ് തുക നൽകിയത്) |
| 22105369/30.12.21 --2844358 | തെക്കുംകര ഗ്രാമപഞ്ചായത്ത് | 221/22 – പത്താഴക്കണ്ട് വട്ടായി കുടിവെള്ള പദ്ധതി<br>(അടങ്കൽ -- 1കോടി) |
| 22105371/30.12.21 --589648 | തെക്കുംകര ഗ്രാമപഞ്ചായത്ത് | 210/22-വാഴാനിച്ചിറ നവീകരണം<br>(അടങ്കൽ --1500000) |
| 22105462/29.1.22 --1792675 | ഇരിങ്ങാലക്കുട നഗരസഭ | 381/22 -ട്രഞ്ചിംഗ് ഗ്രൌണ്ടിൽ MCF |
| 22105461/29.1.22 –63912 | പെരിഞ്ഞനം ഗ്രാമപഞ്ചായത്ത് | 59/22 – പാലിയേറ്റീവ് കെയർ |
| 22105460/29.1.22 -1687447 | കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി | 476/22 – TKS പുരം വിൻഡ്രോ കംപോസ്റ്റ് പ്ലാൻറ് റിനോവേഷൻ |
| 22105464/29.1.22 -1200000 | പുന്നയൂർക്കുളം ഗ്രാമപഞ്ചായത്ത് | 531/22 - ടേക്ക് എ ബ്രേക്ക്<br>(അടങ്കൽ -- 4000000) |
| 22105482/9.2.22 -204675 | വെള്ളാങ്കല്ലൂർ ഗ്രാമപഞ്ചായത്ത് | വാർഡ് 4 കുടിവെള്ള പദ്ധതി |
| 22105525/14.2.22 --1049269 | തെക്കുംകര ഗ്രാമപഞ്ചായത്ത് | 209/22 – ടേക്ക് എ ബ്രേക്ക് |
| 22105524/14.2.22 --407101 | ചാവക്കാട് നഗരസഭ | 130/22 – കിണർ റീചാർജിംഗ്<br>(ഫണ്ട് - 1കോടി) |
| 22105549/18.2.22 -911258 | മുള്ളൂർക്കുന്നത്തുകാവ് ഗ്രാമപഞ്ചായത്ത് | 190/22 – ടേക്ക്എ ബ്രേക്ക് |
| 22105557/21.2.22 –569370 | ഇരിങ്ങാലക്കുട നഗരസഭ | 386/22-ടേക്ക്എ ബ്രേക്ക് |
| 22105764/14.3.22 -1209713 | ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് | 84/22 – അയ്യപ്പൻകുളം നവീകരണം |
| 22105766/14.3.22 --859953 | വടക്കാഞ്ചേരി മുനിസിപ്പാലിറ്റി | ടേക്ക്എ ബ്രേക്ക് |
| 22105763/14.3.22 -1500000 | ചാവക്കാട് നഗരസഭ | 130/22 -കിണർ റീചാർജിംഗ് |
| 22105929/22.3.22 -100000 | വെള്ളാങ്കല്ലൂർ ഗ്രാമപഞ്ചായത്ത് | 145/22 – വാർഡ് 2 എരുമത്തടം കുടിവെള്ള പദ്ധതി |
| 22105924/22.3.22 -1253482 | ഗുരുവായൂർ മുനിസിപ്പാലിറ്റി | 768/22 – കൊച്ചിൻ ഫ്രോണ്ടിയർ തോട് നവീകരണം |
| 22105927/22.3.22 -2488060 | തെക്കുംകര ഗ്രാമപഞ്ചായത്ത് | 221/22 – പത്താഴക്കണ്ട് വട്ടായി കുടിവെള്ള പദ്ധതി<br>(അടങ്കൽ -- 1കോടി) |
| 22105185/26.3.22 -599400 | അരിമ്പൂർ ഗ്രാമപഞ്ചായത്ത് | 155/22 – വാർഡ്3 പാറക്കുളം സംരക്ഷണം |
| 22105188/26.3.22 --380200 | എറിയാട് ഗ്രാമപഞ്ചായത്ത് | 210/22 -പ്ലാസ്റ്റിക് ബെയ്ലിംഗ് മെഷീൻ<br>(21-22ൽ ചെലവഴിച്ചിട്ടില്ല) |
| 22105186/26.3.22 --1147676 | വേളൂക്കര ഗ്രാമപഞ്ചായത്ത് | 185/22 – പൊതുമ്പുചിറ നവീകരണം |

| | | |
|---|---|---|
| 22105781/23.3.22 - 1374865 | മണലൂർ ഗ്രാമപഞ്ചായത്ത് | 134/22 – ചാലിശ്ശേരി കുളം നവീകരണം |
| 22105783/23.3.22 - 1190215 | നടത്തറ ഗ്രാമപഞ്ചായത്ത് | 197/22- പടിഞ്ഞാറൻ ചെറിയതോട് സംരക്ഷണം |
| 22105780/23.3.22 - 292056 | വല്ലച്ചിറ ഗ്രാമപഞ്ചായത്ത് | ടേക്ക് എ ബ്രേക്ക് |
| 22105778/23.3.22 - 1400000 | പുന്നയൂർക്കുളം ഗ്രാമപഞ്ചായത്ത് | ടേക്ക് എ ബ്രേക്ക് |
| 22105222/25.3.22 - 179602 | ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റി | 196/22- കിണർ റീചാർജിംഗ് |
| 22105223/25.3.22 - 689381 | പൂമംഗലം ഗ്രാമപഞ്ചായത്ത് | 144/22 – ചെറിയകുളം നവീകരണം |
| 22105187/26.3.22 - 1500000 | പൂമംഗലം ഗ്രാമപഞ്ചായത്ത് | 106/22 -നീലംകുളം നവീകരണം |
| 22105221/25.3.22- 2202347 | ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് | 84/22–അയ്യപ്പൻകുളം നവീകരണം |
| 22105027/30.3.22 - 96203 | ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റി | 196/22- കിണർ റീചാർജിംഗ് |
| 22105026/30.3.22 - 1971379 | നടത്തറ ഗ്രാമപഞ്ചായത്ത് | 199/22 – പോലൂക്കര പൊതുകുളം സംരക്ഷണം (21-22 ൽ ചെലവ് ഇല്ല) |
| 22105025/30.3.22 -- 8286348 | നടത്തറ ഗ്രാമപഞ്ചായത്ത് | ഇല്ല. (21-22 ൽ ചെലവ് ഇല്ല) |
| 22105045/30.3.22 - 1321912 | മതിലകം ബ്ലോക്ക് പഞ്ചായത്ത് | 96/22 – അറപ്പത്തോട് പാർശ്വഭിത്തി സംരക്ഷണം (21-22 ൽ ചെലവ് ഇല്ല) |
| 22105044/30.3.22- 457029 | എളവള്ളി ഗ്രാമപഞ്ചായത്ത് | 267/22 -ഇന്ദ്രാംചിറ സംരക്ഷണം രണ്ടാംഘട്ടം |
| 22105043/30.3.22 - 799871 | എളവള്ളി ഗ്രാമപഞ്ചായത്ത് | 197/22 -ഇന്ദ്രാംചിറ കെട്ടി സംരക്ഷിക്കൽ |
| 22105042/30.3.22 - 1208369 | ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റി | 386/22 – ടേക്ക് എ ബ്രേക്ക് |
| 30.3.22 - 504919 | കാട്ടൂർ ഗ്രാമപഞ്ചായത്ത് | 136/22 – അകംപാടം കാപ്പ് ആഴംകൂട്ടൽ |
| 22105022/30.3.22 - 4237000 | പുന്നയൂർ ഗ്രാമപഞ്ചായത്ത് | 245/22 – പനന്തറ കുടിവെള്ള പദ്ധതി (തുക ചെലവഴിച്ചിട്ടില്ല) |
| 22105184/26.3.22 - 288046 | ചൂണ്ടൽ ഗ്രാമപഞ്ചായത്ത് | 216/22-ടേക്ക് എ ബ്രേക്ക് |
| 22105071/30.3.22 - 1284223 | തെക്കുംകര ഗ്രാമപഞ്ചായത്ത് | 221/22 – പത്താഴക്കുണ്ട് വട്ടായി കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ |
| 22105073/30.3.22 - 2381347 | കുന്നംകുളം മുനിസിപ്പാലിറ്റി | 543/21 – ആലത്തൂർ പാടം തോട് നവീകരണം (തുക 21-22 ൽ ചെലവഴിച്ചിട്ടില്ല) |
| 22105072/30.3.22 - 1448620 | കുന്നംകുളം മുനിസിപ്പാലിറ്റി | 175/22 – കണിയംകുളം പുനരുദ്ധാരണം (തുക 21-22 ൽ ചെലവഴിച്ചിട്ടില്ല) |
| 22105070/30.3.22 - 550569 | തെക്കുംകര ഗ്രാമപഞ്ചായത്ത് | 222/22- താമരക്കുളം പുനരുദ്ധാരണം (ഫണ്ട് -4000000) |
| 22105162/27.3.22 - 551731 | പൊയ്യ ഗ്രാമപഞ്ചായത്ത് | 151/22 – കെടാക്കുളം പുനരുദ്ധാരണം |
| 22105174/26.3.22 - 1137036 | കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്ത് | 179/22 – വലിയതോട് പുനരുദ്ധാരണം |
| | | |

പദ്ധതി നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ

1. തുക കൈപ്പറ്റിയ സ്ഥാപനങ്ങൾ വിനിയോഗവിവരം, പ്രവൃത്തി പൂർത്തീകരണപത്രം, ഫൈനൽബിൽ എന്നിവ ലഭ്യമാക്കിയിട്ടില്ല.

2.മാർച്ച് 2022 ന് കൈമാറിയ തുകകൾ മാറിയെടുക്കുവാൻ സാധിച്ചില്ല എന്നും അതിനാൽ പദ്ധതിക്കായി വീണ്ടും അലോട്മെന്റ് നൽകണമെന്നും സ്ഥാപനങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. ഇപ്രകാരം തുക യഥാർത്ഥത്തിൽ ചെലവ് ഇല്ലാതെ മാർച്ചിൽ കൈമാറുന്നത് ചെലവ് വിവരം കൂട്ടിക്കാണിക്കുന്നതിന് മാത്രമേ സഹായിക്കുന്നുള്ളൂ.ഇത്തരത്തിൽ ലാപ്സായ തുക പിന്നീട് അഡീഷണൽ അലോട്മെന്റായി ലഭിച്ചിട്ടുണ്ടെങ്കിൽ വിവരങ്ങൾ

3. സർക്കാർ ഉത്തരവിൽ ഖ.7.6v,viപ്രകാരം സംയുക്തപദ്ധതിയുടെ മാതൃകയിൽ പദ്ധതി നടപ്പാക്കണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ അതേ മാതൃകയിൽ അല്ല പദ്ധതി നടപ്പാക്കിയിട്ടുള്ളത്. പ്രോജക്ടുകളുടെ പകർപ്പ് പഞ്ചായത്തുകൾ ലഭ്യമാക്കിയിട്ടില്ല. കോർപ്പറേഷനുമായി കരാർ ഇല്ല.

4. മാലിന്യ ശുചിത്വ മേഖലയിൽ പദ്ധതി നടപ്പാക്കുന്നതിനാണ് സർക്കാർ ഉത്തരവ് പ്രകാരം ഫണ്ട് അനുവദിച്ചിട്ടുള്ളത്. എന്നാൽ പെരിഞ്ഞനം ഗ്രാമപഞ്ചായത്തിന് 63912 രൂപ പാലിയേറ്റീവ് കെയർ എന്ന പദ്ധതിക്ക് 22105461/29.1.22 വൌച്ചർ പ്രകാരം അനുവദിച്ചതായി കാണുന്നു. ഈ തുക തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

5. സുലേഖ പത്രിക പ്രകാരം ചെലവ് 93384463 രൂപയാണ്. എന്നാൽ ഫയൽ പ്രകാരം 93889382 രൂപ ചെലവ് ഉണ്ട്. വ്യത്യാസം 504919 രൂപ കാട്ടൂർ ഗ്രാമപഞ്ചായത്തിന് 136/22 – അകം പാടം കാപ്പ് ആഴം കൂട്ടൽ രണ്ടാം ഘട്ടം പദ്ധതിക്ക് നൽകിയ തുകയാണ്. സുലേഖ് കാലികമാക്കാത്തതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

6. ഖ.8.5 പ്രകാരം ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗം സംബന്ധിച്ച് സ്ഥാപനങ്ങൾ ഉപപദ്ധതി തയ്യാറാക്കേണ്ടതാണ്. ഒന്നാംഭാഗത്തിൽ 'ജലശുചിത്വ സേവനങ്ങൾക്കുള്ള പദ്ധതിയും രണ്ടാംഭാഗത്തിൽ വികസനക്ഷേമ പ്രവർത്തനങ്ങൾക്കുള്ള പദ്ധതിയും ആയിരിക്കണം. ഇതിൽ മറ്റ് ഫണ്ടുകളും ഉൾപ്പെടുത്താവുന്നതാണ്.

7. ഖ.7.6 I,ii,iii,iv എന്നിവയിലെ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടോ എന്ന വിവരം

8. ഖ.7.5ലെ വ്യവസ്ഥകൾക്ക് വിധേയമായാണോ പദ്ധതികൾ രൂപീകരിച്ചിട്ടുള്ളതെന്ന് പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ എന്ന വിവരം

9. G.O.(P)No. 100/2018/fin Dt.3.7.2018 ലെ ഖ. 14 പ്രകാരം അലോട്മെന്റ് സിസ്റ്റം വഴി ഫണ്ട് കൈമാറുന്നതിനാണ് ഉത്തരവ് ഉള്ളത്. ഇതിന് 31.3.21 വരെ ഇളവ് ലഭിച്ചിരുന്നു. എന്നാൽ 2021-22 ലും അലോട്മെന്റ് സിസ്റ്റം നടപ്പാക്കിയിട്ടില്ല.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഓരോ പദ്ധതിയിലും അടങ്കൽ ആയി ചേർത്തിട്ടുള്ള കോർപ്പറേഷൻ വിഹിതം(ധനകാര്യകമ്മീഷൻ ഗ്രാന്റ്) മാത്രമേ കൈമാറുന്നുള്ളൂവെന്നും സ്ഥാപനങ്ങൾ പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നുവെന്നും ഉറപ്പുവരുത്തേണ്ടതാണ്. സർക്കുലർ നം. 41/22/ധന. 26.5.22 പ്രകാരം സംയുക്തപദ്ധതികൾക്കുള്ള സ്പെഷൽ ടി എസ് ബി അക്കൌണ്ടുകൾ അവസാനിപ്പിക്കേണ്ടതാണ്.

അപാകതകൾ ഓഡിറ്റ് എൻക്വയറി 101/21-22/12.01.2023 മുഖേന സ്ഥാപനത്തെ അറിയിച്ചുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നത് വരെ 93384463 രൂപ തടസ്സപ്പെടുത്തുന്നു.

## 1-111 പി എം എ വൈലൈഫ് -- കോർപ്പറേഷൻ വിഹിതം അടവാക്കൽ- വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

പ്രോജക്ട് -- S0005/22 –പി എം എ വൈലൈഫ് അർബൻ ഭവനനിർമ്മാണ പദ്ധതി -- കോർപ്പറേഷൻ വിഹിതം അടവാക്കൽ

നിർവഹണഉദ്യോഗസ്ഥൻ -- അഡീഷണൽ സെക്രട്ടറി

അടങ്കൽ -- 4,75,00,000(വികസനഫണ്ട് -- ജനറൽ)

ചെലവ് -- 4,75,00,000

വൌച്ചർ നം.-- 22104049 / 24.01.2022 – 1,75,00,000

22105503/10.2.2022 --- 3,00,00,000

ഫയൽ നം.-- PC8- 4072/21

237 ഗുണഭോക്താക്കൾക്ക് 2ലക്ഷം രൂപ വീതവും ഒരാൾക്ക് 1ലക്ഷം രൂപയും കൈമാറുന്നതിനാണ് മേൽപ്രകാരം തുക കാനറാ ബാങ്ക് അക്കൌണ്ടിലേക്ക് (പിഎം എവൈ അക്കൌണ്ട്)കൈമാറിയത്. ഫയലിൽ 8/2022 വരെ ഗുണഭോക്താക്കൾക്ക് തുക കൈമാറിയതിന്റെ വിവരങ്ങളാണ് ഉള്ളത്. ഇതുപ്രകാരം 99 ഗുണഭോക്താക്കൾ മാത്രമാണ് ആദ്യഗഡു കൈപ്പറ്റുകയും ഭവനനിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുള്ളത്.ഇതിൽ 84 പേർ രണ്ടാംഗഡുവും 51പേർ മൂന്നാംഗഡുവും കൈപ്പറ്റിയതായി ഫയലിൽ ചേർത്തിട്ടുണ്ട്.കോർപ്പറേഷൻ വിഹിതം തന്നെയാണ് എല്ലാവർക്കും കൈമാറിയിട്ടുള്ളത്.

ഈ ഗുണഭോക്താക്കൾക്ക് നൽകുന്നതിനുള്ള കേന്ദ്രസംസ്ഥാനഫണ്ടുകൾ ലഭ്യമായതിന്റെ വിവരം,തുക ക്രെഡിറ്റ് ചെയ്ത ബാങ്ക് അക്കൌണ്ട് വിവരങ്ങൾ, ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്തതിന്റെ വിവരം എന്നിവ ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി-61/22.12.2022 പ്രകാരം ആവശ്യപ്പെട്ടിരുന്നു. സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല.

ബാക്കിയുള്ള ഗുണഭോക്താക്കൾ കരാർ വച്ച് ഭവനനിർമ്മാണം ആരംഭിക്കുവാൻ വേണ്ട നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.ഇവർ ഭവനനിർമ്മാണം നടത്തുന്നില്ലെങ്കിൽ പ്ലാൻഫണ്ട് തിരികെ ലഭ്യമാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 1-112 അമൃത് പദ്ധതി ലോൺ തിരിച്ചടവ് -- വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല

പ്രോജക്ട് നം. -- S1174/22

പ്രോജക്ട് -- അമൃത് പദ്ധതി തിരിച്ചടവ്

നിർവഹണഉദ്യോഗസ്ഥൻ -- അഡീഷണൽ സെക്രട്ടറി

അടങ്കൽ -- 26142054

ചെലവ് -- 26142054

വൌച്ചർ നം.-- 22105572/23.2.22

ഫയൽ നം.-- Amrut/52632/18

അമൃത് പദ്ധതിക്കായി സർക്കാർ അനുവദിച്ച ലോൺ തിരിച്ചടക്കുന്നതിനായാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്.

അടൽ മിഷൻ ഫോർ റിജുവനേഷൻ ആന്റ് അർബൻ ട്രാൻസ്പോർട്ടേഷൻ എന്ന പദ്ധതി ഒരു ലക്ഷത്തിൽ കുറയാത്ത ജനസംഖ്യയുള്ള 500നഗരങ്ങളുടെ അടിസ്ഥാനസൌകര്യവികസനം ലക്ഷ്യമിട്ട് 2015 ജൂൺ 25 ന് തുടക്കമിട്ടതാണ്.കുടിവെള്ളവിതരണം. സ്വിവറേജ് ആന്റ് സെപ്റ്റേജ് സംവിധാനങ്ങൾ, നഗരഗതാഗതസൌകര്യങ്ങളുടെ വികസനം,പാർക്കുകളുടെയും ഹരിതഇടങ്ങളുടെയും നിർമ്മാണം എന്നീ 5മേഖലകളിലാണ് പദ്ധതി നടപ്പാക്കുന്നത്.31.03.2022 വരെ കാലാവധി ദീർഘിപ്പിച്ചിട്ടുണ്ട്.പദ്ധതിയുടെ 50% കേന്ദ്രസർക്കാർ,30% സംസ്ഥാനസർക്കാർ, 20% തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ എന്നിങ്ങനെയാണ് ഫണ്ടുകൾ വഹിക്കുന്നത്.

വിശദാംശങ്ങൾ

| മേഖല | പ്രോജക്ട് അടങ്കൽ |
|---|---|
| കുടിവെള്ളവിതരണം | 45.96കോടി |
| നഗരഗതാഗതസൌകര്യങ്ങൾ | 18.98കോടി |
| പാർക്കുകൾ,ഹരിതഇടങ്ങൾ | 4.89 കോടി |
| സ്വിവറേജ് ആന്റ് സെപ്റ്റേജ് സംവിധാനങ്ങൾ, | 200.10കോടി |
| ആകെ | 269.93കോടി |

ഇതിൽ വാട്ടർസെക്ടറിലെ ചില പദ്ധതികൾ ഒഴിവാക്കി നിലവിൽ 197.82 കോടിയുടെ പദ്ധതികളാണ് നടപ്പാക്കുന്നത്.വാട്ടർ സപ്ലൈ സ്വിവറേജ് സ്കീമുകളിൽ ആകെ അടങ്കലിന്റെ കോർപ്പറേഷൻ വിഹിതമായ 20% തുകയുടെ 15% ആണ് ലോൺ അനുവദിക്കുന്നത്.

197.82 കോടിയുടെ പദ്ധതികൾ നടപ്പാക്കുമ്പോൾ 29.673രൂപ ലോൺ (197.82*15%) മതിയാകുന്നതാണ്.

ഫയൽ പരിശോധിച്ചതിൽ നിന്നും ഇതുവരെ 30.01കോടി രൂപ ലോൺ അനുവദിച്ചതായി കാണുന്നു.

| ഉത്തരവ് നം. | തുക |
|---|---|
| A1/869/2016/Amrut/29.10.2018 | 6.49കോടി |
| A1/869/2016/Amrut/ 30.04.2019 | 2.51കോടി |
| A1/869/2016/Amrut/06.05.2020 | 9.28കോടി |
| A1/869/2016/Amrut/ 15.12.2021 | 11.73കോടി |
| ആകെ | 30.01കോടി |

കോർപ്പറേഷന് അധികമായി 0.337 കോടി രൂപ വായ്പാ ഇനത്തിൽ ലഭിച്ചിട്ടുണ്ട്.

സർക്കാർ ഉത്തരവ് (സാധാ) നം. 745/2018/ഫിൻ തീയതി. 20.3.2018 പ്രകാരം ലോൺ തുക 7% കൂട്ടുപലിശ ഉൾപ്പെടെ 10വർഷം കൊണ്ട് തിരികെ അടവാക്കുവാൻ ഉത്തരവായിട്ടുണ്ട്. ആയതു പ്രകാരം 2020-21 ൽ 14094390 രൂപയും (പ്രോജക്ട് നം. S1443/21 ) 2021-22 ൽ 26142054 രൂപയും ലോൺ ഇനത്തിൽ തിരിച്ചടവാക്കിയിട്ടുണ്ട്.

ഇതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന വിവരങ്ങൾ കൂടി ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി -100/21-22/12.01.2023 മുഖേന ആവശ്യപ്പെട്ടിരുന്നു.

1. വിവിധ പദ്ധതികളിലായി നാളിതുവരെ ലഭ്യമായ കേന്ദ്ര, സംസ്ഥാന ഫണ്ട്, മാറ്റിവച്ച കോർപ്പറേഷൻ വിഹിതം, ലോൺ കൂടാതെ കോർപ്പറേഷൻ അടവാക്കിയ പ്ലാൻഫണ്ട്, ഓരോ ഇനത്തിലും നാളിതുവരെയുള്ള ചെലവ്

2. 2018-19 മുതൽ 2022-23 വരെയുള്ള പ്ലാൻഫണ്ട് അലോട്മെന്റ് പ്രകാരം ലോൺ ഇനത്തിൽ ഓരോ ഗഡുവിൽ നിന്നും എത്ര തുക ലോൺ തിരിച്ചടവ് ഇനത്തിൽ ട്രാൻസ് ഫർ ക്രെഡിറ്റ് ചെയ്യണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കോർപ്പറേഷൻ അപ്രകാരം തുക അടവാക്കിയിട്ടില്ല.

3. കുടിവെള്ള പദ്ധതികൾക്കായി അനുമതി ലഭിച്ച പ്രവൃത്തികൾ , നടപ്പാക്കിയ പദ്ധതികൾ, ഇതിൽ ചെലവഴിച്ച കേന്ദ്ര സംസ്ഥാനഫണ്ട്, കോർപ്പറേഷൻ വിഹിതം, ലോൺ വിഹിതം എന്നീ വിവരങ്ങൾ

4. അമൃതിന്റെ യൂണിയൻ ബാങ്ക് അക്കൌണ്ടിൽ 8.11.17 ന് KSUDP ഫണ്ട് 12900000 രൂപ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ആയതിന്റെ ചെലവ് വിവരം

ഓഡിറ്റ് എൻക്വയറിക്ക് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല.

അമൃത് പദ്ധതിക്കുവേണ്ടി ആകെ അടങ്കലിന്റെ 20% മാത്രമാണോ കോർപ്പറേഷൻ വകമാറ്റിയത് എന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.2018-19 മുതൽ പ്ലാൻഫണ്ട് അലോട്മെന്റ് പ്രകാരം നിർണ്ണയിച്ചിട്ടുള്ള തുക അടവാക്കാത്തതിനാൽ പലിശ ഇനത്തിൽ കൂടുതൽ തുക അടവാക്കേണ്ടിവരും.

ആകെ അടങ്കലിന്റെ 20% മാത്രമേ കോർപ്പറേഷൻ വിഹിതമായി അനുവദിച്ചിട്ടുള്ളൂ എന്ന് സ്ഥാപനം ഉറപ്പുവരുത്തേണ്ടതാണ്. മാത്രമല്ല ലോൺ തുക കൃത്യമായി സർക്കാർ ഉത്തരവിന് വിധേയമായി തിരിച്ചടക്കുകയും രേഖകൾ സൂക്ഷിക്കേണ്ടതുമാണ്.

## 1-113 ഗുണഭോക്തൃ വിഹിതം വകയിരുത്തിയതിലെയും,ചെലവഴിച്ചതിലെയും അപാകതകൾ.

ഗുണഭോകതൃ ലിസ്റ്റിൽ ഉൾപ്പെടാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കി.

മട്ടുപ്പാവ് കൃഷി -കുറ്റി കുരുമുളക് തൈകളുടെ വിതരണം

പ്രോജക്റ്റ് നം - എസ്0718/22

അടങ്കൽ - 6,66,600/-

ഗുണഭോക്തൃ വിഹിതം}- 1,66,600/- (നേരിട്ട്)

വികസനഫണ്ട് - 5,00,000/-

ചെലവ് -1)ബിൽ നം-22104133/27.12.2021-83250/-

2)ബിൽ നം-22105023/30.03.2022-18375/-

3)ബിൽ നം-22105726/9.03.2022-83250/-

4)ബിൽ നം-22105663/28.02.2022-5625/-

5)ബിൽ നം-22105538/16.02.2022 -18750/

6)ബിൽ നം-22104082/17.01.2022 -37500/-

7ബിൽ നം-22104019/04.02.2022-83250/-

8)ബിൽ നം-22105719/09.03.2022-63750/-

9)ബിൽ നം-22104121/03.01.2022-56250/-

--------------------

ആകെ – 4,50,000/-

A) കോർപ്പറേഷൻ പരിധിയിലെ ചെറുകിട നാമമാത്ര കർഷകർ, പാട്ടകൃഷി ചെയ്യുന്ന കർഷകർ, റസിഡൻഷ്യൽ അസോസിയേഷൻ അംഗങ്ങൾ എന്നിവർ ഗുണഭോക്താക്കളായി തെരെഞ്ഞെടുത്ത് നടപ്പിലാക്കിയ പദ്ധതിയാണിത്. 75% സബ്സിഡിയും 25% ഗുണഭോക്തൃ വിഹിതം എന്ന രീതിയിൽ അടങ്കൽ വകയിരിത്തിയിരിക്കുന്നു. ഗുണഭോക്തൃവിഹിതം നേരിട്ടു ചെലവഴിക്കുന്നതായാണ് പദ്ധതി രേഖയിൽ രേഖപ്പെടുത്തിയിരിക്കുന്നതെങ്കിലും ഗുണഭേക്തൃവിഹിതം നിർവ്വഹണ ഉദ്യോഗസ്ഥ രസീതു പ്രകാരം പിരിച്ചെടുത്തതായി കാണുന്നു. നഗരസഭയുടെ രസീതുപ്രകാരം തുക പിരിക്കുന്നുണ്ടെങ്കിലും രസീതുനമ്പർ കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തി കാണുന്നില്ല.പദ്ധതി രൂപീകരണ രേഖയിൽ നിന്നും വ്യതിചലിച്ച് പദ്ധതി നടപ്പിലാക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

B) കൃഷി ഡെപ്യൂട്ടി ഡയറക്ടർ ഹാജരാക്കിയ ഫയൽ പരിശോധിച്ചതിൽ പ്ലാൻഫണ്ടിൽ നിന്നും 4,50,000/-രൂപയും,114500/-രൂപ ഗുണഭോക്തൃ വിഹിതവുമായി ആകെ 4,81,250/-രൂപ ചെലവ് വന്നിട്ടുണ്ടെങ്കിലും നഗരസഭയുടെ ചെലവുപത്രികയിൽ മേൽ പദ്ധതിക്കായി 4,50,000/-രൂപ മാത്രമേ ചെലവായി കാണുന്നുള്ളൂ.

പരിശോധനക്ക് ഹാജരാക്കിയ ഫയലുകളോടൊപ്പം ഉള്ള ക്ലർക്കഞ്ചേരി കൃഷിഭവൻ, ഒല്ലൂർ കൃഷിഭവൻ, ഒല്ലൂക്കര കൃഷിഭവൻ, വിൽവട്ടം കൃഷിഭവൻ, അയ്യന്തോൾ കൃഷിഭവൻ എന്നിവയുടെ വിതരണ ലിസ്റ്റും പരിശോധനയ്ക്ക് ഹാജരാക്കിയ വിതരണ രജിസ്റ്ററും പരിശോധിച്ചപ്പോൾ ശ്രദ്ധയിൽപ്പെട്ട മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

1)നഗരസഭ കമ്മറ്റി അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിലും സപ്ലിമെന്ററി ലിസ്റ്റിലും ഡിവിഷൻ നമ്പർ 4, 7, 11, 12, 16, 19, 21, 24, 31, 36, 51, 55 എന്നിവയിൽ അപേക്ഷകരില്ല എന്ന രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കിയതായി കാണുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഡിവിഷൻ നമ്പർ | ആനുകൂല്യം നല്കിയ വ്യക്തിയുടെ പേരും വിലാസവും | അഭിപ്രായകുറിപ്പ് |
|---|---|---|---|
| 1. | 31 | ജോസ് ടി.എൻ. | ടിയാളുകൾക്ക് എത്ര കുറ്റികുരുമുളക് വീതം നല്കി യെന്ന് ലിസ്റ്റിൽ വ്യക്തമല്ല. |
| 2. | 31 | റാഫേൽ.ഇ.വി.<br>എരിഞ്ചേരി (ഹൗസ്) | - ടി- |
| 3 | 24 | രാജൻ ചാക്കോ.എ., അമ്മാനം തിട്ട(ഹൗസ്)വളർക്കാവ് | കരം തീർത്ത രസീതിൽ 1ആർ ഭൂമിയുള്ളതായി കാണുന്നു. |
| 4 | 24 | ധനിൽ മടക്കായി(ഹൗസ്)<br>അഞ്ചേരി | കരം തീർത്ത രസീതിൽ 1ആർ 21 സ്ക്വയർ മീറ്റർ ഭൂമിയുള്ളതായി കാണുന്നു. |
| 5 | 24 | ആനി, അരിപ്പാലം(ഹൗസ്) സുവർണ്ണ സ്ട്രീറ്റ് , അഞ്ചേരി | കരം തീർത്ത രസീതിൽ 1ആർ 45സ്ക്വയർ മീറ്റർ ഭൂമിയുള്ളതായി കാണുന്നു. |
| 6 | 16 | സ്റ്റാനി പി.സി<br>പുലിക്കാട്ടിൽ(ഹൗസ്)മണ്ണുത്തി. | അംഗീകൃതഗുണഭോക്തൃലിസ്റ്റിൽ അപേകഷകരില്ലാത്ത ഡിവിഷൻ. |
| 7 | 16 | റോസി, പുലിക്കാട്ടിൽ(ഹൗസ്) മണ്ണുത്തി. | - ടി- |
| 8 | 16 | ഡേവിസ്.സി.റ്റി.<br>ചിറയത്ത് മനയിൽ, മണ്ണുത്തി | -ടി- |
| 9 | 16 | രാമകൃഷ്ണൻ<br>കൈരളി നഗർ, നെട്ടിശ്ശേരി | -ടി- |

| | | | |
|---|---|---|---|
| 10 | 16 | മോഹനൻ.ഇ.<br>ഇച്ചരത്ത്(ഹൗസ്)മണ്ണുത്തി | -ടി- |
| 11 | 16 | വിശ്വരൂപി<br>ഇടപ്പള്ളി(ഹൗസ്), മണ്ണുത്തി | -ടി- |
| 12 | 21 | സണ്ണി.എ.പി.<br>ആലപ്പാടൻ(ഹൗസ്), ഫ്രണ്ടസ് നഗർ | -ടി- |
| 13 | 3 | ജനാർദ്ദനൻ.സികെ,ടെമ്പിൽ ഹൗസ്,വിയ്യൂർ | -ടി- |
| 14 | 3 | പ്രജിഷ<br>രഞ്ജിത്ത്കൂത്തുപറമ്പിൽ(ഹൗസ്) ചെമ്പൂക്കാവ് | -ടി- |
| 15 | 3 | രഞ്ജിത്ത് കെ.വി , കുത്തുപറമ്പിൽ | -ടി- |
| 16 | 3 | സുമ എ.എം, അനിഴം, വിയ്യൂർ | -ടി- |
| 17 | 3 | സിന്ധു കുര്യൻ<br>കങ്ങപ്പാടംഹൗസ്, രാമവർമ്മ പുരം | -ടി- |
| 18 | 3 | ഷെർലി ജയിംസ്<br>പാലിയേക്കര, വിയ്യൂർ | -ടി- |
| 19 | 7 | ഗ്രിഗറി സക്കറിയ<br>പുലിക്കാട്ടിൽ, ചെമ്പുക്കാവ് | -ടി- |
| 20 | 7 | ശ്യാമള ഗോപിനാഥൻ ചെമ്പിൽ<br>എഞ്ചിനീയറിംഗ് കോളേജ്. | -ടി- |
| 21 | 7 | സുജീഷ് കുമാർ വി.<br>വാരണംകുന്നത്ത്, രാമവർമപുരം | -ടി- |
| 22 | 7 | അനിൽതോമസ്/എം.സി.തോമസ്, മണ്ണലത്ത്, രാമവർമപുരം | -ടി- |
| 23 | 7 | ഉഷ മോഹനൻ, കുറുംകാട്ടിൽ, മന്നംകാട് | -ടി- |
| 24 | 7 | ശ്രീരാമൻ ഒടാട്ടിൽ,<br>എഞ്ചിനീയറിംഗ് കോളേജ് | -ടി- |
| 25 | 7 | രവീന്ദ്രൻ വി.കെ., സ്വസ്തി, കുറ്റുമുക്ക് | -ടി- |
| 26 | 7 | വിജയൻ , ഐശ്വര്യ, കുറ്റുമുക്ക്റോഡ് | -ടി- |
| 27 | 7 | വിശ്വനാഥൻ, കൊമ്മടത്ത് വീട്<br>എഞ്ചിനീയറിംഗ് കോളേജ് | -ടി- |
| 28 | 7 | തോമസ് മാത്യു<br>കുന്നംകുഴി, രാമവർമ്മ പുരം | -ടി- |
| 29 | 7 | ലെനിമോൾ മുരളീധരൻ<br>പാലിശ്ശേരി ഹൗസ് | -ടി- |
| 30 | 11 | ബിനോയ്.കെ, ആനന്ദ്, ഗാന്ധിനഗർ മെയിൻസ്ട്രീറ്റ്, ചേറൂർ | -ടി- |
| 31 | 11 | കാർത്യായനി, നമ്പിടി ഹൗസ്, എംജി റോഡ് | -ടി- |
| 32 | 11 | തോമസ് , കിഴക്കുടൻഹൗസ്<br>ഗന്ധിനഗർ, ചേറൂർ | -ടി- |
| 33 | 11 | നിഷ ആന്റോ.സി<br>ചിരയത്ത്ഹൗസ്, എം.ജി.റോഡ്<br>ചെമ്പുക്കാവ് | -ടി- |
| 34 | 7 | കലേഷ്.സി.വി<br>ചേളിപ്പറമ്പിൽ, രാമവർമ്മപുരം | -ടി- |
| 35 | 7 | റീബ പോൾ,<br>കൃപാ സദൻ, രാമവർമ്മപുരം | -ടി- |
| 36 | 7 | ഇ.കൊച്ചുകൃഷ്ണൻ,ഈച്ചരത്ത്ഹൗസ്<br>രാമവർമ്മപുരം | -ടി |
| 37 | 7 | ഉദയകുമാർ, ഉദയശ്രീ, മാരാർ റോഡ്<br>കുറ്റുമുക്ക് | |
| 38 | 7 | നന്ദിനി, കിഴക്കിവീട്ടിൽ, ചെമ്പുക്കാവ് | |

| | | | |
|---|---|---|---|
| 39 | 4 | രാജ് മോഹൻ എ.വി<br>പൗർണ്ണമി, ഡോൾഫിൻ കോളനി ,പാട്ടൂക്കാട് | -ടി- |
| 40 | 4 | രുദ്രകുമാരൻ.എ.വി.<br>പൗർണ്ണമി, ഡോൾഫിൻ കോളനി<br>പാട്ടൂക്കാട് | -ടി- |
| 41 | 4 | സുശീല വി., സ്പാർഷ്, വിയ്യൂർ | -ടി- |
| 42 | 4 | ചിത്രമോഹൻ.കെ.ബി.<br>കല്ലൂർ വീട് മഹാത്മറോഡ് | -ടി- |
| 43 | 4 | ജയപ്രകാശ് പി.കെ.<br>പളുക്കശ്ശേരി ഹൗസ്, വിയ്യൂർ | -ടി- |
| 44 | 4 | രാമചന്ദ്രൻ,<br>പ്ലാവിൻ കൂടത്തിൽ, വിയ്യൂർ | -ടി- |
| 45 | 4 | ജയകൃഷ്ണൻ.എ.കെ<br>ആളൂപറമ്പിൽ വീട് | - ടി- |
| 46 | 4 | സുധാകരൻ.ടി.കെ<br>തെക്കേടത്തു പറമ്പിൽ, വിയ്യൂർ | - ടി- |
| 47 | 4 | രമേഷ്ചന്ദ്രൻഎം.ബി<br>മൂത്തേടത്ത് പറമ്പിൽ | -ടി- |
| 48 | 4 | കെ.കെ.മോഹനൻ<br>കണ്ടോളി ഹൗസ്, വിയ്യൂർ | -ടി- |
| 49 | 11 | സശോഭന<br>വടക്കൂട് ഹൗസ്, ഗാന്ധി നഗർ<br>ചേറൂർ | -ടി- |

2)മട്ടുപ്പാവു കൃഷിയ്ക്കായി ആകെ 214 ഗുണഭോക്താക്കളെയാണ് ഭരണസമിതി അംഗീകരിച്ച ലിസ്റ്റിൽ കാണുന്നതെങ്കിലും ഒല്ലൂർ കൃഷിഭവനിൽ 200 പേർക്കും,അയ്യന്തോൾ കൃഷിഭവൻ 170 പേർക്കും ഒല്ലുക്കര കൃഷിഭവനിൽ 222 പേർക്കും വിൽവട്ടം കൃഷിഭവനിൽ 222 പേർക്കും ആനുകൂല്യം നല്കിയതായി കാണുന്നു. അംഗീകൃത ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തികൾക്ക് ആനുകൂല്യം നല്കിയതിനു വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3)സ്റ്റോക്ക് രജിസ്റ്റർ, വിതരണ രജിസ്റ്റർ എന്നിവ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ആരും തന്നെ സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല. ഒല്ലുക്കര കൃഷിഭവനിൽ നിന്നും ഹാജരാക്കിയ അപേക്ഷകളിൽ ഡിവിഷൻ നമ്പർ , ഭൂമിയുടെ വിസ്തൃതി, തരം തുടങ്ങിയ അവശ്യവിവരങ്ങൾ രേഖപ്പെടുത്തി പൂർണ്ണമാക്കി കാണുന്നില്ല.

4)ഒല്ലുക്കര കൃഷിഭവൻ,അയ്യന്തോൾ കൃഷിഭവൻ എന്നിവയുടെ ഗണഭോക്തൃവിഹിതം പിരിച്ച രസീതുപരിശോധിച്ചതിൽ കൺവീനറുടെ പേരിലാണ് രസീതു നല്കിയതായി കാണുന്നത്. ഏതെങ്കിലും ഗ്രൂപ്പ് രൂപീകരിച്ചതിന്റെ രേഖകളൊന്നും തന്നെ ഹാജരാക്കിയിട്ടില്ല. വ്യക്തിഗത പ്രോജക്റ്റ് ആയതിനാൽ മാർഗ്ഗരേഖയ്ക്കു വിരുദ്ധമായി കൺവീനറെ തെരെഞ്ഞെടുത്ത് പ്രോജക്റ്റ് നടപ്പിലാക്കിയതിന്റെ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

മേലപാകതകൾക്കു വിശദീകരണം ലഭ്യമാക്കുന്നതോടൊപ്പം തൃശ്ശൂർ കൃഷിഭവന്റെ വിതരണവിവരം, സ്റ്റോക്ക് രജിസ്റ്റർ , ഗുണഭോക്തൃ വിഹിതം പിരിച്ചതിന്റെ രേഖകൾ എന്നിവ ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് 26.12.2022ന് നൽകിയ ഓഡിറ്റ് എൻക്വയറിനം.77/2021-22ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-114 ഇടവിളകൃഷി വിത്തുകളുടെ വിതരണം- പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്റ്റ് നം-79/22

അടങ്കൽ-45,00,000/-

ചെലവ്- 45,00,000/-

1)ബിൽ നം-22104146/27/12/2021- 2,50,000/-

2)ബിൽ നം-22105248/24/3/2022- 2,50,000/-

3)ബിൽ നം-22105757/11/03/2022- 2,50,000/-

4)ബിൽ നം-22105731/9/03/2022- 5,00,000/-

5)ബിൽ നം-22105713/9/03/2022- 5,00,000/-

6)ബിൽ നം-22105703/08/03/2022- 1,50,000/-

7)ബിൽ നം-22105704/08/03/2022-2,50,000/-

8)ബിൽ നം-22105668/02/03/2022-1,00,000/-

9)ബിൽ നം-22105661/28/02/2022-5,00,000/-

10)ബിൽ നം-22105630/25/02/2022-5,00,000/-

11)ബിൽ നം-22105721/09/03/2022-2,50,000/-

12)ബിൽ നം-22105720/09/03/2022-2,50,000/-

13)ബിൽ നം-22105518/14/02/2022- 2,50,000/-

14)ബിൽ നം-22103987/08/02/2022-2,50,000/-

15)ബിൽ നം-22104062/19/01/2022-2,50,000/-

കൃഷി ഡെപ്യൂട്ടി ഡയറക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഇടവിള കൃഷി വിത്ത് വിതരണം പദ്ധതിയിൽ ആറ് കൃഷിഭവനകളിൽ നിന്ന 1000/- രൂപയുടെ ഇടവിളകിറ്റ് വിതരണം ചെയ്യിട്ടുള്ള പദ്ധതിയാണിത്. ചെറുകിടനാമ മാത്രകർഷകർ, സ്വന്തം/പാട്ട ഭൂമിയിൽ കൃഷി ചെയ്യുന്നവർ, ഗ്രൂപ്പ് അടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നവർ, വീട്ടുവളപ്പിൽകൃഷി ചെയ്യുന്നവർ എന്നിവർ ഗുണഭോക്താക്കളായിട്ടുള്ള പദ്ധതിയാണിത്. കേരള ആഗ്രോ ഇൻഡസ്ട്രീസ് കമ്പനി ലിമിറ്റഡിൽ നിന്നും വിത്തുകൾ വാങ്ങി വിതരണം ചെയ്യതിന തുക കൈമാറുകയാണ ചെയ്യിട്ടുള്ളത്.പരിശോധനയ്ക്ക് ഹാജരാക്കിയ അപേക്ഷകളിൽ പൂർണ്ണമായ വിവരങ്ങൾ ചേർക്കുകയോ ഏതൊക്കെ വിത്തുകൾ നല്കിയെന്നോ വ്യക്തമല്ല. അംഗീകൃത ഗുണഭോക്തൃലിസ്റ്റിൽ ഡിവിഷൻ 3, 4, 6, 10 മുതൽ വരെ, 18, 19, 21, 22, 24, 26, 28, 31, 32, 34, 36, ഡിവിഷൻ 38 മുതൽ 44 വരെ, 47, 49, 52, 54 എന്നീ ഡിവിഷനകളിൽ അപേക്ഷകരില്ല എന്ന രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അയ്യന്തോൾ കൃഷിഭവന്റെ അപേക്ഷകളിൽ ഡിവിഷൻ 49ലെ വിനു.എം.വി., മുരിയാടൻ ഹൗസ്, ലാലൂർ, ജോളി.കെ.ജോസ് കാഞ്ഞിരത്തിങ്കൽ, സോണി.കെ.കൊടിയതറ, കെ.കൃഷ്ണൻ, ആശിർവാദ്, ഐശ്വര്യ ഗാർഡൻ, ഡിവിഷൻ 54 ലെ എം.അരവിന്ദാക്ഷൻ, കൃഷ്ണാലയം, അയ്യന്തോൾ, തുടങ്ങിയവർക്ക ആനുകൂല്യം നല്കിയതായി കാണന്നു. പ്രസ്തുത അപേക്ഷകളിലൊന്നും തന്നെ സ്ഥലവിസ്തൃതിയുടെ മാനദണ്ഡപ്രകാരമുള്ള വിത്ത് വിതരണത്തിനായുള്ള കൃഷി ഓഫീസറുടെ /കൃഷി അസിസ്റ്റന്റിന്റെ സാക്ഷ്യപ്പെടുത്തല്പ കളൊന്നും ഇല്ല.അംഗീകൃത ഗുണഭേക്തൃ ലിസ്റ്റിൽ ആകെ 36 ഗുണഭോക്താക്കൾ മാത്രമേ കാണുന്നുള്ളവെങ്കിലും ഒല്ലർ കൃഷിഭവൻ മാത്രം 750 കിറ്റുകൾ വിതരണം ചെയ്യതായി വിതരണ രജിസ്റ്ററിൽ കാണന്നു. ഇപ്രകാരം അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാതെ ഗുണഭോക്താക്കൾക്ക് നിർവ്വഹണ ഉദ്യോഗസ്ഥ 4500 ഇടവിളവിത്തു കിറ്റുകൾ എപ്രകാരം ഇങ്ങനെ വിതരണം ചെയ്യ എന്നതിന വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട 17.1.2023 ന നല്കിയ ഓഡിറ്റ് എൻക്വയറി നം-112/2021-22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത പദ്ധതിയുടെ ഫലമായി കോർപ്പറേഷൻ പരിധിയിൽ പ്രാദേശിക സാമ്പത്തിക വികസനത്തിന്റെ ഭാഗമായി ഉത്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിയ്ക്കുകയും ചെയ്യുക എന്ന ലക്ഷ്യം കൈവരിയ്ക്കാൻ സാധിച്ചതായി കാണുന്നില്ല. പദ്ധതി രൂപീകരണ വേളയിൽ കോർപ്പറേഷൻ പരിധിയിലെ അർഹരായ ഗുണഭോക്താക്കൾക്ക് ആവശ്യമായ പദ്ധതികൾ ആവിഷ്കരിയ്ക്കുന്നതിന പകരം എല്ലാ വർഷവും ഒരേതരം പദ്ധതികൾ തന്നെ നടപ്പിലാക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.മേലപാകതകൾ നിലനിൽക്കുന്നതിനാൽ ചെലവു തുക തടസ്സപ്പെടുത്തുന്നു.

## 1-115 സമഗ്ര നെൽകൃഷി വികസനം പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്റ്റ് നം-34/22

അടങ്കൽ-37967250/( 24150000/- വി.ഫ.,13817250/-ഉ.വി.നേരിട്ട്.)

ചെലവ് - 24150000/-

ബിൽ നമ്പർ-1)22104163/18.12.2021-3,85,200/-

2)22104162/18.12.2021-2,11,893/-

3)22104223/9.12.2021-1,80,675/-

4)22104226/3.12.2021-2,49,648/-

5)22104233/3.12.20221-1,96,386/-

6) 22104261/24.11.2021-3,63,220/-

7) 22104303/1.11.2021- 3,06,113/-

8)22104366/11.10.2021 -1,56,992/-

9)22104366/11.10.2021-1,38,674/-

10)22104365/11.10.2021-2,88,000/-

11)22101615/12.08.2021-7,15,603/-

12)22101616/12.08.2021-1,77,600/-

13)22105028/30.03.2022-1,50,179/-

14)22105079/30.03.2022-71,000/-

15)22105247/24.03.2022-3080/-

16)22105896/19.3.2022-76,780/-

17)22105897/19.03.2022-15,534/-

18)22105753/11.03.2022-2,48,778

19)22105755/11.3.2022-3,91,302/

20)22105730/9.03.2022-4,49,966/-

21)22105725/9.03.2022-7,77,416/-

22)22105724/9.03.2022-5,37,680/-

23)22105643/26.2.022-97,887/-

24)22105579/23.02.2022-2,20,800/-

25)22105640/25.02.2022-4,03,601/-

26)22105576/23.2.2022-3,03,160/-

27)22105577/23.2.2022-8,56,900/-

28)22105578/23.2.2022-1087240/-

29)22105639/25-2-2022-1095667/-

30)22105582/18.2.2022-4,52,664/-

31)22105543/18.2.2022-4,51,000/-

32)22105542/18.2.2022-1,20,924/-

33)22105532/15.2.2022-8,46,780/-

34)22105536/16.2.2022-1,96,560/-

35)22105541/18.02.2022-302076/-

36)22104018/8.2.2022-2,46,180/-

37)22104076/14.2.2022-74,184/-

38)22104026/7.2.2022-3,38,800/-

39)22104025/1.2.2022-3,44,960/-

40)22104021/1.2.2022-1,31,560/-

41)22104027/1.2.2022-92,004/

42)22104030/7.2.2022-7,05,963/-

43)22104034/28.1.2022-83,160/-

44)22104033/28.1.2022-3,68,568/-

45)22104031/28.1.2.22-5,19,300/-

46)22104048/22.1.2022-3,46,798

47)22104046/22.1.2022-7,02,884/-

48)22104645/22.1.2022-1,84,036/-

49)22104092/12.1.2022-2,94,360/-

50)22104085/17.1.2022-5,73,848/-

51)2210104117/6.1.2022-4,10,689/-

52)22104100/6.12022-22,95,588/-

53)22104135/14.1.2022-3,69,248/-

54)22104134/27.12.2022-29,49,000/-

55)22104478/17.09.2021-2,42,000/-

1) തൃശ്ശൂർ കോർപ്പറേഷൻ പരിധിയിൽ വിരിപ്പ -മുണ്ടകൻ സീസണിൽ നെൽകൃഷി ചെയ്യുന്ന കർഷകർക്ക് കൃഷി ഇറക്കുന്നതിനായി 100% സബ്സിഡി നിരക്കിൽ 161.25ഹെക്ടർ നെൽവിത്തും (പരമാവധി 4000 ഹെക്ടർ) കുമ്മായം 75% സബ്സിഡി നിരക്കിൽ 75 ഹെക്ടർ (പരമാവധി 9/-രൂപ/കിലോഗ്രാം) ഉഴവുകൂലി 1050 ഹെക്ടറിന് 22000/ഹെക്ടർ എന്ന നിരക്കിലും നല്കുന്നതിനായി കൃഷി ഡെപ്യൂട്ടി ഡയറക്ടർ നടപ്പിലാക്കിയ പദ്ധതിയാണിത്. അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ ആകെ 32ഗുണഭോക്താക്കളാണുള്ളത്. ആറു കൃഷിഭവനിലെ ഒരു കൃഷിഭവനായ ഒല്ലൂർ കൃഷിഭവനിൽ തന്നെഹാജരാക്കിയ അപേകഷകൾ പ്രകാരം 58ഗുണഭോക്താക്കൾക്കു ആനുകൂല്യം നല്കിയതായി കാണുന്നു. അംഗീകൃത ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത ഗുണഭോക്താക്കൾക്ക് എപ്രകാരം ആനുകൂല്യം നല്കിയെന്നതിനു വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2)കൂലിച്ചെലവ് നല്കുന്നതിനുള്ള അപേക്ഷയിൽ എത്ര ഏരിയയിൽ കൃഷി ചെയ്തുവെന്നോ എന്തൊക്കെ പ്രവൃത്തികൾ എതൊക്കെ കാലയളവിൽ ചെയ്തെന്നും കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3)സബ്സിഡി മാർഗ്ഗ രേഖയിലെ മാനദണ്ഡം6.1.6 പ്രകാരം നടീലും കൊയ്ത്തും ഒഴികെയുള്ള പ്രവർത്തനങ്ങളിൽ തൊഴിലുറപ്പ് പദ്ധതിയുടെ സാദ്ധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തേണ്ട താണ് എന്നു പറയുന്നുണ്ട്. ഇതുപ്രകാരം നടീലും കൊയ്ത്തും പ്രവൃത്തിയ്ക്ക് ആനുകൂല്യം നല്കേണ്ടതും, മേൽപ്പറഞ്ഞ പ്രവൃത്തികളിൽ ഉഴവ് പ്രവൃത്തി ഉൾപ്പെടുന്നുണ്ടോയെന്നുള്ളതും,തൊഴിലുറപ്പ പദ്ധതിയുടെ സഹായം ലഭ്യമാക്കിയിട്ടുണ്ടോയെന്നും വ്യക്തമല്ല.ഹാജരാക്കിയ അപേക്ഷയോടൊപ്പം ഗുണഭോക്താക്കൾ ഗുണഭോക്തൃവിഹിതം ചെലവു ചെയ്തതിന്റെ രേഖകൾ ഒന്നും ഹാജരാക്കിയിട്ടില്ല,

4)മേൽപദ്ധതി പ്രകാരം ആനുകൂല്യം ലഭ്യമായ കർഷകർക്ക് മറ്റേതെങ്കിലും സ്കീം പ്രകാരം ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന് കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5)കർഷകൻ മുൻകൂർ വിള ഇൻഷ്വറൻസ് അടച്ചു എന്നുള്ളതിനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല.

6) പദ്ധതിയിൽ നെൽവിത്ത്, കുമ്മായം, ഉഴവുകൂലി എന്നിവയ്ക്ക് വികസനഫണ്ട് വകയിരുത്തിയിരുന്നു എങ്കിലും ഹാജരാക്കിയ അപേക്ഷകൾ പ്രകാരം വകയിരുത്തിയ ഫണ്ട് ഭൂരിഭാഗവും കൂലിച്ചെലവിനത്തിൽ മാത്രമാണ് ചെലവഴിച്ചതായി കാണുന്നത്.ആനുപാതികമായി തുക ചെലവഴിയ്ക്കാതിരുന്നതിനു കാരണം വ്യക്തമല്ല.

7)വിൽവട്ടം കൃഷിഭവൻ,കൂർക്കഞ്ചേരി കൃഷിഭവൻ എന്നിവ നെൽവിത്ത് വാങ്ങിയത് സ്റ്റോക്കിലെടുത്തു വിതരണം ചെയ്ത രേഖകളും,അപേക്ഷകളും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

മേലപാകതകൾക്ക് വിശദീകരണം നൽകേണ്ടതും വിതരണരേഖകളും അപേക്ഷകളും ഹാജരാക്കണമെന്നാവശ്യപ്പെട്ട് നൽകിയ 19.01.2023ലെ ഓഡിറ്റ് എൻക്വയറി 118/2021-22ന് മറുപടി ലഭ്യമാക്കിയിട്ടില്ല.ചെലവു തുക തടസ്സപ്പെടുത്തുന്നു.

## 1-116 സമഗ്ര നെൽകൃഷി വികസനം-(സ്പിൽ ഓവർ) പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്റ്റ് നംമ്പർ - 420/22

അടങ്കൽ - 11,57,000/-(വികസനഫണ്ട്)

- 2314000/-(ഗുണഭോക്തൃ വിഹിതം നേരിട്ട്)

ആകെ - 34,71,000/-

ചെലവ് - 11,57000/-

നെൽവിത്ത് വിതരണം, ഉഴവ്കൂലി സബ്സിഡി, കുമ്മായം/ഡോളമൈറ്റ് വിതരണം എന്നിവ വിതരണം ചെയ്യുന്നതിനു വിഭാവനം ചെയ്ത പദ്ധതിയാണിത്. കൃഷി ഡെപ്യൂട്ടി ഡയറക്ടർ നടപ്പിലാക്കിയ പദ്ധതിയിൽ വികസന ഫണ്ടിൽ നിന്നും വകയിരുത്തിയ 11,57,000/-രൂപ അയ്യന്തോൾ കൃഷിഭവന്റെ പരിധിയിൽ വരുന്ന ഗുണഭോക്താക്കൾക്ക് ഉഴവു കൂലിയും നെൽവിത്തിന്റെ വിലയുമായി നല്കുന്നതിനു ആനുകൂല്യം നല്കുന്നതിനു ചെലവ് ചെയ്തിട്ടുണ്ടെങ്കിലും പ്രസ്തുത ചെലവു സാധൂകരിയ്ക്കുന്ന രേഖകൾ പരിശോധനയ്ക്കു ഹാജരാക്കിയിട്ടില്ല. ആയതിനു വിശദീകരണം ലഭ്യമാക്കേണ്ടതും, രേഖകള പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണെന്ന് ആവശ്യപ്പെട്ടു 19.01.2023ന് നൽകിയ ഓഡിറ്റ് എൻക്വയറി നം.117/2021-22ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് സാധൂകരിക്കുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ചെലവു തുക തടസ്സപ്പെടുത്തുന്നു.

## 1-117 സമഗ്രകേരകൃഷി വികസനം പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്റ്റ് നമ്പർ-123
അടങ്കൽ -15,00,000/-
ചെലവ് -ബിൽ നം-22104219/9.12.2021-19,530/-
-ബിൽനം-22104239/30.11.2021-23,250/-
-ബിൽനം-22104236/2.12.2021-1,14,150/-
- ബിൽനം-22104270/20.11.2021-62,460/-
-ബിൽനം-22104288/10.11.2021 – 25,830/-
-ബിൽനം-22104326/26.10.2021- 24,000/-
-ബിൽനം-22104359/12.10.2021 -61,365/-
-ബിൽനം-22104364/11.10.2021 -96,075/-
-ബിൽനം-22104434/30.09.2021-1,35,630/-
- ബിൽനം-22105921/21.03.2022 - 1,964/
- ബിൽനം-22105825/17.03.2022- 2,43,053/-
- ബിൽനം-22105712/9.03.2022 -12,765/-
- ബിൽനം-22105625/25.02.2022-27,015/-
- ബിൽനം-22105625/25.02.2022 -20790/-
- ബിൽനം-22105650/26.02.2022- 34560/-
- ബിൽനം-22104014/07.02.2022 -2,50,815/-
- ബിൽനം-22104125/14.01.2022 – 99,195/-
-ബിൽനം-221045917/21.03.2022 -17280/-
-ബിൽനം-22104335/25.102021 -1,37,790/-
----------------

ആകെ - 14,07,517/-

തൃശ്ശൂർ കോർപ്പറേഷൻ പരിധിയിൽപ്പെട്ട ആറു കൃഷിഭവൻ പരിധിയിലെ തെങ്ങ് കർഷകർക്ക് 75%സബ് സിഡി നിരക്കിൽ ജൈവ വളവും,50% സബ്സിഡി നിരക്കിൽ രാസവളവും വിതരണം ചെയ്യുന്നതിനുള്ള പദ്ധതി. കർഷകൻ സർവ്വീസ് സഹകരണബാങ്ക്/സർക്കാർ സ്ഥാപനങ്ങളിൽ നിന്നും ഒരു തെങ്ങിന് 100 രൂപയ്ക്ക് ജൈവവളവും, 60 രൂപയ്ക്ക് രാസവളവും വാങ്ങി ബിൽ സഹിതം കോർപ്പറേഷൻ പരിധിയിലെ കൃഷിഭവനിൽ നല്കുമ്പോൾ സബ്സിഡി അനുവദിയ്ക്കുന്ന പദ്ധതിയാണിത്. ആറു കൃഷിഭവനകളിലെ അപേക്ഷകളിൽ പരിശോധനയ്ക്ക് ഹാജരാക്കിയ ഒരു കൃഷിഭവനായ വിൽവട്ടം കൃഷിഭവനിൽ നിന്നു വളം വിതരണം ചെയ്തതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും വിലാസവും, | വിതരണം ചെയ്ത വളത്തിന്റെ വിവരങ്ങൾ | അഭിപ്രായകുറിപ്പ് |
|---|---|---|---|
| 1 | രവീന്ദ്രനാഥൻ, സ്വസ്തി മാരാർ റോഡ് കുറ്റുമുക്ക ഡിവിഷൻ-7 | 9തെങ്ങിന്ന ജൈവവളം-543/-രൂപയും, രാസവളം-64/-രൂപയും | അംഗീകൃത എജൻസിയിൽ നിന്നും വളം വാങ്ങിയതിന്റെ ക്യാഷ്ബില്ല് ഹാജരാ ക്കിയിട്ടില്ല. ഏതൊക്കെ വളം എത്ര കിലോ വീതം എവിടെ നിന്നും വാങ്ങിയെന്നതിന്റെയോ ക്യാഷ് ബില്ല ഹാജരാക്കിയിട്ടില്ല ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. |
| 2 | സുശീല .പി സ്പാർഷ്, വിയ്യൂർ.തൃശ്ശൂർ ഡിവിഷൻ രേഖപ്പെടുത്തിയിട്ടില്ല. | 8തെങ്ങിനുള്ള ജൈവവളം-543/- രാസവളം- 97/- | അംഗീകൃത എജൻസിയിൽ നിന്നും വളം വാങ്ങിയതിന്റെ ക്യാഷ്ബില്ല് ഹാജരാക്കിയിട്ടില്ല.ഏതൊക്കെ വളം എത്ര കിലോ വീതം എവിടെ നിന്നുംവാങ്ങിയെന്നതിന്റെയോ ക്യാഷ് ബില്ല ഹാജരാക്കിയിട്ടില്ല. ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല |
| 3 | വിനോദ് .ഇ.കെ നന്ദനം,എടതിരിത്തി ഹൗസ്.ഇന്ദിരനഗർ കുറ്റുമുക്ക ഡിവിഷൻ 9 | 20തെങ്ങിന് ജൈവവളം-1500/- രാസവളം-277/- | അംഗീകൃത എജൻസിയിൽ നിന്നും വളം വാങ്ങിയതിന്റെ ക്യാഷ്ബില്ല് ഹാജരാ ക്കിയിട്ടില്ല. ഏതൊക്കെ വളം എത്ര കിലോ വീതം എവിടെ നിന്നും വാങ്ങിയെന്നതിന്റെയോ ക്യാഷ് ബില്ല് ഹാജരാക്കിയിട്ടില്ല. ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. |
| 4 | ജയകൃഷ്ണൻ.കെ.വി. കോപ്പായി വീട് വിയ്യൂർ ഡിവിഷൻ 4 | 91 തെങ്ങിനുള്ള ജൈവവളം-1087/- രാസവളം-662/- | അംഗീകൃത എജൻസിയിൽ നിന്നും ക്യാഷ്ബില്ല് ഹാജരാക്കുകയോ ഏതൊക്കെ വളം എവിടെ നിന്നും വാങ്ങിയെന്നതിന്റെയോ രേഖകൾ ഫയലിൽ ഹാജരാക്കിയിട്ടില്ല. ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ഫയലിൽ ഹാജരാക്കിയ കരം അടച്ച രസീതിൽ പെരിയാർ വാലി ഇറിഗേഷൻ പ്രോജക്റ്റ് ബ്ലോക്ക് 51, തണ്ടപ്പേർ നം-6917 ലെ 5/11,4/62 എന്നീ സർവ്വേ നമ്പരിൽ നിലം ആയിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അടിസ്ഥാന ഭൂനികുതിയെന്ന ഭാഗത്ത് മേൽ ബ്ലോക്കിലെ തണ്ടപ്പേരിലുള്ള സർവ്വേ നമ്പർ 22/129 ൽ2 ആർ22സ്ക്വ.മീ. പുരയിടം സരോജിനി മക്കൾ ജയകൃഷ്ണൻ മുതൽ പേർ,കുഞ്ഞൻ എഴുത്തച്ഛൻ മകൻ വാസു (മരിച്ചു) ഭാര്യ കോപ്പായി എന്നു രേഖപ്പെടുത്തിയിട്ടുണ്ട്.പ്രസ്തുത സ്ഥലത്ത് എപ്രകാരം ഗുണഭോക്താവു മാത്രം 91 തെങ്ങുകൾ കൃഷി ചെയ്തു എന്നതും വ്യക്തമല്ല. |
| 5 | കൃഷ്ണൻ.എ.കെ. അയിനിക്കുന്നത്ത് ഡിവിഷൻ-11 | 28തെങ്ങിന്ന ജൈവവളം-2100/-രൂപ രാസവളം-495/- രൂപ | അംഗീകൃത ഗുണഭോക്തൃലിസ്റ്റിൽ ഡിവിഷൻ 11 ൽ അപേക്ഷകരില്ല എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അംഗീകൃത ഏജൻസികളിൽ നിന്നും വളം വാങ്ങിയതിന്റെ രേഖയോ, ഏതൊക്കെ വളം എത്ര കിലോ വീതം എവിടെ നിന്നും വാങ്ങിയതിന്റെയോ ക്യാഷ്ബില്ല് ഫയലിനോടൊപ്പം ഹാജരാക്കിയിട്ടില്ല. |
| 6 | ഷാജി.കെ.ജി. കോവിൽ തെക്കേ വളപ്പിൽ, ചെമ്പുക്കാവ് | 9തെങ്ങിനുള്ള ജൈവവളം-522/-രൂപ രാസവളം-188/-രൂപ | അംഗീകൃത ഗുണഭോക്തൃലിസ്റ്റിൽ ഡിവിഷൻ 11 ൽഅപേക്ഷകരില്ല എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അംഗീകൃത ഏജൻസികളിൽ നിന്നും വളം വാങ്ങിയതിന്റെ രേഖയോ, ഏതൊക്കെ വളം എത്ര കിലോ വീതം എവിടെ നിന്നുംവാങ്ങിയതിന്റെയോ ക്യാഷ്ബില്ല് ഫയലിനോടൊപ്പം ഹാജരാക്കിയിട്ടില്ല. |
| 7 | പി.എ.പവിത്രൻ പോളക്കുളത്ത് ഹൗസ് | 21 തെങ്ങിന് ജൈവവളം-1848/- | അംഗീകൃത ഗുണഭോക്തൃലിസ്റ്റിൽ ഡിവിഷൻ 11 ൽഅപേക്ഷകരില്ല |

| | | | |
|---|---|---|---|
| | ചെമ്പുക്കാവ് | രാസവളം-580/- | എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അംഗീകൃത ഏജൻസികളിൽ നിന്നും വളം വാങ്ങിയതിന്റെ രേഖയോ, ഏതൊക്കെ വളം എത്ര കിലോ വീതം എവിടെ നിന്നുംവാങ്ങിയതിന്റെയോ ക്യാഷ്ബില്ല് ഫയലിനോടൊപ്പം ഹാജരാക്കിയിട്ടില്ല. |
| | എം.സെൽവരംഗം ഗ്രേസ്ഭവൻ, പെരിങ്ങാവ് ഡിവിഷൻ-11 | 10 തെങ്ങിന് ജൈവവളം-750/-രാസവളം-235/- | അംഗീകൃത ഗുണഭോക്തൃലിസ്റ്റിൽ ഡിവിഷൻ 11 ൽഅപേക്ഷകരില്ല എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അംഗീകൃത ഏജൻസികളിൽ നിന്നും വളം വാങ്ങിയതിന്റെ രേഖയോ, ഏതൊക്കെ വളം എത്ര കിലോ വീതം എവിടെ നിന്നുംവാങ്ങിയതിന്റെയോ ക്യാഷ്ബില്ല് ഫയലിനോടൊപ്പം ഹാജരാക്കിയിട്ടില്ല |
| 8 | ബാലകൃഷ്ണൻ.എ.കെ. അരോക്കാരൻ വീട് ഗാന്ധി നഗർ മെയിൻ-89 ചേറൂർ | 6 തെങ്ങിന് ജൈവവളം-450/- രാസവളം-180 | അംഗീകൃത ഗുണഭോക്തൃലിസ്റ്റിൽ ഡിവിഷൻ 11 ൽഅപേക്ഷകരില്ല എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അംഗീകൃത ഏജൻസികളിൽ നിന്നും വളം വാങ്ങിയതിന്റെ രേഖയോ, ഏതൊക്കെ വളം എത്ര കിലോ വീതം എവിടെ നിന്നുംവാങ്ങിയതിന്റെയോ ക്യാഷ്ബില്ല് ഫയലിനോടൊപ്പം ഹാജരാക്കിയിട്ടില്ല. |
| 9 | സുനിത.കെ കൈലാസം ഗാന്ധിനഗർ-II ഡിവിഷൻ 11 | 23തെങ്ങിന് ജൈവവളം-1725/- രാസവളം-690/- | അംഗീകൃത ഗുണഭോക്തൃലിസ്റ്റിൽ ഡിവിഷൻ 11 ൽഅപേക്ഷകരില്ല എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അംഗീകൃത ഏജൻസികളിൽ നിന്നും വളം വാങ്ങിയതിന്റെ രേഖയോ, ഏതൊക്കെ വളം എത്ര കിലോ വീതം എവിടെ നിന്നുംവാങ്ങിയതിന്റെയോ ക്യാഷ്ബില്ല് ഫയലിനോടൊപ്പം ഹാജരാക്കിയിട്ടില്ല. |
| 10 | അശോക് കുമാർ.എൻ.കെ. കൈലാസം ഗാന്ധിനഗർ, ചേറൂർ | 19തെങ്ങിനു ജൈവവളം-1425/- രാസവളം-570/- | അംഗീകൃത ഗുണഭോക്തൃലിസ്റ്റിൽ ഡിവിഷൻ 11 ൽ അപേക്ഷകരില്ല എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അംഗീകൃത ഏജൻസികളിൽ നിന്നും വളം വാങ്ങിയതിന്റെ രേഖയോ, ഏതൊക്കെ വളം എത്ര കിലോ വീതം എവിടെ നിന്നുംവാങ്ങിയെന്നതിന്റെയോ ക്യാഷ്ബില്ല് ഫയലിനോടൊപ്പം ഹാജരാക്കിയിട്ടില്ല. |
| 11 | വർഗ്ഗീസ് ചക്കോള അഭയം, പെരിങ്ങാവ് ഡിവിഷൻ-11 | 6813/-രൂപ അനുവദിച്ച തായി കാണുന്നു. ടിയാന്റെ അപേക്ഷ യിൽ എത്ര തെങ്ങ് ഉണ്ടെന്നോ ഏതൊക്കെ വളം എത്ര അളവിൽ വാങ്ങിയിട്ടുണ്ട് എന്ന രേഖപ്പെടുത്തലു കളുമില്ല. എപ്രകാരം ആനുകൂല്യം നിജ പ്പെടുത്തി നൽകിയെന്ന വ്യക്തമല്ല. | അംഗീകൃത ഗുണഭോക്തൃലിസ്റ്റിൽ ഡിവിഷൻ 11 ൽഅപേക്ഷകരില്ല എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അംഗീകൃത ഏജൻസികളിൽ നിന്നും വളം വാങ്ങിയതിന്റെ രേഖയോ, ഏതൊക്കെ വളം എത്ര കിലോ വീതം എവിടെ നിന്നുംവാങ്ങിയെന്നതിന്റെയോ ക്യാഷ്ബില്ല് ഫയലിനോടൊപ്പം ഹാജരാക്കിയിട്ടില്ല. |
| 12 | കാർമ്മൽ ജോർജ്ജ് ബംഗ്ലാവിൽ ചേറൂർ ഡിവിഷൻ-11 | ഓർഗാനിക് മാന്യൂറിനു-600/- ഇൻഓർഗാനിക് മാന്യൂറിനു 240/-രൂപയും കൃഷി ഓഫീസർ അനുവദിച്ച തായി കാണുന്നു.അപേക്ഷയിൽ എത്ര തെങ്ങ് ഉണ്ടെന്നോ ഏതൊക്കെ വളം എത്ര അളവിൽ വാങ്ങിയിട്ടുണ്ട് എന്ന രേഖപ്പെടുത്തലു | അംഗീകൃത ഗുണഭോക്തൃലിസ്റ്റിൽ ഡിവിഷൻ 11 ൽഅപേക്ഷകരില്ല എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അംഗീകൃത ഏജൻസികളിൽ നിന്നും വളം വാങ്ങിയതിന്റെ രേഖയോ, ഏതൊക്കെ വളം എത്ര കിലോ വീതം എവിടെ നിന്നും വാങ്ങിയതിന്റെയോ ക്യാഷ്ബില്ല് ഫയലിനോടൊപ്പം ഹാജരാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| | | കളുമില്ല. എപ്രകാരം ആനുകൂല്യം നിജപ്പെടുത്തി നൽകിയെന്നു വ്യക്തമല്ല. | |
| 13 | ലിൻസി തോമസ്സ്<br>പല്ലൻ ഹൗസ്<br>പള്ളിക്കുളം റോഡ്<br>ഡിവിഷൻ-8 | ജൈവവളം-4350/-രൂപയും,<br>രാസവളം-1200/-രൂപയും നല്കിയിട്ടുണ്ട്. | അംഗീകൃത ഗുണഭോക്തൃലിസ്റ്റിൽ ഡിവിഷൻ 11 ൽഅപേക്ഷകരില്ല എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അംഗീകൃത ഏജൻസികളിൽ നിന്നും വളം വാങ്ങിയതിന്റെ രേഖയോ, ഏതൊക്കെ വളം എത്ര കിലോ വീതം എവിടെ നിന്നുംവാങ്ങിയതിന്റെയോ ക്യാഷ്ബില്ല് ഫയലിനോടൊപ്പം ഹാജരാക്കിയിട്ടില്ല. |
| 14 | ശങ്കരനാരയണൻ.എം.എസ്.<br>മഠത്തിൽപ്പറമ്പിൽ<br>സുകൃതം ചേറൂർ<br>ഡിവിഷൻ-11 | ഓർഗാനിക് മാന്യുർ-1012/-രൂപയും<br>ഇൻഓർഗാനിക് മാന്യുർ-605/-രൂപയും നല്കിയിട്ടുണ്ട്. | അംഗീകൃത ഏജൻസികളിൽ നിന്നും വളം വാങ്ങിയതിന്റെ രേഖയോ, ഏതൊക്കെ വളം എത്ര കിലോ വീതം എവിടെ നിന്നുംവാങ്ങിയതിന്റെയോ ക്യാഷ്ബില്ല് ഫയലിനോടൊപ്പം ഹാജരാക്കിയിട്ടില്ല.ഫയലിനൊപ്പം ഹാജരാക്കിയ കരം ഒടുക്കിയ രസീതിൽ ബ്ലോക്ക് നം.49 തണ്ടപ്പേര് 4771ൽ സർവ്വേ നമ്പർ 1118/29, 23 ആർ 97സ്ക്വ.മീ. നിലം എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അപേക്ഷയിന്മേൽ രേഖപ്പെടുത്തിയ ജൈവവളത്തിനു ആനുപാതികമായല്ല തുക നല്കിയിട്ടുള്ളത്. |
| 15 | സുബ്രഹ്മണ്യൻ.പി.എ.<br>പെരിങ്ങണ്ടൂർക്കാരൻ,പാട്ടുക്കാട്<br>ഡിവിഷൻ -4 | | അംഗീകൃത ഏജൻസികളിൽ നിന്നും വളം വാങ്ങിയതിന്റെ രേഖയോ, ഏതൊക്കെ വളം എത്ര കിലോ വീതം എവിടെ നിന്നുംവാങ്ങിയതിന്റെയോ ക്യാഷ്ബില്ല് ഫയലിനോടൊപ്പം ഹാജരാക്കിയിട്ടില്ല. 4875/-രൂപ ടിയാനു അനുവദിച്ചിട്ടുണ്ട്. തണ്ടപ്പേർ നം1554 സർവ്വേ നമ്പർ4/17,28 /10എന്നിവ നിലം എന്നാണ് രേഖപ്പെടുത്തി യിരിക്കുന്നത്. |
| 16 | അഗസ്റ്റിൻ<br>താഴെക്കടൽ ഹൗസ്<br>ചേറൂർ.പി.ഒ.<br>ഡിവിഷൻ-3 | 833/-രൂപ അനുവദിച്ചിട്ടുണ്ട്. | അംഗീകൃത ഏജൻസികളിൽ നിന്നും വളം വാങ്ങിയതിന്റെ രേഖയോ, ഏതൊക്കെ വളം എത്ര കിലോ വീതം എവിടെ നിന്നുംവാങ്ങിയതിന്റെയോ ക്യാഷ്ബില്ല് ഫയലിനോടൊപ്പം ഹാജരാക്കിയിട്ടില്ല. 0.1154/haകൃഷി അസിസ്റ്റന്റിന്റെ ശുപാർശ മാത്രമാണുള്ളത്. |
| 17 | Lതങ്കപ്പൻ നായർ<br>കിഴക്കുട്ട് ഹൗസ്<br>പെരിങ്ങാവ്.പി.ഒ.<br>ഡിവിഷൻ 11 | അപേക്ഷയിൽ രാസവളം 100കി.ഗ്രാം വാങ്ങിയതായി രേഖപ്പെടുത്തിയിരിക്കുന്നു.900/-രൂപ അനുവദിച്ചതായി കാണുന്നു.എതു മാനദണ്ഡപ്രകാരമാണ് തുക നല്കിയതെന്നു വ്യക്തമല്ല. | അംഗീകൃത ഗുണഭോക്തൃലിസ്റ്റിൽ ഡിവിഷൻ 11 ൽഅപേക്ഷകരില്ല എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അംഗീകൃത ഏജൻസികളിൽ നിന്നും വളം വാങ്ങിയതിന്റെ രേഖയോ, ഏതൊക്കെ വളം എത്ര കിലോ വീതം എവിടെ നിന്നുംവാങ്ങിയെന്നതിന്റെയോ ക്യാഷ്ബില്ല് ഫയലിനോടൊപ്പം ഹാജരാക്കിയിട്ടില്ല. 0.1401/ha കൃഷി അസിസ്റ്റന്റിന്റെ ശുപാർശ മാത്രമാണുള്ളത് |
| 18 | റ്റി.എഫ് ജോസ്<br>തേറാട്ടിൽ ഹൗസ്<br>വാരിയം റോഡ് | 525/-സബ്സിഡി നല്കിയിരിക്കുന്നു. | പരിശോധനയ്ക്ക് ഹാജരാക്കിയ ക്യാഷ്ബില്ലിൽ എല്ലുപൊടി,വേപ്പിൻ പിണ്ണാക്ക് എന്നിവ എത്രകിലോ ആണെന്നോ എത്ര രൂപ നിരക്കിലാണെന്നോ വ്യക്തമായി രേഖപ്പെടുത്തിയിട്ടില്ല. അപേക്ഷയിൽ 3150/- എന്നു രേഖപ്പെടുത്തിയതിൽ എത്ര തുക ആനുകൂല്യം അനുവദിക്കാമെന്ന് കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തി |

| | | | |
|---|---|---|---|
| | | | കാണുന്നില്ല. |
| 19 | രാധാമണി അമ്മ<br>പ്രശാന്തി<br>മഠത്തിൽ ഗാർഡൻ<br>ഡിവിഷൻ-47 | 250/- രൂപ ആനുകൂല്യം നല്കിയിട്ടുണ്ട്. | എല്ലുപൊടി,വേപ്പിൻപിണ്ണാക്ക്,കുമ്മായം എന്നിവ വാങ്ങിയതിന് 1251/- രൂപയുടെ ക്യാഷ് ബിൽ ഹാജരാക്കിയിട്ടുണ്ട്. എത്ര രൂപ സബ്സിഡി അനുവദിയ്ക്കാമെന്നോ എത്ര തെങ്ങുണ്ടെന്നോ എത്ര ഏരിയ കൃഷിയുണ്ടെന്നോ കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 20 | പ്രേമ ഐ.കെ.<br>കണ്ടംകുളത്തിൽ<br>പുളർക്കര<br>ഡിവിഷൻ-55 | 575/-രൂപ ആനുകൂല്യം നല്കിയിട്ടുണ്ട്. | എല്ലുപൊടി,വേപ്പിൻപിണ്ണാക്ക്,കുമ്മായം എന്നിവ വാങ്ങിയതിന് 2966/- രൂപയുടെ ക്യാഷ് ബില്ലിലോ ഹാജരാക്കിയിട്ടുണ്ട്. എത്ര രൂപ സബ്സിഡി അനുവദിയ്ക്കാമെന്നോ എത്ര തെങ്ങുണ്ടെന്നോ എത്ര ഏരിയ കൃഷിയുണ്ടെന്നോ കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. |

അംഗീകൃത ഗുണഭോക്തൃലിസ്റ്റിൽ ആകെ 92 ഗുണഭോക്താക്കൾ മാത്രമുള്ള ഈ പദ്ധതിയിൽ ഒല്ലൂർ കൃഷിഭവനിൽ തന്നെ 59 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കുകയും മേൽ ചൂണ്ടിക്കാണിച്ച അപാകതകളിൽ ചില ഗുണഭോക്താക്കളുടെ കരം ഒടുക്ക് രസീതിൽ നിലം എന്ന രേഖപ്പെടുത്തിയതായി കാണുന്നു. പ്രസ്തുത ഭൂമി ഡേറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടില്ല എന്നും കൃഷിയ്ക്ക് അനുയോജ്യമാണെന്നും ഇപ്രകാരമുള്ള അപേക്ഷകളിലൊന്നും തന്നെ കൃഷി ഓഫീസർമാർ രേഖപ്പെടുത്തി കാണുന്നില്ല.

സബ്സിഡി മാർഗ്ഗ രേഖയിലെ മാനദണ്ഡങ്ങളിൽ നിലം നികത്തി കൃഷി ചെയ്യുന്നത് പ്രോത്സാഹിപ്പിയ്ക്കരുത് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇപ്രകാരം സബ്സിഡി മാർഗ്ഗരേഖയിലെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി വളം വിതരണം നടത്തിയതിന്റെ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് 26.12.2022ലെ ഓഡിറ്റ് എൻക്വയറി നം. 76/2021-22ന് മറുപടി ലഭ്യമാക്കിയിട്ടില്ല.ചെലവു തുക തടസ്സപ്പെടുത്തുന്നു,

## 1-118 കൃഷി ഭവനിലേയ്ക്ക് കംപ്യൂട്ടർ വാങ്ങൽ - പദ്ധതിയിലെ അപാകതകൾ

പ്രോജക്റ്റ് നമ്പർ- 827/22

അടങ്കൽ - 3,00,000/-

ചെലവ് -1,31,718/-(ബിൽ നം-CB/Agri/SO0827/1/21-22/29.03.2022)

-84000/-(ബിൽ നം-CB/Agri/SO0827/2/21-22/30.03.2022)

-84,133/- (ബിൽ നം-CB/Agri/SO0827/3/21-22/30.03.2022)

നിർവ്വഹണ ഉദ്യോഗസ്ഥ-ഡെപ്യൂട്ടി ഡയറക്ടർ,കൃഷി.

കൃഷിഭവനുകളിലേയ്ക്കും പ്രിൻസിപ്പൽ അഗ്രികൾച്ചറിന്റെ ഓഫീസിലേയ്ക്കും കമ്പ്യൂട്ടർ, മറ്റനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനുള്ള പദ്ധതിയിൽ അനുബന്ധഉപകരണങ്ങൾ വാങ്ങുന്നതിന 1,68,133/-രൂപയുടെ ചെലവു കിഴിച്ച് കെൽട്രോണിൽ നിന്നും ഒരു ലാപ്പ് ടോപ്പ്, രണ്ടുഡെസ്ക്ടോപ്പ് എന്നിവ വാങ്ങുന്നതിനായി 1,31,718/- രൂപ കേരള സ്റ്റേറ്റ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനു നല്കിയിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചപ്പോൾ ഒരു ലാപ്പ് ടോപ്പ് ലഭിച്ചതായി മാത്രമേ കാണുന്നുള്ളൂ. ലാപ് ടോപ്പിന്റെയും ഡെസ്ക് ടോപ്പിന്റെയും ബില്ല് പരിശോധിച്ചപ്പോൾ (Desk Top-intel Processor-High End -Windows 10 Home , Processor:intel Corei510400@2.9GHZ.6 Cores, 12MBcacheTDP-6.5W)സ്പെസിഫിക്കേഷനിൽ ഉള്ള 2 ഡെസ്ക് ടോപ്പുകൾക്കായി പ്രസ്തുത ബില്ലിൽ 85,598/-രൂപ (42,799/-X2)കെൽട്രോണിൽ നല്കിയിട്ടുണ്ട്. ഡെസ്ക്ടോപ്പുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 30.11.2022ന് നൽകിയ ഓഡിറ്റ് എൻക്വയറി നം. 23/2021-22 ന് മറുപടി ലഭ്യമാക്കുകയോ, ഡെസ്ക് ടോപ്പുകൾ ലഭ്യമായതിന്റെ വിവരങ്ങൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-119 വൻ തുക അടങ്കലിൽ പദ്ധതികൾ ആസൂത്രണം ചെയ്യുന്നുണ്ടെങ്കിലും നടപ്പാക്കുന്നില്ല.

നിർവഹണ ഉദ്യോഗസ്ഥൻ - സീനിയർ വെറ്ററിനറി സർജ്ജൻ

| പദ്ധതി | ചെലവ് | ശതമാനം |
|---|---|---|
| ആട്ട വളർത്തൽ | 264000 | 16% |
| പശു വളർത്തൽ | 1530000 | 46% |
| മുട്ടക്കോഴി വിതരണം | 1673400 | 51% |

വികസനഫണ്ടിൽ നിന്ന് പദ്ധതികൾക്ക് അടങ്കലായി വൻതുകകൾ വകയിരുത്തുന്നുണ്ടെങ്കിലും വളരെ കുറവു മാത്രമേ ചെലവഴിക്കുന്നുള്ളൂ. ഇതു മൂലം കോർപ്പറേഷന് മറ്റു മേഖലകളിൽ ചെലവഴിക്കാവുന്നതോ മൃഗസംരക്ഷണമേഖലയിൽ തന്നെയോ ചെലവഴിക്കാമായിരുന്ന തുകയാണ് നഷ്ടമായി പോകുന്നത്. ഇത് ആശാസ്യമായ നടപടിയല്ല. പദ്ധതികൾ രൂപീകരിക്കുമ്പോൾ തുക ചെലവഴിക്കുക എന്ന ഉദ്ദേശം മാത്രം ലക്ഷ്യമാക്കാതെ കോർപ്പറേഷനിലെ ജനങ്ങൾക്കാവശ്യമായതും അർഹതപ്പെട്ടതുമായ പദ്ധതികൾ രൂപീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വാർഡ് സഭ , വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാറ്റസ് റിപ്പോർട്ട് എന്നിവ കണക്കിലെടുത്ത് പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പാക്കുന്നതിനും നടപടികൾ ഉണ്ടാകേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 63/22.12.2022 ന്

അടുത്ത സാമ്പത്തിക വർഷം മുതൽ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പാക്കുന്നതിനും കൂടുതൽ ശ്രദ്ധിക്കുന്നതാണ് എന്ന് നിർവഹണ ഉദ്യോഗസ്ഥ മറുപടി നൽകിയിട്ടുണ്ട്. മേൽ വിഷയത്തിലേക്ക് ഭരണാധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-120 പദ്ധതിച്ചെലവ് തുക നഗരസഭയുടെ ചെലവ് സ്റ്റേറ്റ്മെന്റിൽ നിന്നും വ്യത്യസ്തം.

1)പദ്ധതി- ആട്ട വളർത്തൽ

പദ്ധതി നമ്പർ-921/22

പദ്ധതി അടങ്കൽ-3300000

നിർവഹണഉദ്യോഗസ്ഥൻ- സീനിയർ വെറ്ററിനറി സർജൻ

സീനിയർ വെറ്ററിനറി സർജൻ നടപ്പാക്കിയ ആട്ട വളർത്തൽ എന്ന പദ്ധതിയുടെ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് 264000 (വികസനഫണ്ട് ജനറൽ) രൂപയാണ് .ഗുണഭോക്തൃവിഹിതം വകയിരുത്തിയ ഈ പദ്ധതിയിൽ ഒരു ആടിന് 6000 രൂപ നിരക്കിൽ 264000 രൂപ നഗരസഭയിൽ അടവാക്കിയിട്ടുള്ളതാണ് . ഗുണഭോക്തൃവിഹിതം നഗരസഭയിൽ അടവാക്കിയതിന്റെ വിവരം താഴെ കൊടുക്കുന്നു.

| ക്രമനമ്പർ | രസീതിനമ്പർ | തീയതി | തുക |
|---|---|---|---|
| 1 | 1/121010125590 | 27.1.22 | 114000 |
| 2 | 1/121010125933 | 31.1.22 | 18000 |
| 3 | 1/121010132769 | 2.3.22 | 72000 |
| 4 | 1/121010134672 | 10.3.22 | 6000 |
| 5 | 1/121010134672 | 15.3.22 | 6000 |
| 6 | 1/121020102295 | 4.2.22 | 36000 |
| 7 | 1/121010127669 | 9.2.22 | 12000 |
| | | | 264000 |

മേൽ പദ്ധതിയ്ക്ക് ഗുണഭോക്തൃ വിഹിതമുൾപ്പെടെ 528000 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ചെലവ് പത്രിക പ്രകാരമുള്ള ചെലവ് 264000 രൂപയാണ്. സുലേഖ ചെലവ് പത്രികയിൽ ഗുണഭോക്തൃവിഹിതം ഒഴികെയുള്ള തുക കാണിക്കുന്നതിനാലാണ് ഈ വ്യത്യാസം ഉണ്ടാകുന്നത്. മേൽ അപാകത പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2)പദ്ധതി-പശു വളർത്തൽ

പദ്ധതി നമ്പർ938/22

പദ്ധതി അടങ്കൽ-6600000

നിർവഹണഉദ്യോഗസ്ഥൻ- സീനിയർ വെറ്ററിനറി സർജൻ

സീനിയർ വെറ്ററിനറി സർജൻ നടപ്പാക്കിയ പശു വളർത്തൽ എന്ന പദ്ധതിയുടെ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് 1530000 (വികസനഫണ്ട് ജനറൽ) രൂപയാണ്. ഗുണഭോക്തൃവിഹിതം വകയിരുത്തിയ ഈ പദ്ധതിയിൽ ഒരു പശുവിന് 30000 രൂപ നിരക്കിൽ 1530000 രൂപ നഗരസഭയിൽ അടവാക്കിയിട്ടുള്ളതാണ്. ഗുണഭോക്തൃവിഹിതം നഗരസഭയിൽ അടവാക്കിയതിന്റെ വിവരം താഴെ കൊടുക്കുന്നു.

| ക്രമനമ്പർ | രസീതി നമ്പർ | തീയതി | തുക |
|---|---|---|---|
| 1 | 1/121010125591 | 27.1.22 | 690000 |
| 2 | 1/121020102294 | 4.2.22 | 300000 |
| 3 | 1/121010127668 | 8.2.22 | 60000 |
| 4 | 1/121010132768 | 2.3.22 | 420000 |
| 5 | 1/121010133150 | 4.3.22 | 60000 |
| | | | 1530000 |

മേൽ പദ്ധതിയ്ക്ക് ഗുണഭോക്തൃ വിഹിതമുൾപ്പെടെ 3060000 രൂപ ചെലവഴിച്ചിട്ടുണ്ട്.എന്നാൽ ചെലവ് പത്രിക പ്രകാരമുള്ള ചെലവ് 1530000 രൂപയാണ്.

ഒരു പദ്ധതിക്കായി ചെലവഴിച്ച എല്ലാ ഇനം ഫണ്ടുകളുടേയും മുഴുവൻ വിവരങ്ങളും ചേർത്ത് സുലേഖ പത്രിക കാലികമാക്കുവാൻ പ്ലാനിംഗ് വിഭാഗം ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-121 കന്നുകുട്ടി പരിപാലനം

പദ്ധതി നമ്പർ-SO 919/22

പദ്ധതി അടങ്കൽ-6600000

പദ്ധതിച്ചെലവ്

ട്രഷറി ബിൽ നമ്പർ-P1/21-22/25.1.22-1112500

P6/21-22/21.2.22-37500

കോർപ്പറേഷൻ പരിധിയിൽ താമസിക്കുന്ന 4-6 മാസം പ്രായമുള്ള പശുക്കുട്ടി ഉള്ള 5 ലക്ഷം രൂപയിൽ വരെ വരുമാനമുള്ള കർഷകരുടെ 92പശുക്കുട്ടികൾക്ക് മാസമോ പ്രസവിക്കുന്നത് വരെയോ സബ്സിഡി നിരക്കിൽ കാലിത്തീറ്റ ക്ഷീരസംഘങ്ങൾ വഴി നൽകുന്നതാണ് പദ്ധതി .3 ക്ഷീരസംഘങ്ങളെയാണ് തീറ്റ വിതരണത്തിന് ചുമതലപ്പെടുത്തിയത് . ട്രഷറി ബിൽ പ്രകാരം തുക പിൻവലിച്ച് എസ്.എൽ .ബി.പി ഡെപ്യൂട്ടിഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്.

ക്ഷീരസംഘങ്ങളുടെ രജിസ്റ്ററുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾ ഏതാനും മാസം കാലിത്തീറ്റ കൈപ്പറ്റിയതിനു ശേഷം പദ്ധതിയിൽ നിന്നും പിൻമാറിയതായി കാണുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവ് | സംഘത്തിന്റെ പേര് | അവസാനം തീറ്റ കൈപ്പറ്റിയ മാസം |
|---|---|---|---|
| 1 | ഗിരിജ അജിത്ത്<br>കുഴിപ്പിള്ളി ഹൗസ്<br>ആനപ്പാറ | വില്ലടം ക്ഷീരസംഘം | 7/2022 |
| 2 | ഗീതാരാജൻ<br>കൈപ്പേക്കുളം ഹൗസ്<br>പനമുക്ക് | നെട്ടുപുഴ ക്ഷീരസംഘം | 9/2022 |
| 3 | ജയ<br>വനജരാട്ടിൽ | നെട്ടുപുഴ ക്ഷീരസംഘം | 9/2022 |
| 4 | അജിത<br>പാറയിൽ ഹൗസ്<br>പുല്ലഴി | നെട്ടുപുഴ ക്ഷീരസംഘം | 9/2022 |
| 5 | മല്ലിക<br>നെല്ലിക്കപ്പറമ്പിൽ<br>കടവാരം | നെട്ടുപുഴ ക്ഷീരസംഘം | 9/2022 |
| 6 | ബ്രിജി വിദ്യാനാഥൻ<br>കോട്ടിയാട്ടിൽ ഹൗസ് | നെട്ടുപുഴ ക്ഷീരസംഘം | 9/2022 |
| 7 | പി.വി.സിങ്ങ്<br>പുളിപ്പറമ്പിൽ<br>ഒളരിക്കര | നെട്ടുപുഴ ക്ഷീരസംഘം | 9/2022 |
| 8 | ഷീല രാമദാസ്<br>കടവിൽ<br>അരണാട്ടുകര | നെട്ടുപുഴ ക്ഷീരസംഘം | 9/2022 |
| 9 | റൂബി സേവ്യർ<br>വേഴപ്പറമ്പിൽ<br>ലാലൂർ | നെട്ടുപുഴ ക്ഷീരസംഘം | 9/2022 |
| 10 | വിജയലക്ഷ്മി<br>ഉപ്പത്ത് വീട് | അഞ്ചേരി ക്ഷീരസംഘം | 9/2022 |
| 11 | സുനിത<br>കൊല്ലപ്പറമ്പിൽ | അഞ്ചേരി ക്ഷീരസംഘം | 10/2022 |

കാലിത്തീറ്റ കൈപ്പറ്റാത്ത ഗുണഭോക്താക്കളുടെ വിഹിതം തിരികെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 66/22.12.22 ന് കന്നുകുട്ടി പരിപാലന പദ്ധതി പൂർത്തീകരിച്ചതിനു ശേഷം ഗുണഭോക്താക്കൾ കാലിത്തീറ്റ കൈപ്പറ്റാത്തത് കാരണം അക്കൗണ്ടിൽ ചെലവാകാതെ വന്നിട്ടുള്ള വിഹിതം സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കുകയാണ് ചെയ്യാറുള്ളത് എന്ന് നിർവഹണ ഉദ്യോഗസ്ഥ മറുപടി നൽകിയിട്ടുണ്ട്. ഇപ്രകാരം തുക സർക്കാരിലേക്ക് അടവാക്കിയതിനു ശേഷം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-122 എ.ബി.സി പദ്ധതി -അപാകതകൾ

പദ്ധതിയുടെ പേര് – എ.ബി.സി പദ്ധതി
പദ്ധതി നമ്പർ-SO 438/22

പദ്ധതി അടങ്കൽ-1310000(വികസന ഫണ്ട് – ജനറൽ)

ചെലവ്- 1306711 രൂപ

ചെലവ് വിവരം

| ക്രമ നം. | ബിൽ നം. | തീയതി | തുക |
|---|---|---|---|
| 1. | TC1-21-22 | 29.09.2021 | 64622/- |
| 2 | TC2-21-22 | 29.09.2021 | 32999/- |
| 3 | TC3-21-22 | 29.09.2021 | 66850/- |
| 4 | TC4-21-22 | 29.09.2021 | 37249/- |
| 5 | TC5-21-22 | 29.09.2021 | 66850/- |
| 6 | TC6-21-22 | 29.09.2021 | 30498/- |
| 7 | TC7-21-22 | 29.09.2021 | 66850/- |
| 8 | TC8-21-22 | 29.09.2021 | 22999/- |
| 9 | TC9-21-22 | 29.09.2021 | 30184/- |
| 10 | TC10-21-22 | 29.09.2021 | 10000/- |
| 11 | TC11-21-22 | 18.10.2021 | 64161/- |
| 12 | TC12-21-22 | 18.10.2021 | 33500/- |
| 13 | TC13-21-22 | 17.11.2021 | 66907/- |
| 14 | TC14-21-22 | 17.11.2021 | 48500/- |
| 15 | TC15-21-22 | 28.12.2021 | 50999/- |
| 16 | TC16-21-22 | 28.12.2021 | 40705/- |
| 17 | TC17-21-22 | 28.12.2021 | 82620/- |
| 18 | TC18-21-22 | 28.12.2021 | 41407/- |
| 19 | TC19-21-22 | 10.02.2022 | 48749/- |
| 20 | TC20-21-22 | 10.02.2022 | 49194/- |
| 21 | TC21-21-22 | 10.02.2022 | 71332/- |
| 22 | TC22-21-22 | 10.02.2022 | 45500/- |
| 23 | TC23-21-22 | 10.03.2022 | 67883/- |
| 24 | TC24-21-22 | 10.03.2022 | 42000/- |
| 25 | TC25-21-22 | 30.03.2022 | 70153/- |
| 26 | TC26-21-22 | 30.03.2022 | 54000/- |

നിർവഹണഉദ്യോഗസ്ഥൻ-സീനിയർ വെറ്ററിനറി സർജൻ , വിൽവട്ടം

തെരുവിൽ നിന്നും നായകളെ പിടിച്ച് എ.ബി.സി.സെന്ററിൽ കൊണ്ടുവന്നു വന്ധ്യംകരണ ശസ്ത്രക്രിയ ചെയ്ത് ആവശ്യമായ മരുന്നുകളും കുത്തിവയ്പും നൽകി പിടിച്ച സ്ഥലത്ത് കൊണ്ടു വിടുന്നതാണ് പദ്ധതി.

തെരുവു നായ്ക്കളുടെ പ്രജനനം നിയന്ത്രിച്ച് പേവിഷബാധ ഇല്ലാതാക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്.

13 ാം പഞ്ചവൽസരപദ്ധതി നടപ്പാക്കുന്നതിനായുള്ള സ.ഉ (കൈ) നം. 22/2018 തസ്വഭവ തീയതി 14.02.2022 ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നേരിട്ട് എ.ബി.സി. പദ്ധതി നടപ്പാക്കുന്നതിനുള്ള വ്യവസ്ഥകൾ വ്യക്തമാക്കിയിട്ടുണ്ട്.

| | |
|---|---|
| കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന വെറ്ററിനറി സർജനുള്ള മാസവേതനം | 39500 രൂപ |
| കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന മൃഗപരിപാലകർക്കുള്ള മാസവേതനം | 20000രൂപ |
| ഓപ്പറേഷൻ തീയറ്ററിലെ സഹായി( ശാസ്ത്രീയ സാങ്കേതിക വൈദഗ്ദ്യം ആവശ്യമായ ജോലികൾ) | 25000 രൂപ |
| ശുചീകരണ പ്രവൃത്തികൾ ചെയ്യുന്നതിന് പ്രതിമാസം പരമാവധി | 6000 രൂപ |

| | |
|---|---|
| ശസ്ത്രക്രിയക്ക് ആവശ്യമായ മരുന്ന് മറ്റ് സാധനങ്ങൾ(നായ ഒന്നിന്) | 600 രൂപ |
| നായ് ക്കളുടെ തീറ്റ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് (നായ ഒന്നിന്) | 200 രൂപ |

എന്നാൽ ഉത്തരവിൽ നിന്നും വ്യതിചലിച്ച് പ്രോജക്ട് നടപ്പാക്കിയതായി കാണുന്നു.

രേഖകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെപ്പറയുന്നു.

1.ഇക്കാലയളവിൽ 2 വെറ്ററിനറി സർജൻമാർക്കായി ഓരോ മാസത്തേയും ഹാജർ പ്രകാരം 41850 രൂപ നൽകിയതായി കാണുന്നു. നഗരപാലിക സ്ഥാപനങ്ങൾക്കുള്ള പതിമൂന്നാം പദ്ധതി

മാർഗ്ഗരേഖപ്രകാരം കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന വെറ്ററിനറി സർജനുള്ള മാസവേതനം 39500 ആണ്.

| ക്രമ നമ്പർ | ബിൽനമ്പർ/ തീയതി/ തുക | വെറ്ററിനറി സർജന്റെ പേര് | വേതനം | ആകെ മാസ വേതനം നൽകിയത് | അധികം നൽകിയത് |
|---|---|---|---|---|---|
| 1 | TC1/21-22 /29.9.21 64622 | ഡോ.ജോമറ്റ്. എം.ജോയ് | 12555 (9 ദിവസങ്ങൾ) | 40455 | 955 |
| | | ഡോ.സൗമ്യ ദാസ് | 27900 (20 ദിവസങ്ങൾ) | | |
| 2 | TC3/21-22 /29.9.21 66850 | ഡോ.ജോമറ്റ്. എം.ജോയ് | 14850 (11 ദിവസങ്ങൾ) | 41850 | 2350 |
| | | ഡോ.സൗമ്യ ദാസ് | 27000 (20ദിവസങ്ങൾ) | | |
| 3 | TC5/21-22 /29.9.21 66850 | ഡോ.ജോമറ്റ്. എം.ജോയ് | 8370 (6ദിവസങ്ങൾ) | 41850 | 2350 |
| | | ഡോ.സൗമ്യ ദാസ് | 33480 (24ദിവസങ്ങൾ) | | |
| 4 | TC7/21-22 /29.9.21 66850 | ഡോ.ജോമറ്റ്. എം.ജോയ് | 14850 (11ദിവസങ്ങൾ) | 41850 | 2350 |
| | | ഡോ.സൗമ്യ ദാസ് | 27000 (20ദിവസങ്ങൾ) | | |
| 5 | TC9/21-22 /29.9.21 30184 | ഡോ.ജോമറ്റ്. എം.ജോയ് | 9450 (7ദിവസങ്ങൾ) | 18900 | - |
| | | ഡോ.സൗമ്യ ദാസ് | 9450 (7ദിവസങ്ങൾ) | | |
| 6 | TC11/21-22 /29.9.21 64622 | ഡോ.ജോമറ്റ്. എം.ജോയ് | 20925 (20ദിവസങ്ങൾ) | 36270 | - |
| | | ഡോ.സൗമ്യ ദാസ് | 15345 (11ദിവസങ്ങൾ) | | |
| 7 | TC13/21-22 /17.11.21 66907 | ഡോ.സൗമ്യ ദാസ് | 41850 (31ദിവസങ്ങൾ) | 41850 | 2350 |
| 8 | TC16/21-22 /28.12.21 40705 | ഡോ.സൗമ്യ ദാസ് | 40455 (29ദിവസങ്ങൾ) | 40455 | 955 |
| 9 | TC18/21-22 /28.12.21 | ഡോ.സൗമ്യ ദാസ് | 41407 (31ദിവസങ്ങൾ) | 41707 | 2207 |
| 10 | TC21/21-22 /29.9.21 41850 | ഡോ.സൗമ്യ ദാസ് | 41850 (31ദിവസങ്ങൾ) | 41850 | 2350 |
| 11 | TC23/21-22 /10.3.22 67833 | ഡോ.സൗമ്യ ദാസ് | 41850 (28 ദിവസങ്ങൾ) | 41850 | 2350 |
| 12 | TC25/21-22 /30.3.22 70153 | ഡോ.സൗമ്യ ദാസ് | 41850 (31 ദിവസങ്ങൾ) | 41850 | 2350 |

| | | | | | |
|---|---|---|---|---|---|
| | ആകെ | | | | 20567 |

മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധികമായി നൽകിയ 20567 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

2. ജീവനക്കാരുടെ നിയമനവിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

2021-22 സാമ്പത്തികവർഷം 2 വെറ്ററിനറി സർജൻമാർ, 2 നഴ്സുമാർ, 3 മൃഗപരിപാലകർ എന്നിവർക്ക് വേതനം നൽകിയിട്ടുണ്ട്.ഈ പദ്ധതി നടപ്പാക്കുവാൻ എത്ര ജീവനക്കാരെ ആവശ്യമുണ്ടെന്നും എപ്രകാരമാണ് നിയമിച്ചതെന്നുമുള്ള രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. രഘുകുമാർ ,സഞ്ജയ്,സുബി.ടി.പി എന്നിവർക്ക്നായ്ക്കളെ പിടിച്ചതിന് താഴെപ്പറയും പ്രകാരം വേതനം നൽകിയിട്ടുണ്ട്.

| മാസം | രഘുകുമാർ | സഞ്ജയ് | സുബി.ടി.പി |
|---|---|---|---|
| ഏപ്രിൽ | 6333 | 6333 | 6333 |
| മെയ് | 7083 | 7083 | 7083 |
| ജൂൺ | 6166 | 6166 | 6166 |
| ജൂലൈ | 4333 | 4333 | 4333 |
| ആഗസ്റ്റ് | 2000 | 2000 | 2000 |
| സെപ്റ്റംബർ | 6500 | 6500 | 6500 |
| ഒക്ടോബർ | 9500 | 9500 | 9500 |
| നവംബർ | 10333 | 10333 | 10333 |
| ഡിസംബർ | 9583 | 9583 | 9583 |
| ജനുവരി | 8500 | 8500 | 8500 |
| ഫെബ്രുവരി | 8000 | 8000 | 8000 |
| മാർച്ച് | 10000 | 10000 | 10000 |

ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 67/2021/22.12.2022ന് മേൽപ്പറഞ്ഞവരിൽ രഘുകുമാർ എന്നയാൾക്ക് മാത്രമാണ് DOG CATCHER ലൈസൻസ് ഉള്ളതെന്നും പദ്ധതി നടക്കുന്ന സമയത്ത് നായ പിടുത്തക്കാരുടെ ലഭ്യത ഇല്ലാത്തതിനാലും ആരും ഇതിനു സന്നദ്ധരായി വരാത്തതിനാലും ആണ് നായ പിടുത്തത്തിനു താൽപര്യമുള്ള സഞ്ജയ്,സുബി.ടി.പി എന്നവരെ നിയമിച്ചതെന്നുമാണ് മറുപടി നൽകിയിരിക്കുന്നത്. ഇവരുമായുള്ള കരാർ ഹാജരാക്കിയിട്ടില്ല.

3.സഞ്ജയ്.ടി.എസ്.വെറ്ററിനറി നഴ്സുമായി ഏർപ്പെട്ട കരാർ എന്നിവ ഹാജരാക്കിയിട്ടില്ല.

4. വണ്ടി വാടകയിനത്തിൽ രഘുകുമാർ എന്ന വ്യക്തിക്ക് താഴെ പ്പറയും പ്രകാരം തുക നൽകിയിട്ടുണ്ട്.

| മാസം | തുക |
|---|---|
| ഏപ്രിൽ | 14000 |
| മെയ് | 16000 |
| ജൂൺ | 12000 |
| ജൂലൈ | 10000 |
| ആഗസ്റ്റ് | 4000 |
| സെപ്റ്റംബർ | 14000 |
| ഒക്ടോബർ | 20000 |
| നവംബർ | 20000 |

| | |
|---|---|
| ഡിസംബർ | 20000 |
| ജനവരി | 20000 |
| ഫെബ്രുവരി | 18000 |
| മാർച്ച് | 24000 |

ഇതു സംബന്ധിച്ച ക്വട്ടേഷൻ , കരാർ എന്നിവ ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കേണ്ടതാണ്.(ക്രമനമ്പർ 2,3,4)

## 1-123 ലാബ് റീഏജന്റ്സ് വാങ്ങൽ-ടി.ഡി.എസ് കുറവ് ചെയ്തിട്ടില്ല.

പദ്ധതി നമ്പർ : S0441/22
നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ)

അടങ്കൽ തുക : 400000/- മെയിന്റനൻസ് ഫണ്ട് റോഡിതരം

ചെലവ് തുക : 400000/-

പദ്ധതി നമ്പർ S0441/22 പ്രകാരം ലാബ് റീഏജന്റ്സ് വാങ്ങുന്നതിനായി ABC Diagnostics പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് 400000/- രൂപ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ബിൽ നമ്പർ & തിയ്യതി | ബിൽ തുക | ജി.എസ്.ടി. ഒഴികെയുള്ള ബിൽ തുക |
|---|---|---|
| 40/21-22/10.03.2022 | 400000/- | 357556/- |

CGST Act/SGST Act 2017ലെ സെക്ഷൻ 51(1) പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2.50 ലക്ഷത്തിൽ അധികരിക്കുന്ന സാധനങ്ങളുടേയോ, സേവനങ്ങളുടേയോ രണ്ടിന്റേയുമോ കരാറുകളിലെ കരാറുകാരുടെ ബില്ലുകളിൽ നിന്നും CGST, SGST ഇനത്തിൽ 1% വീതം (ആകെ 2%) തുക സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടതാണ്. മാത്രവുമല്ല 13/09/2018 ലെ വിജ്ഞാപനം നം 50/2018 -Central ടാക്സ് പ്രകാരം ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്തതിനു ശേഷം തുക അനുവദിക്കുമ്പോൾ ആകെ കരാർ തുക 2.50 ലക്ഷം രൂപയിൽ അധികമാണെങ്കിൽ 01.10.2018 മുതൽ സ്രോതസ്സിൽ നിന്നും ടി.ഡി.എസ് കുറവു വരുത്തേണ്ടതാണ്. ജി.എസ്.ടി ഒഴികെയുള്ള ബിൽതുകയിൽ നിന്നുമാണ് കിഴിവ് ചെയ്യേണ്ടത്. ആയത് കുറവു ചെയ്തു കാണുന്നില്ല.മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.127/21-22തീയതി : 23.01.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ജി.എസ്.ടി. ഒഴികെയുള്ള ബിൽ തുകയുടെ 2% ആയ 7151/- രൂപ സർക്കാരിലേക്ക് അടവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-124 മെഡിക്കൽ ഓഫീസർ (കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ) നിർവ്വഹണം നടത്തിയ പാലിയേറ്റീവ് കെയർ പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്ടിന്റെ പേര് : പാലിയേറ്റീവ് കെയർ

പ്രോജക്ട് നമ്പർ : S0433/22

അടങ്കൽ : 5040000/- വികസന ഫണ്ട് (പൊതുവിഭാഗം - സാധാരണ വിഹിതം)

ചെലവ് : 4983783/-

പാലിയേറ്റീവ് കെയർ പദ്ധതി പരിശോധനയുടെ ഭാഗമായി ഹോം കെയർ സന്ദർശന രജിസ്റ്റർ, ഹോം കെയർ റിപ്പോർട്ട് ബുക്ക്, വൗച്ചറുകൾ, ബില്ലുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

1. ഒല്ലൂർ സി.എച്ച്.സി. (പ്രൈമറി) ഹോം കെയർ ടീമിന്റെ ഹോം കെയർ സന്ദർശന രജിസ്റ്ററുകളിൽ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നില്ല. ഹോം കെയർ സന്ദർശന രജിസ്റ്റർ, ഹോം കെയർ റിപ്പോർട്ട് ബുക്ക് എന്നിവ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. പി.എച്ച്.സി. വിൽവട്ടം, സി.എച്ച്.സി. ഒല്ലൂർ (സെക്കണ്ടറി) എന്നീ ഹോം കെയർ ടീമുകളുടെ ഹോം കെയർ സന്ദർശന രജിസ്റ്ററുകളിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഹോം കെയർ സന്ദർശന രജിസ്റ്ററുകളിൽ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തേണ്ടതും ഹോം കെയർ സന്ദർശന രജിസ്റ്റർ, ഹോംകെയർ റിപ്പോർട്ട് ബുക്ക് എന്നിവ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

3. ഹോം കെയർ സന്ദർശന രജിസ്റ്റർ, ഹോം കെയർ റിപ്പോർട്ട് ബുക്ക് എന്നിവ പരിശോധിച്ചപ്പോൾ ഹോം കെയറില്ലാത്ത ദിനങ്ങളിലും വാഹന വാടക, ഭക്ഷണം എന്നിവക്കായി തുക ചെലവഴിച്ചതായി കാണുന്നു. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സി.എച്ച്.സി ഒല്ലൂർ ( പ്രൈമറി) ഹോം കെയർ ടീം | | | |
|---|---|---|---|
| തീയതി | വാഹനവാടക | ഭക്ഷണചെലവ് | ബിൽ നം.& തിയ്യതി |
| 03/04/2021 | 690 | 240 | 2/21-22 /08.10.2021 |
| 05/04/2021 | 690 | 240 | 2/21-22 /08.10.2021 |
| 04/05/2021 | 690 | 240 | 2/21-22 /08.10.2021 |
| 10/05/2021 | 690 | 240 | 2/21-22 /08.10.2021 |
| 13/05/2021 | 690 | 400 | 2/21-22 /08.10.2021 |
| 21/05/2021 | 690 | 240 | 2/21-22 /08.10.2021 |
| 24/05/2021 | 690 | 240 | 2/21-22 /08.10.2021 |
| 22/11/2021 | 690 | 320 | 28/21-22/10.02.2022 |
| 21/03/2022 | 950 | 400 | 64/21-22/30.03.2022 |
| ആകെ | 6470 | 2560 | |

ഹോം കെയറില്ലാത്ത ദിനങ്ങളിൽ വാഹന വാടക, ഭക്ഷണം എന്നിവക്കായി അധികം നൽകിയ തുക 9030/- രൂപ (6470+2560) ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

4. പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ സ.ഉ.(സാധാ)നം.553/2019/ത.സ്വ.ഭ.വ തിയ്യതി 07.03.2019 ഖണ്ഡിക 2.6.5 പ്രകാരം ഹോം കെയർ ദിനങ്ങളിൽ ഹോം കെയർ ടീമിന് പരമാവധി ആറുപേർക്ക് ആവശ്യമായി വരുന്ന ഭക്ഷണ ചെലവ്, ഹോം കെയറിൽ മുഴുവൻ സമയവും പങ്കെടുക്കുന്ന ഒരാൾക്ക് ഒരു ദിവസം പരമാവധി 80 രൂപ എന്ന നിരക്കിൽ ചെലവഴിക്കാവുന്നതാണ്. എന്നാൽ ഹോം കെയർ സന്ദർശന രജിസ്റ്റർ, ഹോം കെയർ റിപ്പോർട്ട് ബുക്ക് എന്നിവ പരിശോധിച്ചപ്പോൾ ചില ദിവസങ്ങളിൽ ഗൃഹ സന്ദർശനത്തിൽ പങ്കെടുത്ത ആളുകളുടെ എണ്ണത്തിന് ആനുപാതികമായല്ല ഭക്ഷണത്തിന് തുക ചെലവഴിച്ചിട്ടുള്ളത് എന്ന് കാണുന്നു. ഹോം കെയർ ടീം ഭക്ഷണ ചെലവിനായി താഴെപ്പറയുന്ന പ്രകാരം കൂടുതൽ തുക ചെലവഴിച്ചതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സി.എച്ച്.സി ഒല്ലൂർ (പ്രൈമറി) ഹോം കെയർ ടീം

| തിയ്യതി | ഗൃഹ സന്ദർശനത്തിൽ പങ്കെടുത്ത ആളുകളുടെ എണ്ണം | ഭക്ഷണത്തിന് ചെലവഴിച്ച തുക | ഭക്ഷണത്തിന് അനുവദിക്കാവുന്ന തുക | അധികമായി അനുവദിച്ച തുക | ബിൽ നം.& ‌തിയ്യതി |
|---|---|---|---|---|---|
| 27/05/2021 | 2 | 320 | 160 | 160 | 2/21-22 / 08.10.2021 |
| 16/06/2021 | 4 | 400 | 320 | 80 | 2/21-22 / 08.10.2021 |
| 18/06/2021 | 3 | 320 | 240 | 80 | 2/21-22 / 08.10.2021 |
| 21/06/2021 | 4 | 400 | 320 | 80 | 2/21-22 / 08.10.2021 |
| 02/07/2021 | 3 | 320 | 240 | 80 | 13/21-22 / 17.11.2021 |
| 03/07/2021 | 3 | 320 | 240 | 80 | 13/21-22 / 17.11.2021 |
| 05/07/2021 | 3 | 320 | 240 | 80 | 13/21-22 / 17.11.2021 |
| 06/07/2021 | 3 | 320 | 240 | 80 | 13/21-22 / 17.11.2021 |
| 09/07/2021 | 2 | 320 | 160 | 160 | 13/21-22 / 17.11.2021 |
| 13/07/2021 | 3 | 320 | 240 | 80 | 13/21-22 / 17.11.2021 |
| 22/07/2021 | 3 | 320 | 240 | 80 | 13/21-22 / 17.11.2021 |
| 24/07/2021 | 3 | 320 | 240 | 80 | 13/21-22 / 17.11.2021 |
| 26/07/2021 | 3 | 320 | 240 | 80 | 13/21-22 / 17.11.2021 |
| 27/07/2021 | 3 | 320 | 240 | 80 | 13/21-22 / 17.11.2021 |
| 29/07/2021 | 3 | 320 | 240 | 80 | 13/21-22 / 17.11.2021 |
| 30/07/2021 | 2 | 320 | 160 | 160 | 13/21-22 / 17.11.2021 |
| 03/08/2021 | 2 | 320 | 160 | 160 | 13/21-22 / 17.11.2021 |
| 13/08/2021 | 3 | 320 | 240 | 80 | 13/21-22 / 17.11.2021 |
| 14/08/2021 | 2 | 320 | 160 | 160 | 13/21-22 / 17.11.2021 |
| 18/08/2021 | 3 | 320 | 240 | 80 | 13/21-22 / 17.11.2021 |
| 19/08/2021 | 3 | 320 | 240 | 80 | 13/21-22 / 17.11.2021 |
| 20/08/2021 | 3 | 320 | 240 | 80 | 13/21-22 / 17.11.2021 |
| 24/08/2021 | 2 | 240 | 160 | 80 | 13/21-22 / 17.11.2021 |

| | | | | | |
|---|---|---|---|---|---|
| 07/09/2021 | 2 | 240 | 160 | 80 | 13/21-22 / 17.11.2021 |
| 08/09/2021 | 2 | 320 | 160 | 160 | 13/21-22 / 17.11.2021 |
| 10/09/2021 | 2 | 320 | 160 | 160 | 13/21-22 / 17.11.2021 |
| 14/09/2021 | 3 | 320 | 240 | 80 | 13/21-22 / 17.11.2021 |
| 16/09/2021 | 2 | 240 | 160 | 80 | 13/21-22 / 17.11.2021 |
| 17/09/2021 | 2 | 320 | 160 | 160 | 13/21-22 / 17.11.2021 |
| 18/09/2021 | 2 | 240 | 160 | 80 | 13/21-22 / 17.11.2021 |
| 20/09/2021 | 2 | 240 | 160 | 80 | 13/21-22 / 17.11.2021 |
| 21/09/2021 | 2 | 240 | 160 | 80 | 13/21-22 / 17.11.2021 |
| 22/09/2021 | 2 | 240 | 160 | 80 | 13/21-22 / 17.11.2021 |
| 25/09/2021 | 2 | 240 | 160 | 80 | 13/21-22 / 17.11.2021 |
| 29/09/2021 | 2 | 320 | 160 | 160 | 13/21-22 / 17.11.2021 |
| 01/10/2021 | 3 | 320 | 240 | 80 | 28/21-22 / 10.02.2022 |
| 11/10/2021 | 3 | 400 | 240 | 160 | 28/21-22 / 10.02.2022 |
| 12/10/2021 | 2 | 240 | 160 | 80 | 28/21-22 / 10.02.2022 |
| 14/10/2021 | 2 | 240 | 160 | 80 | 28/21-22 / 10.02.2022 |
| 18/10/2021 | 3 | 320 | 240 | 80 | 28/21-22 / 10.02.2022 |
| 19/10/2021 | 2 | 240 | 160 | 80 | 28/21-22 / 10.02.2022 |
| 20/10/2021 | 3 | 400 | 240 | 160 | 28/21-22 / 10.02.2022 |
| 22/10/2021 | 2 | 400 | 160 | 240 | 28/21-22 / 10.02.2022 |
| 27/10/2021 | 3 | 320 | 240 | 80 | 28/21-22 / 10.02.2022 |
| 09/11/2021 | 3 | 320 | 240 | 80 | 28/21-22 / 10.02.2022 |
| 12/11/2021 | 2 | 320 | 160 | 160 | 28/21-22 / 10.02.2022 |
| 15/11/2021 | 2 | 400 | 160 | 240 | 28/21-22 / 10.02.2022 |
| 16/11/2021 | 4 | 400 | 320 | 80 | 28/21-22 / 10.02.2022 |
| 17/11/2021 | 3 | 320 | 240 | 80 | 28/21-22 / 10.02.2022 |
| 18/11/2021 | 3 | 320 | 240 | 80 | 28/21-22 / 10.02.2022 |
| 24/11/2021 | 3 | 400 | 240 | 160 | 28/21-22 / 10.02.2022 |
| 27/11/2021 | 3 | 320 | 240 | 80 | 28/21-22 / 10.02.2022 |
| 06/12/2021 | 2 | 320 | 160 | 160 | 33/21-22 / 26.02.2022 |

| | | | | | |
|---|---|---|---|---|---|
| 11/12/2021 | 3 | 400 | 240 | 160 | 33/21-22 / 26.02.2022 |
| 13/12/2021 | 3 | 400 | 240 | 160 | 33/21-22 / 26.02.2022 |
| 17/12/2021 | 2 | 320 | 160 | 160 | 33/21-22 / 26.02.2022 |
| 24/12/2021 | 2 | 320 | 160 | 160 | 33/21-22 / 26.02.2022 |
| 04/01/2022 | 3 | 320 | 240 | 80 | 50/21-22 / 30.03.2022 |
| 05/01/2022 | 3 | 320 | 240 | 80 | 50/21-22 / 30.03.2022 |
| 08/01/2022 | 2 | 240 | 160 | 80 | 50/21-22 / 30.03.2022 |
| 11/01/2022 | 3 | 320 | 240 | 80 | 50/21-22 / 30.03.2022 |
| 14/01/2022 | 2 | 320 | 160 | 160 | 50/21-22 / 30.03.2022 |
| 15/01/2022 | 2 | 240 | 160 | 80 | 50/21-22 / 30.03.2022 |
| 17/01/2022 | 2 | 400 | 160 | 240 | 50/21-22 / 30.03.2022 |
| 18/01/2022 | 3 | 320 | 240 | 80 | 50/21-22 / 30.03.2022 |
| 19/01/2022 | 3 | 400 | 240 | 160 | 50/21-22 / 30.03.2022 |
| 01/02/2022 | 3 | 320 | 240 | 80 | 48/21-22 / 30.03.2022 |
| 02/02/2022 | 4 | 400 | 320 | 80 | 48/21-22 / 30.03.2022 |
| 07/02/2022 | 4 | 400 | 320 | 80 | 48/21-22 / 30.03.2022 |
| 08/02/2022 | 3 | 320 | 240 | 80 | 48/21-22 / 30.03.2022 |
| 10/02/2022 | 3 | 320 | 240 | 80 | 48/21-22 / 30.03.2022 |
| 11/02/2022 | 3 | 400 | 240 | 160 | 48/21-22 / 30.03.2022 |
| 16/02/2022 | 3 | 320 | 240 | 80 | 48/21-22 / 30.03.2022 |
| 17/02/2022 | 3 | 400 | 240 | 160 | 48/21-22 / 30.03.2022 |
| 19/02/2022 | 2 | 240 | 160 | 80 | 48/21-22 / 30.03.2022 |
| 21/02/2022 | 3 | 320 | 240 | 80 | 48/21-22 / 30.03.2022 |
| 23/02/2022 | 3 | 400 | 240 | 160 | 48/21-22 / 30.03.2022 |
| 01/03/2022 | 3 | 320 | 240 | 80 | 64/21-22 / 30.03.2022 |
| 02/03/2022 | 2 | 240 | 160 | 80 | 64/21-22 / 30.03.2022 |
| 04/03/2022 | 3 | 320 | 240 | 80 | 64/21-22 / 30.03.2022 |
| 07/03/2022 | 3 | 320 | 240 | 80 | 64/21-22 / 30.03.2022 |
| 09/03/2022 | 3 | 320 | 240 | 80 | 64/21-22 / 30.03.2022 |
| 10/03/2022 | 3 | 320 | 240 | 80 | 64/21-22 / 30.03.2022 |

| | | | | | |
|---|---|---|---|---|---|
| 11/03/2022 | 3 | 400 | 240 | 160 | 64/21-22 / 30.03.2022 |
| 14/03/2022 | 3 | 320 | 240 | 80 | 64/21-22 / 30.03.2022 |
| 15/03/2022 | 3 | 320 | 240 | 80 | 64/21-22 / 30.03.2022 |
| 16/03/2022 | 2 | 320 | 160 | 160 | 64/21-22 / 30.03.2022 |
| 17/03/2022 | 2 | 400 | 160 | 240 | 64/21-22 / 30.03.2022 |
| 18/03/2022 | 2 | 240 | 160 | 80 | 64/21-22 / 30.03.2022 |
| 19/03/2022 | 2 | 320 | 160 | 160 | 64/21-22 / 30.03.2022 |
| 26/03/2022 | 2 | 240 | 160 | 80 | 64/21-22 / 30.03.2022 |
| ആകെ | | 29280 | 19280 | 10000 | |

പാലിയേറ്റീവ് മാർഗ്ഗരേഖക്ക് വിരുദ്ധമായി അധികം നൽകിയ തുക 10000/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

5.മരുന്ന് ലഭ്യമാ യിട്ടില്ല.

ഈ പദ്ധതി പ്രകാരം മരുന്നുകൾ ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് താഴെപ്പറയും പ്രകാരം തുക നൽകിയിട്ടുണ്ട്. എന്നാൽ മരുന്ന് ലഭ്യമായി സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ വിവരം ഫയലിൽ ഇല്ല. വിശദാംശങ്ങൾ

| ബിൽ നമ്പർ & തിയ്യതി | ചെലവഴിച്ച തുക | മരുന്ന് ലഭ്യമാക്കിയത് | ബാക്കി | റിമാർക്സ് |
|---|---|---|---|---|
| 41/21-22 / 22.03.2022 | 1500000/- | 0 | 0 | കെ.എം.എസ്.സി.എല്ലിന് മുൻകൂറായി നൽകിയത് |

മേൽ തുകക്കുള്ള മരുന്ന് ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച രേഖകൾ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായില്ല. മരുന്നുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ലഭ്യമാകുന്ന മുറക്ക് ആയത് സംബന്ധിച്ച രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

6.മെഡിക്കൽ ഉപകരണങ്ങൾ  ലഭ്യമാ യിട്ടില്ല.

ഈ പദ്ധതി പ്രകാരം മെഡിക്കൽ ഉപകരണങ്ങൾ  വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് താഴെപ്പറയും പ്രകാരം മുൻകൂർ തുക നൽകിയിട്ടുണ്ട്. എന്നാൽ ഉപകരണങ്ങൾ ലഭ്യമായി സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ വിവരം ഫയലിൽ ഇല്ല. വിശദാംശങ്ങൾ

| ബിൽ നമ്പർ & തിയ്യതി | കെ.എം.എസ്.സി.എല്ലിന് നൽകിയ തുക | പ്രൊഫോർമ ഇൻവോയ്സ് & തിയ്യതി |
|---|---|---|
| 61/21-22 /30.03.2022 | 640000/- | PRF 7250/23.03.2022 |

ഉപകരണങ്ങൾ  ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച രേഖകൾ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായില്ല. ഉപകരണങ്ങൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ലഭ്യമാകുന്ന മുറക്ക് ആയത് സംബന്ധിച്ച രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

7.ഓഫീസ് സ്റ്റേഷനറി -സ്റ്റോക്ക് രജിസ്റ്റർ  ഹാജരാക്കിയിട്ടില്ല.

ഈ പദ്ധതി പ്രകാരം TWCCS ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്ന് 64656/-രൂപയുടെ ഓഫീസ് സ്റ്റേഷനറി ലഭ്യമായതായി പദ്ധതി പരിശോധനയിൽ കാണുന്നു. ആയത് സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ വിവരം ഫയലിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഓഫീസ് സ്റ്റേഷനറി സംബന്ധിച്ച സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

ഹോം കെയറില്ലാത്ത ദിനങ്ങളിൽ വാഹന വാടക, ഭക്ഷണം എന്നിവക്കായി അധികം നൽകിയ തുകയും (ക്രമ നം.3) ഭക്ഷണ ചെലവിനായി കൂടുതൽ ചെലവഴിച്ച തുകയും (ക്രമ നം.4) ചേർത്ത് 19030/-രൂപ (9030+10000) ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. മേൽ അപാകത സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.121/2021-22 തീയതി: 21.01.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-125 മെഡിക്കൽ ഓഫീസർ (കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ) നിർവ്വഹണം നടത്തിയ ആനപ്പാറ അഗതി മന്ദിരത്തിലേക്ക് മരുന്ന് വാങ്ങൽ പദ്ധതി-മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല.

പ്രോജക്റ്റ് നമ്പർ : S0444/22

അടങ്കൽ : 400000/- മെയിന്റനൻസ് ഫണ്ട് റോഡിതരം

ചെലവ് : 400000/-

ആനപ്പാറ അഗതി മന്ദിരത്തിലേക്ക് മരുന്ന് വാങ്ങൽ പദ്ധതി പ്രകാരം മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിന് 4 ലക്ഷം രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഫയൽ, സ്റ്റോക്ക് രജിസ്റ്റർ, ബിൽ എന്നിവ പരിശോധിച്ചതിൽ 203316/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നമ്പർ & തിയ്യതി | ചെലവഴിച്ച തുക | മരുന്ന് ലഭ്യമാക്കിയത് | ബാക്കി | റിമാർക്സ് |
|---|---|---|---|---|
| 36/21-22 /10.03.2022 | 400000/- | 203316/- | 196684/- | കെ.എം.എസ്.സി.എല്ലിന് മുൻകൂറായി നൽകിയത് |

ബാക്കി തുകക്കുള്ള മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച രേഖകൾ -സ്റ്റോക്ക് രജിസ്റ്റർ, ബില്ലുകൾ എന്നിവ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.122/2021-22 തീയതി : 21.01.2023) മറുപടി ലഭ്യമായില്ല. മരുന്നുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-126 മെഡിക്കൽ ഓഫീസർ (CHC) നിർവ്വഹണം നടത്തിയ അർബൻ പിഎച്ച്സികളിലേക്ക് മരുന്നും കവറും വാങ്ങൽ പദ്ധതി-അപാകതകൾ

പ്രോജക്റ്റ് നമ്പർ : S1178/22

അടങ്കൽ തുക : 2450000/-,മെയിന്റനൻസ് ഫണ്ട് റോഡിതരം

ചെലവഴിച്ച തുക : 2450000/-

ബിൽ നമ്പർ : 51/21-22 തിയ്യതി 30.03.2022

1.മരുന്ന് പൂർണ്ണമായും ലഭ്യമായിട്ടില്ല

തൃശ്ശൂർ നഗരസഭ പരിധിയിലെ അർബൻ പിഎച്ച്സികളിലേക്ക് മരുന്നും കവറും വാങ്ങൽ എന്ന പദ്ധതി പ്രകാരം 3അർബൻ പിഎച്ച്സികളിലേക്ക് മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് 2450000/- രൂപ നൽകിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ആശുപത്രി | ചെലവഴിച്ച തുക | മരുന്ന് ലഭ്യമാക്കിയത് | ബാക്കി | റിമാർക്സ് |
|---|---|---|---|---|---|
| 1 | യു.എഫ്.എച്ച്.സി പറവട്ടാനി | 1450000 | 1266375 | 183625 | കെ.എം.എസ്. സി.എല്ലിന് മുൻകൂറായി നൽകിയത് |
| 2 | യു.എഫ്.എച്ച്. സി ഗോസായിക്കുന്ന് | 500000 | 452932 | 47068 | കെ.എം.എസ്. സി.എല്ലിന് മുൻകൂറായി നൽകിയത് |
| 3 | യു.എഫ്.എച്ച്.സി കാച്ചേരി | 500000 | 312881 | 187119 | കെ.എം.എസ്. സി.എല്ലിന് മുൻകൂറായി നൽകിയത് |
| | ആകെ | 2450000 | 2032188 | 417812 | |

ബാക്കി തുകക്കുള്ള മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച രേഖകൾ - സ്റ്റോക്ക് രജിസ്റ്റർ, സ്ഥാപനത്തിന്റെ ബില്ലുകൾ എന്നിവ ഹാജരാക്കേണ്ടതാണ്.

2.ഫയൽ പരിശോധിച്ചതിൽ പറവട്ടാനി യുഎഫ്എച്ച്സിയിലേക്ക് 1266375/-രൂപയുടെ മരുന്നുകൾ ലഭ്യമായതായി കാണുന്നു. എന്നാൽ ഈ തുകക്കുള്ള മരുന്നുകൾ സ്റ്റോക്കിലെടുത്തതിന്റെ വിവരം ലഭ്യമാകുന്ന സ്റ്റോക്ക് രജിസ്റ്ററുകൾ പൂർണ്ണമായും ഹാജരാക്കിയിട്ടില്ല.ആയതിനാൽ 1266375/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3.ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഫയലിൽ ലഭ്യമല്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.129/21-22തീയതി 24.01.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. സ.ഉ(കൈ)നം.22/2018/തസ്വഭവ തിയ്യതി 14.02.2018 പദ്ധതി സബ്സിഡി - ധനസഹായ മാർഗ്ഗരേഖ ഖണ്ഡിക 7.5.3 പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിയ ശേഷം മാത്രമേ മരുന്നുകൾ വാങ്ങാൻ പാടുള്ളൂ. ആയതിനാൽ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് , സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഹാജരാക്കേണ്ടതും മരുന്നുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-127 മെഡിക്കൽ ഓഫീസർ (CHC)നിർവ്വഹണോദ്യോഗസ്ഥായി വിവിധ ആരോഗ്യ സ്ഥാപനങ്ങളിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും,ഫർണിച്ചറും വാങ്ങൽ പദ്ധതി-അപാകതകൾ

പ്രോജക്റ്റ് നമ്പർ : S1117/22

അടങ്കൽ തുക : 375000/-, മെയിന്റനൻസ് ഫണ്ട് റോഡിതരം

ചെലവഴിച്ച തുക : 374195/-

മേൽ പദ്ധതി പ്രകാരം CPRCS ഓൺലൈൻ പോർട്ടൽ മുഖേന കമ്പ്യൂട്ടർ, പ്രിന്റർ, യുപിഎസ് എന്നിവ വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് ഐടി മിഷന് 239077/-രൂപ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നമ്പർ & തിയ്യതി | ചെലവഴിച്ച തുക |
|---|---|

| | |
|---|---|
| 52/21-22/30.03.2022 | 125120 |
| 53/21/22/30.03.2022 | 23305 |
| 54/21-22/30.03.2022 | 50616 |
| 55/21-22/30.03.2022 | 40036 |
| ആകെ | 239077 |

എന്നാൽ 2021-22 സാമ്പത്തിക വർഷം കെൽട്രോണിന് സപ്ലൈ ഓർഡർ നൽകാൻ സാധിക്കാത്തതിനാൽ ഉപകരണങ്ങൾ ലഭ്യമായിട്ടില്ല. കെൽട്രോണിന്റെ പുതുക്കിയ പ്രൈസ് ലിസ്റ്റ് പ്രകാരം ടി ഉപകരണങ്ങൾ വാങ്ങുന്നതിനായി നേരത്തെ അനുമതി നൽകിയ തുകയിൽ നിന്നും 599/-രൂപ അധികമായി അടവാക്കേണ്ടതുണ്ടെന്നും ആയത് തനതു ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് തീരുമാനിച്ചതായും ഫയൽ പരിശോധനയിൽ കാണുന്നു. 599/-രൂപ അധികമായി അടവാക്കി ടി ഉപകരണങ്ങൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച രേഖകൾ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.130/2021-22 തീയതി 24.01.2023) മറുപടി ലഭ്യമായിട്ടില്ല. 2021-22 സാമ്പത്തിക വർഷം സപ്ലൈ ഓർഡർ നൽകാൻ സാധിക്കാത്തതിനാൽ ഉപകരണങ്ങൾ ലഭ്യമായില്ല. നിർവ്വഹണ ഉദ്യോഗസ്ഥർ പദ്ധതി നിർവ്വഹണം സമയബന്ധിതമായി പൂർത്തിയാക്കാൻ ലക്ഷ്യമിടേണ്ടതും ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധ പുലർത്തേണ്ടതുമാണ്. അധിക തുക അടവാക്കി ഉപകരണങ്ങൾ ലഭ്യമാകുന്ന മുറക്ക് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-128 സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം പ്രോജക്ട് നടപ്പാക്കിയതിലെ അപാകതകൾ

പ്രോജക്ട് - സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം (1111/22)

അടങ്കൽ - 25,10,000

ചെലവ് - 20,10,000/- ട്രഷറി ബിൽ നംപർ, തിയതി -18/21-22, 30.3.22

നിർവഹണ ഉദ്യോഗസ്ഥൻ - ഹെൽത്ത് സൂപ്പർവൈസർ

ഹരിതകേരളം മിഷന് വേണ്ടി കെൽട്രോൺ വികസിപ്പിച്ചിട്ടുള്ള സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം സോഫ്റ്റ് വെയർ മുഖേന വാതിൽപ്പടി മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിനും ഏകോപിപ്പിക്കുന്നതിനുമുള്ള പ്രോജക്ടാണ് മേൽപ്പറഞ്ഞത്. കെൽട്രോണിന്റെ ആഭിമുഖ്യത്തിൽ ഹരിതകേരളം മിഷൻ, ശുചിത്വ മിഷൻ എന്നിവ മുഖേന നടപ്പാക്കുന്ന സ്മാർട്ട് ഗാർബേജ് സിസ്റ്റം പ്രവർത്തനം തുടങ്ങുന്നതിനായി ബന്ധപ്പെട്ടവർക്ക് പരിശീലനം നടത്തേണ്ടത് ആവശ്യമാണ്. ഇതിനായി ഹരിതകർമ്മസേനകൾക്ക് സ്മാർട്ട് ഫോൺ, ഓഫീസിലേയ്ക്കായി ലാപ്ടോപ് എന്നിവ ലഭ്യമാക്കുക, കെൽട്രോണിന് സർവീസ് ചാർജ് നൽകുക എന്നിവയാണ് ചെയ്യുന്നത്. (G.O(Rt)2307/2021/LSGD, Dt.18.11.21) മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് കാര്യക്ഷമമായ മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം പ്രാവർത്തികമാക്കുന്നതിനായി G.O(Rt)493/2022/LSGD, Dt.2.3.22 ഉത്തരവ് പ്രകാരം കെൽട്രോണുമായി 18.3.22 ൽ കരാറിലേർപ്പെട്ടിട്ടുണ്ട്. എന്നാൽ കരാറിലേർപ്പെട്ടതിനു ശേഷം സർവീസ് ചാർജ് ഇനത്തിൽ 17,70,000 രൂപയും SMS ചാർജ് ഇനത്തിൽ 2,40,000 രൂപയും (ആകെ 20,10,000) കെൽട്രോണിന് നൽകിയിട്ടുണ്ട്. മറ്റു പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പായി, ലാപ്ടോപ്, QR കോഡ്, കെൽട്രോൺ പ്രതിനിധികൾക്ക് സ്ഥലവും ഇന്റർനെറ്റ് ലഭ്യതയും എന്നിവയൊന്നും ഉറപ്പാക്കാതെ ആദ്യമേതന്നെ കെൽട്രോണിന് തുക നൽകുകയാണുണ്ടായത്.

55 ഡിവിഷനുകളിലെ വീടുകളിൽ നിന്നും ഖരമാലിന്യം ശേഖരിക്കുന്നതിന് QR കോഡ് പതിക്കലും സർവ്വെയും ആദ്യം നടത്തണം. സർവ്വെ നടത്തുന്നുണ്ടെന്നും സർവ്വെ നടത്തുന്ന സ്ഥാപനങ്ങളുടെയും വീടുകളുടെയും പൂർണ്ണവിവരങ്ങൾ കൃത്യമായി ശേഖരിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തണം. ആയതിനാൽ സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം എന്ന പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നതില് എത്രത്തോളം സാധിച്ചു എന്നറിയുന്നതിന് താഴെ പറയുന്ന കാര്യങ്ങളിൽ മറുപടി ലഭ്യമാക്കേണ്ടതാണ്.

1) ഹരിതകർമ്മസേനകൾക്ക് സ്മാർട്ട് ഫോൺ, ഓഫീസിലേയ്ക്കായി ലാപ്ടോപ് എന്നിവ ലഭ്യമാക്കിയിട്ടുണ്ടോ ?

2) സ്മാർട്ട് ഫോൺ ലഭ്യമാക്കിയിട്ടില്ലെങ്കിൽ പകരമായി ഹരിതകർമ്മ സേനാംഗങ്ങളുടെ വ്യക്തിഗത ഫോണിൽ നെറ്റ് കണക്ഷൻ റീചാർജ് ചെയ്യുന്നതിനായി പ്രതിമാസം യൂസർ ഒന്നിന് 220/- രൂപ എന്ന കണക്കിൽ ഒരു വർഷകാലയളവിലേയ്ക്ക് ആവശ്യമായ ആകെ തുക വകയിരുത്തി G.O(Rt)173/2022/LSGD, Dt.23.1.22 ഉത്തരവ് പ്രകാരം പ്രോജക്ട് ഭേദഗതി വരുത്തിയിട്ടുണ്ടോ ?

3) QR കോഡ് പതിക്കലും സർവ്വെയും നടത്തി, സർവ്വെ നടത്തുന്ന സ്ഥാപനങ്ങളുടെയും വീടുകളുടെയും പൂർണ്ണവിവരങ്ങൾ കൃത്യമായി ശേഖരിച്ചിട്ടുണ്ടോ ?

4) കെൽട്രോൺ പ്രതിനിധികൾക്ക് സ്ഥലവും ഇന്റർനെറ്റ് ലഭ്യതയും ഉറപ്പാക്കിയിട്ടുണ്ടോ ?

5) മോണിറ്ററിംഗ് സിസ്റ്റം 55 ഡിവിഷനുകളിലും പൂർണ്ണമായി നടപ്പാക്കിയിട്ടുണ്ടോ ?

വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നം. 103/12.1.23)

## 1-129 മാലിന്യസംസ്കരണം വിവിധ പ്രോജക്ടുകൾ - ലക്ഷ്യം പൂർത്തീകരിച്ചില്ല

1994 ലെ കേരള മുൻസിപ്പാലിറ്റി നിയമത്തിലെ പട്ടിക ഒന്ന് പ്രകാരം തങ്ങളിൽ നിക്ഷിപ്തമായ ചുമതലകൾ നിറവേറ്റുന്നതിനായി ഓരോ മേഖലയിലും പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കാവുന്നതാണ്. തൃശ്ശൂർ നഗരസഭയെ മാലിന്യമുക്ത നഗരസഭയാക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി 2021-22 വർഷത്തിൽ ഹെൽത്ത് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി

താഴെ പറയുന്ന 6 പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്.

| ക്രമ നം. | പ്രൊജക്ട്, പ്രൊജക്ട് നം. | അടങ്കൽ | ചെലവ് | ചെലവ് ശതമാനം | |
|---|---|---|---|---|---|
| 1 | വീട്ടുകളിൽ ബയോഗ്യാസ് പ്ളാന്റ് (1110/22) | 48,00,000 | 16,80,000 | 35% | 1000 പ്ലാന്റുകൾ സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിട്ടത്. എന്നാൽ സ്ഥാപിച്ചത് 350 എണ്ണം മാത്രം. |
| 2 | ഉറവിട മാലിന്യസംസ്കരണം വീട്ടുകളിൽബയോകമ്പോസ്റ്റർ ബിൻ അനുവദിക്കൽ (1112/22) | 53,99,460 | 8,16,480 | 15% | 3333 എണ്ണം വിതരണം ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടത്. എന്നാൽ വിതരണം ചെയ്തത് 504 പേർക്ക് മാത്രം. |
| 3 | ഉറവിട മാലിന്യസംസ്കരണം വീട്ടുകളിൽ ബയോഡൈജസ്റ്റർ പോട്ട് (31/22) | 27,88,605 | 47,430 | 2% | 1999 എണ്ണം വിതരണം ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടത്. എന്നാൽ വിതരണം ചെയ്തത് 34 പേർക്ക് മാത്രം. |
| 4 | ഉറവിട മാലിന്യസംസ്കരണം പോർട്ടബിൾ ബയോബിൻ വീട്ടുകളിൽ (39/22) | 26,39,340 | 8,37,540 | 32% | അടങ്കൽ തുക മുഴുവനായും ചെലവഴിക്കാൻ സാധിച്ചിട്ടില്ല. |
| 5 | ഉറവിട മാലിന്യസംസ്കരണം വീട്ടുകളിൽ ബയോഗ്യാസ് പ്ളാന്റ് അനുവദിക്കുക (404/22) (Spillover Project) | 10,71,360 | 2,41,920 | 23% | 190 ബയോഗ്യാസ് പ്ളാന്റിനാണ് അടങ്കൽ. എന്നാൽ പൂർത്തീകരിച്ചത് 14 എണ്ണം മാത്രം. |
| 6 | ഉറവിട മാലിന്യസംസ്കരണം വീട്ടുകളിൽ ബയോ ബിൻ അനുവദിക്കുക (405/22) (Spillover Project) | 2,61,360 | 2,61,360 | 100% | - |

എല്ലാ പ്രോജക്ടുകൾക്കും വളരെ വലിയ അടങ്കൽ തുകയായി പ്രോജക്ട് വെച്ചിട്ടുണ്ടെങ്കിലും ഫയൽ പരിശോധിക്കുമ്പോൾ ഓരോ പ്രോജക്ടുകളും പകുതി പോലും നടപ്പാക്കിയിട്ടില്ല എന്നു കാണാം. ആവശ്യത്തിന് ഗുണഭോക്താക്കളെ കണ്ടെത്താൻ സാധിച്ചിട്ടില്ല എന്നാണ് മനസിലാവുന്നത്. വളരെ കുറച്ച് ഗുണഭോക്താക്കൾ മാത്രമാണ് എല്ലാ പ്രോജക്ടുകളിലും ഉള്ളത്. അതുകൊണ്ട് തന്നെ ചെലവ് നാമമാത്രമാണ് എന്നു കാണുന്നു.

ഓരോ പ്രോജക്ടിലും ഗുണഭോക്തൃവിഹിതം കൂടി ഉൾക്കൊള്ളിച്ചിട്ടുണ്ട് എങ്കിലും ഗുണഭോക്തൃവിഹിതം പിരിച്ചത്, നഗരസഭയിൽ ഒടുക്കിയത് എന്നിവയുടെ കണക്ക് കൃത്യമായി ഫയലിൽ ഇല്ല. സുലേഖ സ്റ്റേറ്റ്മെന്റിലും ഗുണഭോക്തൃവിഹിതത്തിന്റെ ചെലവ് തുക ഉൾക്കൊള്ളിച്ചിട്ടില്ല. അതുകൊണ്ട് തന്നെ മുകളിൽ ചേർത്തിട്ടുള്ള പട്ടികയിൽ പ്ലാൻ ഫണ്ടിന്റെ അടങ്കൽ തുക, ചെലവ് തുക എന്നിവ മാത്രമാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്.

ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും ഓരോ വർഷവും നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രോജക്ടുകൾ സാമ്പത്തികവർഷാരംഭത്തിൽ തയ്യാറാക്കുകയും വാർഡ് സഭയിലൂടെ ഗുണഭോക്താക്കളെ കണ്ടെത്തി ആവശ്യകത മനസിലാക്കി വേണം അടങ്കൽ തുക നിശ്ചയിക്കാൻ. എന്നാൽ ഇതൊന്നും ചെയ്യാതെ പ്രോജക്ടുകളെ കുറിച്ച് പഠിക്കാതെ ജനങ്ങൾക്ക് എത്രമാത്രം പ്രയോജനപ്പെടും എന്ന് നിരീക്ഷണം നടത്താതെ ആദ്യം തന്നെ വലിയ തുകയ്ക്ക് പ്രോജക്ട് വെക്കുന്നത് മൂലം മറ്റ് മേഖലകളിൽ ചെലവഴിക്കാമായിരുന്ന പ്ലാൻ ഫണ്ട് നഷ്ടപ്പെടുന്നതായി കാണാം. ഇത്തരത്തിൽ പദ്ധതി വിഭാവനം ചെയ്ത മുഴുവൻ പേർക്കും പ്രയോജനം ലഭിക്കത്തക്ക രീതിയിൽ പ്രോജക്ട് നടപ്പാക്കാൻ സാധിച്ചിട്ടില്ലാത്തതിനാൽ പദ്ധതിയുടെ ലക്ഷ്യം പൂർത്തീകരിച്ചില്ലെന്ന് വ്യക്തമാകുന്നു. ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. (ഓഡിറ്റ് എൻക്വയറി നം. 104/11.1.23)

## 1-130 എൽ ആർ കെ എ ഗവ.ആയുർവേദ ആശുപത്രിയിലേക്ക് കമ്പ്യൂട്ടറും അനുബന്ധ

ഉപകരണങ്ങളും ലഭ്യമായില്ല.

പദ്ധതി നം : എസ്0216/22 (സ്പിൽ ഓവർ 806/21)

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, ആയുർവേദം

അടങ്കൽ തുക : ₹100000/- (മെയിന്റനൻസ് ഫണ്ട് റോഡിതരം)

ചെലവ് : ₹86122/-

| ബിൽ നമ്പർ | ബിൽ റഫറൻസ് നമ്പർ | തിയ്യതി | തുക |
|---|---|---|---|
| 9/21-22 | 21130347003600543155 | 22.10.2021 | 20018 |
| 10/21-22 | 21130347003600543140 | 22.10.2021 | 42799 |
| 11/21-22 | 21130347003600543146 | 22.10.2021 | 23305 |
| ആകെ | | | 86122 |

മെഡിക്കൽ ഓഫീസർ, ആയുർവേദം നിർവ്വഹണ ഉദ്യോഗസ്ഥനായി എൽ ആർ കെ എ ഗവ.ആയുർവേദ ആശുപത്രിയിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ, യുപിഎസ് എന്നിവ വാങ്ങുന്ന പദ്ധതിയാണിത്. കേരള സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ ആയ Cprcs മുഖേന കെൽട്രോണിൽ നിന്ന് ടി ഉപകരണങ്ങൾ വാങ്ങുന്നതിനായി 86122/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ വാലിഡിറ്റി പിരിഡിനുള്ളിൽ വർക്ക് ഓർഡർ ജനറേറ്റ് ചെയ്യാൻ സാധിക്കാത്തതിനാൽ ടി ഉപകരണങ്ങൾ നാളിതു വരെയും ലഭ്യമായിട്ടില്ല. കമ്പ്യൂട്ടറിന്റെ പ്രൊഫോമ ഇൻവോയ്സ് നം.29759 തിയ്യതി 20.09.2021 പ്രകാരം വാലിഡിറ്റി പിരിഡ് 18.02.2022 വരെയും പ്രിന്ററിന്റെ പ്രൊഫോമ ഇൻവോയ്സ് നം.29760 തിയ്യതി 20.09.2021 പ്രകാരം വാലിഡിറ്റി പിരിഡ് 28.02.2022വരെയും യുപിഎസിന്റെ പ്രൊഫോമ ഇൻവോയ്സ് നം.29761 തിയ്യതി 20.09.2021 പ്രകാരം വാലിഡിറ്റി പിരിഡ് 23.03.2022വരെയും ആണ്. എല്ലാ പർച്ചെയ്സുകൾക്കും വർക്ക് ഓർഡർ ജനറേഷൻ നിർബന്ധമാണെന്നും വാലിഡിറ്റി പിരിഡിനുള്ളിൽ വർക്ക് ഓർഡർ ജനറേറ്റ് ചെയ്തിട്ടില്ലെന്നും കെൽട്രോൺ കത്ത് മുഖേന അറിയിച്ചിട്ടുണ്ട്. നിലവിൽ കമ്പ്യൂട്ടറിന് മാത്രം വർക്ക് ഓർഡർ ജനറേറ്റ് ചെയ്യാൻ സാധിക്കുന്നതിനാൽ കമ്പ്യൂട്ടറിന് മാത്രം വർക്ക് ഓർഡർ നൽകിയതായും ബാക്കി തുക റീഫണ്ട് ആയി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചതായും പ്രോജക്ട് പരിശോധനയിൽ കാണുന്നു.

വാലിഡിറ്റി പിരിഡിനുള്ളിൽ വർക്ക് ഓർഡർ ജനറേറ്റ് ചെയ്യാത്തതിന് വിശദീകരണം ലഭ്യമാക്കാനും കമ്പ്യൂട്ടറിന് മാത്രം വർക്ക് ഓർഡർ നൽകിയതിനാൽ ബാക്കി തുക റീഫണ്ട് ആയി നിലവിൽ ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച രേഖകൾ ഹാജരാക്കാനും ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 5/11.11.2022) നൽകിയിരുന്നു. ബിൽ ജനറേറ്റ് ചെയ്ത് പ്രൊക്യൂർമെന്റ് കമ്മിറ്റിയിൽ പാസാക്കിയതിന് ശേഷം വെബ്സൈറ്റിൽ ഉപകരണങ്ങൾ ലഭ്യമല്ല എന്ന വിവരമാണ് ലഭിച്ചതെന്നും അതിനാൽ വർക്ക് ഓർഡർ നൽകാൻ സാധിച്ചില്ലെന്നും റീഫണ്ട് ലഭ്യമാകുമ്പോൾ രേഖകൾ ഹാജരാക്കാമെന്നും മറുപടി നൽകിയിട്ടുണ്ട്.

വാലിഡിറ്റി പിരിഡിനുള്ളിൽ വർക്ക് ഓർഡർ ജനറേറ്റ് ചെയ്യാൻ സാധിക്കാത്തതിനാലാണ് ഉപകരണങ്ങൾ ലഭ്യമാകാതിരുന്നത്. നിർവ്വഹണ ഉദ്യോഗസ്ഥർ പദ്ധതി നിർവ്വഹണം സമയബന്ധിതമായി പൂർത്തിയാക്കാൻ ലക്ഷ്യമിടേണ്ടതും ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധ പുലർത്തേണ്ടതുമാണ്. റീഫണ്ട് ആയി തുക ലഭ്യമാകുമ്പോൾ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് ചലാൻ വഴി അടവാക്കേണ്ടതും രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 1-131 അയ്യന്തോൾ ഗവൺമെന്റ് ഹോമിയോ ആശുപത്രിയിലേക്ക് കമ്പ്യൂട്ടറും പ്രിന്ററും ലഭ്യമായില്ല

പദ്ധതി നം : എസ്1173/22

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, ഹോമിയോ

അടങ്കൽ തുക : ₹100000
ഫണ്ട് : മെയിന്റനൻസ് ഗ്രാന്റ്( നോൺ-റോഡ്)

ചെലവ് : ₹65792 (ബിൽ നം. 14/2021-22 തീയതി 23.03.22)

( C/o 25.03.22)

മെഡിക്കൽ ഓഫീസർ, ഹോമിയോ നിർവ്വഹണ ഉദ്യോഗസ്ഥനായി അയ്യന്തോൾ ഹോമിയോ ആശുപത്രിയിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ , യുപിഎസ് എന്നിവ വാങ്ങുന്നതിന് മേൽപ്രസ്താവിച്ചതിൻ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ കേരള സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ ആയ Cprcs മുഖേന കെൽട്രോണിൽ നിന്നും യുപിഎസ് തൃശ്ശൂർ സൈബർ ഗേസ് എന്ന സ്ഥാപനം വഴിയും വാങ്ങുന്നതിനായി ആകെ 65792/- രൂപ ചെലവഴിച്ചിട്ടുണ്ട്.ഇതിൽ 2975/- രൂപയുടെ യുപിഎസ് തൃശ്ശൂർ സൈബർ ഗേസ് (ഇൻവോയ്സ് നം.29761 തിയ്യതി 20.09.2021) സ്ഥാപനത്തിൽ നിന്നും ലഭ്യമായിട്ടുള്ളതാണ്.എന്നാൽ വാലിഡിറ്റി പിരിഡിനുള്ളിൽ വർക്ക് ഓർഡർ ജനറേറ്റ് ചെയ്യാൻ സാധിക്കാത്തതിനാൽ കെൽട്രോണിൽ നിന്നും കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ ലഭ്യമായില്ല. കമ്പ്യൂട്ടർ (പ്രൊഫോമ ഇൻവോയ്സ് നം.35562 തിയ്യതി 23.02.2022) , പ്രിന്റർ ( പ്രൊഫോമ ഇൻവോയ്സ് നം.35698തിയ്യതി 25.02.2022 )എന്നിവ പ്രകാരം വാലിഡിറ്റി പിരിഡ് 31.03.2022 ൽ അവസാനിച്ചിരുന്നു. വാലിഡിറ്റി പിരിഡിനുള്ളിൽ വർക്ക് ഓർഡർ ജനറേറ്റ് ചെയ്യാൻ സാധിക്കാത്തതിനെ തുടർന്നാണ് ഉപകരണങ്ങൾ ലഭ്യമാകാതിരുന്നത്.

2022 ഓഗസ്റ്റ് 30 ലെ കെൽട്രോണിൽ നിന്നുമുള്ള ഇ-മെയിൽ നിർദ്ദേശത്തിനെതുടർന്ന് നിലവിലെ പെയ്മെന്റ് വിശദാംശങ്ങൾ സഹിതം പുതുക്കിയ ഇൻവോയ്സ് എടുക്കുകയുണ്ടായി.ഡെസ്ക്ടോപ്പിന്റെ വില മുൻ ഇൻ വോയ്സിലെ തുകയായ 42799/- രൂപയിൽ നിന്നും 3489/- രൂപ അധികരിച്ച് 46288/- ആയിട്ടുണ്ട്. നിലവിൽ കമ്പ്യൂട്ടറിന് മാത്രം വർക്ക് ഓർഡർ ജനറേറ്റ് ചെയ്യാൻ സാധിക്കുന്നതിനാൽ കമ്പ്യൂട്ടറിന് മാത്രം വർക്ക് ഓർഡർ നൽകിയതായും ( നം 42008/2022 തീയതി 26.11.2022) ബാക്കി തുകയായ 16529/- രൂപ റീഫണ്ട് ആയി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചതായും പ്രോജക്ട് പരിശോധനയിൽ കാണുന്നു.

06.02.2023 ലെ 149-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമായിട്ടില്ല.നിർവ്വഹണ ഉദ്യോഗസ്ഥൻ പദ്ധതി നിർവ്വഹണം സമയബന്ധിതമായി പൂർത്തിയാക്കാൻ ലക്ഷ്യമിടേണ്ടതും ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധ പുലർത്തേണ്ടതുമാണ്. റീഫണ്ട് ആയി തുക ലഭ്യമാകുമ്പോൾ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് ചലാൻ വഴി അടവാക്കേണ്ടതും രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 1-132 മെഡിക്കൽ ഓഫീസർ- ജില്ല ആശുപത്രി -പർച്ചേസ് ബില്ലുകളിൽ നിന്നും 2% ജി.എസ്.ടി ഈടാക്കിയില്ല

ഫയൽ – ബി 3-6831/2021

2017ലെ ജിഎസ് ടി ചട്ടങ്ങൾ, സെക്ഷൻ 51 അനുസരിച്ച് മേൽ പറഞ്ഞ പദ്ധതിയ്ക്ക് വേണ്ടി ചെലവ് ചെയ്ത 2.50000 രൂപയിൽ അധികരിച്ച പർച്ചേസ് ബില്ലുകളിൽ നിന്നും ടിഡിഎസ് 2% ഈടാക്കേണ്ടതുണ്ട്.

മെഡിക്കൽ ഓഫീസറുടെ പ്രൊജക്ടുകൾ - ചെലവ് കണക്കുകൾ - സംക്ഷിപ്തം.

| പ്രൊജക്റ്റ് നം. | അനുവദിച്ച തുക | ചെലവ് | ബാക്കി | ശതമാനം |
|---|---|---|---|---|
| SO 0003/22 | 1500000 | 1499999 | 1 | 99.99% |
| SO 00015/22 | 7000000 | 6957130 | 42870 | 99.38% |
| SO 00017/22 | 4000000 | 3999864 | 136 | 99.96% |
| SO 00019/22 | 2000000 | 2000000 | 0 | 100% |

പ്രൊജക്ടിൽ ഉൾപ്പെട്ട 2.5ലക്ഷത്തിന്മേൽ ഉള്ള പർച്ചേസ് ബില്ലുകളിൽ നിന്നും ടിഡിഎസ് ഇനത്തിൽ 2% തുക ഈടാക്കിയിട്ടില്ല. സ്ഥാപനം സമർപ്പിച്ച ഇൻവോയ്സുകൾ പ്രകാരം ജിഎസ്.ടി അടക്കമുള്ള തുക ഡീലർക്ക് നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച ഓഡിറ്റിന്റെ അന്വേഷണക്കുറിപ്പിന് (32/7.12.2022), ഇനിയുള്ള പർച്ചേസുകൾക്ക് കൃത്യമായും ടിഡിഎസ് ഈടാക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. അപാകത ആവർത്തിക്കാതിരിക്കുവാൻ ഉത്തരവാദപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

## 1-133 പ്രിൻസിപ്പാൾ നടപ്പിലാക്കിയ പ്രൊജക്ടുകളിലെ അപാകതകൾ

2021-22 സാമ്പത്തിക വർഷത്തിൽ ഗവ. ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പാൾ നടപ്പിലാക്കിയ പ്രൊജക്ടുകളിലെ അപാകതകൾ താഴെപ്പറയുന്നു.

1) പ്രൊജക്റ്റ് നം. 213/21-22 – സർക്കാർ സ്കൂളുകളിലേക്ക് ഫർണീച്ചർ

വൗച്ചർ നം. 22103995/05.02.2022, തുക – 5,15,385/-

ഈ പ്രൊജക്ടിൽ വിവിധ സ്കൂളുകളിലേക്ക് 52 ബെഞ്ച്, ഡെസ്ക് എന്നിവ വാങ്ങിയിട്ടുണ്ട്. അതാത് സ്കൂളുകൾ ഫർണീച്ചർ സ്റ്റോക്കിലെടുത്തതിന്റെ വിവരം ഹാജരാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2) പ്രൊജക്റ്റ് നം. 431/21-22 – വജ്രജൂബിലി ഫെലോഷിപ്പ് (തുക-6,70,000/-)

വൗച്ചർ നം. 22104314/29.10.2021, തുക – 60,000/-

വൗച്ചർ നം. 22104360/11.10.2021, തുക – 60,000/-

വൗച്ചർ നം. 22104361/11.10.2021, തുക – 60,000/-

വൗച്ചർ നം. 22104465/17.09.2021, തുക – 1,85,000/-

വൗച്ചർ നം. 22103997/05.02.2022, തുക – 60,000/-

വൗച്ചർ നം. 22103999/05.02.2022, തുക – 60,000/-

വൗച്ചർ നം. 22104042/24.01.2022, തുക – 60,000/-

വൗച്ചർ നം. 22105032/30.03.2022, തുക – 65,000/-

വൗച്ചർ നം. 22105445/24.01.2022, തുക – 60,000/-

I) സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ സാക്ഷ്യപത്രം 15.02.2022 മുതൽ 20.03.2022 വരെയുള്ള കാലയളവിലെ കലാകാരന്മാരുടെ മാത്രമാണ്. 2021-22 വർഷത്തെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

II) തുക അനുവദിച്ച കലാകാരന്മാരുടെ ബാങ്ക് അക്കൗണ്ട് നമ്പറിന്റെ വിവരം, UTR സ്റ്റേറ്റ്മെന്റ് എന്നിവ ഹാജരാക്കിയിട്ടില്ല.

3) പ്രൊജക്ട് നം. 1181/21-22, വിജ്ഞാനോത്സവം

വൗച്ചർ നം. 22105562/22.02.2022, തുക – 48,193/-

ചെലവ് തുക മുഴുവനായും വിജ്ഞാനോത്സവം കോർഡിനേറ്ററായ പി.കെ.വിജയന്റെ അക്കൗണ്ടിലേക്കാണ് നൽകിയിരിക്കുന്നത്. ഭക്ഷണത്തിനായുള്ള 22,600/- രൂപ (മോഡേൺ കാറ്ററിംഗ് സർവ്വീസ്, കോലഴി), പുസ്തകത്തിനായുള്ള 13,562/- രൂപ (കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്, തൃശ്ശൂർ) എന്നിവ പോലും അതാത് സ്ഥാപനങ്ങളുടെ അക്കൗണ്ടിലേക്ക് നൽകാതെ കോർഡിനേറ്ററുടെ അക്കൗണ്ടിലേക്കാണ് നൽകിയിട്ടുള്ളത്. ഇത് തെറ്റായ നടപടിയാണ്, ചെലവ് തുകകൾ അതാത് സ്ഥാപത്തിന്റെ അക്കൗണ്ടിലേക്ക് മാത്രം കൈമാറേണ്ടതാണ്.

4) പ്രൊജക്ട് നം. 432/21-22 – കോർപ്പറേഷൻ പരിധിയിലെ ലൈബ്രറികൾക്ക് പുസ്തകങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ (ചെലവ് തുക – 8,80,000/-)

വൗച്ചർ നം. 22105857/18.03.2022, തുക – 1,74,000/-

വൗച്ചർ നം. 22105859/18.03.2022, തുക – 6,000/-

വൗച്ചർ നം. 22105860/18.03.2022, തുക – 7,00,000/-

ചെലവ് രേഖകൾ ഹാജരാക്കിയതിൽ 7,00,000/- രൂപ പുസ്തകങ്ങൾക്കായി കേരള സ്റ്റേറ്റ് ബുക്ക്മാർക്കിന് നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഈ തുകയുടെ ബില്ല്, കൈപ്പറ്റ് രശീതി എന്നിവ ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ ഈയിനത്തിലെ ചെലവ് തുകയായ 7,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് അന്വേഷണം നം. 70/21-22, തീ.22.12.2022)

## 1-134 ഫിഷറീസ് സബ് ഇൻസ്പെക്ടർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയിൽ കണ്ടെത്തിയ അപാകതകൾ.

2021-22 സാമ്പത്തിക വർഷത്തിൽ ഫിഷറീസ് സബ് ഇൻസ്പെക്ടർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയിൽ കണ്ടെത്തിയ അപാകതകൾ.

പ്രോജക്ട് നമ്പർ (SO 205/22)

പദ്ധതിയുടെ പേര്-സുഭിക്ഷ കേരളം - ബയോഫ്ലോക്ക് മത്സ്യകൃഷി

അടങ്കൽ തുക - 1794000
(478400(വികസനഫണ്ട് ജനറൽ)+239200(സംസ്ഥാനാവിഷ്കൃതഫണ്ട്)+1076400(മറ്റുള്ളവ))

ചെലവഴിച്ച തുക - 478400

| തിയതി | ബിൽ നമ്പർ/ബിൽ റഫറൻസ് നമ്പർ | ബിൽ തുക |
|---|---|---|
| 30/7/21 | 21130347002900287072 | 441600 |

മേൽ പരാമർശിച്ച പ്രോജക്ട് പ്രകാരം 10 ഗുണഭോക്താക്കൾക്ക് (ബിൽ നമ്പർ 3/21-തീയതി 17.08.2021) 36800 രൂപ വീതം സബ്സിഡി തുക അനുവദിച്ചിരുന്നു. എന്നാൽ പ്രോജക്ടിനോടൊപ്പം ഹാജരാക്കിയ ഫയലുകളിൽ 8ഗുണഭോക്താക്കൾ വരുമാന സർട്ടിഫിക്കറ്റ്, മറ്റ് രേഖകൾ എന്നിവ പ്രോജക്ടിനൊടൊപ്പം ഹാജരാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട കൊണ്ട് ഓഡിറ്റ് എൻക്വയറിക്ക് (നം. 6 തീയതി : 11.11.2022) നല്കിയ മറുപടിയോടൊപ്പം 6 ഗുണഭോക്താളുടെ വരുമാന സർട്ടിഫിക്കറ്റ്, മറ്റ് രേഖകൾ എന്നിവ ഹാജരാക്കിയിട്ടുണ്ട്..മുംതാസ് താഹ, പള്ളിവീട്ടിൽ ഹൗസ്, കുർക്കഞ്ചേരി, ത്രേസ്യ ജോസ് ബ്രഹ്മക്കളം തെക്കത്ത്, മുതവറ എന്നീ രണ്ട് ഗുണഭോക്താക്കൾ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ടവരാണ്. വരുമാന സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടില്ല. 5 ലക്ഷത്തിൽ താഴെ വരുമാന പരിധിയിൽ വരുന്ന ഗുണഭോക്താവാണെന്ന് നിർവഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിട്ടുമില്ല. മേൽ പരാമർശിച്ച രണ്ടു ഗുണഭോക്താക്കളും നളിനി.കെ.കെ, പയ്യപ്പാടൻ വീട്,കുർക്കൻഞ്ചേരി എന്ന ഗുണഭോക്താവും നിലവിൽ ബയോഫ്ലോക്ക് മത്സ്യകൃഷി നടത്തുന്നില്ല എന്നാണ് ഫീൽഡ് തല പരിശോധനയിൽ കണ്ടെത്താൻ കഴിഞ്ഞത്.ആയതിനാൽ അവർക്ക് അനുവദിച്ച സബ്സിഡി തുക 110400/-രൂപ (36800*3) ബന്ധപ്പെട്ടവരിൽ നിന്നും തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.പദ്ധതിക്ക് ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ലെന്നാണ് ഓഡിറ്റ് വിലയിരുത്തുന്നത്.

## 1-135 സിഡിപിഒ നടപ്പിലാക്കിയ വയോജനങ്ങൾക്ക് കട്ടിൽ വിതരണം പദ്ധതി-അർഹതാ മാനദണ്ഡം പാലിച്ചില്ല

പദ്ധതി നം : എസ് 0155/22

നിർവ്വഹണോദ്യോഗസ്ഥൻ : ചൈൽഡ് ഡെവലപ്മെന്റ് പ്രോഗ്രാം ഓഫീസർ, ഒല്ലൂക്കര അഡീഷണൽ (അർബൻ II)

അടങ്കൽ തുക : ₹3337400/- വികസന ഫണ്ട് (പൊതുവിഭാഗം സാധാരണ വിഹിതം)

ചെലവ് : ₹3144750/-

| ബിൽ നമ്പർ | ബിൽ റഫറൻസ് നമ്പർ | തിയ്യതി | തുക |
|---|---|---|---|
| 11/21-22 | 21130347002301085279 | 09.02.2022 | 504300 |
| 12/21-22 | 21130347002301085292 | 09.02.2022 | 430500 |
| 14/21-22 | 21130347002301085319 | 09.02.2022 | 172200 |
| 15/21-22 | 21130347002301085329 | 09.02.2022 | 615000 |
| 18/21-22 | 21130347002301467705 | 26.03.2022 | 500200 |

| | | | |
|---|---|---|---|
| 20/21-22 | 21130347002301485477 | 26.03.2022 | 594550 |
| 21/21-22 | 21130347002301510508 | 30.03.2022 | 328000 |
| | ആകെ | | 3144750 |

ചൈൽഡ് ഡെവലപ്മെന്റ് പ്രോഗ്രാം ഓഫീസർ നിർവ്വഹണം നടത്തിയ വയോജനങ്ങൾക്ക് കട്ടിൽ വിതരണം പദ്ധതി പ്രകാരം ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട 767 പേർക്ക് കട്ടിൽ വിതരണം ചെയ്തിട്ടുണ്ട്. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള അർഹതാ മാനദണ്ഡപ്രകാരം ഗുണഭോക്താക്കൾക്ക് 60 വയസ്സും അതിന് മുകളിലും പ്രായമുണ്ടായിരിക്കണം. വാർഡ് സഭയും കൗൺസിലും ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ചിട്ടുള്ളത് 02.10.2021ലെ 2-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരമാണ്. എന്നാൽ ചില ഗുണഭോക്താക്കൾക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന സമയത്തോ ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കുന്ന സമയത്തോ അർഹതാ മാനദണ്ഡപ്രകാരം 60 വയസ്സ് പൂർത്തിയായിട്ടില്ലാത്തതായി അപേക്ഷാ പരിശോധനയിൽ കാണുന്നു. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഡിവിഷൻ നമ്പർ | ഗുണഭോക്താവിന്റെ പേര് | ജനന തിയ്യതി/വർഷം (ആധാർ പ്രകാരം) |
|---|---|---|---|
| 1 | 9 | ശ്രീനിവാസൻ.കെ.കെ,കണ്ടരുത്തി വീട്,കുറ്റമുക്ക് | 1962 |
| 2 | 20 | ശാന്ത,കുന്നമ്പത്ത് ഹൗസ്,നെല്ലിക്കുന്ന് | 01.01.1962 |
| 3 | 40 | സതീശൻ.പി.എൻ, പണിക്കാട്ടിൽ ഹൗസ് വട്ടക്കര പി.ഒ | 01.01.1962 |
| 4 | 40 | സുഹറ, വലിയകത്ത് ഹൗസ്, വട്ടക്കര പി.ഒ | 1962 |
| 5 | 15 | ശാരദ.കെ.പി, കോമാട്ടു വളപ്പിൽ ഹൗസ്, മുക്കാട്ടുകര | 1962 |
| 6 | 22 | കാർത്തു, കൊളക്കാട്ടിൽ വീട്,അഞ്ചേരി പി.ഒ | 01.01.1962 |
| 7 | 49 | സീത, പണിക്കത്ത് ഹൗസ്, ലാലൂർ | 1962 |

മേൽ ഗുണഭോക്താക്കളിൽ ശ്രീനിവാസൻ.കെ.കെ എന്ന ഗുണഭോക്താവിന്റെ പ്രായം 25.02.2022 തിയ്യതിയിൽ വില്ലേജ് ഓഫീസർ നൽകിയ വരുമാന സർട്ടിഫിക്കറ്റ് പ്രകാരം 59 എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.27/21-22 തിയ്യതി 02.12.2022) കട്ടിൽ വിതരണം ചെയ്തത് 2022 ഫെബ്രുവരി-മാർച്ച് മാസങ്ങളിൽ ആയതിനാൽ01.01.2022 ന് 60 വയസ്സ് പൂർത്തിയായവരെ കൂടി ഉൾപ്പെടുത്തി നൽകി എന്നും തുടർ വർഷങ്ങളിൽ അർഹതാ മാനദണ്ഡം പാലിച്ച് മാത്രമേ പദ്ധതി നിർവ്വഹണം നടത്തുകയുള്ളൂ എന്നും മറുപടി നൽകിയിട്ടുണ്ട്. വാർഡ് സഭകൾ പദ്ധതി പ്രകാരമുള്ള അർഹതാ മാനദണ്ഡം പാലിച്ച് ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കേണ്ടതും നിർവ്വഹണോദ്യോഗസ്ഥർ അർഹരായ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-136 സിഡിപിഒ പുഴയ്ക്കൽ അഡീഷണൽ നിർവ്വഹണം നടത്തിയ അനുപൂരക പോഷകാഹാര പദ്ധതി- അപാകതകൾ

പദ്ധതി നമ്പർ : S 0009/22

നിർവ്വഹണ ഉദ്യോഗസ്ഥൻ : സിഡിപിഒ പുഴയ്ക്കൽ അഡീഷണൽ അർബൻl

1. പദ്ധതി ചെലവ് സുലേഖ സോഫ്റ്റ് വെയർ പ്രകാരമുള്ള ചെലവ് സ്റ്റേറ്റുമെന്റിൽ നിന്നും വ്യത്യസ്തം

അംഗൻവാടികളിലേയ്ക്ക് അനുപൂരക പോഷകാഹാരം വിതരണം നടത്തുന്നതിനായി നടപ്പാക്കിയ (പദ്ധതി നമ്പർ S0009/22) പദ്ധതിയ്ക്കായി സാധാരണ വിഹിതം (പൊതു വിഭാഗം), കേന്ദ്രാവിഷ്കൃത ഫണ്ട് എന്നിവ വകയിരുത്തിയിരുന്നു. നഗരസഭ ലഭ്യമാക്കിയ സുലേഖ സോഫ്റ്റ് വെയർ പ്രകാരമുള്ള എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിൽ സാധാരണ വിഹിതം (പൊതു വിഭാഗം ) 10000200/- രൂപയും കേന്ദ്രാവിഷ്കൃത ഫണ്ട് 730275/- രൂപയും ആണ് പദ്ധതി ചെലവായി വന്നിട്ടുള്ളത്. സി.ഡി.പി.ഒ യുടെ ക്യാഷ് ബുക്ക്, ബില്ലുകൾ എന്നിവ പരിശോധിച്ചതിൽ കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നും ആകെ 4000000/-രൂപയുടെ ചെലവ് നടന്നതായി കാണുന്നു. എന്നാൽ ആയത് നഗരസഭയുടെ പ്ലാൻ മോണിട്ടറിംഗ് സോഫ്റ്റ് വെയറായ സുലേഖയിൽ ചെലവായി രേഖപ്പെടുത്തിയിട്ടില്ല. പദ്ധതി വിവരങ്ങൾ താഴെ ചേർക്കുന്നു.

| പദ്ധതി അടങ്കൽ | | സുലേഖ സോഫ്റ്റ് വെയർ പ്രകാരമുള്ള ചെലവ് | | ക്യാഷ് ബുക്ക് പ്രകാരം പദ്ധതി ചെലവ് | |
|---|---|---|---|---|---|
| സാധാരണ | കേന്ദ്രാവിഷ്കൃത | സാധാരണ | കേന്ദ്രാവിഷ്കൃത | സാധാരണ | കേന്ദ്രാവിഷ്കൃത ഫണ്ട് |

| വിഹിതം | ഫണ്ട് | വിഹിതം | ഫണ്ട് | വിഹിതം | |
|---|---|---|---|---|---|
| 10000200 | 6300000 | 10000200 | 730275 | 10000200 | 4000000 (ചെക്ക് നമ്പർ 251356/03.11.21, 251359/02.02.22,251363 /30.03.22) |

യഥാർത്ഥ പദ്ധതി ചെലവ് സുലേഖ സോഫ്റ്റ് വെയറിൽ ചെലവായി രേഖപ്പെടുത്തി സുലേഖ കാലികമാക്കിയിട്ടില്ല.

2.സ്റ്റോക്ക് രജിസ്റ്റർ- അപാകതകൾ

ബി) Indo Food Industries എന്ന സ്ഥാപനം 26.03.21, 05.07.21, 01.10.21, 01.12.21 എന്നീ തിയ്യതികളിൽ I,II,III,IV&V സെക്ടറുകളിലെ അംഗൻവാടികളിലേയ്ക്ക് WBNP അരി വിതരണം നടത്തുകയും ആയതിന് 2021-22 സാമ്പത്തിക വർഷം ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് നൽകുകയും ചെയ്തതായി പദ്ധതി ഫയൽ പരിശോധനയിൽ കാണുന്നു. എന്നാൽ WBNP അരി സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

3. അംഗൻവാടികളിൽ ഭക്ഷ്യവസ്തുക്കൾ, WBNP അരി എന്നിവ വിതരണം ചെയ്യുന്നതിന് ക്വട്ടേഷൻ ലഭിച്ച Indo Food Industries എന്ന സ്ഥാപനവുമായുള്ള കരാർ സംബന്ധിച്ച രേഖകൾ ഫയലിൽ ലഭ്യമല്ല.

മേൽ അപാകതകൾ സംബന്ധിച്ചും രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.75/26.12.2022) കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നും ചെലവായ തുക സുലേഖ സോഫ്റ്റ് വെയറിൽ കാലികമാക്കുന്നതിന് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ടെന്നും WBNP അരി വിതരണം ചെയ്തത് സ്റ്റോക്കിലെടുത്ത് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി വരുന്നുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. ഒരു പദ്ധതിക്കായി ചെലവഴിച്ച എല്ലാ ഇനം ഫണ്ടുകളുടെയും മുഴുവൻ വിവരങ്ങളും ചേർത്ത് സുലേഖ പത്രിക കാലികമാക്കുവാൻ പ്ലാനിംഗ് വിഭാഗം ശ്രദ്ധ പുലർത്തേണ്ടതാണ്. അനുപൂരക പോഷകാഹാര പദ്ധതി പ്രകാരം വാങ്ങുന്ന സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തതിനു ശേഷം മാത്രം വിതരണം ചെയ്യേണ്ടതും സ്റ്റോക്ക് രജിസ്റ്റർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. സ്റ്റോക്ക് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി സ്റ്റോക്ക് രജിസ്റ്റർ, മേൽ പറഞ്ഞ രേഖകൾ എന്നിവ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-137 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് മെഡിക്കൽ ക്യാമ്പ് ഉപകരണ വിതരണം പദ്ധതി - അപാകതകൾ

പദ്ധതി നമ്പർ : S0169/22
പദ്ധതി അടങ്കൽ : ₹2137500/- വികസനഫണ്ട് (പൊതുവിഭാഗം സാധാരണ വിഹിതം)
പദ്ധതി ചെലവ് : ₹1432413/-
നിർവ്വഹണ ഉദ്യോഗസ്ഥൻ : സി.ഡി.പി.ഒ പുഴയ്ക്കൽ അഡീഷണൽ അർബൻ I

| ബിൽനമ്പർ &തിയ്യതി | തുക |
|---|---|
| 28/22 തി.18.03.22 | 38601/- |
| 33/22 തി.30.03.22 | 1393812/- |
| ആകെ | 1432413/- |

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സഹായ ഉപകരണങ്ങൾ നൽകി സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച് നടപ്പാക്കിയ ടി പദ്ധതിയിൽ സംസ്ഥാന വികലാംഗ കോർപ്പറേഷനിൽ നിന്നും ഉപകരണങ്ങൾ വാങ്ങിയതിന് ₹ 1393812/- സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ പദ്ധതി പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1.24.02.2022, 25.02.2022 എന്നീ തിയ്യതികളിൽ മെഡിക്കൽ ക്യാമ്പ് നടത്തി തെരഞ്ഞെടുത്ത മുഴുവൻ

ഗുണഭോക്താക്കളുടേയും കോർപ്പറേഷൻ കൗൺസിൽ അംഗീകരിച്ച ലിസ്റ്റ് ഫയലിൽ ലഭ്യമല്ല.

2.Unnikrishnan, Annikott, Evanur എന്നയാൾക്ക് Elbow Crutches Deluxe (670 രൂപ + ജി.എസ്.ടി), LS Corset-38 (422രൂപ + ജി.എസ്.ടി) എന്നീ ഉപകരണങ്ങൾ വിതരണം ചെയ്തതായി സ്റ്റോക്ക് രജിസ്റ്ററിൽ കാണുന്നു. എന്നാൽ ടിയാന്റെ അപേക്ഷ, വൈകല്യം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, മറ്റ് രേഖകൾ എന്നിവ ഫയലിൽ ലഭ്യമല്ല.

മേൽ അപാകതകൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.57/2021-22 തീയതി 19.12.2022) മറുപടി ലഭ്യമാക്കിയെങ്കിലും അപാകതകൾ നിലനിൽക്കുന്നു. Unnikrishnan എന്നയാളുടെ മേൽവിലാസം തെറ്റായാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും ശരിയായ മേൽവിലാസം കണക്കപൂരക്കൽ ഹൗസ്, പുല്ലഴി എന്നാണെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 52-ാം ക്രമ നമ്പറായി ടിയാന് ഉപകരണങ്ങൾ നൽകിയിട്ടുള്ളതായി കാണുന്നു. എന്നാൽ Unnikrishnan, Annikott, Evanur എന്നയാൾക്ക് സ്റ്റോക്ക് രജിസ്റ്റർ ക്രമ നം. 40 പ്രകാരം ഉപകരണങ്ങൾ നൽകിയതായും കാണുന്നു. ടിയാന്റെ അപേക്ഷ, മറ്റ് രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല. ആയതിനാൽ ടിയാന് നൽകിയ ഉപകരണങ്ങളുടെ വില 1092/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. കോർപ്പറേഷൻ കൗൺസിൽ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ 39 ഗുണഭോക്താക്കളാണ് ഉള്ളത്. എന്നാൽ 58 പേർക്ക് ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ 2 പേർ മാത്രമാണ് അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ ഉള്ളത്.

സർക്കുലർ നം.4212/എബി-1/14/തസ്വഭവ തിയ്യതി 08.12.2014 പ്രകാരം വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള അധികാരം ഗ്രാമ സഭ/വാർഡ് സഭയ്ക്കാണ്. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വ്യക്തിഗത ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കുകയും അംഗീകരിക്കുകയും ചെയ്യുകയാണെങ്കിൽ ആയതിനുള്ള ഉത്തരവാദിത്തം ബന്ധപ്പെട്ട സെക്രട്ടറിക്കും ഭരണസമിതി അംഗങ്ങൾക്കുമായിരിക്കും. ഭരണസമിതി കൈമാറുന്ന ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യങ്ങൾ നൽകുന്നുവെങ്കിൽ ആയതിനുള്ള ഉത്തരവാദിത്തം ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കും. മുഴുവൻ ഗുണഭോക്താക്കളുടേയും കോർപ്പറേഷൻ കൗൺസിൽ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് നാളിതുവരെ ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കുന്നതു വരെ ചെലവ് തുക 1393812/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-138 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്/ബത്ത പദ്ധതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1.പദ്ധതി നമ്പർ : S0424/22 ( സ്പിൽ ഓവർ)

അടങ്കൽ : 1000000/- വികസന ഫണ്ട്(പൊതു വിഭാഗം സാധാരണ വിഹിതം)

ചെലവ് : 779800/-

2. പദ്ധതി നമ്പർ : S 133/22

അടങ്കൽ : 20000000/- വികസന ഫണ്ട്(പൊതു വിഭാഗം സാധാരണ വിഹിതം)

ചെലവ് : 17158350/-

സിഡിപിഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ഭിന്നശേഷിവിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പദ്ധതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. പദ്ധതി നമ്പർ : S 133/22

എ) ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പദ്ധതി പ്രകാരം സ്കോളർഷിപ്പ് നൽകുന്നതിനായി രജിസ്റ്ററിൽ 710 വിദ്യാർത്ഥികളുടെ പേരു വിവരം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ എല്ലാ വിദ്യാർത്ഥികളുടേയും ജനന തിയ്യതി, വയസ്സ്, ഡിസേബിലിറ്റി, പഠിക്കുന്ന ക്ലാസ്സ്, ആധാർ നമ്പർ, ബാങ്ക് അക്കൗണ്ട് നമ്പർ, നൽകിയ തുക എന്നീ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

ബി) ബിൽ പ്രകാരം തുക ലഭ്യമായ വിദ്യാർത്ഥികളുടെ രജിസ്റ്റർ ക്രമ നമ്പർ ബില്ലിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഓരോ വിദ്യാർത്ഥിക്കും നൽകിയ തുകയും രജിസ്റ്ററും തമ്മിൽ ഒത്തു നോക്കുന്നതിന് സാധിക്കുന്നില്ല. ആയതിനാൽ ഹാജരാക്കിയ ഫയൽ, രജിസ്റ്റർ, രേഖകൾ എന്നിവ പ്രകാരം ഓരോ വിദ്യാർത്ഥിക്കും നൽകിയ ആകെ തുകയുടെ കൃത്യത പരിശോധിക്കാൻ കഴിയുന്നില്ല.

സി) സ.ഉ(കൈ)നം.22/2018/തസ്വഭവ തിയ്യതി 14.02.2018 പദ്ധതി സബ്സിഡി - ധനസഹായ മാർഗ്ഗരേഖ ഖണ്ഡിക 7.1.6 പ്രകാരം ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ഒരു വർഷം നൽകുന്ന സ്കോളർഷിപ്പ് തുക ആകെ 28500/- രൂപയാണ്. എന്നാൽ ബിൽ നം.16/22 തിയ്യതി 26.02.2022 പ്രകാരം അതുൽ.കെ എന്ന വിദ്യാർത്ഥിക്ക് 28500/- (ബിൽ Sl No .16, A/C No.67175873547) രൂപയും ബിൽ നം.19/22 തിയ്യതി 05.03.2022 പ്രകാരം 10000/- (ബിൽ Sl No .1) രൂപയും നൽകിയതായി ഫയൽ പരിശോധനയിൽ കാണുന്നു.

2.മേൽ പദ്ധതികൾ നടപ്പാക്കുന്നതിനായി കോർപ്പറേഷൻ കൗൺസിൽ അംഗീകരിച്ച മുഴുവൻ ഗുണഭോക്താക്കളുടേയും ഗുണഭോക്തൃ ലിസ്റ്റ് ഫയലിൽ ലഭ്യമല്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.81/21-22തീയതി 29.12.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ സ്കോളർഷിപ്പ് തുക ഇനത്തിൽ അധികം നൽകിയ 10000/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. രജിസ്റ്ററിൽ വിദ്യാർത്ഥികളെ സംബന്ധിച്ച മുഴുവൻ വിവരങ്ങൾ, നൽകിയ തുക എന്നിവ രേഖപ്പെടുത്തേണ്ടതും രജിസ്റ്റർ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

ഫയലിൽ ലഭ്യമായ ഗുണഭോക്തൃ ലിസ്റ്റ് (കോർപ്പറേഷൻ കൗൺസിൽ അംഗീകരിച്ചത്) പ്രകാരം ആകെ ഗുണഭോക്താക്കളുടെ എണ്ണം 90 ആണ്. എന്നാൽ രജിസ്റ്റർ പ്രകാരം 710 ഗുണഭോക്താക്കൾ ഉള്ളതായി കാണുന്നു. സർക്കുലർ നം.4212/എബി-1/14/തസ്വഭവ തിയ്യതി 08.12.2014 പ്രകാരം വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള അധികാരം ഗ്രാമ സഭ/വാർഡ് സഭയ്ക്കാണ്. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വ്യക്തിഗത ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കുകയും അംഗീകരിക്കുകയും ചെയ്യുകയാണെങ്കിൽ ആയതിനുള്ള ഉത്തരവാദിത്തം ബന്ധപ്പെട്ട സെക്രട്ടറിക്കും ഭരണസമിതി അംഗങ്ങൾക്കുമായിരിക്കും. ഭരണസമിതി കൈമാറുന്ന

ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യങ്ങൾ നൽകുന്നുവെങ്കിൽ ആയതിനുള്ള ഉത്തരവാദിത്തം ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കും. മുഴുവൻ ഗുണഭോക്താക്കളുടേയും കോർപ്പറേഷൻ കൗൺസിൽ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് നാളിതുവരെ ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കുന്നതു വരെ ചെലവ് തുക 17938150/- രൂപ (779800+17158350) തടസ്സപ്പെടുത്തുന്നു.

## 1-139 കട്ടിലുകൾ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും വിവരം ലഭ്യമാക്കിയില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു.

പദ്ധതിയുടെ പേര്: "പട്ടികജാതിയിൽപ്പെട്ട വയോജനങ്ങൾക്ക് കട്ടിൽ " [(നം.210/22) സ്പിൽ ഓവർ]
നടപ്പിലാക്കിയത് : പട്ടികജാതി വികസന ഓഫീസർ
പദ്ധതിവിഹിതം : 803700/-രൂപ(എസ്.സി.പി ഫണ്ട്)
ചെലവഴിച്ച തുക :3,44,000/- രൂപ
തൃശ്ശൂർ കോർപ്പറേഷൻ വികേന്ദ്രീകൃതാസൂത്രണം 2021-22 വാർഷിക പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കിയ മേൽ പദ്ധതിക്കായി ഒന്നിന് 4300 രൂപ വച്ച് 80 കട്ടിലുകൾ 3,44,000/- രൂപ ചെലവഴിച്ച് കോഴിക്കോട് ARTCOയിൽ നിന്ന് രണ്ട് തവണകളായി താഴെപ്പറയും വിധം വാങ്ങിയിരുന്നു.

| ഇൻവോയിസ് നം/തീയതി | ബിൽ നം./ തീയതി | കട്ടിലുകളുടെ എണ്ണം | തുക (1കട്ടിലിന്4300രൂപ വച്ച്) |
|---|---|---|---|
| KKD238 10.01.22 | 24/22.02.22 | 50 | 215000 |
| KKD747 26.03.22 | 56/31.03.22 | 30 | 129000 |

സ്റ്റോർസ് പർച്ചേസ് മാന്വൽ ഖണ്ഡിക12.23പ്രകാരം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുവാൻ ബാദ്ധ്യസ്ഥനായ ഉദ്യോഗസ്ഥൻ പുതിയ സ്റ്റോക്ക് സ്വീകരിക്കേണ്ടതാണ്.ഇക്കാര്യം പരിശോധിച്ച് ബോധ്യപ്പെടാൻ സ്റ്റോക്ക് രജിസ്റ്റർ ലഭ്യമാക്കാത്തതിനാൽ സാധിച്ചിട്ടില്ല. മാത്രമല്ല ബില്ലിന്റെ ഓഫീസ് പകർപ്പിൽ പുതിയവ സ്റ്റോക്കിലെടുത്തിട്ടുണ്ടെന്ന സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടുമില്ല.കട്ടിലുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതായുള്ള രേഖകളൊന്നും ഫയലിൽ ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്താക്കളുടെ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ട രജിസ്റ്ററിൽ കട്ടിലുകൾ ലഭിച്ചവരുടെ പേരുവിവരം രേഖപ്പെടുത്തിയിട്ടുമില്ല. മേൽ രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ട 27.12.22ന് നൽകിയ എൻക്വയറിക്ക് (നം.80/21-22) മറുപടി ലഭ്യമാക്കിയതുമില്ല. രേഖകൾ ഹാജരാക്കും വരെ ചെലവ് തുകയായ 3,44,000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-140 ആദ്യ ഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾ വീട് വാസയോഗ്യമാക്കിയില്ല.

നഗര ദാരിദ്ര്യ നിർമ്മാർജ്ജനസെൽ പ്രൊജക്ട് ഓഫീസർ , നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ഭവനപുനരുദ്ധാരണം, വീട് വാസയോഗ്യമാക്കൽ എന്നീ 7 പദ്ധതികളിലൂടെ 2021-2022 സാമ്പത്തിക വർഷം 8,44,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. മേൽ പദ്ധതികളിൽ ജനറൽ വിഭാഗത്തിന് രണ്ട് ഗഡുക്കളായി 1,00,000/- രൂപയും പട്ടികജാതി വിഭാഗക്കാർക്ക് രണ്ട് ഗഡുക്കളായി 1,50,000/- രൂപയും ധനസഹായം നൽകിയിരിക്കുന്നു. പ്രോജക്ട് നമ്പർ 41/22, 28/22 എന്നിവയിലെ ഗുണഭോക്താക്കൾ മാർച്ച് 2022 നകം നിർമ്മാണം പൂർത്തീകരിച്ചു കൊള്ളാമെന്ന് കരാർ ഉടമ്പടി ചെയ്തിട്ടുണ്ടെങ്കിലും ആദ്യ ഗഡു കൈപ്പറ്റിയ ചില ഗുണഭോക്താക്കൾ നിർമ്മാണം നടത്തി രണ്ടാം ഗഡുവിന് അപേക്ഷ സമർപ്പിച്ചതായി കാണുന്നില്ല. സ്പിൽ ഓവറായി നടപ്പാക്കിയിരിക്കുന്ന S0203/22, S0204/22, S0220/22, S0221/22, S0218/22 നമ്പർ പ്രോജക്ടുകളിലെ ഗുണഭോക്താക്കൾ നാളിതുവരെ വീട് വാസയോഗ്യമാക്കിയിട്ടില്ല.

1 പ്രോജക്ട് നം. : S0203/22, വീട് വാസയോഗ്യമാക്കൽ (ജനറൽ)

പദ്ധതി അടങ്കൽ : 75,25,000/-, വികസനഫണ്ട്

ചെലവ് : 50,00,000/-

മേൽ പദ്ധതി പ്രകാരം ആദ്യഗഡുവായി 50000/- രൂപ കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ പണിപൂർത്തീകരിച്ച് രണ്ടാം ഗഡുവിന് അപേക്ഷ സമർപ്പിച്ചിട്ടില്ല.

| ക്രമ നമ്പർ | ഡിവിഷൻ നമ്പർ | പേര് വിവരം | ആദ്യ ഗഡു കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | 3 | അനഘ പി, ചങ്കരം പൊന്നത്ത് | 16.01.2021 |
| 2 | 45 | വിമല വി, വട്ടേക്കാട്ട് | 03.03.2021 |
| 3 | 13 | മല്ലിക ദാമോദരൻ, കൊല്ലള്ളി | 16.03.2021 |
| 4 | 6 | സിന്ധു സജീവൻ, കാട്ടൂർ | 06.07.2021 |
| 5 | 44 | അമ്മിണി, താഴേക്കാട്ട് | 17.09.2021 |
| 6 | 14 | അമരാവതി, പടിഞ്ഞാറ്റ് | 28.09.2021 |
| 7 | 13 | എൽസി ജോസ്, കടവി | 07.10.2021 |

| | | | |
|---|---|---|---|
| 8 | 7 | കമല സി.കെ, ചവറാട്ടിൽ | 23.10.2021 |

2 പ്രോജക്ട് നം. : S0204/22, വീട് വാസയോഗ്യമാക്കൽ (പട്ടികജാതി വിഭാഗം)

പദ്ധതി അടങ്കൽ : 1,39,25,000/-, വികസനഫണ്ട് (എസ്.സി.പി)

ചെലവ് : 85,50,000/-

മേൽ പദ്ധതി പ്രകാരം ആദ്യഗഡുവായി 75000/- രൂപ കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ പണിപൂർത്തീകരിച്ച് രണ്ടാം ഗഡുവിന് അപേക്ഷ സമർപ്പിച്ചിട്ടില്ല.

| ക്രമ നമ്പർ | ഡിവിഷൻ നമ്പർ | പേര് വിവരം | ആദ്യ ഗഡു കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | 37 | സുമ മോഹൻദാസ്, നങ്ങേലിൽ | 06.07.2021 |
| 2 | 2 | അമ്മിണി പി.കെ, പാർളി | 16.08.2021 |
| 3 | 3 | ചന്ദ്രൻ കെ.കെ, കുന്നത്ത് | 06.09.2021 |
| 4 | 55 | ബിജു സി.എം, ചാച്ചേരി | 06.09.2021 |

3 പ്രോജക്ട് നം. : 41/22, ഭവനപുനരുദ്ധാരണം

പദ്ധതി അടങ്കൽ : 4,95,00,000/-, വികസനഫണ്ട് (എസ്.സി.പി)

ചെലവ് : 2,54,25,000/-

2021-22 സാമ്പത്തിക വർഷം ഭവന പുനരുദ്ധാരണത്തിന് മേൽ പദ്ധതി പ്രകാരം ആദ്യഗഡുവായി 75000/- രൂപ കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ പണിപൂർത്തീകരിച്ച് രണ്ടാം ഗഡുവിന് അപേക്ഷ സമർപ്പിച്ചിട്ടില്ല.

| ക്രമ നമ്പർ | ഡിവിഷൻ നമ്പർ | പേര് വിവരം | ആദ്യ ഗഡു കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | 41 | ലളിത ,കോലാട്ട് | 9.03.2022 |
| 2 | 22 | ലീല കുന്നമ്മത്ത് | 9.03.2022 |
| 3 | 31 | പ്രിയ അമ്പലപറമ്പിൽ | 9.03.2022 |
| 4 | 32 | ശാന്ത.എം കൊച്ചക്കാണ്ടി | 9.03.2022 |
| 5 | 35 | ജയപ്രകാശൻ സി.പി, ചേരിക്കാട്ടിൽ | 14.03.2022 |
| 6 | 44 | വള്ളിയമ്മ പി.കെ, പുലവത്തൂർ | 9.03.2022 |
| 7 | 42 | ബിനിത കെ.കെ, കോക്കിണി | 14.03.2022 |
| 8 | 8 | തങ്കമണി, ആറുംതല | 24.05.2022 |
| 9 | 23 | കുമാരൻ, തുപ്പാക്കൽ | 10.02.2022 |
| 10 | 4 | രാധാകൃഷ്ണൻ കൊട്ടാപ്പുറത്ത് | 24.05.2022 |
| 11 | 6 | ബിന്ദു കെ.ടി, കുറപ്പത്ത് വളപ്പിൽ | 25.06.2022 |

ഡിവിഷൻ 9 ലെ ഗുണഭോക്താവായ ശ്രീ. കൊച്ചുകുട്ടപ്പൻ ,വെളിയത്തിന് 10.02.2022 ന് രണ്ടാം ഗഡുവായി 75000/- രൂപ അനുവദിച്ചിട്ടുണ്ടെങ്കിലും ടി വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിരുന്നില്ല ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് അപാകത പരിഹരിച്ചു.

4 പ്രോജക്ട് നം. : 28/22, ഭവനപുനരുദ്ധാരണം

പദ്ധതി അടങ്കൽ : 6,53,00,000/-, വികസനഫണ്ട് (ജനറൽ)

ചെലവ് : 4,35,50,000/-

മേൽ പദ്ധതി പ്രകാരം ആദ്യഗഡുവായി 50,000/- രൂപ കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ പണിപൂർത്തീകരിച്ച് രണ്ടാം ഗഡുവിന് അപേക്ഷ സമർപ്പിച്ചിട്ടില്ല.

| ക്രമ | ഡിവിഷൻ | പേര് വിവരം | ആദ്യ ഗഡു |
|---|---|---|---|

| നമ്പർ | നമ്പർ | | കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | 9 | ലതിക, വടക്കാഞ്ചേരി | 23.12.2021 |
| 2 | 8 | മാധവികുട്ടി, മാങ്ങാട്ടുഞ്ഞാലിൽ | 1.01.2022 |
| 3 | 25 | സിന്ധു സുബ്രഹ്മണ്യൻ, ചക്കംതറ | 1.01.2022 |
| 4 | 31 | ഉഷ ജോയ്,തോലത്ത് | 11.01.2022 |
| 5 | 32 | വിജയൻ എം.വി, മേൽവീട്ടിൽ | 11.01.2022 |
| 6 | 51 | കമലം പി.എസ്, ക്ലൂത്തോട്ടുങ്ങൽ | 18.01.2022 |
| 7 | 42 | ഷീല ബാലൻ, കോട്ടിയാട്ടിൽ | 1.02.2022 |
| 8 | 46 | സുജീഷ് കെ.എസ്, കണ്ടംകുളത്തിൽ | 10.02.2022 |
| 9 | 42 | ചന്ദ്രമതി കെ, കല്ലാറ്റ് | 10.02.2022 |
| 10 | 31 | ജെസ്സി ആന്റണി, കാഞ്ഞിരപ്പറമ്പിൽ | 24.02.2022 |
| 11 | 7 | രവി കെ.കെ, കിഴക്കേപുരയ്ക്കൽ | 24.02.2022 |
| 12 | 41 | ദേവസ്സി ചിറ്റിലപ്പിള്ളി | 24.02.2022 |
| 13 | 32 | ബേബി, കേളാശ്ശേരി | 24.02.2022 |
| 14 | 55 | കുമാരി കെ.എം, പള്ളത്താട്ടിൽ | 24.02.2022 |
| 15 | 1 | ഇന്ദിര ഐ.കെ, വലിയപറമ്പിൽ | 28.02.2022 |
| 16 | 31 | റോസി, മാണിയേക്കൽ | 28.02.2022 |
| 17 | 21 | മാക്സ്‌വെൽ ജോയ്, ഒലക്കേങ്ങിൻ | 10.03.2022 |
| 18 | 24 | സുരേഷ് പി.എസ്, പുഴമ്പള്ളത്ത് | 10.03.2022 |
| 19 | 53 | രാജേഷ് എം.സി,മഠത്തിൽ | 10.03.2022 |
| 20 | 37 | ബാലൻ,അത്താണിക്കൽ | 10.03.2022 |
| 21 | 53 | തങ്കം, ചോഴിക്കാട്ടിൽ | 14.03.2022 |
| 22 | 23 | ഷാജി കുര്യൻ, വെളുത്തുക്കാരൻ | 14.03.2022 |
| 23 | 38 | സുനിൽ കുമാർ സി.ജി | 21.03.2022 |
| 24 | 38 | മേരി ജേക്കബ്, കുള | 21.03.2022 |
| 25 | 27 | മേരി അന്തോണി, ഇളയച്ചാട്ടിൻ | 21.03.2022 |
| 26 | 9 | കൊള്ളന്നൂർ പൊറിഞ്ചു വറീത് | 21.03.2022 |
| 27 | 13 | വത്സ പോൾസൺ, വടക്കേത്തല | 24.03.2022 |
| 28 | 14 | നഫീസ, അണ്ടത്തോട് | 24.03.2022 |
| 29 | 10 | വിനോദ് ടി.ബി, തെക്കൂട്ട് | 24.03.2022 |

| | | | |
|---|---|---|---|
| 30 | 50 | ഫിലോമിന തോമസ്, കോട്ടയ്ക്കൽ | 24.03.2022 |
| 31 | 22 | പ്രകാശൻ ഒ.പി, ഓണാട്ടിൽ | 24.03.2022 |
| 32 | 55 | ലക്ഷ്മി നാരായണൻ, കുന്നമ്പത്ത് | 25.03.2022 |
| 33 | 37 | സുധ വി.ജി, വടക്കൂട്ട് | 25.03.2022 |

5 പ്രോജക്റ്റ് നം. : 220/22, വീട് വാസയോഗ്യമാക്കൽ

പദ്ധതി അടങ്കൽ : 8,,00,000/-, വികസനഫണ്ട് (ജനറൽ)

ചെലവ് : 4,50,000/-

മേൽ പദ്ധതി പ്രകാരം ആദ്യഗഡുവായി 50,000/- രൂപ കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ പണിപൂർത്തീകരിച്ച് രണ്ടാം ഗഡുവിന് അപേക്ഷ സമർപ്പിച്ചിട്ടില്ല.

| ക്രമ നമ്പർ | ഡിവിഷൻ നമ്പർ | പേര് വിവരം | ആദ്യ ഗഡു കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | 41 | ഷിജി അജിത്ത്കുമാർ,കോലഴി | 9.07.2019 |
| 2 | 36 | അനന്തലക്ഷ്മി, കോവിലകത്ത് മഠം | 16.07.2019 |
| 3 | 38 | സുലൈമാൻ കെ.എം,കാരങ്കിൽ | 16.07.2019 |
| 4 | 48 | സാവിത്രി സുകുമാരൻ , ഊട്ടു മഠത്തിൽ | 9.08.2019 |
| 5 | 41 | ഓമന അയ്യപ്പൻ, ചിറ്റക്കാരൻ | 9.08.2019 |
| 6 | 48 | സിന്ധു എം.വി, മംഗലത്ത് | 9.08.2019 |
| 7 | 20 | ഓമന ബേബി, മാളിയേക്കൽ | 18.09.2019 |
| 8 | 3 | മോളി,പുന്നപ്പുഴ | 18.09.2019 |
| 9 | 1 | പ്രേമാവതി, മുളവാട്ടിൽ | 18.10.2019 |
| 10 | 54 | ജാനകി, വട്ടപ്പറമ്പിൽ | 26.12.2019 |

6 പ്രോജക്റ്റ് നം. : 221/22, വീട് വാസയോഗ്യമാക്കൽ

പദ്ധതി അടങ്കൽ : 12,,75,000/-, വികസനഫണ്ട് (എസ്.സി.പി)

ചെലവ് : 12,75,000/-

മേൽ പദ്ധതി പ്രകാരം ആദ്യഗഡുവായി 75000/- രൂപ കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ പണിപൂർത്തീകരിച്ച് രണ്ടാം ഗഡുവിന് അപേക്ഷ സമർപ്പിച്ചിട്ടില്ല.

| ക്രമ നമ്പർ | ഡിവിഷൻ നമ്പർ | പേര് വിവരം | ആദ്യ ഗഡു കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | 2 | മാതു , കൊല്ലത്ത് | 9.07.2019 |
| 2 | 30 | ശാന്ത കെ.ഐ, കുന്നങ്ങൽ | 29.07.2019 |
| 3 | 27 | ഓമനകുട്ടൻ, കളപുരക്കൽ | 21.08.2019 |
| 4 | 4 | വിനോദ് പി.ആർ, പരുവശ്ശേരി | 16.01.2021 |

7 പ്രോജക്റ്റ് നം. : 218/22, വീട് വാസയോഗ്യമാക്കൽ (പട്ടികജാതി വിഭാഗം)

പദ്ധതി അടങ്കൽ : 3,00,000/-, വികസനഫണ്ട് (എസ്.സി.പി)

ചെലവ് : 1,50,000/-

മേൽ പദ്ധതി പ്രകാരം ആദ്യഗഡുവായി 75000/- രൂപ കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താവ് പണിപൂർത്തീകരിച്ച് രണ്ടാം ഗഡുവിന് അപേക്ഷ സമർപ്പിച്ചിട്ടില്ല.

| ക്രമ നമ്പർ | ഡിവിഷൻ നമ്പർ | പേര് വിവരം | ആദ്യ ഗഡു കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | 53 | രാധ പി.എൻ, കാരേക്കാട്ടിൽ | 9.12.2019 |

നഗരപ്രദേശത്ത് താമസിക്കുന്നവരുടെ വീട് വാസയോഗ്യമാക്കി നൽകുവാൻ വർഷാവർഷങ്ങളിൽ നഗരസഭ പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്. മേൽ പദ്ധതികൾ പ്രകാരം തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ വർഷങ്ങൾ കഴിഞ്ഞിട്ടും വീട് വാസയോഗ്യമാക്കാതെ തുടരുന്നു. സർക്കാർ ധനസഹായം വേണ്ട രീതിയിൽ വിനിയോഗിക്കപ്പെടുന്നുവെന്ന് നിർവ്വഹണഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്. മേൽ ഗുണഭോക്താക്കളുടെ വീട് നിർമ്മാണം പൂർത്തിയാക്കുവാൻ നടപടി സ്വീകരിച്ച് പൂർത്തീകരണ വിവരം അറിയിക്കേണ്ടതാണ്.

മറ്റ് അപാകതകൾ

മേൽ പദ്ധതികളുടെ നിർവ്വഹണ ഉദ്യോഗസ്ഥനായ നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ പ്രോജക്ട് ഓഫീസർ, ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥർ 7-എ ക്യാഷ് ബുക്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെ വരവ് ചെലവ് വിവരം രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. പ്രോജക്ടുകളുടെ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ക്യാഷ് ബുക്ക്, രജിസ്റ്ററുകൾ എന്നിവ സർക്കാർ നിർദ്ദേശാനുസരണം എഴുതി സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം.36/21-22/7.12.2022

## 1-141 ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല

1. പ്രോജക്ട് നം. : S0907/22, ലക്ഷംവീട് ഒറ്റവീടാക്കൽ

പദ്ധതി അടങ്കൽ : 7,00,000/-, വികസനഫണ്ട് (ജനറൽ)

ചെലവ് : 2,40,000/-

നഗര ദാരിദ്ര്യ നിർമ്മാർജ്ജനസെൽ പ്രൊജക്ട് ഓഫീസർ നടപ്പാക്കിയിരുന്ന ലക്ഷം വീട് ഒറ്റവീടാക്കൽ എന്ന പദ്ധതി 2021-2022 സാമ്പത്തിക വർഷവും സ്പിൽ ഓവറായി പ്രോജക്ട് നമ്പർ S0907/22 ആയി നടപ്പാക്കിയിരിക്കുന്നു. മേൽ പദ്ധതിയിൽ ഉൾപ്പെട്ട താഴെ പറയുന്ന ഗുണഭോക്താക്കൾ വീട് നിർമ്മാണത്തിനായി വിവിധ ഗഡുക്കളായി തുക കൈപ്പറ്റിയിട്ടുണ്ടെങ്കിലും പണിപൂർത്തീകരിച്ചില്ല.

| ക്രമ നമ്പർ | ഡിവിഷൻ നമ്പർ | പേര് വിവരം | കൈപ്പറ്റിയ തുക | അവസാന ഗഡു കൈപ്പറ്റിയ തീയതി |
|---|---|---|---|---|
| 1 | 21 | റോസി ജോണി, ചൂലിശ്ശേരി | 3,60,000/- | 1.06.2020 |
| 2 | 29 | ക്ലാര, ചക്കാലക്കൽ | 3,60,000/- | 30.10.2019 |
| 3 | 46 | ശാന്ത, പള്ളിപ്പുറം | 3,40,000/- | 4.08.2022 |
| 4 | 21 | പുഷ്പം, തറയിൽ | 2,00,000/- | 14.10.2020 |
| 5 | 7 | രാഹേഷ്, വെങ്ങാശ്ശേരി | 3,60,000/- | 4.08.2022 |

2. പ്രോജക്ട് നം. : S0217/22, പട്ടികജാതിക്കാർക്ക് ഭവനനിർമ്മാണം

പദ്ധതി അടങ്കൽ : 4,00,000/-, വികസനഫണ്ട് (എസ്.സി.പി)

ചെലവ് : 80,000/-

മേൽ പദ്ധതി പ്രകാരം ഭവനനിർമ്മാണത്തിനായി തുക കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നമ്പർ | ഡിവിഷൻ നമ്പർ | പേര് വിവരം | കൈപ്പറ്റിയ തുക | അവസാന ഗഡു കൈപ്പറ്റിയ തീയതി |
|---|---|---|---|---|
| 1 | 29 | മാലതി, കുടത്തിങ്കൽ | 2,40,000/- | 17.07.2021 |
| 2 | 30 | കാളിക്കുട്ടി, മേപ്പുള്ളി | 1,20,000/- | 29.05.2017 |

ഭൂരഹിതരും ഭവനരഹിതരും ഇല്ലാത്ത സംസ്ഥാനമായി കേരളത്തെ മാറ്റുക എന്നത് പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ മുഖ്യ ലക്ഷ്യങ്ങളിലൊന്നാണ്. ഇതിനായി രൂപീകരിക്കപ്പെട്ട പദ്ധതികൾ അതിന്റെ ലക്ഷ്യപ്രാപ്തിയിൽ എത്തി ചേരുന്നതിന് നഗരസഭയുടെ ഇടപെടൽ അനിവാര്യമാണ്. നാളിതുവരെയായിട്ടും ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിന് സത്വര നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതും പണി പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

ഓഡിറ്റ് അന്വേഷണം നം.28/21-22/3.12.2022

## 1-142 ഗുണഭോക്താവിന്റെ പദ്ധതി വിഹിതം തെറ്റായി ക്രെഡിറ്റ് ചെയ്തു - പ്ലാൻ ഫണ്ടിൽ നിന്നും അധിക തുക ചെലവഴിച്ചു.

പ്രോജക്ട് നം. : So203/22, വീട് വാസയോഗ്യമാക്കൽ (ജനറൽ)

പദ്ധതി അടങ്കൽ : 75,25,000/-, വികസനഫണ്ട്

ചെലവ് : 50,00,000/-

നിർവഹണ ഉദ്യോഗസ്ഥൻ: പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ

നഗരസഭയുടെ ജനകീയാസൂത്രണ പദ്ധതിയായ വീട് വാസയോഗ്യമാക്കൽ പദ്ധതിയിലെ ഗുണഭോക്താവായ ശ്രീ.ചന്ദ്രൻ പി.ആർ, പടിഞ്ഞാറെ പുരയ്ക്കൽ (A/c No. 142010016757,Bank Of Baroda) എന്നവർക്ക്പദ്ധതി നമ്പർ 43/21 പ്രകാരം വ്യക്തിഗത ആനുകൂല്യമായി അനുവദിച്ച 50,000 രൂപ അക്കൗണ്ട് നമ്പർ തെറ്റായി എന്റർ ചെയ്തതിനാൽ പദ്ധതി ഗുണഭോക്താവല്ലാത്ത ശ്രീ. സുധീന്ദ്രൻ, കീളത്ത് , മനക്കൊടി ( A/c No. 142010016767) എന്നയാളുടെ അക്കൗണ്ടിലേയ്ക്ക് തെറ്റായി 18.03.2021ന് ക്രെഡിറ്റ് ചെയ്തു.സ്പിൽ ഓവറായി 2021-2022 വർഷം നടപ്പാക്കിയ So203/22 പദ്ധതിയിൽ നിന്നും ശ്രീ.ചന്ദ്രൻ പി.ആർ,ന് രണ്ടു ഗഡുക്കളായി 1,00,000/- രൂപ നൽകിയിട്ടുണ്ട്.

ശ്രീ.ചന്ദ്രൻ പി.ആർ, ന് 1-ാം ഗഡുവായി 50,000/- അനുവദിക്കുന്നതിനും പണിപൂർത്തീകരിക്കുന്ന മുറയ്ക്ക് ശ്രീ. സുധീന്ദ്രനിൽ നിന്നും ഈടാക്കുന്ന തുക 2-ാം ഗഡുവായി നൽകുന്നതിനും 18.10.2021 ൽ ഫയലിൽ ഉത്തരവായിട്ടുള്ളതാണ്. എന്നാൽ ശ്രീ. സുധീന്ദ്രനിൽ നിന്നും തുക തിരികെ ഈടാക്കുവാൻ മുനിസിപ്പൽ കോർപ്പറേഷന് ആയിട്ടില്ല.നിർമ്മാണം പൂർത്തീകരിച്ച ശ്രീ.ചന്ദ്രന് രണ്ട് ഗഡുക്കളായി 100000/ രൂപ നൽകിയതു വഴി വകയിരുത്തിയ തുകയിൽ നിന്നും 50,000/- അധികം ചെലവഴിച്ചു.

ചെലവഴിച്ച തുകയുടെ വിവരം താഴെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | ട്രഷറി ബിൽ നമ്പർ | തുക /തിയതി | ബിൽതുക | ബിൽ റഫറൻസ് നമ്പർ/ തിയതി |
|---|---|---|---|---|
| 43/21 | 198/20-21 | 50000/18.03.2021 | 500000 | 2030347001701258481/ 16.03.2021 |
| 203/22 | 84/21-22 | 50000/10.11.21 | 250000 | 21130347001700588695/30.10.2021 |
| 203/22 | 162/21-22 | 50000/24.01.22 | 50000 | 21130347001700966207/18.01.2022 |

ശ്രീ.സുധീന്ദ്രനിൽ നിന്നും തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിച്ച് വരികയാണെന്നാണ് ഓഡിറ്റ് അന്വേഷണത്തിന് നൽകിയ മറുപടിയിൽ പറഞ്ഞിരിക്കുന്നത്. ശ്രീ.സുധീന്ദ്രനിൽ നിന്നും തുക തിരികെ ഈടാക്കാതെ തന്നെ ശ്രീ.ചന്ദ്രന് രണ്ടാം ഗഡു അനുവദിച്ചിട്ടുള്ളതിനാൽ പ്ലാൻ ഫണ്ടിൽ നിന്നും 50,000/- രൂപ അധികം ചെലവഴിച്ചിട്ടുണ്ട്. അധികം ചെലവഴിച്ച 50000/- രൂപ കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം: 13 /21-22തീയതി: 28.11.2022

## 1-143 കുടുംബശ്രീ മെമ്പർ സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയിലെ അപാകതകൾ

പദ്ധതിയുടെ പേര്-ബാലസഭ പ്രവർത്തനങ്ങൾ

പ്രോജക്ട് നമ്പർ - SO 0 8/22

അടങ്കൽ - 200000(വികസനഫണ്ട്)

ചെലവഴിച്ചതുക - 121120

| തിയതി | ബിൽനമ്പർ/ റഫറൻസ് നമ്പർ | തുക |
|---|---|---|
| 26/3/22 | 21130347003201477145 | 121120 |

പ്രോജക്ട് നമ്പർ -SO- 08/22ബാലസഭ പ്രവർത്തനങ്ങൾ (ബിൽ നമ്പർ 14/22- വൗച്ചർ നം-22105179/26.03.2022) എന്ന പദ്ധതിപ്രകാരം 121120 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ടിൽ (വിവിധ വിഷയങ്ങളിൽ) പരിശീലനം, ക്യാമ്പ് എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 14/2/2018തിയതിയിലെ സ.ഉ.(കൈ)നം22/2018-പദ്ധതി മാർഗ്ഗരേഖ പ്രകാരം (8.4)- ഉൽപാദനപരമല്ലാത്ത പരിപാടികളായ ബോധവത്കരണ ക്യാമ്പയിനുകൾ, ക്യാമ്പുകൾ, മേളകൾ, ഉത്സവങ്ങൾ, സെമിനാറുകൾ, പഠന, ഉല്ലാസ-പഠന യാത്രകൾ, സമ്മേളനങ്ങൾ, കമാനങ്ങൾ നിർമ്മാണം തുടങ്ങിയവ തദ്ദേശസ്ഥാപനങ്ങൾ വികസന ഫണ്ട് ഉപയോഗിച്ച് ഏറ്റെടുക്കുവാൻ പാടില്ല.പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധമായാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്.ബാലസഭ കുട്ടികൾക്കായി 11/12/21 തിയതിയിൽ കുട നിർമ്മാണ പരിശീലനവും, 28/2/22 തിയതിയിൽ ബോധവത്കരണ ക്യാമ്പും നടത്തിയാണ് പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്.(ഭക്ഷണബില്ലുകൾ പ്രകാരം).

2. പരിശീലനം, ക്യാമ്പ് തുടങ്ങിയവ നടന്നത് തെളിയിക്കുന്ന രേഖകളൊന്നും തന്നെ ഹാജരാക്കിയിട്ടില്ല (അറ്റൻൻസ്,

ഫോട്ടോ, ബാനർ- തിയതി അടക്കമുള്ളത്, പ്രോഗ്രാം റിപ്പോർട്ട്.)

മേൽ അപാകതൾക്ക് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/21-22തീയതി:29 .11.2022) ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. ഓഡിറ്റ് എൻക്വയറി പ്രകാരം പ്രോജക്ട് നിർവഹണവുമായി ബന്ധപ്പെട്ട് ഹാജരാക്കിയ രേഖകൾ വിശ്വസനീയമല്ല.പദ്ധതി നടപ്പിലാക്കുന്നതിനോടനുബന്ധിച്ച് കുട നിർമ്മാണ പരിശീലനം, ക്യാമ്പ് തുടങ്ങിയവ നടന്നത് തെളിയിക്കുന്നതിന് ഹാജരാക്കിയ രേഖകളായ പ്രോഗ്രാം റിപ്പോർട്ട്, അറ്റന്റൻസ്, ഫോട്ടോ, പരിശീലന ഹോണറേറിയം കൈപ്പറ്റ് രസീത്, ബാനർ എന്നിവയിലൊന്നും തന്നെ തിയതി രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ പരിപാടി നടന്നതിന്റെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

നിർവഹണ ഉദ്യോഗസ്ഥന്റെ പ്രോഗ്രാം റിപ്പോർട്ടിൽ 62 കുട്ടികൾക്ക് കുട നിർമ്മാണത്തിൽ പരിശീലനം നേടി എന്നാണ് പറഞ്ഞിരിക്കുന്നത്. നൈസ് ആക്ടിവിറ്റി ഗ്രൂപ്പ്, വേളൂർക്കര കുടുംബശ്രീ CDS,അവിട്ടത്തൂരിൽ നിന്ന് പരിശീലനമെറ്റീരിയൽസ് (3Fold കുട നിർമ്മാണ കിറ്റ് 52 എണ്ണം-ബിൽനം.54/11-12-21-9620രൂപ) വാങ്ങുന്നതിനോടൊപ്പം തന്നെ 3 Fold കുട 175 എണ്ണവും ( ബിൽനം.55/11-12-21-45,500രൂപ) വാങ്ങിയിട്ടുണ്ട്. ആയത് സംബന്ധിച്ച് വിശദികരണം നൽകേണ്ടതാണ്. നെഹ്റു പാർക്കിൽ വച്ച് നടന്ന പരിപാടിയിൽ ബോധവത്കരണ ക്യാമ്പയിനിൽ പുസ്തകം,കുട എന്നിവ വിതരണം ചെയ്തിട്ടുണ്ട്. 14/2/2018 തിയതിയിലെ സ.ഉ.(കൈ)നം22/2018-പദ്ധതി മാർഗ്ഗരേഖ പ്രകാരം (5.5) പട്ടിക വർഗ്ഗ വിദ്ധ്യാർത്ഥികൾക്ക് ഒഴികെ പുസ്തകം, കുട മുതലായ പഠനോപകരണങ്ങൾ നൽകാൻ പാടുള്ളതല്ലപദ്ധതി രൂപീകരണ ത്തിനുള്ള മാനദണ്ഡങ്ങൾ പാലിക്കാതെ ക്യാമ്പയിൻ മാത്രമായി 125000 (75000 (പരിശീലനം)+ 125000 (ക്യാമ്പയിൻ) =200000) ഉൾപ്പെടുത്തിയാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. പ്രൊജക്റ്റ് നിർദ്ദേശങ്ങൾക്ക് വിരുദ്ധമായാണ് നിർവഹണ ഉദ്യോഗസ്ഥൻ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്.

കോവിഡ് മഹാമാരിയ്ക്ക് ശേഷം നടന്ന ബാലസഭ പരിശീലന പരിപാടിയിൽ(11/12/21 തിയതിയിൽ കുട നിർമ്മാണം-60 അറ്റന്റൻസ്) കുട്ടികളുടെ പങ്കാളിത്തം കുറവായിരുന്നു എന്നാണ് ഹാജരാക്കിയ രേഖകളുടെയും,മറ്റ് അന്വേഷണങ്ങളിലൂമായി ഓഡിറ്റിന് മനസ്സിലാക്കാൻ സാധിച്ചത്.ടി പരിപാടിയിൽ പങ്കെടുത്ത കുട്ടികളുടെ എണ്ണത്തിനേക്കാൾ കൂടുതൽ പേർക്ക് ഭക്ഷണത്തിന് തുക ചെലവഴിച്ചതായി{ (100*120=12000)-(60*120=7200)= 4800രൂപ)} കാണുന്നു.പദ്ധതി പ്രൊജക്റ്റ് പ്രകാരം 2 യൂണിറ്റ് (2*100) പരിശീലനത്തിന് 75000 രൂപയാണ് വകയിരിത്തിയിരിക്കുന്നത്, അതായത് ഒരു യൂണിറ്റ് പരിശീലനത്തിന് ചെലവഴിക്കാവുന്ന തുക 37500 രൂപ എന്നാൽ 11/12/2021 കുട നിർമ്മാണ പരിശീലന പരിപാടിക്ക് 69120/ രൂപ ചെലവഴിച്ചിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കുട നിർമ്മാണം പരിശീലനം (11/12/21) | | | |
|---|---|---|---|
| ഇനം | എണ്ണം | നിരക്ക് | തുക |
| ഭക്ഷണചെലവ് | 100 | 120 | 12000 |
| കുടനിർമ്മാണം പരിശീലനം ഹോണറേറിയം | 2 | 1000 | 2000 |
| പരിശീലന മെറ്റീരിയൽസ് | 52 | 185 | 9620 |
| 3 Fold കുട | 175 | 260 | 45500 |
| ആകെ | | | 69120 |

നൈസ് ആക്ടിവിറ്റി ഗ്രൂപ്പ് ,വേളൂർക്കര കുടുംബശ്രീ CDS, അവിട്ടത്തൂരിൽ നിന്നും വാങ്ങിയ 3 Fold കുട (175 എണ്ണം - ബിൽനം.55/11-12-21-45,500രൂപ) കുടനിർമ്മാണ പരിശീലനത്തിൽ പങ്കെടുത്ത കുട്ടികൾക്കും, ബോധവത്കരണ ക്യാമ്പയിനിൽ വച്ച് എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷയിൽ ഉന്നത വിജയം നേടിയ ബാല സഭ കുട്ടികൾക്ക് പുസ്തകതൊടൊപ്പം കുടയും വിതരണം ചെയ്തു എന്നാണ് മറുപടി നല്കിയിരിക്കുന്നത് (ഓഡിറ്റ് എൻക്വയറി നം 39/21-22 തീയതി: 09.12.2022 ) കുട നിർമ്മാണ പരിശീലനപരിപാടിയിൽ കുട നിർമ്മാണ മെറ്റീരിയൽസ് ഉപയോഗിച്ച് കുട്ടികൾക്ക് കുട നിർമ്മിക്കുന്നതിനുള്ള പരിശീലനം നൽകുകയാണ് ചെയ്യേണ്ടത്. കുട നിർമ്മാണ പരിശീലനത്തിൽ പങ്കെടുത്ത കുട്ടികൾക്ക് കുട വിതരണം ചെയ്തതും, ബോധവത്കരണ ക്യാമ്പയിനിൽ വച്ച് കുട, നോട്ട്പുസ്തകം എന്നിവ വിതരണം ചെയ്തതും ശരിയായ നടപടിയല്ല.ആയതിനാൽ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ നിർവഹണോദ്യോഗസ്ഥൻ ബോധവത്കരണ ക്യാമ്പ് നടത്തുന്നതിനായി ചെലവഴിച്ച 52000രൂപ , കുട നിർമ്മാണംപരിശീലന പരിപാടിയിൽ അധികം ചെലവഴിച്ച ഭക്ഷണ ചെലവ് തുക 4800രൂപ, കുട്ടികൾക്ക് വിതരണം ചെയ്യാനായി വാങ്ങിയ കുടയുടെ ബിൽ തുക 45500 രൂപ എന്നിവ ചേർത്ത് 102300/ രൂപ നിരാകരിക്കുന്നു.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

| ക്രമനമ്പർ | വിശദാംശങ്ങൾ | ബിൽ നമ്പർ | ബിൽ തുക | റിമാർക്സ് |
|---|---|---|---|---|
| | കുട നിർമ്മാണം ഭക്ഷണം<br>കുടുംബശ്രീ കാന്റീൻ | ബിൽനം - *<br>തി.11/12/21<br>(100*120)-12000 | 4800<br>(12000-7200) | കുടനിർമ്മാണം<br>പരിശീലന പരിപാടിയിൽ ഭക്ഷണചെലവ് അധികം (അറ്റന്റൻസ് പ്രകാരം – 60കുട്ടികൾ പങ്കെടുത്തു) |
| 1 | കുട -<br>(175എണ്ണം)<br>നൈസ് ആക്ടിവിറ്റി ഗ്രൂപ്പ് വേളൂർക്കര | ബിൽനം.55<br>(തി.11-12-2021)<br>175*260 | 45,500 | |
| 2 | നോട്ട്പുസ്തകം-(700എണ്ണം)<br>മിനി ഓഫ് സെറ്റ് പ്രിന്റിംഗ് പ്രസ്സ് അയ്യന്തോൾ | ബിൽനം*<br>(തി.28/2 /2022)<br>700*40 | 28000 | ബോധവത്കരണ ക്യാമ്പ് (അറ്റന്റൻസ് പ്രകാരം -105കുട്ടികൾ പങ്കെടുത്തു) |

| | | | | |
|---|---|---|---|---|
| 3 | ബോധവത്കരണ ക്യാമ്പയിൻ-ഭക്ഷണം<br>കുടുംബശ്രീ കാന്റീൻ | ബിൽനം - *<br>തി.28/2/22<br>(200*120) | 24000 | |
| | ആകെ | | 102300 | |

സർക്കാർ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന വേളയിൽ തുക ചെലവഴിക്കുന്നതിന്ന മാത്രമായി സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ ഇത്തരം പദ്ധതികൾ രൂപീകരിച്ച് പണം ദുർവ്യയം ചെയ്യാതെ വികസന പ്രവർത്തനങ്ങൾ അനിവാര്യമായ മേഖലകൾക്ക് ഊന്നൽ നല്കി പദ്ധതികൾ തയ്യാറാക്കാൻ ബന്ധപ്പെട്ട അധികാരികൾ ശ്രദ്ധ ചെലുത്തേണ്ടതാണ്. സർക്കാർ മാർഗ്ഗനിർദ്ദേശത്തിന് വിരുദ്ധമായി ചെലവഴിച്ച തുകയും, അധികമായ ചെലവഴിച്ച തുകയും ചേർത്ത് 102300/- രൂപ ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്ന് തിരിച്ച് പിടിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-144 വയബിലിറ്റി ഗ്യാപ്പ് ഫണ്ട് എന്ന പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ

കുടുംബശ്രീ മെമ്പർ സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ഹരിത കർമ്മ സേനക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ട് എന്ന പദ്ധതിയിലെ അപാകതകൾ

പ്രോജക്ട് നമ്പർ - SO 112/22

പദ്ധതി അടങ്കൽ - 1000000(വികസനഫണ്ട്)

ചെലവഴിച്ചതുക - 183600

| തിയതി | ബിൽനമ്പർ/ റഫറൻസ് നമ്പർ | തുക |
|---|---|---|
| 26/3/22 | 21130347003201479700 | 183600 |

ഹരിതകർമ്മ സേന വയബിലിറ്റി ഗ്യാപ്പ് ഫണ്ട് ആയി 183600(8*15300) ചെലവഴിച്ചിട്ടുണ്ട്.

1.വയബിലിറ്റ് ഗ്യാപ്പ് ഫണ്ട് ഹരിതകർമ്മസേന അംഗത്തിന്റെ അക്കൗണ്ടിലേക്കാണ് അനുവദിച്ചിരിക്കുന്നത്.ആയത് ശരിയായ നടപടിയല്ല.സ.ഉ.നം 1496/2020 തിയതി12/08/2020 പ്രകാരം വയബിലിറ്റി ഗ്യാപ്പ് ഫണ്ട് ഹരിതകർമ്മ സേന കൺസോർഷ്യം/ഹരിതകർമ്മ സേന എന്നിവയുടെ അക്കൗണ്ടിലേക്കാണ് അനുവദിക്കേണ്ടത്.

2.സരസ്വതി .എ.എം (വൈഗ ഹരിതകർമ്മ സേന-15300 )-എന്നവരുടെ ബാങ്ക് അക്കൗണ്ട് നമ്പർ തെറ്റായതിനാൽ ബിൽ ക്രെഡിറ്റ് സ്റ്റാറ്റസ് (UTR No.RBI 0912287444853) Retun To Government Account എന്നാണ് കാണിച്ചിരിക്കുന്നത്. മേൽ പറഞ്ഞ തുക ഗുണഭോക്താവിന് ലഭ്യമായിട്ടുള്ളതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്

3.പ്രോജക്ട് നിർവഹണവുമായി ബന്ധപ്പെട്ട ഹാജരാക്കിയ രേഖകൾ കൃത്യതയോടും ആധികാരികതയോടും കൂടി സൂക്ഷിച്ചിക്കുന്നില്ല.

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ( നം.40 തീയതി : 9.12.2022) ഹരിതകർമ്മ സേനയുടെ എല്ലാ ഗ്രൂപ്പുകൾക്കും ഗ്രൂപ്പിന്റെ പേരിൽ അക്കൗണ്ട് ഇല്ലാത്തതിനാലാണ് ഹരിത കർമ്മ സേന അംഗത്തിന്റെ അക്കൗണ്ടിലേക്ക് അനുവദിച്ചിരിക്കുന്നതെന്നും (ക്രമ നം.1), സരസ്വതി.എ.എം. ന് തുക ലഭ്യമാക്കുന്നതിനായി ട്രഷറിഓഫീസർക്ക് കത്ത്നല്കിയിട്ടുണ്ടെന്നുമാണ് (ക്രമ നം.2) മറുപടി നല്കിയിരിക്കുന്നത്. സർക്കാർ നിബന്ധകൾക്ക് വിധേയമായി പദ്ധതി നടപ്പിൽ വരുത്തുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതും മേൽ അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതുമാണ്. പ്രോജക്ട് നിർവഹണവുമായി ബന്ധപ്പെട്ട രേഖകൾ നിർവഹണോദ്യോഗസ്ഥൻ കൃത്യതയോടും ആധികാരികതയോടും കൂടി സൂക്ഷിക്കേണ്ടതാണ്.

## 1-145 മരാമത്ത് ഫയലുകളുടെ പരിശോധന – പൊതു അപാകതകൾ

1) 2021-22 സാമ്പത്തിക വർഷത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ ആകെ 943 പ്രൊജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇതിൽ 455 പ്രൊജക്ടുകളാണ് നടപ്പിലാക്കിയിട്ടുള്ളത്. ദീർഘവീക്ഷണമില്ലാതെയും,പ്രായോഗികമല്ലാതെയും പദ്ധതി ആസൂത്രണം ചെയ്യുകയും നടപ്പിലാക്കാൻ ശ്രമിയ്ക്കുകയും ചെയ്യുന്നതിന്റെ ഫലമായാണ് വിവിധ ഇനത്തിൽ വകയിരുത്തിയ ഫണ്ടുകൾ പാഴായിപ്പോയിട്ടുള്ളത്.ജനങ്ങൾക്ക് പ്രയോജനപ്രദമായ പദ്ധതികൾ ഏറ്റെടുക്കുന്നതിനും സ്ത്രീജീവനക്കാർ വളരെയധികം ഉള്ള കോർപ്പറേഷനിൽ ഇൻസിനറേറ്റർ കണ്ടിജന്റ് വിഭാഗം സ്ത്രീജീവനക്കാർക്ക് ജോലിസമയം കഴിഞ്ഞു ഭക്ഷണം കഴിയ്ക്കുന്നതിനും യൂണിഫോം മാറ്റുന്നതിനുമായി വായുസഞ്ചാരമുള്ളതും അടച്ചുറപ്പുള്ളതുമായ ഒരു വിശ്രമമുറി പോലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും ഭരണസമിതിയും മരാമത്തുവിഭാഗം ഉദ്യോഗസ്ഥരും ശ്രദ്ധചെലുത്തേണ്ടതാണ്.

പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ആകെ അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | ആകെ അടങ്കൽ തുക | ചെലവ് തുക | ബാക്കി തുക | ശതമാനം |
|---|---|---|---|---|---|
| 943 | 455 | 1529219822 | 360270153 | 1168949669 | 24% |

2) സെക്യൂരിറ്റി രജിസ്റ്റർ, ടെണ്ടർ ഫോം സ്റ്റോക്ക് രജിസ്റ്റർ, അളവുപുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ, പ്രോജക്ട് രജിസ്റ്റർ, റോഡ്

രജിസ്റ്റർ, അടങ്കൽ അനുമതി രജിസ്റ്റർ, വകുപ്പുതല സാധനങ്ങളുടെ സ്റ്റോക്കിന്റെയും വിതരണത്തിന്റെയും രജിസ്റ്റർ, റോഡ് കൺക്റ്റിവിറ്റി മാപ്പും, പ്ലാനും എന്നിവ ഹാജരാക്കിയിട്ടില്ല. ടെണ്ടർ രജിസ്റ്റർ, എഗ്രിമെന്റ് രജിസ്റ്റർ എന്നിവയിൽ മുഴുവൻ കോളങ്ങളും പൂരിപ്പിക്കുന്നില്ല. സെക്യൂരിറ്റി രജിസ്റ്ററിൽ പ്രവൃത്തി പൂർത്തീകരിച്ച തിയ്യതി, ഡിഫക്ട് ലയബിലിറ്റി കാലയളവ്, സെക്യൂരിറ്റി തിരിച്ചു നൽകേണ്ട തിയ്യതി എന്നിങ്ങനെ ആവശ്യമായ എല്ലാ വിവരങ്ങളും ചേർത്ത് രജിസ്റ്റർ എഴുതേണ്ടതാണ്.

3) പ്രവൃത്തിബില്ലുകൾ വൗച്ചർ നമ്പർ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

4) കാഷ് ബുക്കിൽ ചെക്ക്/ട്രഷറി ബിൽ നമ്പർ, തീയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

5) കാഷ് ബുക്കിലെ രേഖപ്പെടുത്തലുകൾ എക്സിക്യൂട്ടീവ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല.

പ്രവൃത്തി ബില്ലുകൾ ടാഗ് ചെയ്ത് ക്രമപ്രകാരം അടുക്കിവെച്ച് സൂക്ഷിക്കാതെ അളവ് പുസ്തകങ്ങൾക്കുള്ളിലും ഫയലുകൾക്കകത്തും അലക്ഷ്യമായാണ് സൂക്ഷിച്ചിട്ടുള്ളത്.

7) നഗരസഭയുടെ ആസ്തികളുടെ വിവരം രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്ററിൽ കാലാകാലങ്ങളിലുള്ള വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. മിക്ക ആസ്തികളുടെ അപൂർണ്ണമായ വിവരങ്ങൾ ആണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്.

## 1-146 മരാമത്ത് പ്രവർത്തികൾ വിഭജിച്ച് നടത്തുന്നത് ക്രമവിരുദ്ധം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം നടത്തുന്നത് 1997ലെ കേരളാ പഞ്ചായത്ത് രാജ്/ മുനിസിപ്പാലിറ്റി(പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് )ചട്ടങ്ങൾ,2012ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ (ജിഒ(പി)13/2012/പിഡബ്ല്യുഡി/ 01.02.2012) എന്നിവയുടെയും അനുബന്ധ സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിലാണ്. പ്രൊജക്ട് തയ്യാറാക്കൽ മുതൽ പ്രവൃത്തി പൂർത്തികരണം വരെ ഓരോ ഘട്ടത്തിലും ഇത് പാലിക്കേണ്ടതുണ്ട്.

ഓരോ വർഷവും നടത്തുവാൻ ഉദ്ദേശിക്കുന്ന പൊതുമരാമത്ത് പ്രവൃത്തികളുടെ പട്ടിക മുൻഗണന ക്രമത്തിൽ സാമ്പത്തിക വർഷാരംഭത്തിൽ തന്നെ തയ്യാറാക്കി അടങ്കൽ തുക കണക്കാക്കേണ്ടതാണ്. എസ്റ്റിമേറ്റിന്റെ റഫ് കോസ്റ്റ് തയ്യാറാക്കേണ്ടത് എഇ ആണ്. ഒരു പ്രൊജക്ട് തയ്യാറാക്കുമ്പോൾ അനുബന്ധ സൌകര്യങ്ങളായ വൈദ്യുതീകരണം, ജലലഭ്യത, പ്രൊജക്ടിന് ആവശ്യമായ യന്ത്ര സാമഗ്രികൾ തുടങ്ങി എല്ലാ ഘടകങ്ങളും ഒരേ പ്രൊജക്ടിൽ ഉൾപ്പെടുത്തേണ്ടതാണ് എന്നും നിഷ്കർഷിക്കുന്നുണ്ട്.ഒരു ലക്ഷം രൂപ വരെയുള്ള പ്രവൃത്തികൾക്ക് പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അനുമതിയും അതിന് മുകളിലുള്ള ചെലവുകൾക്ക് ഭരണസമിതിയുടെ അനുവാദവുമാണ് ചട്ടപ്രകാരം ആവശ്യമായത്.

ഇ-ടെന്റർ ഒഴിവാക്കുക വഴി മത്സരാധിഷ്ഠിത രീതിയിൽ കരാറുകാരെ കണ്ടെത്താനോ, നെഗോസിയേഷൻ ചെയ്യാനോ ഗുണനിലവാരം നഷ്ടമാവാതെ, കുറഞ്ഞ ചെലവിൽ പ്രവർത്തി നടത്തുവാനോ കഴിയാതെ വരുന്നു.

സ.ഉ.(പി)നം.66/2022/ധന/17.6.22 നം. ഉത്തരവ് പ്രകാരം എല്ലാ മരാമത്ത് പ്രവൃത്തികൾക്കും ഇ-ടെന്റർ ബാധകമാക്കി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ,പിഡബ്ല്യുഡി മാന്വൽ സെക്ഷൻ 2016 പ്രകാരം 31.03.2023വരെ നടപ്പാക്കുന്ന അഞ്ച് ലക്ഷം രൂപ വരെയുള്ള പ്രവൃത്തികൾ ഇ-ടെന്റർ മുഖേന നടപ്പിലാക്കുന്നതിൽ നിന്നും ഒഴിവാക്കുന്നതിന് കെഡി/എസ്എസ്എൽ 204/2022/ ഡബ്ല്യുഎൻ/ 20.11.22 നം. ഉത്തരവിൽ ഇളവ് നൽകിയിട്ടുണ്ട്. അതിന് ശേഷം നടപ്പാക്കപ്പെട്ട ചില പദ്ധതികളാണ് താഴെ ചേർത്തിട്ടുള്ളത്.

വൈദ്യുതീകരണം

| ക്രമ നം | പ്രൊജക്ട് നം. / വിഷയം | അടങ്കൽ തുക | ചെലവ് തുക |
|---|---|---|---|
| 1 | 1137-21/മെയിൻ ഓഫീസ് പൂന്തോട്ടം വൈദ്യുതീകരണം | 499000 | 493241 |
| 2 | 1140-21/മെയിൻ ഓഫീസ് വൈദ്യുതീകരണം | 498000 | 485336 |
| 3 | 1121-21/മെയിൻ ഓഫീസ് പിഎംഎവൈ , പെൻഷൻ വിഭാഗം വൈദ്യുതീകരണം | 208000 | 205434 |
| 4 | 599-21/മെയിൻ ഓഫീസ് ഹെൽത്ത് ഓഫീസറുടെ മുറി, അമൃത് സെക്ഷൻ ഇലക്ട്രിക്കൽ കമ്മിറ്റി മുറി, സെക്രട്ടറിയുടെ പിഎ,സിഎ എന്നിവരുടെ മുറി വൈദ്യുതീകരണം | 490000 | 452022 |
| 5 | 591-21/എഞ്ചിനീയറിംഗ് വിഭാഗം-ഫാൻ, ലൈറ്റിംഗ് മെയിന്റനൻസ് | 490000 | 489350 |
| 6 | മെയിൻ ഓഫീസ് യുപിഎസ് ലാന്റ് കണക്ഷൻ റീവയറിംഗ് | 490000 | 489823 |

ഇന്റീരിയർ വർക്ക്

| ക്രമ നം. | പ്രൊജക്ട് നം. / വിഷയം | അടങ്കൽ തുക | ചെലവ് തുക |
|---|---|---|---|
| 1 | 659/21 – മേയറുടെ ചേംബർ ഇന്റീരിയർ വർക്ക് | 44759 | 44759 |

| | | | |
|---|---|---|---|
| 2 | 662/21-മേയറുടെ പിഎയുടെ ചേംബർ ഇന്റീരിയർ വർക്ക് | 498500 | 492426 |

പുനരുദ്ധാരണ പ്രവർത്തികൾ

| ക്രമ നം. | പ്രൊജക്റ്റ് നം. / വിഷയം | അടങ്കൽ തുക | ചെലവ് തുക |
|---|---|---|---|
| 1 | 383-21/മെയിൻ ഓഫീസ് പ്ലാനിംഗ് വിഭാഗം, സെക്രട്ടറിയുടെ മുറിയുടെ മുൻവശം അറ്റകുറ്റപ്പണി | 351324 | 351324 |
| 2 | 1225-21/ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മുറി അറ്റകുറ്റപ്പണി | 33000 | 32537 |
| 3 | 384-21/ പിഎംഎവൈ സെക്ഷൻ മെയിന്റനൻസ് | 360259 | 360259 |
| 4 | 653-21/റവന്യൂ സെക്ഷൻ ബിൽ കളക്ഷൻ ഭാഗം പുനരുദ്ധാരണം | 498000 | 495181 |
| 5 | 658-21/റവന്യൂസെക്ഷൻ മേൽക്കൂര പുനരുദ്ധാരണം. | 498000 | 497849 |

മുഖ്യ കാര്യാലയം സൗന്ദര്യവത്ക്കരണം

| ക്രമ നം. | പ്രൊജക്റ്റ് നം. / വിഷയം | അടങ്കൽ തുക | ചെലവ് തുക |
|---|---|---|---|
| 1 | 1145/21മെയിൻ ഓഫീസ് സൗന്ദര്യവത്ക്കരണം | 495000 | 493639 |
| 2 | 358-21/മെയിൻ ഓഫീസ് നവീകരണം | 6039336 | 6039336 |
| 3 | മെയിൻ ഓഫീസ് മുഖ്യകവാടം പടിവാതിൽ നിർമ്മാണം | 495000 | 494589 |
| 4 | മെയിൻ ഓഫീസ് മുൻവശം മെയിന്റനൻസ് -ക്യാറ്റിൽ ട്രാപ്പ് സ്ഥാപിക്കൽ | 495000 | 465790 |
| 5 | 537-21/മെയിൻ ഓഫീസ് ക്ലോക്ക് ടവർ, ആർച്ച് അലങ്കാരപ്പണികൾ,അറ്റകുറ്റപ്പണി | 498000 | 483043 |
| 6 | 543-21/മെയിൻ ഓഫീസ് ക്ലോക്ക് ടവർ അറ്റകുറ്റപ്പണി | 498000 | 462614 |

മേൽപറഞ്ഞ ഒരേ ഗണത്തിലുള്ള പ്രവൃത്തികളുടെ ചെലവ് തുക എല്ലാം തന്നെ 5 ലക്ഷത്തിൽ അധികരിക്കാതെയാണ് അടങ്കൽ തയ്യാറാക്കിയിട്ടുള്ളത്. ക്രമവിരുദ്ധമായ നടപടി ആവർത്തിക്കാതിരിക്കുവാൻ ചുമതലപ്പെട്ട അധികാരികളുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-147 ഡിവിഷൻ 35 ശക്തൻ മാർക്കറ്റിൽ ടേക്ക്-എ-ബ്രേക്ക് പദ്ധതി-പൊതുശൗചാലയ നിർമ്മാണം-അപാകതകൾ

പ്രോജക്റ്റ് നം-1339/21 , പ്രോജക്റ്റ് നം-379/22,പ്രോജക്റ്റ്-നം-308/22

ഫയൽനം-pw3-34771/20

നിർവ്വഹണ ഉദ്യോഗസ്ഥർ-എക്സിക്യൂട്ടീവ് എഞ്ചിനീയർ-1&എക്സിക്യൂട്ടീവ് എഞ്ചിനീയർ-II

എഗ്രിമെന്റ് നം-49/EE1/20-21/dtd:30.01.2021

ഭരണാനുമതി-

സാങ്കേതിക അനുമതി-TS84006/2021/2.11.2020

അടങ്കൽ തുക-30,67,000/-

ചെലവു തുക- 28,79,481/-(ട്രഷറി റഫറൻസ് നം-211303000000013853)
(ചെക്ക്നം-225689/25.03.2022-27,74,641/-)

പൂർത്തീകരണ കാലയളവ്-6മാസം

കരാറുകാരൻ :ശ്രീ.ഷാജൻ കെ.പി.

എംബുക്ക് നം-(1)50D/20-21, (2)127A/20-21,(3)49D/20-21

ഡിവിഷൻ 35ൽ ശക്തൻ മാർക്കറ്റിൽ ടേക്ക്-എ-ബ്രേക്ക് പദ്ധതിയിൽപ്പെടുത്തി ടോയലറ്റ് ബ്ലോക്ക് പണിയുന്നതിനായി 2020-21വർഷം ആരംഭിച്ച പദ്ധതിയാണിത്.

ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) പ്രസ്തുത പദ്ധതിയ്ക്കായി Eദർഘാസ് പരസ്യത്തിൽ (EE/2021)2020-21 തനതുഫണ്ടിൽ ഉൾപ്പെടുത്തിയും

ഏറ്റെടുത്തിട്ടുള്ളതുമായ പൊതുമരാമത്ത് പ്രവർത്തികൾക്ക് ഓൺലൈൻ മുഖാന്തിരം മത്സര സ്വഭാവമുള്ള ഇ-ദർഘാസുകൾ അംഗീകൃതകരാറുകാരിൽ നിന്നും ക്ഷണിച്ചിട്ടുണ്ട്. പ്രസ്തുത ടെണ്ടറിൽ തന്നെ പ്രോജക്ട് നം-1378/21(ഫയൽ നം-pw2-34711/20)ഡിവിഷൻ 39ൽ റെസ്റ്റിംഗ് പ്ലേസ് അറ്റ് പൂങ്കുന്നം(take A Break) അടങ്കൽ 2425465/- രൂപയും, പ്രോജക്ട് നം-1379/21 (ഫയൽ നം-pw6-34716/20) ഡിവിഷൻ 39 Resting Place At കൊക്കാല (Take A Break) അടങ്കൽ 2155291/- രൂപയും, ഡിവിഷൻ 36ലെ പ്രസ് ക്ലബ് റോഡിൽ ടോയലറ്റ് ബ്ലോക്ക് നിർമ്മാണം (Take A Break) അടങ്കൽ 1104952/-രൂപയും ടെണ്ടർ ചെയ്തിട്ടുണ്ട്.ആയതിൽ കൊക്കാലയിൽ ടോയലറ്റ് ബ്ലോക്ക് പണി പൂർത്തീകരിച്ചതായി കാണുന്നു. മറ്റ് രണ്ട് പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കേണ്ടതാണ്. ഒരേ ഡിവിഷനിൽ തന്നെ രണ്ടു ടോയലറ്റ് ബ്ലോക്കുകൾ നിർമ്മിയ്ക്കുന്നതിന്റെ ആവശ്യകതയും വിശദീകരിയ്ക്കേണ്ടതാണ്.

2) 23.01.2021 ലെ കൗൺസിൽ തീരുമാനം നമ്പർ64 പ്രകാരം ശ്രീ.ഷാജൻ.കെ.പി.യുടെ കരാർ26,69,844.72/- രൂപയുടെ ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്.കരാറുകാരൻ എക്സിക്യൂട്ടീവ് എഞ്ചീനീയറുമായി 30.01.2021ൽ 49/EE1/20-21-ാം നമ്പർ കരാർ ചമച്ചിട്ടുണ്ട്.കരാറുകാരന് ഫൈനൽ ബിൽ നല്കുന്ന വേളയിൽ 27,74,641/-രൂപയുടെ ബില്ലാണ് തയ്യാറാക്കിയിട്ടുള്ളതായി കാണുന്നത്.കരാറുകാരൻ ക്വാട്ട് ചെയ്തതിലും അധികം തുക നല്കാനിടയായിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.ഫയൽ പരിശോധനയിൽ എസ്റ്റിമേറ്റ് പ്രോബബിൾ എമൗണ്ട് ഓഫ് കോൺട്രാക്ട് തുകയേക്കാൾ കൂടുതൽ തുക ക്വാട്ട് ചെയ്തത് കോർപ്പറേഷൻ അംഗീകരിച്ചതായും പിന്നീട് കരാറുകാരനിൽ നിന്നും PAC യിൽ നിന്നും കുറഞ്ഞ തുകയ്ക്ക് പ്രവൃത്തി ചെയ്തുകൊള്ളണമെന്ന സമ്മതപത്രം എഴുതി വാങ്ങിയതായി കാണുന്നു. ഇപ്രകാരം സംഭവിയ്ക്കാനുണ്ടായ കാരണം വിശദമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നല്കിയ എൻക്വയറിയ്ക്ക് മറുപടി നല്കിയിട്ടില്ല

3)തൃശ്ശൂർ കോർപ്പറേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 6.12.2021 ലെ തിരുവനന്തപുരം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്കുള്ള PW6/34771/20 -ാം നമ്പർ കത്തിൽ ശക്തൻ മാർക്കറ്റിൽ പൂർത്തീകരിച്ചിട്ടുള്ള ടോയ്‌ലറ്റ് ബ്ലോക്കുകൾക്ക് 28,79,481/-രൂപയുടെ ഫൈനൽ ബിൽ തയ്യാറാക്കിയിട്ടുള്ളതും, ആയതിനായി 30,67,000/- രൂപ സംസ്ഥാനാവിഷ്കൃത പരിപാടിയായ ശുചിത്വമിഷൻ ഫണ്ട് 2021-22വാർഷിക പദ്ധതിയിൽ വകയിരുത്തിയിട്ടുള്ളതുമാണെന്നും,ടി പ്രവൃത്തിയുടെ ഒന്നാം പാർട്ട്ബിൽ തുകയായ6,26,303/- രൂപ അനുവദിയ്ക്കുന്നതിനായി അപേക്ഷിച്ചിരുന്നെങ്കിലും ആയത് അനുവദിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഫൈനൽ ബിൽ തുക അനുവദിയ്ക്കുന്നതിനായി അനുബന്ധരേഖകളായ സാങ്കേതികാനുമതി, കരാർ,പ്രോജക്റ്റ്,സൈറ്റ് പ്ലാൻ,ബിൽ, കംപ്ലീഷൻ സർട്ടിഫിക്കറ്റ്, എന്നിവയുടെ പകർപ്പ് സമർപ്പിയ്ക്കുന്നതായി പറയുന്നു. ഇതിനെതുടർന്ന് 22.2.2022ലെ നം-2930/ഡി1/2022/എസ്എം നമ്പർ ശുചിത്വമിഷൻ എകസിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമത്തിൽ തൃശ്ശൂർ കോർപ്പറേഷൻ 2021-22വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രോജക്ടുകളായ 379/22,309/22 പ്രകാരം ശക്തൻ മാർക്കറ്റ്, കൊക്കാല പ്രദേശം എന്നിവിടങ്ങളിൽ ടോയ്‌ലറ്റ് പൂർത്തിയാക്കിതായി സെക്രട്ടറി അറിയിച്ചിട്ടുള്ളതായും ശക്തൻ മാർക്കറ്റ് ടോയ്‌ലറ്റ് നിർമ്മാണത്തിന് 28,79,481/- രൂപയും കൊക്കാല പ്രദേശത്ത്22,60,384/- രൂപയും അനുവദിയ്ക്കണമെന്ന്സെക്രട്ടറി ആവശ്യപ്പെട്ടിട്ടുള്ളതായും നടപടിക്രമത്തിൽ പറയുന്നു. വർക്ക് ബിൽ പ്രകാരം ശക്തൻമാർക്കറ്റിൽ 7 ടോയ്‌ലറ്റ്സീറ്റുകളും 4 യൂറിനൽസും കൊക്കാല പ്രദേശത്ത് 7 ടോയ്‌ലറ്റ്സീറ്റുകളും 4 യൂറിനൽസും നിർവ്വഹണം പൂർത്തിയാക്കിയതായി സെക്രട്ടറി അറിയിച്ചിട്ടുള്ളതായും ശുചിത്വമിഷനിലെ സാങ്കേതിക വിഭാഗം രേഖകൾ പരിശോധിച്ച് ശക്തൻ മാർക്കറ്റിൽ 7 ടോയ്‌ലറ്റ്സീറ്റുകളും 4 യൂറിനൽസും ,കൊക്കാല പ്രദേശത്ത് 7 ടോയ്‌ലറ്റ് സീറ്റുകളും 4 യൂറിനൽസും സ്ഥാപിച്ചതിനുള്ള ബിൽ അംഗീകരിയ്ക്കാവുന്നതാണെന്ന് ശുപാർശ ചെയ്തിട്ടുള്ളതായും നടപടിക്രമത്തിൽ കാണുന്നു. നടപടിക്രമത്തിൽ സ്വച്ഛ് ഭാരത് മിഷൻ (നഗരം) പദ്ധതി പ്രകാരവും ശുചിത്വ കേരളം(നഗരം)പദ്ധതി പ്രകാരവുമാണ് ടി പ്രവർത്തികൾക്ക് ഫണ്ട് അനുവദിച്ചിട്ടുള്ളതായി കാണുന്നത്.

ഫണ്ട് വിവരങ്ങൾ താഴെ നല്കുന്നു.

| ക്രമ നം | ഐറ്റം | പൊതു ശൗചാലയ എണ്ണം | യൂറിനലുകളുടെ എണ്ണം | എസ് ബി.എം(നഗരം) വിഹിതം ഒരു സീറ്റിനു 65334/- (65334x7) | ശുചിത്വ കേരളം(നഗരം) വിഹിതം ഒരു സീറ്റിനു 21333/-രൂപ. (21333X4) | ആകെ SBM(U) നിന്നു അനുവദിയ്ക്കുന്ന തുക | ആകെ SK(U) ൽ നിന്നും അനുവദിയ്ക്കുന്ന തുക |
|---|---|---|---|---|---|---|---|
| 1. | ശക്തൻമാർക്കറ്റ് | 7 | 4 | 457338 | 85332 | 542670 | 2336811 |
| 2 | കൊക്കാല | 7 | 4 | 457338 | 85332 | 542670 | 1717714 |
| | | | | | ആകെ | 10,85,340/- | 40,54,525/- |

4)ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമത്തിൽ തുക ചെലവഴിച്ചതിനു ശേഷം ധനവിനിയോഗ സർട്ടിഫിക്കറ്റ് 31.3.2022 ശുചിത്വമിഷനിൽ സമർപ്പിയ്ക്കേണ്ടതാണ് എന്നു നിർദ്ദേശിച്ചിരുന്നു.എന്നാൽസെക്രട്ടറിയുടെ

17.3.2022ലെ PW6-34716/20 -ാം നമ്പർ സാക്ഷ്യപത്രത്തിൽ ശക്തൻ മാർക്കറ്റ്,കൊക്കാല എന്നിവിടങ്ങളിൽ പണിതീർത്തിട്ടുള്ള ടോയലറ്റ് ബ്ലോക്കുകളുടെ ബിൽതുകയിനത്തിൽ ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 22.02.2022ലെ 2930/ഡി1/2022/എസ്.എം നമ്പർ ഉത്തരവു പ്രകാരം ശുചിത്വമിഷൻ(അർബൻ) എന്ന ശീർഷകത്തിൽ നിന്നും വകയിരുത്തി,ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥരുടെ പേരിൽ തൃശ്ശൂർ കാനറാ ബാങ്കിൽ നിലവിലുള്ള അക്കൗണ്ടുകളിലേയ്ക്ക് മാറ്റിയിടുന്ന 40,54,525/- രൂപ ടി പദ്ധതിയ്ക്കായി മാത്രം വിനിയോഗിയ്ക്കുന്നതാണെന്ന് സാക്ഷ്യപ്പെടുത്തുന്നു എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.എന്നാൽ 2021-22 വർഷത്തെ ചെലവുരേഖയായ സുലേഖയിൽ പ്രസ്തുത പ്രവൃത്തികൾക്ക് തുക വകയിരുത്തിയിട്ടുണ്ടെങ്കിലും,ചെലവു രേഖപ്പെടുത്തിയതായി കാണുന്നില്ല. ആയതിനു വിശ്ദീകരണം ലഭ്യമാക്കിയിട്ടില്ല..

5) ശൗചാലയം പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കണമെന്നും,ടോയലറ്റ് ബ്ലോക്കുകളുടെ ദൈനംദിന പരിപാലനം പേആന്റ് യൂസ് രീതിയിലോ ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിലോ ആയിരിയ്ക്കണമെന്നും എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമത്തിൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ഓഡിറ്റ് ടീമിന്റെ നേരിട്ടുള്ള പരിശോധനയിൽ ശക്തൻ മാർക്കറ്റിലെ ടോയലറ്റ് ബ്ലോക്ക് കുടുംബശ്രീയിലെ ഒരു വനിതാ അംഗത്തിനാണ് താല്ക്കാലിക ചുമതല (കെയർ ടേക്കർ)ഏല്പിച്ചിട്ടുള്ളത്.ടിയാളുമായി കരാറിൽ ഏർപ്പെട്ടതായി കാണുന്നില്ല.നാപ്കിൻ വെൻഡിംഗ് യൂണിറ്റ്,ക്ലോക്ക് റൂം എന്നിവ പ്രവർത്തിയ്ക്കുന്നില്ല.സ്ഥാപിച്ചിട്ടുള്ള ഇൻസിനറേറ്റർ മുറിയിൽ പുകനിറയുന്ന വിധത്തിൽ പ്രവർത്തനയോഗ്യമല്ല എന്നുകണ്ടു.ടോയലറ്റ് ബ്ലോക്ക് 24മണിക്കൂറും പ്രവർത്തിയ്ക്കണമെന്നാണ് നടപടിക്രമത്തിലെ നിർദ്ദേശമെങ്കിലും നിലവിൽ വൈകിട്ട് അഞ്ചുമണിവരെയെ പ്രവർത്തിയ്ക്കുന്നുള്ളൂ എന്ന്കെയർ ടേക്കർ ഓഡിറ്റ് ടീമിനെ അറിയിക്കുകയുണ്ടായി.കൊക്കാലയിലെ ടോയലറ്റ് ബ്ലോക്ക് ആർക്കും തന്നെ കൈമാറാതെ അടഞ്ഞു കിടക്കുന്നതായും താഴത്തെ ചവിട്ടുപടിയിലെ ടൈലുകൾ പതിയ്ക്കാതെയുള്ള സ്ഥിതിയിലും കാണപ്പെടുകയുണ്ടായി.നിലവിൽ കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള കംഫർട്ട് സ്റ്റേഷന്റെഅരികിൽ പുതിയ ടോയ്‌ലറ്റ്ബ്ലോക്കുകൾ പണിതിട്ടുള്ളതായി കാണുന്നു.ഓഡിറ്റ് ടീമിന്റെ പരിശോധനവേളയിൽ അടഞ്ഞുകിടക്കുന്ന ടോയ്‌ലറ്റ് ബ്ലോക്കിനടുത്തുള്ള കംഫർട്ട് സ്റ്റേഷന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതായി കാണുകയുണ്ടായി.ഇപ്രകാരം പ്രവർത്തനയോഗ്യമായ കംഫർട്ട് സ്റ്റേഷൻ നിലവുള്ളപ്പോൾ അവിടെ ടോയലറ്റ് ബ്ലോക്ക് സ്ഥാപിയ്ക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.പുതിയ ടോയ്‌ലറ്റ്ബ്ലോക്ക് നിഷ്ക്രിയ ആസ്തികൾ ആയി നിലനിർത്തിയിരിയ്ക്കുന്നതിന്റെ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.നവകേരളം പദ്ധതിയിൽപ്പെടുത്തി സർക്കാർ രൂപീകരിച്ച മേൽപദ്ധതിയുടെ ഉദ്ദേശലക്ഷ്യം പ്രധാന വീഥികളിൽ യാത്രയ്ക്കിടയിൽ വിശ്രമത്തിനായി ഇടംഒരുക്കുക എന്നതായതിനാൽ കോർപ്പറേഷൻ പണികഴിപ്പിച്ച രണ്ടു ടോയ്‌ലറ്റ് ബ്ലോക്കുകളും പദ്ധതി ലക്ഷ്യം കൈവരിയ്ക്കുന്നുണ്ടോ എന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

6)ശൗചാലയം വൃത്തിയായി പരിപാലിയ്ക്കപ്പെടുന്നുവെന്ന് നഗരസഭ കാലകാലങ്ങളിൽ പരിശോധിച്ചു ഉറപ്പുവരുത്തണമെന്നും,ജിയോ ടാഗ്സ് ഫോട്ടോ എസ് .ബി.എം.(നഗരം) പോർട്ടലിൽ അപ് ലോഡ് ചെയ്യേണ്ടതാണെന്നും മേൽ നടപടിക്രമത്തിൽ നിർദ്ദേശിച്ചിട്ടുള്ളതിനാൽ ആയതിനു വേണ്ടി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

7)വിവിധ പദ്ധതികൾക്കായി ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമ പ്രകാരം സെക്രട്ടറി BIMS വഴി 2217-80-800-71-00-00-00.P.V ഹെഡ്ഡിൽ 77,55,736/-രൂപ അലോട്ട്മെന്റ് ആയി മാറിയിട്ടുണ്ട്. പ്രസ്തുത തുക എതൊക്കെ പദ്ധതികൾക്കായി ചെലവഴിച്ചുവെന്നതിന്റെ രേഖകളും പ്രസ്തുത തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിന്റെ കാരണങ്ങളും ലഭ്യമാക്കിയിട്ടില്ല.

8)അടിയന്തിരഘട്ടങ്ങളിൽ മാത്രം ഒരു ചെലവിന് മുൻകൂർ അനുമതി നല്കേണ്ടതും ആയത് തൊട്ടടുത്ത കൗൺസിലിൽതന്നെ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടതുമാണെന്ന് 21/02/2019 ലെ ഇ.എം2/206/2017/തസ്വഭവ സർക്കുലറിൽ അനുശാസിക്കുന്നു. ഫയൽ പരിശോധനയിൽ ബഹു. മേയറുടെ ഉത്തരവിൽ പ്രവർത്തിയുടെ ബിൽ പരിശോധിച്ച് കരാർ തുക നൽകിയതിനുശേഷം അനുമതിയ്ക്കായി ഫയൽ കൗൺസിലിൽ സമർപ്പിച്ചാൽ മതിയെന്ന് രേഖപ്പെടുത്തിയതായി കാണുന്നു. പ്രസ്തുത പ്രവർത്തിയ്ക്കായി ലഭിച്ച മുൻകൂർ അനുമതി തൊട്ടടുത്ത കൗൺസിലിൽതന്നെ അംഗീകാരം ലഭ്യമായിട്ടുണ്ടോ എന്ന വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

മേലപാകതകൾ ചൂണ്ടിക്കാണിച്ചു കൊണ്ട് നല്കിയ ഓഡിറ്റ്എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കാത്തതിനാലും, കൊക്കാലയിലെ ടോയ്‌ലറ്റ് ബ്ലോക്കുകൾ നിഷ്ക്രിയ ആസ്തിയായി നിലനിൽക്കുന്നതിനാലും, ശക്തൻമാർക്കറ്റിലെ ടോയ്‌ലറ്റ്ബ്ലോക്കിൽ സ്ഥാപിച്ചിട്ടുള്ള ഇൻസിനറേറ്ററും,സാനിറ്ററി വെന്റിംഗ് മെഷീനും യഥാവിധി പ്രവർത്തന യോഗ്യമല്ലാത്തതിനാലും പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യം പൂർണ്ണമായി നിർവ്വഹിക്കപ്പെടുന്നില്ലാത്തതിനാലും ഈ പദ്ധതിയ്ക്കായി ചെലവഴിച്ച തുക 28,79,481/-രൂപയും കൊക്കാലയിലെ ടോയ്‌ലറ്റ് ബ്ലോക്കിന് വേണ്ടി ചെലവഴിച്ച 2260384/- രൂപയും തടസ്സപ്പെടുത്തുന്നു.






## 1-148 ശക്തൻ കൊക്കാല ടേക്ക് എ ബ്രേക്ക് ഇലക്ട്രിഫിക്കേഷൻ

പ്രോജക്ട് നം-എസ്811/22

ഫയൽ നം-pw6-39572/21

അടങ്കൽ-4,20,000/-

ചെലവ്-3,89,939/-ട്രഷറി റഫറൻസ് നം-211303000000013853/

എഗ്രിമെന്റ് നം-84/EE1/plan/2021-22dtd:06/01/2022

കരാറുസ്ഥാപനം-T&C Electricals.

എം.ബുക്ക് നം-174/AEE2/20-21,175/AEE2/20-21

നിർവ്വഹണ ഉദ്യോഗസ്ഥ-എക്സിക്യൂട്ടീവ് എഞ്ചിനീയർ-I

ശക്തൻ നഗർ ,കൊക്കാല എന്നീ സ്ഥലങ്ങളിലെ ടേക്ക് എ ബ്രേക്ക് സെന്ററുകൾ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി നടത്തുന്നതിനുള്ള പദ്ധതിയാണിത്.പ്രസ്തുത പദ്ധതിയ്ക്കായി വികസനഫണ്ടിൽ നിന്നുമാണ് തുക വകയിരുത്തിയിരിയ്ക്കുന്നത്. രണ്ടു സ്ഥലങ്ങളിലും കെട്ടിടം പണിതിട്ടുള്ളത് സ്വച്ഛ്ഭാരത് മിഷൻ(അർബൺ), ശുചിത്വമിഷൻ കേരള (അർബൺ)എന്നീ ഫണ്ട് ഉപയോഗിച്ച് ആണെന്ന കാണുന്നു.പഞ്ചവത്സര പദ്ധതിമാർഗ്ഗരേഖ 6.6-4 പ്രകാരം കെട്ടിട നിർമ്മാണ പ്രോജക്റ്റുകൾ തയ്യാറാക്കുമ്പോൾ അനുബന്ധ സൗകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ,പ്ലംബിംഗ് എന്നീ ഘടകങ്ങൾ കൂടി അതിൽ ഉൾപ്പെടുത്തേണ്ടതാണ്.പൊതുമരാമത്ത് ചട്ടങ്ങളിലെ ചട്ടം3(1) പ്രകാരം ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും ഓരോവർഷവും നടത്താൻ ഉദ്ദേശിയ്ക്കുന്ന പൊതുമരാമത്ത് പണികളുടെ ലിസ്റ്റ് മുൻഗണനാക്രമത്തിൽ സാമ്പത്തിക വർഷാരംഭത്തിൽ തയ്യാറാക്കണം.വാർഡ്സഭാ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പാണ്ഈലിസ്റ്റ് തയ്യാറാക്കേണ്ടതെന്ന് പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിയ്ക്കുന്നുണ്ട്.പൊതുമരാമത്ത് ചട്ടങ്ങളിലെ ചട്ടം3-2പ്രകാരം ഇതിൽ ഉൾപ്പെട്ട ഓരോ പ്രവൃത്തികളുടെയും റഫ് കോസ്റ്റ് എസ്റ്റിമേറ്റും തയ്യാറാക്കേണ്ടതാണ്.പൊതുമരാമത്ത് വകുപ്പ് മാനുവൽ1601.1.1 ലെ നിബന്ധന പ്രകാരം സൈറ്റ് പരിശോധന നടത്തി നിലവിലുള്ള ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം റഫ് കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത് എ.ഇ.യുടെ ചുമതലയാണ്.ഇപ്രകാരം റഫ് കോസ്റ്റ് എസ്റ്റിമേറ്റ് കണക്കാക്കപ്പെട്ടതും വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കിയ ലിസ്റ്റിൽ ഉൾപ്പെട്ടതുമായ പ്രവൃത്തികൾക്കാണ് പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മറ്റിയോ ഭരണസമിതിയോ ഭരണാനുമതി നല്കേണ്ടത്.മേൽ സൂചിപ്പിച്ച നിബന്ധനകളൊന്നും പാലിയ്ക്കാതെ പദ്ധതി തയ്യാറാക്കാനുണ്ടായ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.ഭാവിയിൽ മേൽ നിബന്ധനകൾ പാലിച്ചുകൊണ്ട് പദ്ധതിരൂപീകരിയ്ക്കാൻ ശ്രദ്ധചെലുത്തേണ്ടതാണ്.

## 1-149 തൃശ്ശൂർ കോർപ്പറേഷൻ കെട്ടിടം -ഭിന്നശേഷി സൗഹൃദമാക്കണം

കോർപ്പറേഷൻ മുഖ്യ കാര്യാലയം – ഭിന്നശേഷി സൗഹൃദമാക്കണം

കൊച്ചിൻ മുനിസിപ്പൽ റഗുലേഷൻസിന് കീഴിൽ 1921ൽ മുനിസിപ്പാലിറ്റിയായി പ്രവർത്തിച്ചു തുടങ്ങിയ സ്ഥാപനമാണ് പിന്നീട് 1.7.1942ൽ തൃശ്ശൂർ മുനിസിപ്പാലിറ്റിയായി മാറിയത്. 2000ൽ ചുറ്റിലുമുള്ള പഞ്ചായത്തുകളുടെ പല ഭാഗങ്ങളും കൂട്ടിച്ചേർക്കുകയും തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ രൂപീകൃതമാകുകയും ചെയ്തു. വിസ്തൃതിയിൽ കേരളത്തിലെ മൂന്നാമത്തെയും ജനസംഖ്യയിൽ നാലാമത്തെയും വലിയ കോർപ്പറേഷന് 101.42കി.മീ വിസ്തൃതിയുണ്ട്. കോർപ്പറേഷൻ പരിധിയിലെ ജനസംഖ്യ 4,34,000ആണ്. മറ്റ് കോർപ്പറേഷനുകളിൽ നിന്നും വ്യത്യസ്തമായി തൃശ്ശൂർ കോർപ്പറേഷനു തനതായ ജല വിതരണം, വൈദ്യുതി വിതരണം എന്നിവയ്ക്ക് പ്രത്യേക സംവിധാനമുണ്ട്.

1932ലാണ് കോർപ്പറേഷന്റെ പ്രധാന കെട്ടിടം നിർമ്മിച്ചത്. പിന്നീട് കാലാനുസൃതമായ മാറ്റങ്ങളോ സൗകര്യങ്ങളോ ഏർപ്പെടുത്തിയതായി കാണുന്നില്ല. വിവിധ ക്ഷേമ പെൻഷനുകൾ, ഭവന പദ്ധതികൾ എന്നിങ്ങനെ കോർപ്പറേഷനിൽ നിന്നും ജനങ്ങൾക്ക് ലഭിയ്ക്കുന്ന സേവനങ്ങൾ നേടിയെടുക്കുന്നതിനായി ഒരു ദിവസം ചുരുങ്ങിയത് 1000പേരെങ്കിലും കോർപ്പറേഷനിൽ വന്നു പോകുന്നുണ്ട്. ഇതിൽ സ്ത്രീകളും, കുട്ടികളും, വയോജനങ്ങളും ഭിന്നശേഷിയുള്ളവരുമുണ്ട്. മുകൾ നിലകളിലേക്ക് കയറുവാൻ സാധിക്കാതെ പലരും വളരെ ക്ലേശമനുഭവിക്കുന്നുണ്ട്. എന്നാൽ നാളിതു വരെ ഇതിന് ഒരു പരിഹാരം കാണുവാൻ കോർപ്പറേഷൻ അധികൃതർ ശ്രമിച്ചിട്ടില്ല. എല്ലാ പൊതു വേദികളും വാണിജ്യ സ്ഥാപനങ്ങളും കാര്യാലയങ്ങളും ഭിന്നശേഷി സൗഹൃദവും വയോജനങ്ങൾക്ക് ഉപയോഗപ്രദവുമായിരിക്കണമെന്ന് കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് അനുസരിച്ച് കോർപ്പറേഷൻ തന്നെ ജനങ്ങളെ ബോധവൽക്കരിക്കുകയും എന്നാൽ കോർപ്പറേഷന്റെ പ്രധാന കെട്ടിടം തന്നെ ഈ ചട്ടങ്ങൾ പാലിക്കാതിരിക്കുന്നതും വളരെ വൈരുദ്ധ്യമുണ്ടാക്കുന്നു. മേൽപറഞ്ഞ വിഷയത്തിലേക്ക് ഭരണകർത്താക്കളുടെ സത്വരശ്രദ്ധ പതിയേണ്ടതാണ്.

## 1-150 മുനയം പാടശേഖരം 30 എച്ച്പി മോട്ടോർ സ്ഥാപിച്ചത് -പ്രവർത്തനരഹിതം.

പിഡബ്ല്യു3- 36420/19
സാങ്കേതികാനുമതി നം. ELE./46/19-20/21.11.19

തൃശ്ശൂർ കോർപ്പറേഷന്റെ ഡിവിഷൻ 32ൽ കൂർക്കഞ്ചേരി മേഖലാ കാര്യാലയ പരിധിയിൽ വരുന്ന മുനയം പാടശേഖരത്തിന്റെ പടിഞ്ഞാറ് വശത്ത് 30HP മോട്ടോർ സ്ഥാപിക്കുന്നതിന് തനതു ഫണ്ടിൽ നിന്നും 2,57,000/-രൂപ ചെലവ് ചെയ്യുന്നതിന് 21/6.11.2019 നമ്പറായി കൗൺസിൽ തീരുമാനമെടുത്തിരുന്നു. 61/31.1.2020 നം. കൗൺസിൽ തീരുമാന പ്രകാരം മെ.ജെയിംസ് അസോസിയേറ്റ്സ് എന്ന സ്ഥാപനത്തിന് ടെണ്ടർ ലഭിച്ചു. 13.3.2020ന് വർക്ക് ഓർഡർ നൽകി.

സപ്ലിമെന്ററി എഗ്രിമെന്റ് ഹാജരാക്കുകയും 30.6.2021വരെ പ്രവൃത്തിക്ക് സമയം ദീർഘിപ്പിക്കുവാൻ അനുവാദം നൽകിയതായും ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 25.6.2021ന് പണി തൃപ്തികരമായി പൂർത്തീകരിച്ചതിന്റെ അടിസ്ഥാനത്തിൽ കരാറുകാരന് ജിഎസ്.ടി അടക്കം 2,28,048/- രൂപ നൽകിയതായും രേഖപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തിക്ക് ആവശ്യം വന്ന ചെലവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | തുക |
|---|---|

| | |
|---|---|
| പ്രവൃത്തിക്ക് ചെലവ് | 203614 |
| ജിഎസ്.ടി 12% | 24433 |
| ആകെ | 228047/- |
| നിയമാനുസൃത തിരിച്ചടവുകൾ | 10180 (4072+2036+4072) |
| കരാറുകാരന് നൽകിയത്. | 217867/- |
| സൂപ്പർവിഷൻ ചാർജ്ജ് | 6109 |
| ചെക്ക് മെഷർമെന്റ് ചാർജ്ജ് | 2036 |
| ആകെ ചെലവ് | 236192/- |

അപാകതകൾ

1. 27.4.2019ന് ഡെപ്യൂട്ടി മേയറുടെ കത്തിൽ അവശ്യപ്പെട്ടത് പ്രകാരമാണ് മുനയം പാടശേഖരത്തിൽ 30എച്ച്.പി മോട്ടോർ സ്ഥാപിക്കുവാൻ നടപടികൾ ആരംഭിച്ചിട്ടുള്ളത്. മോട്ടോർ സ്ഥാപിക്കുവാൻ അടിസ്ഥാനമാക്കിയ പ്രസ്തുത കത്ത് ഫയലിൽ ലഭ്യമല്ല. ഏത് അടിയന്തിര സാഹചര്യത്തിലാണ് മോട്ടോർ സ്ഥാപിക്കുന്നതിന് തീരുമാനമെടുത്തതെന്നും വ്യക്തമല്ല. സ്ഥാപിച്ച മോട്ടോർ പ്രവർത്തനക്ഷമവുമല്ല.

2. തനത് ഫണ്ടിൽ നിന്നും 2,57,000/-രൂപ വകയിരുത്തിയ പ്രവൃത്തിക്ക് 7.12.19ന് ടെന്റർ ക്ഷണിക്കുകയും 2,18,539/-രൂപ ക്വോട്ട് ചെയ്ത മെ.ജെയിംസ് അസോസിയേറ്റ്സ് എന്ന സ്ഥാപനത്തിന് 13.3.2020ന് വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. വർക്ക് ഓർഡർ നൽകിയതിന് ശേഷമാണ് മോട്ടോർ ഷെഡ് പുതുക്കി പണിയേണ്ടതു സംബന്ധിച്ച പ്രവൃത്തികൾ ആരംഭിച്ചത്. ഷെഡിന്റെ പണി പൂർത്തീകരിച്ച് സൈറ്റ് കൈമാറാത്തതിനാൽ പ്രവൃത്തി യഥാസമയം ആരംഭിക്കുവാൻ കഴിയാതെ, ആയത് പൂർത്തീകരിക്കുവാൻ കരാറുകാരന് സമയം ദീർഘിപ്പിച്ച നൽകി. യഥാവിധി സൈറ്റ് പരിശോധന നടന്നിരുന്നുവെങ്കിൽ ഇത്തരം കാലവിളംബം ഒഴിവാക്കാമായിരുന്നു. നിശ്ചയിച്ച ചെലവ് തുകയിൽ വ്യത്യാസം വരികയും സപ്ലിമെന്ററി എഗ്രിമെന്റ് വയ്ക്കുകയും ചെയ്തിട്ടുണ്ട്. വർക്ക് ഓർഡർ നൽകി ഒന്നര വർഷത്തിന് ശേഷം, 12.9.2021ന് കോർപ്പറേഷൻ മേയർ പമ്പ് ഹൗസ് ഉദ്ഘാടനം ചെയ്തു.

2. മോട്ടോർ വാങ്ങിയതിന്റെ ഇൻവോയ്സ്, ഗ്യാരന്റി കാർഡ് എന്നിവ ഫയലിൽ ലഭ്യമല്ല. ഏത് ബ്രാന്റ് മോട്ടോർ വാങ്ങിയെന്നോ എത്ര കുതിര ശക്തിയുള്ളതാണെന്നോ ആയതിന്റെ സ്പെസിഫിക്കേഷനെ സംബന്ധിച്ച വിശദാംശങ്ങളോ ഒന്നും തന്നെ ഫയലിൽ ലഭ്യമല്ല.

3. 1.2.2023ന് ഓഡിറ്റ് ടീം സ്ഥലം പരിശോധിച്ചതിൽ മോട്ടോർ നാളിത് വരെ പ്രവർത്തന ക്ഷമമാക്കിയിട്ടില്ലെന്ന് കണ്ടെത്തി.മോട്ടോർ വാങ്ങി ഫലപ്രദമായി സ്ഥാപിക്കൽ ആയിരുന്നു പ്രവൃത്തി. അതോടൊപ്പം, വൈദ്യുതി കണക്ഷൻ ലഭിക്കുവാൻ ആവശ്യമായ നടപടികൾക്ക് വേണ്ടി വൈദ്യുതി കാര്യാലയത്തിലേക്ക് അടവാക്കിയതിന് 15000/-രൂപയും കരാറുകാരന് വൗച്ചറിൽ ചേർത്തു നൽകിയിട്ടുണ്ട്. സ്ഥലപരിശോധനയിൽ വൈദ്യുതി നൽകിയതിന്റെ കണക്ഷൻ മോട്ടോറിൽ നിന്നും വിച്ഛേദിച്ചതായി കണ്ടു.



4. വെള്ളം വലിച്ചെടുക്കുവാനുള്ള പൈപ്പുകൾ ഘടിപ്പിച്ചിട്ടില്ല. ഏത് ഉദ്ദേശ്യത്തിനാണോ മോട്ടോർ സ്ഥാപിച്ചത്, ആയതിന് അവശ്യം വേണ്ട ഉപകരണങ്ങൾ വാങ്ങാതിരുന്നതിനാൽ, തുക ചെലവഴിച്ചെങ്കിലും പദ്ധതി ഉദ്ദേശ്യലക്ഷ്യം കൈവരിച്ചില്ല. നിലവിൽ, 10എച്ച്.പിയുടെ മറ്റൊരു ചെറിയ മോട്ടോർ ഉപയോഗിച്ചാണ് പാടശേഖരത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നത് എന്ന് കണ്ടു.

അപാകതകൾ ചൂണ്ടികാണിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് തൃപ്തികരമായ മറുപടി ലഭിയ്ക്കാത്തതിനാൽ മോട്ടോർ സ്ഥാപിച്ചതിന് ചെലവഴിച്ച 2,36,192/- ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

**1-151 കാന വൃത്തിയാക്കുന്നതിനും ശുചിയാക്കുന്നതിനും ടിപ്പർ ലോറിയും എസ്കവേറ്ററും വാങ്ങുന്ന പദ്ധതി-മാർഗ്ഗരേഖ,സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ, പ്രൊക്യൂർമെന്റ് മാനുവൽ എന്നിവ പാലിച്ചില്ല.**

പ്രോജക്റ്റ് നം-SO758/21(20-21)

പ്രോജക്റ്റ് നം-SO349/2221-22

നിർവ്വഹണ ഉദ്യോഗസ്ഥ-എക്സിക്യൂട്ടീവ് എഞ്ചിനീയർ-1

അടങ്കൽ-500000/-

ചെലവ്-4,54,816/-വികസന ഫണ്ട്.ബിൽ നം-22104343/13/10/2021

-28,02,750/-(തനതുഫണ്ട്) ചെക്ക് നമ്പർ-264978/14/07/2021.

വൗച്ചർ നമ്പർ-22101136/14.7.2021

എ) 2019-20 സാമ്പത്തികവർഷത്തിൽ വിഭാവനം ചെയ്യതും 2020-21 വർഷത്തിലും, 2021-22 വർഷത്തിലും സ്പിൽ ഓവറായി യഥാക്രമം പ്രോജക്റ്റ് നം-SO758/21, പ്രോജക്റ്റ് നം-SO349/22 പ്രകാരം വികസന ഫണ്ട് (ധനകാര്യകമ്മീഷൻ ഗ്രാന്റ്) വകയിരുത്തി കാന വൃത്തിയാക്കുന്നതിനും,ശുചിയാക്കുന്നതിനും ടിപ്പർ ലോറിയും എസ്കവേറ്ററും വാങ്ങിയിട്ടുണ്ട്.എസ്കവേറ്റർ വാങ്ങിയതിന്റെ ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. വികസന ഫണ്ട് (ധനകാര്യകമ്മീഷൻ ഗ്രാന്റ്) വകയിരുത്തിയെങ്കിലും മേയറുടെ മുൻകൂർ അനുമതിയോടെ പ്രോജക്റ്റ് തയ്യാറാക്കാതെ 14/07/2021ൽ തുക ചെലവഴിച്ചത് തനതുഫണ്ടിൽ നിന്നുമാണ്.മുൻകൂർ അനുമതി തൊട്ടടുത്ത കൗൺസിൽ കമ്മറ്റിയിൽ സാധൂകരിച്ചിട്ടില്ല. നാളിതുവരെ പ്രസ്തുത തുക റീക്കൂപ്പ് ചെയ്യാത്തതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. പദ്ധതി ശുചിത്വകേരളമിഷൻ ശുപാർശ ചെയ്യതായി കാണുന്നില്ല. 2.02.2018ലെ സ.ഉ.(കൈ) നം17/2018ത.സ്വ.ഭ.വ സബസിഡി മാർഗ്ഗരേഖ ഉത്തരവും 8.11.2010ലെ ജി.ഒ.(പി)നം.259/2010/ത.സ്വ.ഭ.വ പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാനുവലിലെ നിബന്ധനകളും പ്രകാരം പദ്ധതി രൂപീകരണ വേളയിൽ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ചുമതലകളിൽപ്പെട്ട തുക നിശ്ചയിക്കലും, അംഗീകാരവും ഫണ്ടുകളും ഉറപ്പാക്കൽ, ടെണ്ടർ തയ്യാറാക്കി പ്രസിദ്ധപ്പെടുത്തൽ, സമർപ്പണത്തിനു സമയം അനുവദിക്കൽ, ടെണ്ടർ രേഖകൾ സ്വീകരിക്കുകയും, ലഭ്യമാകുന്ന രേഖകളിൽ ആവശ്യമെങ്കിൽ വ്യക്തത വരുത്തൽ, വിലയിരുത്തൽ, കമ്മിറ്റിയുടെ അംഗീകാരത്തോടു കൂടി കരാർ നല്കലും, കരാർ വിലയിരുത്തലും ചെയ്യേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.എന്നാൽ ഈ നിബന്ധനകൾ പാലിച്ചിട്ടില്ല.

പ്രൊക്യൂർമെന്റ് മാനുവലിലെ നിബന്ധനകൾ പ്രകാരം നഗരസഭയുടെ ഫിനാൻസ് സെക്ഷനിലെ ഓഫീസർമാരും,അസിസ്റ്റന്റ്മാരും മറ്റ് അധികാരികളും ഉൾപ്പെട്ട ധനകാര്യടീം തുക നിശ്ചയിക്കുകയും,ഫണ്ട് ഉറപ്പാക്കുകയും തുക അംഗീകരിക്കുകയും ചെയ്യേണ്ടതാണ്. ഇവിടെ ടെണ്ടർ ക്ഷണിച്ച വാങ്ങൽ പ്രക്രിയയുടെ അവസാനഘട്ടത്തിൽ അഡീഷണൽ സെക്രട്ടറി ഫിനാൻഷ്യൽ ഓർഡർ നല്കിയതിന്റെ സാംഗത്യം വ്യക്തമല്ല.

2.കാന വൃത്തിയാക്കുന്നതിനും ശുചിയാക്കുന്നതിനും ടിപ്പർ ലോറിയും, എസ്കവേറ്ററും അത്യന്താപേക്ഷിതമാണ് എന്ന് മാലിന്യസംസ്കരണത്തിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ പദ്ധതി ആസൂത്രണവേളയിൽ ആവശ്യപ്പെട്ടതായോ, ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ വർക്കിംഗ് ഗ്രൂപ്പ് ശുപാർശ ചെയ്യതായോ ഫയലിൽ കാണുന്നില്ല. മുൻ വർഷങ്ങളിൽ ഇപ്രകാരം കാനശുചിയാക്കുന്നതിനും മറ്റുമായി എസ്കവേറ്റർ വാടകയ്ക്ക് എടുത്തതിന് ഭീമമായ തുക ചെലവായിട്ടുണ്ടെങ്കിൽ തുകയുടെ വിവരം ലഭ്യമാക്കാനും ഇതു സംബന്ധിച്ച് താരതമ്യ പഠനം നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കാനും ആവശ്യപ്പെട്ടെങ്കിലും വിവരം ലഭ്യമാക്കിയിട്ടില്ല.നഗരസഭയുടെ അധീനതയിലെ എസ്കവേറ്റർ മുഖേന ശുചിയാക്കേണ്ടുന്ന ആഴംകൂടിയ കാനകളുടെ എണ്ണമോ ആഴം കുറഞ്ഞ കാനകൾ ഇപ്രകാരം എസ്കവേറ്റർ ഉപയോഗിച്ച് വൃത്തിയാക്കുമ്പോൾ കാനകൾക്ക് കേടുപാടുകൾ സംഭവിക്കാനിടകുമോ എന്ന സാധ്യതാ പഠനമോ നടത്തിയതായി ഫയലിൽ കാണുന്നില്ല.നഗരസഭയുടെ ശുചീകരണ തൊഴിലാളികൾ മറ്റു സംവിധാനങ്ങളുപയോഗിച്ച് വൃത്തിയാക്കുന്നതു പര്യാപ്തമല്ല എന്ന് പൊതുജനങ്ങളിൽ നിന്നും പരാതിയുയർന്നിരുന്നോ എന്നതിനും വ്യക്തതയില്ല.

3.ഫയൽ പരിശോധിച്ചതു പ്രകാരം പ്രാരംഭത്തിൽ എസ്കവേറ്റർ (സ്പെസിഫിക്കേഷൻ 8 ടണ്ണിന്റെ) വാങ്ങുന്നതിനും, മിനിടിപ്പർ (സ്പെസിഫിക്കേഷൻ 1 1/2CUM 1 Unit )വാങ്ങുന്നതിനും എക്സിക്യൂട്ടീവ് എഞ്ചിനീയർ 1 ജെം പോർട്ടലിലൂടെയുള്ള നടപടിക്രമങ്ങൾ സ്വീകരിക്കാൻ തീരുമാനിച്ചതായി കാണുന്നു. അതേസമയം തന്നെ മേൽപ്പറഞ്ഞ ഇനങ്ങൾ വാങ്ങാൻ15.02.2020 ടെണ്ടർ നടത്തുന്നതിന് 30.01.2020നും 25.03.2020നു റീടെണ്ടർ നടത്തുന്നതിന് 09/03/2020നും ദേശാഭിമാനി, ദീപിക, എന്നീ ദിനപത്രങ്ങളിലൂടെ പരസ്യവും, NIT,BOQ എന്നിവ ഇന്റർനെറ്റിലും പബ്ലിഷ് ചെയ്യതായി കാണുന്നു.ഇതിൽ ആദ്യ ടെണ്ടർ സിംഗിൾ ടെണ്ടർ ആയതിനാൽ റീടെണ്ടർ ക്ഷണിക്കുകയും അതിൽ ആരും പങ്കെടുക്കാത്തതിനാൽ ക്വട്ടേഷൻ ക്ഷണിക്കുന്നതിനു എക്സിക്യൂട്ടീവ് എഞ്ചിനീയർ 1 ഉത്തരവിട്ടതായി ഫയലിൽ കാണുന്നു. 24.09.2019 ലെ ജി .ഒ.(പി) നം7/19എസ്.പി.ഡി.ഉത്തരവ് പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും GeMൽ ലഭ്യമായിട്ടുള്ള 25000/-രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും ജെമ്മിലൂടെ വാങ്ങേണ്ടതും വാങ്ങൽ അധികാരി വിലകളുടെ യുക്തിഭദ്രത സാക്ഷ്യപ്പെടുത്തേണ്ടതുമാണെന്നു കാണുന്നു . ഏതെങ്കിലും പ്രത്യേക ഇനം GeMൽ ലഭ്യമല്ലാത്തതിനാൽ ആയത് GeM മുഖേന വാങ്ങുന്നത് ഉചിതമല്ലെന്ന വാങ്ങൽ അധികാരിയ്ക്ക്

ബോദ്ധ്യപ്പെട്ടാലോ , സ്പെസിഫിക്കേഷനോ ആവശ്യകതയോ വളരെ പ്രത്യേകതയുള്ളതാണെങ്കിലോ കാരണം രേഖപ്പെടുത്തിയതിനു ശേഷം സ്റ്റോർ പർച്ചേസ് മാനുവലിൽ സൂചിപ്പിച്ചിട്ടുള്ള മറ്റ് മാർഗ്ഗങ്ങളിലൂടെ ആയതു വാങ്ങാമെന്ന് നിഷ്കർഷിയ്ക്കുന്നുണ്ട് . എന്നാൽ നഗരസഭയ്ക്ക് ആവശ്യമായ സാധനങ്ങൾ GeM ൽ ലഭ്യമല്ലയെന്നോ പ്രത്യേക സ്പെസിഫിക്കേഷനിൽ സാധനങ്ങൾ ആവശ്യമാണ് എന്നോ ക്ഷമതയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.ഇപ്രകാരം സമാന്തരമായി ടെണ്ടർ, റീടെണ്ടർ, ക്വട്ടേഷൻ നടപടിക്രമങ്ങൾ സ്വീകരിച്ചതിന്റെ വിശദീകരണവും ലഭ്യമാക്കിയിട്ടില്ല.

4.ഫയലിൽ 10.06.2020ന് അസി.എഞ്ചിനീയറിന്റെ റിപ്പോർട്ടിൽ താഴെ പറയുന്നകാര്യങ്ങൾ കാണുന്നു.

- 27.05.2020 ന് ചെയ്ത ക്വട്ടേഷൻ പ്രകാരം എസ്കവേറ്ററിനു പോപ്പുലർ മോട്ടോഴ്സ് കോർപ്പറേഷൻ മാത്രം 26,76,500/- രൂപയുടെ ക്വട്ടേഷൻ സമർപ്പിച്ചിട്ടുള്ളൂ.
- ഐ കെ എം ന്റെ സഹായത്തോടെ GeM പോർട്ടലിൽ പരിശോധിച്ചുവെന്നും ആയതു വഴി പർച്ചേസ് ചെയ്യുമ്പോൾ രജിസ്ട്രേഷൻ ഫീ,ഇൻഷുറൻസ്, ടാക്സ് എന്നിവയ്ക്കുള്ള തുക മുൻകൂറായി നൽകേണ്ടതുണ്ട്.
- ജെസിബി സപ്ലൈ ചെയ്ത 10 ദിവസത്തിനുള്ളിൽ മുഴുവൻ തുകയും നല്കേണ്ടതുണ്ടെന്നും ടേംസ്&കണ്ടീഷൻസ് പ്രകാരം മുഴുവൻ തുകയും സമയപരിധിക്കുള്ളിൽ നല്കിയില്ലെങ്കിൽ ഇംപ്ലിമെന്റിംഗ് ഓഫീസർക്കെതിരെ നടപടികൾ ഉണ്ടാകാം
- ജെംപോർട്ടലിൽ ലഭ്യമാകുന്ന വിലയിലും ടെണ്ടർ പ്രകാരമുള്ള ഓഫറിൽ വന്നിട്ടുള്ളതുമായ തുകയിലും വ്യത്യാസം കാണുന്നില്ല.

  ആയതിനാൽ ഏത് രീതിയിൽ പർച്ചേസ് നടത്തണം എന്ന് തീരുമാനം ലഭ്യമാക്കണമെന്നു റിപ്പോർട്ടിൽ ആരാഞ്ഞിട്ടുണ്ട്.ആയതിൻപ്രകാരം ജെം പോർട്ടലിൽ ലഭ്യമാകുന്ന വിലയുടെ പ്രിന്റ് ഔട്ട് എടുത്തു ഫയലിൽ ഇടുന്നതിനും 19.06.2020ന് എക്സിക്യൂട്ടീവ്എഞ്ചിനീയർ ഉത്തരവിട്ടുണ്ട്. ഇതിൻപ്രകാരം 26.08.20 നു ജെംപോർട്ടലിൽ നിന്നും ലഭ്യമായ വിലയും സ്പെസിഫിക്കേഷനും താരതമ്യം ചെയ്യുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർ മറ്റൊരു അസി.എഞ്ചിനീയറിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഇതേ തുടർന്ന് 09.09.2020ലെ തേർഡ് ഗ്രേഡ് ഓവർസിയറിന്റെ റിപ്പോർട്ട് താഴെ പറയും പ്രകാരമാണ്.

- ജെം പോർട്ടലിൽ ലഭ്യമായിട്ടുള്ള ജെസിബി(3DX)ന്റെ സ്പെസിഫിക്കേഷനും ടെണ്ടർ പ്രകാരം ഓഫർ വന്നിട്ടുള്ള ജെസിബിയുടെ സ്പെസിഫിക്കേഷനും ഒന്നാണെന്നും ജെം പോർട്ടലിലെ എക്സ്ഷോറൂം പ്രൈസ് 28,35,000/- രൂപയും,ടെണ്ടർ പ്രകാരം ഓഫർ വന്നിട്ടുള്ളത് 26,76,500/- രൂപയുംആണ്.
- ആയതു ശരിവച്ചു കൊണ്ടുള്ള അസി.എഞ്ചിനീയറിന്റെ 14.09.2020ലെ റിപ്പോർട്ടിൽ ജെം പോർട്ടലിൽ ലഭ്യമായിട്ടുള്ള ജെസിബി(3DX) ബാക്ക്ഹോ ലോഡർ വിത്ത് ബക്കറ്റ് കപ്പാസിറ്റി 0.26 ക്യബിക് മീറ്റർ ആന്റ് ഓപ്പറേറ്റിംഗ് വെയ്റ്റ് 7510 ന്റെ സ്പെസിഫിക്കേഷനും ടെണ്ടർ പ്രകാരം ഓഫർ ലഭിച്ചിട്ടുള്ള സ്പെസിഫിക്കേഷനും ഒരുപോലെയാണെങ്കിലും വില യഥാക്രമം 28,35,000/-രൂപയും,26,76,500/-രൂപയുമാണ് എന്ന് രേഖപ്പെടുത്തിയിരിയ്ക്കുന്നു.

ഇപ്രകാരം ആദ്യത്തെ ഉദ്യോഗസ്ഥന്റെ റിപ്പേർട്ടിൽ നിന്നും വ്യത്യസ്തമായി മൂന്നു മാസത്തിനുള്ളിൽ രണ്ടാമത്തെ റിപ്പോർട്ട് വരാനുണ്ടായ കാരണം വ്യക്തമാക്കിയിട്ടില്ല.

5. ഫയൽ പ്രകാരം 12.01.2021ൽ സെക്രട്ടറി ജെമ്മിൽ നിന്നും ലഭിയ്ക്കുന്നതിനു IKM TAയ്ക്കു നിർദ്ദേശം നല്കുക എന്നു വീണ്ടും ഉത്തരവിട്ടതിന്റെ അടിസ്ഥാനത്തിൽ മെക്കാനിക്കൽ എഞ്ചിനീയറിംഗ് ട്രയിനിയുടെ 06.02.2021ലെ റിപ്പോർട്ടിൽ ജെസിബി വാങ്ങുന്നതിനായി ജെംൽ പരിശോധിച്ചു കോർപ്പറേഷൻ ആവശ്യങ്ങൾക്ക് വേണ്ടി 71-80 Range ൽ ഹോഴ്സ് പവർ വരുന്നവാഹനമാണ് ആവശ്യമെന്നു പറയുന്നു.

- JCB എന്ന കമ്പനിയുടെ76HP JCB ഇതിനു അനുയോജ്യമാണ് എന്നും ജെമ്മിൽ നിന്നും76HP JCBയുടെ വിശദാംശങ്ങൾ റിപ്പോർട്ടിനോടൊപ്പം സമർപ്പിയ്ക്കുന്നതായി പറയുന്നു.
- കോർപ്പറേഷൻ ആവശ്യങ്ങൾക്കായി Bucket വലിപ്പം 2 Feet മതി എന്നാൽ Base Model വാങ്ങിയതിനു ശേഷം ഈസിയായി Bucket Remove ചെയ്യാനും Fit ചെയ്യാനും സാധിയ്ക്കുമെന്നും, JCB വാങ്ങിയതിനു ശേഷം Bucket എക്സട്രാ വാങ്ങാവുന്നതാണെന്നും മേൽ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്.
- 08.02.2021ൽ പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ Backhoe Loder GeM മുഖാന്തിരം വാങ്ങാവുന്നതാണ് എന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ1 റിപ്പോർട്ട് ചെയ്തിട്ടുണ്ട്.
- ഇതിൻപ്രകാരം പ്രൊക്യൂർമെന്റ് കമ്മിറ്റി 09.02.2021 ൽ അംഗീകരിച്ച JCB Backhoe Loder വാങ്ങാൻ തീരുമാനിയ്ക്കുകയും ആയതു പ്രകാരം GeM ൽ Applyചെയ്യുകയും ചെയ്തിരുന്നുവെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.
- Bid NoGEM/2021/B/1034786-ാംപ്രകാരം ഒരാൾ മാത്രമാണ് ടെണ്ടറിൽ പങ്കെടുത്തത് എന്നുംആയതിനാൽ ടി ടെണ്ടർ അംഗീകരിയ്ക്കാവുന്നതാണെന്നും DW2സെക്ഷൻ ക്ലാർക്ക്20.02.2021ഓഫീസ് കുറിപ്പ് എഴുതിയിരിയ്ക്കുന്നത് നേരിട്ട് സെക്രട്ടറിയ്ക്ക് സമർപ്പിയ്ക്കുകയും 20.02.2021ൽ സെക്രട്ടറി ശരി വെയ്ക്കുകയും ചെയ്തിട്ടുണ്ട്.

ഇപ്രകാരം സ്റ്റോർ പർച്ചേസ് റൂൾസ്(7.33),(19.3) എന്നിവയ്ക്ക് വിരുദ്ധമായി ഒരു പ്രതേക കമ്പനിയുടെ പ്രത്യേക സ്പെസിഫിക്കേഷൻ സൂചിപ്പിയ്ക്കുന്ന രീതിയിൽ ടെണ്ടർ വിളിയ്ക്കുകയും സിംഗിൾ ടെണ്ടർ ലഭിച്ചത് അംഗീകരിയ്ക്കുകയും ചെയ്തതിനു വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

6.ഫയൽ പരിശോധനയിൽ ടാറ്റാ ഹിറ്റാച്ചി കൺസ്ട്രക്ഷൻ മെഷിനറി കംമ്പനി പ്രൈവറ്റ് ലിമിറ്റഡിന്റെ ഓതറൈസ്ഡ് സിഗ്നേറ്ററി അന്നത്തെ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയ്ക്ക് സമർപ്പിച്ച നിവേദനത്തിൽ തൃശ്ശൂർ നഗരസഭ BACKHOE LOADER വാങ്ങുന്നതിനു വേണ്ടി വിളിച്ച 11.02.2021ലെ Bid-Number GEM/2021/ B/1034786-ാംടെണ്ടർ ഏകപക്ഷീയമായി ജെ സി ബി എന്ന കമ്പനി വിതരണം ചെയ്യുന്ന ഒരുമോഡലിന്റെ മാത്രം സ്പെസിഫിക്കേഷൻ നല്കിയതായും ഇതുമൂലം BACKHOE LOADER ഉലപാദിപ്പിച്ച് വിതരണം ചെയ്യുന്ന മറ്റു പ്രസക്ത (Reputed OEM) കമ്പനികൾക്ക് ടെണ്ടറിൽ പങ്കെടുക്കുന്നതിനു അവസരം നഷടപ്പെടുന്നതായും നിയന്ത്രണ വിധേയമായിട്ടുള്ള ടെണ്ടർ ക്ഷണിയ്ക്കുന്നതു മൂലം സുതാര്യത നഷ്ടപ്പെടുന്നതിനാൽ പ്രസ്തുത ബിഡ് റദ്ദു ചെയ്യുന്നതിനും മറ്റു കമ്പനികൾക്ക് കൂടി പങ്കെടുക്കുന്ന വിധത്തിൽ നിയന്ത്രണങ്ങളില്ലാത്ത ടെണ്ടർ നടപടികൾ സ്വീകരിയ്ക്കാൻ അപേക്ഷിച്ചിട്ടുണ്ട്. പ്രസ്തുത ടെണ്ടറിൽ നല്കിയിരുന്ന നിയന്ത്രിത പാരാമീറ്ററുകൾ താഴെ ചേർക്കുന്നു.

- Operating Weight : Allowed Value Is Only 7510 Kg(ഇത് ടെണ്ടറിൽ ഒരു പ്രത്യേക മോഡൽ നിർമ്മിയ്ക്കുന്ന നിർമ്മാതാക്കൾക്കു വേണ്ടി മുൻകൂട്ടി തീരുമാനിയ്ക്കപ്പെട്ടിരിയ്ക്കുന്നു.)
- Overall Width : Allowed Value Is Only 2320mm (ഇത് ടെണ്ടറിൽ ഒരു പ്രത്യേക മോഡൽ നിർമ്മിയ്ക്കുന്ന നിർമ്മാതാക്കൾക്കു വേണ്ടി മുൻകൂട്ടി തീരുമാനിയ്ക്കപ്പെട്ടിരിയ്ക്കുന്നു.)
- Overall Wheel Base : Allowed Value Is Only2171mm (ഇത് ടെണ്ടറിൽ ഒരു പ്രത്യേക മോഡൽ നിർമ്മിയ്ക്കുന്ന നിർമ്മാതാക്കൾക്കു വേണ്ടി മുൻകൂട്ടി തീരുമാനിയ്ക്കപ്പെട്ടിരിയ്ക്കുന്നു.)
- Backhoe Bucket Digging Depth : Allowed Value Only 4.77 Meter (ഇത് ടെണ്ടറിൽ ഒരു പ്രത്യേക മോഡൽ നിർമ്മിയ്ക്കുന്ന നിർമ്മാതാക്കൾക്കു വേണ്ടി മുൻകൂട്ടി തീരുമാനിയ്ക്കപ്പെട്ടിരിയ്ക്കുന്നു.)
- Loader Bucket Pay Load : Allowed Value Is Only 1800kg (ഇത് ടെണ്ടറിൽ ഒരു പ്രത്യേക മോഡൽ നിർമ്മിയ്ക്കുന്ന നിർമ്മാതാക്കൾക്കു വേണ്ടി മുൻകൂട്ടി തീരുമാനിയ്ക്കപ്പെട്ടിരിയ്ക്കുന്നു.)

ഇപ്രകാരം GeM ഫീച്ചേഴ്സ് ദുരുപയോഗം ചെയ്ത് മനപ്പൂർവ്വമായ മാറ്റങ്ങൾ വരുത്തിയത് മൂലം റ്റാറ്റാ ഹിറ്റാച്ചി ഉൾപ്പടെ BackhoeLoader ഉലപാദിപ്പിച്ച് വിതരണം ചെയ്യുന്ന മറ്റു (Reputed OEM) നിരവധി കമ്പനികൾക്ക് ഈ ടെണ്ടറിൽ പങ്കെടുക്കുന്നതിനു സാധിച്ചിട്ടില്ല എന്നും ഇത് GeM പോളിസിയ്ക്ക് വിരുദ്ധവും പൊതു സമാഹരണപ്രക്രിയ്ക്ക് അനുയോജ്യമല്ലാത്തതും GeM ലെ ടെണ്ടറിംഗ് പ്രക്രിയയിൽ ഫീച്ചറുകളിലും, ഒപ്ഷനുകളിലും കൃത്രിമത്വം വരുത്താനുള്ള സാദ്ധ്യതയുണ്ടെന്നും പ്രസ്തുത നിവേദനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ടെണ്ടർ റദ്ദാക്കുന്നതു മുഖേന ഡിപ്പാർട്ട്മെന്റിനു വലിയ തോതിലുണ്ടാകുന്ന മൂലധന നഷ്ടം ഒഴിവാക്കാനാകുമെന്നും ഓപ്പൺ ടെണ്ടർ ആകുമെങ്കിൽ ഇൻഡസ്ട്രിയിലെ മറ്റു BackhoeLoader വിതരണ കമ്പനികൾക്കും പങ്കെടുക്കാമെന്നും പറയുന്നു. GeM ലെ നിലവിലെ ടെണ്ടർ പുതുക്കുവാനോ, മറ്റു യോഗ്യരായ കമ്പനികളെ കൂടി ഉൾപ്പെടുത്തുവാനോ സാധിയ്ക്കാത്തതിനാൽ റദ്ദു ചെയ്യുവാൻ ദയവുണ്ടകണമെന്നും അല്ലെങ്കിൽ മേൽ ടെണ്ടർ നടപടി ഭാവിയിൽ മാനദണ്ഡങ്ങൾ പാലിയ്ക്കാത്തതിനാൽ അധികാര സ്ഥാനങ്ങളിൽ നിന്നും നിയമനടപടികൾ നേരിടേണ്ടി വരും എന്നും നിവേദനത്തിൽ പറയുന്നു. ശ്രീ. സന്തോഷ് ജന സമർപ്പിച്ച നിവേദനം പരിശോധിച്ച് ഉടർ നടപടികൾ സ്വീകരിയ്ക്കുന്നതിനു ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി നിർദ്ദേശിച്ചതായി അറിയിച്ച തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറിയ്ക്ക് മേൽ സൂചിപ്പിച്ച നിവേദനം 17.03.2021ൽ 5112597/2021/എം (തസ്വഭവ) നമ്പർ കത്ത് കുറിപ്പോടു കൂടി തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ സ്പെഷ്യൽ സെക്രട്ടറി അയച്ചുനല്കിയിട്ടുണ്ട്. ഈ വിഷയത്തിൽ നഗരസഭ സ്വീകരിച്ച നടപടി ലഭ്യമാക്കിയിട്ടില്ല.

7. DW2സെക്ഷൻ ക്ലാർക്കിന്റെ 19.03.2021ലെ ഓഫീസ് കുറിപ്പിൽ സ്പിൽഓവർ പ്രോജക്ട് നം.SO758/21 പ്രകാരം കാന വൃത്തിയാക്കുന്നതിനും,ശുചിയാക്കുന്നതിനും വേണ്ടിയുള്ള വാഹനങ്ങളിൽ JCB എന്ന വാഹനം GeMലൂടെ വാങ്ങുന്നതിനു M/s. Popular Motors Corporationൽ നിന്നുമുള്ള (പോപ്പുലർ എന്നെഴുതിയത് വെട്ടി Tata Motors എന്ന തെറ്റായി രേഖപ്പെടുത്തിയിരിയ്ക്കുന്നു.) നിന്നുള്ള 27,75,000/- രൂപയുടെ Bill പ്രകാരമുള്ള തുക നല്കുന്നതിനു സെക്രട്ടറി ഒപ്പുവച്ച സാക്ഷ്യ പത്രം അംഗീകരിച്ച് ഒപ്പുയ്ക്കുന്നതിനു സമർപ്പിയ്ക്കുന്നതായി ഓഫീസ് കുറിപ്പിൽ രേഖപ്പെടുത്തുകയും അത് നഗരാസൂത്രണവിഭാഗം സൂപ്രണ്ടും, എക്സിക്യൂട്ടീവ് എഞ്ചിനീയർ 1ഉം ശരിവയ്ക്കുകയും ആയതു പ്രകാരം തയ്യാറാക്കിയ സാക്ഷ്യപത്രം എക്സിക്യൂട്ടീവ് എഞ്ചിനീയർ 1 ഒപ്പു വച്ചിട്ടുമുണ്ട്. DW2സെക്ഷൻക്ലാർക്ക് 21.04.2021ന് സമർപ്പിച്ച റിപ്പോർട്ടിൽ പ്രോജക്ട് നം. 758/21 പദ്ധതിയ്ക്ക് കേന്ദ്രധനകാര്യകമ്മീഷൻവിഹിതം ഇനിയും ലഭിച്ചിട്ടില്ലാത്തതിനാൽ വാഹനം സ്വീകരിയ്ക്കുന്നതിനും, ഫണ്ട് 60 ദിവസത്തിനകം ജെസിബി സ്ഥാപനത്തിനു നല്കാമെന്നും അറിയിച്ചുകൊണ്ടുള്ള ഒരു കത്ത് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്.

കത്തു പരിഗണിച്ചുകൊണ്ടുള്ള നഗരാസൂത്രണവിഭാഗം സൂപ്രണ്ടിന്റെ 21.04.2021ലെ ഓഫീസ് കുറിപ്പിൽ ജെം മുഖേന രജിസ്റ്റർ ചെയ്തിട്ടുള്ള വാഹനം വാങ്ങതിരുന്നാൽ കോർപ്പറേഷന് സാമ്പത്തിക നഷ്ടത്തിനും മറ്റ് നടപടികൾക്കും

ഇടവരുത്തുമെന്നും, ജെം മുഖേന രജിസ്റ്റർ ചെയ്ത JCB വാങ്ങുന്നതിന് തൃശ്ശൂർ കോർപ്പറേഷന് നിർദ്ദേശം നല്കണമെന്ന് കാണിച്ച് JCBഅധികൃതർ ബഹു:തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയ്ക്ക് നിവേദനം സമർപ്പിച്ചട്ടുണ്ട് എന്നും ആയതു തുടർനടപടികൾക്കു ലഭിച്ചിട്ടുള്ളതാണെന്നും പറയുന്നു. പ്രസ്തുത നിവേദനം ഓഡിറ്റിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പദ്ധതി രൂപീകരണ വേളയിൽ ഫണ്ടിന്റെ ലഭ്യത ഉറപ്പാക്കാതെ പദ്ധതി ഏറ്റെടുക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കിയിട്ടില്ല.

8. DW2സെക്ഷൻ ക്ലാർക്കിന്റെ 28.04.2021 ലെ ഓഫീസ് കുറിപ്പിൽ M/s. Popular Motor Corporation -നിന്നും വാഹനത്തിന്റെ വിലയായ 28,02,750/-രൂപയും, Road Tax,fees എന്നിവ ഉൾപ്പടെ മൊത്തം 30,32,420/-രൂപയുടെ ഇൻവോയ്സ് ലഭിച്ചിട്ടുള്ളതാണെന്നും ടി വാഹനത്തിന്റെ തുകയും ടി വാഹനത്തിന്റെ Insurance ഉം, ഒടുക്കിയാൽ മാത്രമേ വാഹനം ലഭിയ്ക്കുകയുള്ളൂവെന്നും വാഹനവുമായി ബന്ധപ്പെട്ടവർ ഫോൺ മുഖേന അറിയിച്ചിട്ടുള്ളതായുള്ള കുറിപ്പിന്മേൽ കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ലഭിച്ചിട്ടില്ലാത്തതിനാൽ JCBയുടെ തുക നല്കുന്നതിനുപോപ്പുലർ മോട്ടോർ കോർപ്പറേഷൻ ,ആലുവ എന്ന സ്ഥാപനത്തിനോട് 2 മാസത്തെ സാവകാശം ചോദിച്ചിരുന്നുവെങ്കിലും ആയതു പരിഗണിയ്ക്കാതെJCB യുടെ തുക ഒടുക്കുന്നതിനുള്ള ഇൻവോയ്സ് നല്കിയതായും തുക ഒടുക്കിയാൽ മാത്രമേ വാഹനം ലഭിയ്ക്കു എന്നു ഫോൺ മുഖേന അറിയിച്ചതായും 28.04.2021ന് സെക്ഷൻ സൂപ്രണ്ട് രേഖപ്പെടുത്തിയിരിയ്ക്കുന്നു. 21.04.2021ലെ ഓഫീസ് നോട്ടു പ്രകാരവും പോപ്പുലർ മോട്ടോർ കോർപ്പറേഷൻ, ആലുവയുടെ12.03.2021 ലെ പ്രൊഫോർമ ഇൻവോയ്സിലും JCBയുടെ വില27,75,000/- എന്നും പിന്നീട് 27.04.2021ലെ സ്ഥാപനത്തിന്റെ ടാക്സ് ഇൻവോയ്സിൽ ജി എസ് റ്റി ഉൾപ്പടെയുള്ള വിലയായ 27,75,000/- രൂപയ്ക്ക് പുറമേ 1% Tcs എന്നു രേഖപ്പെടുത്തി 27,750/-രൂപ ചുമത്തിയിട്ടുണ്ട്. 28.04.2021ലെ ഓഫീസ് നോട്ടിലും 28,02,750/- രൂപയുമെന്നു രേഖപ്പെടുത്തി കാണുന്നു. ഇപ്രകാരം ആകെ വിലയിൽമാറ്റം വരാനുണ്ടായ കാരണം വ്യക്തമാക്കിയിട്ടില്ല. ടെണ്ടർ ക്ഷണിച്ചപ്പോൾ ദൃഢതാകാലം എത്രയെന്നു രേഖപ്പെടുതിതയതായി ഫയലിൽ കാണുന്നില്ല. 11.02.2021 ന ക്ഷണിച്ച ടെണ്ടറിനു പ്രൊക്യൂർമെന്റ് മാനുവൽ ഗൈഡ്‌ലൈൻസ് പ്രകാരം സാധുതാ കാലയളവ് 90ദിവസമായതിനാൽ പ്രൊഫോർമ ഇൻവോയ്സിൽ നിന്നും വ്യത്യസ്തമായി ടാക്സ്ബില്ലിലെ തുകയിൽ എങ്ങനെ മാറ്റം വന്നു എന്നു വ്യക്തമാക്കേണ്ടതാണ്. പോപ്പുലർ മോട്ടോർ കോർപ്പറേഷൻ , ആലുവ എന്ന സ്ഥാപനവും നഗരസഭയിലെ നിർവ്വഹണ ഉദ്യോഗസ്ഥയും തമ്മിൽ കരാർ വച്ചത് ഓഡിറ്റിനു പരിശോധനയ്ക്കു ഹാജരാക്കിയിട്ടില്ല.

9.പദ്ധതിയുടെ പ്രാരംഭഘട്ടത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെറിപ്പോർട്ടുകളും മറ്റും ഉണ്ടായിരുന്നെങ്കിലും പദ്ധതി നടപ്പിലാക്കുന്ന അവസാന വേളയിൽ നിർവ്വഹണഉദ്യോഗസ്ഥയുടെ തീരുമാനങ്ങളുടെ അഭാവത്തിൽ സെക്രട്ടറി, അഡീഷണൽ സെക്രട്ടറി എന്നിവർ മാത്രം ഫയലിൽ തീരുമാനങ്ങളെടുത്തതിന്റെ കാരണം വ്യക്തമല്ല.

10. 2021-22ലെ സ്പിൽ ഓവർ പ്രോജക്ടിൽ പ്രസ്തുത പദ്ധതിയ്ക്കായി 5,00,000/-രൂപ അടങ്കൽ വയ്ക്കുകയും 4,54,816/- രൂപ ചെലവാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ എക്സ്കവേറ്ററിനു വകമാറ്റി ചെലവഴിച്ച തുക റീക്കൂപ്പ് ചെയ്യുന്നതിനു 2021-22ലെ സ്പിൽ ഓവർ പ്രോജക്ടിനു നടപടി സ്വീകരിയ്ക്കാത്തതിനു കാരണം വ്യക്തമാക്കിയിട്ടില്ല.

11. എക്സ്കവേറ്റർ ഓപ്പറേറ്റർക്ക് നാളിതുവരെ നല്കിയ വേതനത്തിന്റെ വിശദാംശങ്ങൾ, ടിയാന്റെ നിയമന വിവരങ്ങൾ,ഉപകരണത്തിന്റെ ലോഗ്ബുക്ക്, ഇന്ധനത്തിന്റെ ഇൻഡന്റ് എന്നിവ ഓഡിറ്റിൽ പരിശോധനയ്ക്കു ഹാജരാക്കിയിട്ടില്ല.ജെസിബിയുടെ ദൈനംദിന പ്രവർത്തന പട്ടിക മുൻകൂട്ടി തയ്യാറാക്കി ക്ഷമതയുള്ള ഉദ്യോഗസ്ഥന്റെ അംഗീകാരത്തോടെ പ്രവർത്തിക്കേണ്ടതിനു പകരം ഓരോദിവസങ്ങലിൽ ഓരോ സ്ഥലങ്ങളിൽ പ്രവർത്തിയെടുക്കുന്നതായി കാണുന്നു.ആയത് ആരും സാക്ഷ്യപ്പെടുത്തുന്നതായും കാണുന്നില്ല.

12. പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

13. സ്റ്റോർ പർച്ചേസ് റൂൾസ് 6.5,6.6,6.7എന്നിവയിൽ നിഷ്കർഷിയ്ക്കുന്നത് പദ്ധതി രൂപീകരണവേളയിൽ ഭരണാനുമതി നല്കുമ്പോൾ സ്റ്റോർ വാങ്ങുന്നതിനുള്ള ഫണ്ട് ലഭ്യമാണെന്നും വാങ്ങലിനു നിയമാനുസൃത ഭരണാനുമതിയുണ്ടെന്നും വാങ്ങൽ അധികാരി ഉറപ്പാക്കേണ്ടതാണ് എന്ന നിയമം പാലിച്ചിട്ടില്ല.8.11.2010ലെ ജി.ഒ.(പി)നം.259/2010/ത.സ്വ.ഭ.വ പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാനുവലിൽ ടെണ്ടർ ക്ഷണിയ്ക്കുമ്പോൾ സാധനത്തിന്റെ യഥാർത്ഥ വിലയോടൊപ്പം ട്രാൻസ്പോർട്ടേഷൻ, ഇൻഷുറൻസ് ചെലവുകൾ കൂടി പരിഗണിയ്ക്കേണ്ടതാണ് എന്ന നിയമം പാലിച്ചിട്ടില്ല, ജെ സി ബി യുടെ ഇൻഷ്വറൻസ്, ടാക്സ് എന്നീയിനത്തിൽ ഒടുക്കുന്നതിനു 2,75,000/-(ചെക്ക് നം-264718/4.06.2021)രൂപ ശ്രീ. ഡിറ്റോ ദാസ് ,അസി.എഞ്ചിനീയർക്ക് അഡ്വാൻസ് നല്കിയതിൽ 251860/-രൂപ M/S.TATA Motors Ltd.നല്കിയിട്ടുണ്ട്.മേലപാകതകൾക്കു വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

14. ജെസിബിയുടെ രജിസ്ട്രേഷൻസർട്ടിഫിക്കറ്റ്, ഇൻഷ്വറൻസ് പോളിസി, റോഡ്ടാക്സ് സർട്ടിഫിക്കറ്റ് എന്നിവയിൽ എർത്ത് മൂവിംഗ് എക്യുപ്മെന്റ് എന്നു രേഖപ്പെടുത്തിയിട്ടുണ്ട്. മേലുപകരണത്തിന്റെ ഉപയോഗം സംബന്ധിച്ച് വെബ്സൈറ്റിൽ രേഖപ്പെടുത്തിയിട്ടുള്ളത് നിർമ്മാണ മേഖലയിൽ ഉപയോഗിയ്ക്കുന്നതിനു വേണ്ടിയാണെന്നു കാണുന്നു. കാന ശുചിയാക്കുന്നതിനും, കാനയിൽ ശേഖരിയ്ക്കുന്ന മണ്ണു മാറ്റുന്നതിനുമായി ഇത്രയും ചെലവേറിയ മെഷീനുകൾ

വാങ്ങുന്നതിന് വൻതുക ചെലവാക്കിയതിനും, പ്രസ്തുത ഉപകരണത്തിന്റെ പരിപാലനത്തിനും മെഷീൻ ഓപ്പറേറ്റർക്കു വേതനത്തിനുവേണ്ടിയും വർഷം തോറും വൻതുക നഗരസഭയുടെ തനതുഫണ്ടിൽ നിന്നും ചെലവഴിക്കേണ്ടതിനാലും നഗരസഭയ്ക്ക് ഭാവിയിൽ ബാദ്ധ്യതയാവാൻ സാദ്ധ്യതകാണുന്നു.ഇപ്രകാരമുള്ള പ്രവർത്തികൾക്ക് വർഷം തോറും ഡിവിഷൻഫണ്ട് മഴക്കാല പൂർവ്വശുചീകരണത്തിനായി ചെലവഴിക്കാറുള്ളതും, ഇക്കാലയളവിൽ എഞ്ചിനീയറിംഗ് വിഭാഗം കരാറുകാർ മുഖേന തോട്ടുവൃത്തിയാക്കലിനു തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

ബി) ടിപ്പർ ലോറി വാങ്ങൽ പദ്ധതിനിർവ്വഹണത്തിന്റെ ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.ഖരമാലിന്യസംസ്കരണം സംബന്ധിച്ച 2016 ലെ Solid Waste Management Rules3(51),22(5)എന്നീ വകുപ്പുകൾ പ്രകാരം ഏത് തരത്തിലുള്ള മാലിന്യം നീക്കം ചെയ്യുന്നതിനു Coverd Vehicle മാത്രമേ ഉപയോഗിക്കാവൂ. SWM Rules22(5)പ്രകാരം ഏപ്രിൽ-2016മുതൽ2വർഷത്തിനുള്ളിൽ കോർപ്പറേഷന്റെ എല്ലാവാഹനവും കവേർഡ് വാഹനമാക്കി മാറ്റേണ്ടതായിട്ടുണ്ടെന്നും റൂൾ അനുസരിക്കാത്തതിനാൽ 4.5കോടി രൂപ കോർപ്പറേഷനു പിഴ ചുമത്തുകയും ചെയ്തതായിഫയലിൽ കാണുന്നു. പിഴതുക ഒടുക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടുവെങ്കിലും വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.പദ്ധതി പ്രകാരം വാഹനം വാങ്ങിയപ്പോൾ പ്രസ്തുത മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല.

2.29.09.2020 ലെ ഹെൽത്ത് ഇൻസ്പെക്ടറുടെ റിപ്പോർട്ട് പ്രകാരം കോർപ്പറേഷൻ മാലിന്യം നീക്കം ചെയ്യുന്നതിനു വാങ്ങേണ്ട ലൈറ്റ് ഗുഡസ് വെഹിക്കിൾ/ലൈറ്റ് കൊമേഴ്സ്യൽ വെഹിക്കിളിന്റെ സ്പെസിഫിക്കേഷൻസിൽ പ്ലാറ്റ്ഫോം ഭാഗം കവറുചെയ്തിരിക്കണം.(മഴ,വെയിൽ എന്നിവ കൊള്ളാതിരിക്കാനും മാലിന്യത്തിന്റെ ദുർഗന്ധം പുറത്തേയ്ക്ക് വരാതിരിക്കാനും കവേർഡ് ബോഡി അത്യാവശ്യമാണ്എന്നും രേഖപ്പെടുത്തിയിട്ടുണ്ട്.കവേർഡ് ബോഡിയുടെ പുറംഭാഗം Plane Sheet ആയിരിക്കണം, അതിൽ LEC Activity Logo പതിപ്പിക്കണം. കണ്ടെയ്നർമെന്റ് ബോഡിയുടെ വലിപ്പം ഏകദേശം 250cm-264.5cm നീളവും160cm-162cm വീതിയും,165cm-168cm ഉയരവും ഉണ്ടാവണം എന്നും നിഷ്കർഷിച്ചിരിക്കുന്നു. AC Cabin ഉള്ള വാഹനമായിരിക്കണമെന്നും, വാഹനത്തിൽ അറിയിപ്പുകൾ അറിയിക്കുവാനായി Low Impedence Horn Speaker, Amplifier, Mike എന്നിവ അത്യാവശ്യമാണെന്നും ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കണ്ടയിൻമെന്റ് ബോഡി,3 പാർട്ട്കളായി തിരിക്കണമെന്നും SWM Rule2016, Section44,15Dപ്രകാരം കണ്ടയിൻമെന്റ്ബോഡി ബയോഡീഗ്രേഡബിൾ, നോൺബയോഡീഗ്രേഡബിൾ, ഡൊമസ്റ്റിക് ഹസാർഡസ് വേസ്റ്റുകൾ എന്നിങ്ങനെ 3 പാർട്ടുകളാക്കി തിരിക്കണമെന്നും,വാഹനത്തിന്റെ രജിസ്ട്രേഷൻ ഫീസ് എന്നിവ ടെണ്ടർ എടുക്കുന്നവർ വഹിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇതിനു വിരുദ്ധമായി 9812/-(ചെക്ക് നം-114378/17 /4/2021)ഡിസ്ട്രിക് ഇൻഷ്വറൻസ് ഓഫീസർ തൃശ്ശൂരിന് നല്കിയിട്ടുണ്ട്.

വാഹനത്തിന്റെ രജിസ്ട്രേഷൻ ഫീസ് എന്നിവ ടെണ്ടർ എടുക്കുന്നവർ വഹിക്കേണ്ടതാണെന്ന നിബന്ധനകൾ പാലിക്കാത്തതിനു വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

ഇപ്രകാരം ദീർഘവീക്ഷണമില്ലാതെയും ശരിയായ ആവശ്യകതാ പഠനമില്ലാതെയും ഫണ്ട് ഉറപ്പാക്കാതെയും പദ്ധതി രൂപീകരിക്കുകയും നിലവിലെ നിയമങ്ങളും ചട്ടങ്ങളും പാലിക്കാതെയും സുതാര്യത നിലനിർത്താതെയും പദ്ധതി നടപ്പിലാക്കുന്നതിൽ വളരെയധികം കാലവിളമ്പം വരുത്തുകയും ചെയ്തതിനും മേൽ സൂചിപ്പിച്ച അപാകതകൾക്കും വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറി (158/21-22തീയതി.22.02.2023,159/21-22 തിയതി-7/3/2023)കൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി ആസൂത്രണത്തിലെ പിഴവു മൂലം തനതുഫണ്ടിൽ നിന്നും 30,32,420/- ചെവലഴിക്കുന്നതിനു ഇടയാക്കിയ ഉത്തരവാദിയായ ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കുന്നതിനും, നിയമങ്ങളും ചട്ടങ്ങളും ലംഘിച്ചു നടത്തിയ ഈപദ്ധതിയുടെ ചെലവും, 20-21,21-22, കാലയളവിൽ വലിയ തുക ചെലവഴിച്ചു നഗരസഭ നടപ്പിലാക്കിയ പദ്ധതികളുടെ ചെലവുകളും സർക്കാർ തലത്തിൽ കൂടുതൽ അന്വേഷണം നടത്തുന്നതിനു ശുപാർശ ചെയ്യുന്നു.

## 1-152 അമൃത് പദ്ധതി - കോർപ്പറേഷൻ കാര്യാലയത്തിന് മുന്നിലെ സബ്-വേ നിർമ്മാണം, അപാകതകൾ

പിഡബ്ല്യു2-അമൃത്/29211/18

ഇഡബ്ല്യു2-967/19

തൃശ്ശൂർ കോർപ്പറേഷൻ കാര്യാലയത്തിന് മുന്നിൽ, കാൽനടക്കാർക്ക് റോഡ് മുറിച്ച് കടക്കുവാൻ സൗകര്യം ഏർപ്പെടുത്തുന്നതിനായി ഒരു സബ്-വേ നിർമ്മാണം അമൃത് പദ്ധതിയിലുൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുണ്ട്. പ്രവൃത്തി ആരംഭിച്ചതിന് ശേഷം പ്രദേശത്തെ യു ജി കേബിളും ഡി എച്ച് ഫീഡറും മാറ്റി സ്ഥാപിക്കേണ്ടി വന്നതായും, ആയതിന് കോർപ്പറേഷൻ വൈദ്യുതി വിഭാഗത്തിന് 1,90,024/-രൂപ നൽകിയതായും ഫയലിലുണ്ട് (വൗച്ചർ നം. 21900666/ 1.6.2019). പ്രവൃത്തിയുടെ വിശദാംശങ്ങൾ അടങ്ങിയ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

റോഡ് പൊളിച്ച് പണിയുന്നതിനാൽ ആ ഭാഗത്തെ എം.ഓ റോഡ് ഫീഡറും ഡി.എച്ച് ഫീഡറും മാറ്റി സ്ഥാപിക്കേണ്ടതായും ഈ പ്രവൃത്തി വൈദ്യുതി വിഭാഗം ജീവനക്കാരെ കൊണ്ട് ചെയ്യിപ്പിക്കാമെന്നും ആയതിന് അനുമതിക്കും തുക അനുവദിക്കുന്നതിനുമായി അമൃത് പദ്ധതിയുടെ ചുമതലയുള്ള അസിസ്റ്റന്റ് എഞ്ചിനീയറോട്

അപേക്ഷിക്കുന്നതിന് കത്ത് നൽകുവാനും വൈദ്യുതി വിഭാഗത്തിന്റെ ഇഡബ്ല്യ2-967/19നം. ഫയലിന്റെ നോട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, വൈദ്യുതി വിഭാഗത്തെ ഏല്പിച്ച പ്രവൃത്തി പിന്നീട് പുറത്തുള്ള കരാറുകാരനെയാണ് ഏല്പിച്ചിട്ടുള്ളത്. 1,90,024രൂപയുള്ള എസ്റ്റിമേറ്റിന് സാങ്കേതികാനുമതി, മേയറുടെ മുൻകൂർ അനുമതി എന്നിവ ലഭിച്ചിട്ടുണ്ട്. ലേബർ ചാർജ്ജ് ഇനത്തിൽ 34104രൂപയും 18% ജിഎസ്.ടിയും കരാറുകാരന് നൽകുകയും ചെയ്തിട്ടുണ്ട്. മെറ്റീരിയൽ കോസ്റ്റ് 126945രൂപയാണ് ചെലവ് കാണിച്ചിട്ടുള്ളത്.

മെറ്റീരിയൽ കോസ്റ്റ് (ഫൈനൽ ബിൽ)

| ഇനം | അളവ് | നിരക്ക് | തുക |
|---|---|---|---|
| 3+300mm2 XLPE യുജി കേബിൾ | 67മീ. | 1235 | 82745 |
| കേബിൾ ജോയിന്റിംഗ് കിറ്റ് | 4എണ്ണം | 5542 | 22168 |
| SOC | | 16% | 16786 |
| GST | | 5% | 5246 |
| Total | | | 126945 |

ലേബർ ചാർജ്ജ് നൽകിയത്

| ഇനം | അളവ് | നിരക്ക് | തുക | എം.ബുക്ക് നം. |
|---|---|---|---|---|
| Laying Of 3x300 XLPE UG Cable | 50 | 326 | 16300 | 08/2018 |
| " | 30 | 326 | 9780 | 08/2018 |
| Doing Straight Joining Of Cables | 4 | 2006 | 8024 | 08/2018 |
| Toral | | | 34104 | |
| GST (കൂട്ടുക) | | 18% | 6139 | |

| | | | | |
|---|---|---|---|---|
| IT (കുറയ്ക്കുക) | | 2% | 682 | |
| Kcwwf (കുറയ്ക്കുക) | | 1% | 341 | |
| Sum Total | | | 39220 | |

വർക്ക് ബിൽ പരിശോധിച്ചതിൽ, എം.ഒ. ഫീഡറിന് 50 മീറ്ററും ഡിഎച്ച് ഫീഡറിന് 30 മീറ്ററും യു ജി കേബിൾ സ്ഥാപിച്ചതായി രേഖപ്പെടുത്തുകയും തുക നൽകുകയും ചെയ്തു കാണുന്നു. എന്നാൽ, 6560/20.7.19 നമ്പർ ഇഷ്യൂ നോട്ടിൽ 67മീറ്റർ യുജി കേബിൾ മാത്രമാണ് ഇഷ്യൂ ചെയ്തിട്ടുള്ളത്. 13മീറ്റർ കേബിൾ സ്ഥാപിച്ചതിന്റെ തുക 5001/-രൂപ അധികമാണ് നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇഷ്യൂ നോട്ട് നം. | നൽകിയ കേബിൾ | വർക്ക് ബിൽ പ്രകാരം | ലേബർ നിരക്ക് | അധികം നൽകിയ തുക+ ജി.എസ്.ടി@18% |
|---|---|---|---|---|
| 6560/20.7.2019 | 67മീ.<br>67x326= 21842 | 80മീ.<br>80x326 = 26080 | 326 | 26080 -21842= 4238<br>4238+763<br>5001/- |

പ്രവൃത്തിയുടെ ആകെ ചെലവ്

| ഇനം | തുക |
|---|---|
| മെറ്റീരിയൽ കോസ്റ്റ് | 126945 |
| ലേബർ ചാർജ്ജ് (40243 – 500) | 35242 |
| ആകെ | 162187 |

ജിഎസ്.ടി അടക്കം 40243രൂപ നൽകേണ്ടതിൽ നിയമാനുസൃത ഇളവുകൾ കഴിച്ച് 39220/- രൂപയാണ് കരാറുകാരന് ലേബർ ചാർജ്ജ് നൽകിയിട്ടുള്ളത്. മെറ്റീരിയൽ കോസ്റ്റ് ആകെ ചെലവ് വന്നത് 126945 രൂപയാണ്. മുകളിൽ ചേർത്ത പട്ടിക പ്രകാരം അധികം നൽകിയ തുക കിഴിച്ച് 162187 രൂപയാണ് ആകെ ചെലവ് വന്നിട്ടുള്ളത്. എന്നാൽ, വൗച്ചർ പ്രകാരം 1,90,024 രൂപ വൈദ്യുതി വിഭാഗത്തിന് നൽകിയിട്ടുണ്ട്. 27837 രൂപ അധികം നൽകിയത് തിരികെ ഈടാക്കേണ്ടതാണ്.

പ്രവൃത്തി ആരംഭിച്ചതിന് ശേഷം പ്രദേശത്തെ യു ജി കേബിളും ഡി എച്ച് ഫീഡറും മാറ്റി സ്ഥാപിക്കേണ്ടി വന്നതായും, ആയതിന് കോർപ്പറേഷൻ വൈദ്യുതി വിഭാഗത്തിന് 1,90,024/- രൂപ നൽകിയതായും ഫയലിലുണ്ട് (വൗച്ചർ നം. 21900666/1.6.2019). പ്രവൃത്തിയുടെ വിശദാംശങ്ങൾ പരിശോധിച്ചതിൽ ഉചിതമായ രീതിയിൽ സൈറ്റ് പരിശോധന നടത്തിയിരുന്നെങ്കിൽ ഈ പ്രവൃത്തി ഒഴിവാക്കാമായിരുന്നുവെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 1-153 അമൃത് പദ്ധതി-സബ് വേ നിർമ്മാണം -കോർപ്പറേഷൻ കാര്യാലയത്തിന്റെ തനത് ഫണ്ടിലേക്ക് വൈദ്യുതി വിഭാഗം 2017171/- രൂപ തിരികെ നൽകേണ്ടതാണ്

പിഡബ്ല്യു2-അമൃത്/29211/18

തൃശ്ശൂർ കോർപ്പറേഷൻ കാര്യാലയത്തിന് മുന്നിലെ കാൽനടക്കാർക്ക് റോഡ് മുറിച്ച് കടക്കുവാൻ സൗകര്യം ഏർപ്പെടുത്തുന്നതിനായി ഒരു സബ്-വേ നിർമ്മാണം അമൃത് പദ്ധതിയിലുൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ താഴെ കാണുന്ന അപാകതകൾ കണ്ടെത്തി.

1. ടെന്റർ ക്ഷണിച്ച് കുറവ് ക്വോട്ട് ചെയ്ത ശ്രീ റിയാസുദ്ദീന്റെ ടെന്റർ സ്വീകരിച്ച് 19.12.2018ന് സെലക്ഷൻ മെമ്മോ നൽകിയിട്ടുണ്ട്. എന്നാൽ, ഒരു മാസത്തിന് ശേഷം 28.1.2019നാണ് കരാർ വച്ചിട്ടുള്ളത്. അസുഖമായതിനാൽ യഥാസമയം അഗ്രിമെന്റ് വയ്ക്കുവാൻ സാധിച്ചില്ലെന്നും പിഴ ഒഴിവാക്കുവാനും കരാറുകാരൻ അപേക്ഷ നൽകിയിരുന്നെങ്കിലും, ടിയാനിൽ നിന്നും നിയമാനുസൃതമായ നിരക്കിൽ പിഴ ഈടാക്കുവാൻ സെക്രട്ടറി ടിയാന്റെ അപേക്ഷമേൽ രേഖപ്പെടുത്തിയിട്ടുണ്ട്.പിഴ ഈടാക്കിയ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും ലഭ്യമായില്ല. നിയമാനുസൃത പിഴ ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2. നെപ്റ്റ്യൂൺ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും എം 25 ഗ്രേഡിന്റെ 86 എം3 റെഡി മിക്സ് കോൺക്രീറ്റും, എം 35 ഗ്രേഡിന്റെ 25 എം3 റെഡി മിക്സ് കോൺക്രീറ്റും വാങ്ങിയതായ ഇൻവോയ്സുകൾ ഫയലിലുണ്ട്. ആകെ 111എം3 (86+25) റെഡി മിക്സ് കോൺക്രീറ്റ് വാങ്ങിയതിന്റെ ഇൻവോയ്സുകളാണ് ഫയലിൽ ഉള്ളത്. ബില്ലിലെ ഇനം 6ൽ, 315.224 എം3 മെഷീൻ മിക്സ്ഡ് എം25 ഗ്രേഡ് സിമന്റ് കോൺക്രീറ്റ് ഉപയോഗിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. വാങ്ങിച്ചതിലും അധികമായി (315.224–86) 229.224 എം3 റെഡി മിക്സ്ഡ് കോൺക്രീറ്റ് എം25ഗ്രേഡ് ഉപയോഗിച്ചതായി കാണിച്ച് കരാറുകാരന് തുക നൽകിയിട്ടുണ്ട്. വിഷയം സംബന്ധിച്ച് അന്വേഷണക്കുറിപ്പ് നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമായില്ല. ഈ സാഹചര്യത്തിൽ അധികം ചെലവ് ചെയ്ത 2017171/-രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. വിശദമായി താഴെ ചേർക്കുന്നു.

| ഇൻവോയ്സ് പ്രകാരം വാങ്ങിയ റെഡി മിക്സ് കോൺക്രീറ്റ് (എം25 ഗ്രേഡ്) | എം ബുക്ക് നം. 86(D(18-19)പ്രകാരം ഉപയോഗിച്ചത് | നിരക്ക് | നൽകിയ തുക | അധികം നൽകിയത് (315.224 – 86) |
|---|---|---|---|---|
| 86എം3 | ഇനം- 5.33.1 315.224എം3 | 8800/എം3 | 315.224x8800 2773971/- | 229.224 X 8800= 2017171/- |

## 1-154 NULM – CLC യിലേക്ക് ഓർഡർ നൽകിയ പ്രിന്റർ ലഭ്യമായില്ല.

NULM – CLC യിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ വാങ്ങുന്നതിനായി വൗച്ചർ നം.22103859/17.02.2022 പ്രകാരം 59,815/- രൂപ കെൽട്രോണിന് നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച താഴെ പറയുന്ന വിവരങ്ങൾ ഹാജരാക്കിയിട്ടില്ല.

1) പ്രൊഫോമ ഇൻവോയ്സ് നം. TVM/ITBG/P1/RC/28590/20-21, Dt.06.08.2021 പ്രകാരം പ്രിന്ററിനായി 20,018/- രൂപ നൽകിയിരുന്നു. എന്നാൽ നാളിതുവരെയായി പ്രിന്റർ ലഭ്യമായിട്ടില്ല. പ്രിന്റർ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

2) മേൽ വൗച്ചർ നമ്പർ പ്രകാരം വാങ്ങിയ കമ്പ്യൂട്ടറും 17.12.2021 തീയതിയിലെ ഇൻവോയ്സ് നം. OLR/21-22/142 പ്രകാരം സിഡ്കോയിൽ നിന്നും വാങ്ങിയ സ്റ്റീൽ ടേബിൾ -1, സ്റ്റീൽ അലമാര – 1, വുഡ് ആം ചെയർ - 2 എന്നിവയും സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.96/21-22, തീ.11.01.2023)

## 1-155 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി - അപാകതകൾ

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ താഴെപ്പറയുന്നു.

1) സ.ഉ. (കൈ) നം. 216/2017, ത.സ്വ.ഭ.വ, തീ.03.11.2017 ഖണ്ഡിക 1.4.6, 8.1.3 എന്നിവ പ്രകാരം പ്രവൃത്തി നടത്തി പരമാവധി 14 ദിവസത്തിനകം തുക നൽകണമെന്ന് വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഭൂരിഭാഗം പ്രവൃത്തികളിലും ഈ വ്യവസ്ഥ പാലിച്ചിട്ടില്ല. ഉദാഹരണത്തിന് ഡിവിഷൻ 50 ൽ ഫലവൃക്ഷത്തൈ വച്ച് പിടിപ്പിക്കൽ എന്ന പ്രവൃത്തിയിൽ 2021 ഒക്ടോബർ 23 മുതൽ നവംബർ 18 വരെ 22 തൊഴിലാളികൾ പണിയെടുക്കുകയും നവംബർ 18 ന് പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ബിൽ പാസ്സാക്കിയിട്ടുള്ളത് 05.01.2022 ന് മാത്രമാണ്.
ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് മുൻഗണനാക്രമത്തിൽ ആദ്യം പൂർത്തീകരിക്കുന്ന പ്രവൃത്തികൾക്കനുസരിച്ച് തുക വിതരണം ചെയ്യുന്നുവെന്നാണ് മറുപടിയായി അറിയിച്ചിട്ടുള്ളത്.

2) ഖണ്ഡിക 7.3.1 പ്രകാരം ഓരോ സാമ്പത്തിക വർഷം ഏറ്റെടുക്കുന്ന പ്രവൃത്തികളുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും മുൻവർഷം ഡിസംബർ മാസത്തിനു മുൻപേ നൽകിയിരിക്കണം. എന്നാൽ മുഴുവൻ പ്രവൃത്തികളുടെയും സാങ്കേതികാനുമതി പ്രവൃത്തി നടത്തുന്നതിന് തൊട്ട് മുൻപ് മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. ഉദാഹരണത്തിന് ഡിവിഷൻ 50 ൽ ഫലവൃക്ഷത്തൈ വച്ച് പിടിപ്പിക്കൽ എന്ന പ്രവൃത്തി 2021 ഒക്ടോബർ 23 നാണ് ആരംഭിച്ചത്. സാങ്കേതികാനുമതി ലഭ്യമാക്കിയത് 21.10.2021 നാണ് (T.S. No.33/AEE-2/21-22, Dt.21.10.21).
ഏറ്റെടുക്കുന്ന പ്രവൃത്തികളുടെ ലേബർ ബജറ്റ്/ആക്ഷൻ പ്ലാൻ എന്നിവയുടെ ഭരണാനുമതി ഡിസംബറിൽ ലഭിക്കുകയും അതിനുശേഷമുള്ള നടപടികൾ പൂർത്തീകരിച്ച് ലഭിച്ച ഫണ്ട് അനുസരിച്ച് മുൻഗണനാക്രമത്തിൽ പ്രവൃത്തികൾ ഏറ്റെടുത്ത് ഡിമാന്റ് ചെയ്തതിനുശേഷമാണ് തയ്യാറാക്കിയ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭിക്കുന്നത് എന്നാണ് മറുപടിയിൽ അറിയിച്ചിട്ടുള്ളത്. സമയബന്ധിതമായി അനുമതികൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

3) ഖണ്ഡിക 7.4.10 പ്രകാരം മസ്റ്റർ റോളിൽ തിരുത്തലുകൾ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഡിവിഷൻ 50 ൽ ഫലവൃക്ഷത്തൈ വച്ച് പിടിപ്പിക്കൽ എന്ന പ്രവൃത്തിയുടെ മസ്റ്റർ റോളിൽ സനൽ എന്നയാളുടെ പേരെഴുതി ഒപ്പ് വച്ചതിൽ സാവിത്രി എന്ന് പേര് തിരുത്തിയിരിക്കുന്നു. പല മസ്റ്റർ റോളുകളിലും തൊഴിൽ കാർഡ് നമ്പർ എഴുതുന്നില്ല.

സാവിത്രി, സനൽ എന്നിവർ ഒരു തൊഴിൽ കാർഡിലെ ഉടമയും കുടുംബാംഗവുമാണ് എന്നും ജോലി ചെയ്തിരുന്ന സനലിന് ശാരീരിക ബുദ്ധിമുട്ട് മൂലം പ്രവൃത്തി ചെയ്യുന്നതിന് സാധിക്കാതെ വന്നതിനാലാണ് അമ്മയായ സാവിത്രി ജോലി ചെയ്തതിന്റെ അടിസ്ഥാനത്തിൽ മസ്റ്റർ റോളിൽ പേര് ചേർത്തതെന്നുമാണ് മറുപടിയായി അറിയിച്ചിട്ടുള്ളത്. മസ്റ്റർ റോളിൽ ഇത്തരം തിരുത്തലുകൾ ഒഴിവാക്കേണ്ടതാണ്.

4) ഖണ്ഡിക 7.5.1, 13.1.2 എന്നിവ പ്രകാരം പ്രവൃത്തി ആരംഭിക്കുന്നതിന് മുൻപ് സാധാരണ ജനങ്ങൾക്ക് മനസ്സിലാക്കാൻ കഴിയുന്ന തരത്തിലുള്ള, പ്രാദേശിക ഭാഷയിൽ തയ്യാറാക്കിയ ജനകീയ എസ്റ്റിമേറ്റും എസ്റ്റിമേറ്റ് റിപ്പോർട്ടും ഉണ്ടാകണം. ഇത് തയ്യാറാക്കേണ്ടത് ചുമതലയുള്ള എ.ഇ/ഓവർസിയർ ആണ്.

എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ചുവടെ പറയുന്ന വസ്തുതകൾ ഉൾക്കൊള്ളിച്ചിരിക്കണം.

* അവിദഗ്ധ തൊഴിലാളികൾക്ക് സൃഷ്ടിക്കപ്പെടുന്ന മനുഷ്യാധ്വാനദിനങ്ങളും കൂലിയും.

* വിദഗ്ധ തൊഴിലാളികൾക്ക് സൃഷ്ടിക്കപ്പെടുന്ന മനുഷ്യാധ്വാനദിനങ്ങളും കൂലിയും.

* സാധന സാമഗ്രികളുടെ അളവും, വിലയും. അവ എവിടെ നിന്നും എങ്ങനെ സംഭരിക്കുമെന്ന് (സംഭരണരീതി)

ലഭ്യമാക്കിയ ഫയലുകൾ പ്രകാരം ഇപ്രകാരം എസ്റ്റിമേറ്റോ, എസ്റ്റിമേറ്റ് റിപ്പോർട്ടോ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

5) ഖണ്ഡിക 7.8 പ്രകാരം പ്രവൃത്തി പൂർത്തീകരണ റിപ്പോർട്ട് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. പ്രവൃത്തി ആരംഭത്തിലും, മദ്ധ്യേയും, പൂർത്തീകരിച്ച ശേഷവുമുള്ള ഫോട്ടോഗ്രാഫുകളും ഓരോ പ്രവൃത്തിയുടെയും ഫയലിൽ ഉണ്ടാകണം. ഇത്തരം വിവരങ്ങൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

6) ഖണ്ഡിക 7.6.1 (I) പ്രകാരം ഓരോ നഗരസഭയിലും അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി ഫണ്ട് സൂക്ഷിക്കുന്നതിന് പൊതുമേഖലാ ബാങ്കിൽ പ്രത്യേക സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ഉണ്ടായിരിക്കണം. എന്നാൽ തൃശ്ശൂർ കോർപ്പറേഷനിൽ അക്കൗണ്ട് തുറന്നിട്ടുള്ളത് പൊതുമേഖലയിലല്ലാത്ത I.D.B.I ബാങ്കിലാണ് (IDBI, തൃശ്ശൂർ ശാഖ, S.B A/c No. 0269104111177880).

7) ഖണ്ഡിക 9.6.1 (II) പ്രകാരം നഗരസഭകൾ നടത്തുന്ന ചെലവു വിവരങ്ങൾ അടുത്ത കൗൺസിൽ യോഗത്തിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണ്. എന്നാൽ സാമ്പത്തിക വർഷം അവസാനിച്ച് 05.07.2022 തീയതിയിൽ മുഴുവൻ ചെലവിന്റെയും കൗൺസിൽ അംഗീകാരം ലഭ്യമാക്കിയതായാണ് മറുപടിയിൽ അറിയിച്ചിട്ടുള്ളത്. സർക്കാർ മാർഗ്ഗനിർദ്ദേശപ്രകാരമുള്ള നടപടിക്രമം പാലിക്കേണ്ടതാണ്.

8) ഖണ്ഡിക 11.1.1 പ്രകാരം ഓരോ നഗരസഭയിലെയും വാർഡ് സഭകൾ അതാത് വാർഡിൽ/ഡിവിഷനിൽ നടക്കുന്ന പ്രവൃത്തികളെ മോണിറ്റർ ചെയ്യുകയും, തൊഴിൽ രജിസ്ട്രേഷൻ, തൊഴിൽ കാർഡ് വിതരണം, തൊഴിൽ നൽകൽ, വേതന വിതരണം എന്നീ കാര്യങ്ങൾ പരിശോധനാ വിധേയമാക്കുകയും വേണം. ഇപ്രകാരം മോണിറ്ററിങ്ങ് നടത്തിയതിന്റെ വിവരങ്ങൾ ലഭ്യമല്ല.

ഖണ്ഡിക 11.3.1 പ്രകാരം നഗരസഭാതലത്തിൽ 100% പ്രവൃത്തികളുടെയും മോണിറ്ററിങ്ങ് നടത്തേണ്ടതാണ്.

കൌൺസിലർമാരുടെയും ഡിവിഷനിലെ സാമൂഹ്യ പ്രവർത്തകരുടെയും മേൽ നോട്ടത്തിലാണ് പ്രവൃത്തികൾ മോണറ്ററിംഗ് നടത്തി വരുന്നത് എന്നാണ് മറുപടിയായി അറിയിച്ചിട്ടുള്ളത്.

9) ഖണ്ഡിക 11.1.2 പ്രകാരമുള്ള ജാഗ്രതാ സമിതി രൂപീകരിക്കുകയോ, അവയുടെ റിപ്പോർട്ട് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. 01.09.2022 തീയതിയിലെ DUA/5769/2022DC3 ഉത്തരവ് പ്രകാരം മോണിറ്ററിംഗ് കമ്മിറ്റിയും ജാഗ്രതാ സമിതിയും രൂപീകരിക്കുന്നതിനായി ഫയൽ നടപടികൾ നടന്നു വരുന്നു എന്നാണ് മറുപടിയായി അറിയിച്ചിട്ടുള്ളത്.

സർക്കാർ മാർഗ്ഗരേഖ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതും പദ്ധതി നടത്തിപ്പിലെ അപാകതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

(ഓഡിറ്റ് അന്വേഷണം നം. 34/21-22, തീ. 06.12.2022)

## 1-156 രാജീവ് ഗാന്ധി ആവാസ് യോജന പദ്ധതി - ചെലവ് വിവരങ്ങൾ ഹാജരാക്കിയില്ല.

2021-22 സാമ്പത്തിക വർഷത്തിൽ രാജീവ് ഗാന്ധി ആവാസ് യോജനയുമായി (ശീർഷകം നം. 450410200) ബന്ധപ്പെട്ട ബാങ്ക് ബുക്ക്, പഞ്ചാബ് നാഷണൽ ബാങ്കിലെ അക്കൗണ്ട് നം.4357000160048376 പാസ്സ്ബുക്ക് എന്നിവ പരിശോധിച്ചതിൽ 19,09,130/- രൂപയുടെ ചെലവും 2,03,351/- രൂപയുടെ വരവും (58,650/- രൂപ പലിശയുൾപ്പടെ) രേഖപ്പെടുത്തിയിട്ടുണ്ട്. ഇവ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ/ഫയലുകൾ എന്നിവ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയതിൽ 17-03-2020 ന് ചേർന്ന RAY പദ്ധതിയുടെ ഡി.പി.ആർ.എൽ വരുത്തേണ്ട മാറ്റങ്ങൾ അംഗീകരിക്കുന്നതിനുള്ള സ്റ്റേറ്റ് ലെവൽ അപ്രൂവൽ കമ്മിറ്റി (SLAC) യോഗത്തിലേക്ക് ബഹു. മേയറുടെ മുൻകൂർ അനുമതിയോടെ ഡി.പി.ആർ.എൽ വരുത്തിയ മാറ്റങ്ങളടങ്ങിയ പ്രൊപ്പോസൽ സമർപ്പിച്ചിരിക്കുന്നതും അംഗീകരിച്ച പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ നിലവിൽ ആനുകൂല്യം നൽകി വരുന്നതുമാണ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ സ്റ്റേറ്റ് ലെവൽ അപ്രൂവൽ കമ്മിറ്റി (SLAC)യുടെ അംഗീകാരം ലഭ്യമാക്കിയതായി കാണുന്നില്ല, ആയതിനാൽ 19,09,130/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് അന്വേഷണം നം. 92/21-22, തീ.09.01.2023)

## 1-157 പി.എം.എ.വൈ (നഗരം)/ലൈഫ് പദ്ധതി അവലോകനം

പി.എം.എ.വൈ (നഗരം)/ലൈഫ് പദ്ധതിയുടെ 1 മുതൽ 7 വരെയുള്ള DPR പ്രകാരമുള്ള പുരോഗതി വിവരം താഴെ ചേർക്കുന്നു.

| DPR | അംഗീകാരം ലഭിച്ചത് | കരാറിൽ ഏർപ്പെട്ടത് | ആദ്യ ഗഡു കൈപ്പറ്റിയവർ | രണ്ടാം ഗഡു കൈപ്പറ്റിയവർ | മൂന്നാം ഗഡു കൈപ്പറ്റിയവർ | പൂർത്തിയാക്കിയവർ | നാലാം ഗഡു കൈപ്പറ്റിയവർ |
|---|---|---|---|---|---|---|---|
| 1 | 162 | 162 | 162 | 162 | 161 | 152 | 146 |
| 2 | 133 | 133 | 133 | 133 | 131 | 118 | 117 |
| 3 | 256 | 256 | 256 | 252 | 251 | 234 | 223 |
| 4 | 16 | 16 | 16 | 16 | 16 | 15 | 14 |
| 5 | 723 | 723 | 723 | 722 | 710 | 671 | 632 |
| 6 | 445 | 442 | 440 | 426 | 393 | 381 | 201 |
| 7 | 378 | 338 | 338 | 292 | 224 | 0 | 0 |
| Total | 2113 | 2070 | 2068 | 2003 | 1906 | 1571 | 1333 |

നിലവിൽ 2113 ഗുണഭോക്താക്കളാണ് ഉള്ളത്. ആയതിൽ 1333 പേർ ഭവനനിർമ്മാണം പൂർത്തീകരിച്ച് മുഴുവൻ തുകയും കൈപ്പറ്റിയിട്ടുള്ളതാണ്. വീട് പണിക്കായി ഏതെങ്കിലും ഗഡു കൈപ്പറ്റിയ ശേഷം വീട് പണി അവസാനിപ്പിച്ചവരിൽ നാല് പേർ മാത്രമാണ് (കൌസല്യ ഒലേക്കാട്ടിൽ, ബെൻസി ആന്റണി മാളിയേക്കൽ, ലളിത മംഗലത്ത്, ബിന്ദു പുത്തൻപറമ്പിൽ എന്നിവർ) കൈപ്പറ്റിയ തുക തിരികെ അടവാക്കിയിട്ടുള്ളതെന്നാണ് ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയായി അറിയിച്ചിട്ടുള്ളത്. DPR 1 മുതൽക്ക് വീട് പണി പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുള്ളതായി കാണുന്നു. ഇത്തരത്തിൽ ഏതെങ്കിലും ഗഡു കൈപ്പറ്റി വളരെക്കാലമായിട്ടും വീട് പണി പൂർത്തീകരിക്കാത്തവരിൽ നിന്നും തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

2016-17 മുതൽ 2021-22 വരെയുള്ള കാലയളവിൽ പി.എം.എ.വൈ (നഗരം)/ലൈഫ് പദ്ധതി വഴി ചെലവഴിച്ച തുകയുടെ സ്ഥാപനം ലഭ്യമാക്കിയ വിശദാംശങ്ങൾ വർഷം തിരിച്ച് ഇതോടൊപ്പം ചേർക്കുന്നു.

വരവ് ചെലവ് വിവരം

| വരവ് | | | | | ചെലവ് | | | |
|---|---|---|---|---|---|---|---|---|
| സാമ്പത്തിക വർഷം | മുന്നിരിപ്പ് | ബാങ്ക് | ട്രഷറി | ആകെ | ബാങ്ക് | ട്രഷറി | ആകെ | നീക്കിയിരിപ്പ് |
| 2016-17 | 0 | 70833517 | 0 | 70833517 | 11460467 | 0 | 11460467 | 59373050 |
| 2017-18 | 59373050 | 45832867 | 0 | 105205917 | 41735194 | 0 | 41735194 | 63470723 |
| 2018-19 | 63470723 | 170923037 | 62379500 | 296773260 | 146990100 | 62379500 | 209369600 | 87403660 |
| 2019-20 | 87403660 | 147921350 | 75901000 | 311226010 | 184933371 | 75901000 | 260834371 | 50391639 |
| 2020-21 | 50391639 | 14312943 | 91949000 | 156653582 | 132589212 | 91949000 | 224538212 | 67884630 |
| 2021-22 | 62115370 | 48647194 | 0 | 110762564 | 62979277 | 0 | 62979277 | 47767465 |

2017-18 മുതൽ 2021-22 വരെയുള്ള കാലയളവിൽ പി.എം.എ.വൈ (നഗരം)/ലൈഫ് പദ്ധതിയ്ക്കായി ലഭിച്ച വരവ് വിഹിതങ്ങളുടെ സ്ഥാപനം ലഭ്യമാക്കിയ വിശദാംശങ്ങൾ വർഷം തിരിച്ച് ഇതോടൊപ്പം ചേർക്കുന്നു.

| സാമ്പത്തിക വർഷം | തദ്ദേശ വിഹിതം-ജനറൽ | തദ്ദേശ വിഹിതം-എസ്.സി | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | ആകെ |
|---|---|---|---|---|---|
| 2017-18 | | 25750000 | 7500000 | 2500000 | 35750000 |
| 2018-19 | 78159195 | 10275500 | 54150000 | 18050000 | 160634695 |
| 2019-20 | 52371000 | 23530000 | 109350000 | 36450000 | 221701000 |
| 2020-21 | 81992000 | 9957000 | -- | -- | 91949000 |
| 2021-22 | 260022195 | 69512500 | 217500000 | 72500000 | 619534695 |

(ഓഡിറ്റ് അന്വേഷണം നം. 83/21-22, തീയതി: 30.12.2022)

# ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 നികുതി പ്രാബല്യതിയതി തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചു - നികുതി നിർണ്ണയത്തിൽ കുറവ്

ഫയൽ നമ്പർ R5-DW4/BA/217/16-17

2021-22 സാമ്പത്തിക വർഷം വസ്തുനികുതി നിർണ്ണയം നടത്തിയ താഴെപ്പറയുന്ന കെട്ടിടത്തിന്റെ നികുതി പ്രാബല്യ തിയതി തെറ്റായി കണക്കാക്കി നികുതി നിർണ്ണയിച്ചിരിക്കുന്നു.

| | |
|---|---|
| കെട്ടിട നമ്പർ | 14/1102 |
| വിസ്തീർണ്ണം | 167.77 ച.മി |
| ഉപയോഗക്രമം | പാർപ്പിടം |
| കെട്ടിട ഉടമ | രാജേഷ് എ.ആർ<br>ആലപ്പാട്ട് ഹൗസ് |
| അടിസ്ഥാന വസ്തുനികുതി | 167.77x15=2517 |
| വർദ്ധനവ് 20 % | 504 |
| അടിസ്ഥാന വാർഷിക വസ്തുനികുതി | 3021 |
| ലൈബ്രറി സെസ്സ് 5% | 152 |
| സർവ്വീസ് ടാകസ് 10% | 303 |
| ആകെ | 3476 |
| കംപ്ലീഷൻ തിയതി | 1.09.2020 |
| ഒക്യുപൻസി തിയതി | 23.12.2020 |

1.09.2020 ന് പണി പൂർത്തീകരിച്ച കെട്ടിടത്തിന്റെ വസ്തുനികുതി പ്രാബല്യ തിയതിയായി നിശ്ചയിച്ചിരിക്കുന്നത് 2021-2022 ഒന്നാം അർദ്ധവർഷം മുതലാണ്. 23.12.2020 ന് ഒക്യുപൻസി അനുവദിച്ചിരിക്കുന്ന കെട്ടിടത്തിന് 2020-2021 രണ്ടാം അർദ്ധവർഷം മുതൽ നികുതി ഈടാക്കേണ്ടതാണ്. കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ച ഫോം 6 ന് 24.08.2021ൽ അംഗീകാരം നൽകിയിട്ടുണ്ട്. നികുതി വിവരം അസസ്സ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തി 13.09.2021ന് റവന്യൂ സൂപ്രണ്ട് അംഗീകരിച്ചിരിച്ചിട്ടുമുണ്ട്. തെറ്റായി നികുതി നിർണ്ണയിച്ചത് മൂലം 2020-2021 രണ്ടാം അർദ്ധവർഷ നികുതിയായ 1738/- രൂപ നഗരസഭയ്ക്ക് നഷ്ടമായി. നഷ്ടതുക ഈടാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്

അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. വസ്തുനികുതി നിർണ്ണയം കൃത്യമാക്കി നഷ്ടതുക ഈടാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം: 85/21-22തീയതി: 30.12.2022

## 2-2 തൊഴിൽ നികുതി-രജിസ്റ്ററുകൾ, വരുമാനനിർണ്ണയ പത്രികകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

തൊഴിൽ നികുതി - കുറവ് ഈടാക്കിയിരിക്കുന്നു

എ) കോർപറേഷൻ കാര്യാലയത്തിന്റെ പരിധിയിലുൾപ്പെടുന്ന പല സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2005 കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3(1) പട്ടിക പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേരു വിവരം | അർദ്ധ വാർഷിക വരുമാനം/വർഷം | ഈടാക്കേണ്ടിയിരുന്ന തുക | ഈടാക്കിയ തുക | വ്യത്യാസം |
|---|---|---|---|---|---|
| 1 | ഓമന.കെ.യു PTS, ഡെപ്യൂട്ടി സൂപ്രണ്ട്ഓഫ് പോലീസ് | 107964/ I | 1000 | 750 | 250 |
| 2 | അരുൺകുമാർ ടി. എം, ബിസിനസ്സ് മാനേജർ, ഇക്കോമാർക്ക് ജെനറൽ ഫിനാൻസ് &ലീസിംഗ് Ltd | 84000/ II | 750 | 450 | 300 |
| 3 | കീർത്തി കൃഷ്ണ.കെ.കെ ICICI ബാങ്ക്, മാരാർറോഡ്, തൃശ്ശൂർ | 58896/ II | 450 | 200 | 250 |
| 4 | സനീഷ്.വി.എസ് ICICI ബാങ്ക് മാരാർറോഡ്, തൃശ്ശൂർ | 112728/ II | 1000 | 500 | 500 |
| 5 | നിധിൻകൃഷ്ണ ICICIബാങ്ക് മാരാർറോഡ്, തൃശ്ശൂർ | 76200/ II | 750 | 400 | 350 |
| 6 | കീർത്തി കൃഷ്ണ.കെ.കെ ICICIബാങ്ക് മാരാർറോഡ്, തൃശ്ശൂർ | 72000/ I | 600 | 200 | 400 |
| 7 | സേവിയർ.ടി.ജെ, ജവഹർ ബാലഭവൻ | 131700 (21950*6)/ II | 1250 | 1000 | 250 |
| 8 | ഗീത.കെ.വി ജവഹർ ബാലഭവൻ | 138900 (23150*6)/ II | 1250 | 1000 | 250 |
| 9 | ബാബു.കെ.ഡി ജവഹർ ബാലഭവൻ | 135300 (22550*6)/ II | 1250 | 1000 | 250 |
| 10 | ശരവണൻ.എസ്, Chethana Merchandise PVT.LTD,പൂങ്കുന്നം | 102360/ II | 1000 | 750 | 250 |
| 11 | സാംബശിവൻ.എ Chethana Merchandise PVT.LTD,പൂങ്കുന്നം | 102360/ II | 1000 | 750 | 250 |
| 12 | ആഷിക്.പി.വി. Axis Bank Ltd, അശ്വനി ജംഗ്ഷൻ | 99995/ II | 750 | 650 | 100 |

| | | | | | |
|---|---|---|---|---|---|
| 13 | രേഷ്മ സൂസൻ വർഗ്ഗീസ്, അസിസ്റ്റന്റ് മാനേർ, HDFCBANK Round North | 100000/ l | 1000 | 600 | 400 |
| 14 | മനു.കെ.എസ് HDFC BANK Round North | 80000/ l | 750 | 300 | 450 |
| 15 | സേവ്യർ.സി.ജെ, ജവഹർ ബാലഭവൻ | 24700*6/ l | 1250 | 1000 | 250 |
| 16 | ഗീത.കെ,വി ജവഹർബാലഭവൻ | 27150*6/ l | 1250 | 1000 | 250 |
| 17 | ബാബു.കെ.ഡി. ജവഹർബാലഭവൻ | 26550*6/ l | 1250 | 1000 | 250 |
| ആകെ | | | | | 5000 |

ബി) കോർപറേഷന്റെ 2ാം ഡിവിഷനിലെ സീതാറാം ടെക്സ്റ്റയിൽസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിലെ സ്ഥാപന മേധാവി സമർപ്പിച്ച വരുമാന പത്രികയിൽ ചില ജീവനക്കാരിൽ നിന്നും ഒന്നാം അർദ്ധ തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3(1) പട്ടിക പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേരു വിവരം | അർദ്ധ വാർഷിക വരുമാനം | ഈടാക്കേണ്ടിയിരുന്ന തുക | ഈടാക്കിയ തുക | വ്യത്യാസം |
|---|---|---|---|---|---|
| 1 | കെ.ഡി ഡെൽസൺ | 79867 | 750 | 625 | 125 |
| 2. | പി.എസ്. ശ്രീദാസ് | 79647 | 750 | 625 | 125 |
| 3 | എം.എം.കല | 80203 | 750 | 625 | 125 |
| 4 | എം.കെ.രാധിക | 80197 | 750 | 625 | 125 |
| 5 | പി,വി.ബീന | 79840 | 750 | 625 | 125 |
| 6 | രാധഭാഗ്യൻ | 80061 | 750 | 625 | 125 |
| 7 | വി,ആർ.സ്മിത | 47839 | 450 | 375 | 75 |
| 8 | മിനിമനോജ് | 32069 | 300 | 250 | 50 |
| 9 | കെ.എസ് സനൽ | 79529 | 750 | 625 | 125 |
| 10 | പി.ഷിജു | 31805 | 300 | 250 | 50 |
| 11 | പി.എം.നിമിഷ | 80062 | 750 | 625 | 125 |
| 12 | കെ.എം.രശ്മി | 79512 | 750 | 625 | 125 |
| 13 | രാജേഷ്.സി.വി | 80052 | 750 | 625 | 125 |
| 14 | പി,കെ,സുജാത | 79471 | 750 | 625 | 125 |
| 15 | എ.യു.സരിത | 79691 | 750 | 625 | 125 |
| 16 | ടി.എം.സുമതി | 79622 | 750 | 625 | 125 |
| 17 | കെ.എം ഗണേശൻ | 47815 | 450 | 375 | 75 |
| 18 | കെ.എം.സുരജ് | 79581 | 750 | 625 | 125 |
| 19 | അഞ്ജു .ടി.എസ് | 47749 | 450 | 375 | 75 |
| 20 | ഷിമ.കെ.പി | 79581 | 750 | 625 | 125 |
| 21 | പ്രിയകണ്ണൻ | 79581 | 750 | 625 | 125 |
| 23 | ത്രേസ്യരാജു | 79581 | 750 | 625 | 125 |
| 24 | സീനസുനിൽ | 79581 | 750 | 625 | 125 |
| 25 | സുനിത ഭായ്.കെ.എ | 79581 | 750 | 625 | 125 |
| 26 | ലൈജ.കെ.ഡി | 79581 | 750 | 625 | 125 |
| 27 | അജിത.കെ.എസ്. | 79471 | 750 | 625 | 125 |
| 28 | പ്രവീണ.എം.പി. | 79333 | 750 | 625 | 125 |
| 29 | സെയ്തുമുഹമ്മദ്.പി.എ | 79333 | 750 | 625 | 125 |
| 30 | പ്രണവ്.കെ.പി. | 79333 | 750 | 625 | 125 |
| 31 | വിപിൻദാസ്.ടി | 79333 | 750 | 625 | 125 |
| 32 | സ്മിത.വി,കെ | 79333 | 750 | 625 | 125 |
| 33 | സുരേശൻ.ബി | 79333 | 750 | 625 | 125 |
| 34 | അരുൺ.പി.യു. | 79333 | 750 | 625 | 125 |
| 35 | വിവേക്.ഇ.എസ് | 79333 | 750 | 625 | 125 |

| | | | | | |
|---|---|---|---|---|---|
| 36 | രാഹുൽദാസ്.പി.എം | 31733 | 300 | 250 | 50 |
| ആകെ | | | | | 4000 |

സി) കോർപറേഷന്റെ 30ാം ഡിവിഷനിലെ Indosind Bank, തൃശ്ശൂർ എന്ന സ്ഥാപനത്തിലെ സ്ഥാപന മേധാവി സമർപ്പിച്ച വരുമാന പത്രികയിൽ ചില ജീവനക്കാരിൽ നിന്നും രണ്ടാം അർദ്ധ തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3(1) പട്ടിക പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേരു വിവരം | അർദ്ധ വാർഷിക വരുമാനം | ഈടാക്കേണ്ടിയിരുന്ന തുക | ഈടാക്കിയ തുക | വ്യത്യാസം |
|---|---|---|---|---|---|
| 1 | മാത്യു ടോമി | 150000ll) | 1250 | 120 | 1130 |
| 2 | ഐശ്വര്യ രാധാകൃഷ്ണൻ | 150000 | 1250 | 450 | 800 |
| 3 | ജിജോയ്ജോസ് | 200000 | 1250 | 300 | 950 |
| 4 | സുരജ് സുരേഷ് കുമാർ | 125000 | 1250 | 750 | 500 |
| 5 | ജിനു ജോസഫ് | 200000 | 1250 | 1000 | 250 |
| 6 | ജസ്റ്റിൻ .പി,ജെ. | 350000 | 1250 | 1000 | 250 |
| 7 | അനു ബാലൻ | 200000 | 1250 | 450 | 800 |
| 8 | മരിയഡേവിസ് | 200000 | 1250 | 450 | 800 |
| 9 | ദേവൻ..ടി.എസ്. | 100000 | 1000 | 600 | 400 |
| 10 | ശ്യാം.എം.എ | 100000 | 1000 | 300 | 700 |
| 11 | അരുൺ.കെ.ദാസ് | 200000 | 1250 | 180 | 1070 |
| 12 | പ്രിയദർശ്.പി,പി | 100000 | 1000 | 120 | 880 |
| ആകെ | | | | | 8530 |

മേൽ പരാമർശിച്ച സ്ഥാപനങ്ങളുടെ തൊഴിൽ നികുതി വരവിനത്തിൽ 17530രൂപ(5000+4000+8530) വരവ് നഷ്ടം കാണുന്നു. ടി തുക സ്ഥാപനങ്ങളിൽ നിന്നും തിരികെ ഈടാക്കി ഓഡിറ്റിൽ രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഗുണഭോക്താവിന്റെ പദ്ധതി വിഹിതം തെറ്റായി ക്രെഡിറ്റ് ചെയ്തു - പ്ലാൻ ഫണ്ടിൽ നിന്നും അധിക തുക ചെലവഴിച്ചു.

പ്രോജക്ട് നം. : S0203/22, വീട് വാസയോഗ്യമാക്കൽ (ജനറൽ)

പദ്ധതി അടങ്കൽ : 75,25,000/-, വികസനഫണ്ട്

ചെലവ് : 50,00,000/-

നിർവഹണ ഉദ്യോഗസ്ഥൻ: പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ

നഗരസഭയുടെ ജനകീയാസൂത്രണ പദ്ധതിയായ വീട് വാസയോഗ്യമാക്കൽ പദ്ധതിയിലെ ഗുണഭോക്താവായ ശ്രീ.ചന്ദ്രൻ പി.ആർ, പടിഞ്ഞാറെ പുരയ്ക്കൽ (A/c No. 142010016757,Bank Of Baroda) എന്നവർക്ക്പദ്ധതി നമ്പർ 43/21 പ്രകാരം വ്യക്തിഗത ആനുകൂല്യമായി അനുവദിച്ച 50,000 രൂപ അക്കൗണ്ട് നമ്പർ തെറ്റായി എന്റർ ചെയ്തതിനാൽ പദ്ധതി ഗുണഭോക്താവല്ലാത്ത ശ്രീ. സുധീന്ദ്രൻ, കീഴത്ത് , മനക്കൊടി ( A/c No. 142010016767) എന്നയാളുടെ അക്കൗണ്ടിലേയ്ക്ക് തെറ്റായി 18.03.2021ന് ക്രെഡിറ്റ് ചെയ്തു. സ്പിൽ ഓവറായി 2021-2022 വർഷം നടപ്പാക്കിയ S0203/22 പദ്ധതിയിൽ നിന്നും ശ്രീ.ചന്ദ്രൻ പി.ആർ,ന് രണ്ടു ഗഡുക്കളായി 1,00,000/- രൂപ നൽകിയിട്ടുണ്ട്.

ശ്രീ.ചന്ദ്രൻ പി.ആർ, ന് 1-ാം ഗഡുവായി 50,000/- അനുവദിക്കുന്നതിനും പണിപൂർത്തീകരിക്കുന്ന മുറയ്ക്ക് ശ്രീ. സുധീന്ദ്രനിൽ നിന്നും ഈടാക്കുന്ന തുക 2-ാം ഗഡുവായി നൽകുന്നതിനും 18.10.2021 ൽ ഫയലിൽ ഉത്തരവായിട്ടുള്ളതാണ്. എന്നാൽ ശ്രീ. സുധീന്ദ്രനിൽ നിന്നും തുക തിരികെ ഈടാക്കുവാൻ മുനിസിപ്പൽ കോർപ്പറേഷന് ആയിട്ടില്ല.നിർമ്മാണം പൂർത്തീകരിച്ച ശ്രീ.ചന്ദ്രന് രണ്ട് ഗഡുക്കളായി 100000/ രൂപ നൽകിയതു വഴി വകയിരുത്തിയ തുകയിൽ നിന്നും 50,000/- അധികം ചെലവഴിച്ചു.

ചെലവഴിച്ച തുകയുടെ വിവരം താഴെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | ട്രഷറി ബിൽ നമ്പർ | തുക /തിയതി | ബിൽതുക | ബിൽ റഫറൻസ് നമ്പർ/ തിയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 43/21 | 198/20-21 | 50000/18.03.2021 | 500000 | 2030347001701258481/ 16.03.2021 |
| 203/22 | 84/21-22 | 50000/10.11.21 | 250000 | 21130347001700588695/30.10.2021 |
| 203/22 | 162/21-22 | 50000/24.01.22 | 50000 | 21130347001700966207/18.01.2022 |

ശ്രീ.സുധീന്ദ്രനിൽ നിന്നും തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിച്ച് വരികയാണെന്നാണ് ഓഡിറ്റ് അന്വേഷണത്തിന് നൽകിയ മറുപടിയിൽ പറഞ്ഞിരിക്കുന്നത്. ശ്രീ.സുധീന്ദ്രനിൽ നിന്നും തുക തിരികെ ഈടാക്കാതെ തന്നെ ശ്രീ.ചന്ദ്രന് രണ്ടാം ഗഡു അനുവദിച്ചിട്ടുള്ളതിനാൽ പ്ലാൻ ഫണ്ടിൽ നിന്നും 50,000/- രൂപ അധികം ചെലവഴിച്ചിട്ടുണ്ട്. അധികം ചെലവഴിച്ച 50000/- രൂപ കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം: 13 /21-22തീയതി: 28.11.2022

## 3-2 ഫിഷറീസ് സബ് ഇൻസ്പെക്ടർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയിൽ കണ്ടെത്തിയ അപാകതകൾ.

2021-22 സാമ്പത്തിക വർഷത്തിൽ ഫിഷറീസ് സബ് ഇൻസ്പെക്ടർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയിൽ കണ്ടെത്തിയ അപാകതകൾ.

പ്രോജക്ട് നമ്പർ (SO 205/22)

പദ്ധതിയുടെ പേര്-സുഭിക്ഷ കേരളം - ബയോഫ്ലോക്ക് മത്സ്യകൃഷി

അടങ്കൽ തുക - 1794000
(478400(വികസനഫണ്ട്ജനറൽ)+239200(സംസ്ഥാനാവിഷ്കൃതഫണ്ട്)+1076400(മറ്റുള്ളവ))

ചെലവഴിച്ച തുക - 478400

| തിയതി | ബിൽ നമ്പർ/ബിൽ റഫറൻസ് നമ്പർ | ബിൽ തുക |
|---|---|---|
| 30/7/21 | 21130347002900287072 | 441600 |

മേൽ പരാമർശിച്ച പ്രോജക്ട് പ്രകാരം 10 ഗുണഭോക്താക്കൾക്ക് (ബിൽ നമ്പർ 3/21-തീയതി 17.08.2021) 36800 രൂപ വീതം സബ്സിഡി തുക അനുവദിച്ചിരുന്നു. എന്നാൽ പ്രോജക്ടിനോടൊപ്പം ഹാജരാക്കിയ ഫയലുകളിൽ 8ഗുണഭോക്താക്കൾ വരുമാന സർട്ടിഫിക്കറ്റ്, മറ്റ് രേഖകൾ എന്നിവ പ്രോജക്ടിനൊടൊപ്പം ഹാജരാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടു കൊണ്ട് ഓഡിറ്റ് എൻക്വയറിക്ക് (നം. 6 തീയതി : 11.11.2022) നല്കിയ മറുപടിയോടൊപ്പം 6 ഗുണഭോക്താളുടെ വരുമാന സർട്ടിഫിക്കറ്റ്, മറ്റ് രേഖകൾ എന്നിവ ഹാജരാക്കിയിട്ടുണ്ട്..മുംതാസ് താഹ, പള്ളിവീട്ടിൽ ഹൗസ്, കുർക്കഞ്ചേരി, ത്രേസ്യ ജോസ് ബ്രഹ്മക്കുളം തെക്കത്ത്, മുതവറ എന്നീ രണ്ട് ഗുണഭോക്താക്കൾ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ടവരാണ്. വരുമാന സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടില്ല. 5 ലക്ഷത്തിൽ താഴെ വരുമാന പരിധിയിൽ വരുന്ന ഗുണഭോക്താവാണെന്ന് നിർവഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിട്ടുമില്ല. മേൽ പരാമർശിച്ച രണ്ടു ഗുണഭോക്താക്കളും നളിനി.കെ.കെ, പയ്യപ്പാടൻ വീട്,കുർക്കൻഞ്ചേരി എന്ന ഗുണഭോക്താവും നിലവിൽ ബയോഫ്ലോക്ക് മത്സ്യകൃഷി നടത്തുന്നില്ല എന്നാണ് ഫീൽഡ് തല പരിശോധനയിൽ കണ്ടെത്താൻ കഴിഞ്ഞത്.ആയതിനാൽ അവർക്ക് അനുവദിച്ച സബ്സിഡി തുക 110400/-രൂപ (36800*3) ബന്ധപ്പെട്ടവരിൽ നിന്നും തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.പദ്ധതിക്ക് ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ലെന്നാണ് ഓഡിറ്റ് വിലയിരുത്തുന്നത്.

## 3-3 കുടുംബശ്രീ മെമ്പർ സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയിലെ അപാകതകൾ

പദ്ധതിയുടെ പേര് -ബാലസഭ പ്രവർത്തനങ്ങൾ

പ്രോജക്ട് നമ്പർ - SO 08/22

അടങ്കൽ - 200000(വികസനഫണ്ട്)

ചെലവഴിച്ചതുക - 121120

| തിയതി | ബിൽനമ്പർ/ റഫറൻസ് നമ്പർ | തുക |
|---|---|---|
| 26/3/22 | 21130347003201477145 | 121120 |

പ്രോജക്ട് നമ്പർ -SO- 08/22ബാലസഭ പ്രവർത്തനങ്ങൾ (ബിൽ നമ്പർ 14/22- വൗച്ചർ നം-22105179/26.03.2022) എന്ന പദ്ധതിപ്രകാരം 121120 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ടിൽ (വിവിധ വിഷയങ്ങളിൽ) പരിശീലനം, ക്യാമ്പ് എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 14/2/2018തിയതിയിലെ സ.ഉ.(കൈ)നം22/2018-പദ്ധതി മാർഗ്ഗരേഖ പ്രകാരം (8.4)- ഉൽപാദനപരമല്ലാത്ത പരിപാടികളായ ബോധവത്കരണ ക്യാമ്പയിനുകൾ, ക്യാമ്പുകൾ, മേളകൾ, ഉത്സവങ്ങൾ, സെമിനാറുകൾ, പഠന, ഉല്ലാസ-പഠന യാത്രകൾ, സമ്മേളനങ്ങൾ, കമാനങ്ങൾ നിർമ്മാണം തുടങ്ങിയവ തദ്ദേശസ്ഥാപനങ്ങൾ വികസന ഫണ്ട് ഉപയോഗിച്ച് ഏറ്റെടുക്കവാൻ പാടില്ല.പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധമായാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്.ബാലസഭ കുട്ടികൾക്കായി 11/12/21 തിയതിയിൽ കുട നിർമ്മാണ പരിശീലനവും,

28/2/22 തിയതിയിൽ ബോധവത്കരണ ക്യാമ്പും നടത്തിയാണ് പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്.(ഭക്ഷണബില്ലുകൾ പ്രകാരം).

2. പരിശീലനം, ക്യാമ്പ് തുടങ്ങിയവ നടന്നത് തെളിയിക്കുന്ന രേഖകളൊന്നും തന്നെ ഹാജരാക്കിയിട്ടില്ല (അറ്റൻഡൻസ്, ഫോട്ടോ, ബാനർ- തിയതി അടക്കമുള്ളത്, പ്രോഗ്രാം റിപ്പോർട്ട്.)

മേൽ അപാകതൾക്ക് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/21-22തീയതി:29 .11.2022) ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. ഓഡിറ്റ് എൻക്വയറി പ്രകാരം പ്രോജക്ട് നിർവഹണവുമായി ബന്ധപ്പെട്ട് ഹാജരാക്കിയ രേഖകൾ വിശ്വസനീയമല്ല.പദ്ധതി നടപ്പിലാക്കുന്നതിനോടനുബന്ധിച്ച് കുട നിർമ്മാണ പരിശീലനം, ക്യാമ്പ് തുടങ്ങിയവ നടന്നത് തെളിയിക്കുന്നതിന് ഹാജരാക്കിയ രേഖകളായ പ്രോഗ്രാം റിപ്പോർട്ട്, അറ്റൻഡൻസ്, ഫോട്ടോ, പരിശീലന ഹോണറേറിയം കൈപ്പറ്റ് രസീത്, ബാനർ എന്നിവയിലൊന്നും തന്നെ തിയതി രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ പരിപാടി നടന്നതിന്റെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

നിർവഹണ ഉദ്യോഗസ്ഥന്റെ പ്രോഗ്രാം റിപ്പോർട്ടിൽ 62 കുട്ടികൾക്ക് കുട നിർമ്മാണത്തിൽ പരിശീലനം നേടി എന്നാണ് പറഞ്ഞിരിക്കുന്നത്. നൈസ് ആക്ടിവിറ്റി ഗ്രൂപ്പ്, വേളൂർക്കര കുടുംബശ്രീ CDS,അവിട്ടത്തൂരിൽ നിന്ന് പരിശീലനമെറ്റീരിയൽസ് (3Fold കുട നിർമ്മാണ കിറ്റ് 52 എണ്ണം-ബിൽനം.54/11-12-21-9620രൂപ) വാങ്ങുന്നതിനോടൊപ്പം തന്നെ 3 Fold കുട 175 എണ്ണവും ( ബിൽനം.55/11-12-21-45,500രൂപ) വാങ്ങിയിട്ടുണ്ട്. ആയത് സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ്. നെഹ്റു പാർക്കിൽ വച്ച് നടന്ന പരിപാടിയിൽ ബോധവത്കരണ ക്യാമ്പയിനിൽ പുസ്തകം,കുട എന്നിവ വിതരണം ചെയ്തിട്ടുണ്ട്. 14/2/2018 തിയതിയിലെ സ.ഉ.(കൈ)നം22/2018-പദ്ധതി മാർഗ്ഗരേഖ പ്രകാരം (5.5) പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ഒഴികെ പുസ്തകം, കുട മുതലായ പഠനോപകരണങ്ങൾ നൽകാൻ പാടുള്ളതല്ലപദ്ധതി രൂപീകരണ ത്തിനുള്ള മാനദണ്ഡങ്ങൾ പാലിക്കാതെ ക്യാമ്പയിൻ മാത്രമായി 125000 (75000 (പരിശീലനം)+ 125000 (ക്യാമ്പയിൻ) =200000) ഉൾപ്പെടുത്തിയാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. പ്രൊജക്ട് നിർദ്ദേശങ്ങൾക്ക് വിരുദ്ധമായാണ് നിർവഹണ ഉദ്യോഗസ്ഥൻ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്.

